

# കേരള ഭാഷാസാഹിത്യചരിത്രം

(ഭാഗം 1)

ആർ നാരായണപണിക്കർ

# കേരള ഭാഷാസാഹിത്യചരിത്രം

(ഭാഗം 1)

ആർ നാരായണപണിക്കർ

**Kēraḷa bhāṣāsāhitya caritṛam: vol. 1** (കേരള ഭാഷാസാഹിത്യചരിത്രം: ഭാഗം 1)
(Malayalam History of literature)
R Narayana Panicker

Sayahna digital edition published in 2022.

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Landscape* (1997), an oil on canvas painting by Borkov Alexander Petrovich. The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രസ്താവന

ഏതാനും വർഷങ്ങൾക്കു മുമ്പ്, ഞാൻ ഇംഗ്ലീഷ് സ്കൂൾ പ്രഥമാദ്ധ്യാപകനായിരുന്ന കാലത്ത്, മുഖ്യപരീക്ഷാവിജിഗീഷുക്കളായ ചില അദ്ധ്യാപകശിഷ്യന്മാർ എന്നും വൈകുന്നേരത്ത് പള്ളിക്കൂടത്തിൽ വന്നുകൂടുക പതിവായിരുന്നു. അവരുടെ ആവശ്യത്തിലേക്ക് അപ്പൊഴപ്പോൾ പറഞ്ഞുകൊടുത്തിരുന്ന നോട്ടുകളെ "സാഹിത്യചരിത്രസംഗ്രഹം" എന്ന പേരിൽ പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്ന് ആ ശിഷ്യന്മാരിൽ ഒരാൾ എന്നോട്ട് അപേക്ഷിച്ചുവെങ്കിലും, എന്റെ ഗുരുജനങ്ങളിൽ ചിലർ സാഹിത്യചരിത്രം എഴുതിവരുന്നുണ്ടെന്ന് അറിവുകിട്ടിയതിനാൽ ഞാൻ ആ അപേക്ഷയെ തിരസ്കരിക്കയാണു ചെയ്തതു്. പണ്ഡിതകേസരികൾക്കു സ്വച്ഛന്ദം വിഹരിക്കാനുള്ള പുണ്യഭൂമിയിൽ കാലെടുത്തു വെയ്ക്കുന്നതിന് അസ്മാദൃശന്മാർക്ക് ഒരു അവകാശവുമില്ലല്ലോ. എന്നാൽ മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രം തീർന്നുപോകയും തൽസ്ഥാനത്ത് ഇതേവരെ വേറൊരു പുസ്തകവും ഇല്ലാതെ വരികയും ചെയ്തതു നിമിത്തം ഒരു സാഹിത്യചരിത്രം എഴുതിക്കണമെന്ന് "വിദ്യാവിലാസിനി ബുക്ക്ഡിപ്പോ" ഉടമസ്ഥനു ആഗ്രഹമുണ്ടായതിന്റെ ഫലമായിട്ടാണ് ഞാൻ ഈ സാഹസത്തിനായി ഒരുമ്പെടേണ്ടിവന്നതു്. ഇതിന് ആവശ്യമുള്ള ഒട്ടു വളരെ ഗ്രന്ഥങ്ങൾ തന്ന് അദ്ദേഹം വളരെ സഹായിച്ചിട്ടുമുണ്ട്.

സാഹിത്യചരിത്രസംഗ്രഹം നേരത്തേ ഞാൻ എഴുതിവെച്ചിരുന്നതുകൊണ്ട്, അതിനെ അങ്ങനെതന്നെ പകർത്തിക്കൊടുക്കാമെന്നു വിചാരിച്ച് ഞാൻ അദ്ദേഹവുമായി ഒരു കരാറും എഴുതി. എന്നാൽ സംഗ്രഹം പോരെന്നും, ദേശചരിത്രവും ഭാഷാചരിത്രവുംകൂടി ചേർത്ത് അതിനെ ഒന്നു വികസിപ്പിക്കണമെന്നും അദ്ദേഹം പിന്നീടു നിർബന്ധിക്കയാൽ ഞാൻ അനല്പം ബുദ്ധിമുട്ടേണ്ടതായി വന്നു. ആറു മാസങ്ങൾകൊണ്ട് എഴുത്തും അച്ചടിവേലയും സമവേഗത്തിൽ നടന്നതുകൊണ്ട് ഇപ്പോൾ ഇതാ ഈ ഒന്നാം പുസ്തകത്തെ സജ്ജനസമക്ഷം സമർപ്പിക്കുന്നതിനു സാധിച്ചിരിക്കുന്നു. കേരളത്തിന്റേയും കേരളഭാഷയുടേയും ചരിത്രം ഏറെക്കുറെ ഇതിൽ സ്പർശിച്ചിട്ടുള്ളതിനാലാണ് കേരളഭാഷാസാഹിത്യചരിത്രം എന്ന വ്യാപകമായ പേര് നല്കിയിരിക്കുന്നതെന്നു കൂടി ഈ അവസരത്തിൽ വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

വിഷയത്തിന്റെ സ്വഭാവം കൊണ്ടും ഗ്രന്ഥകാരന്റെ പാണ്ഡിത്യക്കുറവുകൊണ്ടും ഈ ഗ്രന്ഥം അസമഗ്രമായേ ഇരിക്കുകയുള്ളൂ; എന്നു വരികിലും പണ്ഡിതന്മാരായ ഗുരുജനങ്ങളിൽ നിന്ന് കരുണാകടാക്ഷത്തിനല്ലാതെ സാചീവിലോകത്തിനു ഇതു് ഒരിക്കലും പാത്രമാവുകയില്ലെന്ന് എനിക്കു ധൈര്യമുണ്ടു്. നേരെമറിച്ച് 'കുറവും കുറ്റവും നോക്കിപ്പറവാ'നായി 'തുറുകണ്ണു മിഴിച്ചങ്ങു മറുഭാഗേ വസിക്കുന്ന' ജ്ഞാനലവദുർ വിദഗ്ദ്ധന്മാർ എന്തുതന്നെ പറഞ്ഞാലും ഒരു ചേതവും വരാനില്ലതാനും. അവർ തങ്ങളുടെ ധർമ്മം നിറവേറ്റി കൃതകൃത്യരാവുന്നതു കണ്ടു് സന്തോഷിക്കാനേ ഈയുള്ളവന് അവകാശമുള്ളു.

ഗ്രന്ഥകർത്താ

# ഉള്ളടക്കം


പ്രസ്താവന . . . . . . . . . . iv

ഭാഷയും സാഹിത്യവും . . . . . . . . . . 1

കേരളവും കൈരളിയും . . . . . . . . . . 8

ആദി കേരളീയചരിതം . . . . . . . . . . 23

ഭാഷയുടെ വികാസം . . . . . . . . . . 33

സാഹിത്യോപക്രമണം . . . . . . . . . . 37

കേരളീയചരിതം (തുടർച്ച) . . . . . . . . . . 66

ശങ്കരാചാര്യരും അനാചാരങ്ങളും . . . . . . . . . . 104

ദ്രാവിഡപ്രഭാവകാലം . . . . . . . . . . 130

കേരളീയചരിതം (1400–1600) . . . . . . . . . . 167

സംസ്കൃതപ്രഭാവകാലത്തെ സാഹിത്യം . . . . . . . . . . 204

— 1.1 —

## ഭാഷയും സാഹിത്യവും

ഭാഷാസാഹിത്യചരിത്രത്തെ വിഷയീകരിച്ച് നിർമ്മിക്കുന്നതായ ഒരു ഗ്രന്ഥത്തിൽ, ഭാഷയും സാഹിത്യവും തമ്മിലുള്ള ദൃഢബന്ധത്തേയും, സാഹിത്യത്തിന്റെ സ്വഭാവം, ധർമ്മം, പ്രയോജനം മുതലായവയേയും പറ്റി, സംക്ഷിപ്തമായിട്ടെങ്കിലും വിവരിക്കാതെ തരമില്ല. അതിനാൽ ആദ്യമായി ഭാഷ എന്നാൽ എന്ത് എന്നുള്ളതിനെപ്പറ്റി അല്പം ചിന്തിക്കാം. മനുഷ്യർ തങ്ങളുടെ അന്തർഗ്ഗതങ്ങളെ ബുദ്ധിപൂർവ്വകമായ വിധത്തിൽ പരന്മാരെ ധരിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഉപായമെന്ന് ഭാഷയെ വ്യാപകാർത്ഥത്തിൽ നിർവചിക്കാവുന്നതാണ്. ഈ അർത്ഥത്തിൽ ഭാഷയ്ക്കു വിവിധരൂപങ്ങൾ ഉണ്ട്.

(1) ആംഗ്യഭാഷ: മൂകന്മാരും, ശ്രോതാവിന്റെ ഭാഷ പരിചയമില്ലാത്തവരും ആംഗ്യങ്ങളെക്കൊണ്ടാണ് തങ്ങളുടെ വിചാരങ്ങളെ അന്യന്മാരെ ധരിപ്പിക്കുന്നത്.

(2) ചിത്രഭാഷ: ചിത്രങ്ങളുടെ സഹായത്താലും നാം ഇംഗിതങ്ങളെ മറ്റുള്ളവരെ ധരിപ്പിക്കാറുണ്ട്.

സാഹിത്യചരിത്രകാരന്മാരോ ഭാഷാശാസ്ത്രജ്ഞന്മാരോ ഈ അർത്ഥങ്ങളിൽ ഭാഷാശബ്ദത്തെ പ്രയോഗിക്കാറില്ല. അവരുടെ ഭാഷ കേവലം വാചികമാകുന്നു. വെളിയിൽ എത്ര പ്രാവശ്യമെങ്കിലും യഥേച്ഛം പ്രകാശിപ്പിക്കാവുന്ന വികാരങ്ങളുടേയും വിചാരങ്ങളുടേയും സങ്കേതങ്ങളായ പദസമൂഹങ്ങളാണ് അവരെ സംബന്ധിച്ചിടത്തോളം ഭാഷയുടെ പ്രധാന കരുക്കൾ. മറ്റു രണ്ടു വിധ ഭാഷകളും വാചികമായ ഭാഷയെ സഹായിക്കുന്നതിനുള്ള ഉപകരണങ്ങൾ മാത്രമാണ്.

ഭാഷയെപ്പറ്റി പ്രതിപാദിക്കുന്ന അനേകം മാതിരി ഗ്രന്ഥങ്ങളുണ്ട്. ഐന്ദ്രികമായോ ബൗദ്ധമായോ ഉള്ള വിവിധാനുഭൂതികളുടെ സമീചീനമായ സമ്മേളനത്തിന്റെ ഫലമായുണ്ടാകുന്ന രൂപങ്ങളേയും ഭാവങ്ങളേയും കുറിക്കുന്നതിനായി ഓരോ ദേശക്കാർ ഉപയോഗിക്കുന്ന ശബ്ദങ്ങളെ ഏതെങ്കിലും ക്രമമനുസരിച്ച് അടുക്കി അർത്ഥഗ്രഹമുണ്ടാകത്തക്കവണ്ണം വിവരിക്കുന്ന ഗ്രന്ഥങ്ങൾക്കു കോശങ്ങൾ എന്നോ നിഘണ്ടുക്കൾ എന്നോ പേർ പറയുന്നു. ഭാഷയെ ശാസ്ത്രദൃഷ്ട്യാ പരിശോധിക്കുന്ന ഗ്രന്ഥ

ത്തിനു വ്യാകരണമെന്നു പേർ. അക്ഷരങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് വേർതിരിക്കു, ശബ്ദങ്ങളെ ചില ഉപാധികൾ അനുസരിച്ച് വിഭജിക്കുക, പദങ്ങൾ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന വർണ്ണവികാരങ്ങൾ, പ്രക്രിയകൾ, വാക്യഘടന ഇത്യാദി പലേ സംഗതികൾ സാധാരണ വ്യാകരണത്തിന്റെ അധികാരസീമയിൽപ്പെടുന്നവയാണ്. ഓരോ ഭാഷയിലും ഉല്പത്തിമുതൽ ഏതല്ക്കാലപര്യന്തം ഉണ്ടായിട്ടുള്ള ഭേദഗതികളെ സയുക്തികം പ്രതിപാദിക്കുന്ന ഭാഷാചരിത്രവും, ഒരേ കുടുംബത്തിൽപ്പെട്ട ഭാഷകളെ താരതമ്യംചെയ്തു്, എന്തെങ്കിലും സാദൃശ്യ വൈസാദൃശ്യങ്ങൾ ഉണ്ടെന്നു കണ്ടുപിടിക്കുന്ന ഭാഷാതാരതമ്യശാസ്ത്രവും (comparative philosophy) വാസ്തവത്തിൽ വ്യാകരണത്തിന്റെ ശാഖകൾ മാത്രമാണ്. സാഹിത്യചരിത്രത്തിൽ ഇവയൊന്നും ഉൾപ്പെടുന്നില്ല.

## 1 സാഹിത്യം

വിഷയവിശേഷംകൊണ്ടും പ്രതിപാദനരീതികൊണ്ടും ജനസാമാന്യത്തിനു രോചകമായും രൂപവിശിഷ്ടത, തജ്ജന്യമായ ആഹ്ലാദജനകത്വം എന്നീ ധർമ്മങ്ങളോടു കൂടിയതായും ഇരിക്കുന്ന ഗ്രന്ഥങ്ങൾ മാത്രമേ സാഹിത്യത്തിൽ ഉൾപ്പെടുന്നുള്ളു. സാഹിത്യം മനുഷ്യാത്മാവിന്റെ ചരിത്രമാണ്. ഒരു ഉത്തമ സാഹിത്യഗ്രന്ഥം മനുഷ്യജീവിതത്തിൽ നിന്നും നേരേ അങ്കുരിക്കുന്നു. അതു വായിക്കുന്നതിനാൽ നമുക്ക് ജീവിതത്തോടു വിശാലവും, ദൃഢവും, നവ്യവുമായ വേഴ്ചയുണ്ടാകുന്നു. മനുഷ്യർ ജീവിതത്തിൽ എന്തെല്ലാം കണ്ടിട്ടുണ്ടോ, എന്തെല്ലാം അനുഭവിച്ചിട്ടുണ്ടോ, പൊതുവെ നമുക്കെല്ലാം സ്ഥായിയായ ഒരു രസം തോന്നത്തക്കവണ്ണമുള്ള അതിന്റെ അവസ്ഥാവിശേഷങ്ങളെപ്പറ്റി എന്തെല്ലാം ചിന്തിച്ചിട്ടുണ്ടോ, അവയുടെ ഒക്കെ സജീവമായ ഒരു രേഖാപ്രമാണമാണ് സാഹിത്യം.

## 2 സാഹിത്യത്തിന്റെ ഉല്പത്തിക്കു കാരണമായ പ്രേരകശക്തികൾ

(1) ആത്മാവിഷ്കരണേച്ഛ: ഇതിൽ നിന്നാണ് ഗ്രന്ഥകാരന്റെ ചിന്തകളേയും വികാരങ്ങളേയും നേരെ പ്രകാശിപ്പിക്കുന്ന ഖണ്ഡകാവ്യങ്ങളുടെ ഉല്പത്തി. സ്വസ്വവികാരങ്ങളേയും വിചാരങ്ങളേയും ഉള്ളിൽ ഒതുക്കിവെച്ചുകൊണ്ടിരിക്കുന്നതിന് മനുഷ്യർ സ്വഭാവേന അസമർത്ഥന്മാരാകുന്നു. ആ സ്ഥിതിക്ക് ബൗദ്ധമായും മാനസികമായും ഉള്ള വിശിഷ്ടാനുഭവങ്ങളുടെ സ്ഥിതി പറവാനുണ്ടോ?

(2) ജനങ്ങളിലും അവരുടെ പ്രവൃത്തികളിലും നമുക്കു സഹജമായുള്ള കൗതുകം: സ്ത്രീപുരുഷന്മാരിലും, അവരുടെ കായികമായും മാനസികമായും ഉള്ള വ്യാപാരങ്ങളിലും, അവർ തമ്മിലുള്ള വിവിധ വേഴ്ചകളിലും നാം പ്രകൃത്യാ കുതുകികളാണ്. ആ കൗതുകത്തിന്റെ ഫലമാണ് മനുഷ്യജീവിതമാകുന്ന— മഹാനാടകത്തേ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ ആവിർഭാവം.

(3) നാം അധിവസിക്കുന്ന വാസ്തവികലോകത്തിലും മനസ്സൃഷ്ടമായ സങ്കല്പലോകത്തിലും നമുക്കുള്ള കൗതുകം: നാം മാംസചക്ഷുസ്സുകൊണ്ടോ സങ്കല്പദൃഷ്ടികൊണ്ടോ കണ്ടിട്ടുള്ള വസ്തുക്കളേപ്പറ്റി അന്യന്മാരോടു പറയുന്നതിന് സ്വയം പ്രേരിതരായി ഭവിക്കുന്നു. ആ പ്രേരണയിൽനിന്നാണ് വർണ്ണനാപരങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ ഉത്ഭവിക്കുന്നത്.

(4) രൂപവിശേഷങ്ങളിൽ നമുക്കുള്ള പ്രതിപത്തി: രാമണീയകവിശേഷങ്ങളെക്കണ്ട് ആസ്വദിക്കുന്നതിനു ശക്തിയുള്ളവർ തങ്ങളുടെ ആശയങ്ങൾക്ക് ചമൽക്കാരകാരകമാകുംവണ്ണം വിചിത്രവേഷങ്ങൾ നൽകുന്നതിനു പ്രേരിതരായി ഭവിക്കുന്നു. അതുകൊണ്ടാണ് സാഹിത്യം ഒരു കലയായിത്തീർന്നത്.

## 3 സാഹിത്യത്തിന്റെ വിശിഷ്ടഗുണങ്ങൾ

ഒന്നാമതായി സാഹിത്യം സുകുമാരകലകളിൽവെച്ച് ഏറ്റവും ഉൽകൃഷ്ടമാകുന്നു. കേവലം ലൗകികമെങ്കിലും, ശീഘ്രഗ്രാഹിയായ ഒരുവന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതുവരെ മറഞ്ഞുകിടക്കുന്ന ഏതെങ്കിലും പരമാർത്ഥ തത്വത്തിന്റേയും രാമണീയക വിശേഷത്തിന്റേയും പ്രതിഫലനത്തേയാണ് നാം കവിത എന്നു പറയുന്നത്. കൊയ്ത്തുകഴിഞ്ഞു പാടത്തുനിന്നു ചേറുപുരണ്ടുവരുന്ന കൃഷിവലകന്യകയെ എത്രയോപേർ കണ്ടിരിക്കും. പക്ഷേ, കവിയും ചിത്രകാരനും മാത്രമേ ആ വികൃതരൂപത്തിൽ മറഞ്ഞുകിടക്കുന്ന രാമണീയകവിശേഷത്തേയും സത്യത്തേയും കാണുന്നുള്ളു. കവിയുടെ ഹൃദയത്തിൽ ആ കന്യക എങ്ങനെ പ്രതിഫലിച്ചിരിക്കുന്നുവെന്നു നോക്കുക.

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകീ പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനി മുഴുവൻ ചേറും പുരണ്ടിപ്പൊഴീ-
പ്പാടത്തൂന്നു വരുന്ന നിൻ വരവുകണ്ടേറെക്കൊതിക്കുന്നു ഞാൻ.

ആയിരത്തിൽ ഒരാൾ എങ്കിലും ആ സാധുസ്ത്രീയുടെ ഹൃദയത്തിൽ നിഷ്കപടമായ അദ്ധ്വാനത്തിന്റെയും, ആ വഴിക്കു ലഭിച്ച ജീവിതോപായത്തിന്റേയും ഫലമായി അങ്കുരിച്ച അലംഭാവത്തേയോ, ആനന്ദത്തേയോ, അവളിൽ നിന്നു സ്ഫുരിക്കുന്ന നിർവ്യാജമായ അദ്ധ്വാനമഹിമയേയോ കണ്ടിരിക്കുമോ?

സാഹിത്യത്തിന്റെ രണ്ടാമത്തേഗുണം അതിന്റെ വ്യഞ്ജകത്വം ആകുന്നു. “ഇവളാണോ ആ കണ്വപുത്രിയായ ശകുന്തള?” കാളിദാസൻ ഈ ചൂർണ്ണികയാൽ നമ്മുടെ കല്പനാശക്തിക്കു പുതുതായ ഒരു ലോകത്തിലേക്കു പ്രവേശിപ്പാനുള്ള ഒരു കവാടം തുറന്നുതരുന്നു.

സാർവകാലികത്വമാണ് സാഹിത്യത്തിന്റെ മൂന്നാമത്തെ ഗുണം. മനുഷ്യർ ജീവിതമത്സരത്തിൽ കുടുങ്ങി, ഭൗതികസുഖോപകരണ സമ്പാദനശ്രമത്തിൽ എത്രതന്നെ മുഴുകിയിരുന്നാലും രമണീയമായ വസ്തുക്കളേ നശിച്ചുപോവാൻ ഒരു കാലത്തും സമ്മതിക്കയില്ല. ഓരോ ഭാഷയിൽ അസംഖ്യം പുസ്തകങ്ങളും മാസികകളും

അനുക്ഷണം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അവയിൽ സൗന്ദര്യാവബോധത്തിന് ഉതകുന്ന ഉത്തമഗ്രന്ഥങ്ങളോ ലേഖനങ്ങളോ നശിച്ചുപോകുന്നതായി കാണുന്നില്ല. ഈ വിഷയത്തിൽ സാഹിത്യത്തെ കൂലങ്ങൾ കുത്തിമറിയുന്ന ഒരു നദിയിലെ ജലത്തോടു താരതമ്യപ്പെടുത്താം. ഒഴുക്കിനു ശക്തിയുള്ളപ്പോൾ ജലം കലങ്ങിപ്പോകുന്നുവെങ്കിലും, അല്പകാലത്തിനുള്ളിൽ മാലിന്യം നിശ്ശേഷം നീങ്ങി, വീണ്ടും അച്ഛസ്ഫടികസങ്കാശമായിത്തീരുന്നു. അന്തസ്സാരവിഹീനമായ ക്ഷുദ്രവസ്തുക്കൾ ഏതാനും ദിവസത്തേയ്ക്ക് പൊന്തിക്കിടന്നശേഷം എവിടയോ ചെന്ന് അടിയുന്നു. ചെളി അടിയിൽ ചെന്ന് ഉറഞ്ഞുപോകുകയും ചെയ്യുന്നു.

സാഹിത്യത്തിന്റെ നാലാമത്തെ ഗുണം സാർവ്വജനീനത്വമാണ്. നാം സംസ്കൃതസാഹിത്യം, തമിൾസാഹിത്യം എന്നിങ്ങനെ വേർതിരിച്ചു പറയാറുണ്ടെങ്കിലും നല്ല സാഹിത്യഗ്രന്ഥങ്ങൾക്ക് എല്ലാ ദേശക്കാരുടെയും ഹൃദയത്തെ ആവർജ്ജിക്കാനുള്ള ശക്തിയുണ്ട്. ഉത്തമസാഹിത്യം നാലു എല്ലുകകൾക്കുള്ളിൽ ഒതുങ്ങിരിക്കയില്ല; അതിന് ജാതിഭേദമോ വർഗ്ഗഭേദമോ ഇല്ല. അത് സർവ്വലോകസാധാരണമായ രതി, ഉത്സാഹം, ശോകം ഇത്യാദി ഭാവങ്ങളെക്കൊണ്ടു് ഉപജീവിക്കുന്നതിനാൽ സർവ്വജനങ്ങളുടേയും ഹൃദയത്തിൽ അതിനു പ്രവേശമുണ്ട്.

## 4 സാഹിത്യത്തിന്റെ പ്രയോജനം

സാഹിത്യം സുകുമാരകലയാണെന്നു പറഞ്ഞതുകൊണ്ടു തന്നേ അതിന്റെ പരമമായ പ്രയോജനം ഹൃദയോല്ലാസമാണെന്ന് ഊഹിക്കാം. സൗന്ദര്യാവബോധത്തെ ഉത്തേജിപ്പിക്കുന്ന സകല വസ്തുക്കളും ഹൃദയാനന്ദകരങ്ങളാണ്. സാഹിത്യം നമ്മേ പുതുതായ ഒരു ലോകത്തിൽ പ്രവേശിപ്പിച്ച് സങ്കല്പശക്തിക്ക് ഉന്മേഷം നൽകുന്നതിനാൽ അതിന് സംസ്കാരകാരകത്വം എന്നൊരു പ്രയോജനം കൂടിയുണ്ട്. കാന്താസമ്മിതത്വേന ഉപദേശിച്ച് അതു നമുക്കു ധർമ്മാധർമ്മവിവേകവും നൽകുന്നു. അതിനുംപുറമേ സാഹിത്യത്തിലാണ് ഒരു ജനമണ്ഡലത്തിന്റെ ആദർശങ്ങളേയും ചിന്താവികാരാദികളേയും സൂക്ഷ്മമായി രേഖപ്പെടുത്തിക്കാണുന്നത്. ചരിത്രത്തിൽ അവരുടെ ബാഹ്യവ്യാപാരങ്ങളെ മാത്രമേ വിവരിച്ചുകാണുകയുള്ളൂ. കേരളീയരുടെ ആദിമചരിത്രം വായിച്ചാൽ അവർ പരസ്പരം മത്സരിച്ച് സ്വാധികാരസ്ഥാപനത്തിനായി ശണ്ഠ കൂടിക്കൊണ്ടിരുന്ന ഒരുകൂട്ടം സ്വാർത്ഥപരന്മാരാരാണെന്നു മാത്രം മനസ്സിലാക്കാം. അവരെപ്പറ്റി യഥാർത്ഥ വിവരങ്ങൾ അറിയേണമെങ്കിൽ വടക്കൻ പാട്ടുകളോ, നമ്പ്യാരുടെ കൃതികളോ വായിക്കണം. അവയിൽ കേരളീയജീവിതത്തിന്റെ നാനാമുഖങ്ങളും വിശദമായി പ്രതിഫലിച്ചുകാണും. അതുകൊണ്ടാണ് സാഹിത്യം ചരിത്രത്തേക്കാൾ ഗൗരവമുള്ളതും വിജ്ഞാനപ്രദവുമാണെന്ന് "അരിസ്റ്റോട്ടൽ" എന്ന മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

കാവ്യം യശസേഽർത്ഥകൃതേവ്യവഹാരവിദേശിവേദരക്ഷതയേ

സദ്യഃ പരനിർവൃതയേ കാന്താസമ്മിതദയോപദേശയുജേ.

എന്നിങ്ങനെ മമ്മടാചാര്യർ കാവ്യപ്രയോജനങ്ങളേ വിവരിക്കുന്നു. ഇവയിൽ യശസ്സും അർത്ഥവും കാവ്യകൃത്തുക്കളെ സംബന്ധിക്കുന്നതാണ്. ശിവേതരക്ഷതി വായനക്കാർക്കും ഉണ്ടാകാവുന്നതുതന്നെ. എന്നാൽ ലോകവ്യവഹാരജ്ഞാനവും, പരനിർവൃതിയും, ചിത്തസംസ്കാരവും ആണ് വായനക്കാർക്കുള്ള പ്രധാന പ്രയോജനങ്ങൾ. ആചാര്യർതന്നെ മുകളിൽ ഉദ്ധരിച്ചിട്ടുള്ള പദ്യത്തിന്റെ വൃത്തിയിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. 'സകല പ്രയോജന മൗലിഭൂതം സമനന്തരമേവ രസാസ്വാദനസമുൽഭൂതം വിഗളിത വേദ്യാനന്തരമാനന്ദം . . . '

ഇതിൽനിന്നും, കാവ്യത്തിന്റെ പരമമായ പ്രയോജനം തച്ഛ്രവണാനന്തരമുണ്ടാകുന്ന പരമാനന്ദമാണെന്നു വ്യക്തമാകുന്നു.

## 5 സാഹിത്യത്തിന്റെ വിഷയങ്ങൾ

സാഹിത്യവിഭാഗത്തെപ്പറ്റി ആലോചിക്കുന്നതിനുമുമ്പായി അതിന്റെ വിഷയങ്ങളെപ്പറ്റി അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

(1) വ്യക്തിഗതമായ അനുഭവങ്ങൾ:അതായത് ഒരുവന്റെ ആന്തരവും ബാഹ്യവും ആയ ജീവിതവൃത്തികളുടെ സമവായം.

(2) മനുഷ്യൻ എന്ന നിലയിൽ മനുഷ്യനുണ്ടാകുന്ന അനുഭവങ്ങൾ:അതായത് ജനനമരണാദികൾ, സുകൃതദുഷ്കൃതങ്ങൾ, വിധിനിശ്ചയങ്ങൾ, ഈശ്വരൻ, ഈശ്വരനുമായുള്ള ബന്ധം, ഇത്യാദി വിഷയങ്ങളേ സംബന്ധിക്കുന്ന മഹത്തരങ്ങളായ പ്രമേയങ്ങൾ.

(3) മനുഷ്യന്റെ സാമുദായികബന്ധങ്ങൾ:സമുദായാംഗമെന്നുള്ള നിലയിൽ ചെയ്യുന്ന കർമ്മങ്ങൾ മുതലായവ.

(4) ബഹിർല്ലോകവും മനുഷ്യന് അതിനോടുള്ള ബന്ധവും.

(5) കലാനിർമ്മാണത്തിനായി മനുഷ്യൻ ചെയ്യുന്ന പ്രയത്നങ്ങൾ. ഇവയഞ്ചുമാണ് സാഹിത്യത്തിന്റെ പ്രധാനവിഷയങ്ങൾ.

## 6 സാഹിത്യവിഭാവങ്ങൾ

സാഹിത്യത്തെ രൂപമനുസരിച്ച് ഗദ്യം, പദ്യം, മിശ്രം എന്ന് പൊതുവേ മൂന്നായി വിഭജിക്കാം. ഛന്ദോനിബദ്ധവും ചമല്ക്കാരകാരകവുമായിട്ടുള്ളത് പദ്യസാഹിത്യം.

ഛന്ദോരഹിതവും ചമൽക്കാരകാരകവുമായ സാഹിത്യം ഗദ്യസാഹിത്യം.

ഇതു രണ്ടും കലർന്നത് മിശ്രം.

## 7 സാഹിത്യത്തെ സ്വഭാവമനുസരിച്ചും വേർതിരിക്കാം.

(1) ആത്മാവിഷ്കാരകമായ സാഹിത്യം: ഗാനാത്മകഖണ്ഡകാവ്യങ്ങൾ (Lyrics), വിലാപകാവ്യങ്ങൾ (Elegies), ഉപന്യാസങ്ങൾ, കലാനിരൂപണങ്ങൾ ഇവ യിൽനിന്നാണ് ഗ്രന്ഥകാരന്റെ സ്വാഭിപ്രായങ്ങളും വികാരങ്ങളും തെളിഞ്ഞുകാ ണുന്നത്. അതായത് അയാൾ ഇത്തരം കൃതികളിൽ ഏറെക്കുറെ അന്തർമ്മു ഖനായി കാണപ്പെടുന്നു.

(2) ഗ്രന്ഥകാരൻ അന്തർമുഖനാവാതെ ബാഹ്യമായ മനുഷ്യലോകത്തേക്ക് മന സ്സിനെ വ്യാപരിപ്പിക്കുമ്പോൾ ഉണ്ടാവുന്ന സാഹിത്യം: ചരിത്രം, ജീവനവൃ ത്താന്തം, ഉപാഖ്യാനം, ഇതിഹാസം, ആഖ്യായികകൾ മുതലായവ ഈ ഇന ത്തിൽപ്പെടുന്നു.

(3) വർണ്ണനാപരമായ സാഹിത്യം.

## 8 സാഹിത്യത്തിന്റെ പ്രധാന അംശങ്ങൾ നാലാണ്

(1) ബൗദ്ധാംശം (ഒരു വിഷയത്തെ പ്രതിപാദിക്കുന്നതിനിടയിൽ ഗ്രന്ഥകാരൻ ചെയ്യുന്ന വിമർശനങ്ങൾ)

(2) ഭാവവിശിഷ്ടമായ അംശം. ഇതാണ് രസരൂപത്തിൽ വായനക്കാർക്ക് അനു ഭവപ്പെടുന്നത്. കവി സമാധിയിൽ ഉദ്ദീപ്തമാകുന്ന രതിശോകാദിഭാവങ്ങളത്രേ വാങ്മുഖേന ബഹിർഗ്ഗമിച്ച് ശ്രോതാക്കളുടേയോ പാഠകന്മാരുടേയോ ഹൃദയ ത്തിൽ ശൃംഗാരാദിരസങ്ങളായി അനുഭവപ്പെടുന്നത്.

(3) സാങ്കല്പികം: ഇതിനേയാണ് നാം ഭാവനാശക്തിയെന്നു വ്യവഹരിക്കുന്നത്.

(4) സാങ്കേതികം: രചനാസാമർത്ഥ്യം, രീതി, ഗുണം ഇവയെല്ലാം സാങ്കേതികാം ശങ്ങളാകുന്നു. സാങ്കേതികാംശത്തിൽ ന്യൂനത വന്നാൽ കാവ്യത്തിന് ദോഷം സംഭവിക്കും. സന്ദേശകാവ്യത്തിന് മന്ദാക്രാന്തവൃത്തം തിരഞ്ഞെടുത്ത കവി, ശാകുന്തളത്തിൽ, ദുഷ്യന്തൻ ആശ്രമമൃഗങ്ങളുടെ നേർക്കു ശരം പ്രയോഗിക്കു ന്നതിന് ഒരുമ്പെടുന്നതിനെ തടയാനായി വന്ന ഋഷികളെക്കൊണ്ടു പറയിക്കു ന്നത് "നഖലു നഖലു" ഇത്യാദി ദ്രുതഗതിയായ ഒരു വൃത്തത്തിലാണ്. അതിനെ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് "അതിക്രൂരം ബാണം" എന്നി ങ്ങനെ ഇഴഞ്ഞവൃത്തത്തിൽ തർജ്ജിമചെയ്തിട്ടുള്ളത് അനുചിതമായിപ്പോയി എന്ന് ചിലർ ആക്ഷേപിക്കുന്നതും പ്രസ്താവയോഗ്യമത്രേ.

മമ്മടാചാര്യർ കവിക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെ ഇപ്രകാരം പരിഗണിച്ചി രിക്കുന്നു.

"ശക്തിർന്നിപുണതാ ലോകശാസ്ത്രകാവ്യോദ്യവേക്ഷണാൽ
കാവ്യജ്ഞശിക്ഷയാഭ്യാസ ഇതി ഹേതുസ്തദുത്ഭവേ."

ശക്തി, ലോകശാസ്ത്രകാവ്യാദികളുടെ അവേക്ഷണംകൊണ്ടു സിദ്ധിക്കുന്ന നിപുണത, കാവ്യജ്ഞന്മാരുടെ ഉപദേശത്താലുണ്ടാവുന്ന അഭ്യാസം ഇവ മൂന്നും കാവ്യത്തിന്റെ ഉല്പത്തിക്കുള്ള ഹേതുക്കളാണ്. ഇതിൽ ശക്തിയെന്നു പറയുന്നതു് പ്രതിഭാവിലാസത്തെയാകുന്നു. ലോചനകാരൻ പ്രതിഭയേ,

"പ്രതിഭാ അപൂർവവസ്തുനിർമ്മാണക്ഷമാ പ്രജ്ഞ" എന്നു നിർവ്വചിച്ചിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ കാവ്യകാരനു് വാസനാരൂപമായ ശക്തിയും വ്യുല്പത്തിദാർഢ്യവും അവശ്യമുണ്ടായിരിക്കേണ്ടതാണ്. ബൗദ്ധവും സാങ്കേതികവും ആയ അംശങ്ങൾ വ്യുല്പത്തിയുടെ ഫലങ്ങളാകുന്നു. ബാക്കിയുള്ളവ ശക്തിജന്യങ്ങളത്രേ. സർ വില്യം ടെമ്പിൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"കാവ്യം പ്രതിഭാശക്തിയുടെ സന്താനമാണെന്നുവരികിലും, അതിനു് പരിപുഷ്ടിയും അവയവസന്നിവേശത്താലുണ്ടാകുന്ന സൗന്ദര്യവും വരേണമെങ്കിൽ അഭ്യാസത്താൽ നിയന്ത്രിക്കാതെ തരമില്ല."

## 9 സാഹിത്യചരിത്രം

നാം ഒരു പുസ്തകം എടുത്താൽ, അതിന്റെ ഗ്രന്ഥകർത്താവിനെപ്പറ്റി ചിന്തിക്കുക സാധാരണമാണല്ലോ. അതുപോലെതന്നെ ഒരു ഗ്രന്ഥകർത്താവിനെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ വിചാരഗതി അയാൾ ജീവിച്ചിരിക്കുന്ന കാലത്തിലേക്കും, അയാൾ ഉൾപ്പെട്ട ജനമണ്ഡലത്തിലേക്കും കടക്കുന്നു. ഏതെങ്കിലും ഒരു ഭാഷയിലെ സാഹിത്യമെന്നു പറയുന്നതു്, അതു സംസാരിച്ചുവരുന്ന ജനതയുടെ മനോഗതികളുടേയും സ്വഭാവത്തിന്റേയും കാലന്തോറും ഉത്തരോത്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവിഷ്കരണത്തേയാണ്. അതുകൊണ്ടു് സാഹിത്യപഠനം ഒരുമാതിരി ലോകസഞ്ചാരമാണെന്നുപറയാം. അതു ഭിന്നജനതകളുടെ മനസ്സഞ്ചയങ്ങളിൽക്കൂടി യഥേച്ഛം സഞ്ചരിക്കുന്നതിനു നമ്മെ സമർത്ഥന്മാരാക്കിത്തീർക്കുന്നു. അതുകൊണ്ടു് സാഹിത്യം ചരിത്രത്തിന്റെ ഒരു അനുബന്ധവും വ്യാഖ്യാനവുമാണെന്നു സിദ്ധിക്കുന്നു.

— 1.2 —

## കേരളവും കൈരളിയും

സാഹിത്യത്തിനു ഭാഷയോടും അതു സംസാരിച്ചുവരുന്ന ജനമണ്ഡലത്തോടും അഭേദ്യമായ ഒരു സംബന്ധമുണ്ടെന്ന് ഒന്നാം അദ്ധ്യായത്തിൽനിന്നു വിശദമാകുന്നു. ആ സ്ഥിതിക്ക് കേരളത്തിന്റേയും കൈരളിയുടേയും ചരിത്രത്തെപ്പറ്റിയും ഇവിടെ അല്പം പ്രസ്താവിക്കാതെ തരമില്ല.

'കേരള' ശബ്ദത്തെ കേരളൻ എന്ന ചേരരാജാവിന്റെ പേരിൽനിന്നു ചിലർ വ്യുല്പാദിപ്പിക്കുന്നു. പ്രാചീനകാലങ്ങളിൽ രാജ്യത്തിന്റെ പേരുചൊല്ലി രാജാവിനെ വിളിക്കുക പതിവായിരുന്നതല്ലാതെ[1] മറിച്ചുകണ്ടിട്ടില്ലാത്തതുകൊണ്ട് ഈ വ്യുല്പത്തി ശരിയാണെന്നു തോന്നുന്നില്ല. കേരവൃക്ഷം ധാരാളം ഉള്ള ദേശമായതുകൊണ്ട് കേരളമെന്നുപേർ സിദ്ധിച്ചുവെന്നാണ് ചില പണ്ഡിതന്മാരുടെ മതം.

ഏതു ശബ്ദത്തേയും സംസ്കൃതത്തിൽനിന്ന് വ്യുല്പാദിപ്പിക്കുന്നതിന് അവർക്കു പൊതുവേ ഒരു പ്രവണതയുള്ള സ്ഥിതിക്ക് ഇതിനെപ്പറ്റി അത്ഭുതപ്പെടാനില്ല. പക്ഷേ, ചരിത്രം ഈ വ്യുല്പത്തിയെ ലേശംപോലും അനുകൂലിക്കുന്നില്ലെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. കേരവൃക്ഷം ഇവിടെ കൊണ്ടുവന്നത് ഈഴവരാണെന്നാണ് ഐതിഹ്യം. അവർ കേരളത്തിൽ പ്രവേശിച്ചത് ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനും ഇടയ്ക്കാണെന്നു വിചാരിക്കുന്നതിനു മതിയായ ലക്ഷ്യങ്ങളുണ്ട്. അവർക്ക് തീയ്യർ, ഈഴവർ, ചോവർ എന്നു പലേ പേരുകൾ കാണുന്നു. അവയിൽ 'ഈഴവ' ശബ്ദം 'സിംഹള' പദത്തിന്റെ, തത്ഭവമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. തീയശബ്ദം 'ദ്വീപർ' എന്നതിന്റെ തത്ഭവമാണെന്നു ചിലർ പറയുന്നു. ഈ വ്യുല്പത്തി ശരിയാണെങ്കിൽ, രണ്ടു ശബ്ദങ്ങളും സംസ്കൃതത്തിൽനിന്നു നേരെ വന്നതാണെന്നു വിചാരിക്കുന്നതിനേക്കാൾ പാലിയിൽക്കൂടി കടന്നുവന്നതാണെന്നു വിചാരിക്കുന്നതാണ് അധികം യുക്തിയുക്തമെന്നുതോന്നുന്നു. ഈഴവർ ആദ്യകാലത്ത് ബുദ്ധമതാനുയായികളായിരുന്നുവെന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നത്. 'ചോവ' ശബ്ദംതന്നെ ആ ഊഹത്തെ ബലപ്പെടുത്തുന്നു. ചോവൻ (ചേവൻ) എന്നത് സേവകൻ എന്ന പദത്തിൽനിന്നും ഉത്ഭവിച്ചതായിരിക്കണം. എങ്ങനെ

---

[1] മാഗധൻ, ചൈദ്യൻ, നൈഷധൻ, ചോളൻ, പാണ്ഡ്യൻ ഇത്യാദി നോക്കുക.

ആയാലും, ക്രിസ്ത്വബ്ദം ഒന്നാംനൂറ്റാണ്ടിൽ കേരളത്തിൽ കേരവൃക്ഷങ്ങൾ കണികാണ്മാൻപോലും ഉണ്ടായിരുന്നില്ല. അക്കാലത്ത് ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ട 'പെരിപ്ലസ്' എന്ന ഗ്രന്ഥത്തിൽ കേരളത്തെപ്പറ്റി പലേ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഈ നാട്ടിലെ 'കല്പവൃക്ഷ'മെന്നു സുവിഖ്യാതമായ (?) 'കേരളത്തെ'പ്പറ്റിമാത്രം ഒന്നും പറഞ്ഞുകാണാത്തതു് എന്തുകൊണ്ടു്? ഇതുപോലെതന്നെ മറ്റുചില പാശ്ചാത്യഭൂസഞ്ചാരികളും കേരളത്തെപ്പറ്റി ഒന്നും മിണ്ടീട്ടില്ല. ആറാംശതവർഷത്തിൽ കേരളം സന്ദർശിച്ച ഒരു സഞ്ചാരി അതിനെ 'ആർശില്യ'എന്നപേരിൽ ഭംഗിയായി വിവരിച്ചുകാണുന്നുമുണ്ടു്. കേരളോല്പത്തിയിൽ പറഞ്ഞിരിക്കുന്ന കഥ വിശ്വസിക്കാമെങ്കിൽ ഭാസ്കരരവിവർമ്മപ്പെരുമാളുടെ കാലത്തായിരിക്കണം ഈഴവർ കേരളത്തിൽ കടന്നുകൂടിയതു്. പക്ഷേ സ്ഥാണുരവിഗുപ്തപ്പെരുമാളുടെ ഒരു താമ്രശാസനത്തിൽ ഈഴവരുടെ ഒരു യോഗത്തെപ്പറ്റിയും അവരുടെ ചില അവകാശങ്ങളെപ്പറ്റിയും പ്രസ്താവിച്ചുകാണുന്നതുകൊണ്ടു്, അക്കാലത്തിനുമുമ്പുതന്നെ അവർക്കു പറയത്തക്ക പ്രാബല്യം കേരളത്തെപ്പറ്റി (???) അശോകന്റെ ലേഖനങ്ങൾ മുതലായവയിലും പ്രസ്താവങ്ങൾ കാണുന്നസ്ഥിതിക്കു് കേരശബ്ദത്തേക്കാൾ കേരളശബ്ദത്തിനു പഴക്കമുണ്ടെന്നു നിശ്ശംശയം പറയാം. കേരത്തിനു ചേരരാജ്യത്തെ മരമെന്നേ അർത്ഥമുള്ളൂ. ഈ ആഗമത്തെ ചെരട്ട, കരിക്കു്, ചകിരി ഇത്യാദി കേരസംബന്ധമായ പദങ്ങൾ അനുകൂലിക്കുന്നുമുണ്ടു്. മലയാളത്തിലെ ചകാരം കർണ്ണാടകത്തിലും വിരളമായി തമിഴിലും 'ക' കാരരൂപത്തിൽ കാണാറുമുണ്ടു്. ചീര, കീര; ചില, കെലവു; ചെറു, കെറു ഇത്യാദി ഉദാഹരണങ്ങൾ കാണുക. ഇങ്ങനെ നോക്കിയാൽ ചേരക്കായു്, കരിക്കായും; ചേരച്ചട്ട, ചെരട്ടയായും; ചേരി ചകിരിയായും പിന്നീടു കയറായും പരിണമിച്ചതാണെന്നു വിചാരിക്കുന്നതിൽ അസാംഗത്യമില്ല. തേങ്ങ എന്ന പദത്തിനു തെൻകായു് എന്നാണർത്ഥം. പ്രസ്തുതപദം തെങ്ങിന്റെ ഉല്പത്തിസ്ഥാനത്തേയാണു കാണിക്കുന്നതു്.

ഭാരതത്തിലും അശോകന്റെ ശാസനങ്ങളിലും മറ്റും കേരളശബ്ദം കണ്ടുവരാറുള്ളതുകൊണ്ടും ഈ നാടിനെ സ്ഥാണുരവിഗുപ്തപ്പെരുമാളിന്റെ കാലംവരെ 'അളതേയം' എന്നുവിളിച്ചുവന്നതുകൊണ്ടും ചേരദേശത്തിന്റെ അളം എന്നു് ഈ പദത്തെ വിശേഷിപ്പിക്കുന്നതാണു് യുക്തം. അളം എന്നാൽ അനൂപപ്രദേശം എന്നത്രേ അർത്ഥം. ഗുണ്ടർട്ടുസായ്പു് ചേരളം എന്നൊരുപദം തന്റെ അകാരാദിയിൽചേർത്തിട്ടുമുണ്ടു്. ചോളരാജാവായ രാജകേസരിവർമ്മൻ 'വീരപാണ്ഡ്യ ചേരള ചോള ലങ്കാ'ദിദേശങ്ങളെ പിടിച്ചടക്കിയതായി തഞ്ചാവൂർ ജില്ലയിൽനിന്നും കിട്ടിയ ഒരു താമ്രശാസനത്തിൽ പറഞ്ഞിരിക്കയും ചെയ്യുന്നു.

കേരളം പരശുരാമനിർമ്മിതമാണെന്നു പറയുന്ന ഐതിഹ്യത്തിൽ വല്ല സത്യവും ഉണ്ടെങ്കിൽ അതു് ഇത്രമാത്രമേയുള്ളൂ. അദ്ദേഹം ആയിരിക്കാം കേരളത്തിൽ ആര്യബ്രാഹ്മണരെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചതു്. അദ്ദേഹം കൊണ്ടുവന്ന ബ്രാഹ്മണർ നാഗങ്ങളെക്കണ്ടു തിരിച്ചുപോയെന്നും, പിന്നീടു കൊണ്ടുവന്നവരും ഓടിക്കളയാതിരിപ്പാനായി അവർക്കു മുൻകുടുമവെച്ചുവെന്നും ഒരു ഐതിഹ്യമുണ്ടു്. നാ

ഗങ്ങൾ ഇന്ത്യയുടെ എല്ലാഭാഗങ്ങളിലും വിശേഷിച്ച് ആര്യന്മാരുടെ ആദ്യനിവേശ സ്ഥാനങ്ങളിലും ഉണ്ടായിരുന്നസ്ഥിതിക്ക് അവർ പാമ്പുകളെക്കണ്ടു ഭയപരവശരായിച്ചമഞ്ഞുവെന്നു വിചാരിക്കുന്നതിനേക്കാൾ അക്കാലത്തെ നാട്ടുവാഴികളും, (???) പ്രബലന്മാരായിരുന്ന നായന്മാരെപേടിച്ച് ഓടിപ്പോയതാണെന്നു പറയുന്നതാണ് യുക്തിക്ക് അധികംയോജിച്ചത്. അല്ലാത്തപക്ഷം മുൻകുടുമവെച്ചതുകൊണ്ടുമാത്രം അവർക്കു തിരിച്ചുപോകാൻ സാധിക്കാതെ വന്നു എന്നുവരണം. വീണ്ടും മുൻകുടുമമാറ്റി പിൻകുടുമയാക്കുന്നതിനു സാധിക്കാത്തവണ്ണം അത്ര ബാലിശന്മാരായിരുന്നുവെന്ന് നമ്പൂതിരിബ്രാഹ്മണരെപ്പറ്റി അറിവുള്ളവരാരും സമ്മതിക്കയില്ല. ഇന്നും അവരുടെ ബുദ്ധിശക്തിയെ കേരളീയർ വാഴ്ത്തിക്കൊണ്ടുതന്നെ ഇരിക്കുന്നു. സംഖ്യാബലം ഇല്ലാതിരുന്ന മലയാളബ്രാഹ്മണർ ഇന്നാട്ടുകാരുടെ വേഷവിശേഷങ്ങളും ആചാരങ്ങളും സ്വീകരിച്ചതു മുതൽക്ക് അവർക്ക് ഇവിടെ താമസം സുകരമായെന്നു മാത്രമെ ആ 'കുടുമമാറ്റ' ക്കഥകൊണ്ടു മനസ്സിലാക്കേണ്ടതായുള്ളു.

നായന്മാരെ പൂർവ്വകാലങ്ങളിൽ നാഗന്മാരെന്നു വിളിച്ചുവന്നുവെന്നു വിചാരിക്കുന്നതിലും ചില ലക്ഷ്യങ്ങളുണ്ട്. തെക്കൻദിക്കുകളിൽ പ്രചാരമുണ്ടായിരുന്ന ചില പാട്ടുകളിൽ 'നാകന്മാ' രുടെ രൂപം, വേഷം, ആചാരമര്യാദകൾ മുതലായവയെപ്പറ്റി വിവരിച്ചിട്ടുണ്ട്.

"നെടുമീശൈ വിരിമാറു തിടമേനി പടവാള
നീറണി നെറ്റി നേർന്തകോളരിമേത്തടം
പൊടിച്ചിതറി വമർത്തും നെടും തിടക്കൈ"

അതുപോലെതന്നെ ഒരു പഴയ വഞ്ചിപ്പാട്ടിൽ,

"അന്തിമന്തിരമോതും വേതിയോൻ
അന്തികാലേ കുളിച്ചകംപുക്ക്
അണിന്തപൂവാരിയഭിഷേകം ചെയ്തി-
ട്ടരളിപ്പൂമാലചാർത്തവേ
തിത്തിമിം തിമിനെന്നു മുത്തളം
തിമിലച്ചെണ്ടയുംകൈമണി
തിമൃത്തക വിമൃതക്കൊമ്പൊടു
വീരാളൻ കുഴലൂതവേ.
കൊടികുടതഴയെടുത്തുശീവേലി
നടത്തവേ കോവിലകം പുക്കു
ഇരുകരങ്ങളും കവിച്ചു നാകന്മാര
തെരുതെരെത്തുതിമുഴക്കവേ
തെളുതെളെ നെറ്റിത്തടത്തിൽ നീറിട്ടു

നറുമലർ വാരിച്ചൊരിയവേ" ഇത്യാദി[2]

പക്ഷേ, ഈ നാഗന്മാർ ഉത്തരഭാരതത്തിൽനിന്ന് ഉപനിവേശിച്ചവരോ, അതോ അവരുടെ വീര്യപരാക്രമങ്ങളോർത്ത് നാഗന്മാരെന്നപേരു നമ്പൂതിരിമാർ നൽകിയതോ എന്നു തീർച്ചപ്പെടുത്തുന്നത് ഇപ്പോൾ വിഷമമായിരിക്കുന്നു. ഇതിൽ രണ്ടാമത്തെ ഊഹമാണ് കുറെക്കൂടെ സംഗതമായിട്ടുള്ളത്.

കേരളത്തിന്റെ എല്യകകളേ സംബന്ധിച്ചും പലേ അഭിപ്രായവ്യത്യാസങ്ങൾ കാണുന്നുണ്ട്. ഒരു കേരളോൽപത്തിയിൽ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്:

"കന്യാകുമാരി ഗോകർണ്ണത്തിനിട നൂററിഅറുപതുകാതം വഴി മലയാളം എന്ന ഭൂമി ചമച്ചു. അതു നാലു ഖണ്ഡമാക്കി. അതിൽ ഗോകർണ്ണത്തിൽനിന്നു തുടങ്ങി തുളുനാട്ടു പെരുമ്പുഴയോളം തുളുരാജ്യം; തുളുനാട്ടുപെരുമ്പുഴയ്ക്കു തെക്ക് പുതുപ്പട്ടണത്തോളം കൂപദേശം; പുതുപ്പട്ടണത്തിനുതെക്ക് കനാറ്റിപ്പാലത്തോളം കേരളം; കന്നറ്റിയിന്നു തെക്ക് കന്യാകുമാരിയോളം മൂഷികദേശമെന്നും ചൊല്ലുന്നു." കാളിദാസൻ വേത്രവതി, ശരാവതി, കാളിനദി എന്നീ മൂന്നുനദികൾ കേരളത്തിലുള്ളതായി വർണ്ണിച്ചിരിക്കുന്നതിനാൽ, അദ്ദേഹത്തിന്റെ കാലത്ത് കേരളത്തിൽ തെക്കെ കന്നടയും മലയാളജില്ലയിൽ ഒരംശവും ഉൾപ്പെട്ടിരിക്കണം. മഹാകൂടശിലാലേഖനത്തിൽ, കേരളത്തെ മൂഷികദേശത്തിൽനിന്നു വേർതിരിച്ചും പറഞ്ഞുകാണുന്നു. കൈവല്യനവനീതം എന്ന പഴയഗ്രന്ഥത്തിൽ മാത്രം ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള പ്രദേശത്തിന് കേരളം എന്ന പേർ നൽകിയിട്ടുണ്ട്. ഈ അർത്ഥത്തിലാണ് ഇപ്പോൾ ഈ പദത്തെ ഉപയോഗിക്കാറുള്ളതും.

ആദിമകേരളീയർ ദക്ഷിണ പഥത്തിൽനിന്നും കേരളത്തിലിറങ്ങി കുടിപാർത്തവരാണ് എന്നാണു കരുതുന്നത്. 'നായർ' ശബ്ദത്തെ 'നാഗ' ശബ്ദത്തിൽനിന്നോ 'നായക' ശബ്ദത്തിൽനിന്നോ വ്യുല്പാദിപ്പിക്കുന്നത് ശരിയായിരിക്കുമോ എന്നു സംശയമാണ്. 'നായർ' ശബ്ദത്തിന് 'എജമാനൻ' എന്നർത്ഥമേ ഉള്ളു. ഏതാണ്ട് ഇതേ അർത്ഥം തന്നെയാണ് തമിൾ നാട്ടുകളിലേ 'നായ്ക്കനും' തെലുങ്കുദേശത്തിലെ 'നായിഡു'വിനും ഉള്ളത്. ആര്യോപനിവേശത്തിനുമുമ്പ് നാട്ടുവാണിരുന്നത് ഇവരായിരുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചതായിരിക്കണം. പേരിൽ കാണുന്ന ഈ സാദൃശ്യം അവർ ഒരുകാലത്ത് ഒരേവർഗ്ഗത്തിൽപ്പെട്ടവരായിരുന്നുവെന്നു കാണിക്കുന്നു. ഇതിനും പുറമേ മലയാളികൾ 'കീഴ്' 'മേക്ക്' എന്നീ പദങ്ങൾ ഉപയോഗിക്കുന്നതു നോക്കിയാൽ, അവർ സഹ്യാദ്രിക്കു അപ്പുറത്തുനിന്നു വന്നവരാണെന്നു കാണാം.

---

[2] നാകാസ്സവേ സമാഗത്യ ശ്രീമൂലസ്ഥാനമണ്ഡപേ
ചതുഷഷ്ടിതമാ നാകാ വയമേവ ന സംശയഃ
വരുണസ്തു പുരാസ്മാകം ദത്തവാൻ ദ്വിജസത്തമാഃ കേഃമാഃ
അസിഹസ്തൈഃ രക്ഷിതത്വാൽ പ്രഭുഭിന്നാകനാമകൈഃ
—മലയാദ്രിമാഹാത്മ്യം

നായകാഖ്യായത്ര ശൂദ്രാരാജനസ്സന്തി
—സഹ്യാദ്രിഖണ്ഡം

ഇതിനും പുറമേ വേറൊരു ലക്ഷ്യമുള്ളതും പ്രസ്താവയോഗ്യമാണ്. ആര്യന്മാർ 'അസുരന്മാരെന്ന്' ഗണിച്ച വന്നവരുടെ കൂട്ടത്തിൽ ദ്രാവിഡരും ഉൾപ്പെടുന്നുണ്ടെന്ന് ആധുനികചരിത്രകന്മാർ സമ്മതിക്കുന്നുണ്ട്. ദ്രാവിഡരിൽ പലരും അസുരരാജാക്കന്മാരുടെ പേരുകൾ സ്വീകരിച്ചവരാറുള്ളതും, കേരളത്തിൽ 'മഹാബലി' യെ ആരാധിക്കുന്നതും ഈ ഊഹത്തിന് അവഷ്ടാഭകമായിരിക്കുന്നുണ്ട്. കേരളീയരാജാക്കന്മാർ മഹാബലി വംശക്കാരെന്നും ബാണവംശക്കാരെന്നും രണ്ടുതരത്തിൽപ്പെട്ടവരായിരുന്നതാനും. മഹാബലിയേ-സത്യസന്ധത, ദാതൃത്വം ഈ സൽഗുണങ്ങൾക്ക് വിളനിലമായിരുന്ന മഹാബലിയേ- ആര്യന്മാർ വഞ്ചിച്ച് ഓടിച്ചതിന്റെ ശേഷം കേരളത്തിൽ വന്ന പുണ്യദിനത്തിന്റെ സ്മാരകമല്ലയോ ചിങ്ങമാസത്തിൽ തിരുവോണം എന്നു ശങ്കിപ്പാനും വഴിയുണ്ട്. മഹാബലി ഉത്രാടംനാൾ രാത്രിയിൽ വരുമെന്നാണ് എല്ലാ പഴമക്കാരായ മലയാളികളുടേയും വിശ്വാസം. അതിനായി അവർ തൂത്തുതളിച്ച് ഗൃഹം ശുചിയാക്കിവെയ്ക്കുന്നത് ഇന്നും നടന്നുവരുന്നതാണല്ലോ.

കേരളത്തിന് മലയാളം എന്ന പേരാണ് ഇന്നുള്ളവർക്ക് അധികംപത്ഥ്യമായിട്ടുള്ളത്. അവരുടെ ഭാഷയ്ക്ക് മലയായ്മ, മലയാർമ, മലയാണ്മ എന്നിങ്ങനെയൊക്കെ പേരുകളുണ്ടായിരുന്നു.'മലനാട്ടിനെ ആളുന്ന' വരുടെ ഭാഷയായതിനാൽ ഈ പേര് വന്നുകൂടിയതായിരിക്കണം. ഇപ്പോൾ 'പ്രാചീന' ഭാഷയെക്കുറിക്കുന്നതിനു മാത്രമേ 'മലയാണ്മ' എന്ന പേര്, അറബികളിൽനിന്നു സിദ്ധിച്ചതാണെന്നാണ് കാൽഡ്വൽ സായ്പിന്റെ മതം.

'മലയാളഭാഷ' യുടെ ഉൽപത്തിയെപ്പറ്റിയാണ് ഇനി ചിന്തിക്കേണ്ടത്. കോവുണ്ണിനെടുങ്ങാടി കേരളകൗമുദിയിലെ മംഗളപദ്യത്തിൽ,

"സംസ്കൃതഹിമഗിരി ഗളിതാ
ദ്രാവിഡ വാണികളിന്ദജാമിളിതാ
കേരള ഭാഷാഗംഗാ
വിഹാതുമേ ഹൃത്സരസ്വദാസംഗാ"

എന്നു പറഞ്ഞിരിക്കുന്നു: ഈ പദ്യത്തിനെ അദ്ദേഹം ഇങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്:

"സാക്ഷാൽ സംസ്കൃതമാകുന്നൊരു ഹിമവാങ്കൽനിന്ന് പുറപ്പെട്ടും, ദ്രാവിഡവാണി (എന്നാൽ, തമിഴ്, തെലുങ്ക്, കന്നടം,തുളു, മഹാരാഷ്ട്രാ ഈ പഞ്ചഭാഷകളിൽ പ്രധാനമായ തമിഴ്) ആകുന്ന കാളിന്ദിയോടും വാണിയാകുന്ന വാണി എന്ന് അന്തർഭവിച്ചിരിക്കുന്നതിനാൽ അന്തർവാഹിനിയായി മറ്റൊരു ദ്രാവിഡമാകുന്ന സരസ്വതീനദിയോടും ചേർന്നു ഇരിക്കുന്ന മലയാളഭാഷയാകുന്നൊരു ഗംഗ എന്റെ ഹൃദയമാകുന്ന സമുദ്രത്തിൽ നിരന്തരം പ്രവഹിച്ചുവിളയാടണം എന്നർത്ഥം."

വീണ്ടും—

“ആര്യദ്രാവിഡവാഗ്ജാതാകേരളീയോക്തി കന്യകാ
ഏതൽസൂത്രവരാരോഹാ പ്രസൂതാ പ്രൗഢസമ്മതം”

എന്നു ഭാഷാഗമത്തെപ്പറ്റി ഒരു പദ്യം ചേർത്തിട്ട് ഇങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു.

“ആര്യവ്യവഹാരമെന്ന സംസ്കൃതത്തിന്റേയും ദ്രാവിഡവാക്കെന്ന തമിഴിന്റേയും കലർപ്പിൽനിന്നുണ്ടായ ഈ ദ്രാവിഡവാക്കെന്ന തമിഴിന്റേയും കലർപ്പിൽനിന്നുണ്ടായ ഈ കേരളഭാഷയാകുന്ന കന്യക ഈ വ്യാകരണമാകുന്നൊരു നേതാവിനോടുചേർന്ന് പ്രൗഢയായി മേലാൽ വിദ്വാന്മാരുടെ സന്തോഷമാകുന്നൊരു സന്തതിയെ പ്രസവിക്കേണമേ എന്നു താല്പര്യം.

ഇങ്ങനെ മലയാളഭാഷയുടെ പിതൃഭാവം സംസ്കൃതത്തിനും, മാതൃഭാവം ദ്രമിളത്തിനും അദ്ദേഹം നൽകിയിരിക്കുന്നു. ഈ അഭിപ്രായം മണിപ്രവാളത്തെ സംബന്ധിച്ചിടത്തോളം ശരിയാണെന്നല്ലാതെ ഭാഷയുടെ ഉൽപ്പത്തിയെ വിശദീകരിക്കുന്നതിന് പര്യാപ്തമല്ല. ഗുണ്ടർട്ടുസായ്പു മലയാളഭാഷാവ്യാകരണത്തിന്റെ മുഖവുരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു. അത് തെലുങ്ക്, കർണ്ണാടകം, തുളു, കുടക് മുതലായ ശാഖകളേക്കാൾ അധികം തമിഴരുടെ സൂത്രങ്ങളോട്ട് ഒത്തുവരികയാൽ ഉപഭാഷയത്രേ.” ഏകദേശം ഈ മതത്തെത്തന്നെ ഭാഷാപരികർത്താവും സ്വീകരിക്കുന്നു.

മലയാളം സംസ്കൃതത്തിൽനിന്ന് ഉത്ഭവിച്ചതാണെന്നു വിശ്വസിക്കുന്നവർ ഇന്ന് അപൂർവ്വമാണെങ്കിലും അങ്ങനെയും ചിലരുണ്ടെന്നു പറയാതെ തരമില്ല. രണ്ടുഭാഷകളുടെ ജന്യജനകഭാവം നിർണ്ണയിക്കുന്നതിന് ഭാഷാശാസ്ത്രജ്ഞന്മാർ നിശ്ചയിച്ചിട്ടുള്ള ഏതു തോതുകൾവെച്ചു നോക്കിയാലും ഈ വാദം നില്ക്കയില്ല. “ആദിയിൽ വാക്കുമുണ്ടായി (പ്രണവ)” എന്നിങ്ങനെ ക്രൈസ്തവവേദപുസ്തകത്തിൽ കാണുംപോലെ ‘ആദിയിൽ സംസ്കൃതമുണ്ടായി’ എന്നിങ്ങനെ ഒരു ചൂർണ്ണിക എല്ലാ ഭാഷകളുടേയും ചരിത്രത്തിന്റെ ആദിയിൽ ചേർത്തുകാണാനാഗ്രഹിക്കുന്ന ഗീർവാണീഭക്തന്മാരിൽ യുക്തിയേക്കാൾ ഭക്തിയാണ് പ്രബലമായി കാണുന്നത്.

(1) ശരീരാവയവങ്ങളേയും, അവയുടെ വ്യാപാരങ്ങളേയും കുറിക്കുന്ന പദങ്ങൾ (കണ്ണു, ചെവി, നാക്ക്, മൂക്ക്, കാണുക, കേൾക്കുക, തിന്നുക, മണക്കുക, ഇത്യാദി).

(2) നമ്മുടെ ജീവിതോപകരണങ്ങളെക്കുറിക്കുന്ന പദങ്ങൾ (വീട്ട്, മുറ്റം, പുര, തീയ്, അരി, ചോറ്, നെല്ല്, ഇത്യാദി).

(3) നിത്യോപയോഗമുള്ള ജന്തുക്കളുടെ പേരുകൾ (നായ, ആട്ട്, മാട്ട്, കാള, കുതിര ഇത്യാദി).

(4) ബന്ധുനാമങ്ങൾ (അമ്മ, മകൾ, തന്ത ഇത്യാദി).

(5) സർവ്വനാമങ്ങളും അക്കങ്ങളും.

(6) സാധാരണ ക്രിയകളെ കുറിക്കുന്ന ശബ്ദങ്ങൾ.

ഇവയെല്ലാം ദ്രാവിഡ സാധാരണങ്ങളാണ്.

വ്യാകരണസംബന്ധമായി നോക്കിയാലും സംസ്കൃതത്തിനും മലയാളത്തിനും തമ്മിലുള്ള വ്യത്യാസം പ്രകടമാകുന്നു.

(1) മലയാളത്തിൽ ലിംഗഭേദം അർത്ഥാനുരൂപമായിട്ടാണ് ചെയ്തിരിക്കുന്നത്. സംസ്കൃതത്തിൽ അങ്ങനെയല്ല. സംസ്കൃതത്തിൽ 'അസി' ശബ്ദാപുല്ലിംഗം. മലയാളത്തിലൊ 'വാൾ' നപുംസകമാണ്. 'ദാരാഃ' എന്ന ശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണെങ്കിലും 'ഭാര്യ' എന്നാണർത്ഥം. അതേ അർത്ഥത്തിലുള്ള കളത്രം നപുംസകവുമാണ്.

(2) സംസ്കൃതത്തിലെപ്പോലെ മലയാളത്തിൽ ദ്വിവചനം ഇല്ല.

(3) മലയാളത്തിൽ വിശേഷണവിശേഷങ്ങൾക്ക് സംസ്കൃതത്തിലെപ്പോലെ ലിംഗവിവേചനപ്പൊരുത്തമില്ല.

'സത്യവാൻബാലകഃ; സത്യവതിബാലികഃ; സത്യവസന്തഃ ബാലകാഃ' ഇങ്ങനെയാണ് സംസ്കൃതത്തിൽ. മലയാളത്തിലോ 'നേരുള്ള കുട്ടി, നേരുള്ള പെണ്ണ്' ഇങ്ങനെ മതി'.

പക്ഷേ, ക്രിയയോട് ലിംഗപ്രത്യയം ചേർക്കുന്ന പതിവ് സംസ്കൃതത്തിലില്ലെങ്കിലും മലയാളത്തിലുണ്ട്.

'അറിവേനഹമാർഷമാം പ്രഭാവം' ഇത്യാദി ഉദാഹരണങ്ങൾ നോക്കുക.

(4) മലയാളത്തിൽ, ക്രിയാശബ്ദങ്ങൾക്കു സംസ്കൃതത്തിലുള്ള പദവ്യവസ്ഥയില്ല.

(5) ധാതുവിനോട് പ്രത്യയം ചേർക്കുമ്പോൾ വികരണം ചേർക്കുന്ന സമ്പ്രദായവും സംസ്കൃതത്തിലേ ഉള്ളു.

(6) ഭാഷയിൽ കർമ്മണിപ്രയോഗവും ഭാവേപ്രയോഗവും ഇല്ല.

(7) വ്യപേക്ഷകസർവ്വനാമങ്ങളും ആര്യഭാഷയിലേ കാണ്മാനുള്ളു. ഇങ്ങനെ നോക്കിയാൽ മലയാളം സംസ്കൃതഭാഷയിൽനിന്ന് ഉത്ഭവിച്ചതല്ലെന്നു കാണാം.

ഇനി ആലോചിക്കാനുള്ളത് അതിന് ചെന്തമിഴുമായുള്ള വേഴ്ച ഏതു തരത്തിലാണെന്നുള്ളതാണ്.

ആദ്യമായി ചെന്തമിഴിനു മാതൃസ്ഥാനം കല്പിക്കുന്നവരുടെ യുക്തിയേപ്പറ്റി ചിന്തിക്കാം. (ഒന്നാമതായി മലയാളത്തിനു സ്വന്തമായി ഒരു വ്യാകരണമില്ലെന്നു പറയുന്നു. അതായത് മലയാളത്തിന്റെയും ചെന്തമിഴിന്റെയും വ്യാകരണനിയമങ്ങൾ ഒന്നുതന്നെയാണെന്നർത്ഥം.) രണ്ടാമതായി മലയാളത്തിലെ രൂഢിശബ്ദങ്ങളെല്ലാം ചെന്തമിഴിലുള്ളവതന്നെ.

ഈ രണ്ടുയുക്തികളും സാധുവല്ല. വ്യാകരണനിയമങ്ങളെ സംബന്ധിച്ചിടത്തോളം മലയാളത്തിന് ചെന്തമിഴിനോടുമാത്രമല്ല, കർണ്ണാടകം തുടങ്ങിയ മറ്റു ഭാഷകളോടും സാദൃശ്യമുണ്ട്. നോക്കുക.

**കർണ്ണാടകം.** സിംഹവു മൃഗരാജനെൻദു കരയല്പടുത്തദെ. പൂർവ്വകാലദല്ലി അനേകദേശഗളല്ലി സിംഹഹളു ഇദ്ദവു.

**മലയാളം.** സിംഹം മൃഗരാജനെന്നു പറയപ്പെടുന്നു. പൂർവ്വകാലത്തിൽ അനേകദേശങ്ങളിൽ സിംഹങ്ങൾ ഉണ്ടായിരുന്നു.

ഈ രണ്ടുവാക്യങ്ങളെ പരിശോധിച്ചാൽ കർണ്ണാടകത്തിന്റെയും മലയാളത്തിന്റെയും വാക്യബന്ധങ്ങൾക്കും പ്രത്യയങ്ങൾക്കും ധാതുക്കൾക്കും അത്യന്തം സാദൃശ്യമുണ്ടെന്നു കാണാം. ചെന്തമിഴിൽ 'എൻറു' കർണ്ണാടകത്തിൽ 'എംദു' മലയാളത്തിൽ 'എന്നു'.

'കര' ധാതു എല്ലാ ദ്രാവിഡഭാഷകൾക്കും സാധാരണമാണ്. പക്ഷേ മലയാളത്തിൽ അല്പം അർത്ഥം ഭേദിച്ചിട്ടുണ്ടെന്നുമാത്രമേ വ്യത്യാസമുള്ളൂ. 'പെടു' ധാതുവിന്റെ രൂപങ്ങൾ ചേർത്താണ് മലയാളത്തിലും കണ്ണാടകത്തിലും കർമ്മണിപ്രയോഗം സാധിക്കുന്നതും.

കർണ്ണാടകത്തിൽ 'പടു' തമിഴിൽ 'പടു' മലയാളത്തിൽ 'പെടു'. വർത്തമാനകാലത്തെ കുറിക്കുന്ന സമ്പ്രദായവും ഈ ഭാഷകളിൽ തുല്യമാണ്.

ഉദാ: (ക) 'നാനു ഹോഗുത്തേനേ'. (ത) നാൻ പോകിന്റേൻ. (മ) ഞാൻ പോകുന്നേൻ. സപ്തമീവിഭക്തിയുടെ പ്രത്യയം നോക്കുക.

കർണ്ണാടകത്തിൽ 'അല്ലി' മലയാളത്തിൽ 'ഇൽ'.

ഇനി ഹിന്ദിഭാഷയോടോ, മഹാരാഷ്ട്രഭാഷയോടോ, വംഗഭാഷയോടോ ഒന്നു സാദൃശ്യപ്പെടുത്തി നോക്കുക. ആ ഭാഷകൾക്കുതമ്മിൽ സാദൃശ്യം കാണുമെങ്കിലും അവയ്ക്കു മലയാളത്തിനോടോ കർണ്ണാടകത്തിനോടോ ലേശംപോലും സാമ്യം കാണുകയില്ല. നോക്കുക:

**മറാട്ടി**

**ശിഷ്യ:** മഹാരാജ, ഹേ ആപ്മി തയാർ അഹോംത.

**കശ്യപ:** ആപല്യാ ബഹിണീ ലാ മാർഗ്ഗദാഖ്വാ.

**ഹിന്ദി**

**ശിഷ്യ:** മഹാരാജ! ഹം തയ്യാർ ഹൈം.

**കശ്യപ:** അപനി ബഹൻകോ മാർഗ്ഗദിഖാവോ.

**മലയാളം**

**ശിഷ്യൻ:** ഗുരോ, ഞങ്ങൾ തയ്യാറായിരിക്കുന്നു.

**കശ്യപൻ:** നിങ്ങളുടെ സഹോദരിക്കു വഴി കാണിക്കു.

മലയാളഭാഷയിലുള്ള രൂഢശബ്ദങ്ങളെല്ലാം ചെന്തമിഴാണെന്നു പറയുന്നതും ശരിയല്ല. അവ ചെന്തമിഴായിരിക്കുന്നിടത്തോളം കർണ്ണാടകവും തെലുങ്കുമാണെന്നും പറയാം. ലീലാതിലകത്തിന്റെ വൃത്തികാരൻ മലയാളം ചെന്തമിഴിന്റെ സന്തതിയാണെന്നുള്ള മതത്തെ നിശ്ശേഷം ഖണ്ഡിച്ചിട്ടുണ്ട്.

"മൂന്നാമതായി സംസ്കൃതസമ്പർക്കം ഉണ്ടാകുന്നതിനു മുമ്പുണ്ടായിട്ടുള്ള ഭാഷാകൃതികൾ എല്ലാം തമിഴിൽനിന്നു ഭിന്നമല്ല."

"നാലാമതായി മലയാളത്തിന് തമിൾ എന്നുകൂടി പേർ പറഞ്ഞുകാണുന്നു. തമിഴ് രാമായണം, തമിഴ് ഭാരതം ഇത്യാദി നോക്കുക."

ഈ യുക്തികളും നിൽക്കുകയില്ല. രാമചരിതം മുതലായ കൃതികളിലേയും പട്ടയങ്ങളിൽ കാണുന്ന ഭാഷയേയും അടിസ്ഥാനപ്പെടുത്തിയാണ് ഇങ്ങനെ ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നത്. സംസ്കൃതസമ്പർക്കം ഭാഷയെ തമിഴിൽനിന്നും പൂർവ്വാധികം അകറ്റുന്നതിനു സഹായിച്ചിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും അതിനുമുമ്പു തന്നെ മലയാളം ഒരു സ്വതന്ത്രഭാഷയായി തീർന്നിരുന്നുവെന്നു സ്ഥാപിക്കുന്നതിനു പര്യാപ്തമായ ലക്ഷ്യങ്ങളുണ്ട്. ആധാരങ്ങൾ, പട്ടയങ്ങൾ മുതലായ പ്രാചീനരേഖകൾ ചെന്തമിഴിൽ ആയിരിക്കുന്നതിന് പ്രത്യേക കാരണമുണ്ട്. ഒന്നാമതായി ചെന്തമിഴ് അക്കാലത്തെ വിദ്വജ്ജനഭാഷയായിരുന്നു. ഇതിനും പുറമേ ചോളപാണ്ഡ്യരാജാക്കന്മാർ പലപ്പോഴും കേരളത്തെ ആക്രമിച്ച് കീഴടക്കിയശേഷം രക്ഷാപുരുഷന്മാരെ നിയമിച്ചിട്ട് മടങ്ങിപ്പോയിട്ടുണ്ട്. എഴുത്തുകുത്തുകളെല്ലാം ചെന്തമിഴിൽ ആയിരിക്കണമെന്ന് അവർ വ്യവസ്ഥചെയ്തും കാണണം. മലയാളബ്രാഹ്മണരുടെ പ്രാബല്യകാലത്തും പെരുമാക്കന്മാരായി വാഴിക്കപ്പെട്ടവർ പരദേശികളായിരുന്നതിനാൽ, ചെന്തമിഴിന്റെ പ്രാബല്യം കുറയാൻ ഇടവന്നിട്ടില്ല. മൂവരശരുടെ വാഴ്ച അസ്തമിച്ചതിനുശേഷമേ കേരളത്തിനു പറയത്തക്ക പാർത്ഥക്യം സംഭവിച്ചിട്ടുള്ളൂ. അതിനുമുമ്പ് വിവാഹം, യുദ്ധം മുതലായ പല കാരണങ്ങളാൽ കേരളത്തിനും ചോളപാണ്ഡ്യദേശങ്ങൾക്കും തമ്മിൽ പലപ്പോഴും അടുക്കേണ്ടതായി വന്നിട്ടുണ്ട്. രാമചരിതത്തിൽ കാണുന്നഭാഷ മലയാളവും ചെന്തമിഴും കലർന്ന ഒരുതരം മണിപ്രവാളമാണ്. അതിന്റെ ഉല്പത്തിസ്ഥാനം തമിഴ് ദേശങ്ങളോട് വളരെ അടുത്തിരുന്നതിനാൽ അതിൽ ചെന്തമിഴ് പ്രയോഗങ്ങൾ വളരെ അധികമായി കടന്നുകൂടിയതാണെന്നു വിചാരിക്കാനേ മാർഗ്ഗമുള്ളൂ.

'തമിഴ്' ശബ്ദത്തിന്റെ വ്യാപകമായ അർത്ഥത്തിൽ മലയാളവും കർണ്ണാടകവും തമിഴുതന്നെയാണ്. സംസ്കൃതത്തിലെ ദ്രാവിഡശബ്ദം 'തമിഴ്' എന്നതിന്റെ തത്ഭവമാകുന്നു. അതിന് 'ഭാഷാ' എന്നേ അർത്ഥമുള്ളൂ. ഇപ്പോഴത്തെ സാഹിത്യഭാഷയായ ചെന്തമിഴ് ചോളനാട്ടുതമിഴിന്റെ സംസ്കരിക്കപ്പെട്ട രൂപമാണ്. 'ചൊ'

ധാതുവിന് നന്നാക്കുക, പരിഷ്കരിക്കുക എന്നത്രേ അർത്ഥം. ‘ചെമ്മേ’ എന്ന ഭാഷാപദത്തിൽ കാണുന്നത് ആ ‘ചെം’ എന്ന ധാതുതന്നെയാണ്. അതുകൊണ്ട് ചെന്തമിഴിനെ സംസ്കരിക്കപ്പെട്ട ഭാഷ എന്നർത്ഥം വന്നുകൂടുന്നു. സംസ്കൃതശബ്ദത്തിനും അതുതന്നെ അർത്ഥം. സംസ്കൃതം സംസ്കരിക്കപ്പെട്ട ആര്യഭാഷ; ചെന്തമിഴ് സംസ്കരിക്കപ്പെട്ട തമിഴുഭാഷ. ഇതാണ് അവതമ്മിലുള്ള വ്യത്യാസം. ഈ ആദിമദ്രാവിഡത്തിൽനിന്നും തെലുങ്കുഭാഷ വളരെ നേരത്തെ പിരിഞ്ഞുപോയതിനാൽ അതിനു മറ്റു ദ്രാവിഡഭാഷകളിൽനിന്നു കൂടുതൽ അകൽച്ച കാണുന്നു. കരിനാട്ടുതമിഴ് കർണ്ണാടകമായും മലൈനാട്ടുതമിഴ് മലയാളമായും വേർപിരിഞ്ഞത് ചെന്തമിഴുഭാഷ സ്വരൂപപ്പെടുന്നതിനു വളരെ മുമ്പുതന്നെയാണെന്ന് കാൽഡ്വെൽസായ്പും കേരളപാണിനിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്രകാരം പാർത്ഥക്യം സമ്പാദിച്ച മറ്റു തമിഴുകളെ, ചെന്തമിഴ് വൈയ്യാകരണന്മാർ ‘കൊടുന്തമിഴ്’ ശബ്ദത്താൽ നിർദ്ദേശിച്ചത്, അവ മുത്തമിഴ്ശാഖകളാണെന്നുള്ള സൂക്ഷ്മബോധംകൊണ്ടോ അഥവാ സ്വഭാഷാഭിമാനവിജൃംഭണത്താലോ ആയിരിക്കാം. പ്രാകൃതികളും രാഷ്ട്രീയങ്ങളുമായ കാരണങ്ങളാൽ ദ്രാവിഡജനങ്ങൾക്കു പരസ്പരസഹവാസത്തിനുള്ള സൗകര്യങ്ങൾ നശിച്ചുപോയപ്പോഴാണ് അവരുടെ ഭാഷകൾക്ക് ഈ സ്വാതന്ത്ര്യം പ്രകടമായിത്തുടങ്ങിയത്.

ലീലാതിലകത്തിന്റെ വൃത്തികാരൻ ആരായിരുന്നാലും അദ്ദേഹം ദ്രാവിഡഭാഷാപണ്ഡിതനാണെന്നും കേരളഭാഷയിൽ അക്കാലംവരെയുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളെ പരിശോധിച്ചിട്ടുള്ളവനാണെന്നും വ്യക്തമാണ്. അദ്ദേഹം കേരളഭാഷയുടെ സ്വതന്ത്രനിലയെപ്പറ്റി ദീർഘമായി ഉപന്യസിച്ചിട്ടുള്ളതിനു പുറമേ ഇങ്ങനെ ചോദിക്കുന്നു. പഴയതോ പുതിയതോ നിങ്ങൾതന്നെ ഉണ്ടാക്കിയതോ ആയ മണിപ്രവാളത്തിൽ ഏതെങ്കിലും ‘വന്താൻ’ ‘ഇരുന്താൻ’ എന്നാണോ കണ്ടിട്ടുള്ളത്? ‘വന്നാൻ’ ‘ഇരുന്നാൻ’ എന്നല്ലേ? തേങ്ക, മാങ്ക, കഞ്ചി, പഞ്ചി എന്നൊക്കെയോ കണ്ടിരിക്കുന്നത്? അതോ തേങ്ങ, മാങ്ങ, കഞ്ഞി, പഞ്ഞി എന്നൊക്കെയോ? ‘യാൻ’ ‘ആന’ എന്നോ ‘ഞാൻ’ ‘യാനൈ’ എന്നോ? അതനൈ, ഇതിനൈ... എന്നോ?... അതിനെ, ഇതിനേ... എന്നോ? ഉണ്ടനർ, നിന്റനർ എന്നോ?... ഉണ്ടാർ, നിന്നാർ എന്നെല്ലാമോ? ഇതിൽനിന്ന് ഒരു സംഗതി വെളിവാകുന്നുണ്ട്.

ലീലാതിലകവൃത്തകാരന്റെ കാലത്തിനു വളരെ മുമ്പുതന്നെ കേരളഭാഷ സ്വതന്ത്രമായിത്തീർന്നിരിക്കുന്നു. എന്നിട്ടും കണ്ണശ്ശകൃതികളിൽ ചോളഭാഷാരൂപങ്ങൾ കാണുന്നത് വിദ്യാഭ്യാസം ചെന്തമിഴ് ഭാഷവഴിക്കായിരുന്നതുകൊണ്ടും ആ ഭാഷയോടുള്ള പക്ഷപാതാതിരേകംകൊണ്ടുമാണെന്നോ ഊഹിപ്പാൻ വഴികാണുന്നുള്ളൂ. ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവരെല്ലാം ദ്രാവിഡരാകയാൽ തമിഴരായിരിക്കാമെന്നും, കർണ്ണാടകരും തെലുങ്കരും ദ്രാവിഡവേദത്തിൽ പെട്ടവരല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ മലയാളത്തിന് ചോളത്തമിഴിനോടു കർണ്ണാടകത്തേക്കാളും തെലുങ്കിനെക്കാളും അടുപ്പം അക്കാലത്തുണ്ടായിരുന്നുവെന്നു വിചാരിക്കാം. വാസ്തവത്തിൽ തെലുങ്കും പിന്നീട് കർണ്ണാടകവും ദ്രാവിഡജനനിയിൽ നിന്നു വേർപിരിഞ്ഞശേഷവും മലയാളം പല കാരണത്താൽ

ചോളത്തമിഴിനോടു ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തമിഴെന്നപേരും അതിനു കുറേക്കാലത്തേക്കുകൂടി നിലനിന്നതായിരിക്കണം. പക്ഷേ "സംസ്കൃതമാകിന ചെങ്ങഴിനീരും നറ്റമിഴാകിന പിച്ചകമലരും" ഇത്യാദി പദ്യത്തിലും, "തമിഴായിക്കൊണ്ടറിയിക്കിന്നേൻ" എന്ന സ്ഥലത്തും തമിൾശബ്ദത്തിന് ശുദ്ധഭാഷ എന്നല്ലാതെ വേറൊരർത്ഥവും വിവക്ഷിച്ചിട്ടില്ലെന്നുള്ളതു സംശയമറ്റ സംഗതിയാകുന്നു. ചോളത്തമിഴിനെ ആ നാട്ടുകാർ എന്നപോലെ, മലൈനാട്ടുതമിഴിനെ ഇന്നാട്ടുകാരും നറ്റമിഴായി വിചാരിച്ചു വന്നിരിക്കാം. രണ്ടും ഒരേ മൂലഭാഷയുടെ ശാഖകളായിരുന്നതിനാൽ ഇരുകൂട്ടർക്കും ആ അഭിമാനത്തിനു വഴിയുണ്ടായിരുന്നുതാനും. ഇനി കുറേക്കൂടി പുറകോട്ടു കടന്നുനോക്കാം. രാമചരിതം വളരെ പുരാതനമായ ഒരു ഗ്രന്ഥമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ടല്ലോ. അതു വെറും തമിഴ് ഗ്രന്ഥമാണെന്ന് മിസ്റ്റർ ഗോപിനാഥറാവു തുടങ്ങിയ ചില തമിഴർ ശഠിക്കത്തക്കവണ്ണം അതിൽ ചെന്തമിഴുരൂപങ്ങൾ കാണുന്നുമുണ്ട്. മലയാളികളിൽ ചിലരാകട്ടെ, അതിൽ കാണുന്ന ഭാഷ കൈരളിയുടെ പൂർവ്വരൂപമാണെന്നും വാദിക്കുന്നു. ഏതെങ്കിലും ഗ്രന്ഥത്തിൽ തമിഴിന്റെ കലർപ്പ് അധികംകണ്ടാൽ, ആ ഗ്രന്ഥം അതിപ്രാചീനമാണെന്നാണ് ഇക്കൂട്ടരുടെ അഭിപ്രായം. പരമാർത്ഥത്തിൽ രാമചരിതം മലയാളഗ്രന്ഥംതന്നെയെന്ന് അതിൽകാണുന്ന നിരവധി മലയാളപ്രയോഗങ്ങൾ നോക്കിയാൽ അറിയാം. എന്നാൽ മലയാളത്തിന്റെ പൂർവ്വരൂപം അതിൽ കാണുന്ന ഭാഷതന്നെയോ എന്നു വളരെ ആലോചിച്ചേ തീർച്ചപ്പെടുത്താൻ സാധിക്കയുള്ളു. എഴുത്തച്ഛന്റെ കാലത്തിനപ്പുറം ദക്ഷിണതിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ള കൃതികളിൽപോലും ചെന്തമിഴുരൂപങ്ങളുടെ പ്രാചുര്യം കാണ്മാനുണ്ടെന്ന് കുഞ്ചുത്തമ്പിക്കഥ മുതലായ പാട്ടുകളിൽ നിന്നുകാണാം. അങ്ങിനെ വന്നുചേരാനുള്ള ഹേതു ദക്ഷിണതിരുവിതാംകൂറിന് തമിഴ്നാട്ടുകളോടുണ്ടായിരുന്ന സാമീപ്യം മാത്രമാണ്. കൊല്ലത്തിനു തെക്കുവശത്തുള്ള ദേശങ്ങളിൽ തമിഴരുടെ ആക്രമണം കൂടെക്കൂടെ ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയും തമിഴ് പ്രചാരത്തിനെ സഹായിച്ചിട്ടുണ്ട്. കൊല്ലത്തിനു തെക്കുമുതല്ക്ക് കന്യാകുമാരിക്കിപ്പുറം പാണ്ടിക്കരയിൽ 'കോൾക്ക' എന്ന ദിക്കുവരെയുള്ള ദേശത്തിനു പേർ 'പറേയില' എന്നായിരുന്നുവെന്നും ആ ദേശം പാണ്ഡ്യരാജാവിന് അധീനമായിരുന്നെന്നും ടോളമിയും പെരിപ്ലസ് എന്ന ഗ്രന്ഥത്തിന്റെ കർത്താവും പറഞ്ഞിട്ടുണ്ട്. കൊല്ലവർഷാരംഭത്തിനുമുമ്പ് മാരൻ ചടയൻ എന്ന പാണ്ഡ്യരാജാവിനാൽ തോല്പിക്കപ്പെട്ട കരുനന്ദനെന്ന യദുവംശ രാജാവാണ് ആദ്യമായി വിഴിഞ്ഞത്തു വന്ന് യദുവംശത്തിന്റെ സ്ഥാനം ഉറപ്പിച്ചതു്. ഇതും ക്രിസ്ത്വബ്ദം എട്ടാംശതകത്തിലായിരുന്നു. ക്രിസ്ത്വബ്ദം പത്താംശതകത്തിന്റെ അന്ത്യത്തിൽ, രണ്ടാംപരാന്തകചടയൻ തെക്കൻതിരുവിതാംകൂർ മുഴുവനും കൈവശപ്പെടുത്തി, യദുവംശരാജാവിനെ വിഴിഞ്ഞത്തുനിന്ന് ഓടിച്ചു. അങ്ങനെ വിഴിഞ്ഞത്തുനിന്നും ഓടിപ്പോവാനിടവന്ന യദുവംശരാജാവാണ് ചിറവായ്ക്ക് സ്വരൂപം സ്ഥാപിച്ചതു്. അക്കാലത്തും പിന്നീടും കൊല്ലം രാജാക്കന്മാർക്കു പാണ്ഡ്യരാജവംശത്തോടു വേൾച്ചയുണ്ടായിരുന്നുവെന്നു കാണുന്നു. ക്രിസ്ത്വബ്ദം പതിന്നാലാം ശതകത്തിന്റെ ആരംഭത്തിൽ, കൊല്ലം ചക്രവർത്തി

യായ രവിവർമ്മ പാണ്ഡ്യചോളരാജ്യങ്ങളെ ജയിച്ച് പാണ്ഡ്യപുത്രിയെ വിവാഹം ചെയ്തുവെന്ന് അദ്ദേഹത്തിന്റെ ഒരു ശാസനത്തിൽ പറഞ്ഞിട്ടുമുണ്ട്.

"ക്ഷയം നീത്വാ സോയം കലിബലമിവാരാതിനിവഹാൻ
ജയശ്രീവൽ കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം
ത്രയസ്ത്രിംശദ്വർഷോ യശ ഇവ യയൌ കേരളപദം
രരക്ഷ സ്വം രാഷ്ട്രം നഗരമിവ കോളംബമധിപഃ"

ഈ രവിവർമ്മയുടെ കിരീടധാരണം ക്രിസ്തുവർഷം 1313-ൽ ആയിരുന്നെന്ന്

"ഷട്ചത്വാരിംശദബ്ദസ്സടഭുവി മകുടം ധാരയൻ വേഗവത്യാഃ
ക്രീഡാംസിംഹാസനസ്ഥശ്ചിരമകൃതമഹീകീർത്തിവാണീരമാഭീഃ"

എന്ന കാഞ്ചീപുരശാസനത്തിൽനിന്ന് ഖണ്ഡിതമായി നമുക്ക് അറിയാം. പന്തളം രാജാക്കന്മാരുടെ ആവിർഭാവവും തമിഴിന്റെ പ്രാബല്യത്തിനു കാരണമായിത്തീരുന്നു. അവർ തമിഴ്ദേശത്തുനിന്നു വന്നവരാണെന്നു ചരിത്രപ്രസിദ്ധമാണല്ലോ. വടക്കൻദിക്കുകളിലും തമിഴ് രാജഭാഷയായി അംഗീകരിക്കപ്പെട്ടിരുന്നു. പെരുമാക്കന്മാരെല്ലാരും ചോളപാണ്ഡ്യാദിദേശങ്ങളിൽനിന്നു വന്നവരായതുകൊണ്ടും, പെരുമാക്കന്മാരുടെ വാഴ്ച അവസാനിച്ചശേഷവും, ചില രാജകുടുംബങ്ങൾക്കു പാണ്ഡ്യരാജകുടുംബവുമായി വേഴ്ചയുണ്ടായിരുന്നതുകൊണ്ടും തമിഴ് സാഹിത്യം ഇതിനിടയ്ക്ക് ഒരു ഉത്തമസാഹിത്യഭാഷയായി പരിണമിച്ചുകഴിഞ്ഞിരുന്നതുകൊണ്ടും, ചെന്തമിഴിന് ഇങ്ങനെയൊരു മാന്യപദവി ലഭിച്ചതിൽ അത്ഭുതപ്പെടാനില്ല. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം എന്ന കാവ്യത്തിന്റെ 46-ാം ശ്ലോകത്തെ വ്യാഖ്യാനിക്കുന്നിടത്ത് വ്യാഖ്യാതാവ് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"അവർ മക്കത്തായാവലംബികളായി കുറെക്കാലം ഇരുന്നിരുന്നു. എന്നാൽ ഇപ്പോൾ ഏറിയകാലമായി അവർ മരുമക്കത്തായത്തെ പിന്തുടരുന്നു. കോട്ടയം രാജവംശത്തിലേക്ക് തൃപ്പൂണിത്തുറയിൽനിന്ന് ദത്തെടുത്തിട്ടുണ്ട്...
... പണ്ട് ആ സ്വരൂപത്തിലുള്ളവർ പരദേശത്തുനിന്നാണ് വിവാഹം കഴിച്ചുവന്നത്."

ഇങ്ങനെ[3] രാഷ്ട്രീയവും സാമുദായികവുമായ പല സംഗതികൾ ഒന്നിച്ച് ഒരേ കാലത്തു പ്രവർത്തിച്ചതിനാൽ മലയാളഭാഷയിലേക്കു ചെന്തമിഴ് രൂപങ്ങൾ തെരുതെരെക്കടന്നുകൂടാൻ ഇടയായി. ചമ്പൂകാരന്മാരുടെ ഭാഷകണ്ട് ചില പണ്ഡിതന്മാർ മലയാളം സംസ്കൃതത്തിൽ നിന്നുത്ഭവിച്ചതാണെന്നു സിദ്ധിച്ചതുപോലെ രാമചരിതാദി ഗ്രന്ഥങ്ങളിലും പല ശാസനങ്ങളിലും ചെന്തമിഴ് പ്രയോഗങ്ങളുടെ പ്രാചുര്യം കണ്ട്, ചിലർ മലയാളഭാഷയുടെ ജനയിത്രിപദം തമിഴിനു നൽകാൻ പ്രേരിതരായെന്നേ ഉള്ളൂ. പിൽക്കാലത്തു സംസ്കൃതത്തിൽ നിന്നെന്നപോലെ പൂർവ്വകാലങ്ങളിൽ,

3 കേരളരാജാക്കന്മാരുടെ സദസ്സുകളിൽ കപിലർ, ചാത്തനാർ തുടങ്ങി ചെന്തമിൾപണ്ഡിതന്മാർ അംഗങ്ങളായിരുന്നു.

അതായതു് ചെന്തമിഴ് രാജഭാഷയായിരുന്ന കാലങ്ങളിൽ, ചെന്തമിഴിൽ നിന്നു് പദങ്ങളേയും ക്രിയാരൂപങ്ങളേയും തത്തൽഭാഷാപക്ഷപാതികൾ മലയാളത്തിലേക്കു് കടത്തിവിട്ടുകാണണം. ലീലാതിലകത്തിൽനിന്നു് ഈ സംഗതി വ്യക്തമായി ഗ്രഹിക്കാം. പാട്ടിന്റെ ഉദാഹരണമായി.

“തരതലന്താനളന്തവിളന്തപൊന്നന്റരിക ചെന്താർവിരീന്തമൽവാണൻ തന്നെ
കുരമരിന്തപെരുന്താനവന്മാരുടെ കരളരിന്ത പുരാനേ പുരാനേ
മുരാരികണാ ഒരു വരന്താപരന്താമാമേ...”

ഇത്യാദി പാട്ടിനെ ചേർത്തിട്ടു്, വൃത്തികാരൻ പറഞ്ഞിരിക്കുന്നതു നോക്കുക.

“ഓ,ഉ എന്നതു രണ്ടും ഓഷ്ഠ്യമാകകൊണ്ടു് അവയ്ക്കു സാമ്യമുണ്ടു്. ചി,തി ഇതുകൾക്കു സാമ്യം അനുഭവസിദ്ധമാണു്. തര,താനവ, താമ, ഉരക, ചായീ, ആനന്ത ഇവ പാണ്ഡ്യസംസർഗ്ഗംകൊണ്ടു് ദൂഷിച്ച സംസ്കൃതശബ്ദങ്ങളാകുന്നു.

ഈ കാണിച്ച പാട്ടിൽ മിക്കതും സംസർഗ്ഗംകൊണ്ടു് പാണ്ഡ്യഭാഷയോടു തുല്യമായിത്തീർന്ന കേരളഭാഷയാണു്. അതാണു് ‘അളന്ന’ ‘വിളഞ്ഞ’ എന്നല്ലാതെ ‘അളന്ത’ ‘വിളന്ത’ എന്നൊക്കെ കാണുന്നതു്.”

ഈ കാരണങ്ങളാൽ രാമചരിതത്തിലും മറ്റും കാണുന്നഭാഷ അന്നത്തെ കേരളഭാഷയാണെന്നു പറയാവുന്നതല്ല. അതിപുരാതനകാലത്തുതന്നെ നല്ല ഭാഷാഗദ്യങ്ങളും പദ്യങ്ങളും ഉണ്ടായിരുന്നുവെന്നുള്ളതിനു് പല ലക്ഷ്യങ്ങൾ ഉണ്ടു്. ഭാസ്കരരവിപ്പെരുമാളിന്റെ ദാസനായിരുന്ന തോലകവിയും യുധിഷ്ഠിരവിജയകർത്താവായിരുന്ന പട്ടത്തു വാസുദേവൻ നമ്പൂതിരിപ്പാടും നല്ല മലയാളത്തിൽ പല പദ്യങ്ങൾ രചിച്ചിരുന്നതായി ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. പുരാതന ശാസനങ്ങളിൽതന്നെ ചിലതു് നല്ല ഭാഷയിലാണു് കാണുന്നതു്.

കറുത്തുമില്ലന്നിറമെങ്കിലേറ്റം
വെളുത്തുനല്ലമ്മുലചാഞ്ഞുമില്ല
വെറുപ്പുമാകാ പടവാർത്ത കേട്ടാ-
ലൊരുത്തി പോനാളവളാകിലോതാൻ.
കുളിച്ചു കുന്തൽപ്പുറവും തുവർത്തി-
ക്കളുർക്കനോക്കിപ്പുനരെന്മളാരേ
ഒരുത്തി പോനാളധുനാമണന്മേ-
ലവൾക്കുപോലങ്ങിനിയെങ്ങൾ ചേതഃ

എന്നിങ്ങനെ ലീലാതിലകത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള പദ്യങ്ങളിൽ പലതും ശുദ്ധകേരളഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളവയാണു്.

“കൊല്ലം 565-ാമതു മീനഞായറ്റിൽ എഴുതിയ വപ്പനോലക്കരണമാവിതു്. ചെങ്ങനാഴി നാരണി ചങ്കരനും തമ്പിമാരും കയ്യാൽ ആറ അച്ചുകൊണ്ട മണിമയിലിരവിക്കുമരനും തമ്പിമാരും കൊണ്ടാർകൊണ്ട പരിചാവിതു്. ഇക്കൊണ്ട അച്ചആറിനും കാരിയം തന്റെ വെങ്ങിലിച്ചേരി തേചത്തു മടപ്പാട എന്ന പറമ്പ. അതിലെ മേപ്പലവും കീൾപ്പലവും കൂടി ആറു അച്ചും കൊടുത്തു വെയ്പിച്ചുകൊണ്ടാൻ. ചെങ്ങനാഴി നാരണി ചങ്കരനും തമ്പിമാരും അമ്മാക്കമേ. ഇതറിയും താക്കി മണിമലേ വിളഞ്ഞൂരചക്കൻ പൊന്നനറിക.”

ഈ പുരാതനലേഖനത്തിലും ചെന്തമിൾ അധികമായി കലർന്നുകാണുന്നില്ല. ഭാഷാരീതി കാലന്തോറും മാറിമാറിക്കൊണ്ടിരിക്കുമെങ്കിലും, പെട്ടെന്നു് ഒരു രീതി മറഞ്ഞിട്ടു് അതിന്റെ സ്ഥാനത്തു മറ്റൊന്നു ആവിർഭവിക്കയില്ലെന്നു ഭാഷാശാസ്ത്രജ്ഞന്മാരെല്ലാവരും സമ്മതിക്കും. കണ്ണശ്ശന്റെ കാലത്തിനിപ്പുറംവരെ, എന്നുവേണ്ട, എട്ടാംശതകത്തിൽ പോലും ചോളഭാഷാരൂപങ്ങളെക്കൊണ്ടു് മലയാളം നിറഞ്ഞിരുന്ന സ്ഥിതിക്കു് ചെറിശ്ശേരി നമ്പൂതിരിയുടെ കൃതി ശുദ്ധമലയാളമായിത്തീർന്നതു് എങ്ങനെ? അദ്ദേഹം പുതുതായി ഒരു മലയാളം കണ്ടുപിടിച്ചതായി വരാൻ തരമില്ലല്ലോ. ഭാഷാഭിമാനിയായിരുന്ന ചെറുശ്ശേരി അന്നത്തെ മലയാളത്തിലും, കണ്ണശ്ശന്മാരും മറ്റും ചോളഭാഷാസങ്കലിതമായ തെക്കൻഭാഷയിലും അവരുടെ കൃതികൾ രചിച്ചതായിരിക്കാനേ തരമുള്ളു. പ്രാചീനതമിൾ ഗ്രന്ഥകാരന്മാരും ഏറെക്കുറെ മലയാളഭാഷയുടെ സ്വതന്ത്രനിലയെ അംഗീകരിച്ചിട്ടുണ്ടു്. തൊൽകാപ്പിയമുനി മലനാടായ കേരളത്തിലെ ഭാഷ ചെന്തമിഴിൽ നിന്നു് വ്യതിരിക്തമായ ഒരു ദ്രമിളശാഖാഭാഷയാണെന്നു വ്യക്തമായിപ്പറഞ്ഞിരിക്കുന്നു. അദ്ദേഹം ചെന്തമിൾഗ്രന്ഥങ്ങളിൽ കാണുന്ന വാക്കുകളെ ഇയർച്ചൊൽ (ശുദ്ധ ചെന്തമിൾ പദങ്ങൾ) തിരിച്ചൊൽ, (പര്യായപദങ്ങളും നാനാർത്ഥപദങ്ങളും) വടചൊൽ, (ആര്യഭാഷാശബ്ദങ്ങൾ) തിലൈച്ചൊൽ (കൊടുന്തമിൾ നാട്ടുകളിൽ മാത്രം പ്രചാരമുള്ള പദങ്ങൾ) എന്നു് നാലായി വിഭജിച്ചിട്ടുണ്ടു്. കൊടുന്തമിൾ നാട്ടുകളേതെല്ലാമെന്നു പറഞ്ഞിരിക്കുന്നു[4] കേരളീയനായിരുന്ന ചിലപ്പതികാരകർത്താവു്,

കുമരിവെങ്കടംകുണകുടകടലാ
മങ്ങിണിമരങ്കിറ്റന്റമിൾവരൈപ്പി-
ർച്ചെന്തമിൾ കൊടുന്തമിഴെന്റിരുപകുതിയി-
നൈന്തിണൈ മരുങ്കിനിറം പൊരുളിമ്പ.

എന്നിങ്ങനെ കന്യാകുമാരി, വെങ്കടം, പൂർവപശ്ചിമസമുദ്രങ്ങൾ, ഈ നാലു എല്ലകകൾക്കിടയിലുള്ള ദേശങ്ങളിൽ, ചെന്തമിൾ, കൊടുന്തമിൾ എന്നു രണ്ടു ദ്രാവിഡ ഭാഷകൾ സംസാരിച്ചുവന്നതായി പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ കാണുന്ന തമിൾ ശബ്ദം കൊണ്ടു് സൂചിപ്പിച്ചിരിക്കുന്നതു് മലയാളഭാഷയെ ആയിരിക്കാനേ തരമുള്ളു.

[4] “ചെന്തമിൾനിലത്തു വഴക്കൊടു ചിവണി-
ത്തമ്പൊരുൾവാഴാമൈയിയർക്കും ചൊല്ലേ”
“ഒരുപൊരുൾകുറിത്തവേറുചൊല്ലാകിനും
വേറുപൊരുൾകുറിത്തവൊരു ചൊല്ലാകിനും
ഇരുപാറ്റെമ്പ തിരി ചൊർക്കിളവി”

ശരി. അങ്ങനെ ആയാലും മലയാളം തമിഴിൽനിന്ന് ഉണ്ടായതുതന്നെ ആയിരിക്കണമല്ലോ എന്നു ചിലർ വാദിച്ചേക്കാം. അതിനും സമാധാനമുണ്ട്. എന്തുകൊണ്ടെന്നാൽ കന്നടം, തെലുങ്ക്, ചെന്തമിൾ, മലയാളം ഇവയൊക്കെ മൂലദ്രാവിഡമായ തമിഴിന്റെ ശാഖകളെന്നല്ലാതെ, മലയാളം ചെന്തമിഴിൽനിന്ന് ഉണ്ടായതായി വരുന്നില്ല. കരിനാട്ടുതമിൾ കർണ്ണാടകമായും ആന്ധ്രദേശത്തമിൾ തെലുങ്കായും പരിണമിച്ചതുപോലെ, മലനാട്ടുതമിൾ മലയാളമായി രൂപാന്തരപ്പെട്ടുവെന്നേ ഉള്ളൂ. തമിൾ വ്യാകരണന്മാർ ചെന്തമിൾ സംസാരിച്ചുവരുന്ന ദേശങ്ങളെ ചെന്തമിൾനാടായും മൂലദ്രാവിഡശാഖകളായ കന്നടം, മലയാളം, തെലുങ്ക് മുതലായ ഭാഷകൾ സംസാരിച്ചുവരുന്ന ദിക്കുകളെ കൊടുന്തമിൾനാടുകളായും പറഞ്ഞിരിക്കുന്നതാണ്. ചെന്തമിഴ് വ്യാകരണം വ്യവസ്ഥപ്പെടുന്നതിനു മുമ്പുതന്നെ തെലുങ്ക്, കർണ്ണാടകം, മലയാളം മുതലായവ സ്വതന്ത്രങ്ങളായിത്തീർന്നു കഴിഞ്ഞിരുന്നുവെന്നും മുമ്പുദ്ധരിച്ചിട്ടുള്ള സൂത്രങ്ങളിൽ നിന്നു ഗ്രഹിക്കാം. ഒരു നിലയിൽ നോക്കിയാൽ ചെന്തമിഴിന്റെ ജനനിസ്ഥാനം പോലും കൊടുന്തമിഴുകൾക്കാണ്. ചെമ്മാക്കിയ (സംസ്കരിക്കപ്പെട്ട) കൊടുന്തമിൾ തന്നെയാണല്ലോ ചെന്തമിൾ.

ഇത്രയും പറഞ്ഞതുകൊണ്ട് മലയാളം മൂലദ്രാവിഡത്തിന്റെ ഒരു സ്വതന്ത്രശാഖയും കന്നടം, ചെന്തമിൾ, തെലുങ്കു തുടങ്ങിയ ഭാഷകളുടെ സഹോദരിയും ആണെന്നു വ്യക്തമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. വാസ്തവത്തിൽ പ്രസ്തുത വാദത്തിന് ഭാഷാചരിത്രത്തിലല്ലാതെ സാഹിത്യചരിത്രത്തിൽ പ്രവേശനമില്ലാത്തതിനാൽ, ഇതിൽകൂടുതലായി ഒന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല.

## — 1.3 —

## ആദി കേരളീയചരിത്രം

ഏതെങ്കിലും ഒരു സാഹിത്യത്തിന്റെ ചരിത്രം നല്ലപോലെ ഗ്രഹിക്കണമെങ്കിൽ, ആ സാഹിത്യത്തിന് ആധാരമായിരിക്കുന്ന ഭാഷ സംസാരിച്ചുവരുന്ന ജനമണ്ഡലത്തിന്റെ ചരിത്രം അവശ്യം അറിഞ്ഞിരിക്കണം. എന്തുകൊണ്ടെന്നാൽ സാഹിത്യം മനുഷ്യജീവിതത്തിന്റെ വാങ്മുഖേനയുള്ള ബഹിഃപ്രകാശനം മാത്രമാകുന്നു. മലയാള സാഹിത്യം സ്മരണാർഹങ്ങളായ ഗദ്യപദ്യങ്ങൾവഴിക്ക് മലയാളികളുടെ ജീവിതരീതികളേയും സ്വഭാവത്തേയും നല്ലപോലെ പ്രകാശിപ്പിക്കുന്നു. കേരളീയജനമണ്ഡലത്തിന് എന്തെല്ലാം ദശാപരിണതികൾ സംഭവിച്ചിട്ടുണ്ടോ അവയൊക്കെ അതിന്റെ സാഹിത്യത്തേയും സാരമായ വിധത്തിൽ സ്പർശിച്ചിട്ടുണ്ട്. തന്മൂലം കേരളീയരുടെ ചരിത്രത്തെ ദിങ്മാത്രമായിട്ടെങ്കിലും ഇവിടെ വിവരിക്കാതെ തരമില്ല.

കേരളം ചേരദേശത്തിന്റെ അളമാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് അവിടെ ആദ്യമായി കുടിപ്പാർത്തവർ ചേരളന്മാർ അഥവാ കേരളന്മാർ ആയിരിക്കണം. ആ കേരളന്മാർ ആര്? ഒരു പുരാതന കേരളോല്പത്തിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“എങ്കിലോ പണ്ട് ബ്രഹ്മനരുളാൻ അലകടലടിച്ചുകൊള്ളും എണ്ണംകൊണ്ടടങ്ങാക്കൈകെളെല്ലാം പൊലിവുവിട്ടപ്പിൻ വാങ്ങിക്കൊൾവൂതാകവേ, സമുദ്രരാജനായിരിപ്പൊരു വരുണരാജൻ മകിൾവുറ്റ താനേതാൻ പെറ്റുകൊൾവൂതും ചെയ്തു.”

ഈ വാക്യങ്ങളിൽനിന്നും സമുദ്രം ഈശ്വരജ്ഞയാ താനേ പിൻവാങ്ങിയതാണെന്നു വ്യക്തമാകുന്നു. പിന്നെയും പറയുന്നു:

“എങ്കിലോ അക്കടലുടയവർ നാകത്താന്മാരെല്ലോ ആകുന്നത്. അവർക്കല്ലോ ആദികാലത്തെ വരുണൻ ഒരു നൂറ്റെട്ടുക്കാതം കൊണ്ട തറമുഴവതും കൊടുത്തു എന്നു ചൊല്ലിയതു്” ഈ ഭാഗത്തിൽനിന്ന് ആദ്യമായി കേരളത്തിൽ കുടിപാർത്തവർ ‘നാകന്മാർ’ ആണെന്നു തെളിയുന്നു. മഹാഭാരതത്തിൽ കേരളീയരുടെ യുദ്ധസാമർത്ഥ്യത്തെ വർണ്ണിച്ചിട്ടുണ്ടെങ്കിലും അവരുടെ വിലക്ഷണാചാരങ്ങളെ, വിശേഷിച്ച് മരുമക്കത്തായത്തെ ആക്ഷേപിച്ചിരിക്കുന്നതു നോക്കുമ്പോൾ, മഹാഭാരതകാലത്ത് കേരളത്തിൽ ‘നാക’ന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് ഊഹിക്കാം.

മലയാളബ്രഹ്മണർ പിന്നീടു വന്നവരാണെന്നും, അവർക്ക് ആദ്യകാലത്ത് നാകന്മാരെപ്പറ്റി വലിയ ഭയം ഉണ്ടായിരുന്നെന്നും താഴെ ചേർക്കുന്ന ഖണ്ഡികയിൽനിന്നു കാണാം.

"... നാകരോചീറും പടിയാക മഹാബ്രാഹ്മണർക്കു വശമില്ലാഞ്ഞു; കാറിടിയൊത്തു ച്ചീറിമിഴിക്കപ്പേടിമുഴുത്തുക്കൈകളൊതുക്കിക്കുറുചുരുക്കിത്തലയതു താഴ്ത്തിക്കാതംവിട്ടുക്കണിയംവിട്ടുത്താനംവിട്ടു,ഇരവിൽ താനേ മൂട്ടുവിടാതപ്പാറപ്പറ്റപ്പലവഴി പോയാർ."

ബ്രാഹ്മണനിർമ്മിതങ്ങളായ ചില പുരാണങ്ങളും ഈ കേരളോല്പത്തികഥയെ സ്ഥിരീകരിക്കുന്നുണ്ട് (രണ്ടാം അദ്ധ്യായം നോക്കുക.).

വരുണൻ കേരളൻ എന്ന രാജാവിന് തന്റെ പുത്രിയെ ദാനം ചെയ്തതായി പറയുന്ന കഥ സർവഥാ വിശ്വാസയോഗ്യമാണ്. കേരളരാജാവിന്റെ നേതൃത്വത്തിൽ കേരളീയർ, സമുദ്രം പിൻവാങ്ങിയ ഈ ഭൂപ്രദേശത്തു കുടിയേറിപ്പാർത്ത കഥയെ ആണ് അത് ഉപലക്ഷിക്കുന്നത്.

ക്രൈസ്തവവേദപ്രഖ്യാതനായ സോളമന്റെ കാലത്തുപോലും, കേരളീയർക്കു യവനദേശങ്ങളുമായി കച്ചവടമുണ്ടായിരുന്നുവെന്ന് ഇപ്പോൾ ചരിത്രകാരന്മാർ സമ്മതിക്കുന്നുണ്ട്. അങ്ങനെ വിദേശീയരുമായി കച്ചവടം നടക്കണമെങ്കിൽ, തീർച്ചയായും അക്കാലത്ത് നല്ലനല്ല തുറമുഖങ്ങൾ ഉണ്ടായിരുന്നുവെന്നുവരണം. 'കരുവൂർ' എന്നൊരു പട്ടണത്തെപ്പറ്റി ടോളമി മുതലായ പല യവനന്മാർ പറഞ്ഞുകാണുന്നുമുണ്ട്.

ഒരു കാലത്ത് ചേരരാജാക്കന്മാരുടെ തലസ്ഥാനം ഈ കരുവൂർ പട്ടണമായിരുന്നുവെന്ന് 'പുറനാനൂർ' തുടങ്ങിയ പുരാതന ചെന്തമിൾ ഗ്രന്ഥങ്ങളിൽ നിന്നു തെളിയുന്നു. 'കരുവൂർ' കൊടുങ്ങല്ലൂർ തന്നെയാണെന്നു തോന്നുന്നു. 'കൊടുംകോരൂർ' ശബ്ദം ആയിരിക്കാം കൊടുംകൊല്ലൂർ ആയും പിന്നീടു കൊടുങ്ങല്ലൂരായും[1] പരിണമിച്ചത്. കൊടുങ്ങല്ലൂരിനു സമീപത്ത് കരുപ്പടന്ന എന്നൊരു പ്രദേശമുള്ളതും ഈ ഊഹത്തെ ബലപ്പെടുത്തുന്നു.

"മന്നർകോൻചേരൻ വളവഞ്ചിനാൾ വേന്തൻ" എന്ന് ചിലപ്പതികാരത്തിലും

"തൺപൊരുനൈപ്പുനൽപായും, വിൺപൊരുപുകൾ വിറൽവഞ്ചി" എന്നു പുറനാനൂറിലും, പറഞ്ഞിരിക്കുന്ന വഞ്ചി അഥവാ[2] തിരുവഞ്ചിക്കുളത്തിന്റെ മറ്റൊരു പേരായിരിക്കും കോരൂർ. വാല്മീകിരാമായണത്തിലും രഘുവംശത്തിലും 'മരുചി'[3] എന്നൊരു പട്ടണത്തെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. അതിനെ പ്രാചീന പാശ്ചാത്യ ഭൂസഞ്ചാരികൾ മുസ്സിരിസ് എന്നു വിളിച്ചുവന്നിരുന്നു. ഈ മുരചീപത്തനവും കൊടുങ്ങല്ലൂർ തന്നെയാണെന്നാണ് പലരുടേയും അഭിപ്രായം.

---

1 കൊടുംകൊയിലരായിരിക്കാനും മതി.

2 ഈ ശബ്ദം "തിരു + അഞ്ചൈ + കലം" (തിരുഅഞ്ചൈക്കുളം) എന്നതിന്റെ രൂപഭേദമാണെന്നു ചിലർ പറയുന്നു. "അഞ്ച" പദത്തിന് അമ്മ എന്നർത്ഥം. എന്നാൽ ദേവീക്ഷേത്രം പണികഴിക്കുന്നതിനു മുമ്പുണ്ടായിട്ടുള്ള തമിൾഗ്രന്ഥങ്ങളിൽപോലും "വഞ്ചി" ശബ്ദപ്രയോഗം കാണ്മാനുണ്ട്.

3 മുരചീമാരുതോദ്ധ തമഗമൽകൈതകം രജഃ (രഘുവംശം) മുരചീപത്തനം ചൈവരമും ചൈവജടാപുരം (വാ. രാ.).

ക്രിസ്ത്വബ്ദം ആരംഭിക്കുന്നതിന് അനേകശതവർഷങ്ങൾക്കുമുമ്പ്, കേരളൻ അഥവാ ചേരരാജാവിനാൽ ആനീതരായ നാകന്മാർ കേരളത്തിൽ സ്ഥിരവാസം തുടങ്ങിയെന്നും, സോളമന്റെ കാലത്തുപോലും കേരളം സർവസമ്പത്സമൃദ്ധമായും പരിഷ്കൃതാവസ്ഥയിലും ഇരുന്നിരുന്നുവെന്നും വിചാരിക്കുന്നതിനു മതിയായ ലക്ഷ്യങ്ങൾ ഉണ്ട്.

ക്രിസ്തുവർഷാരംഭത്തിൽപോലും നാകന്മാരുടെ ഇടയ്ക്ക് ജാതിവ്യത്യാസം ആരംഭിച്ചിട്ടില്ലായിരുന്നുവെന്ന് തൊൽകാപ്പിയം, ചിലപ്പതികാരം മുതലായ ഗ്രന്ഥങ്ങളിൽ നിന്നു കാണാവുന്നതാണ്. കാഞ്ചീപുരത്തെ ഒരു രാജാവ് ഒരു നാകകന്യകയെ വിവാഹം ചെയ്തുവെന്നും, ആ സ്ത്രീയിൽ നിന്നു ജാതനായ ഇളന്തിരയൻ ആ രാജാവിന്റെ കാലത്തുതന്നെ രാജ്യാഭിഷിക്തനായെന്നും പെരുപാണാറ്റുപ്പടയിലും, 'കിള്ളിവളവൻ' എന്ന ചോളരാജാവ് നാകലോകത്തെ ചാവകനാട്ടു ഭരിച്ചുവന്ന വളവണനെന്ന നാകരാജാവിന്റെ പുത്രിയായ പീലിവളയെ വിവാഹം ചെയ്തുവെന്ന് മണിമേഖലയിലും പറഞ്ഞിരിക്കുന്നതിനാൽ, അന്നത്തെ കേരളീയരാജാക്കന്മാരും നാകവംശജന്മാരായിരുന്നുവെന്നു തെളിയുന്നു. പ്രധാനമായി യുദ്ധവൃത്തി അവലംബിച്ചുവന്നു എന്നല്ലാതെ അവർ ചതുർവർണ്ണവിഭാഗത്തെ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. നാകന്മാരിൽ ചിലർ സർവസംഗപരിത്യാഗിയായ ജ്ഞാനികളായിരുന്നുവെന്ന്,

"പുല്ലനെവെല്ലാം തുറക്കും നാകത്താരേ"
"ചുട്ടറവേവെട്ട വെളിതനിയായേങ്കി
മട്ടറവേ യടഞ്ഞ നില നില താനാകം
അന്നിലതാനഴിയാതൊരറവായൊരു
വിണ്ണിലൈയെന്നമതാകൻ വിളമ്പിനാരേ"

ഇത്യാദി പല പാട്ടുകളിൽനിന്നു വെളിപ്പെടുന്നു. ചിലപ്പതികാരം രചിച്ച കാലത്ത്, മലയാളബ്രഹ്മണരേക്കാൾ നാകവംശജരായ 'തുറവരും' (ത്യാഗികളും) അറവരും (ധർമ്മനിഷ്ഠരും) പൂജാർഹരായിരുന്നു എന്നുള്ളതിന് അതിലെ ചില ഗാനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ക്രിസ്തുവർഷാരംഭത്തിനു മൂന്നു നാലു ശതകങ്ങൾക്കു മുമ്പുതന്നെ മലയാളബ്രാഹ്മണർ കേരളത്തിൽ പ്രവേശിച്ചുകാണണം. ആദ്യം വന്നവർ കേരളീയാചാരങ്ങളിൽ പലതും, മരുമക്കത്തായംപോലും സ്വീകരിച്ചു. രണ്ടാമതു വന്നവരും ഏറെക്കുറെ അവയ്ക്കു കീഴടങ്ങേണ്ടതായി വന്നു. ചിലർ തങ്ങളുടെ സമുദായ രക്ഷയ്ക്കുവേണ്ടി ആയുധവിദ്യ അഭ്യസിക്കുകയും, കളരികളും സംഘങ്ങളും സ്ഥാപിക്കുകയും ചെയ്തു; കാലക്രമേണ അവരുടെ സംഘങ്ങൾ പ്രബലാവസ്ഥയെ പ്രാപിച്ചു. നാകന്മാരുടെ അനൈകമത്യവും, താൻ താൻ വലിയവനെന്ന ഔദ്ധത്യാപരപര്യായമായ ദുരഭിമാനവും ഒരുവഴിക്കു ബ്രാഹ്മണശക്തി വർദ്ധിപ്പിക്കുന്നതിനു സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ ക്ഷേത്രങ്ങൾ വഴിക്കാണ് അവരുടെ പ്രാബല്യം പ്രധാനമായി

വർദ്ധിച്ചുവന്നതു്. ഇതിനിടയ്ക്ക് ഇടപ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും അധ്യാത്മഗുരുക്കന്മാരെന്ന നില സമ്പാദിച്ച് ഒട്ടുവളരെ ഭൂസ്വത്തുക്കൾ കരസ്ഥമാക്കുന്നതിനും അവർക്കുസാധിച്ചു. എല്ലാംകൊണ്ടും കേരളീയരുടെ രാഷ്ട്രീയകാര്യങ്ങളിൽ കാര്യക്ഷമമാകുംവണ്ണം തലയിടുന്നതിന് പര്യാപ്തമായ ശക്തി അവർക്കു വേണ്ടുവോളം ഉണ്ടായി. ചേരരാജാക്കന്മാരുടെ ഭരണദശ എന്തു കാരണവശാലോ അവസാനിച്ചപ്പോൾ, മലയാളബ്രാഹ്മണരെ നാം മുന്നണിയിൽ കണ്ടുതുടങ്ങി. ബ്രാഹ്മണരും നാകന്മാരും യോഗംകൂടി കേരളത്തെ നാലു തളികളായി വിഭജിച്ച്, ഓരോ തളിയുടേയും രക്ഷാധികാരിയായി അതാതു തളിയിൽ നിന്ന് ഒരാളെ തിരഞ്ഞെടുത്ത് അവരോധിച്ചു. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ബ്രാഹ്മണന് തളിയാതിരി എന്നായിരുന്നു പേർ. ഈ അവസരത്തിലും തളിയാതിരിമാരുടെ മന്ത്രിപദം അലങ്കരിച്ചിരുന്നത് നാകന്മാർ തന്നെയായിരുന്നു. അവരെ നിശ്ശേഷം അകറ്റിനിറുത്തുന്നതിനുള്ള പ്രാബല്യം അവർക്കു സിദ്ധിച്ചിരുന്നില്ലെന്ന് ഇതിൽനിന്നു നമുക്കു ഗ്രഹിക്കാം. തളിയാതിരിമാരുടെ വാഴ്ചക്കാലം മുമ്മൂന്ന് കൊല്ലത്തേയ്ക്കേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെ ചേരരാജാക്കന്മാരുടെ കാലത്തിനുശേഷവും ജനാധിപത്യഭരണം നിലനിന്നുപോന്നു. ഈ കാലത്തായിരിക്കണം നാകന്മാരുടെ ഇടയ്ക്കും ജാതിവ്യത്യാസം ഏർപ്പെട്ടുതുടങ്ങിയതു്. ആദ്യമായി ക്ഷേത്രവൃത്തിയെ അവലംബിച്ചു സ്വതന്ത്രരായി ജീവിച്ചുവന്നവർ കിരിയത്തു നായന്മാരെന്ന നിലയിൽ മറ്റുള്ളവരിൽ നിന്ന് അകന്നുകാണണം. മലയാളബ്രാഹ്മണരുടെ ദാസ്യം കൈക്കൊണ്ടു് ജീവിച്ചവർ 'ശൂദ്രനായ' ന്മാരായി പിരിഞ്ഞു. അവരോടു മറ്റുള്ളവർ വിവാഹബന്ധത്തിൽ ഏർപ്പെടാതായി. പക്ഷേ ബ്രാഹ്മണശക്തി അപ്രതിഹതമാകുംവണ്ണം സ്ഥാപിതമായപ്പോൾ ഈ ശൂദ്രനായന്മാർക്കും പ്രാമാണ്യം സിദ്ധിച്ചതിനാൽ, കിരിയത്തു നായന്മാരിൽ പലരും പിന്നീട് ഓരോ ഇല്ലങ്ങളിൽ പര്യപ്പെട്ടു്, ശൂദ്രനായന്മാർ അഥവാ ഇല്ലക്കാരായിത്തീർന്നുതുടങ്ങി. നായന്മാർക്കു പൊതുവെ ശൂദ്രരെന്നു പേരു വന്നുകൂടാൻ ഇടയാക്കിയതു്, ഈ ശൂദ്രനായന്മാരാണ്. ക്ഷേത്രപരികർമ്മങ്ങൾ ചെയ്തു ജീവിക്കാൻ തുടങ്ങിയ നാകന്മാർ അമ്പലവാസികളായിത്തീർന്നു. ഇങ്ങനെ വലിയവലിയ പരിവർത്തനങ്ങൾ ഇക്കാലത്ത് നാകന്മാരുടെ ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്.

മലയാളബ്രാഹ്മണരുടെ ഇടയ്ക്കും വിവിധ വിഭാഗങ്ങൾ ഇക്കാലത്തു തന്നെ ഉണ്ടാവാനിടയായി. രക്ഷാപുരുഷന്മാരുടെ വംശപരമ്പരയിൽപ്പെട്ടവരായിരിക്കണം അഷ്ടഗൃഹത്തിലാഢ്യന്മാർ. മലയാളബ്രാഹ്മണരുടെ ആധിപത്യസ്ഥാപനാർത്ഥം ആയുധം ധരിച്ച് പതിനെട്ടു കളരികൾ സ്ഥാപിച്ച ശാസ്ത്രനമ്പൂരിമാർ കാലക്രമേണ ആഭിജാത്യം കുറഞ്ഞവരായി ഗണിക്കപ്പെട്ടുതുടങ്ങി. വേറെയും പല വിഭാഗങ്ങൾ വിവിധകാരണങ്ങളാൽ അവരുടെ കൂട്ടത്തിൽ ഉണ്ടാവാൻ ഇടയായിട്ടുണ്ട്. അവയെപ്പറ്റി സവിസ്തരം പ്രതിപാദിക്കേണ്ട ആവശ്യം ഇവിടെ ഇല്ലാത്തതിനാൽ കഴിയുന്നത്ര ചുരുക്കുന്നു.

തളിയാതിരിമാർ, അധികാരഭ്രമത്താലും ധനതൃഷ്ണയാലും ജനങ്ങളെ പീഡിപ്പിച്ചുതുടങ്ങിയപ്പോഴാണ്, വേദോച്ചാരണ ചെയ്തു ജീവിക്കേണ്ടവർക്ക് രാജ്യശാസനം

നടത്താൻ സാധിക്കയില്ലെന്നു പ്രത്യക്ഷപ്പെട്ടതു്. തളിയാതിരിമാർ അവരോധാവസരത്തിൽ ചെയ്തിട്ടുള്ള ശപഥത്തേ ലംഘിച്ചു മൂന്നു കൊല്ലം കഴിഞ്ഞിട്ടും സ്വാധികാരം അന്യനു വിട്ടുകൊടുക്കാതെ ആയി. രക്ഷാപുരുഷന്മാർക്കു ഭൂസ്വത്തുക്കൾ സമ്പാദിക്കാൻ പാടില്ലെന്നു ചെയ്തിരിക്കുന്ന വ്യവസ്ഥയ്ക്കു വിപരീതമായി അവർ, കഴിയുന്നത്ര സ്വത്തുക്കൾ തേടിവെയ്ക്കാൻ ശ്രമിച്ചു. അതിന്റെ ഒക്കെ ഫലമായി തളിയാതിരിമാരും മന്ത്രിയായ നായർപ്രഭുവും ഒരുവശത്തും, ബ്രാഹ്മണജന്മികളും നാകപ്രഭുക്കന്മാരും മറുഭാഗത്തും ആയി ഒരു ഘോരസമരം ആരംഭിച്ചു.[4] ആ സമരം കൊണ്ടു രാജ്യാധിപതിയുടെ നയവൈദഗ്ദ്ധ്യത്താൽ ഒട്ടു വളരെക്കാലത്തേയ്ക്കു നീണ്ടുനിന്നു. രണ്ടുകൂട്ടരും ജയിക്കയില്ലെന്ന മട്ടിലായപ്പോൾ, അവർ കൊങ്ങുരാജാവിന്റെ മാദ്ധ്യസ്ഥം സ്വീകരിച്ച്, അദ്ദേഹത്തിന്റെ ഉപദേശാനുസരണം ഒരു രാജവംശത്തെ രക്ഷാധികാരത്തോടു കൂടി വാഴിക്കാൻ തീർച്ചപ്പെടുത്തി. അവർ 'ബാണവർമ്മൻ ഉദയൻ' എന്ന ആ രാജാവിനെത്തന്നെ ആദ്യത്തെ പെരുമാളായി അഭിഷേകം ചെയ്തു. അദ്ദേഹത്തിനെ ആണത്രേ, മുരിഞ്ഞൂർ മുടിനാഗരാജൻ എന്ന കവി ഇപ്രകാരം വർണ്ണിച്ചിരിക്കുന്നതു്:

"നിൻ കടർ പിറന്ത ഞായിറുപേയർത്തു നിൻ
വെണ്ടലൈപ്പുണരിക്കട കടർകളിക്കും
യാണർവൈപ്പി നിന്നാട്ടുപൊരുന
വാണവരമ്മൈനൈ, നീയെ പെരുമ
വലം കളൈപ്പുരവി യൈവരോടു ചിനൈയി-
നിലന്തലൈക്കൊണ്ടു പൊലമ്പൂന്തുമ്പൈ
യിരെമ്പതിമ്മരും പൊരുതുകളൊത്തൊഴിയ-
പ്പെരുഞ്ചോറ്റു മികുപതംവരൈ യാതു കൊടുത്തോയ്"

ഈ സംഭവം ക്രിസ്തുവർഷാരംഭത്തിനു് 100-ൽപരം വർഷങ്ങൾക്കു മുമ്പായിരുന്നുവെന്നു ചെന്തമിഴ് ഗ്രന്ഥങ്ങളുടെ പരിശോധനയിൽ നിന്നു വെളിപ്പെടുന്നു. കേരളത്തിലെ ഐതിഹ്യപ്രകാരവും ആദ്യത്തെ പെരുമാളിന്റെ വാഴ്ച ആരംഭിച്ചതു് 'ദദ്ദർദ്ധരാം' എന്ന കലിവത്സരത്തിൽ (ക്രി-മു-113) ആയിരുന്നു. പെരുമാക്കന്മാരുടെ വാഴ്ച ഏഴെട്ടു ശതവർഷകാലം നിലനിന്നു. ആ കാലം കേരളത്തിനു് പല വിധത്തിലുള്ള അഭിവൃദ്ധികൾ ഉണ്ടായിട്ടുണ്ട്. കേരളീയചരിത്രത്തിലെ സുവർണ്ണകാലം അതുതന്നെ ആയിരുന്നുവെന്നു നിസ്സംശയം പറയാം.[5]

ആദ്യത്തെ പെരുമാളായ ഉദയനൻ നിമിത്തമായിരിക്കാം, തിരുവഞ്ചിപത്തനത്തിനു് മഹോദയപുരം (മാകോതയർ പത്തനം) എന്ന പേരു കൂടി സിദ്ധിച്ചതു്.

---

4 മുടിനാഗരാജൻ തുടങ്ങിയ തമിഴ് കവികൾ വർണ്ണിച്ചിരിക്കുന്ന ഈ യുദ്ധത്തെ ചിലർ കുരുപാണ്ഡവയുദ്ധമായി വ്യാഖ്യാനിച്ചിരിക്കുന്നതു ശരിയല്ല.

5 For much of what I have said in the latter part of this chapter, I am indebted to Mr. A. Krishna Pisharody, my revered Gurw.

ഈ നയവിദഗ്ദ്ധനായ പെരുമാൾ, പ്രജാധിപത്യഭരണത്തെ നശിപ്പിക്കാതെ, കീഴ്ന ടപ്പുകളിൽ ചിലതിനെ പുതുക്കിയും ചില പുതിയ വ്യവസ്ഥകൾ നടപ്പിൽ വരുത്തുക യും ചെയ്തു. തളികളിൽ ഓരോന്നിലും അദ്ദേഹം പഴയപോലെ ഓരോ തളിയാതി രിമാരെ മുമ്മൂന്നു കൊല്ലത്തേക്ക് സമ്യങ്നിയന്ത്രിതമായ അധികാരങ്ങളോടുകൂടി നി യമിക്കയും അവർ തലസ്ഥാനനഗരിക്കു സമീപംതന്നെ താമസിക്കണമെന്നു നിർ ബന്ധിക്കുകയും ചെയ്തതായി കേരളോല്പത്തിയിൽ നിന്നു ഗ്രഹിക്കാം. ഇതു ബ്രാ ഹ്മണരെ പിണക്കാതിരിക്കാനായി പ്രയോഗിച്ച കൗശലമായിരിക്കണം. പ്രജകളു ടെ അഭാവാഭിയോഗങ്ങളെ യഥാകാലം അറിഞ്ഞ്, അവരുടെ ഇംഗിതാനുസരണം രാജ്യകാര്യങ്ങൾ നിർവഹിക്കുന്നതിനായി ജനപ്രതിനിധിസഭ, മന്ത്രിസഭ, വൈദിക സഭ, വൈദ്യസഭ, ജൗതിഷികസഭ എന്ന് അഞ്ചു മഹാ സഭകളും അദ്ദേഹം സ്ഥാ പിച്ചു. ഈ ഭരണപടുവായ രാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ മന്ത്രിമാരും മറ്റു ഭരണകർത്താക്കന്മാരും,

"പാൽപുളിപ്പിനും പകലിരുളിനും നാൽവേതനെറിതിരിയിനും, തിരിയാച്ചുറ്റ മൊടുമുഴുതുചെൺവിളങ്കി" അത്രേ. അദ്ദേഹത്തിന്റെ പുത്രനും അടുത്ത പെരുമാളു മായ ഇവയവർമ്മൻ നെടുചേരനാഥൻ, ഇന്ത്യയുടെ വടക്കേ അറ്റംവരേ ജൈത്ര യാത്ര ചെയ്തതായി പതിറ്റിപ്പത്ത്, ചിലപ്പതികാരം മുതലായ കൃതികളിൽ പറഞ്ഞി രിക്കുന്നു.

"വൻ ചൊൽയവനർ വളനാടാണ്ടു
പൊൻപടനെടുവരൈ പുകന്തോനായിനും"
"വൻചൊൽ യവനർ വളനാടുവൻ പെരുങ്ക
റ്റെങ്കുമരിയാണ്ടചെറുവിർക്കയർ പുലിയാൻ." (ചില. 28-29)

ഇക്കാലത്തിനുമുമ്പുതന്നെ കേരളത്തിൽ ബുദ്ധമതം പ്രചരിച്ചുതുടങ്ങിയിരിക്കണം. എന്നാൽ നെടുഞ്ചേരനാഥന്റെ കാലത്ത് ഒരു ചരിത്രപ്രധാനമായ സംഭവം നടന്നു. അദ്ദേഹത്തിന്റെ മിത്രവും ബുദ്ധമതപ്രചരണാർത്ഥം ലങ്കയിൽനിന്നു വന്ന ധർമ്മ ശാസനന്റെ ഉപദേശാനുസാരം ആ മതം അംഗീകരിച്ച ആളുമായ കോവലൻ തി രുവഞ്ചിനഗരത്തിൽ ഒരു ബുദ്ധചൈത്യം പണികഴിപ്പിച്ചു. നാലാമത്തെ പെരുമാ ളായ ബാണവർമ്മൻ നാർമുടിച്ചേരനാഥന്റെ മൂത്ത പുത്രൻ പോലും ബുദ്ധമതം സ്വീ കരിച്ച് വിഷയസംഗപരിത്യാഗം ചെയ്തുവത്രേ. ഇങ്ങനെ രാജകുടുംബാംഗങ്ങൾ പോ ലും സ്വീകരിക്കാൻ പ്രേരിതമായ ബുദ്ധമതത്തോട് അക്കാലത്ത് ആർക്കും ബഹുമ തിക്കുറവില്ലായിരുന്നുവെന്ന്, രാജസഭയിലും മറ്റും ബുദ്ധമതാനുയായികൾ ഉണ്ടായി രുന്നതിൽ നിന്ന് ഊഹിക്കാം. ധർമ്മശാസനന്റെ കൂടെ ബുദ്ധമതപ്രചരണാർത്ഥം വന്ന സിംഹളരുടെ സന്താനങ്ങളായിരിക്കാം ഇന്നത്തെ ഈഴവർ. ചേരൻ ചെ ങ്കുട്ടവന്റെ കാലത്ത് കേരളത്തിലെ ഫലവർഗ്ഗങ്ങളുടെ കൂട്ടത്തിൽ 'തെങ്കിൽപഴനും തേമാങ്കനിയും' ഉൾപ്പെടുത്തിയിരുന്നതിനാൽ, അദ്ദേഹത്തിന്റെ കാലത്തിനു മുമ്പേ

തന്നെ ഈഴവർ തീർച്ചയായും കേരളത്തിൽ വന്നു കാണണം. ചെങ്കുട്ടവന്റെ കാലം ക്രിസ്തുവർഷം രണ്ടാം ശതകമായിരുന്നു.

ഇമയവർമ്മൻ ചെങ്കുട്ടവൻ പതിമൂന്നാമത്തെ പെരുമാളായിരുന്നത്രെ. അദ്ദേഹത്തിന്റെ അപദാനങ്ങളെ അന്നത്തെ അനേകകവികൾ കീർത്തിച്ചുകാണുന്നുണ്ട്. വിദ്യാപ്രചാരണവിഷയത്തിൽ അദ്ദേഹം അത്യൽസുകനായിരുന്നു. ചിലപ്പതികാര കർത്താവായ ഇളംക്കുറടികൾ ചെങ്കുട്ടവന്റെ അനുജനായിരുന്നുവെന്നാണ് ഐതിഹ്യം. പ്രസ്തുതകാവ്യത്തിൽ നിന്നും കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം പണികഴിപ്പിച്ചിട്ടുള്ളത് ഈ പെരുമാളായിരുന്നുവെന്ന് തീർച്ചപ്പെടുത്താം. "പടുകടലോട്ടിയവെൻപുകൾക്കുട്ടവൻ" എന്നു പതിറ്റുപത്തിലും, "പൊങ്കിരുമ്പരപ്പിൽ കടൽ പിറകോട്ടിയ" കുട്ടവനെന്ന് ചിലപ്പതികാരത്തിലും, അദ്ദേഹത്തിനെ വർണ്ണിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ കാലത്ത് ഒരു കടൽക്ഷോഭം ഉണ്ടായെന്നും തൽഫലമായി കേരളത്തിന്റെ ഒരു ഭാഗത്ത് കടൽവെച്ച് കരയുണ്ടായെന്നും ഊഹിക്കാം. കരപ്പുറം ഇങ്ങനെ കടൽ പിൻവാങ്ങിയതിന്റെ ഫലമായുണ്ടായ ഭൂഭാഗമായിരിക്കാൻ ഇടയുണ്ട്. ടോളമിയുടെ കാലത്ത് സമുദ്രം വേമ്പനാട്ടുകായലിന്റെ കിഴക്കേതീരംവരെ വ്യാപിച്ചിരുന്നതായി അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ നിന്നു കാണുന്നതും, ആധുനികഭൂഗർഭശാസ്ത്രജ്ഞരുടെ അന്വേഷണങ്ങളും ഈ ഊഹത്തിന് അവഷ്ടംഭകമായിരിക്കുന്നു.

ആദിപെരുമാക്കന്മാരുടെ കാലം കേരളത്തിന്റെ സൗവർണ്ണദശയായിരുന്നുവെന്നു പറവാൻ പല കാരണങ്ങളുണ്ട്. യവനന്മാരെപ്പോലും ആകർഷിക്കത്തക്ക വണ്ണം ഉണ്ടായിരുന്ന സമ്പത്സമൃദ്ധിയോ പോകട്ടെ. ജനങ്ങൾ വളരെ ഐക്യമത്യത്തോടുകൂടിയാണു ജീവിച്ചുവന്നത്. തീണ്ടൽ, തൊടീൽ ഇവയൊന്നും അക്കാലത്ത് അറിയപ്പെട്ടിരുന്നതേ ഇല്ല. പരമതാസഹിഷ്ണത കേരളീയർക്കു കണികാണ്മാൻ പോലും ഇല്ലായിരുന്നു. ഒരേ കുടുംബത്തിൽ തന്നെ വൈദികന്മാരോടുകൂടി ബുദ്ധമതക്കാരും ജൈനന്മാരും ജീവിക്കുന്നതിൽ യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ലെന്ന് ചിലപ്പതികാരം വായിച്ചാൽ അറിയാം. അവർക്കു തമ്മിൽ വിവാഹബന്ധം പോലും നിഷേധിക്കപ്പെട്ടിരുന്നില്ല. ഇന്ന് നാം നിർദ്ദയം ആട്ടിയോടിക്കുന്ന കാണിക്കാർ, [6]

(1) കാണിക്കാർ ഇവർ പശ്ചിമഘട്ടത്തിന് അപ്പുറം വാണിരുന്ന ശ്രീരംഗൻ, വീരപ്പൻ എന്നീ രണ്ടു മലയരയന്മാരുടെ സന്താനങ്ങളെന്ന് ഇപ്പോഴും അഭിമാനിച്ചുവരുന്നു. ഭാഷയ്ക്കും തമിഴിനോടാണ് അധികം അടുപ്പം, ദായക്രമം മക്കത്തായമാണ്.

(2) മുതുവർ ഇവർ പൂഞ്ഞാറ്റു തമ്പുരാനു വേണ്ടി മധുരയിൽ നിന്ന് മീനാക്ഷിയുടെ വിഗ്രഹം മുതുകത്തു വഹിച്ചുകൊണ്ടു വന്നവരുടെ സന്താനങ്ങളത്രെ.

---

6 കാണിക്കാർ, മലയർ, മുതുവർ, ഊരാളികൾ, കുറവർ, വേലന്മാർ, ചെറുമികൾ, പുലയർ, പറയർ ഇത്യാദി വർഗ്ഗക്കാർ കേരളത്തിലെ ആദിമനിവാസികളായിരുന്നെന്നാണ് ചില ചരിത്രകാരന്മാരുടെ അഭിപ്രായം. എന്നാൽ അവർ പിന്നീടു കേരളത്തിൽ വന്നു കുടിപാർത്തവരാണെന്ന് അവരുടെ ഭാഷ, ആചാരങ്ങൾ, ദായക്രമങ്ങൾ, ഐതിഹ്യങ്ങൾ മുതലായവ നോക്കിയാൽ അറിയാം.

(3) ഊരാളികൾ ഇവരും മധുരരാജാക്കന്മാരുടെ ആശ്രിതന്മാരായിരുന്നവരാണ്. തൊടുപുഴത്താലൂക്കിന്റെ ഒരു ഭാഗം ഒരു കാലത്ത് മധുരരാജ്യത്തോടു ചേർന്നിരുന്നു. അന്ന് മധുരരാജാക്കന്മാർ തൊടുപുഴയിലേക്കു ഘോഷയാത്ര പുറപ്പെടാറുണ്ടായിരുന്നു. ആ അവസരങ്ങളിൽ കുട പിടിക്കുന്ന ജോലി ഊരാളിമാർക്കായിരുന്നുവത്രെ. ആ ഊരാളിമാരിൽ ഒരുവനെ ആ ഊരിനെ ആളുന്നതിനായി മധുരരാജാവു വിട്ടും വെച്ചുപോയതായി ഒരു ഐതിഹ്യമുണ്ട് .

(4) ചെറുമന്മാരിൽ പുലയർ, പറയർ, പള്ളർ എന്ന മൂന്നു വർഗ്ഗക്കാർ ഉൾപ്പെടുന്നുണ്ട്. ഇവരെ ആദിചേരന്മാരെന്ന് സാധാരണ പറയാറുണ്ടെങ്കിലും ഇവർ പില്ക്കാലത്തു കേരളത്തിൽ വന്നവരാണെന്നുള്ളതിനു പല ലക്ഷ്യങ്ങൾ കാണുന്നു. മലയർ, കുറിച്ചിയർ തുടങ്ങിയവർക്കും അന്ന് പൊതു ജനതയുടെ ഇടയിൽ സ്വൈരമായി സഞ്ചരിക്കാമായിരുന്നു.

പെരുമാക്കന്മാരുടെ വാഴ്ചക്കാലത്താണ് ജൂതന്മാരും ക്രിസ്ത്യാനികളും മുഹമ്മദീയരും കേരളത്തിൽ ആദ്യമായി പ്രവേശിച്ചത്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ സെന്റ് തോമസ് ഏ. ഡി. ഒന്നാം ശതകത്തിൽ മലയാളത്തിൽ വന്ന് നിരണം, ചായൽ , കൊല്ലം, പാലൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കായൽ ഇങ്ങനെ ഏഴുദിക്കുകളിൽനിന്ന് കേരളീയരിൽ പലരേയും ക്രിസ്തുമതം സ്വീകരിപ്പിച്ചതായി ഭാഷാചരിത്രകർത്താവു പറയുന്നു. അങ്ങനെ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരിൽ കള്ളി, കാളിയാങ്ക, ശങ്കുപുരി, പകലോമറ്റം എന്നു നാലു കുടുംബക്കാർ ആഢ്യബ്രാഹ്മണരായിരുന്നത്രേ. സെന്റ് തോമസ്സിന്റെ കാലശേഷം ഒന്നുരണ്ടു ശതവർഷക്കാലത്തേയ്ക്കു ക്രിസ്തുമതപ്രചരണാർത്ഥം, ഇവിടെ ആരും വന്നതായി അറിവില്ല. ഏ. ഡി. 345-ൽ തോമാക്കാനായുടെ നേതൃത്വത്തിൽ ബാഗ്ഡാഡ്, നിനീവ, ജറുസലേം എന്നീ പ്രദേശങ്ങളിൽ നിന്ന് ഏതാനും അർമ്മീനിയർ കേരളത്തിൽ മഹോദയപുരത്തു കുടിയേറി. തോമാക്കാനാ മലബാർതീരങ്ങളുമായി വാണിജ്യം നടത്തിക്കൊണ്ടിരുന്ന ഒരു കച്ചവടക്കാരനായിരുന്നു. അന്നത്തെ പെരുമാൾ അവർക്കു വേണ്ട സൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുത്തുവെന്നു മാത്രമല്ല, ജൂതന്മാർക്കെന്നപോലെ അവർക്കും മാന്യപദവികളും സ്ഥാനമാനങ്ങളും നൽകുകയും ചെയ്തു. അതിനുശേഷം ആണ് ക്രിസ്തുമതത്തിന് ഉത്തരോത്തരം പ്രചാരം ഉണ്ടായിത്തുടങ്ങിയത്.

ഭാസ്കരരവിവർമ്മ വെളുത്ത ജൂതന്മാർക്കു കൊടുത്ത ഒരു താമ്രശാസനവും, സ്ഥാണരവി ഗുപ്തപ്പെരുമാൾ സെന്റ് തെറിസ പള്ളിയിലേക്ക് കുറെ ഭൂമി അട്ടിപ്പേറായി കൊടുത്ത ഒരു ആധാരവും വീരരാഘവ ചക്രവർത്തി ക്രിസ്ത്യാനികൾക്കു നൽകിയ ഒരു താമ്രശാസനവും ഇപ്പോൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇവയിൽ ഭാസ്കരരവിവർമ്മ ജൂതന്മാർക്കു നൽകിയ ശാസനം എട്ടാം ശതകത്തിനപ്പുറം ആവാൻ തരമില്ലെന്ന് ബർണ്ണലും, ഏ. ഡി. 192-ൽ ആണെന്ന് കനകസഭാപിള്ളയും പറയുന്നു. ആ കാരണത്താൽ ചക്രവർത്തി, പകൽ വിളക്ക്, നട, പല്ലക്ക്, കുട, കൊട്ടും കുഴലും എന്നീ പദവികൾ ജോസഫ് റബ്ബിനു നൽകിയതായി കാണുന്നു. വീരരാഘവ ചക്രവർത്തിയുടെ ശാസനം ഏ. ഡി. 774-ൽ ആണെന്ന് ഡാക്ടർ ബർണ്ണലും, 1320

മാർച്ച് 15-ാന്ന ആണെന്ന് ഡാക്ടർ കെയിൽ ഹോർണ്ണം വാദിക്കുന്നു. എന്നാൽ വി. നാഗമയ്യാ തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ പറഞ്ഞിരിക്കുന്നതു് ഏ. ഡി. 230-ൽ ആണെന്നത്രേ.

കേരളത്തിൽ ആദ്യമായി ഒരു പള്ളി സ്ഥാപിക്കുന്നതിന് അനുവാദം കിട്ടിയ മഹമ്മദീയൻ അറേബിയായിൽനിന്ന് വന്ന ഷെയിക് ഇബിൻദീനാർ ആണെന്നു പറഞ്ഞുവരുന്നു. അദ്ദേഹം കൊടുങ്ങല്ലൂരിൽ ഒരു പള്ളി സ്ഥാപിച്ചുവത്രേ. പിന്നീട് അദ്ദേഹത്തിന്റെ ഉപദേശാനുസൃതം മാലിക് ഇബിൻ ഹബീബ് തന്റെ കുടുംബസമേതം കൊല്ലത്തുവന്ന് അവിടെയും ഒരു പള്ളി പണിയിച്ചു. അചിരേണ മഹമ്മദീയരുടെ സംഖ്യയും വർദ്ധിച്ചുവന്നു. പോർത്തുഗീസുകാരുടെ വരവുവരെ കേരളവുമായുള്ള കച്ചവടം മുഴുവനും അറബികളുടെ കൈവശമായിരുന്നു.

ഒടുവിലത്തെ പെരുമാൾ കപ്പൽ വഴി കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ ചില മഹമ്മദീയരുടെ ഉപദേശപ്രകാരം ഇസ്ലാംമതം സ്വീകരിച്ച് മക്കത്തേയ്ക്കു പോയതായി ഒരു കഥയുണ്ടു്. അദ്ദേഹം അതിനുമുമ്പായി രാജ്യത്തെ ഉറ്റ ബന്ധുക്കൾക്കും ആശ്രിതന്മാർക്കും പ്രഭുക്കന്മാർക്കും ആയി പങ്കിട്ടു കൊടുത്തുവത്രേ. ഈ കഥ വിശ്വാസയോഗ്യമല്ല. അതിനെപ്പറ്റി ആദ്യമായി പറഞ്ഞുകാണുന്നതു് കമോയൻസ് എന്ന പോർത്തുഗീസുകാരൻ എഴുതിയ ലൂസിയഡ് എന്ന കാവ്യത്തിലും 16-ാം ശതകത്തിൽ ഷെയിക് സെയിനുഡീൻ എഴുതിയ ചരിത്രത്തിലും ആകുന്നു. ഷെയിക് സെയിനുഡീൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രധാനമായി വിവരിച്ചിരിക്കുന്നതു് തഹാഫുട്ട് ഉൾമുജാഹ്ഹദീൻ എന്നു പേരായ അറബികൾ കേരളത്തിൽ കുടിപാർത്ത കഥയേയാണു്. മലയാളികൾ പെരുമാളിന്റെ മതംമാറ്റത്തെപ്പറ്റിപ്പറഞ്ഞുവരുന്ന കഥ[7] വിശ്വാസാർഹമല്ലെന്നും, അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽതന്നെ നബിയുടെ സ്വർഗ്ഗാരോഹണാനന്തരം രണ്ടുശതവർഷം കഴിഞ്ഞായിരിക്കാനേ തരമുള്ളു വെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. ക്രിസ്താബ്ദം ഒൻപതാം ശതകം മുതല്ക്ക് പതിനഞ്ചാംശതകം വരെ ഉണ്ടായിട്ടുള്ള പാശ്ചാത്യരേഖകളിലൊന്നിലും ഈ സംഭവത്തെപ്പറ്റി ഒന്നും പറഞ്ഞു കാണുന്നില്ലതാനും. നേരേമറിച്ച് അറബിവ്യാപാരിയായ സുലൈമാൻ (851–852) ഇങ്ങനെ എഴുതിയിരിക്കയും ചെയ്യുന്നു.

"ഇൻഡ്യാക്കാരിലോ ചീനക്കാരിലോ ഇസ്ലാംമതം അംഗീകരിച്ചവരോ അറബിഭാഷ സംസാരിക്കുന്നവരോ ആയി ആരെങ്കിലും ഉള്ളതായി അറിയുന്നില്ല."

ഒടുവിലത്തെ പെരുമാൾ എഴുപത്തിമൂന്നു കൊല്ലത്തെ ഭരണശേഷം തിരുവഞ്ചിക്കുളത്തുവച്ച് നൂറാമത്തെ വയസ്സിൽ ചരമഗതിയേ പ്രാപിച്ചതായിട്ടാണ് ഹിന്ദുക്കൾ രേഖപ്പെടുത്തിക്കാണുന്നതു്. പതിനൊന്നും പതിമൂന്നും ശതകങ്ങൾക്കു മദ്ധ്യേ ഉണ്ടായിട്ടുള്ള തമിൾഗ്രന്ഥങ്ങളിൽ പെരുമാൾ സുന്ദരമൂർത്തി സ്വാമിയോടൊന്നിച്ച് ഉടലോടെ സ്വർഗ്ഗത്തു പോയതായി വിവരിക്കയും ചെയ്തിരിക്കുന്നു. തിരുവഞ്ചിക്കുളത്തു ക്ഷേത്രത്തിൽ അദ്ദേഹത്തിന്റേയും, ഗുരുവായിരുന്ന സുന്ദരമൂർത്തിയുടേയും പ്രതിമകൾ ഇപ്പോഴും കാണ്മാനുണ്ടു്. അദ്ദേഹം 352-ാം ആണ്ടുവരെ കൊച്ചിയിലുള്ള

7 കൊച്ചി ചരിത്രം നോക്കുക.

ഒരു ദേവാലയത്തിൽ ഏകാന്തവാസം ചെയ്തിരുന്നുവെന്നാണ് മേജർ ഡ്രൂറിയുടെ അഭിപ്രായം.

കേരളരാജാക്കന്മാർക്കു രാജസ്ഥാനം ലഭിച്ചത് പെരുമാൾ വഴിക്കാണെന്നും പറയാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ജൂതന്മാർക്കു പെരുമാൾ നൽകിയ താമ്രശാസനത്തിൽ "വേണാട്ടുടയ ഗോവർദ്ധനൻ മാർത്താണ്ഡനും" "ഏർ നാട്ടുടയ മാനവപാലമാനവീയനും" "വള്ളുവനാട്ടുടയ രായിരൻ ചാത്തനും" "നെടുമ്പറയൂർ നാട്ടുടയ കോതെ ഇരവിയും" ഒപ്പിട്ടുകാണുന്നു. വീരരാഘവചക്രവർത്തിയുടെ ചെമ്പുപട്ടയത്തിലും വേണാട്ട്, ഓടനാട്ട്, ഏർനാട്ട്, വള്ളുവനാട്ട് എന്നീ ദേശങ്ങളിലെ രാജാക്കന്മാർ സാക്ഷി നിന്നിരിക്കുന്നു. അതിനാൽ ആ രാജ്യങ്ങളും രാജാക്കന്മാരും പെരുമാക്കന്മാരുടെ കാലത്തുതന്നെ ഉണ്ടായിരുന്നുവന്നു തീർച്ചയാണല്ലോ.

## — 1.4 —

## ഭാഷയുടെ വികാസം

കഴിഞ്ഞ അദ്ധ്യായത്തിൽ ഭാഷാസാഹിത്യപിപഠിഷുക്കൾ അവശ്യം അറിഞ്ഞിരിക്കേണ്ട ആദികേരളചരിത്രസംഭവങ്ങളെ സംക്ഷിപ്തമായി വിവരിച്ചിരിക്കുന്നു. ആ സംഭവങ്ങൾ ഭാഷാകോശത്തെ എത്രമാത്രം സ്പർശിച്ചിട്ടുണ്ടെന്ന് ഇനി നമുക്കു ചിന്തിക്കാം. ക്രിസ്തുവർഷാരംഭത്തിന് അനേക ശതവർഷങ്ങൾക്കുമുമ്പു മുതല്ക്കേ കേരളത്തിന് ഫിനിഷ്യന്മാരോടും ഗ്രീക്കുകാരോടും മിശ്രദേശീയരോടും വാണിജ്യസംബന്ധമുണ്ടായിരുന്നതിനാൽ, അവരുടെ ഭാഷകളിൽ നിന്ന് ചില ശബ്ദങ്ങൾ കൈരളിയിലേക്കു സംക്രമിച്ചുകാണുമെങ്കിലും, അതുകൊണ്ടു പറയത്തക്ക വികാസമൊന്നും ഭാഷയ്ക്കു സിദ്ധിച്ചുകാണുകയില്ല. അകാരാദിയേയും സാഹിത്യത്തേയും സാരമായ വിധത്തിൽ സ്പർശിച്ചിട്ടുള്ള ഭാഷകൾ ചെന്തമിഴും സംസ്കൃതവുമാകുന്നു. അതിപുരാതനകാലത്തു തന്നെ ചെന്തമിൾസാഹിത്യത്തിന് അത്ഭുതാവഹമായ അഭിവൃദ്ധിയുണ്ടായതിനാൽ, അതു കേരളത്തിലും വിദ്വജ്ജനഭാഷയായിത്തീർന്നു. ചോളപാണ്ഡ്യദേശങ്ങളോട് രാഷ്ട്രീയമായുണ്ടായ വേഴ്ചയും ഈ രണ്ടു ഭാഷകൾ തമ്മിലുള്ള ബന്ധത്തെ ദൃഢീകരിക്കുന്നതിന് അത്യന്തം ഉപകരിച്ചു. തന്മൂലം വളരെക്കാലത്തേക്ക് മലയാളഭാഷയ്ക്ക് സാഹിത്യാദർശങ്ങൾ നൽകിക്കൊണ്ടിരുന്നത് ചെന്തമിഴായിരുന്നുവെന്ന് നിസ്സംശയം പറയാം.

മലയാളഭാഷയോട് ആദ്യകാലത്ത് കേരളബ്രാഹ്മണർക്ക് ലേശംപോലും ബഹുമാനമുണ്ടായിരുന്നില്ലെങ്കിലും, മലയാളികളോട് പല സംഗതികളിൽ അടുത്തു പെരുമാറേണ്ട ആവശ്യം വന്നിരുന്നതിനാൽ, അവർ മലയാളം പഠിക്കുന്നതിന് നിർബന്ധിതരായി. കാലക്രമേണ രാഷ്ട്രീയവും സാമുദായികവും പ്രകൃതികവും ആയ ഹേതുക്കളാൽ അവർക്കു കേരളത്തിനുവെളിയിലേ ബ്രാഹ്മണരോടുണ്ടായിരുന്ന ബന്ധം അറ്റുപോകുന്നതിനും കേരളത്തിൽ നേരേമറിച്ച്, അധികാരശക്തി വർദ്ധിക്കുന്നതിനും ഇടയായതിനാൽ അവർ കേരളീയ ജനമണ്ഡലത്തിന്റെ അഗ്രസ്ഥാനത്തിൽ പ്രതിഷ്ഠിതരാവുകയും മലയാളഭാഷയെ വ്യവഹാരഭാഷയായി സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ കേരളീയരായിത്തീർന്ന മലയാളബ്രാഹ്മണരിൽ നിന്ന് ഭാഷയ്ക്കും സാഹിത്യത്തിനും ഉണ്ടായിട്ടുള്ള ഗുണഗണങ്ങളെ എത്ര വർണ്ണിച്ചാലും

ഒടുങ്ങുകയില്ല. അവർനിമിത്തം ഭാഷാകോശം സമ്പുഷ്ടമാവുകയും ഗദ്യപദ്യാത്മക ങ്ങളായ നവ്യസാഹിത്യമാതൃകകളാൽ സാഹിത്യം വികസിച്ചുതുടങ്ങുകയും ചെയ്തു. മലയാളഭാഷ ക്രിയാശബ്ദങ്ങൾക്കുള്ള പുരുഷപ്രത്യയങ്ങളെ നിരസിച്ചുതുടങ്ങിയതു് ആര്യഭാഷാസമ്പർക്കത്തിന്റെ ഫലമായിട്ടായിരിക്കണം. ഈ വിഷയത്തെപ്പറ്റി അന്യത്ര പറയേണ്ടിയിരിക്കുന്നതുകൊണ്ടു് ഇവിടെ തല്ക്കാലം ചുരുക്കുന്നു.

ബുദ്ധമതപ്രചാരവും ഭാഷാഭിധാനത്തിന്റെ അഭിവൃദ്ധിക്കു സഹായിച്ചിട്ടുണ്ടു്. കേരളീയരിൽ ഒരു വലിയവിഭാഗം, ആദികാലത്തു ബുദ്ധമതം അവലംബിച്ചിരുന്ന തിലാൽ പാലിഭാഷാശബ്ദങ്ങളിൽ പലതും ഭാഷയിലേയ്ക്കു കടന്നുകൂടിയതിൽ അത്ഭു തപ്പെടാനില്ല. ഇതുകൂടാതെ ഹീബ്രു, അറബി, സുറിയാനി മുതലായ ഭാഷകളിൽനി ന്നും മലയാളത്തിനു് പലേ ശബ്ദങ്ങൾ ലഭിച്ചിട്ടുണ്ടു്.

പെരുമാൾവാഴ്ചയുടെ അവസാനഘട്ടംവരെ മലയാളഭാഷയിൽ കടന്നുകൂടീട്ടു ള്ള ചില വിദേശപദങ്ങളെ മാത്രം താഴെ ചേർക്കുന്നു.

**അറബി:** ഇനാം, ഉമ്മ, ഉൽവ, കത്തു്, കറാർ, തകരാർ, ദീൻ, പക്കീർ, ബദൽ, ബദാം, മസ്സാല, റാത്തൽ, സലാം. ഇപ്പോൾ ഇരുന്നൂറോളം അറബിശബ്ദ ങ്ങൾ ഭാഷയിലുണ്ടെങ്കിലും, അവ പിന്നീടു് ഹിന്ദുസ്ഥാനിവഴിക്കു സംക്രമിച്ചവ യായിരിക്കണം.

**സിറിയൻ:** കപ്പിയാർ, കവർ, കശീശ, കുർബാന, കൂദാശ, നസ്രാണി, മശീഹ, മാ മോദീസ.

**ഹീബ്രുപദങ്ങൾ:** ഹോശാനാ, ഏബ്രായം.

**പാലി:** അച്ഛൻ, പള്ളി.

എല്ലാ ജീവൽഭാഷകളും, അവയെ സംസാരിച്ചുകൊണ്ടിരിക്കുന്ന ജനമണ്ഡലങ്ങളെ പ്പോലെ തന്നെ, കാലദേശാദിഭേദങ്ങൾക്കു വഴിപ്പെട്ടു് പരിണാമോന്മുഖമായിരിക്കു ന്നു. കാലഭേദംകൊണ്ടു് ഭാഷയ്ക്കുണ്ടായിട്ടുള്ള മാറ്റങ്ങളിൽ പ്രധാനമായവ അക്ഷര ലോപം, ഉച്ചാരണഭേദം, പര്യായവിസർജ്ജനം, അർത്ഥവ്യത്യാസം, പ്രത്യയനിരാ സം, വിദേശശബ്ദസ്വീകരണം, നൂതനപദസൃഷ്ടി എന്നീ കാരണങ്ങളാലാണു് സംഭ വിച്ചിട്ടുള്ളതു്.

ദേശഭേദത്താൽ മലയാളത്തിനു് വടക്കൻഭാഷ, മദ്ധ്യഭാഷ, തെക്കൻ ഭാഷ എന്നു് മൂന്നുവിധരൂപങ്ങൾ ഏർപ്പെട്ടു. കർണ്ണാടകം, തുളു എന്നീഭാഷകളോടുള്ള സമ്പർക്കം നിമിത്തം വടക്കൻമലയാളത്തിനു് ചില വിശിഷ്ടലക്ഷണങ്ങൾ കാണു ന്നു. വ്യഞ്ജനത്തിന്റെ പിന്നിലുള്ള സ്വരത്തെ ലോപിപ്പിക്കുന്ന സമ്പ്രദായം കർണ്ണാ ടകത്തിനും തുളുവിനും സാധാരണമാണു്. മലയാളത്തിലെ 'എരുതു്' തുളുവിൽ എരു വും കന്നടത്തിൽ എർദുവും, മലയാളത്തിലെ 'എരുമ' തുളുവിൽ എർമ്മേയും കന്നട ത്തിൽ എമ്മെയും ആകുന്നു. തുളുവിൽ 'ഒടേഗ് പോപ്പർ' എന്നുപറഞ്ഞാൽ, എവിടെ യ്ക്കുപോകുന്നു എന്നാണർത്ഥം. 'ഒടേഗ്' എന്ന പദത്തിൽ വകാരം കാണുന്നേയില്ല.

വടക്കൻ മലയാളത്തിലും ഈമാതിരി അക്ഷരലോപം സാമാന്യേന കാണുന്നു. ചുരുക്കിപ്പറഞ്ഞാൽ വടക്കൻമലയാളത്തിലെ മിക്ക ശബ്ദങ്ങളും തീരെ സങ്കുചിതങ്ങളായിത്തീർന്നിട്ടുണ്ട്. ഇതിനുപുറമെ വടക്കൻ ഭാഷയിൽ അനേകം കർണ്ണാടകശബ്ദങ്ങളും തുളുശബ്ദങ്ങളും തത്സമങ്ങളായിട്ടു തന്നെ സ്ഥലം പിടിച്ചിട്ടുമുണ്ട്.

തെക്കൻഭാഷ നേരേമറിച്ച് തമിൾഭാഷാസാങ്കര്യത്താൽ മലിനമായിരിക്കുന്നു. തനി വടക്കൻഭാഷ സംസാരിച്ചാൽ തെക്കർക്കും, തെക്കൻഭാഷ സംസാരിച്ചാൽ വടക്കർക്കും സുഗമായിരിക്കയില്ല. ഈ രണ്ടു കൂട്ടരുടേയും ഇടയ്ക്കു ജീവിക്കുന്നവരുടെ ഭാഷ ഏറെക്കുറെ ശുദ്ധമായിരിക്കും. അതുകൊണ്ട് മദ്ധ്യകേരളഭാഷയാണ് സാഹിത്യഭാഷയായി പരിണമിച്ചത്.

മദ്ധ്യകേരളം എവിടംമുതൽ എവിടംവരെ എന്നുള്ളതിനെപ്പറ്റി പണ്ഡിതന്മാരുടെ ഇടയ്ക്ക് വലുതായ അഭിപ്രായഭേദം കാണുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ ചെമ്പകശ്ശേരിരാജ്യം മുതല്ക്ക് വെട്ടത്തുനാടുവരേയുള്ള ഭാഗമാണ് മദ്ധ്യകേരളം.

വിദേശീയസമ്പർക്കം കൊണ്ട് മലയാളഭാഷയ്ക്കു ലഭിച്ചിട്ടുള്ള സമ്പാദ്യങ്ങളിൽ പ്രധാനമായിട്ടുള്ളത് വട്ടെഴുത്ത് എന്നുപറയപ്പെടുന്ന ലിപിവിന്യാസമാകുന്നു. കേരളത്തിലും മധുര, തിരുനൽവേലി മുതലായ പൂർവദേശങ്ങളിലും അതിപുരാതനകാലം മുതല്ക്കേ വട്ടെഴുത്തു നടപ്പിലിരുന്നതായി ഇപ്പോൾ തെളിഞ്ഞിരിക്കുന്നു.

വട്ടെഴുത്ത് തമിഴക്ഷരമാലയെക്കാൾ പ്രാകൃതമാണെന്നും, അതിന് കേരളത്തിലെന്നപോലെ മറ്റെങ്ങും പ്രചാരമുണ്ടായിട്ടില്ലെന്നും, കുറൾ, ചിലപ്പതികാരം, തൊൽകാപ്പിയം മുതലായ പുരാതന തമിൾ ഗ്രന്ഥങ്ങളെല്ലാം ആദ്യം എഴുതിയിരുന്നത് വട്ടെഴുത്തിലായിരിക്കണമെന്നും, ഈ അക്ഷരമാല ലഭിച്ചത് അർമ്മിയക്ക് അക്ഷരമാലയിൽനിന്നോ ഫിനിഷ്യന്മാരിൽനിന്നോ ആയിരിക്കണമെന്നും ഡാക്ടർ ബർണ്ണൽ ഊഹിക്കുന്നു. ഗോപിനാഥറാവുമുതൽപേരുടെ അഭിപ്രായത്തിൽ വട്ടെഴുത്തിന്റെ ഉല്പത്തി അശോകന്റെ ബ്രാഹ്മിഅക്ഷരമാലയിൽ നിന്നാണ്. ഈ അഭിപ്രായം തീരെ അസംഗതമാണെന്ന് ബർണ്ണൽ സായ്പ് തെളിയിച്ചിട്ടുണ്ട്. ഡാക്ടർ ബൂഹ്ലരാകട്ടേ, അതു തമിഴക്ഷരമാലയിൽ നിന്നുണ്ടായതാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഈ അഭിപ്രായവും സാധുവല്ലെന്ന് ഈ രണ്ടു അക്ഷരമാലകളുടേയും ചരിത്രം പരിശോധിക്കുന്നവർക്ക് എളുപ്പത്തിൽ കാണാൻകഴിയും.

പതിമൂന്നാം ശതകത്തിൽ കേരളം സന്ദർശിച്ച മാർക്കോപ്പോളോ മലയാളികൾക്ക് പ്രത്യേക ഭാഷയും അക്ഷരമാലയും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരുന്നു. ഇതിൽനിന്ന് തമിൾദേശങ്ങളിൽ അക്കാലത്ത് വട്ടെഴുത്തിന്റെ പ്രചാരം കുറഞ്ഞുതുടങ്ങിയെന്നു ഗ്രഹിക്കാം. തിരുക്കുളമെന്ന സ്ഥലത്തുള്ള കുറ്റാലനാഥസ്വാമിക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്ത അവസരത്തിൽ, വട്ടെഴുത്ത് ഒഴിച്ചുള്ള അവിടത്തെ രേഖകളെല്ലാം തമിഴക്ഷരമാലയിൽ പുതുക്കി എഴുതിച്ചുവെന്നും, എന്നാൽ തിരിച്ചറിവാനുള്ള ബുദ്ധിമുട്ടുകൊണ്ട് വട്ടെഴുത്തു ലേഖനങ്ങൾ മാത്രം വിട്ടുകളഞ്ഞുവെന്നും രേഖപ്പെടുത്തീട്ടുള്ളതിനാൽ പതിനഞ്ചാം ശതകത്തിൽ വട്ടെഴുത്ത് തമിൾദേശങ്ങളിൽ തീരെ വിസ്മൃതപ്രായമായെന്നു തെളിയുന്നു. കേരളത്തിലാകട്ടെ, വട്ടെഴുത്ത്

അടുത്ത കാലംവരെ നിലനിന്നു.[1] പതിനേഴാം ശതകത്തിലെ, ഈട്ടു വായ്പകളിൽ പോലും വട്ടെഴുത്തുതന്നെ ഉപയോഗിച്ചുകാണുന്നു.

അക്ഷരങ്ങളുടെ ഉരുണ്ട വടിവുനിമിത്തം ആയിരിക്കണം വട്ടെഴുത്ത് എന്ന പേര് അതിനു സിദ്ധിച്ചത്. അതിനു കാലക്രമേണ തെക്കൻ എന്നും വടക്കൻ എന്നും രണ്ടു സമ്പ്രദായഭേദങ്ങൾ ഏർപ്പെട്ടു. സംസ്കൃതലിപികളെല്ലാം വട്ടെഴുത്തിൽ ഇല്ലാതിരുന്നതുകൊണ്ട് ആ ലിപികളെ കുറിക്കുന്നതിന് തമിഴരും കേരളീയരും ഗ്രന്ഥാക്ഷരങ്ങൾ കടംവാങ്ങുന്ന പതിവായിരുന്നു വെന്ന് വീരരാഘവചക്രവർത്തി ഇരവികോർത്തനു കൊടുത്ത ചെമ്പുപട്ടയത്തിൽ നിന്നു മനസ്സിലാക്കാം. എന്നാൽ മലയാളികൾ ഈ ദോഷത്തെ പരിഹരിക്കുന്നതിന് പ്രായേണ തുളുമലയാളമാണ് ഉപയോഗിച്ചുവന്നത്. എഴുത്തച്ഛൻ നടപ്പിൽവരുത്തിയ ആര്യലിപികൾതന്നെ തുളുമലയാളത്തിന്റെ ഒരു വകഭേദമാണത്രേ.

മലയാളസാഹിത്യചരിത്രത്തെ സൗകര്യാർത്ഥം നാലു കാലഘട്ടങ്ങളായി വേർതിരിക്കാം.

1. അതിപ്രാചീനകാലം മുതല്ക്ക് പെരുമാൾ വാഴ്ചയുടെ അവസാനഘട്ടംവരെ സാഹിത്യോപക്രമണകാലം.
2. ക്രിസ്ത്വബ്ദം എട്ടാം ശതകം മുതല്ക്ക് ക്രിസ്ത്വബ്ദം പതിനാലാം ശതകം വരെ ദ്രാവിഡപ്രഭാവകാലം.
3. പതിനാലാം ശതകം മുതല്ക്ക് ആധുനികകാലം.

സാഹിത്യചരിത്രത്തെ ചില ഉപാധികളനുസരിച്ച് ഇങ്ങനെ നാലു കാലഘട്ടങ്ങളായി വിഭജിക്കാമെങ്കിലും, അവയെ പ്രത്യേകം അതിരിട്ട് വേലികെട്ടി വേർതിരിക്കാൻ സാധിക്കയില്ല. യൗവനമാരംഭിച്ച ശേഷവും ചിലർക്ക് ബാല്യത്തിന്റെ ലക്ഷണങ്ങൾ കാണാറുള്ളതുപോലെ സാഹിത്യചരിത്രത്തിലെ ഒരു കാലഘട്ടം അവസാനിച്ചശേഷവും അതിന്റെ വിശിഷ്ടലക്ഷണങ്ങളിൽ പലതും അടുത്ത കാലഘട്ടങ്ങളിലെ സാഹിത്യത്തിൽ കണ്ടുവെന്നു വരാം. അതുകൊണ്ട് നിഷ്കൃഷ്ടമായ ഒരു വിഭാഗം ദുസ്സാധ്യമെന്നല്ല, അസാധ്യം തന്നെയാണെന്നു നിസ്സംശയം പറയാം. എന്നുവരികിലും ചരിത്രകാരന്മാർ വിമർശനസൗകര്യാർത്ഥം ചില സാമാന്യലക്ഷണങ്ങളെ ആസ്പദമാക്കി കാലവിഭാഗം ചെയ്തുവരുന്നു.

---

[1] ഇടയ്ക്കു വട്ടെഴുത്തിന്റെ രൂപഭേദമായ കോലെഴുത്തും നടപ്പിൽ വന്നു.

## — 1.5 —

# സാഹിത്യോപക്രമണം

പെ രുമാൾ ഭാഷയുടെ അവസാനഘട്ടംവരെ ഭാഷയിൽ ഉണ്ടായിട്ടുള്ള കൃതികൾ മിക്കവയും നശിച്ചിരിക്കുന്നു. പല മാതിരി സ്തോത്രങ്ങൾ, ഉത്സവാവസരങ്ങളിൽ ഉപയോഗിക്കാനായി ചമച്ചിട്ടുള്ള വിവിധഗാനങ്ങൾ, വീരപുരുഷന്മാരുടെ അപദാനങ്ങളെ വർണ്ണിക്കുന്ന കഥകൾ, പഴഞ്ചൊല്ലുകൾ മുതലായവയായിരിക്കണം മലയാളഭാഷയുടെ ആദിമസാഹിത്യസമ്പത്ത്. ഇപ്പോൾ നടപ്പിലിരിക്കുന്ന പഴഞ്ചൊല്ലുകളിൽ പലതും അതിപുരാതനങ്ങളാണ്. പാട്ടുകളിൽ മിക്കവയും രൂപാന്തരപ്പെട്ടുപോയിട്ടുണ്ട്. അവയിൽ തമിൾ പ്രാചുര്യം കാണുന്നതുകൊണ്ടുമാത്രം അക്കാലത്തെ ഭാഷയുടെ രൂപം അതായിരുന്നുവെന്നു വിചാരിക്കാവുന്നതല്ല. തമിൾ രൂപങ്ങൾ പിന്നീടു കടന്നുകൂടിയതായി വരാം. തമിൾ വിദ്വൽഭാഷയായിത്തീർന്ന കാലത്ത് പാട്ടുകളിൽ ചിലതിനെ മാറ്റി എഴുതിക്കാണണം. ഈയിടയ്ക്ക് ഒരാൾ എന്റെ ഒരു മാന്യസ്നേഹിതനോട് തമ്പുരാൻ പാട്ടിനെ ഒന്നു പുതുക്കിക്കൊടുക്കണമെന്നും എന്നാൽ ഇടയ്ക്കിടയ്ക്ക് തമിൾ പദങ്ങൾ കൂടി ഉപയോഗിക്കാൻ വിട്ടുപോകരുതെന്നും പറയുകയുണ്ടായി. തെക്കൻദിക്കുകളിൽ തമിൾ പക്ഷപാതം ഇപ്പോഴും നശിച്ചിട്ടില്ലെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. മധുരയിൽ പോയി പട വെട്ടി, ആത്മബലി ചെയ്ത ‘ഉലകുടയപെരുമാളി’ന്റെ വീരകൃത്യങ്ങളെ ആണ് തമ്പുരാൻപാട്ടു കീർത്തിക്കുന്നത്. സാഹിത്യഗുണം തികഞ്ഞ പല ഭാഗങ്ങൾ അതിലുണ്ട്. ഭാഷ ഏറെക്കുറെ ശുദ്ധമായുമിരിക്കുന്നു.

## 1 ഭദ്രകാളിപ്പാട്ട്

ഈ പേരോടുകൂടി പലതരം പാട്ടുകൾ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. ‘വായ്പാഠ’മായി പഠിക്കയല്ലാതെ ഇത്തരം കൃതികളെ എഴുതിവയ്ക്കുക പതിവില്ലാത്തതിനാൽ, ഭാഷയിൽ വലിയ മാറ്റങ്ങൾ വന്നുകൂടീട്ടുണ്ട്. ചിറയിൻകീഴ് മുതലായ ദിക്കുകളിൽ ഈഴവരുടെ ഇടയ്ക്ക് ഇന്നും ഉപയോഗിച്ചുവരുന്ന ഭദ്രകാളിപ്പാട്ടിലെ ഭാഷയിൽ അധികം തമിൾ കലർന്നുകാണുന്നില്ല. ചില സവർണ്ണക്ഷേത്രങ്ങളിൽ കുറുപ്പന്മാർ എന്നൊരു വകക്കാർ ആണ് ഈ പാട്ടു പാടിവരുന്നത്. ഭദ്രകാളിയുടെ കളമെഴുതി ഇത്തരം പാട്ടുകൾ പാടുന്നത് ദേവിക്ക് അത്യന്തം പ്രീതികരമായി വിശ്വസിക്കപ്പെട്ടിരിക്കുന്നു.

ഇതു് എഴുതിവെയ്ക്കുന്നതു് മഹാപാപമാണെന്നാണ് പരക്കെ വിശ്വാസം. ചില ഗൃഹങ്ങളിലും പാനയോടുകൂടി ഭദ്രകാളിപ്പാട്ടു നടത്താറുണ്ടു്.

തെക്കൻദിക്കുകളിലെ ഭദ്രകാളിപ്പാട്ടിനു വിഷയം കോവിലൻചരിത്രമാകുന്നു.

"സുന്ദരമായി രണ്ടു ചിലമ്പുകൊണ്ടു്
ഒരുത്തനുണ്ടോടി പെണ്ണേ ഇതിലേ പോയി"

ഈ വരികൾ ദേവിയുടെ അവതാരമായി ഗണിക്കപ്പെട്ടുവരുന്ന കർണ്ണകി കോവിലനെ അന്വേഷിച്ചു പുറപ്പെടുന്ന ഘട്ടത്തെ വർണ്ണിക്കുന്നവയാണ്.

വടക്കൻദിക്കുകളിൽ നടപ്പുള്ള ഭദ്രകാളിപ്പാട്ടിന്റെ ഒന്നുരണ്ടു വരികൾ മാതൃകയ്ക്കായി താഴെച്ചേർക്കുന്നു.

"കണ്ടച്ചുരൻതല തുണ്ടമിടുന്നവൾ
ചാമുണ്ടിയെന്നുള്ള നാമം തരിപ്പവൾ
കുണ്ടലം കാതിന്നു വാരണം പൂണ്ടവൾ
കുളിപ്പെരുമ്പട ചൂഴത്തടുപ്പവൾ"

ഭദ്രകാളിപ്പാട്ടുകളിൽ ചിലതിന് പത്തുപതിനാറു വർഷശതകങ്ങളുടെ പഴക്കം കാണണം. ദാരുകവധമാണ് കവിതയുടെ വിഷയം. ഇതിനു തോറ്റൻപാട്ടെന്നും പേരുണ്ടു്.

## 2 ബ്രാഹ്മണിപ്പാട്ട്

ഇതു ഭദ്രകാളിക്ഷേത്രങ്ങളിലും നായന്മാരുടെ കെട്ടുകല്യാണാവസരങ്ങളിലും പാടാറുണ്ടായിരുന്ന ഒരുതരം പ്രാചീനഗാനമാകുന്നു. ബ്രാഹ്മണികൾ പാടിവന്നതുകൊണ്ടു്, ഇതിന് ബ്രാഹ്മണിപ്പാട്ട് എന്ന പേർ സിദ്ധിച്ചു. ബ്രാഹ്മണപ്പാട്ടിനെ ഋഗ്വേദസ്വരത്തിൽ ചൊല്ലണമെന്നായിരുന്നു വിധി. കല്യാണാവസരങ്ങളിൽ ചൊല്ലുന്നതിലേയ്ക്കു് പൗരാണികസ്വയംവരകഥകളെ വിഷയീകരിച്ചു് അനേകം ബ്രാഹ്മണിപ്പാട്ടുകൾ രചിച്ചിരുന്നു. അവയിൽ ചിലതിനുമാത്രമേ പഴക്കമുള്ളൂ. ക്ഷേത്രങ്ങളിൽ പാടാറുണ്ടായിരുന്ന മിക്ക ബ്രാഹ്മിണിപ്പാട്ടുകളും കാളീപരങ്ങളും പുരാതനങ്ങളുമാകുന്നു.

"ആനരൻ വടിവാർന്നരൻപിള്ളയ്ക്കു്
ആന തൻ മുഖമായ് വരുവാനെന്തു്?
ആനയും പിടിയുമായവരൊന്നിച്ചു
കാനനത്തിൽ പണ്ടുനിന്നു കളിച്ചനാൾ
ഉത്തമമാം കെർപ്പമുണ്ടായി മങ്കയ്ക്കു
അത്തവ്വിൽ വന്നു പിറന്നു ഗണപതി."

## 3 തീയാട്ടുപാട്ട്

തീയാട്ടും, കളമെഴുത്തും, പാട്ടും ഭദ്രകാളിക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും വളരെ പ്രാചീനകാലം മുതല്ക്കേ നടപ്പുണ്ടായിരുന്നു. ഈ വൃത്തിയിൽ ഏർപ്പെട്ടിരുന്ന ജാതിക്കാരെ തീയ്യാട്ടുണ്ണികൾ എന്നു വിളിച്ചുവന്നു. ഇക്കാലത്തും തീയാട്ട് നാട്ടുംപുറങ്ങളിൽ നടക്കാറുണ്ട്.

## 4 പുള്ളുവൻപാട്ട്

ഇതിനു സർപ്പപ്പാട്ടെന്നും പേരുണ്ട്. സർപ്പപ്രീതിക്കായി കാവുകളിൽ ഈ പാട്ട് ഇപ്പോഴും നടത്തിവരുന്നു. പുള്ളോന്മാർ ഒരുതരം ക്ഷുദ്രമായ വീണവായിച്ചു പാടുകയും സ്ത്രീകൾ താളമൊപ്പിച്ച് പാന കൊട്ടിക്കൊണ്ട് ഏറ്റു പാടുകയും ചെയ്യുന്നു. ഇതുകൂടാതെ പുള്ളുവൻ വീടുതോറും നടന്ന് വീണ വായിച്ചു പാടാറുണ്ട്. സർപ്പപ്പാട്ടുകൾക്കു മറ്റു ജാതിപ്പാട്ടുകളെക്കാൾ പഴക്കം കൂടും. അക്ഷരജ്ഞാനമില്ലാത്തവർ പാരമ്പര്യമനുസരിച്ച് പാടിവരുന്ന പാട്ടായതുകൊണ്ട്, ഇത് തീരെ ദുഷിച്ചുപോയിരിക്കുന്നു.

“അ യ്യായെങ്ങുന്നു പോരുന്നെൻ കാളിസർപ്പമേ?”
“മുട്ട വിരിഞ്ഞിട്ടു പോരുന്നതാണത്രേ”
“അയ്യോ കാളിയമ്മേയൊരു കല്ലളയില്ലല്ലോ
കാക്കത്തൊള്ളായിരം മുട്ടയുമിട്ടു
നാങ്കു നൂറായിരം കുഞ്ഞു വിരിയുന്നു
അയ്യോയിക്കണ്ട മുട്ടയൊക്കെ വിരിഞ്ഞാല്
ഇച്ചെറുമനുഷ്യർക്കു പൊറുതി ഇല്ലല്ലോ”

## 5 നിഴൽക്കുത്തുപാട്ട്

ശത്രുസംഹാരത്തിനായി വേലന്മാരെക്കൊണ്ടു പാടിക്കുന്ന ഒരുതരം പാട്ടാണ് നിഴല്ക്കുത്തുപാട്ട്. ദുര്യോധനൻ പാണ്ഡവന്മാരുടെ അഭ്യുദയം കണ്ട് അവരെ ആഭിചാരപ്രയോഗത്താൽ നശിപ്പിക്കുന്നതിന് ഒരു വേലനെ നിയോഗിച്ചുവത്രേ. അവൻ ആദ്യം അതിനു വിസമ്മതം പറഞ്ഞുവെങ്കിലും ഒടുവിൽ അങ്ങനെ ചെയ്യേണ്ടിവന്നു. അവന്റെ നിഴൽക്കുത്തുപ്രയോഗത്താൽ പാണ്ഡവന്മാരെല്ലാം അസ്തപ്രാണന്മാരായി നിലംപതിച്ചതു കണ്ട്, കുന്തീദേവി അത്യന്തം വിലപിച്ചു. ആ വേലന്റെ ഭാര്യ പാണ്ഡവപക്ഷപാതിയായിരുന്നു. അവളുടെ ഭർത്താവ് ദുര്യോധനൻ നൽകിയ സമ്മാനങ്ങളോടുകൂടി ഗൃഹത്തിൽ ചെന്നപ്പോൾ, നിഴൽക്കുത്തുസമയത്തു ധരിക്കാറുള്ള പൊട്ട് അയാളുടെ നെറ്റിയിൽ കണ്ട്, അവൾ വിവരങ്ങൾ ഓരോന്നു ചോദിച്ചുതുടങ്ങി. എന്നാൽ അയാൾ മറുപടി ഒന്നും പറഞ്ഞതേ ഇല്ല. വേലത്തി കാര്യം ഏതാണ്ട് ഊഹിച്ച് അറിയുകയാൽ നേരേ പാണ്ഡവന്മാരുടെ വാസസ്ഥലത്തേയ്ക്കു തിരിച്ചു.

അവളുടെ പ്രതിമന്ത്രപ്രയോഗത്താൽ പാണ്ഡവന്മാർ ജീവിച്ചെഴുന്നേറ്റു. ഇതാണ് നിഴൽക്കുത്തുപാട്ടിലെക്കഥ. ഇതിന് തോറ്റൻപാട്ടെന്നും പേരുണ്ട്.

"നാട്ട പാതിയടക്കി പാണ്ഡവർ വാണിടുന്നതു കാരണം
നാമുമിനിന്നതിനെന്തുവേണ്ടതുമെന്നു ചൊല്ലു നിയെന്നൊട്"

ഇത്യാദി പാട്ടിൽ കാണുന്ന വൃത്തം പിൽക്കാലത്ത് ഇരുപത്തിനാലു വൃത്തത്തിലും മറ്റും സ്ഥലം പിടിച്ചിരിക്കുന്നു. കരുണരസപ്രചുരമായ പല ഘട്ടങ്ങൾ ഈ പാട്ടിലുണ്ടെങ്കിലും ഭാഷ അത്യന്തം ദുഷിച്ചുപോയിട്ടുണ്ട്. പ്രാചീനങ്ങളായ ചമ്പൂഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചുകാണുന്ന മാവാരതംപാട്ട് ഈ നിഴൽക്കുത്തുപാട്ടായിരിക്കുമോ എന്തോ? മാവാരതംപാട്ടെന്ന പേരിൽ വേറൊരു പാട്ടും കാണുന്നുണ്ട്.

ഈ മാവാരതം പാട്ട് സാമാന്യം വലിയ ഒരു കൃതിയാണ്. നല്ല പഴക്കവും തോന്നിക്കുന്നു. ഒരു ഭാഗം താഴെ ചേർക്കുന്നു.

"തലമുടിയും വിരിച്ചു കുഞ്ചുതേവി
മക്കളെ മൂടിയിട്ടങ്ങിരിക്കുന്നേരം
വന്നു വീഴുന്തീയിൻപൊരികളെല്ലാം
പൂക്കളായ് പൊഴിയുന്നു പൂമിയിങ്കൽ
അപ്പോൾ തീയടിച്ചു കെടുത്തു പീമൻ
മാതാവിനെച്ചെന്നു തൊഴുതു നിന്നു
ഓടി വനത്തിനുള്ളിലാക്കിയവരെ
നനകിഴങ്ങും നല്ലകിഴങ്ങും തിന്നി-
ട്ടവിടെ കുഞ്ചുതേവിയും മക്കളും പാർത്തു."

ഇതുകൂടാതെ കോളേരിപ്പാട്ട്, പടപ്പാട്ട്, ഓണപ്പാട്ട്, കൃഷിപ്പാട്ട് മുതലായി പലതരം പാട്ടുകൾ പൂർവകാലങ്ങളിൽ നടപ്പുണ്ടായിരുന്നു. അവയെല്ലാം അന്നു നടപ്പിലിരുന്ന ശുദ്ധ കേരളവൃത്തങ്ങളിൽ രചിക്കപ്പെട്ടവയായതുകൊണ്ട്, അവയെ ശേഖരിച്ചു വെയ്ക്കുന്നത് ഭാഷാചരിത്രകാരന്മാർക്ക് അത്യന്തം ഉപകാരപ്രദമായിരിക്കും.

ഇതുവരെ പ്രസ്താവിച്ച പാട്ടുകൾക്ക് മതത്തോടുള്ള ബന്ധം പ്രകടമാണല്ലോ. ഇതുകൂടാതെ വിവിധജാതി വിനോദങ്ങൾക്ക് ഉപയോഗപ്പെടുത്താനായി രചിക്കപ്പെട്ട ചില പാട്ടുകളും ദേശം തോറും നടപ്പുണ്ടായിരുന്നു. പാലക്കാട്ടുശ്ശേരിയിൽ ഇന്നും നടപ്പുള്ളതും പുണ്യശ്ലോകനായ ഭാഷാചരിത്രകർത്താവ് ശേഖരിച്ചിട്ടുള്ളതുമായ തേയത്തു കളിയുടെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

തേയത്തു കളി മൂന്നു ദിവസംകൊണ്ടേ അവസാനിക്കൂ. ഒന്നാം ദിവസത്തെ കളിക്ക് ആണ്ടിക്കൂത്തെന്നാണ് പേര്.

കുഞ്ചിടയുള്ളോരാണ്ടി–നാങ്കൾ
കൂടക്കുട വന്തു കൂത്താടുമാണ്ടി.

പൊക്കണവും പുലിത്തോലും–നല്ല-
പൊന്നും ചിലങ്കയും മാത്തിരക്കോലും
അപ്പാ കൊരണനാത–ഉമ–
ക്കൊപ്പരയുണ്ടോ പുലിത്തോലുക്കുള്ളേ."

ഈ പാട്ടിനെ നൊണ്ടിച്ചിന്തിന്റെ മട്ടിൽ പാടാവുന്നതാണ്.
രണ്ടാം ദിവസത്തെ പാട്ടിനെ വള്ളോൻപാട്ടെന്നു പറഞ്ഞുവരുന്നു.

"ഹരിനമോ നമോ നാരായണ നമഃ
ഹരിയെന്നമ്പത്തോരക്ഷരം വാഴ്ക
മൂവേഴിരുപത്തൊന്നു ഗുരുക്കന്മാർ വാഴ്ക.
എൻ ദൈവം വാഴ്ക പൊന്നവ്വയും വാഴ്ക."
"മൂലം പോയ് മൂലം പോയ് മൂലമ്പോയവ്വേ
മൂലക്കിഴങ്ങിന്നു മൂന്നല്ലോ വള്ളി
മൂന്നായ വള്ളിക്കു മൂലമൊന്നല്ലോ
മേലും പടർന്നങ്ങു കീഴും പടർന്നു.

ഈ പാട്ടിന് തിരുവള്ളുവരുടേയും സഹോദരിയായ അവ്വ[1] യാരുടേയും ചരിത്രത്തോടുള്ള ബന്ധം സുവ്യക്തമാണെല്ലോ. മിയ്ക്ക പാട്ടുകളിലും വേദാന്തതത്വങ്ങൾ അന്തർഭവിച്ചിരിക്കുന്നു.
മൂന്നാം ദിവസത്തെ പാട്ടിന് 'ശലമ' പാട്ടെന്നത്രേ പേരു്.

"ലാ ലാ ലാ–ലാ ലാ ലാ ലാ ലാ.
ലേ ലേ ലേ–ലേ ലേ ലേ ലേ ലേ
പാരിൽ പെരിയമന്നാ
പഞ്ചബാണ നികരാ
ചേരമാന്നാടരചാ
ശേഖരികേർമ്മാ മന്നാ
ആരിന്ന പൂരിരുന്നവർ?
തെലുങ്കരോ കന്നടികൾ ചെട്ടികളോ?
അവർകളുമല്ലെ-
ഉത്തര പൂമിയിലേ ഇരുന്തു വന്ത ലാടരോ,
പിലാടരോ, യോഗികളോ?
അവർകളുമല്ലെ."

---

1 'അവ്വ' എന്നു പറഞ്ഞിരിക്കുന്നതു് സരസ്വതിയെ ഉദ്ദേശിച്ചാണെന്നു് ഭാഷാചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതു് ശരിയല്ല.

## 6 തുമ്പിപ്പാട്ട്

ഇത് ഓണക്കാലത്ത് സ്ത്രീകളുടെ തുമ്പിതുള്ളലിന് ഉപയോഗിക്കുന്ന ഒരു പാട്ടാണ്.

ഒന്നാം കുന്നമ്മ ഒന്നര കുന്നമ്മ
ഒന്നല്ലോ മങ്കമാർ പാല നട്ടു.
പാലയ്ക്കില വന്നു, പൂവന്നു, കാവന്നു,
പാലയ്ക്കു പാൽകൊട്ട് പാർവതിയേ.
ഞാനല്ല പൈങ്കിളി, താമരപ്പൈങ്കിളി
ഞാനിരുന്നാടുന്ന പൊന്നൂയൽ കിളി
ചുണ്ടു കറുപ്പനും തുവൽ ചുവപ്പനും
മഞ്ഞച്ചിറക്കിളി കൂടറിഞ്ഞു.
അത്തത്തണയിട്ടു താമരണയിട്ടു
എങ്ങനെ കൊത്തിയിണ പിരിക്കാം.
തന്റെ കുലം ചൊല്ലിത്തായാർകുലം ചൊല്ലി-
ത്തങ്ങളിൽക്കൊത്തിയിണ പിരിക്കാം."

## 7 ഞാറ്റുപ്പാട്ട്

ഞാറ്റുവേലക്കാലത്ത് ചെറുമികൾ പാടുന്നതാണ് ഈ പാട്ട്.

"തത്തയ്യാ തത്തയ്യാ താനേ
തത്തയ്യം താതയ്യം താനേ.
തിന്തിനാ തിന്നായി താനേ–തിമി
തിന്തിന്നാ തിന്നായി താനേ.
മാരി മലർ ചൊരിഞ്ഞേ
വയലൊക്കെ വെള്ളം നിറഞ്ഞേ
പൂട്ടി ഒരുക്കപ്പുറഞ്ഞേ
ഞാറുകൾ കെട്ടി എറിഞ്ഞേ–ഇത്യാദി.

## 8 വഞ്ചിപ്പാട്ട്

കേരളത്തിൽ അതിപുരാതനകാലം മുതല്ക്കേ വഞ്ചിപ്പാട്ടുകൾ നടപ്പുണ്ടായിരുന്നു. പന്ത്രണ്ടാം വശത്തു ചേർത്തിട്ടുള്ളത് ഒരുതരം വഞ്ചിപ്പാട്ടാണ്.

"അമ്പനുക്കം ഏലേലം
അമ്പനടി ഏലലലാം.
അമ്പനുക്കും അൻപനെടി ഏലേല ഏലലലാം
ആറുമുഖൻ ഏലേലം.

വേൽക്കുമാരൻ ഏലലലാം[2] ഇത്യാദി."

## 9 [3]ശാസ്ത്രക്കളി (യാത്രക്കളി)

ശാസ്ത്രാഭ്യാസം ചെയ്തിട്ടുള്ള 'ചാത്തിര' നമ്പൂരിമാരേപ്പറ്റി മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ, ശാസ്താവിനെ പരദൈവതമായി കല്പിച്ചു, ആ ദേവന്റെ പ്രീതിക്കായി നടത്തിവരുന്ന കളിയായതിനാൽ ശാസ്ത്രക്കളി എന്ന പേർ അന്വർത്ഥമായിരിക്കുന്നു. ശാസ്ത്രക്കളിക്കു പതിനെട്ടു സംഘക്കാരുണ്ട്. പലരും സംഘമായിച്ചേർന്നു നടത്തിവരുന്ന കളിയായതുകൊണ്ട് അതിന് സംഘക്കളി എന്ന പേരു കൂടി സിദ്ധിച്ചു. യാത്രക്കളി എന്നാണ് ഇതിനെ സാധാരണ വിളിക്കാറുള്ളത്. ഭട്ടാചാര്യൻ, ഭട്ടബാണൻ, ഭട്ടവിജയൻ, ഭട്ടമയൂഘൻ, ഭട്ടഗോപാലൻ, ഭട്ടനാരായണൻ എന്ന ഭീമാംസകന്മാർ ബൗദ്ധരെ തോല്പിക്കാനായി പെരുമാളിന്റെ അടുക്കലേയ്ക്കു പുറപ്പെട്ട ഘോഷയാത്രയേ ആസ്പദമാക്കി നടത്തിവരുന്ന കളിയായതുകൊണ്ട് വന്നുചേർന്ന പേരായിരിക്കാം ഇത്.

"അടിക്കൊല്ല, തളിക്കൊല്ല, അടുപ്പിൽ തീയെരിക്കൊല്ല, ഉറങ്ങൊല്ല, ഉറങ്ങിയാൽ പിന്നെ ഉണരൊല്ല;—ഉദിക്കൊല്ല, അസ്തമിക്കൊല്ല ഭഗവാൻപോലും" എന്നിങ്ങനെ ആക്ഷേപിക്കുന്നത് ഏതോ ബുദ്ധമതാവലംബിയായ ദുഷ്ടഭുവിനെ ഉദ്ദേശിച്ചായിരിക്കണം. യാത്രക്കളിയുടെ ആഗമത്തേപ്പറ്റിയുള്ള ഐതിഹ്യം രസാവഹമാണ്.

പള്ളിബാണപ്പെരുമാൾ നാടുവാണിരുന്ന കാലത്ത് കപ്പൽമാർഗ്ഗം ഏതാനും ബൗദ്ധ്യസന്യാസിമാർ കേരളത്തിൽ വന്നെത്തി. അവർ തങ്ങളുടെ മതത്തിന്റെ ഉൽക്കർഷത്തെപ്പറ്റി രാജസദസ്സിൽ വാദിച്ചു. അനേകം ശാസ്ത്രിമാർ ആ വാദത്തിൽ പങ്കുകൊണ്ടു. തോൽക്കുന്ന കക്ഷി ജയിക്കുന്ന കക്ഷിയുടെ മതത്തെ അംഗീകരിക്കണമെന്നായിരുന്നു കരാറ്. അവിടെക്കൂടിയിരുന്ന ബ്രാഹ്മണർക്കാർക്കും ബൗദ്ധന്മാരെ ജയിക്കുന്നതിനു ത്രാണിയില്ലാതിരുന്നതിനാൽ, അവർ ദുഃഖിതരായി ഈശ്വരസേവ തുടങ്ങി. നാല്പതു ദിവസം തൃക്കാരിയൂർ ക്ഷേത്രത്തിൽ 'മുട്ടുമറിപ്പാട്ടു' കിടന്നിട്ടും ഫലമുണ്ടായില്ലെങ്കിലും നാല്പത്തിഒന്നാംദിവസം ഒരു പരദേശബ്രാഹ്മണൻ അവരുടെ മുമ്പിൽ ആവിർഭവിച്ചു അവരുടെ സങ്കടം അന്വേഷിച്ചറികയും തന്നിവാരണാർത്ഥം ഒരു ഗാനം ഉപദേശിക്കുകയും ചെയ്തു. സൂര്യാസ്തമനത്തിനു ശേഷം ഒരു വിളക്കു കത്തിച്ചുവെച്ചിട്ട് നാലു ബ്രാഹ്മണർ, ഈ ഗാനം ചൊല്ലിക്കൊണ്ട് അതിനെ പ്രദക്ഷിണം ചെയ്യണമെന്നായിരുന്നു ആ ബ്രാഹ്മണൻ ഉപദേശിച്ചത്. അതു കേട്ട് അവർ ഒരു മണ്ഡലകാലം പ്രസ്തുതഗാനം ചൊല്ലി തൃക്കാരിയൂരപ്പനെ ഭജിച്ചുവത്രെ. നാല്പത്തിഒന്നാംദിവസം ആറു മീമാംസകന്മാർ പരദേശത്തുനിന്നും അവരുടെ മുമ്പിൽ

---

[2] ഇത്യാദി വേറൊരു ജാതി വഞ്ചിപ്പാട്ടാകുന്നു.

[3] അനുബന്ധം "എ" നോക്കുക.

ആവിർഭവിക്കുകയും, ആ ശാസ്ത്രിമാർ പെരുമാളുടെ മുമ്പിൽ വെച്ച് ബൗദ്ധന്മാരെ വാദിച്ചുതോല്പിക്കുകയും ചെയ്തു. അന്നുമുതൽക്ക് ഈ ഗാനം ചെയ്തുകൊണ്ട് ദീപപ്രദക്ഷിണം നടത്തുന്നത് കേരളത്തിൽ ഒരു പതിവായിത്തീർന്നുവെന്നാണ് ഐതിഹ്യം.

ഏതാണ്ട് ഇതിനോടു സദൃശമായ ഒരു സംഭവം പാണ്ടിയിലും നടന്നതായി ഹാലാസ്യമാഹാത്മ്യത്തിൽനിന്നു കാണാം. സംഘകാലത്തു ശാപാനുഗ്രഹകാരന്മാരായ ഏതാനും ബൗദ്ധന്മാർ ദ്വീപാന്തരത്തിൽനിന്നു വന്ന്, വൈദികധർമ്മത്തെ ഖണ്ഡിച്ച്, സ്വമതം സ്ഥാപിച്ചുവെന്നും, അതു കണ്ട് ചിദംബരനിവാസികളും ശിവഭക്തന്മാരും ആയ സംഘക്കാർ അവരോട് വാദത്തിനു പുറപ്പെട്ടുവെന്നും, അവരെ ജയിക്കുന്നതിനു നിവൃത്തി ഇല്ലായ്കയാൽ അവർ ആറാംദിവസം സുന്ദരേശ്വരന്റെ പാദാംബുജത്തിൽ വീണ് പ്രാർത്ഥിച്ചുവെന്നും, ശിവൻ അവർക്കു സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചിട്ട് "തില്ലാവനത്തിൽ ഒരു ദ്രാവിഡകവി ഉണ്ട്. അദ്ദേഹത്തിനെ കണ്ടു കാര്യം പറഞ്ഞാൽ നിങ്ങളുടെ ഉദ്ദേശം ഫലിക്കും" എന്ന് ഉപദേശിച്ചുവെന്നും, അവർ അതനുസരിച്ച് വാതപുരേശാഖ്യാനായ ആ ദ്രാവിഡകവീന്ദ്രനെ കണ്ട്, തങ്ങളുടെ സങ്കടം അറിവിച്ചപ്പോൾ, അദ്ദേഹം അതു കേട്ടതായി ഭാവിക്കപോലും ചെയ്യാതെ നടന്നുകളഞ്ഞുവെന്നും, ആ സാധുബ്രാഹ്മണർ വീണ്ടും നടേശനെ ഭജിച്ചപ്പോൾ "നിങ്ങൾ ദുഃഖിച്ചിട്ടാവശ്യമില്ല; ഞാൻ പണ്ട് വാതപുരേശ്വരന്ന് ദിവ്യമന്ത്രോപദേശം ചെയ്ത അവസരത്തിൽ, മാണിക്യവാചകൻ എന്ന ദീക്ഷാനാമം നൽകിയിരുന്നു. ആ പേരുചൊല്ലി വിളിച്ചാൽ അദ്ദേഹം വന്ന് നിങ്ങളുടെ സങ്കടത്തെ നിറവേറ്റിത്തരും" എന്ന് ആകാശത്തിൽ ഒരു അശരീരി കേട്ടുവെന്നും, അവർ പിന്നെയും ആ കവീന്ദ്രനെ കണ്ട് മാണിക്യവാചകരെന്നു വിളിക്കയാൽ, അദ്ദേഹം അവരോടുകൂടി പുറപ്പെട്ടുവെന്നും ഏതാനും ദിവസത്തേ വാദത്തിനു ശേഷവും ബൗദ്ധന്മാർ പരാജയം സമ്മതിയ്ക്കായ്കയാൽ, രാജാവിന്റെ മാദ്ധ്യസ്ഥം സ്വീകരിക്കാൻ ഉറച്ചുവെന്നും, രാജാവാകട്ടെ, ജന്മനാ മൂകയായ തന്റെ പുത്രിക്കു വാക്പാടവം വരുത്തുന്നത് ഏതു കക്ഷിയോ അക്കക്ഷി ജയിച്ചതായി സമ്മതിക്കാമെന്ന് കല്പിച്ചുവെന്നും, ബുദ്ധസന്യാസികൾ എത്രതന്നേ ശ്രമിച്ചിട്ടും അതിനു സാധിക്കാതെവരികയും മാണിക്യവാചകർ നിഷ്പ്രയാസം സാധിക്കയും ചെയ്കയാൽ, രാജാവ് ബൗദ്ധന്മാരെ കൊല്ലാൻ ആജ്ഞാപിച്ചുവെന്നുമാണ് ഹാലാസ്യത്തിലേ കഥ. ഈ കഥകൾക്കു തമ്മിലുള്ള സാഹോദര്യം പ്രകടമാണല്ലോ. ഈ ഐതിഹ്യങ്ങളിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ, യാത്രക്കളി ധർമപാലന്റെ ആഗമനത്തിനു ശേഷം ആയിരിക്കണം ഉത്ഭവിച്ചത്. ബൗദ്ധസന്യാസികളേ തോല്പിക്കാൻ പുറപ്പെട്ടവർ കുമാരിലഭട്ടന്റെ അടുത്ത ശിഷ്യന്മാരാണെന്നു വിചാരിക്കുന്നതിനും ന്യായമുണ്ട്. കുമാരിലഭട്ടന്റെ കാലം ക്രിസ്ത്വബ്ദം 700-ാമാണ്ടിടയ്ക്കാകയാൽ ശാസ്ത്രക്കളി ഉണ്ടായത് എട്ടാംശതകത്തിലായിരിക്കണം. ജംഗമമഹർഷി ബ്രാഹ്മണർക്കായി ഉപദേശിച്ച മന്ത്രം ദ്രാവിഡവൃത്തത്തിൽ ആണെന്ന ഐതിഹ്യം ഹാലാസ്യത്തിലേ കഥയോട് അനുയോജിച്ചുമിരിക്കുന്നു.

യാത്രക്കളിക്ക് നാലു പാദം, പാന, ആംഗ്യങ്ങൾ, ഹാസ്യങ്ങൾ എന്ന് പ്രധാനമായി നാല് അംഗങ്ങൾ ഉണ്ട്. അവയിൽ ആദ്യമായുണ്ടായത് നാലു പാദവും പാനയും ആയിരിക്കണം.

“കണ്ടമിരണ്ടു നടം ചെയ്യിന്നോൻ ചേവടിയേ
എന്നു മരങ്ങൽ നില്ക്ക വിണ്ണോർനായകനെ
വഞ്ചനചെയ്യുമ ഭൂതകൾ വന്തണയും മാലൊഴിയ്ക്ക
കേണികൾ ചൂഴം തിരുക്കാരിയൂർ വാണമുക്കണ്ണരേ”

ഇതാണ് നാലുപാദം. ഒരു നിലവിളക്കു കത്തിച്ചു വെച്ചിട്ട് അതിനെ പ്രദക്ഷിണം ചെയ്തുകൊണ്ട് ബ്രാഹ്മണർ ഈ ഗാനത്തെ വേദസ്വരത്തിൽ ചൊല്ലി, തൃക്കാരിയൂർ അപ്പനെ ഉപാസിക്കുകയാണ് ഈ കളിയുടെ ആദ്യത്തേ ചടങ്ങ്. ചതുർവേദങ്ങളിൽ നിന്ന് ഓരോ ഭാഗം സംഗ്രഹിച്ചു രചിച്ചിട്ടുള്ളതാണത്രേ ഈ പാട്ട്.[4]

“ഗണപതി ഭഗവാനേ നന്മ ഞാനൊന്നിരപ്പൻ
തുണപെടു ശിവപുത്തിരാ തുയപാച്ചോറു തന്തേൻ.
പണമുടയരവു തന്മേൽ പള്ളികൊള്ളുന്ന മായനേ-
യിണയടി തൊഴുതിരന്നേൻ ഇമ്പമായി നൽകിനില്ക്ക
ആർമ്മതി ചൂടുമീശനാനയായ് വേഷം പൂണ്ടാ-
നന്നുടനുമയാൾ താനു മന്നിളം പിടിയുമായി.
ആദരാൽ നവം പുകന്നു ക്രീഡിച്ചു നടന്നകാലം
അമ്പൊടു പിറന്ത പിള്ളയഴകെഴം വിനായകൻ താൻ.
അന്തരമെന്റി വന്തെന്നന്തരംഗം പുകുന്ത്
ചിന്തയിൽ മലമചാത്തിരം പന്തിയിലുരചെയ്യിപ്പാൻ
ചന്തമായൊറ്റക്കൊമ്പൻ വന്തുളനാക മുമ്പിൽ
അന്തരിയാതാദിയുമന്തവും തോന്നിച്ചിപ്പോൾ.
വന്ത മാലോകർ മുമ്പിൽ സന്തതം തുണയ്ക്കുനില്ക്ക”

ഈ പാന ചൊല്ലിത്തീർന്നിട്ടു നംപൂരിമാർ വിളക്കിന്റെ ചുറ്റും ഇരുന്ന് ഗണപതി പാടുന്നു.

“വറുത്തരിയോ മലരുമെള്ളോ?
മാമ്പഴം തേൻ വളർകനിയോ?
വിരിപ്പവിലോ ഞെരിപ്പടയോ?
ചെറുനാരകപ്പഴമിളനീർ
കുറുക്കിന ശർക്കരയുരുള
കുടവയറാലമൃതു ചെയ്തെൻ
ഗണപതിയേ വരമരുള്”

ഇതാണ് ഗണപതി. ഗണപതിക്കുശേഷം രണ്ടു നംപൂരിമാർ എഴുന്നേറ്റുനിന്ന് ചില കൈകൾ കാണിക്കയും മറ്റുള്ളവർ ഒരു പാന കമഴ്ത്തിയിട്ട് അതിന്മേൽ താളംപിടിച്ചുകൊണ്ട്, “പൂവാതെ മുല്ലേ മുല്ലേ” ഇത്യാദി ഗാനം പാടുകയും ചെയ്യുന്നു.

[4] ഈ സാഹിത്യവും ഹാലസ്യകഥയോടു യോജിച്ചിരിക്കുന്നു.

ഒടുവിലാണ് ഹാസ്യം. അതിനായി അനേകം ഗാനങ്ങളും ഗദ്യങ്ങളും രചിച്ചിട്ടുണ്ട്. ഒരു ഗാനം താഴെ ചേർക്കുന്നു.

"മൂട്ട കടിച്ചല്ലോ വലിയാനത്തലവൻ ചത്തു;
മൂട്ടിൽക്കിടന്നൊരു മുതുകയ്യൻ പറന്നേപോയി;
കാട്ടിൽ കിടന്ന രണ്ടെലികൂടി കടലുഴുതു;
കാലത്തിളവിത്തു വിതച്ചപ്പോഴടയ്ക്കാകാച്ചു."

## 10 നമ്പ്യാർപാട്ട് (ശാസ്താംപാട്ട്)

ഇതും വളരെ പുരാതനമാണ്. അയ്യപ്പൻകാവുകളിൽ സാധാരണ പാടുന്നതിന് ഈ പാട്ട് ഇന്നും ഉപയോഗിച്ചുവരുന്നു.

"ദേവലോകത്തു നേർ നടയിൽ
ചെന്നങ്ങനെ നിലത്തു നിന്നു
ദേവലോകത്തെ ദേവാശാനും
ദേവകളും കാൺക ചെയ്തു."

## 11 കൂടിയാട്ടവും ചാക്യാർകൂത്തും[5]

പെരുമാൾ വാഴ്ചക്കാലത്തുണ്ടായിട്ടുള്ള സാഹിത്യവിഷയകമായ സംഭവങ്ങളിൽ എല്ലാ വിധത്തിലും പ്രധാനമായിട്ടുള്ളത് കൂടിയാട്ടത്തിന്റേയും ചാക്യാർകൂത്തിന്റെയും പ്രചാരമാകുന്നു. ചാക്യാന്മാരുടെ നാടകാഭിനയം എത്ര എത്ര മനോഹരങ്ങളായ കാവ്യതല്ലജങ്ങളുടെ ആവിർഭാവത്തിനു പ്രേരകമായി ഭവിച്ചുവെന്ന് അടുത്ത അദ്ധ്യായങ്ങളിൽ നിന്നു ഗ്രഹിക്കാം.

ചാക്യാന്മാർ പരശുരാമനോടു കൂടിവന്ന സൂതന്മാരുടെ കുലത്തിൽനിന്നു ജനിച്ചവരാണെന്നാണ് ഐതിഹ്യം. വ്യഭിചാരം നിമിത്തം "കൈകൊട്ടിപ്പുറത്താക്ക"പ്പെടുന്ന ബ്രാഹ്മണസ്ത്രീകളുടെ സന്താനങ്ങളേയും പരശുരാമൻ ഇവരോടു ചേർത്ത് അവരുടെ സംഖ്യ വർദ്ധിപ്പിച്ചുവെന്നും, "ശ്ലാഘ്യകുല" ജാതന്മാരായിരുന്നതിനാൽ അവരെ ചാക്യാന്മാരെന്നു വിളിച്ചുവെന്നും ഉള്ള കഥയേ വിശ്വസിക്കാൻ യാതൊരു നിവൃത്തിയും ഇല്ല. വ്യഭിചാരം കൊണ്ടു ദുഷിച്ചവരുടെ സന്താനങ്ങൾ ശ്ലാഘ്യരാണെന്നു വരുന്നതെങ്ങനെ? ഇതിനും പുറമേ പരശുരാമൻ കൊണ്ടുവന്ന ഏതാനും ബ്രാഹ്മണകുടുംബങ്ങളിൽ നിന്ന്, സൂതകുലജാതന്മാരുടെ സംഖ്യ വർദ്ധിപ്പിക്കാൻ ഉതകത്തക്കവണ്ണം അത്ര വളരെ വ്യഭിചാരിണികളെ കിട്ടിയെങ്കിൽ, ആ ബ്രാഹ്മണരുടെ അന്നത്തേ സ്ഥിതി എത്ര കഷ്ടമായിരുന്നിരിക്കണം. അതു വിശ്വസിക്കാൻ നിവൃത്തിയില്ല. ചാക്യാന്മാർ ശുദ്ധ കേരളീയർതന്നെയായിരിക്കാനാണ്

---

5 അനുബന്ധം "ബി" നോക്കുക.

ഇടയുള്ളത്. അവരുടെ അഭിനയക്രമവും കേരളീയം തന്നെ. എന്നാൽ കാലക്രമേണ കേരളീയബ്രാഹ്മണർക്ക പ്രാബല്യം സിദ്ധിച്ചതിനോടുകൂടി സംസ്കൃതനാട്യാഭിനയരീതികളും മലയാളത്തിൽ നടപ്പിൽവന്നു.

കൂടിയാട്ടം നടത്തി വന്നതു് ചാക്യാന്മാരും അവരുടെ സ്ത്രീകളായ നങ്ങിയാന്മാരും നമ്പിയാന്മാരും ചേർന്നാണ്. അവരിൽ നമ്പിയാന്മാരുടെ ചുമതല മിഴാവു കൊട്ടുക, രംഗപ്രസാധനവും നാന്ദിയും നിർവഹിക്കുക മുതലായവയായിരുന്നു. ചാക്യാന്മാർ പുരുഷവേഷവും നങ്ങിയാന്മാർ സ്ത്രീവേഷവും കെട്ടി ആടുകയാണ് പതിവ്. മിക്ക ക്ഷേത്രങ്ങളിലും കൂത്തു നടത്തുന്നതിനായി കൂത്തമ്പലങ്ങൾ കാണുന്നുണ്ട്.

പെരുമാൾവാഴ്ചയുടെ അന്ത്യഘട്ടത്തിൽ പ്രസ്തുത നാടകാഭിനയത്തിന് പൂർവാധികം വികാസമുണ്ടായി. തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ നാടകങ്ങളുടെ കർത്താവുതന്നെ ഒരു പെരുമാളായിരുന്നുവെന്ന് ആ ഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കാം. തപസീസംവരണത്തിന്റെ പ്രസ്താവനയിൽ ഇപ്രകാരം കാണുന്നു.

**സൂത്ര:** ആര്യേ! മാമൈവം–യസ്യ പരമഹംസപാദപങ്കേരുഹപാംസുപടലപവിത്രീകൃതമകുടതടസ്യ വസുധാവിബുധധനായാന്ധകാര മിഹിരായമാണകരകമലസ്യ, മുഖകമലാദഗളദാശ്ചര്യമഞ്ജരീ കഥാമധുദ്രവഃ.

അപി ച–

ഉത്തുംഗഘോണമുരുകന്ധരമുന്നതാംസ-
മംസാവലംബി മണികർണ്ണികകർണ്ണപാശം
ആജാനുലംബിഭുജമഞ്ചിതകാഞ്ചനാഭ-
മായാമി യസ്യ വപുരാർത്തിഹരം പ്രജാനാം.
തസ്യ രാജ്ഞഃ കേരളകുല ചൂഡാമണേഃ മഹോദയപുര പരമേശ്വരസ്യ
ശ്രീ
കുലശേഖരവർമ്മണഃ കൃതിരയമധുനാ പ്രയോഗവിഷയമവതരതി.

ഈ കുലശേഖര മഹാരാജാവ് തമിഴ് ഭാഷയിലും അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചു കാണണം. ശ്രീവൈഷ്ണവ തമിൾ സാഹിത്യത്തിൽ 'കുലശേഖര ആൾവാർ' എന്നു പ്രഖ്യാതനായിത്തീർന്നിട്ടുള്ളതു് ഈ മഹാനുഭാവനായിരിക്കാൻ ഇടയുണ്ട്. വേദാന്തദേശികരുടെ പ്രബന്ധസാരത്തിൽ കുലശേഖരാൾവാരെപ്പറ്റിപ്പറഞ്ഞിട്ടുള്ള ഭാഗം ശ്രദ്ധാർഹമാകുന്നു.

'പെൻ പുരൈയും വേർ കുലചേകരനേ മാചിപ്പുനർപൂചത്തെഴിൽ വഞ്ചിക്കുളത്തിറ്റോന്റി അൻപുടനേ നംപെരുമാൾ ചെമ്പൊർ കോയിലനൈത്തുലകിൻ പെരുവാഴവുമടിയാർ തങ്കൾ ഇൻപമികുപെരുംകുഴ ഉങ് കാണമണ്ഡേലിരുളിരിയവെന്റെടുത്ത വിചൈയാർ ചൊന്ന നൻപൊരുൾ ചേർത്തിരുമൊഴി നൂറ്റെന്തു പാട്ടുനന്റാകവെനക്കരുൾ ചെയ്, നൽകിനീയേ'

'ഗ്രന്ഥകാലസമകാലഭവ'നായ വ്യംഗ്യവ്യാഖ്യാകാരൻ ഇദ്ദേഹത്തിനെ പരമഭാഗവതനായി പറഞ്ഞിട്ടുള്ളതും ഈ ഊഹത്തെ ബലപ്പെടുത്തുന്നു.[6]

ഈ കുലശേഖര കവിയുടെ കാലം ഖണ്ഡിതമായി കണ്ടുപിടിച്ചിട്ടില്ല. തപതീസംവരണത്തിൽ 'ശൂദ്രകകാളിദാസഹർഷദണ്ഡിപ്രമുഖാണാം മഹാകവീനാമന്യതമസ്യ കസ്യകവേരിദം നിബന്ധനം, യേനാര്യ മിശ്രാണാമേതാവൽ കൗതുകം വർദ്ധയതി' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് പ്രസ്തുത കവി ശ്രീഹർഷമഹാരാജാവിന്റെ കാലത്തിനു ശേഷം ജീവിച്ചിരുന്ന ആളായിരിക്കണമെന്നു തീർച്ചയാണ്. ആൾവാരന്മാരുടെ കാലം വൈഷ്ണവാചാര്യനായ ശ്രീരാമാനുജന്റെ കാലത്തിനു മുമ്പാണെന്നുള്ള വിഷയത്തിൽ ആർക്കും വിപ്രതിപത്തിയുമില്ല. അതുകൊണ്ട് കുലശേഖരാൾവാരുടെ കാലം ഹർഷവർദ്ധനന്റേയും രാമാനുജാചാര്യരുടേയും കാലങ്ങൾക്കിടയിലാണെന്ന് ഖണ്ഡിതമായിപ്പറയാം. ദണ്ഡിഹർഷന്റെ കാലത്തിനുശേഷമാണു ജീവിച്ചിരുന്നതെന്ന് പാശ്ചാത്യ പണ്ഡിതന്മാരിൽ ചിലർ വാദിക്കാറുണ്ടെങ്കിലും വാസ്തവം മറിച്ചായിരിക്കാനാണ് സാംഗത്യം. ക്രിസ്ത്വബ്ദം 779-നും 819-നും മദ്ധ്യേ ജീവിച്ചിരുന്ന ജയാപീഡന്റെ സദസ്യരിൽ ഒരുവനായ വാമനൻ കാവ്യാലങ്കാരസൂത്രവൃത്തിയിൽ ഭാമഹന്റെ അഭിപ്രായത്തെ നിരസിച്ചുകൊണ്ടുള്ള കാവ്യദർശസിദ്ധാന്തത്തെ ഖണ്ഡിച്ചു കാണുന്നു. പത്താംശതകത്തിൽ ജീവിച്ചിരുന്നതായി നിർവിശങ്കം പറയാവുന്ന അഭിനവഗുപ്തൻ വാമനെ ഉദ്ധരിച്ചു കാണുന്നതിനാൽ, വാമനന്റെ കാലം അതിനു മുമ്പാണെന്നു തീർച്ചയുമാണ്. ഈ വാമനൻ കാശികാവൃത്തിയുടെ കർത്താവാണെങ്കിൽ, ദണ്ഡിയുടെ കാലം ആറാം ശതകത്തിലേക്കു തള്ളേണ്ടതായി വരും. എന്തുകൊണ്ടെന്നാൽ പ്രസ്തുത വ്യാകരണഗ്രന്ഥത്തിന്റെ നിർമ്മിതി 630-നും 650-നും മദ്ധ്യേ ആയിരുന്നുവെന്ന് ഇറ്റ്സിംഗ് എന്ന ചീനദേശീയന്റെ ലേഖനങ്ങളിൽനിന്നു തെളിയുന്നു. എന്നാൽ കാശികാവൃത്തികാരനായ വാമനൻ കാവ്യാലങ്കാരവൃത്തികാരനിൽനിന്നു ഭിന്നനാണെന്ന് ആ അലങ്കാരഗ്രന്ഥത്തിൽ, സഹോക്തിക്ക് ഉദാഹരണമായി വേണീസംഹാരശ്ലോകം ഉദ്ധരിച്ചിരിക്കുന്നതിൽനിന്നു മനസ്സിലാക്കാം. വേണീസംഹാരകർത്താവായ ഭട്ടനാരായണൻ ജീവിച്ചിരുന്ന കാലം 8-ാം ശതകത്തിന്റെ അവസാന ഘട്ടമായിരുന്നുവെന്ന് ഇപ്പോൾ പൂർണ്ണമായി തെളിഞ്ഞിട്ടുണ്ടുതാനും. പണ്ഡിതമോരേശ്വരകാളേ, ദണ്ഡി ബാണനേക്കാൾ പ്രാചീനനാണെന്നു സ്ഥാപിക്കുന്നതിനു പര്യാപ്തമായ പല തെളിവുകളെ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. സംസ്കൃത സാഹിത്യചരിത്രകാരനായ മാക് ഡോണാൾഡ് സായ്പും, ഈ അഭിപ്രായത്തോടു യോജിക്കുന്നു. അതുകൊണ്ട് ദണ്ഡിയുടെ കാലം

---

6 വ്യംഗ്യവ്യാഖ്യാകാരൻ പെരിയാറ്റിന്റെകരയിൽ പരമേശ്വരമംഗലം എന്ന സ്ഥലത്തുള്ള ഒരു നമ്പൂരിയാകുന്നു.
'കാലേ/ഥേതി വർത്തമാനേ കസ്മിംശ്ചിദഹനി പ്രാതരുർത്ഥായ ദൃഷ്ടപരമേശ്വരമംഗലസ്ഥ പരമപുരുഷേണ പ്രാപ്താത്മ മന്ദിരാളീന്ദദേശപ്രക്ഷാളിതകരചരണേന... ... മയം കേരളേശ്വര വചനകാരീകശ്ചിൽ ബ്രഹ്മബന്ധു സരലക്ഷ്യത മയാമുനാസഹ... ... നാവാ ചൂർണ്ണികാസരിദ്വാഹ്യമാനയാ സത്വരം മഹോദയപുരം ഗമ്യതേസ്മ.

ക്രിസ്ത്വബ്ദം ഏഴാം ശതകത്തിന്റെ ആരംഭത്തിലോ അതിന് അല്പം മുമ്പോ ആയിരിക്കണം. രാമാനുജാചാര്യരുടെ ജീവിതകാലം 1017-നും 1137-നും മദ്ധ്യേആയിരുന്നു. അദ്ദേഹം, നമ്മാൾവാർ തൊട്ടു് തുടങ്ങിയ വൈഷ്ണവാചാര്യപരമ്പരയിൽ ഏഴാമത്തെ ആളിയിരുന്നുവെന്നും കാണുന്നു. രാമാനുജാചാര്യരുടെ ഗുരുവായിരുന്ന യമുനാചാര്യർ ജനിച്ചതു് 916-ൽ ആയിരുന്നതിനാൽ അതിന് ഒട്ടു വളരെ കാലത്തിനു മുമ്പുതന്നെ കുലശേഖരാഴ്വാർ സ്വർഗ്ഗാരോഹണം ചെയ്തുകാണണം. ഏതായാലും അദ്ദേഹത്തിന്റെ കാലം പത്താം ശതകത്തിനും 7-ാം ശതകത്തിനും മദ്ധ്യേ ആയിരിക്കണം എന്നുള്ളതു് തീർച്ചയാണ്. കൊല്ലവർഷം ഈ മഹാനുഭാവന്റെ സ്വർഗ്ഗാരോഹണ സ്മാരകമായി ആരംഭിച്ചതാണെന്നുള്ള ചിലരുടെ ഊഹം സംഗതമാണെങ്കിൽ, കുലശേഖരപ്പെരുമാളിന്റെ മരണം ഏ. ഡി. 825- ൽ ആണെന്നു പറയാം. എന്നാൽ ആ ഊഹം ശരിയല്ലെന്നു പറയേണ്ടിയിരിക്കുന്നു. അങ്ങിനെ ആണെങ്കിൽ കൊല്ലവർഷം എന്നു പേരുവരാൻ ഇടയില്ല. മഹോദയപുരത്തു വാണിരുന്ന ഒരു രാജാവ് പാണ്ടിയിൽവെച്ചു സ്വർഗ്ഗാരോഹണം ചെയ്തതിന് സ്മാരകമായി കൊല്ലത്തുവെച്ച് ഒരു പുതിയ വർഷം ആരംഭിച്ചു എന്ന് എങ്ങനെ വിചാരിക്കാം? കുലശേഖരപ്പെരുമാളും കുലശേഖരാഴ്വാറും ഒന്നല്ലെന്നും പെരുമാൾ ക്രിസ്തുവർഷം 825-ൽ പരലോകം പ്രാപിച്ചതായി ഒരു കേരളോല്പത്തിയിൽ താൻ കാണുകയുണ്ടായെന്നും ശ്രീനിവാസയ്യങ്കാർ പറയുന്നു. അങ്ങിനെ ആയിരുന്നാലും നമ്മുടെ അഭ്യൂഹത്തിന് ബലമേ സിദ്ധിക്കുന്നുള്ളൂ. ആൾവാറും പെരുമാളും ഒരാളല്ലെന്നു വരുന്നതുകൊണ്ടു് നമുക്ക് ഒരു ദൂഷ്യവും നേരിടാനില്ലല്ലോ. എന്നാൽ പരമാർത്ഥത്തിൽ അവർ വിഭിന്നരല്ലെന്നു വേദാന്തദേശികരുടെ തെളിവിനു പുറമേ വേറെയും ചില ലക്ഷ്യങ്ങളുണ്ട്.

ഈ കുലശേഖരപ്പെരുമാളിന്റെ കാലത്തിനു മുമ്പേതന്നെ കേരളത്തിൽ ചാക്യാർകൂത്തും നാടകവും ഉണ്ടായിരുന്നെങ്കിലും, പെരുമാൾ അതിനെ ഒന്നു പരിഷ്കരിച്ചുകാണണം. അദ്ദേഹത്തിന്റെ സദസ്യനും ഹാസ്യകവനചതുരനും ആയ തോലകവി സംസ്കൃതനാടകാഭിനയത്തിന്റെ ചടങ്ങുകളെ ഗദ്യരൂപത്തിൽ എഴുതിവെച്ചിരുന്നു. അതിനുപുറമേ അസംഖ്യം വിദൂഷകശ്ലോകങ്ങളും അദ്ദേഹം മലയാളത്തിൽ രചിച്ചിട്ടുണ്ട്. ഈ തോലകവി എഴുതിയതായി വിശ്വസിക്കപ്പെടുന്ന ഗ്രന്ഥങ്ങളിൽ പ്രധാനമായുള്ളവ ആട്ടപ്രകാരവും ക്രമദീപികയുമാണ്. നാടകത്തിലെ ഓരോ ശ്ലോകവും ചൊല്ലി അഭിനയിക്കേണ്ടതു് എങ്ങനെ എന്ന് ആട്ടപ്രകാരത്തിൽ വിവരിച്ചിരിക്കുന്നു്. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.[7]

‘യസ്യാം ന പ്രിയമണ്ഡനാപി മഹിഷീ
ദേവസ്യ മന്ദോദരീ
സ്നേഹാല്ലുമ്പതി പല്ലവാൻ ന ച പുന-
വീജന്തി യസ്യാം ഭയാൽ

7 Taken from the appendix to Bhasa’s works, a criticism by Mr. A. Krishna Pisharody.

വീജന്തീ മലയാനിലാ രവികരൈ-
രസ്പൃഷ്ട ബാലദ്രുമാ
സേയം ശക്രരിപോരശോകവനികാ
ഭഗ്നേതി വിജ്ഞാപ്യതാം'

എന്നേടത്ത്, 'കുതഃ, എന്നു ചൊല്ലി ഈ ഉദ്യാനം എങ്ങനെയുള്ള എന്നു കാട്ടി, രണ്ടാമതും ചൊല്ലി, യസ്യാ, ന പ്രിയമണ്ഡനാപി, എന്നു തുടങ്ങി, അസ്പൃഷ്ടബാലദ്രുമാ, എന്നേടത്തോളം ശ്ലോകംചൊല്ലി, ചൊല്ലാതെ കാട്ടി അന്വയിച്ചിട്ട്, ദേവസ്യ മഹിഷീ മന്ദോദരീ യസ്യാം പല്ലവാൻ ന ലുമ്പതി' എന്നു ചൊല്ലി. അർത്ഥം–ദേവന്റെ മഹിഷിയായിരിപ്പോരു മന്ദോദരി യാതൊരു ഉദ്യാനത്തിലുള്ള പല്ലവങ്ങളെപ്പോലും പറിക്കുന്നില്ല. എന്നാൽ അതിനു സംഗതി എന്ത്?–എന്നുകാട്ടി, സ്നേഹാൽ എന്നു ചൊല്ലി, ഏറ്റവും സ്നേഹം ഹേതുവായിട്ടുതന്നെ എന്നു കാട്ടു. പിന്നെ മന്ദോദരി എങ്ങനെ എന്നു കാട്ടി, പ്രിയമണ്ഡനാ അപി എന്നു ചൊല്ലി, അർത്ഥം–അലങ്കാരത്തിൽ വളരെ താല്പര്യത്തോടുകൂടിയവളാണ് എങ്കിലും ഈ ഉദ്യാനത്തിങ്കലേ ചെറുതായിട്ടുള്ള വൃക്ഷങ്ങളുടെ തളിരുകളേപ്പോലും പറിക്കുന്നില്ല–എന്ന് അന്വയിച്ചാടി, അത് എങ്ങനെ എന്നു കാട്ടി, സഖിമാരുടെ സ്തോഭത്തിൽനിന്ന്, അങ്ങനെതന്നെ എന്നു കാട്ടി, മന്ദോദരിയായിട്ട് സഖിമാരുടെ കൈയ്യും ചൊല്ലിയുന്തിനടന്ന്, ഇങ്ങനെ ഉദ്യാനത്തിങ്കൽ ചെന്ന് എന്നുകാട്ടി, സഖിമാരിൽ ഓരോരുവളായിട്ട് അന്യോന്യം നോക്കി, അല്ലേ, നമ്മൾക്കിവളെ അലങ്കരിപ്പിക്കുക എന്നും അങ്ങനെതന്നെ എന്നും കാട്ടി, ഒരുത്തിയായിട്ട് തലമുടി വിടർത്തിക്കെട്ടിവെച്ച് സീമന്തരേഖയിൽ സിന്ദൂരപ്പൊട്ടുമിട്ടു മാറി നിന്ന് മറ്റവളുടെ നേരെ നോക്കി 'നന്നായോ എന്നു നോക്ക്' എന്നു കണ്ണുകൊണ്ടു കാട്ടി, ഇങ്ങനെ ക്രമത്തിൽ ഓരോന്ന് അലങ്കരിപ്പിച്ച് അന്യോന്യം നോക്കി, പിന്നെ ഒരുത്തിയായിട്ട്, അവളുടെ കേശാദിപാദം നോക്കി, അല്ലേ അവളുടെ മുഖം വേണ്ടുംവണ്ണം ശോഭിച്ചില്ല, എന്താണ് നോക്ക് എന്നു കാട്ടി, മറ്റവളായിട്ട് സൂക്ഷിച്ചുനോക്കി, മനസ്സിലായി എന്നു നടിച്ചു ലജ്ജിച്ച്, മറന്നുപോയി എന്നു കാട്ടി, അല്ലേ സഖി, കാതിൽ കർണ്ണപൂരം ഉണ്ടാക്കി അലങ്കരിച്ചില്ല; എന്നാൽ ഈ വൃക്ഷങ്ങളുടെ തളിരു പറിച്ച് കർണ്ണപൂരം ഉണ്ടാക്കി അലങ്കരിച്ചാൽ ഏറ്റവും ശോഭയുണ്ടാകും എന്നു കാട്ടി, മറ്റവളായിട്ട് 'അല്ലേ സഖി, ഞാൻ പറിക്കയില്ല. ഈ തളിരുകൾ പറിച്ചാൽ സ്വാമി കോപിക്കും' എന്നാടി, അല്ലേ ദേവി, ഈ ചെറുതായിട്ടുള്ള വൃക്ഷങ്ങളുടെ പല്ലവങ്ങളെ പറിച്ച് അലങ്കരിച്ചാൽ വളരെ ശോഭയുണ്ടാകും എന്നാടിയാൽ, മന്ദോദരീസ്തോഭത്തിൽനിന്ന് തളിരു പറിക്കാനായി ഭാവിച്ച്, വഹിയാ എന്നു കാട്ടി, ഇതു പറിച്ചാൽ വാടിപ്പോവും ഇങ്ങനെ ഓരോ തളിരുനോക്കി രണ്ടു മൂന്നു തവണ പറിക്കാനായി ഭാവിച്ച് വഹിയാ എന്നു കാട്ടുക. പിന്നെ ഈവണ്ണം ഭാര്യയായ മന്ദോദരി കർണ്ണപൂരത്തിന് അലങ്കരിക്കാനായിട്ടുപോലും യാതൊരുദ്യാനത്തിങ്കലുള്ള തളിരുകളെ പറിക്കുന്നില്ല എന്നുകാട്ടി പിന്നെ 'മലയാനിലാഃ യസ്യാം ന വീജന്തീ' എന്നുചൊല്ലുക. (അഭിഷേകനാടകം, തോരണയുദ്ധാങ്കം.)

ഇങ്ങനെ പത്തു പതിനഞ്ചു നാടകങ്ങളിലെ ഓരോ ഭാഗത്തേയും അഭിനയിക്കേണ്ട വിധത്തെ ഈ ഗ്രന്ഥത്തിൽ വിവരിച്ചുകാണുന്നു. ക്രമദീപികയിൽ, സന്ദർഭാനുസാരം ചേർക്കേണ്ട അവതാരിക, നടൻ രംഗാദികളിൽ അനുഷ്ഠിക്കേണ്ട കൃത്യങ്ങൾ, വിദൂഷകന്റെ വിവിധ ചടങ്ങുകൾ മുതലായവയേ ആണ് പ്രതിപാദിച്ചിരിക്കുന്നത്.

വിദൂഷകന്റെ ശ്ലോകത്തിന് ഒരു ഉദാഹരണം ചേർക്കുന്നു. തപതീസംവരണം രണ്ടാമങ്കത്തിൽ.

നൈപഥ്യേ, അബ്രാഹ്മണ്യം എന്നേടത്ത്,

'ബ്രഹ്മാ വേദം പഠിക്കും ജനമിഹ ജഗതി
ബ്രാഹ്മണന്മാരമീഷാം
ബ്രഹ്മസ്വം കൈയ്യിലാക്കും നരനൊരു
നരകക്കുണ്ടു കൂപേ പതിക്കും
നമ്മേ ദ്വേഷിക്ക നന്നല്ലൊരുവനുമനഘ
ബ്രാഹ്മണൻ ഞാൻ വിശുദ്ധൻ
നിർമ്മര്യാദങ്ങൾ നമ്മോടരുതരുതു മഹാ
ലോകരേ കേട്ടുകൊൾവിൻ.'

സ്വപ്നവാസവദത്തത്തിൽ, രാജാവ് വാസവദത്തയേപ്പറ്റി പശ്ചാത്തപിക്കുന്ന ഘട്ടം.

നായകൻ ബഹുശോപ്യുപദേശേഷു യയാ മാം വീക്ഷമാണയാ—ഇത്യാദി ശ്ലോകം ചൊല്ലുന്നിടത്ത്, വിദൂഷകൻ ചൊല്ലുന്ന പ്രതിശ്ലോകം

'ബഹുശോപാമിചേറുമ്പോൾ
യയാ മാം നോക്കമാണയാ
ഹസ്തേന സ്രസ്തശൂർപ്പേണ
കൃതമാകാശപേരിതം.'

ചാക്യാർകൂത്ത് ഈ അടുത്ത കാലംവരെ മലയാളികളുടെ ഒരു മുഖ്യ വിനോദമായിരുന്നു. ഇക്കാലത്തും അത് തീരെ നശിച്ചുപോയിട്ടില്ലെങ്കിലും ഏറെക്കുറെ ദുഷിച്ചുവശായിട്ടുണ്ടെന്ന് എല്ലാരും സമ്മതിക്കും. പഴയ കാലങ്ങളിൽ ചാക്യാന്മാർക്ക് രാജാക്കന്മാരുടെ ന്യൂനതകളെപ്പോലും ചൂണ്ടിക്കാണിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു ഈ സ്വതന്ത്ര്യത്തെ പാഠകം പറയുന്ന അവസരങ്ങളിൽ, അവർ ദുർവിനിയോഗം ചെയ്തുതുടങ്ങിയതു നിമിത്തമാണ്, കൂത്തിന് ഈ ശോച്യാവസ്ഥ നേരിട്ടത്. ഈശ്വരകഥാപ്രസംഗത്താൽ മനുഷ്യരിൽ ധർമ്മബോധവും ഭക്തിയും അങ്കുരിപ്പിക്കയാണ് കൂത്തിന്റെ പ്രധാനോദ്ദേശ്യം. സമുദായ ശരീരത്തിൽ കടന്നുകൂടുന്ന ദൂഷ്യങ്ങളെ ഭംഗിയായും സരസമായും, എന്നാൽ പരുഷമല്ലാത്ത വിധത്തിലും, ചൂണ്ടിക്കാ

ണിച്ച് അവയേ പരിഹരിക്കുന്നതിനും കൂത്തുകൾ ആദ്യകാലത്ത് വളരെ സഹായിച്ചിരുന്നു. എന്നാൽ കാലക്രമേണ ചാക്യാർ ബീഭത്സങ്ങളും സഭ്യേതരങ്ങളും രംഗസ്ഥിതന്മാർക്ക് അത്യന്തം ഹൃദയോദ്വേജകങ്ങളും ആയ വിധത്തിൽ കഥാപ്രസംഗങ്ങൾ നടത്തിത്തുടങ്ങി. കൂത്തു കാണാൻ വരുന്നവരിൽ, ചാക്യാരുടെ ശകാരം ഏൽക്കാതെ തിരിച്ചുപോകുന്നവർ ദുർലഭമായിത്തീർന്നു. ഇങ്ങനെ ഒക്കെ ആണെങ്കിലും പുരാതനകാലത്തെ ചാക്യാന്മാർക്കുണ്ടായിരുന്ന വാക്പാടവവും വർണ്ണനാചാതുരിയും, അവസരോചിതമായി സംസാരിക്കുന്നതിനുള്ള സാമർത്ഥ്യവും വാചാമഗോചരമായിരുന്നു. നാട്യകലയേ അതിന്റെ പരമകാഷ്ഠയിൽ എത്തിച്ചതു് ചാക്യാന്മാരാണെന്നു നിസ്സംശയം പറയാം. ഈ കലയുടെ അധോമുഖമായ ഗതി അത്യന്തം ശോച്യവും സാഹിത്യാഭിവൃദ്ധിക്ക് പ്രതിബന്ധകവുമായിരിക്കുന്നു.

ചാക്യാർകൂത്തിൽനിന്നു ഭാഷയ്ക്കുണ്ടായിട്ടുള്ള ഗുണഗണങ്ങൾ സീമാതീതമാകുന്നു. ഉത്തമസാഹിത്യഗുണം നിറഞ്ഞ ഇരുനൂറിൽപരം ചമ്പൂഗ്രന്ഥങ്ങളും നൂറിൽ കുറയാതെ ഗദ്യപ്രബന്ധങ്ങളും ചാക്യാർകൂത്ത് ഭാഷയ്ക്കു സമ്പാദിച്ചുകൊടുത്തിട്ടുണ്ട്. അവയിൽ പലതും 'ചിതലിന്റെ മുതലാ' യിത്തീർന്നുപോയെങ്കിലും, ശ്രമം ചെയ്താൽ ഒട്ടുവളരെ ഗ്രന്ഥങ്ങളെ വീണ്ടെടുക്കാൻ കഴിയും. ഗദ്യസാഹിത്യത്തിന്റെ ഉല്പത്തി തന്നെ ചാക്യാർകൂത്തിൽ നിന്നല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രാമായണം, ഭാരതം, ഭാഗവതം ഇവയൊക്കെ ഗദ്യപ്രബന്ധങ്ങളായി എഴുതിവെച്ചിരുന്നു. അവയിൽ അധികഭാഗവും കൊല്ലവർഷാരംഭത്തിനു ശേഷം ഉണ്ടായവയായതുകൊണ്ട് അവയെപ്പറ്റി ഇതിൽ കൂടുതലായി ഇവയെ ഒന്നും പറയുന്നില്ല. എന്നാൽ കൊല്ലവർഷാരംഭത്തിനു മുമ്പുതന്നെ ഭാഷയിൽ ഗദ്യം എഴുതിത്തുടങ്ങിയെന്നുള്ളതിനു ലക്ഷ്യമായി, ഒരു പ്രാചീനഗദ്യഗ്രന്ഥത്തിന്റെ അല്പം ഭാഗം ഇവിടെ ചേർക്കുന്നു.

"മാറ്റലർ കൊട്ടങ്കോളൊന്നു മേശാമൽ മുത്തറയ്ക്കപ്പാൽ മപ്പടിച്ച്, കാലൂന്നി, വട്ടക്കാൽ വീശി, മാറ്റലർ കന്നം തെറിക്ക, കൊട്ടം കാലടിക്കും ആൾ, പടക്കാലമാടപ്പെരുന്തലവരയ്യായിരവും കോടരണിവേന്തർ, മയ്ക്കേയ്മ[8] മുഴക്കയ്മ, കോയിക്കയ്മ, കോയിക്കപ്പെരുംകയ്മ, കയ്മചെളുവെണ്ണൂറ്, നമ്പുകൊണ്ടതാനി[9] നാലായിരിവും, എമ്പുകൊണ്ടതാനി[10] എണ്ണായിരിവും തമ്പുകൊണ്ടു താനിമുല്ലച്ചേരിപ്പിരാൻ, നാരങ്ങൊലിപ്പിരാൻ, ചെങ്ങേലി വട്ടത്തറപ്പിരാൻ, മാമാത്തൻചേരി വട്ടപ്പൂർ പെരമ്പിരാൻ നാല്പത്തിഎട്ടും, പരുവാവണിവട്ടം ഒരു കോവണിപ്പടക്കണക്ക് എണ്ണത്തിച്ചേന്നോരരും, കിരിയത്തു നാകർ കിഴാവൈചെകണ്ഠറ്റചേരരോ, എന്നാൽ, എങ്കിലോ, അച്ചേരവേന്തൻ, തിടിനെഴുന്ത്, ചൈംകൈക്കവിത്ത് പരത്തിനീട്ടി, യുശത്തി, പേരുതവിക്കുള്ളിരങ്കിയിമ്പുറ്റനേരാക വഴിചെപ്പിനാർ. എന്നാൽ തിങ്കൾപതിനികതിത്തോങ്കമണ്ണുവിണ്ണഞ്ചുംപേരുതവി കനിത്തോങ്കിത്തോങ്കനാളെല്ലാം ചെമ്മൈച്ചെൽവം, ചെഴഞ്ചെൽവം, ചേർന്തുവാഴം ശിവച്ചെൽവം, പെമ്മൈച്ചെൽവം, പെരു

---

8 കയ്മൾ.

9 നംപൂരി.

10 എമ്പ്രാൻ.

ഞ്ചെൽവം, പേശാവുമൈമപ്പെരുഞ്ചെൽവ മണികളുറ്റവാഴ്ചതാക. നീട്ടുഴിവാഴ്ചതാക, നെടുനാൾ വാഴ്ചതാക, തലയേങ്കി വാഴ്ചതാക, പുകഴോങ്കി വെനവൊക്കെനിന്നാർ കൂവിനാർ."

ഒരു പെരുമാളിനെ അവരോധിച്ച അവസരത്തിൽ ഉണ്ടായതാണ് ഈ ഗ്രന്ഥം. കൊല്ലവർഷാരംഭത്തിനു മുമ്പേ പെരുമാൾവാഴ്ച അവസാനിച്ച സ്ഥിതിക്ക്, ഇതിന്റെ പഴക്കത്തേപ്പറ്റി സംശയിക്കാനില്ല. എന്നാൽ ഇനി തമിൾ രൂപങ്ങൾ കാണുന്നതുകൊണ്ടു മാത്രം, അക്കാലത്തെ ഗദ്യത്തിൽ തമിൾ ധാരാളം കലർന്നിരുന്നു വെന്നു വിചാരിക്കാവുന്നതല്ല.

## 12 തോലകവി

സുഭദ്രാധനഞ്ജയ നാടകത്തിന്റെ കർത്താവ് തോലകവി ആയിരിക്കണമെന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഊഹിക്കുന്നു. അങ്ങനെ ഒരു ഐതിഹ്യവും ഉണ്ടത്രേ. ഈ അഭ്യൂഹം ശരിയാണെങ്കിൽ അദ്ദേഹം പെരിയാറ്റിന്റെ തീരത്തു പരമേശ്വരമംഗലത്തു ജനിച്ച ഒരു നമ്പൂരിയായിരിക്കണം. അദ്ദേഹം കുലശേഖരവംശത്തെ കീർത്തിക്കുന്നതായ ഒരു കാവ്യവും എഴുതിയിട്ടുള്ളതായി പറയപ്പെടുന്നു. എന്നാൽ ആ ഗ്രന്ഥം ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. തോലകവിയുടേതാണെന്ന് പറയപ്പെടുന്ന ഒട്ടുവളരെ ശ്ലോകങ്ങൾ ഇപ്പോൾ പ്രചരിച്ചിട്ടുണ്ട്. എന്നാൽ അവയൊക്കെ അദ്ദേഹത്തിന്റേതാണോ എന്നു സംശയമുണ്ട്. വാസുഭട്ടതിരിയുടെ 'യുധിഷ്ഠിരവിജയം' എന്ന യമകകാവ്യത്തേയും അക്കാലത്തേ സംസ്കൃതകവികളുടെ കൃതികളിൽ കാണാറുള്ള ദൂരാന്വയം, നിരർത്ഥകപദപ്രയോഗം മുതലായവയേയും ഉപഹസിച്ച് തോലകവി രചിച്ചിട്ടുള്ള രണ്ടു പദ്യങ്ങൾ സുപ്രസിദ്ധങ്ങളാണ്.

'ഥ പ്രഥനന്ദാനന്ദം
പദദ്വയം നാത്ര, കലിത നന്ദാനന്ദം
തനയം വന്ദേ വക്യാ
നിരന്വയദളിതദാനവന്ദേവക്യാഃ[11]
'ഉത്തിഷ്ഠോത്തിഷ്ഠ രാജേന്ദ്ര
മുഖം പ്രക്ഷാളയസ്വ
ഏഷ ആഹ്വയതേ കുക്കു
ചവൈതു ഹി ചവൈതു ഹി.'

എന്തോ കാരണവശാൽ, പെരുമാൾ തോലകവിയേ പുറത്താക്കിയത്രേ. പിന്നീട്ട് ഒരു ദിവസം രാജാവ് ഈ വികടകവിയെ കാണാൻ ഇട വന്നപ്പോൾ, അയാൾ ചൊല്ലിയതായി പറയുന്ന ശ്ലോകം താഴെ ചേർക്കുന്നു.

[11] ഥ പ്രഥനം ദാനന്ദം ഈ രണ്ടു വാക്കുകളും ഈ പദ്യത്തിൽ ഇല്ലെന്നു വിചാരിച്ചുകൊള്ളണം; "വക്യാ" നിരന്വയമാണ്. ബാക്കി എടുത്താൽ ദളിതദാനവും കലിതനന്ദാനന്ദം ദേവക്യാഃ തനയം വന്ദേ" എന്നു കിട്ടും.

"ഉപദംശപദേയോയം
പുരാസീച്ഛിഗ്രുപല്ലവഃ;
ഇദാനീമോദനസ്യാപി
പദമാഹർത്തുമിച്ഛതി"

തോലകവി രചിച്ചിട്ടുള്ള ഭാഷാപദ്യങ്ങളും ഒട്ടു വളരെ കാണണം.

"മാടിൻ കൊടിമടവാരേ
കാട്ടും പടലും പിടിച്ച മുടിയോന്റെ;
ഊട്ടുക്ക ടപ്പാനൊരുവഴി
യടിപിടിയോ പേരുചൊല്ലി മുറവിളിയോ"

എന്ന പദ്യം തോലകവിയുടേതാണെന്നാണ് പരക്കേ വിശ്വാസം

കിടപ്പവറ്റൈക്കിടയാതവറ്റോ-
ടണച്ചുകൊണ്ടേവമനന്വിതാനി;
പദാനിതാൻ മൂരികളെക്കണക്കേ-
ക്കവിക്കരിങ്കയ്യർ ചമയ്ക്കയന്തി.

ഇത് ദുഷ്കവികളെ ആക്ഷേപിച്ച് തോലകവി രചിച്ച ഒരു സരസപദ്യമാകുന്നു.

സുഭദ്രാധനഞ്ജയത്തിൽ തോലകവി എഴുതിച്ചേർത്തിട്ടുള്ള ഏതാനും ശ്ലോകങ്ങളെക്കൂടി ഉദ്ധരിക്കാം.

"ഞരമ്പു കൊത്തുന്ന ഭിക്ഷക്കുപോലേ
തരിമ്പു കാരുണ്യമിവൾക്കു നാസ്തി
ഉറച്ചു വസ്ത്രേണ വരിഞ്ഞു കണ്ഠം
പുറപ്പെടുന്നില്ലൊരു വാക്കെനിക്ക്.
ഭുവനൈകമനോഹരാംഗിയാളാ-
മിവൾതാനേവ സുഭദ്രയെങ്കിലിപ്പോൾ
മമ തോഴരുടെ മനോഭിലാഷം
രമണീയം രസികാഗ്രഗണ്യബുദ്ധേ.
മുലപ്പടം കട്ടൊരു കള്ളനെങ്കിലും
മുനീശ്വരൻതന്നുടെ ശിഷ്യനേഷഞാൻ
കുലോത്തമബ്രാഹ്മണവാര്യനാകുമീ
പുമാനഹം പൂജനയോഗ്യനല്ലയോ?"
"അടുത്തു മദ്ധ്യാഹ്നം തവ മദനസന്താപമധികം
കടുത്ത കാന്താരേ തരുലതകൾ വാടീതു തരസാ
തുടങ്ങേണം മദ്ധ്യന്ദിനസവനകർമ്മാദിഭഗവാ-
നടങ്ങേണം മറ്റുള്ളഭിമതവിനോദാദി സകലം."

ഈ മാതിരി നല്ല ഭാഷാപദ്യങ്ങൾ കണ്ടാൽ തോലകവി ആധുനികനാണെന്നും കുലശേഖരകവിയുടെ സമകാലികനല്ലെന്നും തോന്നിപ്പോകും. എന്നാൽ മലയാളം കുറേക്കാലത്തേക്ക് തമിഴിന്റേയും പിന്നീട് സംസ്കൃതത്തിന്റേയും ആക്രമണത്താൽ വിപഥസഞ്ചാരം ചെയ്തുപോയതാണെന്നു വന്നുകൂടായ്കയില്ല.

തോലകവിയേപ്പറ്റി കേട്ടിട്ടുള്ള ഒന്നു രണ്ട് ഐതിഹ്യങ്ങൾകൂടി ഇവിടെ ചേർക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഒടുവിലത്തെ പെരുമാളായ ചേരമാൻപെരുമാൾ സുഭദ്രാധനഞ്ജയം രചിച്ച്, അതിനു വിദ്വത്സമ്മതി വരുത്താൻ വേണ്ടി ഏതാനും വിദ്വാന്മാരെ വരുത്തി വായിച്ചുകേൾപ്പിക്കവേ, അക്കൂട്ടത്തിൽ ഉണ്ടായിരുന്ന തോലകവി ചാടി എഴുന്നേറ്റ് 'അയ്യോ! എന്റെ അംഗങ്ങളെച്ഛേദിച്ച് മറ്റൊരു ശരീരത്തിൽ അനുബന്ധിച്ചിരിക്കുന്നത് എനിക്കു ദുസ്സഹമാണേ' എന്ന് കാളിദാസൻ വെളിച്ചപ്പെട്ടു പറയുന്ന മട്ടിൽ നിലവിളിച്ചുവത്രേ. ഇവിടെ തോലകവി സൂചിപ്പിച്ചത്, കുലശേഖരകവി ശാകുന്തളാദി നാടകങ്ങളിൽനിന്ന് ഛായാപഹരണം ചെയ്തിട്ടുണ്ടെന്നു മാത്രമായിരുന്നു. ഈ സംഭവം രാജാവിനു വളരെ കുണ്ഠിതമുണ്ടാക്കി. അതുകൊണ്ട് അദ്ദേഹം തോലനെ വിളിച്ചുവരുത്തിയിട്ട് ഇങ്ങനെ പറഞ്ഞു: "അങ്ങ് വിനോദാർത്ഥം പറഞ്ഞത് എനിക്കു വലിയ ഇടിവിനു കാരണമായിരിക്കുന്നു. എന്റെ നാടകത്തിന് തീരെ പ്രാചാരം കുറഞ്ഞുതുടങ്ങി. അതുകൊണ്ട് ഇതിന് ഏതെങ്കിലും പ്രതിവിധി അങ്ങുതന്നെ ചെയ്തുതരണം. എന്നു മാത്രമല്ല ഇന്നുമുതല്ക്ക് എന്റെ കൂടെത്തന്നെ താമസിക്കയും ചെയ്യണം." രാജാവിന്റെ ഈ അപേക്ഷ അനുസരിച്ച് തോലൻ ആ കൊട്ടാരത്തിൽ വിദൂഷകനെന്ന നിലയിൽ വാസമുറപ്പിക്കയും സൂഭദ്രാധനഞ്ജയത്തിൽ ഒട്ടു വളരെ വിദൂഷകശ്ലോകങ്ങളും പ്രതിശ്ലോകങ്ങളും എഴുതിച്ചേർത്ത് വിജയപൂർവ്വകം അഭിനയിപ്പിക്കയും ചെയ്തുവെന്നാണ് ഒരു ഐതിഹ്യം.

തോലകവി ബ്രഹ്മചാരിയായിരുന്ന കാലത്തുതന്നെ അച്ഛൻ മരിച്ചുപോയി. ഇല്ലത്ത് അമ്മയും ചക്കിയെന്ന ഒരു ദാസിയും മാത്രമേ ഉണ്ടായിരുന്നൊള്ളു. ഒരു ദിവസം ഈ ഉണ്ണിനമ്പൂതിരി ഊണുകഴിച്ചുകൊണ്ടിരുന്ന തക്കം നോക്കി ചക്കി നെല്ലു മോഷ്ടിക്കാനായി പത്തായത്തിൽ കേറി. അത് യദൃച്ഛയാ ഉണ്ണി കാണാനിടയായി. എന്നാൽ ഊണു കഴിച്ചുകൊണ്ടിരിക്കെ ബ്രഹ്മചാരികൾ ഒന്നും മിണ്ടിക്കൂടെന്നും അഥവാ മിണ്ടിയേ കഴിയൂ എന്നുണ്ടെങ്കിൽ, സംസ്കൃതത്തിലേ പാടുള്ളൂവെന്നും നിയമമുണ്ടായിരുന്നതിനാൽ, അദ്ദേഹം 'പനസി ദശായാം പാശി'[12] എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മാതാവ് ബുദ്ധിമതി ആയിരുന്നതിനാൽ കാര്യം മനസ്സിലാക്കുകയും ചക്കിയുടെ കള്ളം കണ്ടുപിടിക്കയും ചെയ്തുവത്രേ.

സമാവർത്തനം കഴിയുന്നതിനു മുമ്പുതന്നേ ഈ ബാലൻ ചക്കിയുടെ വലയിൽപ്പെട്ടു ബ്രഹ്മചര്യവ്രതഭംഗം വരുത്തിയതിനാൽ തക്കതായ പ്രായശ്ചിത്തം കഴിപ്പിച്ച് അദ്ദേഹത്തിന് സമാവർത്തനം നടത്തുന്നതിന് ആരും ഇല്ലാതെ വന്നുവെന്നും,

---

[12] പനസം=ചക്ക. പനസി=ചക്കി. ദശം=പത്ത്. ദശയാം=പത്തായത്തിൽ. പാശം=കയറ്. പാശി=കയറി.

തന്നിമിത്തം സമാവർത്തനകാലം കഴിഞ്ഞിട്ടും തോൽ ധരിച്ചുകൊണ്ടുനടക്കേണ്ട തായി വന്നുവെന്നും, അതുകൊണ്ട് മറ്റുള്ളവർ പരിഹാസമായി തോലൻ എന്നു വിളിച്ചുതുടങ്ങിയെന്നുമാണ് ഇപ്പേരിനെപ്പറ്റിയുള്ള ഐതിഹ്യം. പിന്നീട് തോൽ അദ്ദേഹം സ്വയം പൊട്ടിച്ചു കളഞ്ഞുവത്രേ. സുഭദ്രാധനഞ്ജയത്തിൽ ചക്കിയേപ്പറ്റി രണ്ടു ശ്ലോകങ്ങളും കാണുന്നുണ്ട്.

"വാ നാറ്റം കവർനാറ്റമീറപൊടിയും ഭാവം കൊടുംക്രൂരമാം
വാക്കുംനോക്കുമിതാദിസർഗ്ഗവിഭവാൻ നിശ്ശേഷചക്കീഗുണാൻ
ഇച്ചക്യാമുപയുജ്യ പത്മജനഹോ ചക്യാണചക്യന്തരം
സൃഷ്ടിപ്പാനവവേണമിങ്കിലിഹവന്നെല്ലാമിരന്നീടണം.

അപി ച,
നാഴീഭിരുരിഭീരുഴഗ്ഭി
പാതിമണൽഭിസ്സൈവചാവലരിഭിഃ
യത്ര മനോരഥമുടനേ
സിദ്ധ്യതിതസൈനമോനമശ്ചക്കൈ.

## 13 വാസുഭട്ടതിരി

ഈ കവിയെപ്പറ്റി വിവരമായി യാതൊന്നും അറിയുന്നില്ല. യുധിഷ്ഠിരവിജയം കാവ്യത്തിൽ,[13] അസ്തി സഗജരാജഗതീ രാജവരോയേനഗതശ്രുഗജരാജഗതീ; ഭീഷണമധികം കവയഃസ്തുവന്തിജന്യംയദീയമധികം കവയഃ

വസ്യ ച വസുധാമവതഃ
കാലേ കുലശേഖരസ്യ വസുധാമതഃ;
വേദാനാമദ്ധ്യായീ
ഭാരതഗുരുരഭവദദ്യനാമധ്യായി.
യാ പ്രാപ രമാചാര്യം;
ദേവീ ച ഗിരാം പുരാണ പരമാചാര്യം;
യമശ്രുഭസന്തോദാന്തം
പരമേശ്വരമുപദിശന്തി സന്തോദാന്തം.
സമജനികശ്ചിത്തസ്യ
പ്രവണശിഷ്യോനുവർത്തകശ്ചിത്തസ്യ,
കാവ്യാനാമാലോകേ
പടുമനസോ വാസുദേവനാമാലോകേ."

---

[13] യാവനൊരുത്തനാൽ ജഗതി ഗതശ്രുക്കായും അജരയായും ഭവിക്കുന്നു. കവികൾ യാവനൊരുവന്റെ ഭീഷണമായും അധീകങ്കവയസ്സായും ഇരിക്കുന്ന ജന്യത്തെ സ്തുതിക്കുന്നു. ആ ഗജരാജഗതിയായ രാജവരൻ ഭവിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ഒരു പ്രാചീനസംസ്കൃതടീകയിൽ കുലശേഖരൻ മഹോദയപുരത്തിൽ വാണിരുന്ന ഒരു പെരുമാളാണെന്നും അദ്ദേഹത്തിന്റെ പേരു രാമവർമ്മാവെന്നാണെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം കൊല്ലവർഷാരംഭത്തിനുമുമ്പ് പെരുമാളിനെ ആശ്രയിച്ച് കൊടുങ്ങല്ലൂർ അധിവസിച്ചിരുന്ന ആളാണെന്നു പറയാം. ഭട്ടതിരിയുടെ ഗുരു പരമേശ്വരനാമാവായിരുന്നുവെന്നും ഊഹിക്കാവുന്നതാണ്. പ്രക്രിയാകാവ്യമായ വാസുദേവവിജയത്തിന്റേയും ഭ്രമരസന്ദേശത്തിന്റേയും കർത്താക്കന്മാരായി വേറെയും രണ്ടു വാസുദേവന്മാരെ കാണുന്നുണ്ട്. ഇവർ മൂന്നു പേരും മൂന്നുകാലത്തു ജീവിച്ചിരുന്നവരെന്നാണ് പരേതനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സിന്റെ അഭിപ്രായം. ഇവരിൽ പ്രാക്തനനായ യുധിഷ്ഠിരവിജയകർത്താവിനെപ്പറ്റി പല കഥകൾ ഉണ്ട്. അവയെ സംക്ഷേപിച്ച് ഇവിടെ ചേർക്കുന്നു.

ഗതശുക ഗതമായ ശുക്കോടുകൂടിയതു്. ശുക് ശോകം. അജരാ യൗവനക്ഷയം വരാത്ത. അതികങ്കവയസ്സ് അധിഗതമായ (പ്രാപിച്ച) കങ്ക പക്ഷി (കഴുകൻ) കളോടുകൂടിയതു്.

വാസുധാമവാനായി (വസ്തുക്കളോടും പുരങ്ങളോടും കൂടിയവനായി) വസുധയെ അവന്നായി (രക്ഷിച്ചിയങ്ങുന്നവനായി ഇരിക്കുന്ന) ആ കുലശേഖരന്റെ കാലത്ത് വേദാധ്യായിയായും ആദ്യന്റെ (ഈശ്വരന്റെ) നാമത്തെ ധ്യാനിക്കുന്നവനായും ഇരിക്കുന്ന ഭാരതഗുരു ഭവിച്ചു.

അദ്ദേഹം ബാല്യദശയിൽ വിദ്യ അഭ്യസിക്കാതെ ഒരു ഓതിക്കോന്റെ ദാസ്യം വഹിച്ച് ജീവിച്ചുവന്നു. അദ്ദേഹത്തിന്റെ അക്ഷരജ്ഞാനവിഹീനത നിമിത്തം, സമവയസ്കന്മാർ 'വാതു' എന്നാണ് വിളിക്കാറുണ്ടായിരുന്നതു്. വേദവും മറ്റും പഠിച്ചിട്ടില്ലെങ്കിലും പുരാണശ്രവണത്തിൽ അദ്ദേഹത്തിനു വളരെ ജാഗ്രത ഉണ്ടായിരുന്നു. തിരുവിളക്കാവു ശാസ്താൻകോവിലിനു സമീപത്തായിരുന്നു 'വതു'വിന്റെ ഇല്ലം. ആ കോവിലിൽ പോയി ദേവദർശനം നടത്തുന്ന വിഷയത്തിൽ അദ്ദേഹത്തിനു വലിയ നിഷ്ഠയായിരുന്നു. ഒരു ദിവസം മഴയുടെ കാഠിന്യംകൊണ്ട് കോവിലിൽ പോകുന്നതിനു താമസം നേരിട്ടു. ദർശനം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ, തോണി അക്കരെക്കിടക്കുന്നതു കണ്ട് 'ഇന്ന് ശാസ്താവുതന്നെ ഗതി' എന്നുള്ള വിചാരത്തോടുകൂടി തിരിച്ചു നടന്ന് നാലമ്പലത്തിൽ കേറിക്കിടന്നു. മഴനനഞ്ഞ് മുണ്ട് ഈറനായിരുന്നതിനാൽ "ശാസ്താവേ ഞാൻ എന്തുചെയ്യേണ്ടു" എന്നു ദീനസ്വരത്തിൽ വിലപിച്ചു. അപ്പോൾ, ' നീ എന്തിനു വ്യസനിക്കുന്നു? ഇതാ തടപ്പള്ളിയിൽ വിറകും തീയും ഇരിക്കുന്നു. കത്തിച്ചു തീ കാഞ്ഞുകൊള്ളരുതോ?' എന്ന് ഒരു അശരീരിയുണ്ടായി. കുളിരു മാറിയപ്പോൾ വിശപ്പു സഹിക്കാതെയായി. ക്ഷുൽബാധ ശമിപ്പിക്കുന്നതിന് ഒരു മാർഗ്ഗവും ഇല്ലല്ലോ എന്നു വിചാരിച്ചുകൊണ്ടിരിക്കേ, 'മൂലയിൽ ഒരു കദളിപ്പഴക്കുല ഇരിപ്പുണ്ട്; എടുത്തു തിന്നുകൊള്ളുക' എന്ന് വീണ്ടും ഒരു അശരീരി കേട്ട് ചെന്നു നോക്കിയപ്പോൾ, അവിടെ പഴം ഇരിക്കുന്നതായി കണ്ടു. പഴം മുഴുവനും തിന്നു തീർന്നിട്ട് തൊലി അവിടെ ഇട്ടിരുന്നു. പിറ്റേദിവസം വാരസ്യാരു വന്നുനോക്കിയപ്പോൾ വിറകു കാണായ്കയാൽ, 'ആരു വിറകെടുത്തു' എന്നു ചോദിച്ചു. അതിന്,

"വിറ കെട്ടപ്പാൻ വിറകെട്ടുത്തു
വിറകെട്ടുത്തു വിറ,കെട്ടുത്തു."

എന്നു പദ്യരൂപമായിട്ടാണ് മറുപടി പുറപ്പെട്ടത്. നിരക്ഷരകുക്ഷിയായിരുന്ന ഭട്ടതിരിയിൽ ഈ മാറ്റം കണ്ടപ്പോൾ, ബുദ്ധിശാലിനിയായ വാരസ്യാർക്ക് അതിൽ എന്തോ രഹസ്യമുണ്ടെന്നു മനസ്സിലായി. അവൾ ഭട്ടതിരിയോട്ട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. പഴത്തിന് ഇത്രമാത്രം ശക്തിയുണ്ടായാൽ, അതിന്റെ തൊലിക്കും അല്പമെങ്കിലും ശക്തി കാണാതിരിക്കയില്ലെന്നു വിചാരിച്ച് ആ വാരസ്യാരും ഒരു എഴുത്തച്ഛനും അവയെ പറക്കി തിന്നുകയും അപ്പോൾ മുതല്ക്ക കവികളായിത്തീരുകയും ചെയ്തുവത്രേ.[14]

നാഴികമണിയാറായി
നാരീണാം ഭൂഷണൗഘമണിയാറായി;
വാസരമണയാറായി
കോകീനാമശ്രുജാലമണയാറായി.

എന്ന പദ്യം ഈ വാരസ്യാരുടേതാണെന്നാണ് കേൾവി. ഇതു കൂടാതെ സുകുമാരകൃതമെന്നു പറഞ്ഞുവരുന്ന ശ്രീകൃഷ്ണവിജയം കാവ്യം ഈ വാരസ്യാരുടേതാണെന്നു ചിലരും, ശ്രീരാമോദന്തം അവരുടേതാണെന്നു മറ്റുചിലരും പറയുന്നു. കാളിദാസന്റെ രഘുവംശത്തിന് അണ്ണാമല എന്നൊരു വ്യാഖ്യാനം കൂടി ഈ വാരസ്യാർ എഴുതിവെച്ചിരുന്നുവെന്ന് ഭാഷാചരിത്രകാരൻ പ്രസ്താവിച്ചുകാണുന്നു. എന്നാൽ അണ്ണാമല എന്നത് അരുണാചലം എന്നതിന്റെ തത്ഭവമാണെന്നും തൽക്കർത്താവ് 'കാളീപുത്ര'നായ ഒരു അരുണാചലനാഥനായിരുന്നുവെന്നും വ്യാഖ്യാനത്തിൽ നിന്നു ഗ്രഹിക്കാം.

'അരുണാചല നാഥനേ, ദ്വിജ പാദാബ്ജസേവിനാ,
ശിവദാസാപരാഖ്യേന മയാ ടീകാ വിതന്യതേ.'

എന്നു വ്യാഖ്യാന പ്രാരംഭത്തിൽ പറഞ്ഞിട്ടുണ്ട്.

ഏതായാലും പഴവും തൊലിയും തിന്ന് കവിത്വം സമ്പാദിച്ചവരായ ഒന്നിലധികം ആളുകളേപ്പറ്റി ഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇക്കാലത്ത് അങ്ങനെ

[14] ഭട്ടതിരിയുടെ ജനനസ്ഥലം തിരുനാവായിൽ ആയിരുന്നെന്നും, ചെമ്രവട്ടത്തു ശാസ്താവിനെ മുടങ്ങാതെ ഭജിച്ചുകൊണ്ടു വരവേ, ഒരു ദിവസം ക്ഷേത്രദർശനത്തിന് സമയം വൈകിപ്പോയതിനാൽ, മാർഗ്ഗമദ്ധ്യേ ശാന്തിക്കാരനെ കണ്ടുവെന്നും "നട അടച്ചിട്ടില്ല; മലരും പഴവും നിവേദിച്ചുവെച്ചിട്ടുണ്ട്" എന്നു ശാന്തിക്കാരൻ പറഞ്ഞതനുസരിച്ച് അദ്ദേഹം ദർശനം നടത്തിയിട്ട് മലരും പഴവും തിന്നുവെന്നും, തിരിച്ചു പോരുംവഴി ശാന്തിക്കാരന്റെ ഭാര്യാഗൃഹമായ വാര്യത്തു കേറി അല്പം വിറകെട്ടുത്തപ്പോൾ, അത് വാരസ്യാർ യദൃച്ഛയാ കണ്ട്, എന്തിന് വിറകെട്ടുത്തു? എന്നു ചോദിച്ചുവെന്നും, മറ്റും ഈഷൽ ഭേദത്തോടുകൂടിയും ഈ കഥ ചില ദിക്കുകളിൽ പ്രചരിച്ചിട്ടുണ്ട്. ശാന്തിക്കാരന്റെ രൂപത്തിൽ വഴിയിൽ കണ്ടത് സാക്ഷാൽ ശാസ്താവണത്രേ.

ഒന്നും സംഭവിക്കാത്തത് വലിയ ഉപകാരമായെന്നേ പറയേണ്ടൂ. യുധിഷ്ഠിരവിജയം പോലെ ഏതാനും കവിതകൾ കൂടി ഉണ്ടാവാനിടവന്നിരുന്നെങ്കിൽ വായനക്കാരു ടെ സ്ഥിതി എത്ര പരുങ്ങലിൽ ആവുമായിരുന്നു.

“കീർത്തിമദഭ്രാം തേന
സ്മരതാം ഭാരതസുധാമദഭ്രന്തേന;
ജഗദപഹാസായ മിതാ
പാർത്ഥകഥാ കന്മഷാപഹാ യമിതം.”

എന്നിങ്ങനെ അദഭ്രകീർത്തിയേ സ്മരിച്ചിയങ്ങുന്നവനായ പ്രസ്തുത കവിയാൽ രചി ക്കപ്പെട്ട ഈ കാവ്യം ജഗദപഹാസത്തിനു പാത്രീഭവിക്കാതിരുന്നില്ലെന്ന് തോല കവി അതിനെ,

‘ഥ പ്രഥനന്ദാനന്ദം’ ഇത്യാദി പദ്യത്താൽ സല്ക്കരിച്ചതിൽനിന്നു. പ്രസ്തുതകാ വ്യം പദങ്ങൾകൊണ്ടുള്ള ഒരു വെറും ചെപ്പിടിക്കളിയാണ്. നളോദയകാവ്യവും, ചി ലർ പറയുംപോലെ ഭട്ടതിരിയുടെ കൃതിയാണെന്നുവരികിൽ, അദ്ദേഹത്തിന്റെ ജീവി തം, അത്യന്തം അധന്യമായ ഒരു വ്യവസായത്തിനു വേണ്ടി വ്യർത്ഥമായി ബലി കഴി ക്കപ്പെട്ടുപോയല്ലോ എന്നു വ്യസനിക്കയേ നിവൃത്തിയുള്ളൂ.

## 14 ഉപസംഹാരം

പലതരം പാട്ടുകളുടെ മാതൃകകൾ[15] ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ടല്ലോ. അന ന്തരകാലത്തുണ്ടായിട്ടുള്ള ഭാഷാവൃത്തങ്ങളിൽ മിക്കവയും പഴയ പാട്ടുകൾക്കു കട പ്പെട്ടിരിക്കുന്നു. വിസ്താരഭയത്താൽ രണ്ടു മൂന്നു ഉദാഹരണങ്ങൾ മാത്രമേ ഇവിടെ ചേർക്കുന്നുള്ളൂ.

“മുപ്പത്തിമൂന്നുമരം നട്ടകാലം
മൂന്നു മരമൽ താനേ മുളച്ചു;
ആ മരം പൂത്തൊരു പൂവുണ്ടേ എങ്കയ്യിൽ
ആർക്കാർക്കു ഇപ്പൂവു ചൂടാംപോൽ മാമ.”

എന്ന വള്ളോൻപാട്ടിലെ വൃത്തം പൂന്താനത്തിന്റേയും മറ്റും പാനകളിലും ഇരുപത്തി നാലുവൃത്തത്തിലും ജീവിക്കുന്നു.

“അമളിയോടു പിരമിച്ച പൂകറ പൈതലൊന്നറിവിച്ചുടൻ”

എന്ന തോറ്റൻ പാട്ടിലെ വൃത്തം ഇരുപത്തിനാലുവൃത്തത്തിലും തുള്ളൽപാട്ടുകളിലും കാണുന്നുണ്ട്.

---

15 അനുബന്ധം ‘സി’ നോക്കുക. അവിടെ കല്യാണക്കളി, കയ്യാങ്കളി, കൈകൊട്ടിക്കളി, കമ്പടിക്കളി ഇവയെപ്പറ്റി സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ട്.

"നന്തിയാർവട്ടപ്പൂവും, നടുമലർ വിളക്കും ചാന്തും
അന്തിയും പകലുമെല്ലാം അർച്ചിച്ചേൻ അടിമപുക്കേ."
"കണ്ട ചുരൻ തല തുണ്ടമിടുന്നവൾ
ചാമുണ്ടിയെന്നുള്ള നാമം തരിപ്പവൾ"

ഈ വൃത്തങ്ങൾ അല്പം രൂപാന്തരപ്പെട്ട് നമ്പ്യാരുടെ തുള്ളൽ പാട്ടുകളിൽ സ്ഥലം പിടിച്ചിരിക്കുന്നു.

ഇത്തരം പാട്ടുകളിലെല്ലാറ്റിലും കാവ്യരസം വിരളമാണെങ്കിലും അന്നത്തേ മലയാളികളുടെ സ്വഭാവഗതികൾ അവയിൽ ഏറെക്കുറെ പ്രതിഫലിച്ചിരിക്കുന്നു. ഒന്നാമതായി മലയാളികൾ പൊതുവേ ശൈവന്മാരായിരുന്നെന്നും ശിവൻ, ശാസ്താ, കാളി മുതലായ ദേവതകളേയാണ് അവർ ഉപാസിച്ചുവന്നതെന്നും അതിപുരാതനങ്ങളായ ഗാനങ്ങൾ വായിച്ചുനോക്കിയാൽ അറിയാം. കാലക്രമേണ വൈഷ്ണവമത തത്വങ്ങളും അവരുടെ ഇടയ്ക്കു് പ്രചരിച്ചുതുടങ്ങി. ഭൂതപ്രേതപിശാചാദികളിലും മറ്റും അവർക്ക് അതിരറ്റ വിശ്വാസമുണ്ടായിരുന്നു. ഭൂതങ്ങളുടെ പ്രീതിക്കായും മറ്റും ചില പാട്ടുകളും തുള്ളലുകളും[16] വീടുതോറും അവർ നടത്തിവന്നു. സർപ്പാരാധന ഇന്നും അസ്തമിച്ചിട്ടില്ല. പ്രാചീനകാലത്ത് സർപ്പപ്പാട്ട് ഓരോ വീട്ടിലും നടത്താറുണ്ടായിരുന്നു.

അക്ഷരജ്ഞാനം ഇല്ലാത്ത കേരളീയർ ചുരുക്കമായിരുന്നു. 'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ' എന്ന നീതി സാരവാക്യത്തേ ആധാരമാക്കി കേരളീയർക്ക് ആദികാലത്ത് അക്ഷര ജ്ഞാനമില്ലായിരുന്നുവെന്ന് ഭാഷാചരിത്രകാരൻ അഭ്യൂഹിക്കുന്നു. എന്നാൽ ആ വാക്യം തന്നെ വിപരീതാർത്ഥത്തേയാണ് ദ്യോതിപ്പിക്കുന്നത്. കേരളീയർ എല്ലാവരും ശൂദ്രരല്ലെന്നും, അഭ്യസ്തവിദ്യനായ ഒരുവനെ ശൂദ്രവൃത്തിയ്ക്കു്, അതായത് ദാസ്യത്തിനു നിയമിക്കുന്നത് ഉചിതമല്ലെന്നും മാത്രമേ ആ നീതിവാക്യത്തിൽനിന്നു ഗ്രഹിക്കേണ്ടതായിട്ടുള്ളു. ആദികാലങ്ങളിൽ കൃഷ്ണ, രാമ, ഗോവിന്ദ ഇത്യാദി നാമങ്ങളെ കേരളീയർ സ്വീകരിക്കാതിരിപ്പാൻവേണ്ടി, അവരുടെ ഇടയിൽ ഉമ്മിണി, കഞ്ചാളമ്പി, കുഞ്ചുമാടൻ, ചിരുത, ചക്കി, വള്ളി എന്നീ നികൃഷ്ടപ്പേരുകൾ നമ്പൂതിരിമാർ നടപ്പാക്കി എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതും വാസ്തവവിരുദ്ധവുമാകുന്നു. എന്തുകൊണ്ടെന്നാൽ മാടൻ, വള്ളി ഇവ രണ്ടും ദ്രാവിഡ ദേവതകളുടെ പേരുകളായതിനാൽ, അവയേ നമ്പൂതിരിമാർ വരുന്നതിനുമുമ്പും പിമ്പും കേരളീയർ ഉപയോഗിച്ചുവന്നു. ചിരുത ശ്രീദേവിയുടേയും, ചക്കി ശക്തിയുടേയും തത്ഭവങ്ങളാകുന്നു. തത്ഭവനാമങ്ങൾ നമ്പൂതിരിമാരും ധാരാളം സ്വീകരിക്കാറുണ്ടായിരുന്നു. ഇന്നും 'തുപ്പൻ' നമ്പൂതിരിമാർ അപൂർവമല്ല. രാജാക്കന്മാർക്കുപോലും ആതിച്ചൻ, ചാത്തൻ, കോത മുതലായ പേരുകൾ ആക്ഷേപാർഹമായി തോന്നിയിരുന്നില്ല. ആ സ്ഥിതിക്ക് ഭാഷാഭിമാനികളായിരുന്ന കേരളീയർ ദ്രാവിഡനാമങ്ങൾ ഉപേക്ഷിച്ച് സംസ്കൃതനാമങ്ങൾ കൈക്കൊള്ളാതിരുന്നതിന് ബ്രാ

[16] കണിതുള്ളൽ, ഗന്ധർവൻപാട്ട് മുതലായവ.

ഷണരെ അപരാധികളാക്കേണ്ട ആവശ്യമില്ല. ഇക്കാലത്തു് രാമൻ, കൃഷ്ണൻ മുതലായ പേരുകൾപോലും പരിഷ്കാരത്തിനു യോജിക്കുന്നില്ലെന്നു വിചാരിച്ചു് ആളുകൾ നല്ല നല്ല പേരുകൾക്കായി വംഗഭാഷാഖ്യായികകൾ പരിശോധിച്ചുതുടങ്ങിയിരിക്കുന്നതു് അവരുടെ ജാതീയബോധം (nationalism) നശിച്ചുപോയതുകൊണ്ടുമാത്രമാണ്. നമ്പൂരിമാർ എത്രതന്നെ പ്രബലന്മാരായിരുന്നെങ്കിലും, ക്ഷത്രവൃത്തി അവലംബിച്ചിരുന്ന നായന്മാരെ ചവുട്ടിത്താഴ്ത്തത്തക്ക ശക്തി അവർക്കു് ഒരു കാലത്തും സിദ്ധിച്ചിരുന്നില്ല. എന്നുമാത്രമല്ല, നമ്പൂരിമാരുടെ ഇപ്പോഴത്തെ അവസ്ഥ എന്തായിരുന്നാലും, 'വസുധൈവ കുടുംബക'ന്മാരായ ശങ്കരാചാര്യപ്രഭൃതികളുടെ ജനനം അവരുടെ കുലത്തിൽ ആയിരുന്നെന്നും, അവരുടെ മനസ്ഥിതി അത്ര വളരെ ഇടുങ്ങിയതായിരുന്നില്ലെന്നും വിചാരിക്കുന്നതിൽ വലിയ പിശകുണ്ടെന്നു തോന്നുന്നില്ല. പല അനാചാരങ്ങൾ അവർ പിൽക്കാലങ്ങളിൽ ഏർപ്പെടുത്തിയെന്നുള്ളതു പരമാർത്ഥംതന്നെ. എന്നാൽ അക്കാലംമുതല്ക്കു് അവരുടെ ആദ്ധ്യാത്മികനിലയ്ക്കു് ഇടിവു തുടങ്ങിയെന്നും ഓർക്കേണ്ടതാണ്.

നായന്മാരുടെ ഇടയ്ക്കു് അതിപുരാതനകാലം മുതല്ക്കു് എഴുത്താശാന്മാരുണ്ടായിരുന്നുവെന്നു സ്ഥാപിക്കുന്നതിന് മതിയായ ലക്ഷ്യങ്ങളുണ്ട്. ഒരു ക്ലിപ്തസമയം നിർബന്ധമുണ്ടായിരുന്നതിനാൽ, അവർക്കു സാഹിത്യക്കളരിയിൽ ഏറിയകാലം പയറ്റുന്നതിനു സാധിക്കാറില്ലായിരുന്നുവെന്നേയുള്ളു. ആയുധാഭ്യാസത്തിനു പ്രത്യേകം കളരികൾ ഉണ്ടായിരുന്നു. അവിടെ പതിനെട്ടു് അടവുകൾ ഓരോരുത്തനും ശീലിക്കേണമെന്നായിരുന്നു അന്നത്തേ ഏർപ്പാട്. ഇങ്ങനെ ശാസ്ത്രാഭ്യാസം സിദ്ധിച്ച അടവിൽ–ജനങ്ങളായിരുന്നു അതാതു നാടുകളെ സംരക്ഷിച്ചു വന്നതു്. ഓരോ അടവിലും ഇരുനൂറുപേർ വിതം അനേകം അടവുകൾ ഓരോ ദേശത്തും കാണാറുണ്ടായിരുന്നു. ഇപ്രകാരം ആയുധവിദ്യാസമ്പന്നരായി, ക്ഷത്രവൃത്തി അവലംബിച്ചു ജീവിക്കുന്നവർക്കു്, എഴുത്താണിയേ ഏകജീവികാവലംബമായി ഗണിച്ചുവരുന്നവരോടു് അതിരറ്റ ബഹുമാനം കാണുമോ എന്നു സന്ദിഗ്ദ്ധമാണ്. അതുകൊണ്ടു് അക്കാലത്തു് എഴുത്താശാന്മാരുടെ സ്ഥിതി വളരെ ശോഭനമായിരുന്നു എന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ഉള്ളതിനേ പൊതിഞ്ഞുവയ്ക്കാതെ തുറന്നു പറയുന്ന സ്വഭാവവും, അതിരറ്റ ആത്മാഭിമാനവും കേരളീയജനതയുടെ വ്യവച്ഛേദകധർമ്മങ്ങളാകുന്നു. ആ ഗുണങ്ങൾ അവരുടെ കവിതകളിലും പ്രതിഫലിച്ചു കാണാം. വിവിധങ്ങളായ കേരളീയ വിനോദങ്ങളിലും, അവയുടെ ഉപയോഗത്തിനായിട്ടു രചിക്കപ്പെട്ടിട്ടുള്ള പാട്ടുകളിലും നിന്നു് അവരുടെ ജീവിതക്രമങ്ങൾ, സ്വഭാവം, നടപടികൾ മുതലായവയെപ്പറ്റി നമുക്കു ഗ്രഹിക്കാം.

"എങ്കൾകുഴാം നല്ലറവർകുഴാമേ
ചൊല്ലുവോം മെയ്ചൊൽതഴപ്പ്
കള്ളരുന്തിടുവതുമില്ലോം

കൊണ്ടറപ്പറണവകൈ
യോരുവകയുമുൺപതില്ലോം."

ഇത്യാദി പാട്ടിൽനിന്ന് അന്നത്തെ നാകന്മാർ ജ്ഞാനികളും ധർമ്മനിഷ്ഠന്മാരും, മദ്യം മാസം മുതലായവ ഭക്ഷിക്കാത്തവരും, പരസ്ത്രീകളെ ദർശിക്കപോലും ചെയ്യാത്തവരും, ചോദിച്ചാലില്ലെന്നു പറയാൻ സംഗതി വന്നാൽ പ്രാണത്യാഗം ചെയ്യുന്നവരും ആയിരുന്നുവെന്നു കാണുന്നു. ഇതു് യുധിഷ്ഠിരന്റെ അശ്വമേധത്തെ അധികരിച്ചു രചിക്കപ്പെട്ടിട്ടുള്ള ഒരു പ്രാചീനഗാനത്തിന്റെ അംശമാണു്. തിറ വാങ്ങാനായി തെക്കൻ ദിക്കുകളിലെക്കു പുറപ്പെട്ട അർജ്ജുനന്റെ അടവുകളൊന്നും നാകന്മാരുടെ അടുക്കൽ പറ്റാതിരുന്നതുനിമിത്തം വിമനസ്കരായി ധർമ്മപുത്രരുടെ അടുക്കൽ ചെന്നു്, അവരോടു് യുദ്ധം ചെയ്‌വാൻ അനുവാദം ചോദിച്ചപ്പോൾ, അദ്ദേഹം അതിനു സമ്മതിച്ചില്ല. ധർമ്മിഷ്ഠന്മാരും സത്യവാദികളും ശൂരന്മാരുമായ നാകന്മാരോടു പടവെട്ടാൻ ഒരുമ്പെടുന്നതു വിഹിതമല്ലെന്നു് അദ്ദേഹം ഉപദേശിച്ചുവത്രേ. നാകന്മാർ അർജ്ജുനനോടു പറഞ്ഞ വാക്കുകളിൽ ചിലതിനേയാണു് മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്.

"അറന്താനേ യുരുവാന നാകത്താരേ
അറന്താനേ കരുവി[17] യാന നാകത്താരേ
അറന്താനേ ഉള്ളമാന നാകത്താരേ
അറന്താനേ കടവുളാന നാകത്താരേ
അറന്താനേ ഉലകമാന നാകത്താരേ
അറന്താനേ എവൈയുമാന നാകത്താരേ
ഉൾത്തിടമേ യുരുവാന നാകത്താരേ
കൈത്തിട[18] മേ കരുവാന നാകത്താരേ
മെയ്ത്തിടമേ മേനി[19] യാന നാകത്താരേ
പൊയ്ത്തിടരേ[20] പൊടിയാക്കും നാകത്താരേ
എത്തിശൈയും പുകൾക്കൊണ്ടു് നാകത്താരേ
ചിത്തി[21] മുത്തി[22] കൈകണ്ട നാകത്താരേ
വില്ലാളി വീരനാന നാകത്താരേ
വിരുതുകെട്ടി പടൈ വെല്ലും നാകത്താരേ
പുല്ലെന[23] വെല്ലാം തുറക്കും[24] നാകത്താരേ"

17 ഇന്ദ്രിയം.
18 കൈയൂക്കു്.
19 അഴകു്.
20 കള്ളന്മാർ.
21 സിദ്ധി.
22 മുക്തി.
23 പുല്ലെന്നപോലെ.
24 ത്യജിക്കും.

ഈ ഗാനത്തിൽ നാകന്മാരെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതെല്ലാം അക്ഷരംപ്രതി ശരിയാണെന്ന്, അവരെപ്പറ്റി പിൽക്കാലങ്ങളിൽ പാശ്ചാത്യന്മാർ പറഞ്ഞിട്ടുള്ളതിൽ നിന്നു തെളിയുന്നു.[25]

കുട്ടികളുടെ വിനോദഗാനങ്ങൾ പോലും കേരളീയരുടെ സത്യനിഷ്ഠയ്ക്കു് ഉപലക്ഷകമായിരിക്കുന്നു. ഈൎക്കിലിക്കിത്തമ്പലം എന്നൊരു വിനോദം അതിപുരാതനകാലം മുതല്ക്കേ കേരളത്തിൽ നടപ്പുണ്ട്. കുറേ മണൽ കൂട്ടി അതിൽ ഒരു ചെറിയ ഈൎക്കിൽ മുറി ഒളിച്ചുവെയ്ക്കുന്നു. മറ്റൊരു കുട്ടി അതിനെ കണ്ടുപിടിക്കാൻ നോക്കീട്ട് ഫലിക്കാത്ത പക്ഷം ആദ്യത്തെ കുട്ടി അവനെ കണ്ണുപൊത്തി ദൂരത്ത് ഒരു സ്ഥലത്തു കൊണ്ടുപോയി വിടുന്നു. സമാധാനരക്ഷ പഴയ കാലങ്ങളിൽ നായന്മാരുടെ ജോലി ആയിരുന്നതിനാൽ, അവരുടെ കുട്ടികൾ കള്ളം തെളിയിക്കുന്നതിനു ബാല്യദശയിലെ ശീലിച്ചുവന്നതു സ്വാഭാവികമായിരുന്നു. ആ വിഷയത്തിൽ പരാജിതന്മാരാകുന്നതു വലിയ കുറവാണെന്നു സൂചിപ്പിച്ച്, ഈ കളി അവർക്ക് ഉന്മേഷവും നൽകിവന്നു.

മോഷണം ഒരു വലിയ പാതകമായി ഗണിക്കപ്പെട്ടിരുന്നുവെന്ന്, അറുപ്പൊത്തിറുപ്പോത്തിക്കളിയിൽനിന്ന് മനസ്സിലാക്കാം.

"അറുപ്പോത്തിറുപ്പോത്തി, തൊങ്ങലം മങ്ങലം[26]
അറുപ്പാൻ പന്തലിൽ പന്ത്രണ്ടാന പടി കടന്നു
ചീപ്പു കണ്ടില്ല, ചിറ്റാട കണ്ടില്ല,
കോതിമുടിഞ്ഞ തലമുടി കണ്ടില്ല
ആരെടുത്തു? കോതയെടുത്തു. കോതേടെ കയ്യീന്നു തട്ടിപ്പറിച്ചു.
പണ്ടാരത്തോക്കും പടയും വരുമ്മുമ്പേ എന്റെ
കുഞ്ഞിന്റെ കാലോ കയ്യോ ഒന്നു കുള."

കേരളീയർ പൊതുവെ ശൈവന്മാരായിരുന്നുവെന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മിക്ക ഗാനങ്ങളിലും ശിവസ്തുതിയാണ് ആദ്യമായി കാണുന്നത്. വേദാന്ത തത്വങ്ങൾ കേരളീയരുടെ ഇടയ്ക്കു പ്രചരിപ്പിച്ചതു് കേരളീയബ്രാഹ്മമരാണെന്നു പലരും വിശ്വസിച്ചുപോരുന്നുണ്ട്. എന്നാൽ സംഘകാലത്തിനു മുമ്പും പിമ്പും ഉണ്ടായ ദ്രാവിഡകവികളാണ് ഈ സംഗതിയിൽ കേരളീയർക്ക് മാർഗ്ഗദർശികളായിരുന്നതെന്നു തീർച്ച പറയാവുന്നതാണ്. വെറും വിനോദങ്ങൾക്കായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഗാനങ്ങളിൽപോലും വേദാന്തതത്വങ്ങൾ അന്തർഭവിച്ചിരിക്കുന്നു. ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം എടുത്തുകാണിക്കാം.

25 കൊച്ചിരാജാവിന്റെ കീഴിൽ അമ്മാച്ചി എന്നും നായർ എന്നും വിളിക്കപ്പെടുന്ന ഒട്ടു വളരെ പ്രമാണികൾ ഉണ്ടെന്നും അവർ രാജാവിന്റെ മാനത്തെ സംരക്ഷിക്കുന്നതിനു വേണ്ടി പ്രാണൻ പോലും ബലി കഴിക്കുന്നുവെന്നും പർച്ചാസ് പറഞ്ഞിരിക്കുന്നു.

26 ഈ പാട്ടു് വളരെ പുരാതനമാണെന്ന് അഭിപ്രായമില്ല.

## 15 കോളരിപ്പാട്ട്

"കോളരിയേ[27] കോളരിയേ, കോലമിയന്റൊരു കോളരിയേ,
കണ്ടാരുൾവെളികോളരിയേ, കാണാതോർക്കിരുൾ കോളരിയേ
ഒമ്പതു വായ്ക്കൂട്ടിൽ മുകടുള്ളുത്തുറ്റവിളങ്കിയ കോളരിയേ,
ആറും താണ്ട ച്ചെന്നാലക്കരെയരൺമനൈമേവിന കോളരിയേ"

വള്ളുവൻപാട്ടു വേദാന്തപരമാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇനി കോനാർപാട്ട് ഒന്നു നോക്കുക.

"കോനാരേ, കൈകൊട്ടിപ്പാടുവീരേ!
കൊണ്ടു നടിച്ചു കൂത്താടുവീരേ!
മാനമെനക്കോട്ടു പോടു വീരേ!
മാലറ്റു മാവിൻപം കൂടുവീരേ!
തീയും പുനലും വളി വീശുമ്പം
മണ്ണും കലർന്തു മടമ്പിക്കെട്ടി
വീട്ടിലിരിക്കും നർപ്പേരനാരേ
പാടുവീർ, പാടുവീർ, പാവലരേ."

ഇതും വേദാന്തപരം തന്നെ. താഴെ ഉദ്ധരിച്ചിരിക്കുന്ന പെരുമ്പെട്ടിപ്പാട്ടും അങ്ങിനെതന്നെ.

"തിങ്കൾ പരിതി തിരിന്തൊടുങ്കം പെരുമ്പെട്ടി,
തേന്തൂറിവന്തു തെളിന്തിരുക്കും പെരുമ്പെട്ടി,
മാനമറ്റുത്തുയർക്കുമാളാപ്പെരുമ്പെട്ടി,
മണ്ണു വിണ്ണു മറ്റനൈത്തു മടംകം പെരുമ്പെട്ടി."

വേദാന്തതത്വങ്ങൾ അതിപുരാതനകാലത്തേ കേരളീയരുടെ ഇടയ്ക്ക് പ്രചരിച്ചുവെങ്കിലും, മായാവാദത്തിന് അടിമപ്പെട്ട് അവർ ജീവിതത്തെ വലിയ ഭാരമായി ഗണിച്ചിരുന്നില്ല. അവർ സദാ ഉത്സാഹശീലന്മാരും പ്രസന്നരും ആയിരുന്നു. പോരിനു പുറപ്പെടുന്ന അവസരത്തിൽപ്പോലും, അവർ വെടി പറഞ്ഞുവന്നു. ഉത്സവം കാണാൻ പോകുംപോലെയായിരുന്നു യുദ്ധത്തിനുള്ള ഒരുക്കവും പുറപ്പാടും.

പഴയപാട്ടുകളെ സ്വയം ശേഖരിച്ചു വെയ്ക്കുന്നതിനോ, അങ്ങനെ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനോ ഇന്നത്തെ കേരളീയർ ശ്രമിക്കാത്തതു വലിയ കഷ്ടമാണ്. ഈ വിഷയത്തിൽ സരസഗദ്യകാരനായ മിസ്റ്റർ സി. പി. ഗോവിന്ദപ്പിള്ള ചെയ്തിട്ടുള്ള ശ്രമം സർവഥാശ്ലാഘാർഹമാകുന്നു. കേരളീയചരിത്രത്തിന്റെ ഇരുളടഞ്ഞമൂലകളിൽ വെളിച്ചം പതിപ്പിക്കുന്ന ഇത്തരം ഗാനങ്ങൾ സാഹിത്യ

[27] സിംഹമേ.

രസം കുറഞ്ഞവയാണെന്നിരുന്നാലും ചരിത്രകാരന്റെ ദൃഷ്ടിയിൽ അമൂല്യസമ്പത്തുകൾ തന്നെയാണ്.

## — 1.6 —

# കേരളീയചരിതം (തുടർച്ച)

പെരുമാക്കന്മാരുടെ വാഴ്ച ക്രിസ്തുവർഷം എട്ടാം ശതകത്തോടുകൂടി അവസാനിച്ചുവെന്ന് വിചാരിക്കാനാണ് ന്യായം. ഒടുവിലത്തെ പെരുമാൾ ഭാസ്കരരവിവർമ്മയായിരുന്നുവെന്നും അദ്ദേഹം ക്രിസ്തുവർഷം 345-ൽ രാജ്യഭാരം തുടങ്ങിയെന്നും പന്ത്രണ്ടുകൊല്ലം വളരെ ശോഭനമായ വിധത്തിൽ നാടുവാണശേഷം തിരിച്ചുപോകാൻ ഭാവിച്ചപ്പോൾ, ബ്രാഹ്മണർ തടഞ്ഞതിനാൽ ക്രിസ്തുവർഷം 428-വരെ രാജ്യം ഭരിച്ചുവെന്നും, അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ സുന്ദരസ്വാമി എന്ന് ഒരു കവിയുണ്ടായിരുന്നെന്നും ഭാഷാചരിത്രകർത്താവ് അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ ഈ കാലഗണന ശരിയാവാൻ തരമില്ലെന്ന് തപതീസംവരണാദി നാടകങ്ങളുടെ കർത്താവായ കുലശേഖരപ്പെരുമാളെപ്പറ്റി പറഞ്ഞിട്ടുള്ളതിൽനിന്നും തെളിയുന്നു. ‘ഭ്രമം ഭൂപോയം പ്രാപ്യ’ എന്ന ഒരു കലിദിനം കേരളപ്പഴമകളിൽ കാണുന്നുണ്ട്. എന്നാൽ കേരളമാഹാത്മ്യത്തേയും കേരളോല്പത്തിയേയും നമുക്ക് പ്രമാണഗ്രന്ഥങ്ങളായി അംഗീകരിക്കാൻ നിവൃത്തിയില്ല. ഒടുവിലത്തേ പെരുമാൾ മഹമ്മദുമതം സ്വീകരിച്ചതായി പറഞ്ഞിട്ടുള്ളതുതന്നെ അതിന്റെ അവിശ്വാസ്യതയ്ക്കു നിദർശകമായിരിക്കുന്നു. ക്രിസ്തുവർഷം നാലാം ശതകത്തിൽ മഹമ്മദു നബി ജനിക്കാൻ ഭാവിക്കപോലും ചെയ്തിട്ടില്ലല്ലോ.

ഇക്കാലത്തിനിടയ്ക്കു കേരളത്തിൽ വലിയ മാറ്റങ്ങൾ പലതും സംഭവിച്ചുകഴിഞ്ഞിരുന്നു. ബ്രാഹ്മണർ ക്ഷേത്രങ്ങൾ സ്ഥാപിച്ചും നയവൈദഗ്ധ്യം കൊണ്ടും ക്ഷത്രതേജസ്വികളായിരുന്ന നായന്മാരെ കീഴടക്കുകയും ജാതിക്കോട്ട അല്പാല്പമായി കെട്ടിയുറപ്പിച്ചു തുടങ്ങുകയും ചെയ്തു. ഇപ്പോൾ കിട്ടീട്ടുള്ളതും മുമ്പു സൂചിപ്പിക്കപ്പെട്ടിട്ടുള്ളതുമായ മൂന്നു ലേഖനങ്ങളിൽനിന്നും ജാതിവ്യത്യാസം ഉറച്ചുതുടങ്ങിയെന്ന് നമുക്ക് നിഷ്പ്രയാസം ഗ്രഹിക്കാം. ചരിത്രപിപഠിഷുക്കൾക്ക് അത്യന്തം ഉപയോഗപ്രദമായതുകൊണ്ട് ആ താമ്രശാസനങ്ങളെ ഇവിടെ ഉദ്ധരിക്കുന്നു.

### 1 ഒന്നാം ശാസനം

സ്വസ്തിശ്രീ കോ(ഗോ)ണ്ണൈക്കൊണ്ടാൻ കോശ്രീപാർക്കര ഇരവിവർമ്മൻ തിരുവടി പലനൂറായിരത്താണ്ടും ചെംകോൽ നടത്തിയാളാനിന്റയാണ്ടു ഇരണ്ടാമാണ്ടേ

ക്ക് എതിർ മുപ്പത്താറാമാണ്ടു മുയിരിക്കോട്ടു ഇരുന്തരുളിയ നാൾ പിരശാദിച്ച അരുളിയ പിരശാതം ആവത്. ഇസൂപ്പ ഇരുപ്പാനുക്ക് അഞ്ചുവണ്ണം പിടിയാളും വായനത്താളും പകുതമും അഞ്ചുവണ്ണപ്പേരും പകൽ വിളക്കും പാവാടയും അയ്ന്തോളകമും മകകലമും, അയ്ക്കോളമും കുടയും വട്ടകപ്പറയും മലകലമും ഇട്ടുപിടിയും തോരണവും തോരണവിദാനമും സർവം മിക്കും എഴുപത്തിരണ്ടു വീട്ടുപേരും, കൂടെ കുടുത്തോം. ഉലകിൽ തല കൂലിയും വിടോം. മറ്റും നഗരത്തിൽ കുടികൾ കോയിൽക്ക് ഇറക്കുമതു ഇവൻ ഇരമെയും പെറുമതുപെറുവും ആക ചെപ്പേട്ടു ചെയ്തു കുടുത്തോം. അഞ്ചുവണ്ണമുടയ ഇസൂപ്പ ഇറുപ്പാനുക്കും പെൺമക്കളെക്കൊണ്ടു മരുമക്കൾക്കും സന്തിതിപിരകിരിതി ഉലകം ശന്തിരനും ഉള്ള അളവും അഞ്ചുവണ്ണം സന്തിതിപ്പിരകിരിതി (ശ്രീ) ഇപ്പരി അറിവേൻ വേണാട്ടുടയകോവർത്തനമാർത്താണ്ഡൻ. ഇപ്പരി അറിവേൻ പെൺപലിനാട്ടുടയ കോതൈ ശിതികണ്ടൻ. ഇപ്പരി അറിവേൻ എറളനാട്ടുടയ ഇരായിരൻ ശാത്തൻ. ഇപ്പരി അറിവേൻ കീഴ്ച്ചുണ്ടിനായകം ശെയ്യിന്റെ മൂർക്കൻ ശാത്തൻ വന്റലശേരിക്കണ്ടൻ കുന്റപ്പൊഴനായ കീഴ്വായിക്കേളപ്പനെഴുത്തു.

## 2 രണ്ടാം ശാസനം

ഹരിശ്രീമഹാഗണപതയേ നമഃ ശ്രീഭൂപാല നരപതി വീരകേരളചക്രവർത്തി ആതിയായി മുറമുറൈയേ പല നൂറായിരത്താണ്ടു ചെങ്കോൽ നടത്തായിനിന്റ ശ്രീ വീരരാഘവശക്രവർത്തി തിരുവിരാജ്യം ചൊല്ലായിന്റെ മകരത്തുൾവിയാഴം മീനഞായറ്റു ഇരുപത്തൊന്റു ചെന്റ ശനിരോഹണിനാൾ പെരിൻകോയിലകത്തിരുന്നരുളെ മകോതൈയർ പടണത്തു ഇരവികോർത്തനാന ചേരമാൻ ലോകപെരുംചെടിക്ക് മണക്കിരാമപ്പടം കുടുത്തോം. വിളാപാടയും പവനത്താങ്കും വെറുപേരും കടത്തുവളെഞ്ചിയവും വളഞ്ചിയത്തിൽ തനിച്ചെട്ടും, മൃ(ൻ)ച്ചൊല്ലും, മുന്നടൈയും, പഞ്ചവാദ്യമും ശംഖും, പകൽവിളക്കും, പാവാടായും, അയ്ന്തോളവും കൊറ്റക്കുടയും, വട്ടകപ്പറയും, ഇട്ടുപിടിത്തോരണവും, നാലുചേരിക്കും തനിച്ചെട്ടും കുടുത്തോം. വാണിയരേയും, കമ്മാളരേയും അടിമ കുടുത്തോം. നഗരക്കുത്തു കർത്താവായ ഇരവി കൊർത്തനുക്ക് പറകൊണ്ടളന്തു നിറകൊണ്ടു തൂക്കി നൂൽകൊണ്ടു പാകിയെണ്ണിന്റതിലും ഉവി(പ്പി)നോട്ടു ശർക്കരയോട്ടു കസ്തൂരിയോട്ടു വിളക്കെണ്ണയോട്ടു ഇടയിൽ ഉള്ളത് എപ്പേർപെട്ടതിനും തരകും അതിനട്ടുത്ത ചുങ്കവും കൂട കൊടുങ്കല്ലൂർ അഴിവിയോട്ട്, ഗോപുരത്തോട്ടു, വിശേഷാൽ നാലുതളിയും തളിക്കടുത്ത കിരാമത്തോടിടയിൽ നീർ മുതലായി ചെപ്പേട്ടു എഴുതിക്കുടുത്തോം. ചേരമാൻ ലോകപ്പെരുംചെടിയാന ഇരവി കൊർത്തനുക്ക് ഇവൻ മക്കൾ മക്കൾക്കെ വഴിവഴിയെ വേറാക കുടുത്തോം. ഇതറിയും പൻറിയൂർ കിരാതമും ചൊകിരകിരമമും അറിയ കുടുത്തോം. ഏറനാട്ടും പുള്ളുവനാട്ടുമറിയക്കുടുത്തോം. ചന്ദ്രാദിത്യകളുള്ള നാളെക്ക കുടുത്തോം. ഇവർകൾ അറിയെ ചെപ്പേടെഴുതിയ ചെരമാൻ ലോകപ്പെരുന്തടാൻ നമ്പിച്ചടയൻ കയ്യെഴുത്ത്.

## 3 മൂന്നാം ശാസനം

സ്വസ്തി കൊത്താണ്ട ഇരവികുത്താൻ പല നൂറായിരത്താണ്ടും മമകുതലൈ ശിറന്ത
ടിപ്പട്ടുത്താളാ നിന്റയാണ്ടുൾ ശെല്ലാനിന്റെയാണ്ടെത്തുളർവാണ്ടു വേണാട്ടു വാഴ്ക്കിന്റ
അയ്യനടികടിരുവടിയുമതികാരരും പിരകിരുതിയുമഞ്ചെ വർണ്ണവും പുന്നൈത്ത
ലേപ്പതിയുമുൾവൈത്തുക്കരക്കേണിക്കൊല്ലത്തുഈശോ തവിരായിശെയവിത്ത
തരുസാപ്പള്ളിക്കു അയ്യനടി കടിരുവടി കുടുത്തവിട്ടുപെറാവതു. നാങ്കുടി ഈഴവരും
മയ്ക്കുടിക്കെറുമിഴകൈയരെത്തമരും ഇവ(ർ)കൾ വന്നിരുപമൊരു വണ്ണാക്കുടിയും
മിവ്വതിനവർക്കന്തളെക്കാണമുമേണിക്കാണമുമാനൈമേയിപ്പാൻ കൊള്ളുമിറൈ
യുഞ്ചൊൻറാൻ ചാട്ടുമെരി പൊന്നുംപൊലിപൊന്നുമിരപുശോഭങ്കെ ള്ളപ്പെരാർ വാ
രക്കൊലുങ്കുവ്വാനും പൈഞ്ചക കണ്ടിയും മുന്നമ് പെറ്റൈയൻ താനുമ്വിട്ടുപെറാക
അട്ടികുടുത്തെൻ. ഇന്നംക്കുടി ഈഴവരുമൊരുക്കുടിവണ്ണാരു(മ്) ഇരണ്ടു കുടിയരും
ഒ(ഇ)രുക്കുടി തച്ചരുമടൈ(പൈ)യപൂമിയ്ക്ക് കാരാഴർ നാങ്കുടി വെള്ളാളരും ഇവ്വ
നൈവരും തേവർക്കു നടുവൻനടു ഇടുവൻ ഇട്ടുപള്ളിയ്ക്ക് എണ്ണെയ്ക്കും മറ്റമ്ചെണ്ടു
ഞ്ചടങ്കറവു പാരാതെയ് ശെയ്യക്കടവരാക ശമൈച്ചു ഇന്നകരമ്കണ്ട നീരെറ്റമരു
വാൻ സവിരീശോശെയ്വിത്ത് തരിസാപ്പള്ളിക്കുക്കുടുത്ത ഭൂമിയാവതു്. കോയില
തികാരികൾ വിജയരാകുതേവർ ഉൾപ്പട ഇരുന്തരുളി പിടിനടത്തി നീർത്തുള്ളിയൊ
ട്ടുകുട അയ്യനടികൾ തിരുവടിയും, ഇളംകൂർവാഴിന്റെ രാമതിരുവടിയും അതികാര
രും, പ്രകൃതിയും, അറുന്നൂറ്റവരും, പുന്നൈത്തലൈപ്പതിയും, പൂളൈക്കുടിപ്പതിയും,
ഉൾപ്പടവച്ചു ഇപ്പൂമിക്കെല്ലൈ കിഴക്കു വയല് കാടൈയെല്ലൈയാകവും കോവലുൾ
പ്പെടത്തെൻകിഴക്കു ശിറുവാതിൽക്കാൽ മതിലെയെല്ലൈയാകവും പടിഞ്ഞാറു കട
ലെയെല്ലൈയാകവും വടക്കുത്തൊരണത്തൊട്ടുമെയെല്ലൈയാകവും വടകിഴക്കുപു
ന്നൈത്തലൈ അണ്ടിലൻ തൊട്ടുമെയെല്ലയാകവുമ്-ഇന്നാൻ കെല്ലൈക്കുമ് അക
പ്പെട്ട ഭൂമിപിടിനടത്തി ഉലകം ശന്തിരാതിത്തിയരും ഒള്ളനാളെല്ലാഞ്ചെപ്പ പത്തി
രാശെയിതു കുടുത്തേൻ അയ്യനടികൾ തിരുവടിയും ഇരാമതിരുവടിയും കൊയില
തികാരികളും പടമൈ(വ)ത്തരുളി ഇപ്പൂമിയിൽ കുടികളയും എപ്പിഴൈശൊല്ലിയും
പള്ളിയാരെയിപ്പിഴൈയുമയഴിയും തലൈവിലൈയും മുലൈവിലയും പള്ളിയാരെ
കൊള്ളപ്പെറുവാർ-നന്തമർ എപ്പേർപെട്ടോരും എപ്പിഴൈശൊല്ലിയും പൂമിത്തലൈ
യും കുടികൾ പാടഞ്ചൊല്ലപ്പെറാർ. അറുന്നൂറ്റവരും അഞ്ചുവർണ്ണമും മണിക്കിരാമമും
ഇരക്ഷിക്കടവർ പള്ളിയെയും ഭൂമിയും ഉലകുശന്തിരാതിത്തിയരുമ് ഒള്ള നാളെ
ല്ലാഞ്ചെപ്പപത്തിരത്തിൽപ്പട വണ്ണഞ്ചെയ്തു കൊള്ളക്കടവർ. അഞ്ചുവണ്ണമും മണി
ക്കിരാമമുമ് ഇവ(ർ)കൾക്ക് കൊയിലതികാരികൾ വിയരാകു(ശ?) തേവരുൾപ്പട്ട
ഇരുന്തരുളി ഇവ(ർ)കൾക്കു കുടുത്ത വിട്ടുപൊറാവതു അറുപതിനൊൻറുലകങ്കൾ
പ(വ)പരത്തിലുലകിലൈയാകവും അഴിവുലകില്ലൈയാകവും ഇവ(ർ)കൾ കൊള്ളു
മ് അടിമൈക്കു ആൾകാശുകൊള്ളപ്പെറാരാകവും പായിനമ് വരുമതിൽ വരത്തിലും
പോക്കിലും എട്ടുകാശുകൊള്ളക്കടവാരാകവും- പെടിയിലും പടകിലും പോകിലും

വരത്തിലുന്നാലുകാശു കൊള്ളകടവരാകവും ഉലകുപടുഞ്ചരക്ക ഇവ(ർ)കളൈ കൂട വച്ചു ഉലകുവിട്ടപ്പതാകുമുമ് ശരക്കുമിലൈ യിട്ടമിടത്തും മറ്റമേ സാമികാരിയം എക്കാരിയമുമ് ഇവ(ർ)കളെ കൂടിയെ ശെഴ്വതാകുവുമ്-അന്റന്റ പടുമുലകു അഞ്ചുവണ്ണവുമ് മണിക്കിരാമവും ഇലച്ചിച്ച വൈയ്യതാകവുമ് നാലുവാതിലകത്തുമ് വിളക്കും പൂമിയാക കാരാൺമൈ കൊടുക്കുമെടുത്തും കൊപ്പതവാരം കോയിൽ കൊണ്ടുപതിപ്പതവാരം അഞ്ചുവണ്ണവും മണിക്കിരാമവുങൊൾ വതാക-ഇവ(ർ)കൾക്ക് മങ്കലത്തുക്ക് ആനൈമൈൽ മണ്ണനീർ മുതലാക എഴുപത്തിരണ്ടു വിടപെറും വച്ചുകുടുത്താർ.– കോയിലതികാരികൾ വിയരാക തേവർ ഉൾപ്പട്ട ഇരുന്തരുളി അയ്യനടികൾ തിരുവടിയും രാമതിരുവടിയും, പ്രകൃതിയും, അതികാരരും, അറുന്നൂറ്റവരും പുന്നൈത്തലൈപ്പതിയും പൂളൈക്കുടിപ്പതിയും ഉൾപ്പെട വൈത്തു ഉലകം ശന്തിരാതിത്തിയരും ഒള്ള നാളെല്ലാവും ഇപ്പടിപേറെല്ലാഞ്ചെപ്പ പത്തിരത്തിൽപ്പടവണ്ണഞ്ചെയ്തുകൊള്ളപ്പെറ്റവർ. അഞ്ചു വർണ്ണമുമ് മണിക്കിരാമവുമ് ഇവ(ർ)കൾക്ക് അന്നിയായം ഒണ്ടായാൽ ഉലകു തുലാക്കുലി തട്ടുത്തുന്തങ്കൾ അഞ്ഞ്യായം തീത്തുകൊള്ളക്കടവർ താങ്കൾ ചെയ്യും പിഴെയുണ്ടാകിറ്റങ്കളൈക്കൊണ്ടെയാരാഞ്ഞു കൊള്ളക്കടവരാകവും ഇന്നരകത്തുക്ക കാരാളരാകന്നീരേറ്റാർ അഞ്ചുവണ്ണവും മണിക്കിരാമവും ഇവകളിരണ്ടുതലൈയാരുംകൂടി ചെയ്‌വതെയ് കരുമമാകവും ഇന്നകരം കണ്ടു നീരെറ്റാർ മരുമാൻ സവിരീശോ മുന്നം പള്ളിയാർ പെറ്റടൈയവാരക്കൊലുർവ്വഞ്ചക്കണ്ടിയും മറൈവാനസപിരീശൊ പെറുത്തു നിറൈക്കുലി പള്ളിക്കു കുടുക്കക്കടവർ. ഇതുവുമ് അടിവപ്പെറാക കൊട്ടുത്തേൻ- ഉലകുശന്തിരാതിത്തിയരും ഉള്ളനാളെല്ലാം മെവ്വകൈപ്പെട ഇറൈയുന്തിരിസാപ്പള്ളിയാർക്കു വിട്ടുപെറാകശെപ്പപ്പത്തിരഞ്ചെയ്തടിക്കുടുത്തെൻ-ഇപ്പിഴവർ തമപ(വ)ണ്ടികുണന്തങ്കാടിയിലും മതിലിലും വിയാപരിക്കപ്പെറ്റവർവണ്ണാനും വന്തങ്കാടിയിലും മതിലിലും വന്തു തൻ പണിചെയ്തു കൊള്ളപ്പെറ്റന്തീയവാൾ വാനും മതിനായകനും മറ്റ മെർവ്വകൈപ്പടാരും മെപ്പിഴൈ ശൊല്ലിയുമിവ(ർ)കളെ തട്ടമാറുപ്പേറാർ-ഇവ(ർ)കളൈപ്പിഴൈ ശെയ്യിലും പള്ളിയാരെയിആരാന്തു കൊള്ളപ്പെറ്റവർ ഉലകും ശന്തിരാതിത്തരും ഉള്ള നാളെല്ലാം ചെപ്പപ്പത്തിരത്തിൽ പടവരിതു വീടുപേരു ആടിപ്പേറാക അടിക്കുടുത്തേൻ-ഇപ്പരിതു വീടുപെറു അടിപ്പേറാകു അയ്യനടി കടിരുവടിയാൽ തരിസാപള്ളിക്കു അടുപിട്ടുത്തുക്കുടുത്തു മരുവാന് സപീരിശോ ഇതുകാലത്തില(ച്ചി)ക്കിൽ കെതിക്കും മവർകുത്തെവരൈയനക്കിരാമഞ്ചെയ്‌വാറാക അയനെഴുത്തു–വെൾക്കുലശുന്തരനക്കുമൊക്കും വിശൈയ.

ഈ ലേഖനങ്ങളിൻനിന്ന് ജാതിവ്യത്യാസം കേരളത്തിൽ ഏറെക്കുറെ പ്രബലപ്പെട്ടുതുടങ്ങി എന്നു വ്യക്തമാകുന്നു.

ഇവയുടെ കാലംനിർണ്ണയിക്കുന്ന കാര്യം വളരെ വിഷമമായിടാണ് ഇരിക്കുന്നതു്. ശ്രീ. വീരരാഘവപ്പെരുമാളിന്റെ കാലം എ. ഡി.230 ആണെന്ന് മിസ്റ്റർ ശങ്കുണ്ണിമേനോൻ പറയുന്നു. മകരവ്യാഴം, മീനഞായർ 21-ാനു-രോഹിണി നക്ഷത്രം

ഇവയൊക്കെ ശരിയായിരിക്കുന്ന ഒരു വർഷമാണെന്നു മാത്രമേ ഈ ലേഖനത്തിൽ നിന്നും ഗ്രഹിക്കാവൂ. സ്ഥാണുരവിഗുപ്തപെരുമാളിന്റെ ശാസനം 280-ലും ഭാസ്കര വിവർമ്മയുടേതു് 381-ലും ആയിരുന്നുവെന്നാണ് ഭാഷാചരിത്രകാരൻ പറയുന്നതു്. ഈ കാലഗണനങ്ങൾ ശരിയാണെങ്കിൽ ഒടുവിലത്തെപെരുമാൾ ഭാസ്കരരവിവർ മ്മ ആയിരിക്കാൻ ഇടയില്ലെന്നുമാത്രമേ തല്ക്കാലം പറയാൻ നിവൃത്തിയുള്ളൂ. പ്ര സ്തുത ശാസനങ്ങൾ കൊല്ലവർഷാരംഭത്തിൽ ഉണ്ടായതാണെന്നാണ് ബർണ്ണലി ന്റെ അഭിപ്രായം.

## 4 കൊല്ലവർഷാരംഭം

കലിവർഷം 3926-ന് ക്രിസ്ത്വബ്ദം 825-ൽ തിരുവിതാംകൂർ രാജ്യഭാരം ചെയ്തിരു ന്ന ഉദയമാർത്താണ്ഡവർമ്മ മഹാരാജാവു് കൊല്ലത്തു് എഴുന്നള്ളി കേരളത്തിലെ സകല വിദ്വാന്മാരേയും വരുത്തി സൂര്യന്റെ ഗതി കണക്കുകൂടി നോക്കി ചിങ്ങമാ സം ഒന്നാംതിയതി മുതൽക്കു് ഒരു പുതിയ വർഷം നിശ്ചയിച്ചു. അതിന് കൊല്ല വർഷമെന്ന പേർ വിളിച്ചു. കേരളത്തിലെ സകല ജനങ്ങളും അതിനെ സമ്മതി ക്കുകയും ചെയ്തു. ഇങ്ങനെ ഭാഷാചരിത്രകർത്താവു പ്രസ്താവിച്ചിരിക്കുന്നു. കൊല്ല വർഷം ആരംഭിച്ചതു് ഉദയമാർത്താണ്ഡവർമ്മരാജാവായിരുന്നുവെന്നു നിസ്സംശയം പറയാം. ഒന്നാം കൊല്ലവർഷം അഞ്ചാം തീയതി വേണാടിലെ അഞ്ചുശാഖകളിലേ യും മൂത്തരാജാക്കന്മാരും സ്വാമിയാരും മാടമ്പിമാരും പത്മനാഭക്ഷേത്രത്തിൽ കൂടി ക്ഷേത്രത്തിലെ പൂജാദികളെ സംബന്ധിച്ച ചില നിശ്ചയങ്ങൾ ചെയ്തതായി ക്ഷേ ത്രഗ്രന്ഥവരിയിൽ കാണുന്നു.[1] അഞ്ചാമാണ്ടു് ഈ വീരഉദയമാർത്താണ്ഡവർമ്മ നാടുനീങ്ങി.

കോളംബാബ്ദം തുടങ്ങിയതു് ഉദയമാർത്താണ്ഡവർമ്മ ആയിരുന്നതാനാൽ അതിനെ ഉദയവർഷാബ്ദം എന്നുകൂടി പറഞ്ഞുവന്നു. ഇപ്പോൾ കേരളത്തിൽ മാത്ര മേ ഈ കാലഗണനഉപയോഗിച്ചുവരുന്നുള്ളുവെങ്കിലും, ഒരു കാലത്തു് ചേരരാജ്യ ത്തിലുൾപ്പെട എല്ലാ ദിക്കുകളിലും കോയമ്പത്തൂർ, തിരുനൽവേലി, മധുര മുതലായ പ്രദേശങ്ങളിലും ഉപയോഗിച്ചു വന്നതായി ലക്ഷ്യങ്ങളുണ്ടു്.

ഇങ്ങനെ ഇരിക്കേ പ്രസ്താബ്ദത്തെ ശങ്കരാചാര്യരുടെ പേരിനോടു ചിലർ ഘടി പ്പിക്കാൻ ശ്രമിക്കുന്നതും യുക്തിയ്ക്കും പ്രമാണങ്ങൾക്കും പ്രതികൂലമായിരിക്കുന്നു. ശങ്കരാചാര്യർ 'ആചാര്യവാഗഭേദ്യാ' എന്ന കലിദിനത്തിൽ, കൊല്ലത്തുവച്ചു് എല്ലാ രാജാക്കന്മാരേയും വിളിച്ചുകൂടി കേരളാചാരങ്ങളെ ക്രോഡീകരിച്ചു് ഒരു പുതിയ ആചാരപദ്ധതി പ്രസിദ്ധീകരിച്ചുവെന്നാണ് ഐതിഹ്യം. ഈ ഐതിഹ്യത്തെ വി ശ്വസിക്കാൻ ഒരു നിവൃത്തിയും ഇല്ല. ആചാര്യർ ഏർപ്പെടുത്തിയതായി പറയപ്പെ ടുന്ന അറുപത്തിനാലു അനാചാരങ്ങൾ നോക്കിയാൽ തന്നെ അതിന്റെ യുക്തിഹീ നത പ്രസ്പഷ്ടമാകുന്നതാണ്. കേവലം ഒരു സന്യാസിയുടെ–അതും കേരളബ്രാഹ്മ

[1] അനുബന്ധം 'ഡി' നോക്കുക

ണരുടെ പ്രീതിബഹുമാനങ്ങൾക്ക് അക്കാലത്ത് പാത്രീഭവിക്കാതിരുന്ന ഒരു സന്യാസിയുടെ–ആജ്ഞ അനുസരിച്ച് എല്ലാ രാജാക്കന്മാരും കൊല്ലത്തുവന്നുകൂടുക എന്നുള്ളത് തീരെ സംഭാവ്യവുമല്ല. 'ശിവോ ഹം' 'ശിവോ ഹം' എന്നു പാടിക്കൊണ്ടു നടന്നിരുന്ന ഒരു സർവ്വസംഗപരിത്യാഗിയും അദ്വൈതവാദിയും ആയിരുന്ന ശങ്കരാചാര്യർ, ഒരു തൊഴിലും ഇല്ലാത്തവനെപ്പോലെ നിരർത്ഥങ്ങളായ ആചാരങ്ങളെ ഉദ്ഘോഷിച്ചുകൊണ്ട് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നടന്നു എന്നുവിചാരിക്കുന്ന കാര്യം തന്നെ വിഷമമായിരിക്കുന്നു. അതിനും പുറമേ, കൊല്ലവർഷാരംഭത്തിൽ, കൊല്ലത്തുവച്ച് അനാചാരങ്ങളെ പ്രഖ്യാപനം ചെയ്തിട്ട് ഉടനേതന്നെ വടക്കോട്ടു തിരിച്ചുവെന്നു വരണം. അല്ലാത്തപക്ഷം, പത്മനാഭസ്വാമിക്ഷേത്രത്തിലെ പൂജയെ സംബന്ധിച്ചും മറ്റും ആലോചിക്കാനായി കൊല്ലവർഷം ഒന്നാമാണ്ടു ചിങ്ങമാസം അഞ്ചാംതീയതി കൂടിയ മഹായോഗത്തിലേയ്ക്കു അധികാരികൾ ഈ പുണ്യപുരുഷനെക്കൂടി ക്ഷണിക്കുമായിരുന്നു. അങ്ങനെ ചെയ്തു കാണുന്നുമില്ല. അതിനും പുറമെ കേരളത്തിന്റെ ഒരു പകുതിയിൽ ചിങ്ങം ഒന്നാംതിയതി മുതല്ക്കും, മറ്റേ പകുതിയിൽ കന്നി ഒന്നാംതിയതി മുതൽക്കും നവവത്സരാരംഭം തുടങ്ങുന്നതിനും കാരണം കാണുന്നുമില്ല. ശങ്കരാചാര്യർ ആചാരങ്ങളെ നാടുതോറും പ്രഖ്യാപനം ചെയ്തുചെയ്ത് ഉത്തരകേരളത്തിൽ എത്തിയപ്പോൾ കന്നി ഒന്നാംതിയ്യതി ആയിപ്പോയതുകൊണ്ട് അന്നുമുതൽ അവിടെ പുതുവത്സരം തുടങ്ങിയെന്ന പറയുന്നത് ഒരു മുടന്തൻ സമാധാനമാകുന്നു. ഒരു പുതിയ അബ്ദം തുടങ്ങണമെണമെങ്കിൽ അതിനു മതിയായ കാരണം കൂടിയേ മതിയാവൂ. പരശുരാമൻ ഏർപ്പെടുത്തിയ ആചാരങ്ങളെ താൻ പുതുക്കുകമാത്രമേ ചെയ്തിട്ടുള്ളു എന്ന് ശങ്കരാചാര്യരെക്കൊണ്ടു ശങ്കരസ്മൃതികാരൻ തന്നെ പറയിച്ചിട്ടുമുണ്ട്.

ശങ്കരാചാര്യരുടെ ജീവിതകാലം ഏതെന്നു ഖണ്ഡിതമായി ഇതേവരെ നിർണ്ണയിച്ചിട്ടുമില്ല. ആദിമശങ്കരന്റെ കാലത്തിനുശേഷം എത്ര ശങ്കരാചാര്യന്മാർ ഉണ്ടായിരിക്കുന്നു. അദ്ദേഹം സ്ഥാപിച്ചിട്ടുള്ള മഠങ്ങൾ ഭാരതഖണ്ഡത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടെന്നുമാത്രമല്ല, അദ്ദേഹത്തിനെ സർവ്വാത്മനാ പൂജിച്ചുവരുന്നത് വിദേശീയരുമാകുന്നു. കേരളീയർ അദ്ദേഹത്തിനെ അനാചാരക്കോടയുടെ പിതാവായിട്ടല്ലാതെ അറിയുന്നുണ്ടോ എന്നു സംശയമാണ്. എല്ലാ മഠങ്ങളിലും ഓരോ ഗ്രന്ഥവരി സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും മിക്കവയും ഭാഗ്യദോഷത്താൽ അസമ്പൂർണ്ണമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ഓരോരോ ദേശക്കാർ അവരവരുടെ മനോധർമ്മം പോലെ ശങ്കരാചാര്യചരിതം നിർമ്മിച്ചുവരുന്നു. അദ്ദേഹത്തിന്റെ ജന്മഭൂമി കേരളമല്ലെന്നു പറയുന്നവരും ധാരാളമുണ്ട്. ഈയിടെ സിൻഡിലോ മറ്റോ ഉള്ള ഒരു ശങ്കരാചാര്യമഠത്തിലെ ഗ്രന്ഥവരി പരിശോധിച്ചതിൽനിന്ന് അദ്ദേഹം ക്രിസ്തുവർഷാരംഭത്തിന് അടുത്താണു ജീവിച്ചിരുന്നതെന്നു തെളിഞ്ഞിരിക്കുന്നതായി ഒരു ശങ്കരാചാര്യചരിതത്തിൽ വായിക്കാനും ഇടയായി. അതെങ്ങനെയും ഇരിക്കട്ടെ. മറ്റു രാജ്യങ്ങളിൽ മതസ്ഥാപകന്മാരുടെ ആവിർഭാവത്തെ അടിസ്ഥാനപ്പെടുത്തി നവ്യകാലഗണന ആരംഭിച്ചുകാണുന്നുണ്ടെങ്കിലും ഭാരതഖണ്ഡത്തിലെ അബ്ദങ്ങൾ എല്ലാം രാ

ഷ്രീയസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സമാരംഭിച്ചിട്ടുള്ളത്. താഴെ ചേർത്തിരിക്കുന്ന പടിക നോക്കുക.

| | | |
|---|---|---|
| വിക്രമാബ്ദം | ബി. സി. | 58 |
| ശകാബ്ദം | ഏ. ഡി. | 78 |
| ചേദ്യബ്ദം | ഏ. ഡി. | 249 |
| ഹർഷാബ്ദം | ഏ. ഡി. | 605 |
| നേവാരാബ്ദം | ഏ. ഡി. | 879 |
| ലക്ഷ്മണസേനാബ്ദം | ഏ. ഡി. | 1119 |

ഇവയിലൊന്നെങ്കിലും മതസംബന്ധമായോ സാമുദായികമായോ ഉള്ള സംഭവങ്ങളെ അവലംബിച്ച് ഉണ്ടായിട്ടുള്ളതല്ല. അഥവാ അങ്ങനെയും സംഭവിക്കാമെന്നു വന്നാൽതന്നെയും ശ്രീ ശങ്കരാചാര്യർ ഒരു പുതിയ മതത്തെ സ്ഥാപിച്ചുവെന്ന് എങ്ങനെ പറയാം? വിശുദ്ധദ്വൈതമതസ്ഥാപകനെന്ന് അദ്ദേഹത്തിനെ ഔപചാരികമായി പറഞ്ഞുവരാറുണ്ടെങ്കിലും വാസ്തവത്തിൽ മാധ്യമികസമ്പ്രദായത്തെ ഒന്നു പുതുക്കി ബൗദ്ധന്മാർക്കും ഹിന്ദുക്കൾക്കും ഒരുപോലെ രോചകമായ വിധത്തിൽ പ്രകാശിപ്പിക്കമാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളു. അതുകൊണ്ടാണ് പ്രച്ഛന്നബുദ്ധൻ എന്നു പ്രതിപക്ഷികൾ അദ്ദേഹത്തിനെ ആക്ഷേപിക്കാൻ ഇടവന്നതും. ശങ്കരാചാര്യർ ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ള തത്വചിന്തകന്മാരിൽവച്ച് അഗ്രഗണ്യനാണെന്നു നിസ്സംശയം പറയാം. എന്നാൽ അതുകൊണ്ടുമാത്രം അദ്ദേഹത്തിന്റെ നാമത്തെ ഒരു പുതിയ അബ്ദത്തോടു ഘടിപ്പിക്കേണ്ട ആവശ്യം ഒന്നുമില്ല.

ഈ കാരണങ്ങളാൽ കൊല്ലവർഷാരംഭത്തിന് വേറെ ഹേതുതേടിപ്പിടിക്കയേ നിവൃത്തിയുള്ളു.

പെരുമാക്കന്മാരുടെ വാഴ്ച അവസാനിക്കുന്നതിനു മുമ്പുതന്നെ സാമന്തന്മാരായും കോവിലധികാരികളായും ഇരുന്ന പലരും ഏറെക്കുറെ സ്വതന്ത്രനിലയെ പ്രാപിച്ചുകഴിഞ്ഞിരുന്നു. ഒടുവിലത്തെ പെരുമാൾ സ്വർഗ്ഗാരോഹണം പ്രാപിച്ചശേഷം ആദിചേരവംശജനായ വേണാട്ടു തിരുവടികൾ, ചേരമാൻപെരുമാൾ എന്ന സ്ഥാനംകൈയേറ്റ് തന്റെ അധികാരശക്തിയെ വ്യാപിപ്പിച്ചുവെന്ന് ഊഹിക്കുന്നതിന് മതിയായ ലക്ഷ്യങ്ങൾ ഉണ്ട്. ഇങ്ങനെ അന്നത്തെ വേണാട്ടു തിരുവടികളായ ഉദയമാർത്താണ്ഡവർമ്മ കൊല്ലത്തുവച്ച് കുലശേഖരപ്പെരുമാൾപടം കൈക്കൊണ്ട ദിനത്തിന്റെ സ്മാരകമായി കൊല്ലവർഷം ആരംഭിച്ചതായി വരാം. കൊല്ലവർഷം ഒന്നാമാണ്ട് അഞ്ചാംതിയ്യതി തിരുവനന്തപുരത്തുവച്ചു കൂടിയ യോഗത്തിൽ അഞ്ചു തായ്‌വഴിയിലെ രാജാക്കന്മാരും സന്നിഹിതരായിരുന്നതു നോക്കുമ്പോൾ, ഉദയമാർത്താണ്ഡവർമ്മയുടെ നേതൃത്വം എല്ലാവരും അംഗീകരിച്ചതായി വിചാരിക്കാവുന്നതാണ്. മൂപ്പുമുറയ്ക്ക്, ഓരോ ശാഖയിലേയും രാജാക്കന്മാർക്ക്, ഈ സ്ഥാനം ലഭിച്ചുവ

ന്നതായിരിക്കണം. തിരുവിതാംകോട്ട്, വേണാട്ട്, തൃപ്പാപ്പൂർ, ദേശിങ്ങനാട്ട്, ചിറവായി ഇവ അഞ്ചും ആയിരുന്നു ആ അഞ്ചു ശാഖകൾ.

ഭാസ്കരരവിവർമ്മപ്പെരുമാളിന്റെ ചെമ്പുപടയത്തിൽ ഒന്നാം സാക്ഷിയായി നിന്നുകാണുന്നത് വേണാട്ടുടയഅയ്യനടികൾ തിരുവടികളായതുകൊണ്ടും സ്ഥാണുരവിഗുപ്തപ്പെരുമാൾ വേണാട്ടുതിരുവടികളുടെ അനുവാദത്തോട്ടുകൂടി പടയം കൊടുത്തതായി തെളിയുന്നതുകൊണ്ടും അക്കാലങ്ങളിൽപോലും വേണാടധിപതിക്ക് ഒരു മാന്യസ്ഥാനം പെരുമാൾ കല്പിച്ചുവന്നതായി ഊഹിക്കാം. അതിനും പുറമേ, തിരുവിതാംകൂർ രാജാക്കന്മാർ, വഞ്ചീശൻ, ചേരമാൻപെരുമാൾ, കുലശേഖരൻ ഇത്യാദി സ്ഥാനങ്ങൾ പരമ്പരയായി സ്വീകരിച്ചു കാണുന്നസ്ഥിതിക്ക് പെരുമാക്കന്മാരുടെ കാലശേഷം അവരുടെ സ്ഥാനം വേണാടടികൾക്കു കരസ്ഥമായെന്നു ന്യായമായി വിചാരിക്കാവുന്നതുമാണ്. ഏ. ഡി. 1170-ൽ പന്തളത്തേയ്ക്കും, 1189-ൽ പൂഞ്ഞാറ്റിലേയ്ക്കും തിരുവിതാംകൂർ രാജാവ് ഓരോ ദേശംവിട്ടുകൊടുത്തതായി കാണുന്നതിനാൽ അക്കാലത്ത് വേണാടിന്റെ അധികാരം ആ ദിക്കുകളിൽ വ്യാപിച്ചിരുന്നുവെന്നു തീർച്ചയാണല്ലോ. കൊല്ലവർഷം ആറാംശതകത്തിന്റെ ആരംഭത്തിൽ ആദിത്യവർമ്മ എന്ന വേണാടർകോൻ വൈക്കംക്ഷേത്രത്തിൽ അധികാരം നടത്തിയതായും രേഖകൾ കാണുന്നു. കൊല്ലവർഷം 79 പൂരുടാശിമാസം 11-ാം തിയ്യതി ഉണ്ടായ ഒരു താമ്രശാസനവും ഈ അഭ്യൂഹത്തിന് അനുകൂലമായിരിക്കുന്നു.

കേരളം അഥവാ ചേരരാജ്യത്തിന്റെ അതിർത്തികൾ മാറിമാറിക്കൊണ്ടേ ഇരുന്നിരുന്നു എന്ന് പുരാതന രേഖകൾ നോക്കിയാൽ അറിയാം. എന്നാൽ കമ്പരുടെ കാലത്ത് അതിന്റെ അതിർത്തികൾ എന്തായിരുന്നുവെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്.

> “വടക്കത്തലം പഴനി വാൻ കിഴക്കത്തെൻകാശി
> കുടതിശൈ കോഴിക്കോടാകും കടർ കരയിതോരമതു
> തെർക്കാകമോരെൺപതിൻകാതം
> ചേരനാടെൽകൈയെനുവ്വെപ്പ്”

ഇതിൽനിന്ന് ഈ നാട്ടുമുഴുവൻ ഒരു രാജാവിന്റെ അധികാരത്തിൻകീഴിൽ ഇരുന്നകന്നു എന്നൊരു അഭ്യൂഹത്തിനു വഴിയും കാണുന്നു. ആ ഊഹം ശരിയാണെന്നു വിചാരിക്കാൻ വേറെ ചില ലക്ഷ്യങ്ങൾ ഇല്ലാതെയുമില്ല. ഒടുവിലത്തെ പെരുമാൾ രാജ്യത്തെ മക്കൾക്കായും മരുമക്കൾക്കായും പങ്കിട്ടു കൊടുത്തിട്ടു മക്കത്തുപോയതായിട്ടാണല്ലോ കേരളോല്പത്തിയിൽ കാണുന്നത്. കേരളമാഹാത്മ്യത്തിലാകടെ രാജ്യം പകുത്ത കഥയേ കാണുന്നില്ല. പരശുരാമൻ ഉത്തരകേരളത്തിലും ഓരോ രാജകുടുംബങ്ങളെ പ്രതിഷ്ഠിച്ചുവെന്നേ അതിൽ പറയുന്നുള്ളൂ. ആ കുടുംബങ്ങൾ കോലത്തിരിയും വേണാട്ടും ആണ്. തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“പെരുമ്പടപ്പു സ്വരൂപത്തിൽ ഇളയ താവഴി പ്രമാണമായി വന്നത് “ഷോഡശാംഗം സുരാജ്യം” എന്ന കലിയുഗ ദിവസത്തുനാൾ ചേരമാൻ പെരുമാൻ പെരു

മാൾ രാജ്യം പകുതി ചെയ്തു് നീലേശ്വരത്തിനു വടക്കു പതിനേഴംശവും അതിനു തെക്കുപതിനേഴംശവും ഇങ്ങനെ മുപ്പത്തിനാലായി അംശിച്ച് എല്ലാർക്കും പട്ടും വാളും കൊടുത്തതു മുതല്ക്കാകുന്നു. നെടുവിരിപ്പ സ്വരൂപത്തിലേക്ക് വാളും പുടവയും കൊടുത്തു. തന്റെ മരുമക്കൾ അഞ്ചു പെൺവഴിത്തമ്പുരാക്കന്മാർ ഉണ്ടായിരുന്നതിൽ ഇളയതമ്പുരാന്റെ തിരുവയറു ഒഴിഞ്ഞുണ്ടായിരുന്ന തമ്പുരാന് കന്യാകുമാരി ഗോകർണ്ണത്തിനകത്തു് മുപ്പത്തിനാലു രാജ്യത്തിനുംമേൽക്കോയ്മയായി രക്ഷിക്കത്തക്കവണ്ണം അന്യം വന്നുപോയാൽ വേറെ ദത്തുവേണമെങ്കിൽ പട്ടും വാളും കൊടുത്തു കല്പിക്കത്തക്കവണ്ണവും മുപ്പത്തിനാലു സ്ഥാനത്തുനിന്നും ആണ്ടിനാൽ തിരുവഞ്ചിക്കുളത്തു ശിവരാത്രി അഹസ്സിൽ തങ്ങൾ തന്നെ എത്തീട്ടും തങ്ങളുടെ തേവാരിയുടെ പക്കൽ കൊടുത്തയച്ചിട്ടും 360 അച്ചുരാശി മുതൽ 510 അച്ചുരാശിവരെ രക്ഷാഭോഗം ദേവന്റെ തൃപ്പടിമേൽ വെയ്ക്കത്തക്കവണ്ണവും നിശ്ചയിക്കയും ചെയ്തു. ശേഷം താവഴി നാലിനും ആൺവഴിത്തമ്പുരാക്കന്മാർ അന്ന് ഉണ്ടായിട്ടുമില്ല."

കൊച്ചി രാജ്യത്തിന്റെ അതിർത്തി പിൽക്കാലത്തു് തെക്കോട്ട് തിരുവല്ലവരെയും വടക്കോട്ട് പൂക്കൈതക്കൽവരെയും വ്യാപിക്കാൻ ഇടയായെങ്കിലും ഈ ഗ്രന്ഥവരിയിൽ പറഞ്ഞിട്ടുള്ളതുപോലെ യാതൊന്നും യാതൊരുകാലത്തും സംഭവിച്ചിട്ടില്ല. കന്യാകുമാരി മുതൽ ഗോകർണ്ണംവരെ കൊച്ചി അധികാരം നടത്തിയ കാലം ഒരിക്കലെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് തെളിവുകിട്ടുന്നപക്ഷം ഈ ഗ്രന്ഥവരിയെ വിശ്വസിക്കാമായിരുന്നു. കേരളോല്പത്തികഥയേ അവർ പകർത്തിവെച്ചിരിക്കുന്നുവെന്നേയുള്ളു. ഒടുവിലത്തെപ്പെരുമാൾ മക്കത്തു പോയകഥയും ഗ്രന്ഥവരിയിൽ പകർത്തിയിട്ടുണ്ട്. 'ഷോഡശാംഗം സുരാജ്യം' എന്ന കലിദിനത്തിൽ മഹമ്മദുമതം ഉണ്ടായിട്ടേ ഇല്ല. അതാണ് ഈ കഥ വിശ്വസിക്കുന്ന വിഷയത്തിൽ മറ്റൊരു വൈഷമ്യം.

ഗോകർണ്ണം മുതൽക്ക് കന്യാകുമാരിവരെയുള്ള സ്ഥലങ്ങളുടെ മേൽക്കോയ്മ കൊച്ചിയിലേക്കായിരുന്നുവെങ്കിൽ അതേ കാലത്തുതന്നെ വേണാട്ടുതിരുവടികൾ വഞ്ചീശപടവും, കുലശേഖരപ്പെരുമാൾ സ്ഥാനവും കൈക്കൊണ്ടതെങ്ങനെ? അങ്ങനെ ആണെങ്കിൽ ഈ രണ്ടു രാജകുടുംബങ്ങൾ തമ്മിൽ ശത്രുത്വത്തിനായിരുന്നല്ലോ അവകാശം. നേരെ മറിച്ച് തിരുവിതാംകൂർ രാജാവ് കൊ. വ. 938-ാമാണ്ടുവരെ കൊച്ചി രാജാവിനു പിന്തുണയായി നിന്നുവെന്നാണ് ചരിത്രത്തിൽ കാണുന്നതു്. കോഴിക്കോടേ ഓരോ രാജാവും സിംഹാസനാരൂഢനായാലുടനേ കൊച്ചിയെ ആക്രമിച്ച്, കീഴടക്കി, കപ്പം വാങ്ങിയതിന്റെ ശേഷമേ വാൾ ഉറയിൽ ഇടാറുണ്ടായിരുന്നുള്ളു. പുറത്തു കാൽ കൊച്ചിയിൽ കച്ചവടത്തിനായി വന്നു ചേർന്നതുവരെ തിരുവിതാംകൂറിന്റെ സഹായത്തോടുകൂടിയായിരുന്നു കൊച്ചി കോഴിക്കോടിനെ അകറ്റി നിർത്തിക്കൊണ്ടിരുന്നതു്.

പാശ്ചാത്യസഞ്ചാരികളും കൊച്ചിയുടെ അന്നത്തെ ദയനീയസ്ഥിതിയെ രേഖപ്പെടുത്തീട്ടുണ്ട്. അതു വളരെ ചെറിയ രാജ്യമായിരുന്നെന്നും സ്വന്തമായ ഒരു നാ

ണയംപോലും അതിന് ഉണ്ടായിരുന്നില്ലെന്നും അവരുടെ ലേഖനങ്ങളിൽ നിന്നു ഗ്രഹിക്കാം.

ഈ കാരണങ്ങളാൽ പ്രബലനായിരുന്ന ഒരു വഞ്ചിരാജാവ് സമാരംഭിച്ചതായ കൊല്ലവർഷത്തെ മറ്റു കേരളരാജാക്കന്മാരും സ്വീകരിച്ചതിൽ അത്ഭുതപ്പെടാനില്ല. കോരപ്പുഴയ്ക്ക് അപ്പുറത്ത് ഗോകർണ്ണംവരെ വഞ്ചിരാജവംശത്തിന്റെ ഒരു അകന്ന ശാഖക്കാരായ കോലത്തിരി രാജാക്കന്മാർ ഭരിച്ചു വന്നതിനാലും ഈ രണ്ടു രാജവംശങ്ങൾ തമ്മിൽ[2] ദത്തുസംബന്ധവും മറ്റു ഉണ്ടായിക്കൊണ്ടിരുന്നതിനാലും ഉത്തരകേരളവും കോളംബാബ്ദത്തെ സ്വീകരിക്കാനിടവന്നതായിരിക്കണം.

ഇനി കേരളത്തിലെ പ്രധാന രാജകുടുംബങ്ങളെപ്പറ്റി ചിന്തിക്കാം.

## 5 വേണാട്ട്

തിരുവിതാംകൂർ രാജ്യത്തിന്റെ പുരാതനനാമം വേണാടെന്നായിരുന്നുവെന്ന് നിസ്സംശയം പറയാം. കൊല്ലവർഷം ആറാം ശതകംവരെ ഉണ്ടായിട്ടുള്ള എല്ലാ രേഖകളിലും വേണാടടികൾ എന്നാണു കാണുന്നത്. ഭാസ്കരരവിവർമ്മയുടെ നാലു ശാസനങ്ങളിലും സ്ഥാണരവിഗുപ്തന്റെ ചെപ്പേടിലും വേണാടടികളെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതിനു പുറമേ കൊ. വ. 343-ാമാണ്ടുണ്ടായ കൊല്ലം ശാസനത്തിലും, 368-ലെ വീരകേരളക്ഷേത്രരേഖയിലും, 389-ലെ കഠിനങ്കുളം മഹാദേവക്ഷേത്രരേഖയിലും, 'വേണാട്ടുവാഴ്ന്തരുളിന്റെ തിരുവടി' കളെ കാണുന്നു. കണ്ടിയൂർരേഖയിൽ (393) "വേണാട്ടടയകീഴ്പേരൂർ തൃപ്പാപ്പൂർ മൂപ്പു വാഴ്ന്തരുളിന്റെ ഇരവികേരളവർമ്മ" എന്നു വിശദമായി പറഞ്ഞിട്ടുമുണ്ട്.

വേണാട്ട് എന്ന പദത്തിന്റെ ഉത്ഭവത്തെപ്പറ്റി പലരും പലവിധം പറയുന്നു. അത് വാനവനാടിന്റെ തത്ഭവമാണെന്നാണ് തിരുവിതാംകൂർചരിത്രകാരനായ മിസ്റ്റർ ശങ്കുണ്ണിമേനോന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ പുത്രനും കേരളചരിത്രകാരനുമായ മിസ്റ്റർ കെ. പി. പത്മനാഭമേനോനാകട്ടെ മിസ്റ്റർ ഗോപിനാഥറാവുവിന്റെ ഊഹത്തെ അടിസ്ഥാനപ്പെടുത്തി അതിനെ വേൾനാടെന്നു വ്യാഖ്യാനിക്കുന്നു. 'വേൾനാട്ട്' എന്ന പദത്തിന് കീഴടങ്ങിയ രാജ്യമെന്നർത്ഥം. ദ്രാവിഡദേശത്ത് ചേരചോളപാണ്ഡ്യരാജാക്കന്മാർ, അഥവാ മൂവരശർ മാത്രമേ മുടിയുടയ മന്നരായിട്ടുണ്ടായിരുന്നുള്ളുവെന്നും, അഗസ്ത്യമഹർഷിയോടുകൂടി ദ്വാരകയിൽനിന്നു ദ്രാവിഡത്തിൽ വന്ന് അവിടവിടെയായി താമസിച്ചിരുന്ന പതിനെട്ടു വൃഷ്ണിവംശജരേയാണ് വേളായർകുലം എന്നു വിളിച്ചുവന്നതെന്നും ആണ് ശ്രീമാൻ ഗോപിനാഥറാവു സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഈ വേൾനാട്ടു അരചന്മാരിൽ ചിലരുടെ പേരുകൾ ദക്ഷിണതിരുവിതാംകൂറിലെ രേഖകളിൽ കാണുന്നുണ്ടെങ്കിലും, വേണാട്ടു

[2] ക്രിസ്ത്വബ്ദം ആറാം നൂറ്റാണ്ടോടുകൂടി കദംബചാലുക്യ രാജവംശക്കാർ മലയാളത്തിൽ പ്രവേശിച്ചു. അപ്പോൾ തിരുവിതാംകൂർ രാജാവും കോലത്തിരിയും യോജിച്ച് അവരെ കേരളത്തിൽനിന്ന് ഓടിച്ചുകളഞ്ഞ (മി) സ്റ്റേറ്റുമാനുവൽ കൊല്ലവർഷം 540-ൽ രണ്ടു റാണിമാരെ കോലത്തുനാടിൽനിന്നു വേണാടിലേക്കു ദത്തെടുത്തു.

അവർ സ്ഥാപിച്ചതായിരിക്കാൻ ഇടയില്ല. വേൾനാട്ട ആദ്യം വേണ്ണാടായും പിന്നീട്ട വേണാടായും പരിണമിക്കാമെങ്കിലും തൊൽകാപ്പിയക്കാരനും നന്നൂൽകാരനും ഈ രാജ്യത്തിനെ വേണ എന്നാണ പറഞ്ഞിട്ടുള്ളത്. വേൾ എന്നല്ല, അതിനുംപുറമേ കുരുനന്തൻ വിഴിഞ്ഞത്തുവന്ന് യദുവംശത്തിന്റെ സ്ഥാനമുറപ്പിച്ചത് ക്രിസ്ത്വബ്ദം എട്ടാംശതകത്തിന്റെ അന്ത്യപാദത്തിലായിരുന്നു. ഏറെക്കാലം കഴിയുന്നതിനു മുമ്പേ, ആ വംശക്കാർക്ക് അവിടംവിട്ട പോകേണ്ടതായും വന്നു. ഈ ചെറിയ രാജവംശത്തിന് 825-ൽ തിരുവനന്തപുരത്തുവച്ച് പത്മനാഭസ്വാമിക്ഷേത്രത്തിലെ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി അഞ്ചു തായ്‌വഴിത്തമ്പുരാക്കന്മാർ കൂടിയിരുന്നല്ലോ. ഇങ്ങനെയും വേറെയും അനേക ശാസനങ്ങളിൽ കാണുന്നുണ്ട്.

വേണാട്ടരാജകുടുംബം അന്നും മരുമക്കവഴിയായിരുന്നുവെന്ന്[3] പുരാതനരേഖകളിൽനിന്നും നിഷ്പ്രയാസം ഗ്രഹിക്കാം. മുമ്പ് ഉദ്ധരിച്ച ഒരു താമ്രശാസനത്തിൽ വേണാടടികളും ഇളമുറ വാഴുന്ന രാമതിരുവടികളും സാക്ഷ്യം വഹിച്ചിരിക്കുന്നതു നോക്കുക. എന്നാൽ വിഴിഞ്ഞത്തു വന്ന് ആയർവംശം സ്ഥാപിച്ച കുരുനന്തന്റെ ദായക്രമം മക്കവഴിയായിരുന്നെന്നു കാണുന്നു. കാലക്രമംകൊണ്ട് യദുവംശക്കാരും മരുമക്കവഴിക്കാരായിത്തീരുകയും ആഭിജാത്യമുള്ളവരായിരുന്നതിനാൽ വേണാട്ടുമായി സംബന്ധപ്പെടുകയും ചെയ്തിരിക്കാം. അങ്ങനെ ആയിരിക്കണം വേണാട്ടരാജാക്കന്മാരും യദുവംശക്കാരായിത്തീർന്നത്. ആദ്യമായി വേണാടന്റെ ഒരു ശാഖയായിരുന്ന ഓടനാട്ട രാജകുടുംബവും പിന്നീട്ട ദേശിങ്ങനാട്ടും യദുവംശക്കാരായി. കേരളം ഒട്ടുക്കു കീഴടക്കി ഭരിച്ച രവിവർമ്മചക്രവർത്തിയുടെ പിതാവ് യദുവംശജനായ ജയസിംഹനായിരുന്നു. ആ ജയസിംഹൻ കൊല്ലം രാജാവായി വാണിട്ടുണ്ടെന്നും അതുകൊണ്ട് അക്കാലത്ത് കൊല്ലം രാജാക്കന്മാർ മക്കത്തായികളായിരുന്നുവെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ജയസിംഹൻ രാജാവായത് ഉമാദേവിയുടെ ഭർത്താവെന്ന നിലയിൽ മാത്രമേ ആയിരുന്നുള്ളു. പെരുമാക്കന്മാരുടെ കാലത്ത് അങ്ങനെ സംഭവിച്ചിട്ടുണ്ട്. പാണ്ടിരാജാക്കന്മാർ പെരുമാക്കന്മാരുടെ കുടുംബത്തിൽ വിവാഹം കഴിക്കാറുണ്ടായിരുന്നുവെന്ന് തമിഴ സാഹിത്യത്തിൽ നിന്നു മനസ്സിലാക്കാം. ആ വഴിക്കായിരിക്കണം ഒരു പാണ്ടിപ്പെരുമാൾ കേരളത്തിലുണ്ടാവാൻ ഇടയായത്.

വേണാടടികൾ ചേരവംശജരായിരുന്നതിനാൽ അവർ മുടിയുടയവർ തന്നെ ആയിരുന്നു. അവരുടെ രാജ്യത്തിന് വേണാടെന്നും തിരുവടിദേശം എന്നും പേരുകൾ പറഞ്ഞുവന്നു. കുലശേഖരപടവും ചേരമാൻപെരുമാൾസ്ഥാനവും രവിവർമ്മ ചക്രവർത്തിയുടെ കാലശേഷമാണ സ്വീകരിച്ചുതുടങ്ങിയതെന്ന് ശ്രീപത്മനാഭമോ

---

3 യദുവംശക്കാർ വിഴിഞ്ഞത്തുനിന്നും കൊല്ലത്തേക്കുമാറി ആ നഗരത്തെ ഉദ്ധരിച്ചതിന്റെ സ്മാരകമായി കൊല്ലവർഷം ആരംഭിച്ചതാണെന്നാണ് മിസ്റ്റർ പത്മനാഭമേനോന്റെ ഊഹം. ഈ ഊഹം ശരിയാവാൻ തരമില്ല. രണ്ടാം പരാന്തകചടയനാണ് യദുവംശത്തെ വിഴിഞ്ഞത്തു നിന്നും ഓടിച്ചത്. അത് ഏ. ഡി. പത്താംശതകത്തിലുമായിരുന്നു. എന്നു മാത്രവുമല്ല, പത്താംശതകത്തിനിടയ്ക്ക് അവരുടെ കുടുംബത്തിൽ ഒരു ഉദയമാർത്താണ്ഡവർമ്മ ഉണ്ടായിരുന്നതായി ലക്ഷ്യവുമില്ല.

ഹൻ പറഞ്ഞിരിക്കുന്നതു് ശരിയാവാൻ തരമില്ല. കലിവർഷം 3412 ൽ ഒരു വീരകേരളകുലശേഖരപ്പെരുമാൾ ഉണ്ടായിരുന്നതായി ചരിത്രത്തിൽ പറഞ്ഞിട്ടുള്ളതു് കേവലം ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി മാത്രമായിരുന്നാലും 278-ലെ കൊല്ലം രേഖയിൽ ഒരു കുലചേകിര ചക്രവർത്തിയെ കാണുന്നു.

വേണാടിന് അഞ്ചുശാഖകൾ ഉണ്ടായിരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവയിൽ ഓരോന്നിനെപ്പറ്റിയും സംക്ഷിപ്തമായി ഇവിടെ വിവരിക്കാം.

## 6 തൃപ്പാപ്പൂർ

തൃപ്പാപ്പൂർ സ്വരൂപം തിരുവനന്തപുരത്തുനിന്നും ഏഴു മൈൽ വടക്കാണ് സ്ഥിതിചെയ്യുന്നതു്. തിരുവടിദേശം, ശ്രീപാദം, തൃപ്പാദപുരം (തൃപ്പാപ്പൂരു്) ഈ ശബ്ദങ്ങളെല്ലാം ഏകാർത്ഥങ്ങളായിരിക്കയും, നാടുവാഴുന്ന വഞ്ചിരാജാക്കന്മാർ ഇന്നും അവിടെ എഴുന്നരുളി അരിയിട്ടുവാഴ്ച നടത്തുകയും ചെയ്യുന്നതിനാൽ തൃപ്പാപ്പൂർസ്വരൂപത്തിന്റെ പ്രാധാന്യം വെളിപ്പെടുന്നു. അതിനും പുറമേ ആ പ്രദേശം വഞ്ചിശവംശസംവർദ്ധിനികളായ ആറ്റുങ്ങൽ തമ്പുരാട്ടിമാരുടെ കൈവശം ഏറിയ കാലം ഇരുന്നിട്ടുള്ളതും പ്രത്യേകം സ്മരണീയമാണ്. ഇന്നും ആറ്റുങ്ങൽ തമ്പുരാട്ടിമാരുടെ പ്രത്യേകസ്വത്തിന് ശ്രീപാദംസ്വത്തുക്കൾ എന്നാണു പറയാറുള്ളതും.

തൃപ്പാദസ്വരൂപം പരശുരാമമഹർഷി ദക്ഷിണകേരളത്തിൽ സ്ഥാപിച്ചതാണെന്നാണ് കേരളമാഹാത്മ്യത്തിൽ കാണുന്നതു്. കോരളോല്പത്തിയിലും ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"തെക്കു (കുലശേഖരന്റെ സ്വരൂപമായ) വേണാടടികൾക്കു് 350000 നായന്മാരെ ഓമന പുതിയകോവിലിനകത്തു ചുരികകെടി ചേകിപ്പാൻ തക്കവണ്ണം നാട്ടുകോയ്മസ്ഥാനവും ഓണനാട്ടും വേണനാടോടുചേർത്തും കല്പിച്ചു കൊടുത്തു. കൂവളരാജ്യത്തു വാഴുവാൻ കല്പനയും ചെയ്തു."

കൂവളരാജ്യം കോലരാജ്യമാണെന്നു ചിലരും കൂപകരാജ്യമാണെന്നു മറ്റുചിലരും അഭിപ്രായപ്പെടുന്നുണ്ടു്. കോലത്തിരിവംശത്തിനും വേണാട്ടു രാജവംശത്തിനും തമ്മിൽ പുലസംബന്ധം കാണുന്നതിനാൽ, ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നതു് കോലത്തിരിവംശം ആയിരിക്കണമെന്നാണ് ആദ്യത്തെകൂട്ടർ പറയുന്നതു്. എന്നാൽ ശ്രീമാൻ സുന്ദരൻപിള്ള, പല രേഖകളേയും പരിശോധിച്ചിട്ടു്, കൂവളം കൂപകം തന്നെയെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കാനേ ഇവിടെ തരം കാണുന്നുള്ളു. ഒരു പെരുമാളിന്റെ വിഭജനം അനുസരിച്ചു് തെക്കുംകൂറിന്റെ വടക്കേ അതിർത്തി മുതൽക്കു് കന്യാകുമാരിവരെയുള്ള ദേശത്തെ കൂപകം എന്നു വിളിച്ചുവന്നതായി കേരളോല്പത്തി പറയുന്നുണ്ടു്. പ്രമാണങ്ങളും ആ വിഭജനത്തെ അനുകൂലിക്കുന്നു. ആറ്റുങ്ങൽ ഉള്ള ആവണീശ്വരം കോവിലിനെ ജീർണ്ണോദ്ധാരണം ചെയ്തതു് ഒരു കൂപക രാജ്ഞിയാണെന്ന് 751-ലെ ശിലാരേഖയിൽ കാണുന്നു. അതിന് ഒരു ശതവർഷത്തിനു മുമ്പു് അതായതു് കൊ. വ. 643-

ൽ കുലശേഖരത്തമ്പുരാടി എന്ന കൂപകരാജ്ഞി അഗസ്തീശ്വരം താലൂക്കിൽ എംപെരുമാൾകോവിൽ പണിയിച്ചതായി രേഖയുണ്ട്. അതിന്റെ ജീർണ്ണോദ്ധാരണം ചെയ്തതും കൂപകരാജ്ഞിയത്രേ. പക്ഷേ, ആവണീശ്വരം ക്ഷേത്രത്തേയും എംപെരുമാൾ ക്ഷേത്രത്തേയും പുതുക്കിയതു് ഒരേ രാജ്ഞിതന്നെയായിരിക്കാം. കൊല്ലവർഷം 292-ാമാണ്ടു് ചിങ്ങം 11-ാംനു ഒരു കൂപകരാജാവു് പാണ്ഡ്യരാജാവായ രാജസിംഹനെ തോല്പിച്ചു് നാഞ്ചിനാടു കൈവശപ്പെടുത്തുകയുണ്ടായി. ഈ മാതിരി ലക്ഷ്യങ്ങൾ നോക്കിയാൽ വേണാട്ടു രാജവംശത്തിന്റെ പ്രധാനസ്ഥാനം തൃപ്പപ്പൂരായിരുന്നുവെന്നും, 'വേണാട്ടു രാജാക്കന്മാർക്കു' കൂപകരാജാക്കന്മാർ എന്നു പേരുണ്ടായിരുന്നുവെന്നും ഊഹിക്കാം. ഈ രാജാക്കന്മാർ തലസ്ഥാനം കൊല്ലത്തേക്കു മാറ്റിയതിനുശേഷം, തൃപ്പാപ്പൂർ വേണാടിന്റെ ഒരു ശാഖയായി ഗണിക്കപ്പെട്ടുപോന്നു. കൊല്ലം 480-ൽ കോയത്തുനാടിൽനിന്നും വേണാടിലേയ്ക്കു് രണ്ടു റാണിമാരെ ദത്തെടുത്തുവെന്നും, അവർക്കായി ആറ്റിങ്ങൽ ഒരു കൊടാരം പണികഴിപ്പിച്ചുവെന്നും അതിനു ചുറ്റുമുള്ള ദേശം അവർക്കായി വിട്ടുകൊടുത്തുവെന്നും ചരിത്രകാരന്മാർ പറയുന്നതിൽ വാസ്തവം ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ കൊല്ലം അഞ്ചാംശതകത്തിനുശേഷം കൂപകരാജ്ഞിമാരെയല്ലാതെ കൂപകരാജാക്കന്മാരെ ഒരു രേഖകളിലും കാണുന്നില്ല.

## 7 ദേശിങ്ങനാട്ട്

ഇതു് കൊല്ലത്തിനുള്ള മറ്റൊരു പേരാകുന്നു. ഈ ശാഖയുടെ സ്ഥാപകൻ രവിവർമ്മചക്രവർത്തിയുടെ പിതാവായ ജയസിംഹനായിരുന്നുവെന്നു ചിലർ ഊഹിക്കുന്നു. എന്നാൽ ഈ ഊഹം ശരിയാവാൻ ഇടയില്ല. ദേശിങ്ങനാട്ട് എന്ന പദത്തിന്റെ അർത്ഥം ജയസിംഹന്റെ നാടെന്നു തന്നെ. എന്നാൽ ആ ജയസിംഹൻ, ഉമയമ്മറാണിയുടെ ഭർത്താവും രവിവർമ്മ ചക്രവർത്തിയുടെ പിതാവും ആയിരുന്നോ എന്നുള്ള കാര്യമേ സന്ദിഗ്ദ്ധമായിരിക്കുന്നുള്ളു. രവിവർമ്മ ചക്രവർത്തിയേ പിന്തുടർന്നതു് അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മ ആയിരുന്നതുകൊണ്ടു തന്നേ, അന്നും വേണാട്ടുരാജാക്കന്മാർ മരുമക്കത്തായികളായിരുന്നുവെന്നു തീർച്ചപ്പെടുത്താം. ജയസിംഹൻ രാജ്യം വാണതു് ഉമാദേവിയുടെ ഭർത്താവെന്ന നിലയിൽ മാത്രമേ ആയിരുന്നുള്ളു. എന്നാൽ ദേശിങ്ങനാട്ടു സ്വരൂപത്തിന്റെ സ്ഥാപകനായ ജയസിംഹൻ ആ പേരു് വെറും ബിരുദനാമം ആയിരുന്നു.

'സ്വസ്ത്യസ്തു ജയസിംഹസ്യ വീരകേരളവർമ്മണഃ'

എന്നു് കൊല്ലത്തെ ഗണപതികോവിലിൽ കാണുന്നതും കൊ. വ. 671-ൽ ഉണ്ടായതും ആയ രേഖയിലും ജയസിംഹബിരുദധാരിയായ ഒരു രാജാവിനെ കാണ്മാനുണ്ട്. രവിവർമ്മ ചക്രവർത്തിയുടെ രേഖകളിലാകടെ,

"സ്വസ്തി ശ്രീജയസിംഹ ഇത്യഭിഹിതസ്സോമാന്വയോത്താസകോ
രാജാസീദിഹ കേരളേഷു വിഷയേ നാഥോ യദുക്ഷ്മാഭൃതാം"

എന്നു മാത്രമല്ലാതെ, ജയസിംഹൻ ദേശിങ്ങാനാട്ടുസ്വരൂപത്തിന്റെ സ്ഥാപകനാണെന്ന് എടുത്തുപറഞ്ഞിടേ ഇല്ല. അദ്ദേഹം ഒരു പുതിയ വംശത്തിന്റെ സ്ഥാപകനായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ പുത്രൻ ആ വിഷയത്തെപ്പറ്റി മൗനം അവലംബിക്കുമായിരുന്നോ?

ഏതായിരുന്നാലും കേരളം ഒട്ടുക്ക കീഴടക്കിയതിനുപുറമേ, പാണ്ടിരാജാവിനേ തോല്പിച്ച്, അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം കഴിച്ചുകൊണ്ടുവന്ന ആ ദക്ഷിണ ഭോജരാജാവിനെപ്പോലെ വേറൊരു രാജാവ് തിരുവിതാംകൂറിൽ മാത്രമല്ല മലനാടിലൊരേടത്തും പിന്നീടുണ്ടായിടില്ല. അദ്ദേഹത്തിന്റെ ശാസനങ്ങളിൽ ഇങ്ങനെ കാണുന്നു.

"സ്വസ്തി ശ്രീജയസിംഹ ഇത്യഭിഹിതസ്സോമാന്വയോത്താസകോ
രാജാസീദിഹ കേരളേഷു വിഷയേ നാഥോ യദുക്ഷ്മാഭൃതാം,
ജാതോസ്മാദ്രവിവർമ്മഭൂപതിരുമാദേവ്യാം കുമാരശ്ശിവാ-
'ദ്ദേഹവ്യാപ്യ' ശകാബ്ദഭാജിസമയേ ദേഹീവ വീരോ രസഃ"
ക്ഷയം നീത്വാ സോയം കലിബലമിവാരാതിനിവഹാൻ
ജയശ്രീവത് കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം;
ത്രയസ്ത്രിംശദ്വർഷോ യശ ഇവ യയൗ കേരളപദം
രരക്ഷ സ്വം രാഷ്ട്രം നഗരമിവ കോളംബാധിപഃ."

കാഞ്ചീപുരത്തേ ശാസനത്തിൽനിന്ന് അദ്ദേഹത്തിന്റെ പടാഭിഷേകം വേഗവതീതീരത്തുവച്ച് നാല്പത്തിയാറാമത്തെ വയസ്സിലായിരുന്നുവെന്നും മനസ്സിലാക്കാം.

"ഷചത്വാരിംശദബ്ദസ്തടഭുവി മകുടം ധാരയൻ വേഗവത്യാഃ
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃതമഹീകീർത്തിവാണീ രമാഭിഃ"

കേരളചോളപാണ്ഡ്യന്മാരെ ജയിച്ചശേഷം അദ്ദേഹം കൊങ്കണരാജ്യത്തെ കീഴടക്കിയെന്ന് അതേ ശാസനത്തിൽ തന്നെ പറഞ്ഞിട്ടുമുണ്ട്.

"കൃത്വാ കേരളചോളപാണ്ഡ്യവിജയം ക്ലിപ്താഭിഷേകോത്സവ-
സ്സംഗ്രാമാപജയേന കൊങ്കണഗതം തം പാണ്ഡ്യവീരം നൃപം;
നീത്വാ സ്ഥിതബലംതതോപി വിപിനം ജിത്വാദിശാമുത്തരാം
കാഞ്ച്യാമത്ര ചതുർത്ഥമബ്ദമലിഖത്സംഗ്രാമധീരോ നൃപഃ"

ആ രേഖയിൽ താഴെ പറയുന്ന ബിരുദനാമങ്ങളെല്ലാം പ്രയോഗിച്ചുകാണുന്നു.

'സ്വസ്തിശ്രീ, ചന്ദ്രകുലമംഗളപ്രദീപ, യാദവനാരായണ, കേരളദേശപുണ്യപരിണാമ, നാമാന്തരകർണ്ണ, കൂപകസാർവഭൗമ, കുലശേഖരപ്രതിഷ്ഠാപിതഗരുഡദ്ധ്വജ, കോളംബപുരാധീശ്വര, ശ്രീപത്മനാഭ പദകമല പരമാരാധകപ്രണത രാജപ്രതിഷ്ഠാചാര്യ, വിമതരാജബന്ദീകര, ധർമ്മതരുമൂലകന്ദ സദ്ഗുണാലങ്കാര, ചതുഷ്

ഷഷ്ഠികലാവല്ലഭ, ദക്ഷിണഭോജരാജ, സംഗ്രാമധീര, മഹാരാജാധിരാജ, പരമേശ്വര, ജയസിംഹദേവനന്ദന, രവിവർമ്മരാജകുലശേഖരദേവ, ത്രിഭുവനചക്രവർത്തി'-ഇത്യാദി.

അദ്ദേഹം ഒരു മഹാകവിയായിരുന്നുവെന്നും പ്രദ്യുമ്നാഭ്യുദയം തുടങ്ങിയ ഉത്തമകൃതികൾ രചിച്ചിട്ടുണ്ടെന്നും കൂടി ഓർക്കുമ്പോൾ നമുക്ക് അദ്ദേഹത്തിനോട് തോന്നുന്ന ബഹുമാനം ശതഗുണീഭവിക്കുന്നു.

## 8 ഓണനാ (ഓടനാ)

ഈ രാജവംശവും വേണാടിന്റെ ഒരു ശാഖയായിരുന്നു. ദത്തുവഴിയ്ക്ക് ചിറവാസ്വരൂപവും ഓണാടും ഒന്നാകയും പിന്നീട് രണ്ടിനും കൂടി ചിറവാസ്വരൂപം എന്നു പേർ വന്നുകൂടുകയും ചെയ്തു. ചിറവായി മന്നന്റെ മകപ്പടയെപ്പറ്റി ഓണാട്ടുകരെ ഒരു ചോല്ലുള്ളതിനു പുറമേ അവിടെവച്ച നടത്താറുള്ള ഓണത്തല്ലിനെപ്പറ്റി 'ഹര്യക്ഷമസമരോത്സവം' എന്നൊരു പടപ്പാട്ടും ഉണ്ടായിട്ടുണ്ട്. കണ്ടിയൂർക്ഷേത്രത്തിൽ കൊത്തട്ടുള്ള ഒരു ശിലാശാസനത്തിൽ (കൊ.393) "ഓടൈനാട്ടു വാഴ്ന്തരുളിന്റെ ഉതൈചിറമംഗലത്തിൽ സ്രവിരപെരുമറ്റത്തു കോതവർമ്മൻ തിരുവടി" എന്നു കാണുന്നു. ഓടനാട്ടു രാജാവിന്റെ പേരു് ഭാസ്കരരവിവർമ്മപ്പെരുമാളിന്റേയും വീരരാഘവചക്രവർത്തിയുടെയും ശാസനങ്ങളിൽ കാണുന്നതിനാൽ ആ രാജവംശം അതിപുരാതനമാണെന്നു തെളിയുന്നു. തൃക്കണ്ണങ്കുടിക്ഷേത്രത്തിൽ മണിളക്കിയ ആദിത്യവർമ്മ രാജാവിനെ ചിറവാങ്മണ്ഡലേന്ദ്രൻ എന്നുകൂടി വിവരിച്ചിരിക്കുന്നതാനാൽ, അക്കാലത്തോ അതിനുമുമ്പോ വേണാട്ടും ഓടനാട്ടും സംബന്ധപ്പെട്ടു കഴിഞ്ഞുവെന്ന് ഊഹിക്കാം. എന്നാൽ ഈ രാജകുടുംബങ്ങൾ അതിപുരാതനകാലത്തേ വേർപിരിഞ്ഞ രണ്ടു ശാഖകളായിരുന്നിരിക്കാനാണ് അധികം സാംഗത്യം.

## 9 തിരുവാംകോട്ട്

ഈ ശബ്ദത്തെ ശ്രീവാഴുംകോടെന്നു വ്യാഖ്യാനിച്ചവരുണ്ട്. എന്നാൽ ഇതു തിരുആയൻകോടായി വരുതോ എന്നു സംശയിക്കുന്നു. തെക്ക് തിരുവാംകോടെന്ന് ഒരു സ്ഥലം ഇപ്പോഴും ഉണ്ട്. ആ സ്ഥലത്തിനടുത്താണ് പാണ്ഡ്യരാജ്യത്തുനിന്നു വന്ന യദുവംശജർ അഥവാ വേൾകുലത്തരചർ സ്ഥാനം ഉറപ്പിച്ചതും. ആയക്കുടി എന്ന സ്ഥലത്തിരുന്ന് ദക്ഷിണതിരുവിതാംകൂറിനെ ഭരിച്ചിരുന്ന ആയി ആന്തിരവൻ എന്നൊരാളിനേപ്പറ്റി ശ്രീമാൻ കെ. പി. പത്മനാഭമേനോൻ പറയുന്നു. ആയി എന്നൊരു ദിക്കിനെപ്പറ്റി ഗ്രീക്കുകാർ പ്രസ്താവിച്ചിട്ടുള്ളതും ഈ രാജ്യഖണ്ഡത്തെപ്പറ്റി ആയിരിക്കാൻ ഇടയുണ്ട്. എന്നാൽ തിരുവിതാംകൂർ രാജവംശം മിസ്റ്റർ പത്മനാഭമേനോനും മിസ്റ്റർ ഗോപിനാഥറാവുവും ഊഹിക്കുന്നതുപോലെ ഈ ആയകുലമല്ല. ചോരാജവംശം തന്നെയാണ്. കാലക്രമേണ ഈ ആയകുലം മരുമക്കത്തായം സ്വീകരിച്ച് വേണാട്ടുരാജവംശത്തിൽ ദത്തുവഴിക്കോ മറ്റോ അന്തർഭവിച്ചിരിക്കാം.

അതോ വേണാട്ടു രാജാക്കന്മാർ അവരേയടക്കി അവിടെയൊരു പുതിയ രാജവംശം സ്ഥാപിച്ചതോ എന്നും നിശ്ചയമില്ല. ഏതായിരുന്നാലും ശ്രീവാഴുമകോടിന്റെ ഇടത്തുവശത്ത് സ്ഥിതിചെയ്യുന്ന വീരകേരളപുരം ഒരു കാലത്ത് തിരുവിതാംകൂറിന്റെ തലസ്ഥാനനഗരിയായിരുന്നു. തിരുവിതാംകോടിനു അടുത്തുള്ള ശ്രീവർദ്ധനപുരിയും പുരാണപ്രസിദ്ധമാകുന്നു. അതിനെപ്പറ്റി കേരളമഹാത്മ്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"ഇത്യേവം കല്പിയത്വാഥ ജഗാമ ജമദഗ്നിഭൃഃ;
ശ്രീവർദ്ധനപുരീം തത്ര കാരയാമസ ശോഭനാം.
നാനാജാതിനിവേശ്യാഥ പണ്യവീഥിഷു വർത്തകാൻ
നാനാവർണ്ണോത്ഭവാംശ്ചൈവ സ്ഥാപയാമാസ ഭാർഗ്ഗവഃ.
കശ്ചിന്മൂഷക സാമന്ത ആഹൂതസ്തൽപുരേ വസൻ;
സോമവംശേത ജാതായാംകന്യായാംബ്രാഹ്മണോത്തമാൽ.
ചത്വാരോ ജജ്ഞിരേ വീരസ്സാമന്താസ്സാമതേജസഃ;
യോനുഷു ക്ഷത്രിയസ്ത്രീണാമേവം ബ്രാഹ്മണവീര്യതഃ.
ജായന്തേ താംസ്തു ഭുവനേ സാമന്താൻ വിബുധാ വിദുഃ;
ഭാനു വിക്രമസാമന്തസ്തതശ്ചരണവിക്രമഃ.
തയോരനുജസാമന്തഃ കുലശേഖരനാമകഃ
തത്സോദര്യസ്സുതഃ കശ്ചിൽ ബാലവീംഃ പ്രതാപവാൻ."

(വീര) കേരളപുരം എന്നൊരു നഗരി ഇപ്പോഴും ഉണ്ടെന്നും അതിന്റെ സ്ഥാപകൻ ആദ്യത്തെ കേരളചക്രവർത്തിയായിരുന്ന വീരകേരളചക്രവർത്തിയായിരുന്നെന്നും മി: ശങ്കുണ്ണിമേനോൻ തിരുവിതാംകൂർചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത നഗരത്തിന്റെ അവശേഷങ്ങൾ ഇപ്പോഴും കാണ്മാനുണ്ടത്രെ.

തിരുവിതാംകൂർ രാജവംശത്തിന്റെ ഈ ശാഖകളിലെ മൂത്ത തമ്പുരാക്കന്മാർ വേണാട്ടു ഭരിച്ചുവന്നു. കാലക്രമേണ ഓരോ ശാഖക്കാരും സ്വതന്ത്രരാകയും ഒടുവിൽ മാർത്താണ്ഡവർമ്മ മഹാരാജാവു് അവരെ എല്ലാം കീഴടക്കി തിരുവിതാംകൂർ രാജ്യം സ്ഥാപിക്കയും ചെയ്തു.

## 10 കൊച്ചി രാജവംശം

കൊച്ചിയുടെ ഉല്പത്തിയെപ്പറ്റി പറയുന്ന കഥയും വളരെ രസാവഹമാണ്. പരശുരാമൻ ലവപുത്രനെ അവിടെ കൊണ്ടുവന്നു വാഴിച്ചുവെന്നും വൈശ്രവണപുത്രിയായ ബാല തന്റെ പേരിന് അനുസാരമായി ഒരു സ്ഥലം ഉണ്ടാക്കിക്കൊടുക്കണമെന്ന് അപേക്ഷിച്ചതനുസരിച്ച്, പരശുരാമൻ സമുദ്രക്കരയിൽ ഉദ്ധരിച്ച സ്ഥലമായതുകൊണ്ടു് കൊച്ചി എന്നു പേരുവന്നുവെന്നുമാണ് കഥ. പെരുമാക്കന്മാരുടെ ശാസനകളിലെല്ലാം അവരുടെ പേരിനു മുമ്പിൽ ഗോശ്രീ എന്നതിന്റെ തത്ഭവമായ കൊച്ചിരി

എന്ന പദം കാണുന്നുണ്ട്. കൊച്ചി എന്ന പേരിന് അതിനോട്ട് വല്ല സംബന്ധവും ഉണ്ടോ എന്തോ? ഇതുപോലെ തന്നെ പെരുമ്പടപ്പ്, മാടസ്വരൂപം ഈ പേരകൾക്കും രസാവഹങ്ങളായ ഉപപത്തികൾ പറഞ്ഞുകാണുന്നു. പെരുമ്പടപ്പനമ്പൂതിരി തൃത്താലി ചാർത്തിയതിനുശേഷം ഉണ്ടായതായ തമ്പുരാനായതുകൊണ്ടും ആ നമ്പൂതിരിക്കു സന്താനമില്ലാതെ വരികയാൽ അദ്ദേഹത്തിന്റെ വസ്തുവകകൾ തമ്പുരാൻ അടങ്ങിയതുകൊണ്ടും പെരുമ്പടപ്പുസ്വരൂപമെന്ന് പേർ സിദ്ധിച്ചുപോലും. മാടത്തും കീഴ്സ്വരൂപം ക്ഷയിച്ചുപൊയപ്പോൾ കൊച്ചിയിലെ എളയ താവഴിയിൽനിന്നു ദത്തുകേറ്റി; അതിന്റെ മേൽക്കോയ്മസ്ഥാനം രാജാവു കൈയേറ്റതുമുതല്ക്ക് അദ്ദേഹത്തിന് മാടഭൂപതി എന്ന പേരും വന്നുകൂടിയത്രേ.

ചേരമാൻപെരുമാൾ രാജ്യം പകുത്തുകൊടുത്ത കഥ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കഥയെ അതേവിധത്തിൽ വിശ്വസിക്കാൻ നിവൃത്തി ഇല്ലെങ്കിലും, കൊച്ചീ രാജകുടുംബം എന്നാൽ പരശുരാമൻ അനേകം ക്ഷേത്രങ്ങൾ നിർമ്മിച്ച്, ഓരോന്നിലും ഓരോ കോവിലധികാരിയെ നിയമിച്ചിരുന്നെന്നും ആ കോവിലധികാരികൾ ക്രമേണ പ്രബലന്മാരായിത്തീർന്നുവെന്നും അങ്ങനെ പ്രബലനായ ഒരു കോവിലധികാരി സ്ഥാപിച്ച ഒരു രാജ്യമാണ് കൊച്ചിയെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഗംഗാധര കോവിലധികാരികൾ എന്നൊരു സ്ഥാനം കൊച്ചി രാജാക്കന്മാർക്ക് ഇപ്പോഴും ഉണ്ടത്രേ. കേരളത്തിലെ മിക്ക രാജാക്കന്മാരെയും കോവിലധികാരികളായി പുരാതന രേഖകളിൽ പറഞ്ഞുകാണുന്നുണ്ട്. എന്നാൽ കോവിൽശബ്ദത്തിന് ക്ഷേത്രം എന്ന അർത്ഥം കല്പിക്കാമോ എന്നു സംശയമായിരിക്കുന്നു. കോവിൽ, കോയിൽ ഈ പദങ്ങൾക്ക് കൊടാരം എന്ന അർത്ഥം കൂടി ഉണ്ടല്ലോ. പെരുമാൾ ജൂതന്മാർക്കു നൽകിയ ചെപ്പേടിൽ വേണാട്ടുടയ ഗോവർദ്ധൻമാർത്താണ്ഡനെയും പെൺപലനാട്ടുടയ കോതൈ ശ്രീകണ്ടനേയും ഏർനാട്ടുടയ മാനവപാലമാനവീയനേയും വള്ളുവനാട്ടുടയ ഇരായിൻ ചാത്തനേയും നെടുമ്പറയൂർ നാട്ടുടയ കോതൈ ഇരവിയേയും സാക്ഷികളാക്കിയിരിക്കെ, കൊച്ചീ രാജാവിനെപ്പറ്റി ഒന്നും മിണ്ടീടില്ലാത്തത് അർത്ഥവത്താകുന്നു. പെരുമ്പടപ്പു രാജകുടുംബം പെരുമാളിന്റെ അവകാശികളാകയാൽ സാക്ഷിവർഗ്ഗത്തിൽ ചേർക്കാതിരുന്നതാണെന്നുകൂടി ആ പടയത്തിന്റെ അവസാനത്തിൽ ചേർത്തിട്ടുണ്ടെന്ന് ഡോക്ടർ.ഗുണ്ടർ പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക്, ഒടുവിലത്തെ പെരുമാളിന് അഞ്ചു സഹോദരിമാരുണ്ടായിരുന്നെന്നും, അവരിൽ ഏറ്റവും ഇളയ തമ്പുരാടിക്കു മാത്രമേ പുരുഷസന്താനം ഉണ്ടായിരുന്നുള്ളുവെന്നും തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ കാണുന്നഭാഗം വിശ്വസിക്കാവുന്നതാണ്. മൂത്തതാവഴി, ഇളയ താവഴി, മുരിഞ്ഞൂർ താവഴി, ചാഴിയൂർ താവഴി, പള്ളുരുത്തി താവഴി ഈ അഞ്ചുതാവഴികളും ആ സഹോദരിമാരിൽ നിന്നും ഉണ്ടായവയാണ്. പെരുമാൾവാഴ്ച അവസാനിച്ച കാലത്ത് ഇളയ താവഴിയിൽ മാത്രം സന്താനമുണ്ടായിരുന്നതുകൊണ്ട് അവർ പ്രബലന്മാരായിത്തീരുകയും ശാഖകൾ തമ്മിൽ കൂടെക്കൂടെ ശണ്ഠകൾ ഉണ്ടാകാൻ ഇടവരികയും ചെയ്തു.

ഡച്ചുകാരുടെ കാലത്ത് പുറക്കാ, പറവൂർ, തെക്കുംകൂർ, വടക്കൻകൂർ, മങ്ങാ ഈ അഞ്ചുസ്വരൂപങ്ങളും കൊച്ചിയുടെ മേൽക്കോയ്മയെ സ്വീകരിച്ചിരുന്ന ഖണ്ഡാധിപതികളായിരുന്നെന്ന് ജേക്കബ് കാന്റർ, വിഷ്ഷർ തുടങ്ങിയ പശ്ചാത്യന്മാരുടെ രേഖകളിൽ കാണുന്നു.

## 11 വടക്കുംകൂർ

വടക്കുംകൂർ സ്വരൂപത്തിന്റെ പുരാതനനാമധേയം വെൺപലനാടെന്നായിരുന്നു. ജൂതന്മാർക്കുകൊടുത്ത താമ്രശാസനത്തിൽ വെൺപലനാട്ടുടയ കോതൈ ശീകണ്ടനും സാക്ഷ്യം വഹിച്ചിരുന്നതിൽ അവർ അക്കാലത്തും ഏറെക്കുറെ പ്രബലന്മാലരായിരുന്നെന്നു ഊഹിക്കാം. വെൺപലനാട്ടുശബ്ദത്തിന്റെ ആഗമത്തെപ്പറ്റി പണ്ഡിതന്മാർ മനോധർമ്മംപോലെ ഓരോവിധം പറഞ്ഞുവരുന്നു. വെണ്മലനാട്ട് പിന്നീട് വെൺപലനാടായും ഒടുവിൽ വേമ്പനാടായും പരിണമിച്ചതാണെന്നാണ് പ്രസിദ്ധ പണ്ഡിതനായ മി: പി. കെ. നാരായണപിള്ളയുടെ അഭിപ്രായം. എന്നാൽ 'മ്പ' 'ംബ' മുതലായവ മലയാളത്തിൽ 'മ്മ' യായി മാറുന്നതല്ലാതെ മറിച്ചുകാണാറില്ല. 'അംബുജാക്ഷി' ശബ്ദത്തെ 'അമ്മുജാക്ഷി' എന്നും വേമ്പനാടിനെ വേമ്മനാ എന്നുമാണ് മലയാളികൾ സാധാരണ ഉച്ചരിക്കാറുള്ളത്. അതുകൊണ്ട് വെണ്പലനാ വെണ്മലനാടായി രൂപാന്തരപ്പെട്ടതാണെന്നു വിചാരിക്കുന്നത് ഭാഷാനയത്തിനു കുറേക്കൂടി അനുയോജിച്ചിരിക്കുന്നുവെന്ന് പറയാം. വെപ്പിൻ നാട്ട് വേമ്പനാടായതാണെന്ന് വേറെ ചിലർ പറയുന്നു. വെപ്പിൻമകൾ (പാർവ്വതി) എന്നുംമറ്റും രാമചരിതത്തിൽ പ്രയോഗം കാണുന്നുമുണ്ട്. ഇരുമ്പ്, കറുമ്പൻ, ഇത്യാദി പദങ്ങളിൽ 'പ്പ' 'മ്പ' ആയി മാറിക്കാണാറുള്ളതിനെ അവർ ഒരു പ്രമാണമായി ഉദ്ധരിക്കുയും ചെയ്യുന്നു. എന്നാൽ വെൺപുലിനാ, വെൺപലനാടായതാണെന്നും, വ്യാഘ്രാലയം എന്ന് വൈക്കത്തിന് ഒരു പേരുള്ളതുതന്നെ അതിന് ഒരു ലക്ഷ്യമാണെന്നും ആരും പറഞ്ഞുകാണാത്തത് എന്തുകൊണ്ടാണാവോ?

വെൺപലശബ്ദത്തിന്റെ സംസ്കൃതരൂപമാണ് ബിംബിലീശബ്ദം. വടക്കുംകൂർശബ്ദം കൊ. വ. ഏഴാം ശതകത്തിനുശേഷം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലംവരെ കൊച്ചിയുടെ കീഴിലായിരുന്നു.

## 12 ചെമ്പകശ്ശേരി

ഈ രാജ്യം കൊല്ലവർഷം അഞ്ഞൂറാമാണ്ടിനിടയ്ക്കാണ് ഉത്ഭവിച്ചത്. അതിന്റെ ഉത്ഭവത്തെപ്പറ്റി പല കഥകളുമുണ്ട്. സാഹിത്യചരിത്രത്തിൽ ഈ രാജ്യത്തിനുള്ള സ്ഥാനം അദ്വിതീയമാകുന്നു. ചെമ്പകനാടിലെ ദേവനാരായണന്മാർ കവികുലത്തിനു കല്പവൃക്ഷങ്ങളായിരുന്നുവെന്ന് എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, നാരായണ ഭടതിരി മുതലായ മഹാകവികൾ അവരെ ആശ്രയിച്ചു ജീവിച്ചിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നു. ഈ രാജ്യവും കൊച്ചിയുടെ മേൽക്കോയ്മയെ സ്വീകരിച്ചിരുന്നു.

എടപ്പിള്ളി, ആലങ്ങാ, പറവൂർ എന്നീ ദേശങ്ങളിലെ രാജാക്കന്മാരും കൊച്ചീ രാജ്യത്തിന്റെ കീഴിലുള്ള ഖണ്ഡാധിപതികൾ ആയിരുന്നെന്ന് താഴെ ഉദ്ധരിച്ചിരിക്കുന്ന പടപ്പാടിൽ നിന്ന് അറിയാം.

"ചേതോമോഹനരൂപൻ ബിംബിലീശചന്ദ്രനും
വൻപെഴും നെടുംതളിവാഴും വിണ്ടണിക്കോട-[4]
ത്തമ്പെഴും മഹീസുരമന്നനും തെളിഞ്ഞിതു.
ചെമ്പകച്ചേരിവാഴും ദേവനാരായണർക്കു-
മിമ്പം വന്നിതു മാടമന്നവരുണ്ടാകയാൽ.
മങ്ങാട്ടു പടിഞ്ഞാറ്റു കൂറുവാഴുന്ന വീര-
നങ്ങനെ നിരന്നു സന്തോഷവുമുണ്ടായ് വന്നു."

## 13 പൂഞ്ഞാറ്

ഈ രാജകുടുംബം മധുരരാജാക്കന്മാരുടെ വംശത്തിൽപ്പെട്ടതാകുന്നു. ഈ സ്വരൂപത്തിൽ ഉൾപ്പെട്ട ദേശങ്ങൾ പണ്ട് തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജാക്കന്മാരുടെ അടുക്കൽനിന്നു സമ്പാദിച്ചവയാണ്. കണ്ണൻതേവന്മല കൊ. വ. 427-ൽ കീഴ്മലനാടിലെ അധിപതിയും മഞ്ഞമല കൊ. വ. 594-ൽ വെൺമലനാട്ടു ഗോദവർമ്മരും പൂഞ്ഞാറ്റിലേക്കു നൽകിയതായി രേഖകളുണ്ട്. കൊല്ലവർഷം 364-ാമാണ്ടിടയ്ക്കു് ആദിത്യവർമ്മ എന്ന തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് ഈ രാജകുടുംബം കുടിയേറിയതായും ആ മഹാരാജാവ് ഒരു സ്ഥലം നൽകിയതായും തിരുവിതാംകൂർ ചരിത്രത്തിൽ പ്രസ്താവിച്ചിരുക്കുന്നതു വാസ്തവമാണെങ്കിൽ അക്കാലത്ത്, തിരുവിതാംകൂറിന്റെ ആധിപത്യം വടക്കൻദിക്കുകളിലും വ്യാപിച്ചിരുന്നിരിക്കണം.

## 14 പന്തളം

കൊ. വ. 79 പൂരുടാശി 11-ാംതിയതിയിലെ ഒരു ശിലാശാസനത്തിൽനിന്ന് പാണ്ഡ്യരാജാവിന്റെ കീഴിലിരുന്ന ഒരു രാജാവ് തിരുവിതാംകൂറിൽ കുടിപാർത്തതായി കാണുന്നു.

## 15 കോഴിക്കോട്ട്

കോഴിക്കോട്ടു രാജവംശത്തിന്റെ ഉല്പത്തിയേ പറ്റിയും ചില ഐതിഹ്യങ്ങളുണ്ട്. മലയാളചരിത്രം ഒന്നാം ഭാഗത്തിൽ കാണുന്ന ഒരു ഐതിഹ്യത്തെ അതേവിധത്തിൽ തന്നെ ഇവിടെ പകർത്തുന്നു.

---

4 പറവൂർ

"ഒരു ദിവസം ചേരമാൻപെരുമാൾ ഉറങ്ങാൻ പോയിക്കിടന്ന ശേഷം എന്തോ ആലോചന നിമിത്തം ലേശംപോലും ഉറക്കമുണ്ടായില്ല. പിന്നെ അദ്ദേഹം കിടന്ന ദിക്കിൽനിന്ന് എഴുന്നേറ്റ് മുറ്റത്തുപോയി അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി. അപ്പോൾ കിഴക്കും പടിഞ്ഞാറും രണ്ടു പൂർണ്ണചന്ദ്രന്മാർ ഉദിച്ചുയരുന്നതും ക്രമേണ അവ രണ്ടും ഒന്നിച്ചുകൂടി പതിവുപോലെ പടിഞ്ഞാറ് അസ്തമിക്കുന്നതും രാജാവിനു കാണ്മാൻ സംഗതിയായി. ഇതുകണ്ട് രാജാവ് ഏറ്റവും ആശ്ചര്യപ്പെട്ടുകയും പിറ്റേദിവസം രാവിലെ യോഗ്യന്മാരായ പല വിദ്വാന്മാരെയും വരുത്തി വിവരം അറിയിക്കുകയും ചെയ്തു. അവരിൽ യാതൊരാൾക്കും ഇങ്ങനെ സംഭവിച്ചതിന് യാതൊരു കാരണവും പറവാൻ കഴിയാഞ്ഞതിനാൽ രാജാവ് ഏറ്റവും ചിന്താകുലനായിത്തീർന്നു. കച്ചവടത്തിനായി കേരളത്തിൽ വന്നവരോടെല്ലാം അടുത്തകാലത്ത് അവരുടെ രാജ്യത്തിൽ വല്ല സവിശേഷസംഭവവും ഉണ്ടായിട്ടുണ്ടോ എന്ന് അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു. ആ അവസരത്തിൽ അറബിക്കാരായ ഒരു കൂട്ടം കച്ചവടക്കാർ കേരളത്തിൽ വന്നിരുന്നു. അവരുടെ തലവൻ തങ്ങളുടെ രാജ്യത്തിൽ പുതിയ മതസിദ്ധാന്തത്തെപ്പറ്റി പ്രസംഗിച്ചുവരുന്ന മഹാനായ മുഹമ്മദുനബി അവിശ്വാസികളെ വിശ്വസിപ്പിക്കാൻ വേണ്ടി ചന്ദ്രനെ രണ്ടായി ഉദിപ്പിച്ചു കാണിച്ചിരുന്നുവെന്നും മറ്റും രാജാവിനോടറിയിച്ചു. രാജാവ് അങ്ങനെ സംഭവിച്ച കാലത്തേയും സംഭവത്തേയും പറ്റി വീണ്ടും അന്വേഷിച്ചതിൽ സംഭവം നടന്നതായി അവർ പറഞ്ഞ സമയവും താൻ (സ്വപ്നം) കണ്ട സമയവും ഒന്നുതന്നെയാണെന്നു തീർച്ചപ്പെടുത്തുകയും അവരുടെകൂടെ അറബി രാജ്യത്തിലേക്കുപോയി മുഹമ്മദുനബിയെ കാണണമെന്ന് ഉറയ്ക്കുകയും ചെയ്തു. കുറേ കാലത്തോളം തന്റെ നിശ്ചയത്തെ ആരെയും അറിയിച്ചില്ല. രാജ്യത്തെ പ്രധാന നാട്ടുവാഴികൾക്കും ക്ഷത്രിയവംശക്കാർക്കും സാമന്തന്മാർക്കും യഥായോഗ്യം ഭാഗിച്ചുകൊണ്ട് ഒരു നിശ്ചയപത്രം എഴുതിയുണ്ടാക്കയും തനിക്കു പുറപ്പെടേണ്ട ദിവസം അടുത്തപ്പോൾ മന്ത്രിസഭയേയും പ്രധാന ഉദ്യോഗസ്ഥന്മാരേയും നാട്ടുപ്രമാണികളേയും വരുത്തി നിശ്ചയപത്രം വായിച്ചുകേൾപ്പിക്കയും ചെയ്തു. രാജാവ് തന്റെ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടി രാജ്യഭാരം ഒഴിഞ്ഞ് മെക്കയിലേക്കു പോവാൻ വിചാരിക്കയാണെന്ന് അപ്പോൾ മാത്രമേ ജനങ്ങൾ അറിഞ്ഞുള്ളൂ. പിന്നെ സഭയുടെ മുമ്പാകെ രാജ്യഭാരം പ്രധാനമന്ത്രിയെ ഏല്പിച്ച് യാത്രയ്ക്ക് ആവശ്യമായ ധനവും എടുത്തുകൊണ്ട് അറബിക്കാരുടെ കൂടത്തിൽ കൊടുങ്ങല്ലൂരിൽനിന്ന് കപ്പൽ കയറുകയും ചെയ്തു."

ഇങ്ങനെ പെരുമാൾ രാജ്യം പങ്കിട്ടു കൊടുത്ത സമയത്ത് അദ്ദേഹത്തിന്റെ സേനാധിപന്മാരായ മാനിച്ചനും വിക്രമനും പാലക്കാട്ടു താഴ്വരയിൽ ശത്രുക്കളോടു യുദ്ധം ചെയ്തുകൊണ്ടിരിക്കയായിരുന്നതിനാൽ അവർക്ക് ഒരു ഓഹരി നൽകുന്നതിനു വിസ്മരിച്ചുപോയി. പെരുമാൾ തങ്ങളെ ഏല്പിച്ചിരുന്ന കാര്യം സാധിച്ചിട്ട് അവർ മടങ്ങിവന്നപ്പോൾ ആണ് രാജ്യം ഭാഗിച്ച കഥ അറിഞ്ഞത്. അവർ വേഗത്തിൽ രാജസന്നിധിയിൽ എത്തി. അപ്പോഴും രാജസഭ പിരിഞ്ഞിട്ടില്ലായിരുന്നു. പെരുമാൾ

ഈ സഹോദരന്മാരെ അടുക്കെ വിളിച്ചുവരുത്തിയിട്ടു രാജ്യം ഭാഗിച്ചുകൊടുത്തുപോയെന്നു പറഞ്ഞപ്പോൾ അതുകൊണ്ടു തങ്ങൾക്കു യാതൊരു വിരോധവുമില്ലെന്നും രാജകീയഖഡ്ഗം മാത്രം കിട്ടിയാൽ മതിയെന്നും അവർ മറുപടി പറഞ്ഞു. പെരുമാൾ പൊൻവിളക്കു കത്തിച്ചു വച്ച് പൊൻ കിണ്ടിയിൽ നീരും പകർന്ന് "ചുള്ളിക്കാടും കോഴിക്കോടും സമുദ്രവീഥിയിൽ കോഴി കൂകിയാൽ കേൾക്കുന്നിടത്തോളം സ്ഥലവും നിങ്ങൾക്കു തന്നിരിക്കുന്നു" എന്നു പറഞ്ഞു. 'പെണ്ണുപിള്ളയും പശുവും രക്ഷിച്ച് ബ്രാഹ്മണരെ ആനന്ദിപ്പിച്ച് മക്കത്തു കപ്പൽ വെപ്പിച്ചു മാമാങ്കം രക്ഷിച്ചു നാടടക്കി സകല രാജാലങ്കാരങ്ങളോടും കൂടി ഏകച്ഛത്രാധിപതിയായി ആഴിചൂടും ഊഴിയിങ്കൽ കന്യാകുമാരി ഗോകർണ്ണപര്യന്തം അടക്കി വാഴുക' എന്ന ആജ്ഞയും അനുജ്ഞയും കൊടുത്തു. മലനാടിൽ കുന്നലക്കോനാതിരി രാജാവു് എന്നു തിരുനാവു് ഒഴിഞ്ഞു. 'ചത്തും കൊന്നും അടക്കികൊൾക' എന്നു പറഞ്ഞു് വാളും വാളിന്മേൽ നീരും കൂടി കൊടുത്തു. 'വള്ളുവക്കോനാതിരി രാജാവിന്നു തടുത്തു നിന്നു കൊൾക' എന്നു പറഞ്ഞു നീർ പകർന്നു പരിശയും കൊടുത്തു.

പെരുമാൾ ജൂതന്മാർക്കു നൽകിയ ചെമ്പുപട്ടയത്തിൽ 'ഏർനാട്ടുടയ മാനവ പാലമാനവീയനെ' സാക്ഷിയാക്കിയിരിക്കുന്നതിനാൽ ഈ ഐതിഹ്യത്തിൽ സത്യത്തിന്റെ കണിക പോലും ഇല്ലെന്നു പ്രത്യക്ഷമാണ്. കോഴിക്കോട്ടുരാജാക്കന്മാർക്ക് മാനവിക്രമൻ എന്ന മാറാപ്പേരു കാണുന്നതിനു പറഞ്ഞുവന്ന കാരണവും വിശ്വാസയോഗ്യമല്ല. മാനിച്ചൻ, വിക്രമൻ എന്നീ പേരുകളെ രണ്ടിനേയും കൂടി ചേർത്തു നിർമ്മിച്ച പേരാണത്രേ മാനവിക്രമൻ. ഏർനാട്ടു ഉടയവർ, ഏറനാടിൽ പുലിക്കാവുദേശത്ത് നെടിയിരുപ്പ് എന്ന സ്ഥലത്തായിരുന്നതിനാൽ, അവരുടെ സ്വരൂപത്തിന് നെടിയിരിപ്പുസ്വരൂപം എന്ന പേരു കൂടി സിദ്ധിച്ചു. കോഴിക്കോട്ട് രാജാവിനെ സാമൂതിരി എന്നാണു വിളിക്കാറുള്ളത്. ആ പദത്തിന്റെ അർത്ഥം സാമന്തന്മാരിൽവെച്ച് ശ്രേഷ്ഠൻ എന്നാണെന്നു ചിലർ പറയുന്നു. [5]

## 16 വള്ളുവനാട്ട്

ഭാസ്കരരവിവർമ്മപ്പെരുമാളിന്റെ ശാസനത്തിൽ ഇരായിരൻ പാത്തൻ എന്ന വള്ളുവനാട്ടു രാജാവിന്റെ പേർ പറഞ്ഞിട്ടുണ്ട്. തിരുമാന്ധങ്കുന്നു ഭഗവതിയായിരുന്നു വള്ളുവനാട്ടു രാജാക്കന്മാരുടെ കുലദേവത. ഈ ദേശം ഇപ്പോൾ തെക്കെ മലയാളത്തിലെ ഒരു താലൂക്കാകുന്നു.

## 17 വെട്ടത്തുനാട്ട്

ഇത് പൊന്നാനിത്താലൂക്കിലെ വടക്കുകിഴക്കെ അംശമാകുന്നു. ഈ രാജവംശം 18-ാം ശതകത്തിൽ സന്താനമില്ലാതെ നിശ്ശേഷം അറ്റുപോയി.

5 കോഴിക്കോട്ട്, ഏറനാട്ട്, വള്ളുവനാട്ട്, പൊന്നാനി, പാലക്കാട്ട് മുതലായ താലൂക്കുകൾ അടങ്ങിയ സ്ഥലത്തിനെ തെക്കെ മലയാളമെന്നും ചിറക്കൽ, കോടയം, കുറവനാട്ട്, വയനാട്ട് ഈ താലൂക്കുകൾ ഉൾപ്പെട ദേശത്തിന് വടക്കേ മലയാളമെന്നും പേർ.

## 18 പോർളാതിരിനാട്

ഇപ്പോഴത്തെ കോഴിക്കോടിനു സമീപമായിരുന്നു പോർളാതിരിനാട്. കൊ. വ. 230-ാമാണ്ടിടയ്ക്ക് ഈ രാജ്യത്തെ സാമൂതിരി പിടിച്ചടക്കി.

## 19 പാലക്കാട്

ഈ രാജ്യം മലയാളജില്ലയുടെ ഏറ്റവും തെക്കുകിഴക്കേ അറ്റത്തു സ്ഥിതിചെയ്യുന്നു. അതിപുരാതനകാലം മുതല്ക്കേ ഇത് ചേരരാജാക്കന്മാരുടെ അധീനത്തിലായിരുന്നു. പാലക്കാട്ടു രാജവംശം ചേരവംശത്തോടു ബന്ധപ്പെട്ടിരുന്നുവെന്നു വിചാരിക്കാനും അവകാശം ഇല്ലാതില്ല. കാലക്രമേണ ഈ വംശം രണ്ടു ശാഖകളായിപ്പിരിഞ്ഞ് ഒന്ന് അകത്തേത്തറ എന്ന ദിക്കിലും മറ്റൊന്ന് വടക്കഞ്ചേരിയിലും താമസമുറപ്പിച്ചു. ഇപ്പോൾ അതിന് വേറെയും അനേക ഉപശാഖകൾ ഉണ്ടായിട്ടുണ്ട്. കൊല്ലവർഷാരംഭം മുതൽക്ക് ഒരു നൂറു കൊല്ലത്തോളം പാലക്കാട്ട് കൊങ്ങരുടെ ആക്രമണത്തിനു വഴിപ്പെട്ടുകൊണ്ടിരുന്നു. ക്രി. വ. 916-ാമാണ്ടിടയ്ക്ക് രാജ്യം ഭരിച്ചുകൊണ്ടിരുന്ന ശേഖരവർമ്മ എന്ന രാജാവ് കൊച്ചി, കോഴിക്കോട്ട്, വള്ളുവനാട്ട് എന്നീ രാജ്യങ്ങളിലെ രാജാക്കന്മാരുടെ സഹായത്തോടുകൂടി ചിറ്റൂരിൽ വെച്ച്, കൊങ്ങരെ നിശ്ശേഷം തോല്പിച്ചുവെന്നും തനിക്കുവേണ്ടി കൊച്ചീരാജാവു ചെയ്ത സഹായത്തിനു പ്രത്യുപകാരമായി ചിറ്റൂർ, അദ്ദേഹത്തിനു വിട്ടുകൊടുത്തുവെന്നും മലയാളചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. പിന്നീട് കൊങ്ങരുടെ ഉപദ്രവം ഏറിയകാലത്തേയ്ക്ക് ഉണ്ടായിട്ടില്ലത്രേ. ഇപ്പോൾ പാലക്കാട്ടു രാജ്യത്തിൽ തെമ്മലപ്പുറം, വട്ടുവടം, വടമലപ്പുറം എന്നീ മൂന്നു നാട്ടുകൾ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു കാലത്ത് വടമലപ്പുറം വേങ്ങനാട്ടുനമ്പിയുടെ അധീനത്തിലാണിരുന്നത്. ആ വംശത്തിൽപ്പെട്ടവരാണ് ഇപ്പോഴത്തെ കൊല്ലംകോട്ടു രാജാക്കന്മാർ. വേങ്ങനാടിന്റെ തലസ്ഥാനമായിരുന്നു കൊല്ലംകോട്ട്.

## 20 കോലത്തിരി

ഈ രാജവംശം തിരുവിതാംകൂർ രാജകുടുംബംപോലെ ആദിചേരരാജാക്കന്മാരുടെ പരമ്പരയിൽ പെട്ടതാണ്. പെരുമാക്കന്മാരുടെ ശാസനങ്ങളിൽ കോലത്തിരി രാജാവിനെ സാക്ഷിയാക്കിയിട്ടില്ലാത്തത് അക്കാലത്ത് കോലത്തുനാട്ടു സ്വതന്ത്രമായിരുന്നതുകൊണ്ടായിരിക്കാം. ബ്രഹ്മാണ്ഡപുരാണത്തിൽ ഈ രാജ്യത്തെ കേരളത്തിൽ ഉൾപ്പെടുത്താതെ പ്രധാനപ്പെട്ട നാലു ദാക്ഷിണാത്യരാജകുടുംബങ്ങളിൽ ഒന്നായി പറഞ്ഞിരിക്കുന്നതു നോക്കുക.

> “പാണ്ഡ്യാശ്ച കേരളാശ്ചൈവ
> ചോളാഃ കുല്യസ്തഥൈവ ച”

‘കുവള’ശബ്ദത്തിന്റെ സങ്കുചിതരൂപമാണ് കോലം. തിരുവിതാംകൂർരാജകുടുംബത്തിനും കുവളശബ്ദം ഉപയോഗിച്ചുവന്നിരിക്കുന്നുവെന്നുള്ള സംഗതിയും, വടക്കേ

മലയാളത്തിൽ കോലത്തുനാടിനെ വടക്കൻകോലത്തിരി എന്നും, വേണാടിനെ തെക്കൻ കോലത്തിരി എന്നും വിളിക്കാറുണ്ടെന്നുള്ള വസ്തുതയും നോക്കുമ്പോൾ ഈ രണ്ടു രാജകുടുംബങ്ങൾക്കും തമ്മിലുള്ള വേഴ്ച കേവലം ദത്തുസംബന്ധംകൊണ്ടുണ്ടായതല്ലെന്നു കാണാം. കേരളത്തിലെ രാജാക്കന്മാരിൽ ഈ രണ്ടു കുടുംബങ്ങളോളം പുരാതനത്വം മറ്റൊരു രാജകുടുംബത്തിനും ഇല്ലെന്ന് മിസ്റ്റർ ശങ്കുണ്ണിമേനോൻ അഭിപ്രായപ്പെട്ടിട്ടുള്ളത് ശരിയല്ലെന്നു പറവാൻ സാധിക്കയില്ല. വടക്കൻ കോലത്തിരി വംശത്തിലും ചിലർ തുലാഭാരം, ഹിരണ്യഗർഭം മുതലായ വൈദികക്രിയകൾ കഴിച്ച് ചേരമാൻ പെരുമാൾസ്ഥാനം വഹിച്ചിരുന്നു. വടക്കേ മലയാളത്തിലേ ഏറ്റവും പ്രധാനപ്പെട്ട രാജകുടുംബം കോലത്തിരിവംശമായിരുന്നെന്നു നിസ്സംശയം പറയാം. വടക്കൻ കൊല്ലംമുതൽ പെരുമ്പുഴവരെയുള്ള സ്ഥലം മുഴുവനും പണ്ട് കോലത്തിരിക്കായിരുന്നു. അവരുടെ ആദ്യത്തെ തലസ്ഥാനം കരിപ്പത്ത് എന്ന സ്ഥലത്തായിരുന്നു. ക്രിസ്ത്വാബ്ദം ഒൻപതാംശതകത്തിൽ അവർ തലസ്ഥാനത്തെ ഏഴിമലയ്ക്കു മാറ്റുകയാൽ അവർക്ക് ഏഴിഭൂപന്മാർ എന്ന പേർ കൂടി സിദ്ധിച്ചു.[6]

കോലത്തിരി രാജാക്കന്മാരുടെ കാലത്ത് ഏകദേശം ഇരുനൂറ്റിഅമ്പതോളം തൗളവബ്രാഹ്മണർ, ആ നാടിൽകുടിയേറി. അവർ പിൻകുടുമ വെയ്ക്കയും മലയാളാചാരങ്ങൾ സ്വീകരിക്കയും ചെയ്തു. അവരുടെ വംശക്കാരെയാണ് എമ്പ്രാന്മാർ എന്നു വിളിച്ചുവരുന്നത്.

## 21 നീലേശ്വരം

ഇത് കോലത്തുനാടിന്റെ വടക്കേ ഖണ്ഡമാകുന്നു. കൊ. വ. 117-ാമാണ്ടിടയ്ക്ക് ഒരു കോലത്തിരി രാജാവ് തന്റെ പുത്രനെ അവിടത്തെ രാജാവായി വാഴിച്ചു. നീലേശ്വരംരാജാക്കന്മാർ തെക്കെളംകൂർ വംശക്കാരാണെന്നു പറയപ്പെടുന്നു. തെക്കളംകൂർ എവിടെ ആണോ ആവോ?

## 22 കോട്ടയം

ഈ രാജവംശത്തെപ്പറ്റി ഉദ്ദണ്ഡശാസ്ത്രികൾ.

---

6 കോലത്തിരി രാജാക്കന്മാരെപ്പറ്റി പല ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ട്. പരശുരാമ മഹർഷിയാൽ നൽകപ്പെട്ടിരുന്ന അവരുടെ അധികാരങ്ങളും പെരുമാക്കന്മാർ അപഹരിച്ചില്ലെന്നും ഭാസ്കരരവിവർമ്മപ്പെരുമാളിന്റെ നായർപത്നിയിൽ ഉണ്ടായ രണ്ടു പുത്രന്മാരെയും ഒരു കോലത്തിരി ക്ഷണിച്ചുവരുത്തി ചൂളിയിൽനായർ നീപ്പറ്റ നായർ എന്നിങ്ങനെ പ്രത്യേക സ്ഥാനങ്ങളോടുകൂടിയ ദേശവാഴികളാക്കിയെന്നും ആണ് ഒരു ഐതിഹ്യം. കോലത്തിരി തളിപ്പറമ്പിൽ കരിപ്പത്തു വാണിരുന്ന കാലത്ത് പെരിഞ്ചല്ലൂർ ഗ്രാമക്കാരായ നമ്പൂതിരിമാരോടു പിണങ്ങാൻ ഇടയായെന്നും അവർ ക്ഷേത്രത്തിൽ കടക്കാതായതുകൊണ്ട് പൂജ മുടങ്ങുന്നതായാൽ അദ്ദേഹം ഏഴിമലയിലേക്കു താമസം മാറ്റീട്ട് തുളുനാടിൽ നിന്നും കുറെ ബ്രാഹ്മണരെ കൊണ്ടുവന്ന് അഞ്ചു ദേശങ്ങളിലായി താമസിപ്പിച്ചുവെന്നും അവർ കാലക്രമേണ മലയാളാചാരങ്ങൾ സ്വീകരിച്ചുവെന്നും അഞ്ചുദേശികൾ എന്നു പറഞ്ഞുവരുന്നത് അവരെ ആണെന്നും വേറൊരു ഐതിഹ്യം.

"യേഷാം വംശേ സമജനി ഹരിശ്ചന്ദ്രനാമാ നരേന്ദ്രഃ
പ്രത്യാപത്തിഃ പതഗ്ര! യദുപജ്ഞശ്ച കൗമാരിലാനാം"

എന്നു പറഞ്ഞിരിക്കുന്നു. കോട്ടയം രാജവംശം തിരുവിതാംകൂറിന്റെ ദക്ഷിണഖണ്ഡത്തിൽ കുടിപാർത്തവരും ഒടുവിൽ വേണാട്ടു രാജവംശത്തിൽ ലയിച്ചവരും ആയ യദുവംശ രാജാക്കന്മാരുടെ ഒരു ശാഖയായിരിക്കാൻ ഇടയുണ്ട്. കോട്ടയം പുരളീ[7]

എന്നീ പേരുകൾ ഈ ഊഹത്തെ ബലപ്പെടുത്തുന്നു. പെരിപ്ലസ്സ് എന്ന ഗ്രന്ഥത്തിന്റെ കർത്താവും ടോളമിയും ദക്ഷിണേന്ത്യയുടെ പടിഞ്ഞാറെക്കരയിൽ പറേലിയ എന്നൊരു രാജ്യമുണ്ടെന്നും, അതു കോളംബപുരംമുതല്ക്ക് കന്യാകുമാരിക്കും അപ്പുറം കോൾക്ക എന്ന പാണ്ടിക്കരവരെ വ്യാപിച്ചു കിടക്കുന്നുവെന്നും രേഖപ്പെടുത്തീട്ടുണ്ട്. ഈ പറേലിയയുടെ തലസ്ഥാനം കൊടിയാറാ ആണെന്നും അവർ പറഞ്ഞിരിക്കുന്നു. പ്രസ്തുത നഗരം കോടാറായിരിക്കണമെന്നുള്ള കാൽഡ്വൽ സായ്പിന്റെ അഭിപ്രായം ശരിയായിരിക്കാനേ തരമുള്ളു. ഈ ലക്ഷ്യങ്ങളാൽ കോട്ടയം രാജാക്കന്മാരുടെ പൂർവ്വകുടുംബം തിരുവിതാംകൂറിലായിരുന്നെന്നു പറയാവുന്നതാണ്. കോട്ടയം കേരളവർമ്മരാജാ കുറെക്കാലം തിരുവിതാംകൂർ ഭരിക്കയും ചെയ്തിട്ടുണ്ടല്ലോ.

## 23 കടത്തനാട്ട്

സാമൂതിരി പോർളാതിരിനാട്ടു പിടിച്ചടക്കിയപ്പോൾ ആ രാജകുടുംബത്തിലെ ചില അംഗങ്ങൾ കോലത്തിരിയെ അഭയം പ്രാപിച്ചു. കോലത്തിരിയാകട്ടെ അവരെ ബഹുമാനപൂർവ്വം സ്വീകരിച്ച് അഭയം നല്കി. അങ്ങിനെ അവിടെ വന്നു ചേർന്നവരുടെ കൂട്ടത്തിൽ ഒരു രാജകന്യകയും ഉൾപ്പെട്ടിരുന്നു. ആ കന്യകയെ കോലത്തിരി വടക്കെളംകൂർരാജാവ് വിവാഹം കഴിക്കയും അവരിൽനിന്നുണ്ടായ സന്താനങ്ങൾക്കായി കോലത്തുനാടിന്റെ തെക്കെ അംശമായ കടത്തനാട്ടു ദാനം ചെയ്കയും ചെയ്തു. ഈ വിധത്തിലാണ് കടത്തനാട്ടു പോർളാതരിവംശത്തിന്റെ ഉത്ഭവം.

## 24 അറയ്ക്കൽ രാജവംശം

ഈ രാജവംശത്തിന്റെ ഉത്ഭവം ക്രിസ്ത്വാബ്ദം പന്ത്രണ്ടാം ശതകത്തിലായിരുന്നു. അരയൻകുളങ്ങര നായർ എന്ന ഒരു വിശ്വസ്തമന്ത്രി കോലത്തിരി രാജാവിനുണ്ടായിരുന്നു. അദ്ദേഹം മഹമ്മതുമതം സ്വീകരിച്ചു. എന്നിട്ടും രാജാവ് അദ്ദേഹത്തിനെ മന്ത്രിസ്ഥാനത്തുനിന്നു നീക്കിയില്ലെന്നു മാത്രമല്ല, വളരെക്കാലത്തേക്ക് അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്നുതന്നെ മന്ത്രിമാരെ നിയമിച്ചുവരികയും ചെയ്തു. അഞ്ചാമത്തെ തലമുറക്കാരനായ ആലിമൂസ കോലത്തിരിയുടെ ആവശ്യമനുസരിച്ച് ലക്ഷ

7 പുരളീ വരവഞ്ചികേരളനരപാലൻ
കരളീലിരുന്നരുളീടുക വാണിമാതേ —വൈരാഗ്യ ചന്ദ്രോദയം.

ദ്വീപും മാലദ്വീപും പിടിച്ചുകൊടുത്തുകൊണ്ടു്, അദ്ദേഹത്തിനായി രാജാവു് കണ്ണൂർതുറയും ഏതാനും ദേശങ്ങളും വിട്ടുകൊടുത്തു. ഇങ്ങനെയാണു് അറയ്ക്കൽ ആലിരാജകുടുംബത്തിന്റെ ഉത്ഭവം.

വേറെയും ചില രാജകുടുംബങ്ങൾ ഉണ്ടായിരുന്നു. ഗ്രന്ഥവിസ്തരഭയത്താൽ, അവയെപ്പറ്റി യാതൊന്നും പ്രസ്താവിക്കുന്നില്ല.

കോലത്തിരി രാജാക്കന്മാർ പെരുമാക്കന്മാരുടെ കാലത്തും സ്വതന്ത്രന്മാരായിരുന്നുവെന്നു് മുമ്പു പ്രസ്താവിച്ചല്ലോ. മറ്റു രാജാക്കന്മാരും പെരുമാൾവാഴ്ച അവസാനിച്ചതിനോടു കൂടി സ്വാതന്ത്ര്യം പ്രാപിച്ചു. എന്നാൽ പോർട്ടുഗീസുകാരുടെ ആഗമനംവരേയുള്ള കേരളചരിത്രം മിക്കവാറും അജ്ഞാതമായിരിക്കുന്നേ ഉള്ളു. പുരാതന വസ്തുസംരക്ഷകഡിപ്പാർട്ടുമെന്റുകാരുടെ പരിശ്രമഫലമായി നമുക്കു് ഈയിടെ വിശ്വാസയോഗ്യമായ പല രേഖകൾ കിടീട്ടുണ്ടെങ്കിലും സമ്പൂർണ്ണമായ ഒരു കേരളചരിത്രം ഇനിയും എഴുതേണ്ടതായിത്തന്നെ ഇരിക്കുന്നു. ചരിത്രം എന്ന നാമധേയത്തിൽ ഇപ്പോൾ പ്രചരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ മിക്കവയും പ്രമാദജടിലങ്ങളും അസത്യപ്രസ്താവങ്ങൾകൊണ്ടു നിർഭരങ്ങളുമാകുന്നു. ഈ വിഷയത്തിൽ ശ്രീമാൻ ശങ്കുണ്ണിമേനോനും അദ്ദേഹത്തിന്റെ പുത്രനായ മി: കെ. പി. പത്മനാഭമേനോനും ചെയ്തിട്ടുള്ള പ്രയത്നങ്ങൾ അത്യന്തം സ്തുത്യർഹങ്ങളാണെങ്കിലും, അവരെ പിന്തുടരുന്നതിനു് ആരും ഇല്ലാതെ പോയതു് പരിതാപകരമായിരിക്കുന്നു.

ക്രിസ്ത്വബ്ദം ഒൻപതാം ശതകം അവസാനിച്ചപ്പോൾ, ചോളരാജാക്കന്മാർ പ്രബലന്മാരായിത്തുടങ്ങുകയും അവർ കൂടക്കൂടെ കേരളത്തെ ആക്രമിക്കയും ചെയ്തിട്ടുണ്ടു്. ക്രി. പി. 985-ൽ രാജരാജദേവചോളനും ക്രി. പി. 1070-നും 1118-നും മദ്ധ്യേ ഒന്നാമത്തെ കുലോത്തുംഗചോളനുംരാജാവു് 1118-നും 1127-നും ഇടയ്ക്കു് വിക്രമചോളനും കേരളത്തെ കീഴടക്കിയതായി കാണുന്നു. ഇവരിൽ വിക്രമചോളൻ തോല്പിച്ച എട്ടു രാജാക്കന്മാരുടെ കൂടത്തിൽ വേണാട്ടുരാജാവും ഉൾപ്പെടിരുന്നത്രേ. കേരളരാജാക്കന്മാർ തമ്മിലുണ്ടായ ശണ്ഠകളും കേരളത്തിന്റെ ശക്തിയെ ഏറെക്കുറെ ക്ഷീണിപ്പിച്ചു. ഈ ക്ഷീണം മലയാളബ്രാഹ്മണരുടേയും ഇടപ്രഭുക്കന്മാരുടേയും ശക്തിയെ വർദ്ധിപ്പിക്കുന്നതിനു സഹായകമായും തീർന്നു. താവഴികൾ തമ്മിലും മത്സരങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. തിരുവിതാംകൂറിൽ ആ വഴക്കു് യോഗക്കാരുടേയും എട്ടുവീട്ടിൽപിള്ളമാരുടേയും ശക്തി വർദ്ധിപ്പിച്ചതുപോലെ കൊച്ചിയിലെ മത്സരം സാമൂതിരിപ്പാടിന്റെ ആക്രമണത്തിനു പലപ്പോഴും ഇടയാക്കി.

സാമൂതിരി, കോലത്തുനാട്ടു് ഒഴിച്ചുള്ള രാജാക്കന്മാരെ ഓരോന്നായി തോല്പിച്ചു. തന്റെ രാജ്യത്തിന്റെ അതിർത്തികളെ വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. കൊ. വ. ഇരുന്നൂറാമാണ്ടിനു മുമ്പേ തന്നെ സാമൂതിരി ഏറനാടിനോടുകൂടി പൊലനാട്ടു്, നെടുങ്ങനാട്ടു് ഈ രണ്ടു ദേശങ്ങളേയും ചേർത്തു. ഇരുന്നൂറാമാണ്ടു മുതല്ക്കു് രണ്ടു വർഷശതകാലത്തോളം സാമൂതിരിമാർ വള്ളുവനാട്ടുമായി നിരന്തരം യുദ്ധത്തിൽ ഏർപ്പെടിരുന്നു. തൽഫലമായി ആ ദേശത്തിന്റെ ചില അംശങ്ങൾ സാമൂതിരിക്കു് അട

ങ്ങുകയുംചെയ്തു. കുറുമ്പ്രനാട്ടും വാളനാട്ടും സാമൂതിരിയുടെ മേൽക്കോയ്മ സ്വീകരിക്കേണ്ടതായി വന്നു. വടക്കേ മലയാളത്തിൽ കോലത്തിരിയും തെക്കേ മലയാളത്തിൽ വള്ളുവനാട്ട്, പാലക്കാട്ട്, വേങ്ങനാട്ട് എന്നീ നാടുകളും മാത്രമേ കോഴിക്കോടിന്റെ മേൽക്കോയ്മ സ്വീകരിക്കാതെ ഇരുന്നുള്ളു.

കോലത്തിരിയുടെ ശക്തിയും ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടേ ഇരുന്നു. കൊല്ലവർഷം നാലാം ശതകത്തിന്റെ അവസാനത്തോടുകൂടി കോലസ്വരൂപം അത്യുന്നതാവസ്ഥയെ പ്രാപിച്ചു. എന്നാൽ ഇതിനിടയ്ക്ക് അവിടത്തെ കോലത്തിരി, തെക്കേ ഇളംകൂർ, വടക്കേ ഇളംകൂർ, നാലാംകൂർ, അഞ്ചാംകൂർ എന്നിങ്ങനെ വയഃക്രമം അനുസരിച്ചു ചെയ്ത സ്ഥാനവിഭാഗം പില്ക്കാലത്ത് പല ശണ്ഠകൾക്ക് ഇടവരുത്തുകയും ഒടുവിൽ രാജവംശത്തിന്റെ അധഃപതനത്തിനു കാരണമാകയും ചെയ്തു.

## 25 രാജ്യഭരണക്രമം

രാജാവ്, സ്വരൂപികൾ, ലോകർ ഇവ മൂന്നും ആയിരുന്നു രാജ്യഭരണയന്ത്രത്തിന്റെ പ്രധാനാംഗങ്ങൾ. സ്വരൂപികളുടെ കൂടത്തിൽ സാമന്തന്മാരും, ഇടപ്രഭുക്കന്മാരും, മാടമ്പികളും ഉൾപ്പെട്ടിരുന്നു. മേൽക്കോയ്മയ്ക്ക് ശത്രുബാധ നേരിടുന്ന അവസരങ്ങളിൽ, അവരെ ആളുകൊണ്ടും ധനം കൊണ്ടും രക്ഷിക്കേണ്ട ചുമതല സ്വരൂപികളായ ദേശവാഴികൾക്കുണ്ടായിരുന്നു. എന്നാൽ ആ ദേശവാഴികളുടെ കീഴിലുള്ള നാടുകളെ ഭരിക്കുന്ന വിഷയത്തിൽ, മേൽക്കോയ്മയ്ക്കു കൈകടത്താൻ അവകാശമുണ്ടായിരുന്നില്ല.

ലോകരിൽ പ്രധാനികൾ നായന്മാരായിരുന്നു.[8] രാജാക്കന്മാർ മാലോകരുടെ അഭിപ്രായംകൂടി മുൻകൂടി അറിഞ്ഞേ രാജ്യത്തിനു പൊതുവേ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രവേശിക്കാറുണ്ടായിരുന്നുള്ളൂ. കൊല്ലവർഷം 410-ാമാണ്ടു മേടമാസം 28-ാനു തിരുവിതാംകൂർ രാജാവായിരുന്ന ശ്രീവീര ഇരവികേരളവർമ്മൻ തിരുവടി കൃഷിപ്പിഴ വരുന്ന കാലത്ത് നികുതി പിരിച്ചെടുക്കേണ്ടവിധത്തെപ്പറ്റി ചില തീരുമാനങ്ങൾ ചെയ്തത് സ്വരൂപികളേയും കോതനല്ലൂർ സഭാവാസികളേയും ഗ്രാമക്കാരേയും വരുത്തി ആലോചിച്ചതിന്റെ ശേഷമായിരുന്നുവെന്ന് അന്നുണ്ടായ തിരുവെഴുത്തുവിളംബരത്തിൽ കാണുന്നു. മധുര നായ്ക്കന്മാരുടെ ആക്രമണകാലത്ത് പുതിയ ചില കരങ്ങൾ ഏർപ്പെടുത്തുന്നതിന് മഹാരാജാവ് നിർബന്ധിതനായി. എട്ടുവീട്ടിൽ പിള്ളമാരും യോഗത്തിൽ പോറ്റിമാരും നികുതി പിരിക്കുന്നു എന്ന വ്യാജേന ജനങ്ങളെ അത്യന്തം പീഡിപ്പിക്കയാൽ 878 അല്പശി 1-ാനു വടശ്ശേരിയിലെ നാടാർ യോഗം കൂടി നിശ്ചയങ്ങൾ പാസ്സാക്കിയത്രേ. മാർകഴിമാസം അശ്രാമത്തുവച്ചും ഒരു യോഗം നടന്നു. രാജസ്ഥാനത്തെപ്പറ്റി തങ്ങൾക്കുള്ള ഭക്തിയെ പ്രദർശിപ്പിക്കുന്നതോടുകൂടി കീഴ്നടപ്പനുസരിച്ച് അഞ്ജലിമേൽവാരം മാത്രം കൊടുക്കുമെന്നും പതിവില്ലാത്ത കോടപ്പണം കൊടുക്കുന്നതല്ലെന്നും തങ്ങളുടെ പൂർവ്വികന്മാർ അനുഭവിച്ചു വന്ന അവകാ

---

8 ഇന്നും നായന്മാരെ ചില വർഗ്ഗക്കാർ മാളോരെ എന്നു വിളിക്കാറുണ്ടല്ലോ.

ശങ്ങളേയും നടത്തിവന്ന അധികാരങ്ങളേയും സംരക്ഷിക്കേണ്ടതാണെന്നും, അങ്ങനെ ചെയ്യുന്നതിനാൽ കോയ്മയിലെ ഉദ്യോഗം കൊണ്ടു കാലയാപനം ചെയ്യുന്നവർക്കു വല്ല നഷ്ടവും നേരിടുന്ന പക്ഷം ആ നഷ്ടത്തേ ക്ലടസ്വത്തിൽനിന്നും പരിഹരിക്കേണ്ടതാണെന്നും ആ യോഗത്തിൽ തീർച്ചയാക്കി.[9]

ഭടജനങ്ങളിൽ അധികഭാഗവും നായന്മാരായിരുന്നു. ശത്രുബാധ ഉണ്ടാവുന്ന അവസരങ്ങളിൽ സൈന്യശേഖരം സുകരമാക്കുന്നതിലേക്ക്, രാജ്യത്തെ നാട്ടുകളായും, നാട്ടുകളെ പകുതികളായും, പകുതികളെ കരകളായും വിഭജിച്ചിട്ട് കരതോറും കരനാഥന്മാരേയും, പകുതി (ദേശം) തോറും ദേശവാഴികളോടും, നാട്ടുതോറും നാട്ടുവാഴികളെന്ന പേരോട്ടുകൂടി ഇടപ്രഭുക്കന്മാരെയും നിശ്ചയിച്ചിരുന്നു. രാജാവ് ആവശ്യപ്പെടുന്ന അവസരത്തിൽ ദേശവാഴികൾ നായന്മാരോടുകൂടി യുദ്ധസന്നദ്ധരായി പുറപ്പെടണമെന്നായിരുന്നു വ്യവസ്ഥ. അങ്ങിനെ യുദ്ധം ചെയ്യുന്ന കാലത്ത് രാജാവ് ഭടന്മാരുടെ ചെലവുകൾ നടത്തി വന്നു. അല്ലാതെ അവർക്കു മാസപ്പടി കൊടുക്കുക പതിവില്ലായിരുന്നു. ഓരോ ദേശവാഴിക്കും 'ചാർന്ന' വരായി നൂറുവരെ നായന്മാരുണ്ടായിരിക്കും. എന്നാൽ നാട്ടുവാഴിക്ക് മൂവായിരത്തോളം നായന്മാർ കാണുമായിരുന്നു. കയ്മൾ, കർത്താ ഇത്യാദിയായിരുന്നു നാട്ടുവാഴികളുടേയും ദേശവാഴികളുടേയും സ്ഥാനങ്ങൾ.

കേരളമാഹാത്മ്യകർത്താവ് വർഗ്ഗീയസ്പർദ്ധ, കുറുമ്പ്, കൃതഘ്നത ഇത്യാദി ദുർഗ്ഗുണങ്ങളുടെ വാസഭൂമിയായിരുന്നിട്ടും ഇത്തരം സ്ഥാനികളെ അപമാനിക്കാൻ ഒരുമ്പെടാതിരുന്നതു്, അവരുടെ കൈയൂക്കിനെ ഭയപ്പെട്ടിട്ടായിരിക്കുമോ എന്തോ? എഴുപത്തിഏഴുവരേയുള്ള അദ്ധ്യായങ്ങൾ വായിച്ചാൽ കേരളമാഹാത്മ്യകർത്താവ് നായന്മാരെ ശൂദ്രരായി ഗണിച്ചിട്ടില്ലായിരുന്നുവെന്നുപോലും ഊഹിക്കാം. ആയുധാഭ്യാസശാലകല്പനാദ്ധ്യായത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

| | |
|---|---|
| "അഷ്ടാദശവിധം പ്രോക്തമായുധാഭ്യാസശാസ്ത്രകം<br>ദീർഘഞ്ച കടകഞ്ചൈവ ചട്ടുലം മണ്ഡലം തഥാ<br>വൃത്തചക്രം സുകങ്കാളം വിജയം വിശ്വമോഹനം<br>തിര്യങ മണ്ഡലമന്യോന്യം ഗദയാ ഖേടഗഹ്വരം<br>ശത്രുഞ്ജയഞ്ച സൌഭദ്രം പടലഞ്ച പുരഞ്ജയം<br>കായവൃദ്ധിശ്ശിലാഖണ്ഡം ഗദാശാസ്ത്രമനുത്തമം." | } പതിനെട്ട് അടവുകൾ |

ഇങ്ങനെ പതിനെട്ട് അടവുകളെ വിവരിച്ചിട്ട് ആയുധം അഭ്യസിക്കുന്നതിന് ശസ്ത്രാഭ്യാസശാലയിൽ ഒരു 'നായകനെ' നിയമിച്ചതായി പറയുന്നു.

"നിത്യാഭ്യാസായ തത്രാഥ

9 കൊ. ച.

ഗവാക്ഷനാമനായകം
ഭാർഗ്ഗവഃ കല്പയിത്വാഥ
വേഷ്ടനഞ്ച ഗദാം ദദൗ”

പരശുരാമൻ പിന്നീട് അവിടെനിന്ന് നായന്മാരോടു കൂടി ലക്ഷ്മീപുരത്തു ചെന്ന് അവിടെ ഒരു കളരി പണിയിച്ച് അവിടെയും ഒരു നായകനെ ഗുരുവായി കല്പിച്ചിട്ട് അദ്ദേഹം നേരേ അംബികാപുരത്തേയ്ക്കു പുറപ്പെട്ടു. അവിടെ ആയുധഗുരുവായി നിശ്ചയിച്ചത് 'ക്രപനായക'നെ ആയിരുന്നു. അനന്തരം തിരുനാവായിൽ എത്തിയിട്ട്, ഛത്രാലയനായകനെ നിയമിച്ചു.

നായകാനാം ഗുരുർഭൂത്വാ
തിഷ്ഠത്വം ഛത്രനായക
ഗദാഞ്ച വേഷ്ടനം ദത്വാ
ബാലപൂര്യാം യയൗ പ്രഭുഃ.

ബാലപുരി എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് കൊച്ചിയേയാണ്. അവിടെ പാലിയാലയസംസ്ഥനായ നായകനായിരുന്നു ആ മാന്യപദവി സിദ്ധിച്ചത്. പാലിയാലയ നായകൻ പാലിയത്തുമേനോൻ ആണെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവിടെനിന്ന് ഭാർഗ്ഗവരാമൻ ശ്രീവർദ്ധനപുരത്തു വന്ന് 'അർക്കാലയനായക'നെ 'ത്രിശതാർദ്ധസഹസ്രാണാം നായക' (350,000നായ)ന്മാരുടേയും ഭൂപതിയുടേയും ഗുരുവായി കല്പിച്ചുവത്രേ. ഇങ്ങനെ അദ്ദേഹം ദേശംതോറും നടന്ന് കളരികളെ സ്ഥാപിച്ച് ആയുധഗുരുക്കന്മാരായി നായന്മാരെ നിയമിച്ചുവെന്നു പറഞ്ഞിരിക്കുന്നു. ഈ മൂന്ന് അദ്ധ്യായങ്ങളിൽ ഒരിടത്തും നായന്മാർ ശൂദ്രരാണെന്നു പറഞ്ഞിട്ടേ ഇല്ല. ആയുധഗുരുക്കന്മാർക്ക് പണിക്കർ, കുറുപ്പ് എന്നീ സ്ഥാനങ്ങളാണ് ഉണ്ടായിരുന്നത്. ഒരു നായർകുടി ജനിച്ചാലുടനെ, വെടി വെയ്ക്കുക പതിവായിരുന്നെന്നും, അങ്ങനെ ചെയ്തുവന്നത്, അവർക്കു മേലിൽ ഭയം എന്നൊരു ചേതോവികാരം ഉണ്ടാകാതിരിക്കാൻ വേണ്ടി ആയിരുന്നെന്നും തച്ചോളിപ്പാട്ടുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോഴും മടലടിച്ച ശബ്ദം ഉണ്ടാക്കാറുണ്ടെങ്കിലും അതിന്റെ അർത്ഥം മനസ്സിലാക്കീട്ടുള്ളവർ വളരെ ചുരുക്കമാകുന്നു ഓരോ കുടിയേയും മൂന്നു വയസ്സിൽ മുടി കളഞ്ഞ്, അഞ്ചു വയസ്സിൽ എഴുത്തിനിരുത്തണമെന്നായിരുന്നു പഴയ കാലത്തേ വ്യവസ്ഥ. മൂന്നു കൊല്ലംവരെ എഴുത്തു പഠിച്ചതിനുശേഷമേ ആയുധവിദ്യ അഭ്യസിച്ചു തുടങ്ങൂ. ശരീരത്തിനെ എണ്ണ തേച്ച് ഉഴിഞ്ഞ് നല്ലപോലെ വശപ്പെടുത്തിയതിനുശേഷം ഓടം, ചാടം, മറിച്ചിൽ മുതലായ അഭ്യാസങ്ങളും വിവിധങ്ങളായ ആയുധങ്ങളെക്കൊണ്ടുള്ള പ്രയോഗങ്ങളും ആശാന്മാർ അവരെ പഠിപ്പിച്ചുവന്നു. 'പടിച്ചാലേ പണിക്കാരാവു' എന്നൊരു പഴഞ്ചൊല്ലു കേരളത്തിലുണ്ടല്ലോ. പതിനെട്ട് അടവുകളും പഠിക്കാത്തവൻ പണിക്കർസ്ഥാനത്തിന് അർഹനായിരുന്നില്ല.

ഇക്കാലത്ത് 'നായർ' എന്ന പേര് എല്ലാവരും ഉപയോഗിക്കാറുണ്ടെങ്കിലും, പുരാതനകാലത്ത് അങ്ങനെ പതിവില്ലായിരുന്നെന്ന് തച്ചോളിപ്പാട്ടുകൾ സാക്ഷ്യം വഹിക്കുന്നതിനു പുറമേ, വിദേശിയരും രേഖപ്പെടുത്തീട്ടുണ്ട്.

ആയുധവിദ്യ സിദ്ധിച്ചിട്ടുള്ളവർക്ക് നായർ എന്ന സ്ഥാനപ്പേരു വിശേഷാൽ നൽകിവന്നുവെന്ന് പർച്ചാസും പറഞ്ഞിട്ടുണ്ട്. ഈ സ്ഥാനത്തിന് അർഹതയുള്ളവനെ വാൾ ധരിപ്പിച്ചിട്ട് രാജാവ് അയാളുടെ ശിരസ്സിൽ കൈവച്ച് മന്ത്രോച്ചാരണപുരസ്സരം 'ബ്രാഹ്മണരേയും പശുക്കളേയും രക്ഷിക്കുക' എന്നു കല്പിക്കുന്നു. ഇങ്ങനെ ആയിരുന്നുവത്രേ പണ്ട് നായർപദത്തിൽ ആളുകളെ അവരോധിച്ചുവന്നത്. യൂറോപ്പിൽ നൈറ്റ് സ്ഥാനം നൾകി വന്നതുപോലെ ആയിരുന്നു കേരളത്തിൽ നായർ സ്ഥാനം കല്പിച്ചുവന്നതും.[10]

കേരളോല്പത്തി എഴുതിയ വിദ്വാനാണ് നായന്മാരെ പൊതുവെ ശൂദ്രവർഗ്ഗത്തിൽപ്പെടുത്തിയത്. (1) കിരിയത്തു നായർ. (2) ഇല്ലത്തുനായർ. (3) സ്വരൂപത്തിൽ നായർ. (4) മേനോക്കി. (5) പട്ടോല മേനോൻ. (6) മാരാര്. (7) പാദമംഗലം. (8) പള്ളിച്ചാൻ. (9) ചെമ്പുകൊടി നായർ. (10) ഓടത്തു നായർ. (11) എടച്ചേരി നായർ. (12) വടക്കാട്ടു നായർ (13) ആത്തൂർ നായർ. (14) അസ്തിക്കുറിച്ചി നായർ. ഇങ്ങനെ പതിന്നാലു വർഗ്ഗക്കാരായ നായന്മാരെ ആയുധാഭ്യാസം ചെയ്തു യുദ്ധത്തിനു പോവാൻ അനുവദിച്ചിരുന്നതായി കേരളോല്പത്തിയിൽ പ്രസ്താവിച്ചു കാണുന്നു. ആകെ പതിനെട്ടു ജാതിക്കാർ ഉണ്ടായിരുന്നതിൽ ബാക്കി നാലു ജാതിക്കാർക്ക് താളി പിഴിഞ്ഞു കുളിപ്പിക്ക, തണ്ടെടുക്ക, ചുമടു കെട്ടുക, എള്ളിടുക, പൂഞ്ചേല മുക്കുക മുതലായ കുലിച്ചേവുകങ്ങളാണത്രേ കല്പിച്ചിരുന്നത്. ഇപ്രകാരം നായന്മാർ പിൽക്കാലത്ത് 'ശൂദ്രരായി' എണ്ണപ്പെട്ടു തുടങ്ങിയെങ്കിലും കേരളക്ഷിതിരത്നമാല എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഇപ്രകാരം വിധിച്ചിരിക്കുന്നു.[11]

"കേവിച്ഛസ്ത്രഭൃതാം വര്യാസ്സർവശാസ്ത്രഭൃതാം വരാഃ;
തേഷാം വൈ ശസ്ത്രശാലാസു വർത്തന്തേഖിലദേവതാഃ"
"വിപ്രൈരപി ച തേ മാന്യാഃ പാണിപാദഭവാ അപി;
ഉത്ഥാനമാചരേത്തേഭ്യസ്സാർവഭൗമോപ്യസംശയഃ.
ശസ്ത്രിണാം ഗുരവസ്തേസ്വ്യഃപ്രാണശ്ശസ്ത്രേ ഫി ഭൂഭുജാം."

---

[10] "പുലസ്യം അണിഞ്ഞാലേ നായരാവൂ
പൂണൂലുമിട്ടാലേ നമ്പൂരിയാവൂ
മംഗല്യമണിഞ്ഞാലേ നാരിയാവൂ"
—എന്നിങ്ങനെ തച്ചോളിപ്പാടിൽ പറഞ്ഞിരിക്കുന്നതു നോക്കുക.

[11] ചിലർ സർവശാസ്ത്രഭൃത്തുകളിൽ വെച്ച് ശ്രേഷ്ഠന്മാരും ആയുധപാണികളിൽ വെച്ച് ഉത്തമന്മാരുമാകുന്നു. അവരുടെ കളരികളിൽ അഖില ദേവതകളും വർത്തിക്കുന്നു.
ആയുധപാണികൾ പാണീപാദഭവന്മാരായിരുന്നാലും വിപ്രന്മാരാൽപ്പോലും മാന്യന്മാരാണ്.
സാർവ്വഭൗമന്മാർകൂടി അവരെ കണ്ടാൽ എഴുന്നേല്ക്കണം. എന്തുകൊണ്ടെന്നാൽ രാജാക്കന്മാരുടെ പ്രാണൻ ആയുധത്തിലാണിരിക്കുന്നത്. അവരോ രാജാവിന്റെ ശാസ്ത്രഗുരുക്കന്മാരാകുന്നു.

ഇങ്ങനെ ചില വിധികൾ കാണുന്നതിനാൽ ക്ഷാത്രതേജസ്വികളായ നായന്മാരെ ബ്രാഹ്മണർ പൂജിച്ചുവന്നുവെന്ന് ഊഹിക്കാം. ജാതിവ്യത്യാസം ഉറച്ചശേഷവും, ആയുധം എടുക്കാനായി തലയിൽ കെടിക്കഴിഞ്ഞാൽ തിരികെ അതു് അഴിക്കുന്നതുവരെ മറ്റ ജാതിക്കാരെ തൊട്ടാൽ അശുദ്ധിയില്ലെന്ന് ഒരു നിയമവുമുണ്ടായിരുന്നു.

ഭടന്മാർ യുദ്ധത്തിനു പുറപ്പെടുമ്പോൾ ഉടുത്തുകെടുന്നതല്ലാതെ വിശേഷവസ്ത്രങ്ങളൊന്നും ധരിക്കാറുണ്ടായിരുന്നില്ല. അമ്പലപ്പുഴ വേലകളിക്കാരുടെ ഉടുത്തുകെട്ട് കണ്ടിട്ടുള്ളവർക്ക് അതിന്റെ രീതി ഏതാണ്ട് ഊഹിച്ചറിയാം. തച്ചോളി കുഞ്ഞിച്ചന്തു അങ്കം പൊരുതുന്നതിനു പുറപ്പെടുന്നതു് എങ്ങനെ എന്നു നോക്കുക.

“. . . . . . . . . . . . . . . ചന്തു
നിലയറവാതിൽ തുറക്കുന്നുണ്ട്
മെയ്യാഭരണപ്പെടി വലിച്ചുവച്ചു
ചമയങ്ങളൊക്കെയെടുത്തു ചന്തു
അങ്കപട്ടാട എടുക്കുന്നുണ്ട്
പട്ടുതെറുത്തങ്ങുടുക്കുന്നുണ്ട്”
നാല്പത്തിരുമുഴം പുള്ളിക്കച്ച
കുഴലീന്നു കച്ച വലിച്ചെടുത്തു
പന്തുകണക്കിൽ ചുരുട്ടികച്ച
ആകാശം ചൂണ്ടി എറിഞ്ഞു കച്ച
കച്ചേടെ വാലും പിടിച്ചു ചന്തു
അയ്യാളെകരം വരുന്ന മുമ്പിൽ
പകിരി തിരിഞ്ഞങ്ങു കെട്ടുന്നുണ്ടേ
വടക്കൻ ഞെറിവെച്ചു ഞായംവെച്ചും
തെക്കൻ ഞെറിവെച്ചു കുന്തൽവെച്ചും
ആനമുഖംവെച്ചും കെട്ടുന്നുണ്ട്
കുതിരമുഖംവെച്ചും കെട്ടുന്നുണ്ട്
ചന്തംപെരുമയിൽ കെട്ടുന്നുണ്ട്
അങ്കപുലിവാലുഴിഞ്ഞു കെട്ടി
കച്ചചമയങ്ങൾ ചമഞ്ഞൊരുങ്ങി
ഏലസ്സരഞ്ഞാൺ അരമുറുക്കി
നാട്ട് വാഴികൊട്ടുത്തൊരു പൊന്നുംതൊപ്പി
തൊപ്പിയെടുത്തു തലയ്ക്കണിഞ്ഞു
. . .   . . .   . . .   . . .   . . .
ചന്ദനപ്പരിശ പൊടിതുടച്ചു
ഉറുമിപ്പരിശ തൊഴുതെടുത്തു
വേഗത്തിൽ തന്നെയും പുറപ്പാടായി”

യൂറോപ്യൻ യുദ്ധസമ്പ്രദായം നടപ്പിൽ വരുന്നതിനു മുമ്പ് നായന്മാർ യുദ്ധം ചെയ്യാറുണ്ടായിരുന്നതെങ്ങനെ എന്ന് അറിയുന്നതിന് വർത്തിമയുടെ ഒരു വിവരണം ഇവിടെ ഉദ്ധരിക്കാം.[12] സാധാരണയായി അവർ ദിവസംപ്രതി വാൾ, പരിച, കുന്തം ഇവയെ പയറ്റി ശീലിക്കുന്നു. കോഴിക്കോട്ടുരാജാവ് യുദ്ധത്തിനു പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ കീഴിൽ ലക്ഷത്തിൽ കുറയാതെ കാലാൾ ഉണ്ടായിരിക്കും. കുതിരകളെ ഉപയോഗിക്കാറില്ല. എന്നാൽ രാജാക്കന്മാർ ആനപ്പുറത്തു കയറിപ്പോകുന്നു. എല്ലാവരും കടുംചുവപ്പുനിറത്തിലുള്ള പട്ടു തലയിൽ കെട്ടിയിരിക്കും. അവരുടെ ആയുധങ്ങൾ വാള്, പരിച, കുന്തം, വില്ല് ഇതുകളാകുന്നു. കൊടിയുടെ സ്ഥാനത്ത് രാജാവ് ഒരു കുട പിടിക്കുന്നു.

"പടനിലത്ത് എത്തി ഇരുഭാഗക്കാരും തമ്മിൽ രണ്ടമ്പ് എയ്ത്തിന്റെ ദൂരത്തിലാകുമ്പോൾ രാജാവ് ഒരു ബ്രാഹ്മണനെ വിളിച്ച് ഇപ്രകാരം പറയുന്നു. 'ശത്രുവിന്റെ കൈനിലയിൽ പോയി ശത്രുരാജാവോട് അദ്ദേഹത്തിന്റെ ആളുകളായ നൂറു നായന്മാരെ അയയ്ക്കാൻ പറയൂ. ഞാൻ എന്റെ ആളുകളായ നൂറു നായന്മാരോടു കൂടി വരാം." ഇങ്ങനെ ഓരോ ഭാഗത്തെ നൂറു നൂറു ആളുകൾ വീതം പടനിലത്തിന്റെ നടുവിൽവന്ന് യുദ്ധം ആരംഭിക്കുന്നു. മൂന്നു ദിവസംവരെ ഇങ്ങനെ നിന്നു പൊരുതിയാലും അവർ ഒരിക്കൽ തലയ്ക്കു നേരെ രണ്ടും കാലിന്മേൽ ഒന്നും വീതം അടിക്കയോ ഇടിക്കയോ കുത്തുകയോ ചെയ്യുന്നതല്ലാതെ ഒന്നും പ്രവർത്തിക്കയില്ല. ഓരോ ഭാഗത്തും നാലോ ആറോ ആൾ മരിച്ചാൽ ഉടനെ പൊരുതി നിൽക്കുന്നവരുടെ ഇടയിൽ ബ്രാഹ്മണർ വന്ന് അവരെ വേർപെടുത്തി അവരുടെ കൈനിലയിൽ അയയ്ക്കും. എന്നിട്ട് ഈ ബ്രാഹ്മണർ ഇരുഭാഗത്തെയും സൈന്യത്തിൽ പോയി, ഇനിയും യുദ്ധം വേണോ എന്നു ചോദിക്കും. വേണ്ട എന്നു രാജാക്കന്മാർ മറുപടിയും പറയും. ഇങ്ങനെ ഓരോ ഭാഗത്തുനിന്ന് നൂറു നൂറു നായന്മാർ വീതം വന്നു യുദ്ധം ചെയ്യുന്നു.

"അവർ പടവെടിയത് ഇപ്രകാരമാണ്. രണ്ടു മൂവായിരം നായന്മാർ വാദ്യഘോഷത്തോടും വെടിക്കെട്ടുകളോടും ഓരോ മുക്കിലായി പാഞ്ഞു നേരിട്ട് ഓടിവന്നു. അവർ പാച്ചിലിന്റെ ഊക്കുകൊണ്ട് പതിനായിരം ആളുകളെക്കൂടി ഭയപ്പെടുത്തിക്കളയും." വേറെയും പല പാശ്ചാത്യന്മാർ നായർഭടന്മാരുടെ ധൈര്യപരാക്രമങ്ങളേയും സത്യനിഷ്ഠയേയും മറ്റും പറ്റി രേഖപ്പെടുത്തീട്ടുണ്ട്.

രാത്രികാലത്തോ ഒളിവിൽ പതുങ്ങിയിരുന്നോ അവർ ഒരു കാലത്തും യുദ്ധം ചെയ്യാറുണ്ടായിരുന്നില്ല. "സൂര്യൻ ഉദിച്ചു പൊങ്ങിയതിന്റെ ശേഷം പകൽ സമയത്തു മാത്രമേ അവർ പട വെട്ടുകയുള്ളൂ. ഇരുഭാഗക്കാരുടേയും കൈനിലകൾ അടുത്തിരിക്കും. രാത്രി മുഴുവനും രണ്ടു ഭാഗക്കാരും അല്ലൽ കൂടാതെ സുഖമായി ഉറങ്ങുന്നു. നേരം പുലർന്ന് സൂര്യോദയമായാൽ രണ്ടു കൂട്ടരും കുളത്തിങ്കൽ കൂടി, കുളി മുതലായ[13]

---

[12] കൊ. ച. ഒന്നാംഭാഗം.

[13] അതിരാവിലെ ഗംഗയുണർത്തിക്കുളിച്ച് കടവിൽ തേവാരം നടത്തിയ ശേഷമേ ഓരോ നായരും

നിത്യവൃത്തികളും സാപ്പാടും കഴിച്ച്, ചട കുപ്പായം മുതലായതു ധരിച്ച്, മുറുക്കി വെടിയും നേരമ്പോക്കും പറഞ്ഞുകൊണ്ടിരിക്കും. പടഹദ്ധ്വനി കേട ഉടനെ അവര വരുടെ കൈനിലയിലേക്കു പോന്ന് അണി നിരക്കുന്നു. ആദ്യമായി പടഹമടിക്കു ന്നതു മിടുക്കായി വിചാരിച്ചുവന്നുവെങ്കിലും മറുഭാഗത്തെ പടഹദ്ധ്വനി കേൾക്കുന്നതി നു മുമ്പു് പട തുടങ്ങിക്കൂട. ആദ്യത്തേ അണിയിൽ വാൾക്കാർ നിൽക്കുന്നു. അവ രുടെ പരിചകൾ തമ്മിൽത്തമ്മിൽ തൊട്ട് നിലത്തോടു ചേർത്തു പിടിച്ചുംകൊണ്ട് കുനിഞ്ഞു താണ് പദം പദമായി ചുവടുവെച്ച് എത്രയും സാവധാനത്തിൽ മുമ്പോ ക്കം വന്നുതുടങ്ങും. അതിന്റെ പിന്നാലെ വില്ലുകാർ ശത്രുസൈന്യത്തിന്റെ കാലുകളി ന്മേൽ കൊള്ളത്തക്കവണ്ണം നിലത്തോടു ചേർത്ത് അമ്പുപൊഴിക്കും. അവരുടെ കൂ ടത്തിൽ കരിമരംകൊണ്ടുണ്ടാക്കപ്പെട്ട ഘനമുള്ള ഗദകളോ മൂർച്ചയുള്ള ഇരിമ്പുചക്ര ങ്ങളോ നിലത്തോടു അടുപ്പിച്ച് ശക്തിയോടെ എറിയുന്നവരും ഉണ്ടാകും. ഈ വക ആയുധങ്ങൾ വല്ല എല്ലിന്മേലും കൊണ്ടാൽ ആ എല്ല് തകർന്നുപോകും.

"എല്ലാത്തിനും പിന്നിലായി ഈട്ടിക്കാരും കുന്തക്കാരും വരും. തമ്മിൽ ശണ്ഠ പിടിക്കുന്നത് എപ്പോഴും മൈതാനമായ സ്ഥലത്തുവെച്ചാണ്. മുമ്പോട്ടുള്ള എല്ലാവ രുടേയും ഗതി കുനിഞ്ഞും വളരെ സാവധാനത്തിലും ആണ്. ചുവടുവെച്ച് മുമ്പോട്ടു കടന്ന് പിന്നോക്കം മാറിയും, പിന്നെയും മുമ്പോട്ടുവന്നും പിന്നെയും പിന്നോക്കം ചെ ന്നും ഇങ്ങനെ ചില സമയം ഒരു ദിവസം മുഴുവനും കഴിച്ചുകൂടി എന്നുവരും. പടഹ ദ്ധ്വനി കേട്ടാൽ എല്ലാവരും ശണ്ഠമതിയാക്കി അന്നത്തേ പടനിർത്തുന്നു. എന്നാൽ ഇരുഭാഗക്കാരുടേയും മുമ്പോക്കമോ പിന്നോക്കമോ ഉള്ള ഗതി നിൽക്കുമ്പോൾ മാ ത്രമേ പടഹമടിക്കാൻ പാടുള്ളൂ."

"പടഹദ്ധ്വനി കേട്ടാൽ ഉടനെ പട പിരിഞ്ഞു് അതു വരെ തമ്മിൽ ശണ്ഠയിടി രുന്നവർ ഒന്നായിക്കൂടി ഉല്ലസിക്കുന്നു. ജ്യേഷ്ഠാനുജന്മാരെ ധർമ്മയുദ്ധത്തിൽ കൊ ലപ്പെടുത്തിയവരുടെ മേൽപ്പോലും മുഷിച്ചലും ദ്വേഷവും വിചാരിക്കയില്ല."[14]

നായന്മാരുടെ ഇടയിൽ അക്കാലത്തു നടപ്പുണ്ടായിരുന്ന ചില ആചാരങ്ങളേ യും ഈ സന്ദർഭത്തിൽ അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. ആയുധം കൂടാതെ ഒരു നാ

---

അവനവന്റെ ജോലിക്കു പോകാറുണ്ടായിരുന്നുള്ളൂ.

"അരയോളം വെള്ളത്തിലിറങ്ങിനിന്നു
ഗംഗയുണർത്തിക്കുളിച്ചിതല്ലോ
കുളിയും കഴിഞ്ഞു കയറിവേഗം
കടവത്തു മന്ത്രവും ചൊല്ലീടുന്നു
കല്ലിന്മേൽ കർമ്മവും കഴിച്ചിടുന്നു
സൂര്യന്നു വെള്ളം ജപിച്ചെറിഞ്ഞു
കൈരണ്ടും കൂപ്പിത്തൊഴുതുനിന്നു."
(തച്ചോളിപ്പാട്ടുകൾ)

[14] കൊ. ച. ഒന്നാംഭാഗം വശം 81–82.

യരും പുറത്തു സഞ്ചരിക്ക പതിവില്ലായിരുന്നു.[15] ആരെങ്കിലും ഒരു നായരെ അവമാനിക്കയോ ഉപദ്രവിക്കയോ ചെയ്താൽ അവർ ഉടനെ അയാളുടെ വാളിന് ഇരയാകും. പതിനെട്ടാം ശതകം വരെയും അതിനിപ്പുറവും കേരളത്തെ സന്ദർശിച്ചിട്ടുള്ളവരെല്ലാം ഈ വിഷയത്തിൽ സാക്ഷ്യം വഹിക്കുന്നുണ്ട്. റോമിലും മറ്റും പണ്ടു നടപ്പുണ്ടായിരുന്ന രീതിയിൽ കുടിപ്പക എന്നൊന്ന് ഇവിടെയും ഉണ്ടായിരുന്നു. തന്റെ കുടുംബത്തിൽ ആരെയെങ്കിലും അവമാനിക്കയോ വഞ്ചിക്കയോ ഉപദ്രവിക്കയോ ചെയ്ത ഒരുവനോടോ, അവൻ മരിച്ചുപോയാൽ അവന്റെ കുടുംബത്തോടോ പക വീടാതെ ഒരു കേരളീയൻ അടങ്ങാറില്ലായിരുന്നു. ഒരു നായരെ ഒരാൾ കൊലപ്പെടുത്തി എന്നിരിക്കടെ. മരിച്ച ആളുടെ അടുത്ത ചാർച്ചക്കാർ അയാളുടെ രക്തത്തിൽ ഒരു തുണി മുക്കിയെടുത്തിട്ട്, ആ കുടിപ്പക തീർക്കുന്നതുവരെ, അതിനെ സൂക്ഷിച്ചുകൊള്ളാമെന്ന് ശപഥം ചെയ്യും. മൃതശരീരത്തെ ഘാതകന്റെ ഗൃഹത്തിൽ കൊണ്ടുചെന്നിട്ട് വീടോടുകൂടി ദഹിപ്പിക്ക പതിവായിരുന്നെന്ന് മിസ്റ്റർ ലോഗൻ പറയുന്നു. ഒരു നായർസ്ത്രീയെ താഴ്ന്ന ജാതിക്കാരിലാരെങ്കിലും തൊട്ടുപോയാൽ അവനേ അവിടെ വെച്ചുതന്നെ കൊല്ലുകയും അവൾക്കു ഭ്രഷ്ടുകല്പിക്കയും ചെയ്തുവന്നു.

അങ്കം പൊരുതുക എന്നൊരു സമ്പ്രദായം കേരളത്തിൽ പ്രചരിച്ചിരുന്നു. അന്യൻ ദൂഷിക്കയോ മറ്റേതെങ്കിലും വിധത്തിൽ അവമാനിക്കയോ ചെയ്താൽ അവർ തമ്മിലോ അവരുടെ പ്രതിനിധികൾ തമ്മിലോ അങ്കംപൊരുതു വന്നു. ഇതിന് യൂറോപ്പിലെ മല്ലയുദ്ധത്തിനോടു duelling സാദൃശ്യമുണ്ടായിരുന്നു. ഈ വിഷയത്തിൽ നാടുവാഴിയാണ് മാദ്ധ്യസ്ഥ്യം വഹിച്ചുവന്നത്. എന്നാൽ അപ്രകാരം മാദ്ധ്യസ്ഥ്യം വഹിക്കുന്നവകയ്ക്ക് ഒരു നിശ്ചിതസംഖ്യ കെട്ടിവയ്ക്കണമെന്നായിരുന്നു നിയമം. അവകാശത്തർക്കം തീർക്കുന്നതിനും അങ്കംപൊരുതാറുണ്ടായിരുന്നുവെന്ന് തച്ചോളിപ്പാട്ടുകളിൽ നിന്നു ഗ്രഹിക്കാം. ‘ആരോമൽ ചേകവർ അങ്കം പൊരുതുന്ന പാട്ട്’ ഈ മാതിരിയിലുള്ള ഒരു ദ്വന്ദ്വയുദ്ധത്തിനെ സംബന്ധിച്ചാണ്.

പടക്കളി അഥവാ ഓണത്തല്ല് എന്നൊരു കാര്യമായ വിനോദം ഈ അടുത്ത കാലം വരെ നിലനിന്നു. ഒരു ദേശത്തുള്ളവർ രണ്ടു സംഘക്കാരായി പിരിഞ്ഞു് ഓണത്തുന്നാൾ ഊണുകഴിഞ്ഞു് രാജാക്കന്മാരുടേയും നാടുവാഴികളുടേയും സ്ത്രീജനങ്ങളുടേയും മുമ്പിൽവെച്ച് യുദ്ധം നടത്തുകയാണ് ഓണത്തല്ലിന്റെ പ്രധാന ചടങ്ങ്. ഇപ്രകാരമുള്ള ഒരു യുദ്ധത്തെ ആണ് ഹര്യക്ഷസമരോത്സവം എന്നു ഗാനത്തിൽ വർണ്ണിച്ചിരിക്കുന്നത്.

## 26 രാജഭോഗം

അക്കാലത്തു നടപ്പിലിരുന്ന പലമാതിരി നികുതികളിൽ ചിലതിനെപ്പറ്റി താഴെ ഉദ്ധരിച്ചിരിക്കുന്ന ശിലാലേഖനത്തിൽ നിന്നു ഗ്രഹിക്കാം.

---

[15] Camoens.

"സ്വസ്തി ശ്രീകോനേർ ഇൽമൈകൊണ്ടാൻ യാണ്ടു നാലുനാൾ നൂറ്റൈമ്പത്തു നാലിനാൽ ഇരട്ടൈ പാടി ഏഴരൈ ഇലക്കമു കൊണ്ടു പേരാറ്റംകരൈയ്യൈപ്പത്തു ആഹവ മല്ലനൈ അഞ്ചുവിത്തു ആനൈയും കുതിരയും പെണ്ടീർ പണ്ടാരമും കൈക്കൊണ്ടു വിജയ അപിഷേകം ചെയ്തു വീരസിഹാസനത്തു വീറ്റിരുന്തരുളിന കോപ്പറകേചരി ന്മാരായ ഉടൈയാർ ശ്രീരാജേന്തിരതേവരകം കൈക്കൊണ്ടു ചോഴപുരത്തു നാം കേരളൻ മാളികൈയിൽ (തേവാതാന)ത്തു കാട്ടുവെടിയിൽ എഴുത്തി(ൽ വരിയിലിട്ടിരു)ന്ത രാജരാജപാണ്ടിനാട്ടു ഉത്തമചോഴവളനാട്ടുപ്പുറത്തായ നാട്ടുക്കമരിയാനകം (കൈകൊ)ണ്ട ചേരഴപുരത്തു കന്നിപ്പിടാരിയാർ തേവതാനമാന വിടക്കടവ ഊർക്കഴഞ്ചു (1) കുമരിക്കച്ചാണമു (2) മീൻപാടമും (3) തറിപ്പുടൈവൈയും (4) തട്ടാരപ്പാടമും (5) ഉള്ളിട്ട കീഴിരൈപാടമും മേരമുംതിങ്കൾ കരമേ കാലളവു പാട്ടമും (6) കാവൽക്കൂലിയും (7) കോൽക്കൂലിയും (8) ആട്ടുപ്പാട്ടമും (9) പേർമുതലായമും (10) തരകുകൂലിയും (11) അന്തരായങ്കൾ കരൈക്കുടലായ് വരുകിറൈ പടിയാണ്ടു നാലിൽ പലമുതൽ തവിർന്തരുളിന (കടമൈവേ)ണ്ടും നിവന്തങ്കളുക്കു ഇരുപ്പതാകവും ഇവ്വൂർ രാജരാജേശ്വരമുടൈയ തേവതാനമാന ഊർകൾ, കടവ ഊർക്കഴഞ്ചു കുമരിക്കച്ചാണവും, മീൻപാടമും, തറിഇരൈ തടാരമും ഉള്ളിടകീഴിരൈപ്പാടം മുതലാന പാടവും പാടികാവർകൂലിയും ആട്ടുപ്പാട്ടമും (12) കാലളവുപാട്ടമും പാടികാവർകൂലിയും ആട്ടുപ്പാട്ടമും പേർ മുതലായമും തരകുകൂലിയും ഉള്ളിട അന്തരായങ്കൾ കരൈക്കടലായ് വരുകിന്റ പടിയാണ്ടു നാലവതു മുതൽ തവിർന്തു ഇത്തേവർക്കുവേണ്ടി നിവന്തങ്കളുക്കു ഇറപ്പതാകവും ഇവ്വൂർ രാജനരാജൻ ചാലൈക്കുപോകമാന ഊർകൾ കടവ ഊർക്കഴഞ്ചു കുമരിക്കച്ചാണമും മീൻപാട്ടമും ഇലൈവാണിയപ്പാട്ടമും കാലളവു പാട്ടമും പാട്ടുകാവർകൂലിയും ആട്ടുപ്പാട്ടമും നേർ മുതലായമും തരകുകൂലിയും ഉള്ളിട അന്തരായങ്കൾ കരൈക്കുടലായ് വരുകിൻറ പടിയാണ്ടു നാലാവതു മുതൽ തവിർന്തുവേണ്ടു നിവർന്തങ്കളുക്കു ഇരുപ്പതാകവും.[16]

ഇപ്പടിയാണ്ടു നാലാവതുമുതൽ ഇരയിലിയാകവരിയിലത്തിരുവായ് മൊഴിന്തരുളിനാർ എൻറു തിരുമന്തിരവോലൈ ജയം കൊണ്ടു ചോഴമകാരാജൻ എഴുപത്തിനാലും തിരുമന്തിരവോലൈ നായകം ഉത്തമചോഴകോനും രാജരാജ ബ്രഹ്മരായനും കാലിങ്കരാജനും തൊണ്ടൈമാനും തിരുപുവനപ്പല്ലവൻ നാട്ടുടൈയോനും പൂപേന്തിരചോഴ കകന തിരുവപ്പോരയനും ഒപ്പിട്ടുപ്പുകന്ത കേൾവി വരിയിട്ടുകൊൾക എൻറു ചില്ലവരാജരും കാട്ടുവെട്ടികളും ഏവ ഇവർകൾ ഏവിനപടി ഉടൻ കൂടത്തു അധികാരികൾ,

രാജരാജമഴവരായരും
രാജരാജ ചോഴബ്രഹ്മരായരും—

[16] (1) Village tithes. (2)(11) Tax Marriage dues. (3) Fishery Tax. (4) Tax on looms. (5) Tax on Goldsmith. (6, 7, 8) Taxes on measure & measurements and protection dues. (9) Cattle Tax. (10) Tax on title deeds. on commissions. (12)Tax on oil merchants

491 കുംഭം 21-ാംതീയതിയിലെ കേരളപുരം രേഖയിൽ ഓതിരൈ, അഴകെരുതു, പനക്കരം, കരൈപ്പാട്ടം, ആനൈവരി മുതലായ മറ്റു ചില കരങ്ങളേയും പ്രസ്താവിച്ചിട്ടുണ്ട്.

ഏതൽക്കാലസ്ഥിതിഗതികളെ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഭൂതരായർ എന്ന ആഖ്യായികയിൽ ഇങ്ങനെ സരസമായി വർണ്ണിച്ചിരിക്കുന്നു.[17]

"കുരോടു മേഞ്ഞ പുരകൾ കേരളത്തിൽ അന്നുണ്ടായിരുന്നില്ല. ഓലമേഞ്ഞ അരമനകൾ അരചരുടെ അവസ്ഥയ്ക്കൊരു കുറവും വരുത്തിയിരുന്നില്ല. വയ്ക്കോൽപ്പുരയിൽ പാർത്തിരുന്ന വലിയവരെക്കുറിച്ചു കുറ്റവും കുറവും ആരും പറഞ്ഞിരുന്നതും ഇല്ല. എട്ടുകെട്ടും നടപ്പുരയും തെക്കേക്കെട്ടുമാളികയും ആയാൽ നാടിന്നുടയവന്റെ പെരുമയ്ക്കു പോന്നതായി. നാലുകെട്ടും പുരയും നാലുപേർ കേടാൽ നിരക്കാതിരുന്നില്ല. പദവിയില്ലാത്തവർ പടിപ്പുര പണിതാൽ നാട്ടിലൊക്കെ കുട്ടവും കുറിയുമായി. പാമ്പിൻകാവും മുല്ലത്തറയ്ക്കൽ ഭഗവതിയും നടുമുറ്റത്തു തുളസിത്തറയും വടക്കിനിയിലോ പടിഞ്ഞാറ്റയിലോ പരദേവതയും ഇല്ലാത്ത തറവാടുകൾ തറവാടുകളായിരുന്നില്ല. നാല്പത്തീരടി നിലം വീതം നാടുതോറും കേരളത്തിൽ കളരികൾക്കായി ഉഴിഞ്ഞിട്ടിരുന്നു. നൂറ്റെട്ടു നാല്പത്തീരടി നിലങ്ങൾക്ക് ആശായ്മസ്ഥാനം വഹിച്ചിരുന്ന പണിക്കന്മാരും കുറുപ്പന്മാരും കുടിവെച്ചിരുന്ന കാരണവന്മാർക്കും കുലദൈവങ്ങൾക്കും കണക്കിൽ കവിഞ്ഞുകുടിയിരുപ്പുകൾ ഏർപ്പെടുത്തിയിരുന്നു. മാലോകർ കുടിപാർത്തിരുന്ന ഇടങ്ങളിൽ അമ്പലങ്ങളും കുളങ്ങളും ചിറകളും ചാലുകളും പുഴകളും പാടങ്ങളും അടിപരന്ന അരയാലുകളും മുടി കുളുർത്ത മുല്ലമലർക്കാവുകളും ഒത്തിണങ്ങി ജലസൗഖ്യത്തേയും ലോഭം കൂടാതെ നൽകിയിരുന്നു. ഒരിടത്തു പടനിലം, മറ്റൊരിടത്തു കൈനിലം. കോട, കൊത്തളം, കഴനിലം, കുത്തുപറമ്പ്, നിലവാട്ടുതറ, പട്ടിണിപ്പുര മുതലായി രക്ഷയ്ക്കും ശിക്ഷയ്ക്കും വിനോദത്തിനും വിരോധത്തിനും ഉതകുന്ന സങ്കേതസ്ഥാനങ്ങൾ അന്നത്തെ നാട്ടുനടപടികളെ പ്രത്യക്ഷപ്പെടുത്തുന്ന ലക്ഷ്യങ്ങളായിരുന്നു.

"ഗ്രാമസങ്കേതങ്ങൾ വിട്ടാൽ പിന്നെ ഉൾനാടെന്നും പുറനാടെന്നും ഉള്ള വ്യത്യാസം അത്ര കാര്യമായിരുന്നില്ല. അവിടങ്ങൾ ആൾ പെരുമാറ്റം കുറഞ്ഞും കാടു തോട്, കുണ്ടു കുഴി, കല്ലു കരടു കാഞ്ഞിരക്കുറ്റി, മുള്ളു മുരട്ടു മൂർക്കൻപാമ്പു മുതലായി വിജനസ്ഥലങ്ങൾക്കു സഹജങ്ങളായ സാമഗ്രികളെക്കൊണ്ടു നിറഞ്ഞും കിടന്നിരുന്നു. മുന്നൂറ്റവർ, അഞ്ഞൂറ്റവർ, അറുന്നൂറ്റവർ, ഒന്നുകുറഞ്ഞ് ആയിരത്തവർ, അയ്യായിരത്തവർ എന്നു തുടങ്ങിയ നാടുവാഴിത്തലവന്മാരുടേയും തളിയാതിരിമാരുടേയും

---

[17] ഗ്രന്ഥകാരൻ പെരുമാക്കന്മാരുടെ കാലത്തെ ഉദ്ദേശിച്ചാണ് എഴുതിയിരിക്കുന്നത്. എന്നാൽ ഈ വിവരണം പെരുമാൾവാഴ്ച അവസാനിച്ച ശേഷമുള്ള കാലഘട്ടത്തിന്നാണ് അധികം യോജിച്ചിരിക്കുന്നതെന്നു തോന്നുന്നു. തച്ചോളിപ്പാട്ടുകളെപ്പറ്റി ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്ന വിമർശം വായിച്ചുനോക്കുക.

ചേവകം ഏറ്റുകൊണ്ടും നായാട്ടു നടത്തിക്കൊണ്ടും കാലക്ഷേപം കഴിച്ചപോന്നകാവൽച്ചെങ്ങ തികളുടെ കടിയിടങ്ങളും അവർ വില്ലു കുത്തി കണ്ണുറപ്പിച്ചു നിൽക്കുന്ന മാടുകളും മേടുകളും ഈ വിജനപ്രദേശങ്ങളിൽ അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്നതു കാണാമായിരുന്നു. ഓരോരോ ചേരിക്കാർ പടയാളികളെ പാർപ്പിച്ചിരുന്നതും, കുറ്റിയും വാടയും തീർത്തുറപ്പിച്ചിരുന്നതും ആയ ചേറ്റിൽ കൊടിലുകളെന്നും പടക്കൊടിലുകളെന്നും പറഞ്ഞുവന്നിരുന്ന സങ്കേതങ്ങളും എതിരാളികളുടെ കയ്യേറ്റങ്ങളുണ്ടാവുന്ന അതിരുകളിൽ അങ്ങുമിങ്ങും കണ്ടിരുന്നു."

⋆ ⋆ ⋆

"ദേശസഞ്ചാരത്തിനെന്നല്ല ദേശം പകരുവാൻ തന്നെ, ഇന്നത്തെ സൗകര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. ഇട്ടുപടി ചാടിക്കടക്കണം, കടമ്പ കേറിക്കടക്കണം, കല്ലും മുള്ളും നോക്കിച്ചവുടണം, കുണ്ടനിടവഴിയിൽ കുനിഞ്ഞുനടക്കണം, വരമ്പത്തു വഴുക്കാതെ നോക്കണം. വരുന്നവർക്കൊക്കെ വഴി മാറിക്കൊടുക്കണം, തോടു കവച്ചു കടക്കണം, ചാലു ചാടിക്കടക്കണം, പുഴ നീന്തിക്കടക്കണം, കുണ്ടിറങ്ങിക്കയറണം, കുന്നുകേറി മറിയണം. ഇങ്ങനെയുള്ള യാത്രയ്ക്ക് ഏകദേശം ഒത്തതു തന്നെ ആയിരുന്നു അന്നത്തെ വാഹനങ്ങളും. തണ്ടിൽ കേറി മലർന്നുകിടന്നാൽ, തണ്ടെല്ലു നിവർത്തുവാൻ അമാലന്മാരുടെ അനുവാദം വേണം. മഴ പെയ്താൽ മുക്കാലും കൊള്ളാം. തണ്ടെടുത്തു മൂളിക്കുന്നവരുടെ കാലിടറാതെയിരുന്നാൽ വീഴാതെയും കഴിക്കാം. കുതിരയെ നടത്തുന്നതല്ലാതെ ഓടിക്കുവാൻ അഭ്യാസികൾക്കൊഴികെ സാധാരണക്കാർക്കു സാധിച്ചിരുന്നില്ല. അപൂർവ്വം ചിലർക്കുമാത്രമേ ആനപ്പുറത്തു കയറി നടക്കുവാൻ അധികാരമുണ്ടായിരുന്നുള്ളൂ. പടയ്ക്കുപോകുന്ന പ്രമാണികളും കിടാങ്ങളും ഒഴികെ ആരും ആൾക്കഴുത്തിൽ കയറുക പതിവ് ഉണ്ടായിരുന്നില്ല."

"വിനോദങ്ങൾക്കുള്ള വഴികൾ മലർക്കേ തുറന്നുതന്നെ കിടന്നിരുന്നു. ആചാരനിഷ്ഠയ്ക്കും മതവിശ്വാസത്തിനും ഉറപ്പും പരപ്പും കൂടിയിരുന്നു. വീര്യവും ശൗര്യവും കുറുമത്സരവും സ്ഥാനവഴക്കും മുഴുത്തിരുന്ന കാലമായിരുന്നതുകൊണ്ട് കാലക്ഷേപത്തിന്നു കഷ്ടപ്പാടൊട്ടുമുണ്ടായിരുന്നില്ല. അങ്കംവെട്ട്, പടകളി, ഓണത്തല്ലു തുടങ്ങിയ വീരപരീക്ഷകളും ചൂതുകളി, ചതുരംഗം, തലപ്പന്തു മുതലായ വീട്ടുവിനോദങ്ങളും, കാരം, കട്ടുന്തുടി തൊട്ടുള്ള കടിക്കളികളും, കൈകൊട്ടിക്കളി, ഉഴിഞ്ഞാൽ എന്നു തുടങ്ങിയ അബലാലീലകളും കൂത്തുംപാട്ടും, കൊട്ടും വേലയും മറ്റുമായി നാനാജാതികൾക്കും പല പ്രായങ്ങൾക്കും, അനേക രുചിഭേദങ്ങൾക്കും, എല്ലാ സ്ഥാനങ്ങൾക്കും, ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും, പാകത്തിനുള്ള വിവിധ വിനോദങ്ങൾ കാണ്മാനും കേൾപ്പാനും അനുഭവിപ്പാനും ഒത്തവണ്ണം വേണ്ടുവോളമുണ്ടായിരുന്നു."

"കലക്കമില്ലാത്ത കല്യാണപ്പന്തൽ മലനാട്ടിലെങ്ങും ഉണ്ടായിരുന്നില്ല. കുറ ചൊല്ലിയും സ്ഥാനം പിടിച്ചും വഴക്കില്ലാത്ത വീടുകളില്ല. അടിപിടിയില്ലാത്ത അടിയന്തിരങ്ങൾ ഇല്ല. പേരുകേട്ടോരു പൊങ്കൊടിയാൾക്കു വേണ്ടി പ്രാണൻ കളവാൻ മടിച്ചിരുന്നവരില്ല. തന്നതും തിന്നതും മറക്കുന്നവരില്ല. നാണം കെട്ട നായരില്ല. മാ

നംകെട്ട മനുഷ്യനില്ല. നേരില്ലാത്തവരാരുമില്ല. കോണവും കുടുമയും നേരും നെറിയും വിട്ടുള്ള മര്യാദകളും അന്നൊന്നുമുണ്ടായിരുന്നില്ല."

"കൊടുക്കേണ്ടും പണം കൊടുക്കാതിരുന്നാൽ പട്ടിണിപ്പുരയിലോ പടിപ്പുരയിലോ കുളപ്പുരയിലോ പട്ടിണികിടന്നു കടക്കാരന്റെ കുടി കെടുത്തോ, കള്ളക്കുറ്റി പിരിച്ചോ അല്ലാതെ പിന്തിരികയില്ല. തറവാടുകൾ തമ്മിൽ വൈരമുണ്ടായാൽ വാളെടുത്തു കുടിപ്പക വീട്ടും. 'ഇണങ്ങീടെങ്കിൽ പൊട്ട്, പിണങ്ങീടെങ്കിൽ വെട്ട്,' എന്നായിരുന്നു അക്കാലത്തെ ന്യായം. കുറുചൊല്ലി വഴക്കടിച്ചാൽ പടവെടി കാര്യം തീർക്കും. ഇരുപേർ തമ്മിൽ മത്സരിച്ചു മരണം വന്നു സംഭവിച്ചാൽ കൊന്നവനെയും കൊന്ന്, ചത്തവന്റെ ശവം മാറ്റാന്റെ മുറ്റത്തു വെടിക്കുടി ദഹിപ്പിച്ച് കത്തുന്ന ചിതയിൽ കാളുന്ന കൊള്ളിയെടുത്ത് പുര ചുട്ടുകരിച്ചില്ലെങ്കിൽ, മറുവീട്ടുകാരുടെ തല പിന്നെ താഴ്ത്തീടല്ലാതെ കാണുകയില്ല. നാലാൾ കൂടുന്ന കൂടുന്ന ദിക്കിൽ അവരെ നോക്കീടും ആവശ്യമില്ല. യജമാനന്മാരെ പ്രാണനിൽ പരം സ്നേഹിച്ചിരുന്ന ചാവേർ എന്നു കേളി കേട്ട കൂടക്കാർ മലനാടിലെ മാന്യകുടുംബങ്ങളിൽപ്പെട്ട പ്രധാനികളായിരുന്നു. അവർ ആശ്രയിച്ചു നിൽക്കുന്ന സ്ഥാനികളുടെ മാനവും ജീവനും കാക്കുവാൻ വേണ്ടി വാളെടുത്താൽ പിന്നെ ഉയിരറ്റുവീഴുന്നതുവരെ ഒഴിക്കുന്നതല്ല."

"പങ്ങച്ചാരു, കേളച്ചാരു, ഇടിണിക്കണ്ടൻ, കുഞ്ഞിട്ടുണ്ണാൻ തൊട പുരുഷനാമങ്ങൾ പെണ്ണുങ്ങൾക്കൊട്ടും പിടിക്കായ്കയില്ല. ആട്ടി, ഇടാട്ടി, ഇട്ടിച്ചിരി, ചക്കി, ചിരുത, നങ്ങ തുടങ്ങിയ കാമിനീമണികൾക്കിട്ടിരുന്ന ഓമനപ്പേരുകൾ ആണുങ്ങൾക്കു മധുരങ്ങളായിത്തന്നെയാണ് തോന്നിയിരുന്നത്. മൃദുളങ്ങളും സരളങ്ങളും ആയ വർണ്ണങ്ങൾ ചേർത്തു കോർത്തു കർണ്ണാനന്ദമുളവാക്കത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള നാമധേയങ്ങളിൽ പഴകീട്ടുള്ള ഇപ്പോഴത്തെ പരിഷ്കൃതലോകം പണ്ടത്തെ പേരുകൾകേട്ട് പരിഭ്രമിക്കുന്നുവെങ്കിൽ കാലം പോയ പോക്കും, രുചി മാറുന്ന മട്ടും, സമുദായമര്യാദയുടെ നീക്കുപോക്കും വഴിപോലെ വിചാരിച്ച് പണ്ടത്തെപേരുകളുടെ സ്വരസം അനുഭവിക്കാൻ ഒരുങ്ങുക തന്നെ വേണം."

⋆ ⋆ ⋆

"ഇന്നലെക്കണ്ടവസ്ത്രങ്ങളും ഭൂഷണങ്ങളും ഇന്നേക്കു മാറിമാറി കാണുന്നതോർത്താൽ ആയിരത്തെണ്ണൂറുകാലം മുമ്പുള്ള ആടകളും ആഭരണങ്ങളും എങ്ങനെ ആയിരുന്നു എന്നുചോദിച്ചാൽ അങ്ങനെതന്നെ എന്നേ മറുപടി പറവാൻ കാണുന്നുള്ളൂ. അണിയുന്ന ഇനത്തിൽ ആണും പെണ്ണും എന്ന ഭേദം അക്കാലങ്ങളിൽ അത്ര കണക്കാക്കിയിരുന്നില്ല. കാതിലോല, മണിക്കാതില, താലി, തണ്ടും മോതിരം, തുക്കുംകുഴല്, കുഴൽമോതിരം, തരിവള, നാഗപൊന്മണി മോതിരം, അരഞ്ഞാൺ, ചിലമ്പുതൊട്ടുള്ള പണ്ടങ്ങൾ അണിഞ്ഞ പൊന്മകൾക്കെതിരായിട്ട്, പൊന്മകനാകടെ, നെറുകയ്ക്ക് നീർപ്പൂവും നെറ്റിക്കു നെറ്റിപ്പട്ടം, കഴുത്തിനു കൊരലാരം, മാറിന്നു മാർത്താലി, വയറിന്നു ഉദരബന്ധം, അരയ്ക്കു അല്ലിചൊട, കാലിന്നു കാൽചിലമ്പ്, കൈരണ്ടിനും കനകവള, വിരൽ പത്തിനും മണിമോതിരങ്ങളും ചേർത്തണിഞ്ഞല്ലാതെ പുറത്തിറങ്ങാറില്ല. മുടിപ്പടം കെടാവുന്ന പുരുഷന്മാർക്കേ മുട്ടിനു താഴെ മുണ്ടു

ച്ചുറ്റിക്കുട്ടു. മടിക്കുത്തുരണ്ടും മുയൽച്ചെവിയാക്കി, മടക്കിക്കുത്തി, കോന്തല രണ്ടും കേറ്റിയുടുക്കും. പ്രായം കവിഞ്ഞ പെണ്ണുങ്ങളാരും ഞാത്തിയുടുത്തു നടക്കാറില്ല. പ്രായം ചെന്ന പെൺകിടാങ്ങൾമാത്രം മുണ്ടു മടക്കി മാറു മറയ്ക്കും. ഇടക്കര, തുടക്കര, പട്ടുക്കര തൊട്ടുള്ള കരമുണ്ടുകളായിരുന്നു പണ്ടു നടപ്പുണ്ടായിരുന്നതു്."

## 27 അന്യമതക്കാർ

ബുദ്ധമതവും ജൈനമതവും കേരളത്തിൽനിന്നു് നിശ്ശേഷം മാഞ്ഞുപോയിരുന്നില്ല. നാഗർകോവിലിലേ നാഗരാജക്ഷേത്രത്തുണുകളിൽ എഴുതിയിരിക്കുന്ന രണ്ടു ലേഖനങ്ങളിൽ[18] ഗുരുവീരപണ്ഡിതനെന്നും, കമലവാഹന പണ്ഡിതനെന്നും രണ്ടു ജൈനപുരോഹിതന്മാർക്കു ഭൂദാനം ചെയ്തിരിക്കുന്നതിനെ വിവരിച്ചിരിക്കുന്നതിനാൽ ഏകദേശം എഴുന്നൂറാമാണ്ടുവരെ ജൈനമതം കേരളത്തിൽ പ്രചരിച്ചിരുന്നുവെന്നു കാണാം.

മഹമ്മദുമതവും ക്രിസ്തുമതവും ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരുന്നു. കേരളരാജാക്കന്മാർ അവർക്കു വേണ്ടുന്ന സൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുത്തു. 696 ചിത്തിര 15-നു കുമരിമുടത്തു കരിങ്കൽത്തൂണിൽ, കുമരിമുടത്തു റോമൻ കത്തോലിക്കർക്കു കുമരിമുടത്തേയും ചുങ്കത്തീരുവകൾ വിട്ടുകൊടുത്തതിനെ പ്രസ്താവിച്ചുകാണുന്നു.

18 ഒന്നു് 681 അല്പശി 21-ാം തിയതിയും മറ്റൊന്നു് 692 പുരുടാശി 29-ാം തീയതിയും ഉണ്ടായതായിരുന്നു.

## — 1.7 —

# ശങ്കരാചാര്യരും അനാചാരങ്ങളും

യഥാർത്ഥ മഹത്വത്തിന്റെ ചരമാദർശത്തെ ഉദാഹരിക്കുന്ന ശ്രീമച്ഛങ്കരാചാര്യ ഭഗവൽപാദപൂജ്യപാദരുടെ തിരുവവതാരം പോലെ ലോകഗതിയെ സാരമായ വിധത്തിൽ സ്പർശിച്ചിട്ടുള്ള സംഭവങ്ങൾ വളരെ ചുരുക്കമാകുന്നു. അദ്ദേഹത്തിന്റെ ജനനി ആയ ആര്യാദേവിയെപ്പോലെ തന്നെ ജന്മഭൂമിയായ കേരളക്ഷിതിയും ധന്യയാണെന്നു നിസ്സംശയം പറയാം. തത്വദർശകന്മാർ മുമ്പും പിമ്പും ഉണ്ടായിട്ടുണ്ടു്. "എന്നാൽ ഊർജ്ജസ്വലവും സൂക്ഷ്മതത്വപ്രവിഷ്ടവുമായ ജഗദ്ഗുരുവിന്റെ ദർശനം ഒന്നുകൊണ്ടു മാത്രമാണ് നമ്മുടെ ജ്ഞാനശാസ്ത്രം അഭേദ്യവും സർവോൽകൃഷ്ടവുമായിരിക്കുന്നതു്. കലങ്ങി മറിഞ്ഞു് കുത്തിയൊലിച്ചു് തട്ടിത്തകർന്നൊഴുകുന്ന വെള്ളം നിരപ്പിലെത്തി നിലനിൽക്കുമ്പോൾ നിറഞ്ഞും തെളിഞ്ഞും അഗാധമായി അനക്കം കൂടാതെ ഇരിക്കുന്ന സമ്പ്രദായം ലോകത്തിലുള്ളിടത്തോളം കാലം ആ പൂജ്യപാദർ പ്രപഞ്ചകോലാഹലത്തിൽനിന്നു് മോക്ഷസ്ഥിതിയിലേക്കു കാണിച്ചുതന്നിട്ടുള്ള വഴിക്കും യാതൊരു നീക്കുപോക്കും വരുന്നതല്ല."[1]

കേരളത്തിനു വെളിയിലുള്ളവരെല്ലാം ഈ ലോകഗുരുവിന്റെ ചരിത്രത്തെ അറിഞ്ഞും ആദരിച്ചും വരവേ, ദൈവദുർനിയോഗം കൊണ്ടായിരിക്കാം, കേരളീയർ അദ്ദേഹത്തിനെ അറുപത്തിനാലു അനാചാരങ്ങളുടെ പ്രതിഷ്ഠാപകൻ എന്ന നിലയിൽ മാത്രമേ അറിയുന്നുള്ളു. തങ്ങളുടെ നാടിനേയും വംശത്തേയും കളങ്കപ്പെടുത്താൻ യാതൊരു മടിയുമില്ലാതിരുന്ന ചില ക്ഷുദ്രബുദ്ധികൾ, കപടപ്രമാണങ്ങൾ ചമച്ചു്, അദ്ദേഹത്തിന്റെ തലയിൽ വെച്ചുകെട്ടിയതു നിമിത്തമാണ് ഇങ്ങനെ ഒരു വിശ്വാസം മലയാളനാടൊട്ടുക്കു പ്രചരിക്കാൻ ഇടയായതു്. ആചാര്യരുടെ യശശ്ചന്ദ്രനെ മറയ്ക്കുന്ന ഈ അപവാദധൂമികയെ അകറ്റുന്നതിനു് ഓരോ മലയാളിയും മനസ്സുറ്റു ശ്രമിക്കേണ്ടതാകുന്നു.

ശങ്കരാചാര്യരുടെ ജീവിതകാലം ഇന്നും വാദഗ്രസ്തമായിരിക്കുന്നതേയുള്ളു.

---

1 Professor A. R. Rajaraja Varma.

"ദുഷ്ടാചാരവിനാശായ
പ്രാദുർഭൂതോ മഹീതലേ;
സ ഏവ ശങ്കരാചാര്യഃ
സാക്ഷാൽ കൈവല്യനായകഃ
നിധിനാഗേ ഭവാന്യബ്ദേ (3889)
വിഭവേ ശങ്കരോദയഃ,
അഷ്ടവർഷേ ചതുർവേദാൻ
ദ്വാദശേ സർവശാസ്ത്രകൃൽ.
ഷോഡശേ കൃതവാൻ ഭാഷ്യം
ദ്വാത്രിംശേ മുനിരഭ്യഗാൽ;
കല്യബ്ദേ ചന്ദ്രനേത്രാങ്ക
വഹ്ന്യബ്ദേ തു ഗുഹാവശഃ (3922)
വൈശാഖേ പൂർണ്ണിമായാം തു
ശങ്കരഃ ശിവതാമഗാൽ."

ഇത്യാദി പദ്യങ്ങളെ ആധാരമാക്കി മാക്സ്മുള്ളർ തുടങ്ങിയ പാശ്ചാത്യപണ്ഡിതന്മാരും മി: സുന്ദരൻപിള്ള, മി: സീ. എൻ. കൃഷ്ണസ്വാമി അയ്യർ മുതലായ പൌരസ്ത്യന്മാരും, ആചാര്യരുടെ ജീവിതകാലം ക്രി. വ. 788 മുതല്ക്ക് 820–വരെ ആയിരുന്നു എന്നു പറയുന്നു. പ്രൊഫസർ സുന്ദരമയ്യർ ആകട്ടേ ഈ അഭിപ്രായത്തോടു വിയോജിച്ച്, ആചാര്യരുടെ ജീവിതകാലം ബി. സി. ഒന്നാംശതകത്തിന്റെ അന്ത്യഘട്ടത്തിലായിരുന്നിരിക്കണമെന്ന് അഭിപ്രായപ്പെട്ടുകാണുന്നു. പ്രസിദ്ധ പണ്ഡിതനായ മി: ടി. സുബ്ബറാവു അദ്ദേഹത്തിനെ കുറേക്കൂടി പ്രാചീനനാക്കിയിരിക്കുന്നു. ബുദ്ധമതക്കാരുടെ രേഖകൾ നോക്കിയാൽ, ആചാര്യർ ജനിച്ചതു് ബി. സി. 510–ആണെന്നു കാണാം. സുധന്വഭൂപതി ആചാര്യർക്കു നല്കിയ ഒരു താമ്രശാസനപട്ടം ഇപ്പോഴും ഉണ്ടെന്നും, അതിൽ 2663 എന്ന യൌധിഷ്ഠിരശകം ഉട്ടങ്കിതമായി കാണപ്പെടുന്നുവെന്നും ഒരു വിദ്വാൻ വിജ്ഞാനചിന്താമണി എന്ന സംസ്കൃതമാസികയുടെ ഒരു ലക്കത്തിൽ എഴുതിയിരിക്കുന്നതും ഇവിടെ പ്രസ്താവയോഗ്യമാണ്. ഈ വാദകോലാഹലങ്ങൾക്കിടയിൽ നമുക്ക് എന്താണ് ഗതി? ഈ അഭിപ്രായങ്ങൾ എല്ലാം ശരിയാവാൻ തരമില്ലല്ലോ.

ശങ്കരാചാര്യരുടെ ചരിത്രം നിർമ്മിക്കുന്നതിന് ഉപകരിക്കുന്ന സാമഗ്രികൾ ഒട്ടു വളരെയുണ്ട്. മാധവീയ ശങ്കരവിജയാദികൾ[2] നിഷ്പ്രയോജകങ്ങളാണെങ്കിലും, കാഞ്ചീശങ്കരാചാര്യമഠത്തിന്റെ അധ്യക്ഷന്മാരായിരുന്ന സർവ്വജ്ഞസദാശിവബോധൻ, ആത്മബോധൻ തുടങ്ങിയ ആചാര്യന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും വ്യാഖ്യകളും

---

2 മാധവീയശങ്കരവിജയം കാവ്യരീതിയിൽ രചിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയാണ്. പ്രമാദജടിലമായിരിക്കുന്നതിനാൽ, അതിനെ വിശ്വസിക്കാൻ തരമില്ല. ആനന്ദഗിരിയുടേതാണെന്നു പറഞ്ഞുവരുന്ന ശങ്കരവിജയമാകട്ടെ ഒരു കൂടപ്രമാണമാണ്. ആദിശങ്കരന്റെ ശിഷ്യനായിരുന്ന ആനന്ദഗിരി അദ്ദേഹത്തിന്റെ കാലശേഷം ജീവിച്ചിരുന്ന രാമാനുജാദികളെ പറ്റി അറിയാൻ ഇടയായില്ലല്ലോ.

വിലയേറിയ പ്രമാണങ്ങളാകുന്നു. സദാശിവബോധന്റെ പുണ്യശ്ലോകമഞ്ജരിയിൽനിന്ന് അദ്ദേഹത്തിന്റെ പൂർവ്വികന്മാരായിരുന്ന മഠാധിപതികളെപ്പറ്റി പല വിവരങ്ങൾ ഗ്രഹിക്കാം. ആത്മബോധൻ ആ ഗ്രന്ഥത്തിന് ഒരു പരിശിഷ്ടം രചിച്ച് അദ്ദേഹത്തിന്റെ കാലംവരെയുള്ള ഗുരുപരമ്പരയെ പൂർത്തിയാക്കിയിട്ടുമുണ്ട്. അറുപതാമത്തെ മഠാധിപതിയായിരുന്ന പരമശിവേന്ദ്രസരസ്വതിയുടെ ശിഷ്യനായ സദാശിവബ്രഹ്മേന്ദ്രന്റെ ഗുരുരത്നമാലയും അതിന് ആത്മബോധൻ രചിച്ചിട്ടുള്ള സുഷമാവ്യാഖ്യയും ആചാര്യരുടെ കാലനിർണ്ണയത്തിന് അത്യന്തം ഉപകരിക്കുന്നു. ഈ രേഖകൾ കൂടാതെ ഓരോ മഠങ്ങളിലും സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥവരികളും സമകാലികകവിതകളുടെ പ്രസ്താവങ്ങളും ആചാര്യകൃതികളിൽ കാണുന്ന ആഭ്യന്തരലക്ഷ്യങ്ങളും ചേർത്തുവെച്ച് പരിശോധിക്കാതെ ആദിശങ്കരനെപ്പറ്റി ഖണ്ഡിതമായി ഒന്നും നിർണ്ണയിക്കാവുന്നതല്ല.

ആദ്യമായി നമുക്ക് പ്രധാനപ്പെട്ട ശങ്കരാചാര്യമഠങ്ങളിൽനിന്നു ലഭിക്കുന്ന രേഖകളെ കുലംകഷമായി പരിശോധിച്ചുനോക്കാം. ഈ മഠത്തിന്റെ സ്ഥാപകൻ ആദിശങ്കരൻ തന്നെ ആയിരിക്കണം.

## 1 ഗുരുപരമ്പര

## 2 ആദിശങ്കരൻ (ബി. സി. 44–12)

1. സുരേശ്വരാചാര്യർ. 2. നിത്യബോധഘനൻ. 3. തത്വബോധഘനൻ 4. ജ്ഞാനോത്തമൻ. 5. ജ്ഞാനഗിരി. 6. സിംഹഗിരീന്ദ്രൻ. 7. ഈശ്വരതീർത്ഥൻ. 8. നൃസിംസതീർത്ഥൻ. (1) 9. വിദ്യാശങ്കരതീർത്ഥൻ (1228–1331). 10. ഭാരതീകൃഷ്ണൻ (1331–1380). 11. വിദ്യാരണ്യൻ (1331–1386) 12. വിദ്യാചാര്യർ. 13. ശ്രീചന്ദ്രശേഖരഭാരതി (1). 14. നൃസിംഹഭാരതി (2). 15. ശങ്കരാചാര്യർ (2). 16. പുരുഷോത്തമഭാരതി (1). 17. ചന്ദ്രശേഖരഭാരതി (2). 18. നരസിംഹഭാരതി (3). 19. പുരുഷോത്തമഭാരതി (2). 20. രാമചന്ദ്രഭാരതി. 21. നരസിംഹഭാരതി (4). 22. നരസിംഹഭാരതി (5). 23. നൃസിംഹാഭിനവഭാരതി (6). 24. സച്ചിദാനന്ദൻ. 25. നരസിംഹഭാരതി (7). 26. സച്ചിദാനന്ദഭാരതി (2). 27. അഭിനവസച്ചിദാനന്ദഭാരതി (3). 28. അഭിനവനൃസിംഹഭാരതി (8). 29. സച്ചിദാനന്ദഭാരതി (4). 30. അഭിനവ സച്ചിദാനന്ദഭാരതി (5). 31. നൃസിംഹഭാരതി (9).

ഈ ഗ്രന്ഥവരിയെ മുഴുവനും വിശ്വസിക്കാൻ പാടില്ലെങ്കിലും വിദ്യാരണ്യരുടെ കാലം മുതല്ക്കുള്ള ചരിത്രം വിശ്വാസയോഗ്യമാണ്. വിദ്യാരണ്യൻ വിദ്യാതീർത്ഥന്റെ ശിഷ്യനും വിജയനഗരത്തിലെ ബുക്കരാജാവിന്റെ മന്ത്രിയും ആയിരുന്നു. ബുക്കന്റെ[3] കാലം സ്വതന്ത്രമായി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ആ കാലവും ശൃംഗേരി ഗ്രന്ഥവരിയിൽ വിദ്യാരണ്യർക്കു പറഞ്ഞിരിക്കുന്ന കാലവും യോജിക്കുന്നതുകൊണ്ട് ഈ

3 ഒന്നാം ബുക്കന്റെ കാലം 1354 മുതൽ 1374–വരെ ആയിരുന്നു എന്ന് ചരിത്രത്തിൽ കാണാം.

സംഗതിയിൽ ഗ്രന്ഥവരിയെ വിശ്വസിക്കാം. വിദ്യാതീർത്ഥൻ കാഞ്ചിയിലെ കാമകോടിപീഠത്തിലെ 49-ാമത്തെ അധ്യക്ഷനായിരുന്നു. അദ്ദേഹത്തിന്റെ വാഴ്ചകാലം 1297-മുതൽ 1385–വരെ ആയിരുന്നുവെന്ന് അവിടുത്തെ ഗ്രന്ഥവരിയിലും കാണുന്നുണ്ട്. മാധ്വമതപ്രചാരത്തെയും വിദേശീയർ കൊണ്ടുവരുന്ന റോമൻകത്തോലിക്കമതത്തിന്റെ പ്രചാരത്തേയും തടഞ്ഞുനിർത്തുന്നതിനു വേണ്ടി വിദ്യാതീർത്ഥൻ കന്നടദേശത്തിന്റെ പല ഭാഗങ്ങളിലായി എട്ടു മഠങ്ങൾ സ്ഥാപിച്ചിട്ടുണ്ട്, അവയിൽ ഒന്നായ വിരൂപാക്ഷമഠത്തിൽ തന്റെ പ്രധാനശിഷ്യനായ വിദ്യാരണ്യമാധവനെ[4] അവരോധിച്ചു. ശൃംഗേരി മഠത്തിലെ പരമ്പരയിലും ഈ വിദ്യാരണ്യന്റെ പേരു കൊള്ളിച്ചിട്ടുള്ളത് ആ മഠത്തിന്റെ പുനരുദ്ധാരകൻ എന്ന നിലയിൽ മാത്രമായിരുന്നുവെന്ന്, അതേ കാലത്തു തന്നെ ഭാരതീകൃഷ്ണൻ വാണിരുന്നതായി പറഞ്ഞിട്ടുള്ളതിൽ നിന്ന് ഊഹിക്കാം. ശൃംഗേരി മഠം എട്ടു വർഷ ശതകാലങ്ങളോളം പൂട്ടിയിട്ടിരുന്നതായി ആത്മബോധൻ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണെന്ന് ശൃംഗേരിയിലെ ഗ്രന്ഥവരിയിൽനിന്നു നിഷ്പ്രയാസം തെളിയുന്നു. എന്തുകൊണ്ടെന്നാൽ വിദ്യാതീർത്ഥന്റെ ശിഷ്യനായ ഭാരതീകൃഷ്ണന്റെ പൂർവ്വികനായി അതിൽ കൊള്ളിച്ചിരിക്കുന്നത് വിദ്യാശങ്കരനെയാണ്. ഈ വിദ്യാശങ്കരൻ ജീവിച്ചിരുന്നതോ എ. ഡി. ആറാം ശതകത്തിലുമായിരുന്നു. അദ്ദേഹം ബാംബെ നഗരത്തിന്റെ സമീപത്തു സ്ഥിതിചെയ്യുന്ന ‘നിർമ്മല’ എന്ന ദിക്കിൽ വെച്ചാണ് അന്ത്യസമാധി അടഞ്ഞത്. ആ ദിനത്തെ അന്നാട്ടുകാർ ഇന്നും കൊണ്ടാടിവരുന്നുണ്ട്. ആ ദിക്കിൽ നിന്നും കിട്ടീട്ടുള്ള രേഖകളാൽ, വിദ്യാശങ്കരന്റെ നിര്യാണകാലം എ. ഡി. 569 ആണെന്നു നിർണ്ണയിക്കാം. എന്നിട്ടും ശൃംഗേരി ഗ്രന്ഥവരിയിൽ വിദ്യാശങ്കരന്റെ നിര്യാണകാലം 1333–ൽ ആയിരുന്നുവെന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? 764 വർഷകാലത്തെ അന്തരം എങ്ങനെ വന്നുകൂടി? മുടങ്ങിക്കിടന്നിരുന്ന ആ മഠത്തെ വിദ്യാരണ്യർ പുനരുദ്ധരിച്ചതിനുശേഷം, ആരോ ഗുരുപരമ്പരയെ പൂർത്തിയാക്കിക്കാണണം. ഓരോ ആചാര്യന്മാ

[4] വിദ്യാരണ്യനും സന്മേണനും ഒന്നാണെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ അതു ശരിയല്ലെന്ന് താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽനിന്നു ഗ്രഹിക്കാം.

ശ്രീമതി ജനനീ യസ്യ സുകിർത്തിരമ്മായണഃപിതാ;
സായണോ ഭോഗനാഥശ്ച മനോബുദ്ധി സഹോദരൌ
ബോധായനം യസ്യ സൂത്രാ ശാഖാ യസ്യ ച യാജുഷീ;
ഭാരദ്വാജം കുലം യസ്യ സർവജ്ഞഃ സ ഹി മാധവഃ
(പരാശരമാധവീയം)

“ആദിശന്മാധവാചാര്യം വേദാർത്ഥന്യ പ്രകാശനേ;
സഹ്യാഹ നൃപതിം രാജൻ സായന്നായ്യോ മമാനുജഃ
സർവം വേത്ത്യേഷ വേദാനാം വ്യാഖ്യാതൃത്വേ നിയുജ്യതാം;
ഇത്യുക്തോ മാധവാര്യേണ വരബുക്കമഹീപതിഃ
അന്വശാസൽ സായണാര്യം വേദാർത്ഥസ്യ പ്രകാശനെ”
(തൈത്തിരീയസംഹിതാഭാഷ്യേ)

രുടേയും പേരുകളും വാഴ്ചക്കാലവും അവിടെത്തന്നെ ഉണ്ടായിരുന്നതു് എടുത്തുവെച്ചു കൊണ്ട്, അയാൾ പുറകോട്ടു ഗണിച്ചു. ഒടുവിൽ വന്ന 764 കൊല്ലങ്ങളെ സുരേശ്വരന്റെ തലയിൽ വെച്ചുകെട്ടിയതായിരിക്കാം.[5] ആദിശങ്കരൻ മുപ്പത്തിരണ്ടു കൊല്ലമേ ജീവിച്ചിരുന്നുള്ളു എന്ന് എല്ലാവർക്കും അറിയാമായിരുന്നതിനാൽ ആയിരിക്കണം സുരേശ്വരാചാര്യർക്ക് ഇത്ര ദീർഘകാലത്തേ വാഴ്ച കല്പിക്കാൻ അയാൾ നിർബന്ധിതനായതു്. ആധുനിക പണ്ഡിതന്മാർ ആകട്ടെ, ഈ വസ്തുത ഗ്രഹിക്കാതെ, ശൃംഗേരിമഠം ഗ്രന്ഥവരിയിൽ ആദിശങ്കരാചാര്യർക്കു പറഞ്ഞിരിക്കുന്ന കാലത്തോടു ഈ ഏഴിൽ പരം ശതവർഷങ്ങളെ കൂട്ടിയിട്ട് അദ്ദേഹം എട്ടാം ശതകത്തിൽ ജീവിച്ചിരുന്നതായി തീർച്ചപ്പെടുത്തിയിരിക്കുന്നു. അവരുടെ ഈ അഭിപ്രായത്തിന് ഉപോദ്ബലകമായി മുമ്പ് ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും മാധവാചാര്യരുടെ ഒരു പ്രമാദത്തിന്റെ ഫലകവുമായ പദ്യങ്ങൾ കിട്ടിയപ്പോൾ, അവർ ചരിതാർത്ഥരാവുകയും ചെയ്തു. എന്നാൽ ശൃംഗേരിയിൽ ഗ്രന്ഥവരി മാത്രം പരിശോധിച്ചിട്ട്, ശങ്കരാചാര്യരുടെ കാലം നിർണ്ണയിക്കുന്നതിൽപരം അബദ്ധം മറ്റൊന്നുമില്ല. അതിനാൽ നമ്മുടെ ഊഹം ശരിയാണോ എന്ന് മറ്റു തെളിവുകളെ ആസ്പദമാക്കി ഒന്നു പരിശോധിച്ചു നോക്കുക.

[6] കാഞ്ചീപുരത്തെ ആചാര്യപരമ്പര താഴെ ചേർക്കുന്നു.

ആദിശങ്കരൻ (508 ബി. സി.–476 ബി. സി.) സുരേശ്വരൻ (476 ബി. സി.–406 ബി. സി.)

1. സർവ്വജ്ഞാത്മൻ 2. സത്യബോധൻ 3. ജ്ഞാനനന്ദൻ 4. ശുദ്ധാനന്ദൻ 5. ആനന്ദജ്ഞാനൻ 6. കൈവല്ല്യാനന്ദൻ (28–69) 7. കൃപാശങ്കരൻ (എ. ഡി. 28–68) 8. സുരേശ്വരൻ (69–127) 9. ചിദ്ഘന്‌നൻ 10. ചന്ദ്രശേഖരൻ 11. സച്ചിദ്ഘന്നൻ 12. വിദ്യാഘന്നൻ (1) 13. ഗംഗാധരൻ (1) 14. ഉജ്ജ്വലശങ്കരൻ (329–367) 15. സദാശിവൻ 16. സുരേന്ദ്രൻ 17. വിദ്യാഘനൻ 18. മൂകശങ്കരൻ (3) (398–437) 19. ചന്ദ്രചൂഡൻ (1) 20. പരിപൂർണ്ണബോധൻ 21. സച്ചിൽസുഖൻ 22. ചിൽസുഖൻ (1) 23. സച്ചിദാനന്ദഘനൻ (1) 24. പ്രജ്ഞാഘനൻ 25. ചിദ്വിലാസൻ 26. മഹാദേവൻ (1) 27. പൂർണ്ണബോധൻ 28. ബോധൻ 29. ബ്രഹ്മാനന്ദഘൻ (1) 30. ചിദാനന്ദഘനൻ 31. സച്ചിദാനന്ദഘനൻ (2) 32. ചന്ദ്രശേഖരൻ (2) 33. ചിൽസുഖൻ 34. ചിൽസുഖാനന്ദൻ 35. വിദ്യാഘനൻ (3) 36. അഭിനവശങ്കരൻ (4) (788–840) 37. സച്ചിദ്വിലാസൻ 38. മഹാദേവൻ (2) 39. ഗംഗാധരൻ (2) 40. ബ്രഹ്മാനന്ദഘൻ (2) 41. ആനന്ദഘനൻ 42. പൂർണ്ണബോധൻ ബോധൻ (2) 43. പരമശിവൻ (1) 44. ബോധൻ (2) 45. ചന്ദ്രശേഖരൻ (3) 46. അദ്വൈതാനന്ദബോധൻ 47. മഹാദേവൻ (3) 48. ചന്ദ്രചൂഡൻ (2) (1247–99) 49. വിദ്യാതീർത്ഥൻ (1297–95) 50. ശങ്കരാനന്ദൻ (1385–1417) 51. പൂർണ്ണാനന്ദസദാശിവൻ 52. മഹാദേവൻ

5 മാധവാചാര്യരുടെ കാലത്തു് ഇങ്ങനെ ഒരു ഗ്രന്ഥവരി പരിപൂർണ്ണരൂപത്തിൽ ഉണ്ടായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ ശങ്കരവിജയത്തിൽ നിന്നു തെളിയുന്നുണ്ട്.

6 എല്ലാവരുടേയും കാലം ഇവിടെ ചേർക്കേണ്ട ആവശ്യമില്ലാത്തതിനാൽ വിട്ടുകളഞ്ഞിരിക്കുന്നു.

(5) 53. ചന്ദ്രചൂഡൻ (3) 54. സർവജ്ഞസദാശിവബോധൻ 55. പരമശിവൻ (2) 56. ആത്മബോധൻ 57. ബോധൻ (3) 58. അധ്യാത്മപ്രകാശൻ 59. മഹാദേവൻ (5) 60. ചന്ദ്രശേഖരൻ (1) 61. മഹാദേവൻ (6) 62. ചന്ദ്രശേഖരൻ (5) 63. മഹാദേവൻ (7) 64. ചന്ദ്രശേഖരൻ (6) 65. മഹാദേവൻ (8) (1428–1507) 66. ചന്ദ്രശേഖരേന്ദ്ര സരസ്വതി. ഇനി ഈ പട്ടികയെ നമുക്ക് എത്രത്തോളം വിശ്വസിക്കാമെന്നു നോക്കാം.

മഹാദേവചതുർത്ഥന്റെ കാലം 1498–1507 ആണെന്ന് പട്ടികയിൽ കാണുന്നു. അതു ശരിയാണെന്നുള്ളതിന് താൽക്കാലികചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. 1495–1509-വരെ വിജയനഗരം ഭരിച്ച നൃസിംഹദേവരായനും അദ്ദേഹത്തിനു ശേഷം 1530 വരെ നാടു വാണ കൃഷ്ണദേവരായനും ഈ മഹാദേവനും അടുത്ത രണ്ടു ആചാര്യന്മാർക്കും താമ്രശാസന പട്ടയങ്ങൾ നൽകീട്ടുണ്ട്.[7] വിദ്യാതീർത്ഥന്റെ വാഴ്ച 1297-നും 1385നും മദ്ധ്യേ ആണെന്നു പറഞ്ഞിരിക്കുന്നതു് തെറ്റാൻ ഇടയില്ലെന്നു്, അദ്ദേഹത്തിന്റെ ശിഷ്യനായ മാധവാചാര്യർ 1354 മുതല്ക്ക് 23 കൊല്ലം വിജയനഗരാധിപതിയായിരുന്ന വീരബുക്കന്റെ മന്ത്രിയായിരുന്നതിൽനിന്നു തെളിയുന്നു.

> “ഇത്യുക്തോ മാധവര്യേണ വീരബുക്കമഹീപതിഃ”
> (തൈത്തരീയ സംഹിതഭാഷ്യം.)

ശങ്കരാനന്ദനും (1385–1417) മാധവാചാര്യരും സതീർത്ഥ്യന്മാരായിരുന്നു. അവർ രണ്ടുപേരും ചേർന്ന് അനേകം മഠങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ബൃഹദാരണ്യകോപനിഷദ്ദീപികയിൽ ശങ്കരാനന്ദൻ ഗുരുവായ വിദ്യാതീർത്ഥനെ ഇങ്ങനെ സ്തുതിച്ചിരിക്കുന്നു.

> “കാഞ്ചീപീഠജുഷഃ കഠോരധിഷണാനിർദ്ധൂത ദുർദ്ധൂ വർഹ-
> ദ്വൈതിവ്രാതദുരാഗ്രഹഗ്രഹഭയാൻ മായാവിദൂരക്രിയാൻ
> ആചാര്യൻ മമ ചന്ദ്രമൌലിചാണധ്വാനൈകതാനാശയാൻ
> വിദ്യാതീർത്ഥമഹേശ്വരാൻ ഹൃദിസദാ വിദ്യോതമാനാൻഭജേ.”

ഇത്രയും ലക്ഷ്യങ്ങൾ ഇരിക്കുന്നതുകൊണ്ട് വിദ്യാതീർത്ഥൻ, വിദ്യാരണ്യൻ, ശങ്കരാനന്ദൻ ഇവരുടെ കാലത്തെപ്പറ്റിയുള്ള സംശയങ്ങൾ എല്ലാം നീങ്ങുന്നു.

## 3 ചന്ദ്രചൂഡദ്വിതീയൻ

രഘുവംശകുമാരസംഭവാദി കാവ്യങ്ങളുടെ വ്യാഖ്യാതാവും, ഒരു ശാക്തേയനും ആയിരുന്ന അരുണഗിരിയുടെ പുത്രനായിരുന്നു. അദ്ദേഹത്തിന് ‘വിജയഗണ്ഡഗോപാലദേവൻ’ എന്ന ചോളരാജാവ് 1291–ൽ നൽകിയ ഒരു താമ്രശാസനം കണ്ടുകിട്ടീട്ടു

[7] നൃസിംഹദേവരായർ ശകാബ്ദം 1429-ൽ രണ്ടും കൃഷ്ണദേവരായർ 1444-ൽ ഒന്നും വീതം ശാസനങ്ങൾ മഹാദേവനു നൽകി.

ണ്ടു്. അതിനാൽ ഈ ആചാര്യരെ സംബന്ധിച്ചും മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയെ വിശ്വസിക്കാം.

ചന്ദ്രശേഖര തൃതീയൻ (ചന്ദ്രചൂഡൻ എന്നും പേരുണ്ടു്) ശ്രീകണ്ഠചരിതകർത്താവായ മങ്ഖന്റേയും പ്രബോധ ചന്ദ്രോദയകർത്താവായ കൃഷ്ണമിശ്രന്റേയും, വൈദ്യാഭിധാനചിന്താമണികാരനായ സുഹലന്റേയും, പ്രസന്നരാഘവം ചന്ദ്രലോകം മുതലായവയുടെ കർത്താവായ ജയദേവന്റേയും സമകാലികനായിരുന്നു. അദ്ദേഹം വിദ്യാലോലകുമാരപാലന്റെ രാജസദസ്സിലെ അംഗവും കുമാരപാലചരിതത്തിന്റെ രചയിതാവും ആയ[8] ഹേമചന്ദ്രനെ തോല്പിക്കുകയും കാശ്മീരത്തിലെ ജയസിംഹന്റെ കൊട്ടാരത്തിൽ കുറേക്കാലം പാർക്കയും ചെയ്തിട്ടുണ്ടു്. ജയസിംഹൻ സിംഹാസനാരോഹണം ചെയ്തതു് എ. ഡി. 1128-ൽ ആയിരുന്നു എന്നു് കൽഹണൻ പറയുന്നു. ഈ രാജാവ്, കൽഹണന്റെ സമകാലികനായിരുന്നതിനാൽ ഈ വിഷയത്തിൽ രാജതരംഗിണിയെ നമുക്കു പൂർണ്ണമായി വിശ്വസിക്കാം. ജയദേവന്റെ പീയൂഷവർഷത്തിൽ,

> "ശ്രീചന്ദ്രചൂഡചരണാൻ ശ്രിതകാഞ്ചിപീഠാൻ
> സർവ്വജ്ഞശേഖരമണീൻ സതതം ശ്രയാമഃ"

എന്നും സുഹലൻ, വൈദ്യാഭിധാനചിന്താമണിയിൽ,

> "ദ്വാത്രിംശൽകവിരത്നമധ്യതരളശ്രീമംഖരാജാനക
> പ്രേങ്ഖോലജ്ജയസിംഹകാഞ്ചനഗൃണോദ്ദാമ പ്രഭാഭാസ്വരം;
> കാശ്മീരേന്ദ്രസഭാവരോരുഹൃദയം ഗോശീർഷചര്യാരസൈ-
> ശ്ചക്രേയഃ ശിശിരം ചകാസ്തു സ മമ ശ്രീചന്ദ്രചൂഡോ ഹൃദി"

എന്നും സ്തുതിച്ചു കാണുന്നു.[9] കൃഷ്ണമിശ്രൻ ഗുരുവിജയം എന്നൊരു ഗ്രന്ഥം ആ ആചാര്യരെപ്പറ്റി രചിച്ചിട്ടുള്ളതിൽ, അദ്ദേഹം ഹേമചന്ദ്രനെ തോല്പിച്ച സംഗതി ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു.

ബോധദ്വിതീയൻ (1061–1098) കഥാസരിത്സാഗര കർത്താവായ സോമദേവനാകുന്നു. അദ്ദേഹത്തിനു് ധാരാധിപതിയായ ഭോജൻ മുത്തുപ്പല്ലക്കു സമ്മാനിക്കയുണ്ടായിട്ടുണ്ടു്. ഭോജരാജാവിന്റെ കാലം ഇപ്പോൾ നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ.

## 4 ഗംഗാധരദ്വിതീയൻ (915–950)

രാജശേഖരകവിക്കു് നഷ്ടപ്പെട്ടുപോയ കാഴ്ച വീണ്ടും വരുത്തിക്കൊടുത്തതായി പറയുന്നു. ഈ രാജശേഖരൻ ബാലരാമായണം, പ്രചണ്ഡപാണ്ഡവം, കർപ്പൂരമഞ്ജരി, വിദ്ധസാലഭഞ്ജിക എന്നീ കൃതികളുടെ കർത്താവാണു്. അദ്ദേഹത്തിനെ മാധവാചാര്യർ ശങ്കരാചാര്യരുടെ സമകാലികനാക്കിയിരിക്കുന്നതു പിശകാകുന്നു. യായാവര

8 കുമാരപാലന്റെ (1143–1172) സദസ്യൻ, ഡഫ്.

9 കീർത്തിവർമ്മന്റെ (1050–1100)സദസ്യൻ ബി. ഏ. സിമിത്ത്.

കുടുംബത്തിൽപെട്ട രാജശേഖരകവി കനൗജിലെ രാജാക്കന്മാരായ മഹേന്ദ്രപാലന്റെയും മഹപാലന്റെയും കാലത്തു ജീവിച്ചിരുന്നതായി തെളിഞ്ഞിട്ടുണ്ട്.[10]

## 5 അഭിനവശങ്കരൻ

ഇദ്ദേഹമാണ് 788 മുതൽ 840 വരെ ജീവിച്ചിരുന്ന ശങ്കരാചാര്യർ. ഈ ആചാര്യർ ആദിശങ്കരനെപ്പോലെ ദ്വിഗ്വിജയം നടത്തുകയും കാശ്മീരത്തുവെച്ച് സർവ്വജ്ഞപീഠം കയറുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ വാക്പതിഭട്ടൻ നിർമ്മിച്ചിട്ടുള്ള ശങ്കരേന്ദ്രവിലാസത്തിൽ നിന്നു ഗ്രഹിക്കാം. വിധവാപുത്രൻ എന്ന് ആദിശങ്കരാചാര്യരെ ഉദ്ദേശിച്ച് മാദ്ധ്വന്മാർ പറയാറുള്ള അപവാദം ചെന്നു പറ്റുന്നത് അഭിനവശങ്കരനിലാണ്. മാധവാചാര്യർ ഈ വസ്തുത ഗ്രഹിക്കാതെ പ്രസ്തുത കളങ്കത്തെ ആദിശങ്കരനിലേക്കു പകർത്തുകയും മറ്റുള്ളവർ[11] അദ്ദേഹത്തിനെ അന്ധമായി പിന്തുടരുകയും ചെയ്തു. കേരളീയരുടെ ശങ്കരാചാര്യചരിതത്തിൽ അങ്ങനെ ഒരു കളങ്കം അദ്ദേഹത്തിൽ ആരോപിച്ചിട്ടില്ലെന്നുള്ളതും ഈ അവസരത്തിൽ സ്മർത്തവ്യമാണ്. അഭിനവശങ്കരനേയും മഹാദേവന്റെ അവതാരമായിട്ടാണ് ഗണിച്ചുവന്നത്.

> "ഹായനേഥ വിഭവേ വൃഷമാസേ
> ശുക്ലപക്ഷദശമീദിനമധ്യേ
> ശേവധിദ്വിപദിശാനലവർഷേ
> തിഷ്യ ഏനമുദസോഷ്ടവിശിഷ്ടം"

എന്ന പദ്യം ആദ്യമായി കണ്ടുകിട്ടിയപ്പോൾ അതിൽ പറഞ്ഞിരിക്കുന്നത് ആദിശങ്കരന്റെ ജനനകാലമാണെന്ന് പാശ്ചാത്യന്മാർ ഭ്രമിച്ചുപോയി. വാസ്തവത്തിൽ അഭിനവശങ്കരന്റെ ജനനത്തേയാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതെന്ന് ഗുരുരത്നമാല തുടങ്ങിയ ഗ്രന്ഥങ്ങളിൽനിന്നും കാഞ്ചീപുരത്തിലെ ഗ്രന്ഥവരിയിൽനിന്നും ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാം. മി. പഥക് കണ്ടുപിടിച്ചതും ഈ പ്രകരണത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചതുമായ പദ്യങ്ങളും അതുപോലെതന്നെ ഈ അഭിനവശങ്കരനെപ്പറ്റി രചിക്കപ്പെട്ടിട്ടുള്ളവയാണ്.

---

10 "ന ഭയഗുരുർവ്യാധത്ത ച വാല്മീകികഥാം കിമധികൃത്യ"
"ഫല്ലാകീർത്തിർഭ്രമതി സുകൃവേർദ്ദിഷ്ട യായാവരസ്യ"
"മാപി ച കിം ന ശ്രുതം സഭീകസ്യ ശങ്കരവർമ്മണോവർണ്ണനം?"
(ബാലരാമായണം)

കൽഹണൻ ശങ്കരവർമ്മന്റെ ജീവിതകാലം 888 മുതല്ക്ക് 902–വരെ ആയിരുന്നു എന്നു പറഞ്ഞിരിക്കുന്നു. ആ കാലഗണന ഇവിടെ യോജിക്കുന്നുമുണ്ട്.

11 ചിദംബരത്തുകാരനായ വിശ്വജിത്ത് എന്ന ബ്രാഹ്മണൻ മരിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ വിധവ ഉടന്തടി ചാടുവാൻ ഒരുങ്ങി. ആ സമയം അവർ ഗർഭിണിയായിരുന്നതിനാൽ ബന്ധുജനങ്ങൾ അവരെ ആ ഉദ്യമത്തിൽനിന്നു പിൻവലിപ്പിച്ച് ഗൃഹത്തിലേക്ക് അയച്ചു. ക്രമേണ ഗർഭലക്ഷണങ്ങൾ മാഞ്ഞുപോയി. എന്നാൽ മൂന്നാം കൊല്ലത്തിൽ അവർ ഒരു പുരുഷപ്രജയെ പ്രസവിക്കുകയും അപവാദം ഭയപ്പെട്ടു അതിനെ കാട്ടിൽ തള്ളുകയും ചെയ്തു. അവിടെവച്ച് വ്യാഘ്രപാദനെന്ന മഹർഷിയുടെ പത്നി എടുത്തു വളർത്തി. ഇങ്ങനെയാണ് കഥ.

വാക്പതിഭട്ടൻ, ക്ഷീരസ്വാമി, ചടകൻ, മനോരഥേശൻ, സന്ധിമാൻ, ശംഖകൻ, ദാമോദരൻ, ഥക്യൻ, വാമന മഹോപാദ്ധ്യായൻ എന്നിവരെല്ലാം ഏ. ഡി. 780 മുതല്ക്ക് 810–വരെ കാശ്മീരം ഭരിച്ച ജയാപീഡവിനയാദിത്യന്റെ സദസ്യരായിരുന്നെന്നും അവരുടെ എല്ലാം അഗ്ര്യസ്ഥാനം വാക്പതി ഭട്ടനായിരുന്നെന്നും സദ്ഗുരുസന്താനപരിമളത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

"ക്ഷീരസ്വാമിമനോരഥേരശചടകശ്രീസന്ധിമച്ഛംഖക
ശ്രീദാമോദരഥക്യവാമനമഹോപാദ്ധ്യായമുഖ്യാൻകവീൻ;
അഷ്ടാവപ്യഭിഭൂയ ദുർജയതയാഭട്ടോൽഭടഃ പ്രത്യഹം
യോദീനാരകലക്ഷവേതനവഹഃ കോസ്യാഗ്രതഃസോപ്യഭൂൽ"

ഈ വാക്പതിഭട്ടനേയാണ് അഭിനവശങ്കരൻ ജയിച്ച സർവ്വജ്ഞപീഠം കയറിയതെന്ന്.

'ദേദീധ്യച്ശ്രുക്രദത്തോത്ഭടനവഭടവാഗ്ബദ്ധബുദ്ധാധ്വമധ്വ
സ്വാദപ്രോദസ്ത വദാദൃതിരഥ സ ജയാപീഠസമ്രാഡപിദ്രാക്
യദ്വാഗുദ്ഭൃത ബാധശ്രുതിമഥവപുഷഃശാരദായാഃപുരസ്താൽ
പീഠേസർവജ്ഞയോഗ്യേനിദധദധിപദച്ഛായമാർച്ചീദ്യമർച്യം'

എന്ന പദത്തിൽനിന്നും വ്യക്തമാകുന്നു.

ഈ ശങ്കരാചാര്യരുടെ കാലത്തെപ്പറ്റി യാതൊരു ശങ്കയ്ക്കും അവകാശമില്ല. ഇനി കുറേക്കൂടി പുറകോട്ടു കടന്നുനോക്കാം.

## 6 ബ്രഹ്മാനന്ദഘനൻ (1) (655–688)

ഈ ആചാര്യർ കാശ്മീരാധിപതിയായ ലളിതാദിത്യമുക്താപീഠന്റേയും ഭവഭൂതിയുടേയും പൂജയ്ക്കു പാത്രീഭവിച്ച ഒരു മഹാനായിരുന്നു. ഭവഭൂതിയുടെ കാലം ഇപ്പോൾ സുനിർണ്ണീതമായിട്ടുണ്ട്. അതുപോലെ തന്നെ, യശോവർമ്മനെ തോല്പിച്ചശേഷം ദക്ഷിണേന്ത്യയെ ആക്രമിച്ച ലളിതാദിത്യന്റെ കാലവും ചരിത്രകാരന്മാർ നിർണ്ണയിച്ചു കഴിഞ്ഞിരിക്കുന്നു. കാഞ്ചീഗ്രന്ഥവരിയിൽ ബ്രഹ്മാനന്ദഘനനു പറഞ്ഞിരിക്കുന്ന കാലവും ചരിത്രകാരന്മാർ ലളിതാദിത്യനു[12] പറഞ്ഞിരിക്കുന്ന കാലവും പരസ്പരം യോജിക്കുന്നുണ്ട്.

---

[12] ലളിതാദിത്യൻ ബ്രഹ്മാനന്ദഘനന്റെ കാലത്ത് കാഞ്ചീപുരം സന്ദർശിച്ച് അനേകായിരം സാധുക്കൾക്കു ഭക്ഷണം കൊടുത്തതായി രാജതരംഗിണിയിലും ഭവഭൂതിവിരചിതമായ മഹാപുരുഷവിലാസത്തിലും പുണ്യശ്ലോകമഞ്ജരിയിലും കാണുന്നു.

"രട്ടാം കർണ്ണാടരാജ്ഞിം പ്രസഭമഭിഭവൻ കേരളീയാംശ്ചകീശ
പ്രഖ്യാൻ പ്രഖ്യാപയിഷ്യന്നചലവദജഹാദ്ദീർഘകൌപീനപൃച്ഛാൻ
മ്ലേച്ഛാൻ മൂർദ്ധമുണ്ഡാനപി വിദധഥോ വിദ്രവഹ്രീഃ വിവൃത്യൈ
ശ്രീകാഞ്ചീകാമകോടീമഠമസദദസൌശ്രീഗുരോഃ സേവനാപ്ത്യൈ

## 7 സച്ചിൽസുഖൻ (481–512)

സച്ചിൽസുഖൻ ആര്യഭട്ടന്റെ സമകാലികനായിരുന്നതിനാൽ, അദ്ദേഹത്തിന്റെ കാലം ഇവിടെ പറഞ്ഞിരിക്കുന്നത് ശരിയാണോ അല്ലയോ എന്നു നിർണ്ണയിക്കുന്നതിനു പ്രയാസമില്ല. ആര്യഭട്ടൻ ഒരു സൂര്യഗ്രഹണം നോക്കുന്നതിനായി ഒരിക്കൽ കപ്പൽ കയറി എവിടെയോ പോവാൻ ഇടയായി. സച്ചിൽസുഖൻ ഈ വിവരം അറിഞ്ഞ് അദ്ദേഹത്തിനെ ശാസിക്കയും ശുദ്ധികർമ്മം നടത്തുകയും ചെയ്തുവത്രേ. അവിശ്വാസിയായിരുന്ന ആ ജ്യോതിശ്ശാസ്ത്രജ്ഞനെ വൈദികധർമ്മ വിശ്വാസിയാക്കിതീർത്തതും ഈ സന്യാസിയായിരുന്നു. ആര്യഭട്ടൻ ഏ. ഡി. 499–ൽ ജീവിച്ചിരുന്നതായി ചരിത്രകാരന്മാർ തീർച്ചപ്പെടുത്തീട്ടുള്ളതിനാൽ, ഈ സംഗതിയിലും നമുക്ക് കാഞ്ചീപുരത്തെ ഗ്രന്ഥവരിയെ വിശ്വസിക്കാം.

## 8 മൂകശങ്കരാചാര്യർ. (398–437)

ഇദ്ദേഹമാണ് മൂകപഞ്ചാശതിയുടെ കർത്താവ്. ആദിശങ്കരാചാര്യർ എട്ടാം ശതകത്തിനുമുമ്പ ജീവിച്ചിരുന്നു എന്നുള്ളതിന് മൂകശങ്കരാചാര്യരുടെ പ്രാചീനശങ്കരവിജയം സാക്ഷ്യം വഹിക്കുന്നു. ഈ ഗ്രന്ഥത്തിൽ നിന്ന് ആത്മബോധൻ അനേകം പദ്യങ്ങൾ ഉദ്ധരിച്ചിട്ടുമുണ്ട്. അതിൽനിന്ന് മൂകശങ്കരന്റെ കാലത്തും കാഞ്ചീമഠം സുസംഘടിതമായ ഒരു ഉത്തമസ്ഥാപനമായി വർത്തിച്ചിരുന്നുവെന്ന് ഊഹിക്കാം. ആദിശങ്കരന്റെ കാലം കലിവർഷം 2593 ആയിരുന്നുവെന്ന് അതിൽ പ്രസ്താവിച്ചിട്ടുള്ളതും പ്രത്യേകം സ്മരണീയമാകുന്നു.

മൂകശങ്കരാചാര്യരുടെ കാലം സ്വതന്ത്രമായി നിർണ്ണയിക്കുന്നതിനു മാർഗ്ഗമുണ്ട്.

മാതൃഗുപ്തൻ, രാമിലൻ, മേണ്ടൻ, പ്രവരസേനൻ മുതലായ കവികളെല്ലാം മൂകശങ്കരാചാര്യരുടെ സമകാലികന്മാരായിരുന്നു. അന്നത്തെ ഭാരതചക്രവർത്തി ഹർഷാപര നാമധേയനായ വിക്രമാദിത്യശകാരിയായിരുന്നു എന്നു കാണുന്നു. എന്നാൽ ചിലർ, ഹർഷശബ്ദം കണ്ടു ഭ്രമിച്ച് ആ രാജാവ് പില്ക്കാലത്തു ജീവിച്ചിരുന്ന സാക്ഷാൽ ശ്രീഹർഷനാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. ആ അഭിപ്രായം സാധുവല്ലെന്ന് രാമിലകൃതമായ മണിപ്രഭയിലെ പ്രസ്താവന നോക്കിയാൽ അറിയാം.

സൂതഃ–ന ജാനാസി?–

ആചാര്യേശദ്വിജന്മാർഥ്യതിഥിഷുവിനതോവൈനതേയഃശകാ
കാശ്മീരാനേവ കാവ്യംകിമപികവയിതുദ്ദത്തവാനപ്രമത്തം(ഹേഃ
രക്ഷാദത്തപ്രഹർഷപ്രകൃതികൃതിശരുാധ്മാതഹർഷഃ സഹർഷഃ
കർണ്ണാഭ്യർണ്ണാവതീർണ്ണഃ കഥമഥതവ നോ വിക്രമീ"വക്രമാർക്കഃ

---

ചോളാനഭ്യേത്യലീലാവലയിതവസുധാമദ്ധ്യകാഞ്ച്യാംസകാഞ്ച്യാ
മസ്താചാര്യനു സപര്യാപ്രമുദിത ഹൃദയാദാദധാനഃ സ സമ്രാട്
യത്സ്മൂത്യൈ ജേഷ്ഠരുദ്രാലയമപിവിദധേ സാധുസാഹസ്രഭക്തം
നാമ്നാ ലക്ഷോത്തരാണാമപിരുദശനദം വേശ്മ കാശ്മീരദേശേ"

ഈ വിവരണം ഉജ്ജയിനിയിലെ വിക്രമാദിത്യശകാരിക്കല്ലാതെ സാക്ഷാൽ ശ്രീ ഹർഷന് തീരെ യോജിക്കുന്നില്ലെന്ന് വിൻസന്റ് ഏ സ്മിത്ത് തുടങ്ങിയ ചരിത്രകാരന്മാർ ഗുപ്തവംശജനായ ചന്ദ്രഗുപ്തവിക്രമാദിത്യനെപ്പറ്റിയും ശ്രീഹർഷനെപ്പറ്റിയും പറഞ്ഞിട്ടുള്ള ഭാഗങ്ങളിൽനിന്ന് നിഷ്പ്രയാസം ഗ്രഹിക്കാം. മാതൃഗുപ്തൻ വിക്രമാദിത്യശകാരിയെ ആശ്രയിച്ചുജീവിച്ച ഒരു കവിയായിരുന്നു. അദ്ദേഹത്തിന്റെ കവിത കണ്ടു സന്തോഷിച്ച്, ചക്രവർത്തി കാശ്മീരരാജ്യം ദാനം ചെയ്തതിനെയാണ് മുകളിൽ ഉദ്ധരിച്ച ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഏ. ഡി. 413–ൽ വിക്രമാദിത്യൻ പരലോകം പ്രാപിച്ചപ്പോൾ മാതൃഗുപ്തൻ രാജ്യമുപേക്ഷിച്ചിട്ട് സന്യസിച്ചു. പിന്നീട് യഥാർത്ഥാവകാശിയായ പ്രവരസേനദ്വിതീയൻ രാജാവായി. എന്നിട്ടും നികുതി പിരിഞ്ഞു കിട്ടിയ തുകയേ അദ്ദേഹം സന്യാസിയായി കാശിയിൽ താമസിച്ചിരുന്ന മാതൃഗുപ്തന് അയച്ചുകൊടുത്തുകൊണ്ടിരുന്നു.

മേണ്ഠകൃതിയായ ഹയഗ്രീവവധത്തിൽ ശങ്കരാചാര്യരേയും ഈ കവികളേയും ചേർത്ത് ഒരു പദ്യം കാണുന്നു.

“ഖ്യാതശ്രീ ശംകരേന്ദ്രപ്രചുരതരകൃപാലബ്ധസാഹിത്യവിദ്യഃ
സദ്യഃസാധൂക്തിസമ്മോദ്യപിപരകവിതാമർഷിണോമാതൃഗുപ്താൽ
പ്രൌഢാഃപ്രൌഢോക്തിരുഢൈർനിബിഡരസഭരെർഗ്ഗുംഫനൈര്യത്രമേട്ട-
മ്മേർദുർമ്മോഹാദനാദീദ്ധയവദനവധം വാശ്യകുണ്ഠഃ സമേണ്ഠ”

നാലാം ശതകത്തിന് അപ്പുറം ഉള്ള പതിനെട്ടു ആചാര്യന്മാരുടെ കാലം വിശ്വാസയോഗ്യമായിരിക്കുന്നില്ല.[13] അതുകൊണ്ട് ശരാശരി ഇരുപത്തഞ്ചു കൊല്ലം വീതം തള്ളിയാൽ ആദിശങ്കരന്റെ ജീവിതകാലം ബി. സി. ഒന്നാംശതകത്തിൽ വരും. അതിനപ്പുറമായിരിക്കാൻ ഇടയില്ല. എന്തുകൊണ്ടെന്നാൽ ശങ്കരാചാര്യർക്കു മഹാഭാഷ്യകർത്താവായ പതഞ്ജലിയെക്കാൾ പ്രാചീനത്വം കല്പിക്കുന്നതു സാഹസമാണ്. ആചാര്യരുടെ ഗുരുവായിരുന്ന ഗോവിന്ദഭഗവൽപാദർ ആണ് കാശ്മീരത്തിൽ ഇദം പ്രഥമമായി മഹാഭാഷ്യത്തെ പ്രചരിപ്പിക്കുന്നതെന്ന് രാജതരംഗിണിയിൽ കാണുന്നതിനെ അവിശ്വസിക്കാൻ ന്യായവുമില്ല. ഗോവിന്ദഭഗവൽപാദർ ഗൌഡപാദാചാര്യരുടെ ശിഷ്യനായിരുന്നുവെന്ന്, ശങ്കരാചാര്യർ അദ്ദേഹത്തിനെ പലേ സ്ഥലങ്ങളിൽ പരമഗുരുവായി വർണ്ണിച്ചിട്ടുള്ളതിൽ നിന്നും ഊഹിക്കാം. ഗൌഡപാദർ ജീവിച്ചിരുന്നത് ബി. സി. ഒന്നാംശതകത്തിലായിരുന്നു. ഏ. ഡി. രണ്ടും മൂന്നും ശതകങ്ങളിൽ ജീവിച്ചിരുന്ന തമിൾ കവികളിൽ ശാങ്കരമതം പ്രതിഫലിച്ചുകാണുന്നതും നമ്മുടെ ഊഹത്തിന് അവഷ്ടംഭകമായിരിക്കുന്നു. ഏതൽക്കാരണങ്ങളാൽ ആചാര്യരുടെ കാലം ബി. സി. ഒന്നാംശതകത്തിലായിരുന്നുവെന്നു തീർച്ചപ്പെടുത്താം.

---

[13] ഏ. ഡി. 367-ൽ അന്ത്യസമാധി അടഞ്ഞ ഉജ്വല ശങ്കരന്റെ അനുഗ്രഹത്താൽ സ്യാനന്ദ രാധിപതിയായ ഒരു കുലശേഖരൻ കവിയായിത്തീർന്നുവെന്നു പറഞ്ഞിരിക്കുന്നു. അക്കാലത്ത് ഒരു വീരകേരളകുലശേഖരൻ തിരുവിതാംകൂർ ഭരിച്ചിരുന്നതായി ശങ്കുണ്ണിമേനോന്റെ ചരിത്രത്തിലും കാണുന്നു. ഈ ശങ്കരന്റെ ആദ്യത്തെ പേര് അച്യുതകേശവൻ എന്നായിരുന്നു.

## 9 ആചാര്യരുടെ ജീവിതചരിത്രസംക്ഷേപം

അദ്ദേഹം കുന്നത്തുനാട്ടു താലൂക്കിൽ മഞ്ഞപ്രപ്രവൃത്തിയിൽ കാലടി എന്ന ദേശത്തു ജനിച്ചു. പിതാവായ ശിവഗുരുവും മാതാവായ ആര്യാംബയും സന്താനമില്ലാതെ ദുഃഖിച്ചു വളരെക്കാലം ശിവനേ ഭജിച്ചുവെന്നും ഒടുവിൽ ശിവൻ പ്രസന്നനായിട്ട് താൻ അവരുടെ സന്താനമായി ജനിക്കാൻ പോകുന്നുവെന്ന് സ്വപ്നത്തിൽ അവരെ അറിയിച്ചുവെന്നുമാണ് ഐതിഹ്യം.[14] അഞ്ചാമത്തെ വയസ്സിൽ പിതാവു മരിച്ചു. ആര്യാംബ അമ്മാത്തുള്ളവരുടെ സഹായത്തോടുകൂടി ഉപനയനം നടത്തി. പതിനാറു വയസ്സുവരേയുള്ള വിദ്യഭ്യാസം വൈക്കത്തു മാതൃഗൃഹത്തിൽ വച്ചാണ് നടന്നത്. കാവ്യനാടകാലങ്കാരാദികളും ഇതിഹാസപുരാണങ്ങളും ദർശനങ്ങളും അദ്ദേഹം അതിനിടയ്ക്കു വേണ്ടപോലെ പഠിച്ചുകഴിഞ്ഞു.

പ്രകൃത്യാ വിചിന്തനശീലനായ ഈ ബാലനിൽ വൈരാഗ്യം അതിബാല്യത്തിലേ ഉദിച്ചു. അതിനാൽ പതിനാറാമത്തെ വയസ്സിൽ അദ്ദേഹം പ്രിയമാതാവിന്റെ അനുവാദത്തോടുകൂടി ഒരു ഗുരുവിനെ തേടി പുറപ്പെട്ടു. കാശിയിൽ ചെന്ന് ഗോവിന്ദഭഗവൽപാദരുടെ കീഴിൽ വേദാന്തം അഭ്യസിച്ച് തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ പ്രകാശിച്ചു. അവിടെവെച്ചാണു അദ്ദേഹം വേദാന്തസൂത്രഭാഷ്യവും ഗീതാഭാഷ്യവും ഉപനിഷദ്ഭാഷ്യങ്ങളും രചിച്ചതു്.

അനന്തരം അദ്വൈതമതസ്ഥാപനത്തിനും പാഷണ്ഡമതഖണ്ഡനത്തിനുമായി അദ്ദേഹം ഭാരതഖണ്ഡം ഒട്ടുക്ക് സഞ്ചരിക്കാൻ തീർച്ചപ്പെടുത്തി. ആദ്യമായി മഗധയിലേയ്ക്കു പുറപ്പെട്ടു. ആ രാജ്യം ഭരിച്ചിരുന്നതു് ഹാലൻ എന്ന ആന്ധ്രാരാജാവായിരുന്നു. അവിടെ താമസിക്കവേ, പ്രസിദ്ധ മീമാംസകനായ കുമാരിലഭട്ടന്റെ അന്ത്യദശ ആസന്നമായിരുന്നുവെന്നാണ് പരക്കേ വിശ്വസിക്കപ്പെട്ടിരുന്നതു്. അദ്ദേഹത്തിനെ ജയിക്കാൻ അക്കാലംവരെ ആർക്കും സാധിച്ചിരുന്നില്ല. ഉത്തരമീമാംസയെ ഖണ്ഡിച്ച് പൂർവ്വമീമാംസയുടെ അധികാരത്തെ പുനഃസ്ഥാപിക്കണമെന്നുള്ള തന്റെ ഉദ്ദേശ്യസിദ്ധിക്ക്, കുമാരിലനെ ജയിക്കാതെ നിവൃത്തിയില്ലെന്നു കണ്ടിട്ട് അദ്ദേഹവുമായി വാദത്തിൽ ഏർപ്പെട്ടു. തൽഫലമായി കുമാരിലൻ പരാജിതനാവുകയും ശങ്കരന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു.

അതിനുശേഷം കർമ്മമാർഗ്ഗക്കാരുടെ പ്രധാന മല്ലനെന്നു സുവിഖ്യാതനായിരുന്ന മണ്ഡനമിശ്രനെ കാണുന്നതിനായി പ്രയാഗയിലേക്കു തിരിച്ചു. പത്മവനത്തിൽവെച്ച് രണ്ടു പേരുമായി ഒരു വാതം നടക്കുകയും മണ്ഡനമിശ്രൻ പരാജയം സമ്മതിച്ച് ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ഈ മണ്ഡനമിശ്രനായിരുന്നു ആചാര്യരുടെ പ്രധാന ശിഷ്യനായ സുരേശ്വരാചാര്യർ. അദ്ദേഹം നൈഷ്കർമ്മ്യസിദ്ധി മുതലായ ഒട്ടു വളരെ അദ്വൈതഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ടു്.

---

[14] കയ്പള്ളി എന്നായിരുന്നു ഇല്ലപ്പേരും.

പ്രയാഗയിൽനിന്ന് ആചാര്യർ നേരെ ബദരികാശ്രമത്തിലേക്കാണു തിരിച്ചതു്. അവിടെ വെച്ച് അദ്ദേഹത്തിനു തന്റെ പരമഗുരുവായ ഗൌഡപാദാചാര്യനെ കാണ്മാനുള്ള ഭാഗ്യം സിദ്ധിച്ചു.[15]

ബദര്യാശ്രമത്തിൽനിന്ന് ശങ്കരൻ കൈലാസത്തിലേയ്ക്കു പോയി അഞ്ചുശിവലിംഗങ്ങൾ കൊണ്ടുവന്നു. ആ ശിവലിംഗങ്ങളേയാണ് അദ്ദേഹം സ്ഥാപിച്ച മഠങ്ങളിൽ പ്രതിഷ്ഠിച്ചതു്. പിന്നീട് ഉത്തര ഇൻഡ്യയിലുള്ള അനേക പുണ്യസ്ഥലങ്ങളെ സന്ദർശിച്ചശേഷം ദ്രാവിഡദേശത്തേക്കു പുറപ്പെട്ടു.[16] പോയ ദിക്കിലൊക്കെ, വിജയലക്ഷ്മി അദ്ദേഹത്തിന് അനുകൂലമായിരുന്നു. എല്ലായിടത്തും ശിഷ്യന്മാരുമുണ്ടായി. കാഞ്ചീപുരത്തുനിന്നു തിരിച്ച് കന്യാകുമാരി, തൃച്ചംബുർ, രാമേശ്വരം മുതലായ ദിക്കുകളൊക്കെ സന്ദർശിച്ചിട്ട്, വീണ്ടും കാഞ്ചിയിലെത്തി. കാഞ്ചീപുരത്ത് അദ്ദേഹം ഒട്ടു വളരെക്കാലം പാർത്തുവെന്നു തോന്നുന്നു. തുംഗഭദ്രാതീരത്ത്, ഇപ്പോൾ ശൃംഗേരിമഠം ഇരിക്കുന്ന സ്ഥലത്ത് അദ്ദേഹം ഒരു ശാരദാക്ഷേത്രം പണിയിച്ച്, വേദാന്തസൂത്രങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. അങ്ങിനെ അവിടെ താമസിക്കവേ, തന്റെ മാതാവിന്റെ മരണം സന്നിഹിതമായിരിക്കുന്നുവെന്ന് ദിവ്യദൃഷ്ട്യാ അറിഞ്ഞു് സ്വഗൃഹത്തിൽ എത്തുകയും യഥോചിതം അന്ത്യശുശ്രൂഷകൾ നടത്തുകയും ചെയ്തു. എന്നാൽ സന്യാസിക്കു അപരക്രിയകൾ ചെയ്യുന്നതിന് അധികാരമില്ലെന്നു നമ്പൂതിരിമാർ ശഠിച്ച് ബന്ധുകൃത്യം ചെയ്യാതെ മാറിക്കളഞ്ഞതിനാൽ, അദ്ദേഹം നായന്മാരുടെ സഹായത്തോടുകൂടി ഹോമാഗ്നി ജ്വലിപ്പിച്ച്, മൃതശരീരത്തെ ദഹിപ്പിക്കുകയും ആ നാട്ടിലെ ബ്രാഹ്മണർക്ക് വേദാധ്യയനം ചെയ്‌വാൻ അനധികാരികളായിപ്പോകട്ടേ എന്നു ശപിക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. അതിനു ശേഷം കാഞ്ചീപുരത്തുവെച്ചാണ് ആചാര്യർ സർവജ്ഞപീഠം കയറിയതു്.

ആചാര്യരുടെ അന്ത്യദശയെ കേരളീയ ശങ്കരാചാര്യചരിതത്തിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

“തതഃ ക്ഷേത്രാണി പുണ്യാനി തീർത്ഥാനി ച നിഷേവ്യ സഃ;
ക്രമേണ ശിഷ്യസംയുക്തോ വൃഷാചല[17] മവാപ്തവാൻ.
തത്ര ദക്ഷിണകൈലാസേ[18]
ജ്ഞാത്വാ നിജ ശരീരാന്തം സഹശിഷ്യൈഃപ്രസന്നധീ;
കാസാരേ പശ്ചിമേ സ്നാത്വാ നത്വാ തത്രസ്ഥമീശ്വരം;
ശ്രീമൂലസ്ഥാനമാസാദ്യ ചക്രേ തസ്യ പ്രദക്ഷിണം.”

---

15 ബദരികാശ്രമത്തിൽ താമസിച്ചിരുന്ന ഈ ഗൗഡപാദാചാര്യർ തന്നെ ആയിരിക്കണം വേദാന്തസൂത്രകാരനായ ബാദരായണൻ. കേരളീയ ശങ്കരാചാര്യ ചരിതത്തിൽ ബദര്യാശ്രമത്തിൽവെച്ച് അദ്ദേഹം വ്യാസനെ കണ്ടതായി പറഞ്ഞിട്ടുള്ളതും ഈ അവസരത്തിൽ സ്മരണീയമാകുന്നു. വ്യാസന്മാർ അനേകമുണ്ടെന്നുള്ളതു തർക്കമറ്റ ഒരു സംഗതിയാണ്.

16 ആസ്സാമിൽവെച്ച് ഉഗ്രഭൈരവൻ എന്ന കാപാലികൻ ഇദ്ദേഹത്തിനെ ഹനിക്കാൻ ശ്രമിച്ചുവെങ്കിലും ശിഷ്യനായ പത്മപാദന്റെ സഹായത്താൽ രക്ഷപ്പെട്ടുവത്രേ.

17 തൃശ്ശിവപേരുർ.

18 വടക്കുന്നാഥക്ഷേത്രം.

ശങ്കരാചാര്യരെ വടക്കുന്നാഥക്ഷേത്രവളപ്പിൽ സമാധിയിരുത്തിയതായിട്ടാണ് ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്.[19]

ശങ്കരാചാര്യർ കാഞ്ചി[20] ബദരി, ദ്വാരക, ശൃംഗേരി, പുരി എന്നീ സ്ഥലങ്ങളിൽ ഓരോ മഠങ്ങൾ സ്ഥാപിച്ചു. കാമകോടിപീഠത്തിൽ ആചാര്യർതന്നെ അദ്ധ്യക്ഷം വഹിച്ചു. മറ്റ ശാരദാമഠങ്ങളിൽ യഥാക്രമം തോടകൻ, പത്മപാദൻ, പൃഥ്വീമാധവൻ, ഹസ്താമലകൻ എന്നീ പ്രധാന ശിഷ്യന്മാരെ അദ്ധ്യക്ഷന്മാരായി അവരോധിച്ചിട്ട്, അവയുടെ ഭരണത്തെ നിയന്ത്രിക്കാനായി മഠാമ്നായം എന്നൊരു ഗ്രന്ഥവും അദ്ദേഹം നിർമ്മിച്ചുവത്രേ.

അദ്ദേഹത്തിന്റെ പ്രധാന കൃതികൾ മുമ്പു പ്രസ്താവിച്ച ഭാഷ്യങ്ങളും, വിവേകചൂഡാമണി, വേദാന്തസിദ്ധാന്തസംഗ്രഹം, ദശശ്ലോകീ, പഞ്ചീകരണം, അപരോക്ഷാനുഭൂതി, മുതലായ കൃതികളും ആകുന്നു. സൌന്ദര്യലഹരി, ആനന്ദലഹരി, ശിവഭുജംഗം മുതലായ അഭിനവ ശങ്കരന്റെയോ ഉജ്വലമൂകാശങ്കരന്മാരുടേയോ കൃതികളാണെന്നു തോന്നുന്നു.

"തവ സ്ഥാനം മന്യേ ധരണിധരകന്യേ ഹൃദയതഃ
പയഃപാരാവാരഃ പരിവഹതി സാരസ്വതമിവ;
ദയാവത്യാ ദത്തം ദ്രവിഡശിശുരാസാദ്യ തവ യൽ
കവീനാം പ്രൗഢാനാമജനി കമനീയഃ കവയിതാ."

എന്ന സൗന്ദര്യലഹരീപദ്യത്തിൽ ജ്ഞാനസംബന്ധരെന്ന ദ്രാവിഡകവിയെപ്പറ്റിയും,

മാർഗ്ഗാവർത്തിതപാദുകാ പശുപതേരംഗസ്യ കൂർച്ചായതേ
ഗണ്ഡൂഷാംബു നിഷേചനം പുരരിപോർദ്ദിവ്യാഭിഷേകായതേ;
കിഞ്ചിദ്ഭക്ഷിതമാംസശേഷകബളം നവ്യോപഹാരായതേ
ഭക്തിഃകിം ന കരോത്യഹോ വനചരോ ഭക്താവതംസായതേ.

എന്ന ആനന്ദലഹരീപദ്യത്തിൽ കണ്ണപ്പനായനാരേയും, ശിവഭുജംഗത്തിൽ സുന്ദരൻ, ചിറുതൊണ്ടൻ തുടങ്ങിയവരേയും സൂചിപ്പിച്ചു കാണുന്നതിനാൽ ഈ കൃതികളുടെ കർത്താവ് ആദിശങ്കരനേക്കാൾ അർവാചീനനായിരിക്കാനേ മാർഗ്ഗമുള്ളൂ.

ഇനി ആദിശങ്കരാചാര്യർ അനാചാരങ്ങളുടെ സ്ഥാപകനായിരുന്നോ എന്നു പരിശോധിക്കാം.

ഒന്നാമതായി ഒരു ശങ്കരവിജയത്തിലും അദ്ദേഹം കേരളത്തിൽ അനാചാരങ്ങൾ നിർമ്മിച്ചതായി പറയുന്നില്ല. രണ്ടാമതായി, അദ്ദേഹത്തിന്റെ ജീവിതത്തിനും അനാചാരങ്ങൾക്കും തമ്മിൽ ഒരു പൊരുത്തവും ഇല്ലെന്നു പറയേണ്ടിയിരിക്കു

[19] ഗ്രന്ഥകാരന്റെ പേരു ഗോവിന്ദയതി എന്നായിരുന്നു.

[20] കാമകോടിപീഠം.

ന്നു. ഭാരതഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ സർവധർമ്മസമന്വയമായ അദ്വൈതത്തെ ഉപദേശിച്ച് അനേക സഹസ്രം ജീവികൾക്കു നിത്യപ്രകാശം അരുളിക്കൊണ്ടു സഞ്ചരിച്ചിരുന്ന ആ പുണ്യശ്ലോകൻ സ്വമാതൃഭൂമിയായ കേരളത്തെ മാത്രം ഒരു ഭ്രാന്താലയമാക്കിത്തീർക്കുന്നതിനു ശ്രമിച്ചു എന്നു പറയുന്നത് മഹാപാപമാണ്. എന്നു മാത്രമല്ല, അങ്ങനെ ഒരു അനാചാരാമ്നായം നിർമ്മിച്ച് കേരളീയരെ ശിക്ഷിക്കാൻ അദ്ദേഹം ഒരുങ്ങിയെന്നു വന്നാൽ തന്നെയും, അതിനെ കേരളബ്രാഹ്മണർ സ്വീകരിക്കുമായിരുന്നോ എന്ന കാര്യം സന്നിഗ്ദ്ധവുമാണ്. ശങ്കരാചാര്യർക്കു കേരളീയനായ ഒറ്റ ശിഷ്യൻപോലും ഇല്ലായിരുന്നു എന്നുള്ള സംഗതിയും, ശങ്കരാചാര്യമഠങ്ങളിൽ പില്ക്കാലത്ത് ഒരു കേരളീയനും അധ്യക്ഷനാവാൻ സാധിച്ചിട്ടില്ലെന്നുള്ള കാര്യവും പ്രത്യേകം നാം ഓർക്കേണ്ടതാണ്. കർമ്മകാണ്ഡത്തെ മുറുകെപ്പിടിച്ചുകൊണ്ടിരുന്ന കേരളബ്രാഹ്മണരുണ്ടോ അദ്വൈതമതത്തേ സ്വീകരിക്കുന്നു? ഏതൽക്കാലപര്യന്തം പൂർവ്വമീമാംസയ്ക്കുള്ളിടത്തോളം പ്രാബല്യം അദ്വൈതത്തിന് അവരുടെ ഇടയ്ക്കു ലഭിച്ചിട്ടുമില്ല. എല്ലാറ്റിനുംപുറമേ, ബി. സി. ഒന്നാം ശതകത്തിൽ, കേരളീയർ ചാതുർവർണ്ണ്യമാകുന്ന മഹാവാഗുരത്തിൽ കുടുങ്ങീട്ടുമില്ലായിരുന്നു. അക്കാലത്തുണ്ടായ തമിഴ്ഗ്രന്ഥങ്ങളിൽ കേരളീയാചാരങ്ങളെപ്പറ്റി ഭംഗിയായി വിവരിച്ചിട്ടുള്ളതിനാൽ ആ വിഷയത്തിൽ സന്ദേഹത്തിനൊന്നിനും വകയില്ലാതെയുമാണിരിക്കുന്നത്. ശങ്കരസ്മൃതി എന്നൊന്ന് ഇപ്പോൾ കാണുന്നുണ്ട്. അത് ഏതോ ക്ഷുദ്രഹൃദയന്മാരുടെ കൂടലേഖനമാകുന്നു എന്നുള്ളതിന് അതിൽതന്നെ ലക്ഷ്യങ്ങൾ കാണുന്നു.

നമുക്ക് ആദ്യമായി 64 അനാചാരങ്ങളേതെല്ലാമാണെന്നു നോക്കാം.

1. പല്ലു തേയ്ക്കുവാൻ കോൽ ഉപയോഗിക്കരുത്.
2. ഉടുത്ത വസ്ത്രത്തോടുകൂടി മുങ്ങരുത്.
3. കുളിക്കാൻ വരുമ്പോൾ ഉടുത്ത മുണ്ട് തോർത്തുവാൻ ഉപയോഗിക്കരുത്.
4. പ്രാതസ്സന്ധ്യയ്ക്കുമുമ്പു കുളിക്കരുത്.
5. കുളിക്കാതെ ഭക്ഷണസാധനങ്ങൾ പാകം ചെയ്യരുത്.
6. ഇന്നലെ കോരിവെച്ച വെള്ളം ഇന്ന് ഉപയോഗിക്കരുത്.
7. നിഷ്കാമമായിട്ടേ കർമ്മം ചെയ്യാവൂ.
8. കാൽ കഴുകാനോ മറ്റോ എടുത്ത വെള്ളം പാത്രത്തിൽ ബാക്കിവന്നാൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുത്.
9. ബ്രാഹ്മണാദികൾ ശൂദ്രാദികളെ തൊട്ടാലും,
10. താണജാതിക്കാരെ അടുത്താലും,
11. താണ ജാതിക്കാർ തൊട്ട ജലാശയങ്ങൾ തൊട്ടാലും,
12. ചൂൽകൊണ്ട് അടിച്ചനിലത്തു തളിക്കാതെ ചവുട്ടിയാലും,

} കുളിക്കണം

13. ഭസ്മം ആദ്യം മേല്പോട്ട് ഒന്നും പിന്നെ വിലങ്ങത്തിൽ മൂന്നും വരിയായി കുറിയടണം.
14. ബ്രാഹ്മണർ ചെയ്യുന്ന എല്ലാ കർമ്മങ്ങൾക്കും വേണ്ടുന്ന മന്ത്രം കർമ്മം ചെയ്യുന്ന ബ്രാഹ്മണൻ തന്നെ ഉച്ചരിക്കണം.

15. തലേദിവസത്തെ ചോറും കറിയും,
16. കുട്ടികൾ ഭക്ഷിച്ച ബാക്കിയും,
17. ശിവന്നു നിവേദിച്ച സാധനവും,
18. കൈകൊണ്ടു വിളമ്പിയ ആഹാരദ്രവ്യവും,
19. ഹോമാദികൾക്കു് എരുമയുടെ പാൽ മുതലായതും,

} ഉപയോഗിക്കരുത്

20. ചോറ് ഉരുട്ടാതെ വാരിത്തിന്നുകയോ, ഉരുട്ടിയ ഉരുള പകുതി ഉണ്ടിട്ട് താഴെ വെയ്ക്കുകയോ ചെയ്യരുത്.
21. അശുദ്ധമായാൽ വെറ്റിലമുറുക്കുകകൂടി ചെയ്യരുത്.
22. ബ്രഹ്മചാരി നിഷ്ഠയേയും വ്രതത്തേയും അനുഷ്ഠിക്കണം.
23. പഠിപ്പ് കഴിഞ്ഞാൽ ഗുരുദക്ഷിണ ചെയ്യണം.
24. പെരുവഴിയിൽ വെച്ച് വേദം ഉച്ചരിക്കരുത്.
25. ഷോഡശകർമ്മങ്ങൾ യഥാകാലം യഥാവിധി ചെയ്യണം.
26. കന്യകയെ വില്ക്കരുത്.
27. ഫലത്തെ ആഗ്രഹിച്ച് വ്രതത്തെ അനുഷ്ഠിക്കരുത്.
28. പുറത്തായ സ്ത്രീകളെ തൊട്ട സ്ത്രീകൾ കുളിച്ചിട്ടേ ഉണ്ണാവൂ.
29. കൈക്കോളന്റേയും
30. വെളുത്തേടന്റേയും

} വേലകൾ ബ്രാഹ്മണർ ചെയ്യരുത്

31. രുദ്രാക്ഷാദികളിൽ ബ്രാഹ്മണർ മാത്രമേ ശിവപൂജ ചെയ്യാവൂ.
32. ശൂദ്രന്റെ ശ്രാദ്ധത്തിന് ബ്രാഹ്മണർ പ്രതിഗ്രഹം വാങ്ങരുത്.
33. പിതാമഹന്റെയും മാതാമഹന്റെയും അവരുടെ പത്നിമാരുടെയും ശ്രാദ്ധങ്ങൾ ഊട്ടണം.
34. എല്ലാ അമാവാസിക്കും ശ്രാദ്ധം ഊട്ടണം.
35. മാതാപിതാക്കന്മാർ മരിച്ച കൊല്ലം തികയുന്ന ദിവസം സപിണ്ഡി എന്ന ക്രിയ ചെയ്യണം.
36. മേല്പറഞ്ഞ സപിണ്ഡി തികയുന്ന ദിവസംവരെ ദീക്ഷയും വേണം.
37. ശ്രാദ്ധം ഊട്ടേണ്ടതു് നക്ഷത്രത്തിലാണ്.
38. സപിണ്ഡികാലത്തു പുല വന്നാൽ അതു കഴിഞ്ഞേ സപിണ്ഡി ചെയ്യാവൂ.
39. ദത്തെടുക്കപ്പെട്ട മക്കളും സ്വന്തം അച്ഛനമ്മമാരുടെ ശ്രാദ്ധം ഊട്ടണം.
40. സ്വന്തം ഭൂമിയിലേ ശവം ദഹിപ്പിക്കാവൂ.
41. സന്ന്യാസി സ്ത്രീകളെ കാണരുത്.
42. സന്ന്യാസി മരിച്ചാൽ യാതൊരു ക്രിയയും ചെയ്യരുത്.
43. സന്ന്യാസിക്കായി ഗയാശ്രാദ്ധം പോലും ഊട്ടരുത്.
44. ഭർത്താവിനെ ഒഴിച്ച് അന്യനെ കാണുക,
45. ദാസിമാരോടുകൂടാതെ പുറത്തിറങ്ങുക,
46. വെളുത്ത നിറത്തിലുള്ളതല്ലാത്ത വസ്ത്രം ധരിക്കുക,

} ഇവയൊന്നും ബ്രാഹ്മണസ്ത്രീകൾ ചെയ്യരുത്

47. മൂക്കു കുത്തുക,
48. മദ്യപിച്ചാലും,
49. മറ്റൊരു ബ്രാഹ്മണസ്ത്രീയിൽ പ്രവേശിച്ചാലും,

} ബ്രാഹ്മണൻ ഭ്രഷ്ടനാകും

50. ദേവാലയങ്ങളിൽ പ്രേതപ്രതിഷ്ഠ ചെയ്യരുത്.
51. ദേവപ്രതിമയെ ശൂദ്രാദികൾ തൊട്ടുകൂട.
52. ഒരു ദേവന്നു നിവേദിച്ച സാധനം മറ്റൊരു ദേവന്നു നിവേദിക്കരുത്.
53. ഹോമം ചെയ്യാതെ വിവാഹാദികർമ്മങ്ങൾ ചെയ്യരുത്.
54. ആശീർവദിക്കുക,
55. നമസ്കരിക്കുക,

} ഇവ ബ്രാഹ്മണർ അന്യോന്യം ചെയ്യരുത്

56. കൊല്ലംതോറുമുള്ള പശുമേധം ചെയ്യരുത്.
57. ശൈവവൈഷ്ണവാദി ഭേദങ്ങൾ അരുത്.

58. ഒരു പൂണനൂൽ മാത്രമേ ധരിച്ചുകൂടൂ.
59. മൂത്ത മകനേ വേളികഴിക്കാവൂ.
60. ക്ഷത്രിയാദികൾ അന്നംകൊണ്ടാണ് ശ്രാദ്ധമൂട്ടേണ്ടത്.
61. അവർ അമ്മാവന്റെ ശ്രാദ്ധമൂട്ടണം.
62. അവരുടെ മുതൽ മരുമക്കൾക്കാണ്.
63. ഭർത്താവു മരിച്ച സ്ത്രീ സന്യസിക്കണം.
64. അവൾ ഉടന്തടി ചാടരുത്.

പരദേശത്തു നടപ്പില്ലാത്തതുകൊണ്ടാണത്രേ ഇവ അനാചാരങ്ങളായത്. പ്രബലന്മാരായ രാജാക്കന്മാർ ചില ആചാരങ്ങൾ അവിടവിടെ നടപ്പിൽ വരുത്തിയതായി കേൾവിയുണ്ട്. എന്നാൽ ഇത്ര വളരെ ആചാരങ്ങൾ ഒരാൾ സൃഷ്ടിച്ച്, എല്ലാവരുടേയും തലയ്ക്കു മീതെ വെച്ചുകൊടുത്തതായി ലോകചരിത്രത്തിൽ ഒരിടത്തും കണ്ടിട്ടില്ല.

"ചതുഃഷഷ്ടിരനാചാരാൻ കേരളേഷു വദന്തി ഹി
അന്യത്രാചരണാഭാവദനാചാര ഇതീരിതഃ
ധർമ്മശാസ്ത്രാണി സകലാന്യാലോപഃ ശ്രേയസേ നൃണാം
ശ്രീശങ്കരാചാര്യപാദശ്ചക്രേ താൻ കൃപയാന്വിതഃ"

എന്നിങ്ങനെ ആചാരസംഗ്രഹം അഥവാ കേരളാചാരം എന്ന ഗ്രന്ഥത്തിൽ ഒരു പ്രസ്താവം കാണുന്നുണ്ടെങ്കിലും, ശങ്കരസ്മൃതിയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്:

"അഥാതോ ന പ്രവക്ഷ്യാമി നൃണാം കേരളവാസിനാം
അനാചാരാൻ സമാസേന ഭാർഗ്ഗവേണ പ്രദർശിതാൻ
അന്യത്രാചരണാഭാവാദനാചാരാൻ ഭൃഗൂദ്വഹഃ
യാനാചഷ്ട ചതുഷ്ഷഷ്ടിമാഖ്യാസ്യേ തത്ര താനപി
ഏതാവന്തോഹ്യനാചാരാഃ പ്രാധാന്യപരിചിന്തയാ
ഭാഗ്ഗവേണ സമാമ്നാതാ യേചാന്യേ കിഞ്ചിദൂനതാം."

ശാങ്കരസ്മൃതി ശങ്കരാചാര്യരുടേതാണെന്നു വാദിക്കുന്നവർക്ക്, അനാചാരങ്ങളുടെ കർത്താവ് അദ്ദേഹമായിരുന്നു എന്നു പറവാൻ നിവൃത്തിയില്ലാത്ത വിധത്തിലാണ് ഇതുകൊണ്ടു വന്നിരിക്കുന്നത്. ഗ്രന്ഥകാരൻ ഭാർഗ്ഗവസ്മൃതിയിൽ നിർദ്ദേശിച്ചിരിക്കുന്ന ആചാരങ്ങളെയല്ലാതെ സ്വമേധയാ യാതൊന്നും പറയുന്നതായി അഭിമാനിക്കുന്നില്ലല്ലോ. അനാചാരങ്ങൾ ശങ്കരാചാര്യർതന്നെ നിർമ്മിച്ചതാണെന്നുവരികിൽ, ശാങ്കരസ്മൃതി വേറെ ആരോ എഴുതിയുണ്ടാക്കിയതാണെന്നു തീർച്ചയുമാണ്. അസത്യം പറഞ്ഞുണ്ടാക്കിയാൽ ഉള്ള ദുർഘടം നോക്കുക. പരമാർത്ഥം പറയുന്നതായാൽ ഈ രണ്ടു ഗ്രന്ഥങ്ങളും പ്രമാണഗ്രന്ഥങ്ങളേ അല്ല. ഭാർഗ്ഗവസ്മൃതി എന്നോ, ശാങ്കരസ്മൃതി എന്നോ ഒന്നുണ്ടായിരുന്നെങ്കിൽ, ശാങ്കരശിഷ്യപരമ്പരയിലുൾപ്പെട്ട വിശ്വരൂപാചാര്യൻ, മനുസ്മൃതിയുടെ വ്യാഖ്യാനത്തിൽ ധർമ്മശാസ്ത്രപ്രവർത്തികന്മാരുടെ പേരുകൾ പറയുന്നിടത്ത്

"മന്വത്രിവിഷ്ണുഹാരീതയാജ്ഞവല്ക്യേ ശനോംഗിരാ
യമാപസ്തംബസംവർത്താഃ കാത്യായന ബൃഹസ്പതീ
പരാശരവ്യാസശാഖ ലിഖിതാ ദക്ഷഗൗതമൗ
ശാതാതപോ വസിഷ്ഠശ്ച ധർമ്മശാസ്ത്രപ്രയോജകാഃ"

എന്ന യാജ്ഞവല്ക്യസ്മൃതിയിലെ പദ്യങ്ങളെ മാത്രം ഉദ്ധരിച്ചിട്ട് ശങ്കരാചാര്യരെപ്പറ്റിയോ ഭാർഗ്ഗവനെപ്പറ്റിയോ ഒന്നും മിണ്ടാതിരിക്കുമായിരുന്നോ? ഈ വിശ്വരൂപാചാര്യരും സുരേശ്വരാചാര്യരും ഒന്നായിരുന്നുവെന്നു ശങ്കരവിജയങ്ങളിൽ കാണുന്നു. എന്നാൽ വാസ്തവം അങ്ങനെ അല്ല. വിശ്വരൂപാചാര്യർ കൃപാശങ്കരന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തിനെ ആചാര്യർ ശൃംഗേരിമഠത്തിന്റെ അദ്ധ്യക്ഷനായി വാഴിച്ചു. കൃപാശങ്കരന്റെ അനുഗാമിയും ഒരു സുരേശ്വരനായിരുന്നു. ആരോ ഒരാൾ തന്റെ കാലത്തു നടപ്പിലിരുന്ന കേരളീയാചാരങ്ങളെ ശേഖരിച്ച് എഴുതിവെച്ചതായിരിക്കണം പ്രസ്തുതഗ്രന്ഥം. ഗ്രന്ഥകാരനായിരുന്നാലും, കേരളമാഹാത്മ്യകർത്താവിനെപ്പോലെതന്നെ കൃതഘ്നനും, സ്വാർത്ഥലാഭസിദ്ധിക്കു വേണ്ടി ജനനീജന്മഭൂമികളെ കളങ്കപ്പെടുത്താൻ മടിയില്ലാത്തവനും ആയിരുന്നു. കേരളമാഹാത്മ്യകർത്താവ്. മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമനെ കേരളഭൂമിയുടെ ഉദ്ധാരകനായി മനഃപ്പൂർവം വിശ്വസിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പേരു കേൾക്കുമ്പോൾ തന്നെ വിഷൂചികയുടെ സർവലക്ഷണങ്ങളും ഉണ്ടാകത്തക്കവണ്ണം അദ്ദേഹത്തിനെക്കൊണ്ട് ഓരോന്നു പറയുകയും പ്രവർത്തിക്കുകയും ചെയ്യുമായിരുന്നില്ല. അതുപോലെ തന്നെ, കേരളത്തിന്റെ യശസ്തംഭം നാട്ടിയ പുണ്യശ്ലോകനായ ശങ്കരാചാര്യരോട് ശാങ്കരസ്മൃതികർത്താവിനു ബഹുമാനത്തിന്റെ കണികയെങ്കിലും ഉണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തിനെ ഈ അനാചാരങ്ങളുടെ കർത്താവായി ഉൽഘോഷിക്കയുമില്ലായിരുന്നു.

പരസ്ത്രീപ്രവേശനം നിന്ദ്യമാണെന്ന് ലോകമെല്ലാം വിധിച്ചിരിക്കേ, ബ്രാഹ്മണൻ വിപ്രപത്നിയിൽ പ്രവേശിച്ചാലേ ഭ്രഷ്ടനാവുവെന്നാണത്രേ ശങ്കരാചാര്യരുടെ മതം! തന്നെയും തന്റെ വംശത്തെയും തീറ്റിപ്പോറ്റി കൊഴുപ്പിച്ച മഹാരാജാക്കന്മാരുടെ സ്ത്രീകൾക്കുപോലും പാതിവ്രത്യം വേണ്ടെന്ന് എഴുതിവെച്ച പരമദുഷ്ടനോ ശങ്കരാചാര്യർ? ശാന്തം പാപം! അഹോ! മനുസ്മൃതിയിലും യാജ്ഞവല്ക്യസ്മൃതിയിലും[21] കാണുന്ന ആര്യപരിഷ്കാരത്തിനും ഈ വിലക്ഷണാചാരങ്ങളിൽ തെളിഞ്ഞുകാണുന്ന ചീഞ്ഞ ദുർഗ്ഗന്ധമലീമസമായ പരിഷ്കാരത്തിനും തമ്മിൽ എന്തു അന്തരം!

ശങ്കരാചാര്യർ കാഞ്ചീപുരത്തായിരുന്നു ജീവിതത്തിന്റെ അധികാംശവും കഴിച്ചുകൂട്ടിയത്. അദ്ദേഹം ശിഷ്യന്മാരാരും അറിയാതെ കേരളത്തിൽ വന്ന് അനാചാരങ്ങളെ പ്രതിഷ്ഠിച്ചിട്ട് കടന്നുകളഞ്ഞോ? ഒരു ശങ്കരവിജയത്തിലും, കേരളീയശങ്കരാചാര്യചരിതത്തിൽപോലും, അതിന്റെ കഥയേ പ്രസ്താവിച്ചിട്ടില്ലാത്തതിന്

[21] ഈ സ്മൃതികളേയും ആധുനികന്മാർ ഇടശ്ലോകങ്ങൾ തിരുകി ദുഷിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

എന്തു സമാധാനമാണുള്ളത്? അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യർ എവിടെ? ശാങ്കരസ്മൃതികാരൻ എവിടെ? പിൽകാലങ്ങളിൽ എത്രയോ ശങ്കരാചാര്യന്മാർ ഉണ്ടായിരിക്കുന്നു! അവരിൽ ആരെങ്കിലുമാണ് ഈ അനാചാരങ്ങൾ ക്രോഡീകരിച്ചതെന്നു പറഞ്ഞാൽ ആർക്കും ഒരു വിരോധവുമില്ല. മതസ്ഥാപകന്മാരുടെ ഉദ്ദേശ്യങ്ങളിൽ നിന്ന് എല്ലാ മതങ്ങളും അകന്നകന്നു പൊയ്ക്കൊണ്ടാണിരിക്കുന്നത്. അക്കൂട്ടത്തിൽ ശങ്കരാചാര്യമഠങ്ങളും കാലക്രമേണ ദുഷിച്ചുപോയെന്ന് ഒറ്റനോട്ടത്തിൽ നമുക്കു കാണാൻകഴിയും. അങ്ങനെ പാതാളത്തിന് ഏതാണ്ട് അടുത്തെത്തിയിട്ടുള്ള ഏതോ നാമമാത്രാദ്വൈതമഠത്തിന്റെ അധിപതിയായ ഒരു ശങ്കരാചാര്യർ വമിച്ച കാളകൂടത്തെ സാക്ഷാൽ ശങ്കരന്റെ കണ്ഠത്തിൽ തള്ളിക്കയറ്റിയിട്ട് ഒരു കാര്യവുമില്ല. ഒരു സംഗതി തീർച്ചയാണ്. ഈശ്വരദത്തമായ വിശേഷബുദ്ധി ഇരിക്കുന്നിടത്തോളം കാലം മനുഷ്യൻ അനാചാരങ്ങളോടു മല്ലിട്ട് ഒടുവിൽ വിജയം പ്രാപിക്കതന്നെ ചെയ്യും.

ഇത്രയും പറഞ്ഞതിൽനിന്ന് കേരളീയാചാരങ്ങൾ ആപാദചൂഡം നിന്ദ്യങ്ങളാണെന്ന് ആരും വിചാരിച്ചുപോകരുത്. ആചാരങ്ങൾ ശ്രുതിവിരുദ്ധമാകാതെയും ധർമ്മബുദ്ധിസമുത്തേജകമായും ഇരിക്കുന്നിടത്തോളംകാലം സ്വീകാര്യമാണ് "ആചാരം ധർമ്മ (മതം) ത്തിലേക്കുള്ള പ്രഥമസോപാനമാകുന്നു. അതിന്റെ പ്രധാനഘടകം ശരീരമനസ്സുകളുടെ ശുചിത്വമാണ്." എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിരിക്കുന്നു. ഈ വസ്തുതയെ സ്മൃതികാരന്മാരും നിഷേധിക്കുന്നില്ല.

"വേദോ ഖിലോ ധർമ്മമൂലം സ്മൃതിശീലേ ച തദ്വിദാം;
ആചാരശ്ചൈവ സാധൂനാമാത്മനസ്തുഷ്ടിരേവച" (മനു)

അതുകൊണ്ടത്രേ, ശ്രുതിസ്മൃതികൾ പരസ്പരം വിപരീതമായി വരുന്നിടത്തു്, ശ്രുതിയെത്തന്നെ സ്വീകരിക്കണമെന്ന് ആചാര്യന്മാർ വിധിച്ചിട്ടുള്ളത്. ഈ തോതു വെച്ചു നോക്കിയാൽ, കേരളീയാചാരങ്ങളിൽ പലതും, പ്രത്യേകിച്ച് സ്നാനാദികർമ്മങ്ങളേയും, ഭോജ്യാഭോജ്യാന്നങ്ങളേയും പറ്റി ചെയ്തിരിക്കുന്ന വ്യവസ്ഥകൾ ശ്ലാഘ്യങ്ങൾ തന്നെയാണ്. സർവകർമ്മങ്ങളും സങ്കല്പവിവർജ്ജിതങ്ങളായിരിക്കണമെന്ന് വിധിച്ചിട്ടുള്ളതു തന്നെ ഉൽകൃഷ്ടമായ ഒരു മനഃസ്ഥിതിയേ ആണ് ഉപലക്ഷിക്കുന്നത്. എന്നാൽ, ഇത്തരം സദാചാരങ്ങളുടെ കൂട്ടത്തിൽ ശ്രുതിവിരുദ്ധങ്ങളും കാമചാരിതയേ പ്രേരിപ്പിക്കുന്നവയുമായ ചില ദുരാചാരങ്ങളെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നത് ആക്ഷേപാർഹമാകുന്നു.

ഈ അവസരത്തിൽ കേരളത്തിലേ ജാതിവ്യത്യാസത്തെപ്പറ്റിയും ഒന്നുരണ്ടു വാക്കു പറയാതെ കഴികയില്ല. മലയാളദേശത്തെ വാതുലാലയമെന്നു നാമകരണം ചെയ്യുന്നതിന് വിശ്വസ്നേഹിയായ സ്വാമി വിവേകാനന്ദനെ പ്രേരിപ്പിക്കത്തക്കവണ്ണം അത്ര വളരെജാതികൾ ഇവിടെ ഇപ്പോൾ കാണുന്നു. മനുഷ്യരെ മൃഗങ്ങളാക്കുന്ന ഇത്തരം ജാതിയേർപ്പാടുകൾ വരുത്തിവെച്ചതും ശ്രീമല്ശ്രീശങ്കരഭഗവൽപാദരാണെന്നാണ് ചിലർ പറയുന്നത്. ഓരോ കാരണവശാൽ, ലോകത്തിൽ, ജാതി

വ്യത്യാസം ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നു എന്നല്ലാതെ, ഒരാൾ വന്ന് ജാതിവ്യവസ്ഥകൾ ഉണ്ടാക്കിവെച്ചാൽ, അയാളെ അനുസരിക്കാൻ അയാൾ മാത്രമേ കാണൂ. ശങ്കരഭഗവാനെപ്പോലെയുള്ള ഒരു മഹാൻ അതിനായി തുനിയുകയുമില്ല. വൈവിധ്യത്തിൽ ഏകത്വത്തേ ദർശിച്ച ഒരു യതീശ്വരൻ, മനുഷ്യസമുദായത്തെ അലങ്കോലപ്പെടുത്തുന്നതിനും, അവരിൽ ഒരു വലിയ ഭാഗത്തെ മൃഗങ്ങളാക്കി വിടുന്നതിനും ശ്രമിച്ചു എന്നു പറഞ്ഞാൽ ആരാണ് വിശ്വസിക്കുക! പരമാർത്ഥത്തിൽ ശാങ്കരസ്മൃതി എന്നൊരു കൂടപ്രമാണം സൃഷ്ടിച്ച ആൾ ആരായിരുന്നാലും അദ്ദേഹത്തിന്റെ പരമശത്രുക്കളിലൊരുവനായിരുന്നിരിക്കണം.

കേരളത്തിലെ ജാതികളുടെ പട്ടിക നോക്കിയാൽ ആർക്കും വിസ്മയം തോന്നും.

## 10 വിപ്രന്മാർ 8

1. തമ്പ്രാക്കൾ, 2. അഷ്ടഗൃഹത്തിലാഢ്യർ, 3. വിശിഷ്ടബ്രാഹ്മണർ (അക്കിത്തിരി, അടിതിരി, ചോമാതിരി, ഭട്ടതിരി മുതലായവർ), 4. സാമാന്യബ്രാഹ്മണർ, 5. ജാതിമാത്രന്മാർ, 6. സാങ്കേതികന്മാർ (പോറ്റിമാർ, എമ്പ്രാന്മാർ), 7. ശാപഗ്രസ്തന്മാർ, 8. പാപിഷ്ഠന്മാർ (പന്നിയൂർ ഗ്രാമക്കാർ, ഗ്രാമണികൾ മുതലായവർ).

## 11 ന്യൂനജാതിബ്രാഹ്മണർ 2

1. എളയന്മാർ, 2. മൂത്തത്.

## 12 അന്തരാളജാതികൾ 12

1. അടികൾ, 2. പുഷ്പകൻ, 3. പൂപ്പള്ളി, 4. പിഷാരൊടി, 5. വാരിയർ, 6. ചാക്യാർ, 7. നമ്പിയാർ, 8. തീയട്ടുണ്ണി, 9. പിടാരന്മാർ, 10. കുരുക്കൾ, 11. നാട്ടുപ്പട്ടർ (പട്ടരുണ്ണി), 12. പൊതുവാൾ.

ശൂദ്രർ പതിനെട്ട്. മുമ്പു വിവരിച്ചുകഴിഞ്ഞു.

## 13 ശില്പികൾ 6

1. ആശാരി, 2. കല്ലാശാരി, 3. മൂശാരി, 4. തട്ടാൻ, 5. കൊല്ലൻ, 6. ഈർച്ചക്കൊല്ലൻ.

## 14 പതിതജാതി 10

1. കണിയാൻ, 2. വിൽകുറുപ്പ്, 3. വേലൻ, 4. കുറുപ്പ്, 5. തോൽകുറുപ്പ്, 6. പാണൻ, 7. പരവൻ, 8. ഈഴവൻ, 9. മുക്കുവൻ, 10. വാലൻ.

## 15 നീചജാതി 8

1. പറയൻ, 2. പുലയൻ, 3. നായാടി, 4. ഉള്ളാടൻ, 5. വേടൻ, 6. കാണിക്കാരു്, 7. കുറുമ്പൻ, 8. മലയരയർ.

ഈ ജാതിപ്പട്ടികയിലെങ്ങും തന്നെ ക്ഷത്രിയരേയും വൈശ്യരേയും കാണുന്നതേ ഇല്ല. ആ രണ്ടു കൂട്ടരും കേരളത്തിൽ ഇല്ലായിരുന്നോ? ലവപൌത്രനേ കൊച്ചിയിൽ കൊണ്ടുവന്നു വാഴിച്ചതായി കേരളമാഹാത്മത്തിൽ പറഞ്ഞിട്ടുള്ള കഥ ഗ്രന്ഥകാരൻ മറന്നുകളഞ്ഞോ? ഇങ്ങനെ വരാനുള്ള കാരണം ആരായുന്നതു് രസാവഹമാണ്. ദ്രാവിഡജനങ്ങളുടെ കൂട്ടത്തിലെങ്ങും ക്ഷത്രിയരേരും വൈശ്യരേയും കാണ്മാനില്ലെന്നു് വിൽസന്റ് എ. സ്മിത്ത് പ്രസ്താവിച്ചിട്ടുള്ളതും ഈ അവസരത്തിൽ ഓർമ്മയിൽ വരുന്നു. ദ്രാവിഡാദശങ്ങളിൽ രാജാക്കന്മാരില്ലായിരുന്നു എന്നു പറഞ്ഞാൽ ആരും വിശ്വസിക്കയില്ല. നേരേമറിച്ചു് ദ്രാവിഡരാജാക്കന്മാരെപ്പോലെ, ലോകരാഞ്ജനവ്രതം അനുഷ്ഠിച്ചു ജീവിച്ച മഹാമനസ്കന്മാർ മറ്റെങ്ങും ഉണ്ടായിട്ടില്ല. വിശാലഹൃദയത്വം, ധർമ്മനിഷ്ഠ, സമഭാവന ഈ ഉൽകൃഷ്ട ഗുണങ്ങൾക്കു് അവർ വിളനിലമായിരുന്നു. വീര്യപരാക്രമങ്ങളിൽ അവരെ അതിശയിക്കത്തക്കവണ്ണം ഒരു രാജകുലവും ഉത്തരഇന്ത്യയിൽ ഉണ്ടായിട്ടില്ല. ഭാരതഖണ്ഡത്തിലെ ക്ഷാത്രവർഗ്ഗക്കാരുടെ (military races) കൂട്ടത്തിൽ ഒരു പ്രധാന സ്ഥാനം ഇന്നും മലയാളികൾക്കു കല്പിച്ചു വരുന്നുണ്ടു്. ഭിന്നജാതിമതസ്ഥന്മാർ ഏതല്ക്കാലപര്യന്തം ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിച്ചുവന്ന ഒരു നാടു് വല്ല ദിക്കിലുമുണ്ടെങ്കിൽ അതു് ദ്രാവിഡദേശം ഒന്നു മാത്രമാണ്. മഹമ്മദീയർ ഉത്തരഇൻഡ്യയിൽ ധാരാളമുണ്ടെങ്കിലും, അവർ വാളുകൊണ്ടാണ് അവിടെ തങ്ങളുടെ ശക്തി സ്ഥാപിച്ചതു്. കേരളത്തിലാകട്ടെ, രാജാക്കന്മാരുടെ സൌജന്യവും, സമഭാവനയും, മഹാമനസ്കതയും നിമിത്തം ഉണ്ടായ മഹമ്മദീയദേവാലയങ്ങൾ ഒട്ടുവളരെയുണ്ടു്. കൃസ്ത്യാനികൾക്കും മലയാളനാട്ടിലുള്ളതുപോലെ സംഖ്യാബലവും മറ്റു ഭാരതീയ രാജ്യങ്ങളിലൊരേടത്തും കാണുന്നില്ല. അവരുടെ ഈ അഭിവൃദ്ധിക്കു കാരണഭൂതന്മാരും കേരളീയരാജാക്കന്മാർ തന്നെയാണ്. അവർ തങ്ങളുടെ നാട്ടുകാരിൽ പ്രധാനികൾക്കു് എന്തെല്ലാം സ്ഥാനമാനങ്ങളും പദവികളും നൽകിവന്നോ അവയൊക്കെ ജൂതന്മാർ, കൃസ്ത്യാനികൾ, മഹമ്മദീയർ മുതലായ വിദേശീയർക്കും നൽകാതിരുന്നില്ല. ഈഴവർക്കു് ഇന്നു തീണ്ടൽ കല്പിച്ചുവരുന്നുണ്ടെങ്കിലും, അവരോടു് പെരുമാക്കന്മാർ വർത്തിച്ചതെങ്ങനെയെന്നു് വടക്കൻപാട്ടുകൾ വായിച്ചുനോക്കിയാൽ അറിയാം. അരോമൽ ചേകവർ അങ്കം പൊരുതുവാൻ പുറപ്പെട്ടപ്പോൾ അനുജനോടു് തന്റെ കുടുബചരിത്രത്തെ ഇങ്ങനെ വിവരിക്കുന്നു.

"നമ്മുടെ പണ്ടത്തേ കാരണോന്മാർ
ഇഴവത്തുനാട്ടീന്നു വന്നോരാണേ.
ചേരമാൻപെരുമാളു തമ്പുരാനും

ഓല എഴുതി അയച്ചിതല്ലോ
ഇഴവത്തുരാജാവിന്നു കത്തുകിട്ടി
കത്തങ്ങു വായിച്ചു നോക്കുന്നുണ്ടേ.
അപ്പോൾ പറയുന്നു രാജാവല്ലോ
'ഇവിടിന്നിഴവരെ അയക്കവേണം
മലയാളത്തേക്കങ്ങയക്കവേണം'
മലയാളപെരുമാളുടെ കല്പനയാൽ
പച്ചക്കുടയുമേ പച്ചപൊന്തീ
കുലവിരുതൊത്തൊരു ചേകവരും
മലയാളത്തേയ്ക്കങ്ങു യാത്രയായീ

* * *

തമ്പുരാൻ തിരുമുമ്പിൽ ചെന്നുനിന്നു
തൃക്കാലും കണ്ടു തൊഴുതുണർത്തി."

പെരുമാൾ അവർക്കു താഴെപ്പറയുന്ന വിരുതുകൾ നൽകിയത്രേ.

"നെറ്റിപ്പടവും നെറുകപ്പൂവും
പാവാട താനും വകൽ വിളക്കും,
കുത്തുവിളക്കുമേ പന്തക്കുഴം,
ഏഴുക്കുകവുമേ തന്നിട്ടുണ്ടേ;
തോരണം നാലുമേ തന്നിട്ടുണ്ടേ;
പൊന്നുംപല്ലക്കുമേ തന്നിട്ടുണ്ടേ.
ഇരുപ്പും നടപ്പുമൊരാർപ്പുകളും
പഞ്ചവാദ്യവും നടവെടിയും
നാഗവർണ്ണത്തിനെ രക്ഷിപ്പാനും
കെട്ടും മാറാപ്പുമൊരെണ്ണക്കുറ്റി
ചെന്നാലവിടെയിരിപ്പാനായി
തണ്ടാര്യസ്ഥാനവും കീൾവാഴ്ചയും
വീട്ടായ്മസ്ഥാനവും ഉണ്ടു നോക്കേ.

* * *

പൂത്തുരം വീടും കളരിതന്നു;
അട്ടിപ്പേരായി എഴുതിത്തന്നു.
പുത്തുരം പാടത്തേക്കണ്ടം നാലും
നമ്മക്കു കഴിവാനായ്ത്തന്നിട്ടുണ്ടേ.

* * *

അങ്കക്കളരി ചെറുക്കളരി
തൊട്ടുവോർക്കളരി തൊടുക്കളരി,
നാല്പത്തുരണ്ടു കളരിപ്പാടെ
നാലുകളരിയും നോക്കുള്ളതേ."[22]

ഇങ്ങനെ നോക്കിയാൽ കേരളരാജാക്കന്മാർ ക്ഷത്രിയധർമ്മത്തെ ശരിക്കു നിറവേറ്റിയവരാണെന്നു കാണാം.

വൈശ്യവൃത്തിയിൽ ഏർപ്പെട്ടിരുന്നവരും കേരളത്തിൽ അതിപുരാതനകാലം മുതല്ക്കേ ഉണ്ടായിരുന്നു. ചെട്ടി, വാണിയൻ എന്നീ ശബ്ദങ്ങൾ വൈശ്യപര്യായങ്ങളായിരുന്നിട്ടും, അവരെ കേരള ജാതിനിർണ്ണയകാരൻ ശൂദ്രരായിട്ടാണ് കല്പിച്ചിരിക്കുന്നത്. ഉത്തമ ജീവിതവൃത്തികളെ അവലംബിച്ചു ജീവിച്ചവരെ ഇങ്ങനെ ശൂദ്രരായിട്ടും അതിലും താണവരായിട്ടും ഗണിച്ചിട്ട് അവരുടെ മേൽ ആന്തരാളികവർഗ്ഗക്കാർ എന്നൊരു കൂട്ടരെ പ്രതിഷ്ഠിച്ചിരിക്കുന്നതാണ് ബഹുവിചിത്രം. അവരുടെ ഉല്പത്തിയെപ്പറ്റി പറഞ്ഞിട്ടുള്ള ഒന്നുരണ്ടു കഥകൾ ഇവിടെ ഉദ്ധരിക്കാം.

ശ്രീ പരശുരാമൻ ശ്രീമൂലസ്ഥാനത്തു താമസിക്കവേ,

"തസ്മിൻ പുരവരേ രമ്യേ കശ്ചിൽ ബ്രാഹ്മണസത്തമഃ
വൃദ്ധോ മൂർഖഃസ്ഥിതസ്തസ്യ പത്നീ പതിഹിതേ രതാ.
പൂർണ്ണയൌവനസമ്പന്നാ പാതിവ്രത്യാഗ്നിസംഭവാ,
സഞ്ജാതാ ജാതഗർഭാ സാ വിപ്രപത്നീ പതിവ്രതാ."

മൂർഖനായ വൃദ്ധബ്രാഹ്മണന് അവളിൽ സംശയം ജനിക്കയാൽ യോഗസ്ഥന്മാരായ ഭൂസുരശ്രേഷ്ഠന്മാരെ വിവരം ധരിപ്പിച്ചു. അവരാകട്ടെ, ആ സാധ്വിയെ ബഹിഷ്കരിച്ച്, എക്സ് പാർട്ടി വിധികല്പിച്ചതിനാൽ, അവൾ എവിടെയോ പോയി താമസിക്കയും, യഥാകാലം ഒരു കന്യകയെ പ്രസവിക്കുകയും ചെയ്തു. അഹോ! എന്തൊരു നീതിനിഷ്ഠ! പരശുരാമന് ആ കന്യകയെ കണ്ടപ്പോൾ ദുഃഖമുണ്ടായിപോലും. അതിനാൽ യോഗപട്ടദ്വിജേശ്വരനെ വിളിച്ച് അവൾക്കു വല്ല ദോഷവും ഉണ്ടോ എന്നു ചോദിച്ചപ്പോൾ, അദ്ദേഹം നൽകിയ മറുപടിയാണ് ബഹുവിചിത്രം.

"ദോഷലേശോപി കന്യായാം ന മേ ഭാതി ഭൃഗൂത്തമഃ
തഥാപികിഞ്ചിദ്ദോഷോ സ്യാ വിപ്രോക്ത്യാ കല്പ്യതേ മയാ."

"അവളിൽ ഞാനൊരു ദോഷവും കാണുന്നില്ല; എന്നാലും വിപ്രോക്ത്യാ അവൾക്ക് ഞാൻ അല്പം ദോഷം കല്പിക്കുന്നു." ഇത്തരം ന്യായാധിപതിമാരെയും പഞ്ചായത്തുകാരെയും മഷിയിട്ടാൽപോലും കാണാതാക്കിയ ബ്രിട്ടീഷ് സിംഹത്തിന് കോടി കോടി നമസ്കാരം!

---

22 ഇരവിക്കത്താനു പെരുമാൾ കൊടുത്ത ചെപ്പേട്ടിനോടു സാദൃശ്യപ്പെടുത്തുക.

ഭാർഗ്ഗവന്റെ സാത്വികതേജസ്സെല്ലാം രാമചന്ദ്രനിലേക്കു പകർന്നുപോയതു കൊണ്ടായിരിക്കാം–അതു കേട്ടിട്ട്, അദ്ദേഹം ഒരക്ഷരംപോലും ഉരിയാടാതെ അവളെ ഒരു പ്രത്യേക ഗൃഹത്തിൽ പാർപ്പിച്ചു. കന്യകയ്ക്കു വയസ്സു പന്ത്രണ്ടായി. അവൾ ഒരുദിവസം ശിവക്ഷേത്രത്തിനു സമീപം പൂവിറുത്തുകൊണ്ട് നില്ക്കുന്നത് അദ്ദേഹം കാണാൻ ഇടയായി. ആ ക്ഷേത്രത്തിനുള്ളിൽ അദ്ദേഹം ചെന്നപ്പോൾ, വിഗ്രഹത്തിൽ ഒരു വിചിത്രമായ മാല ചാർത്തിയിരിക്കുന്നതു കണ്ടു, അത് ആരു ചാർത്തിയ മാലയാണെന്ന് പൂജാരിയോടു ചോദിച്ചതിൽ, അതു ചാർത്തിയത് താനല്ലെന്നും ആരു ചാർത്തിയതാണെന്ന് തനിക്കു നിശ്ചയമില്ലെന്നും പൂജാരി പറഞ്ഞപ്പോൾ, അദ്ദേഹത്തിനു കാര്യം മനസ്സിലായി. ഉടൻതന്നെ അദ്ദേഹം അവളുടെ അടുത്തുചെന്ന്,

"ശിവാലയേ സുന്ദരീ ത്വം നിത്യം പ്രത്യഗ്രമാലയാ
ശിവസ്യ വിപുലം വക്ഷശ്ശോഭനം കുരു ശോഭനേ.
ശിവാലയസ്യ ശുശ്രൂഷാം കൃതാ ത്വം വസ കന്യകേ
പുത്രാർത്ഥം ബ്രാഹ്മണാന്നിത്യമംഗീകുരു യഥേഹിതം
ബ്രാഹ്മണാനാഞ്ച ശുശ്രൂഷാം അന്വഹം കുരു കന്യകേ."

എന്ന് ആജ്ഞാപിച്ചുവത്രേ. അവളുടെ ദിവ്യത്വം ഇങ്ങനെ വെളിപ്പെട്ടിട്ടും, അവളെ ബ്രാഹ്മണരെക്കൊണ്ട് സ്വീകരിപ്പിക്കാൻ പരശുരാമൻ ശ്രമിക്കാഞ്ഞതോ പോകട്ടെ; അവളുടെ അധഃപതനത്തിനു കാരണമാക്കിയ ബ്രാഹ്മണകുലത്തെ ശുശ്രൂഷിച്ചു വസിച്ചുകൊള്ളണമെന്ന് ആജ്ഞാപിക്കയും ചെയ്തതാണ് സാഹസമായിരിക്കുന്നത്. ബ്രാഹ്മണി എന്നൊരു ജാതി ഉണ്ടായതിന് ഒരു കാരണം കണ്ടുപിടിക്കാൻ കേരളമാഹാത്മ്യകർത്താവ് എത്ര ബുദ്ധിമുട്ടിയിരിക്കുന്നു എന്നു നോക്കുക. അതിനുവേണ്ടി പരശുരാമനെ തിരുമണ്ടനാക്കിയെന്നു മാത്രമല്ല, യോഗക്കാരെ കണ്ണിൽചോരയില്ലാത്ത കഠിനഹൃദയന്മാരാക്കി ജനസമക്ഷം നിർത്തുകയും ചെയ്തു. എന്നിട്ടും കേരളാചാരകർത്താവ് ഈ മാതിരി 'കുരുത്തക്കേടി'നൊക്കെ കാരണഭൂതൻ ശങ്കരാചാര്യരാണെന്നു പറഞ്ഞിരിക്കുന്നതെന്താണാവോ?

(2) ഉത്തരദേശസ്ഥനായ ഒരു യതി സംഗമേശപുരത്തുവന്ന് തത്രസ്ഥനായ ഒരു ബ്രാഹ്മണന്റെ നവയൌവനവതിയായ ഒരു പത്നിയെ വശീകരിച്ചു രമിച്ചുകൊണ്ടിരുന്നു. കാലക്രമേണ അവൾ ജാതഗർഭയാകയും യഥാകാലം ഒരു പുത്രനെ പ്രസവിക്കയും ചെയ്തു. ഒടുവിൽ ഈ കുട്ടിയേയും യതിയേയും ബ്രാഹ്മണൻ ഒരുമിച്ച് കാണാനിടയായി. അപ്പോഴാണ് സാധുവിന് കഥ മനസ്സിലായത്. ഉടനെതന്നെ അയാൾ പുത്രനെ ബഹിഷ്കരിച്ചു. ആ സ്ത്രീ മരിച്ചശേഷം, യതി പരശുരാമനോട്,

"ശുശ്രൂഷാർത്ഥമിഹാലയേ കല്പയബ്രാഹ്മണീപുത്രം
മദിന്ദ്രിയസമുത്ഭവം"

എന്നു നിർലജ്ജം അപേക്ഷിക്കയാൽ, പരശുരാമൻ അവനെ വിളിച്ച്,

"നിത്യഞ്ച കർവന്നത്രൈവ വസത്വം യതിനന്ദന;
ബ്രാഹ്മണാനാഞ്ച ശുശ്രൂഷാം കുരു ഭക്ത്യാ ത്വമന്വഹം."

എന്നു കല്പിച്ച എന്നു മാത്രമല്ല, ദയാപൂർവം ഒരു ശൂദ്രകന്യകയെ അയാൾക്കു കൊടുത്തിട്ടു്, അവളെ സഹോദരിയായി ഗണിച്ചുകൊള്ളണമെന്നും പറഞ്ഞു. പരശുരാമന് ഒരു കാര്യത്തിലായിരുന്നുവത്രേ വലിയ നിർബന്ധം. ബ്രാഹ്മണരുടെ തൃതീയ പുരുഷാർത്ഥം സാധിപ്പിച്ചുകൊടുക്കുന്ന വിഷയത്തിൽ അദ്ദേഹം എന്തെല്ലാം ക്ലേശങ്ങൾ അനുഭവിച്ചിരിക്കുന്നു! അതിനായി,

"സാമന്താദ്യാ മദീയേത്ര കേരളേ നിത്യസംസ്ഥിതാഃ,
പാതിവ്രത്യം വിനൈവാത്ര നിവസന്തു മദാജ്ഞയാ"

എന്നൊരു രാജകീയവിളംബരം പോലും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. രേണുകയുടെ പാതിവ്രത്യഭംഗത്തെ ശങ്കിച്ച് ജമദഗ്നിമഹർഷി അവളെ ഹനിക്കാൻ ആവശ്യപ്പെട്ടപ്പോൾ, യാതൊരു കുസലുംകൂടാതെ അങ്ങനെ ചെയ്ത പരശുരാമൻ, സാക്ഷാൽ പാതിവ്രത്യാഗ്നിസംഭൃതയും നാമസ്മരണമാത്രത്താൽ സർവപാപങ്ങളേയും ദൂരീകരിക്കുന്ന മഹിളാകുലമണിഭൂഷയും ആയ സീതാദേവിയുടെ പൗത്രന്റെ[23] വംശത്തിലുള്ള സ്ത്രീജനങ്ങൾക്കു പോലും പാതിവ്രത്യം വേണ്ടെന്നു കല്പിച്ചുപോലും. ഇതൊക്കെ കാണുമ്പോൾ പരശുരാമൻ തന്നെ, ബ്രാഹ്മണരുടെ തൃതീയ പുരുഷാർത്ഥസാധനത്തിനായി, സ്വാത്മാവിനെ കോടിശഃവിഭജിച്ച് അത്രയും സ്ത്രീജനങ്ങളായി കേരളത്തിൽ വന്നു ജനിച്ചു എന്ന് കേരളമാഹാത്മകർത്താവു പറഞ്ഞുകാണാത്തതിൽ അത്ഭുതം തോന്നുന്നു. ഒരു കാര്യം തീർച്ചയാണ്. കേരളീയരുടെ വാൾ തുരുമ്പു പിടിച്ചു തുടങ്ങുന്നതുവരെ ഈ ഗ്രന്ഥം ആരും വെളിയിൽ എടുത്തു കാണുകയില്ല.

ഈമാതിരി ഒട്ടു വളരെ കഥകൾ കേരളമാഹാത്മ്യത്തിൽ ഉണ്ട്. അവയിൽ വെച്ച് പരശുരാമൻ സ്വർഗ്ഗത്തു ചെന്നു സ്വർന്നാരികളെ കൊണ്ടുവന്ന കഥയാണ് ചിത്രാൽ ചിത്രതരമായിരിക്കുന്നത്. പരശുരാമൻ, ബ്രാഹ്മണരുടെ രത്യർത്ഥം സ്ത്രീകളെ ആനയിക്കാനായി ദേവലോകത്തു ചെന്ന് "ഹേ, ദേവേന്ദ്ര, ഞാൻ കേരളം എന്നൊരു ഭൂമി സൃഷ്ടിച്ച്, ഒട്ടുവളരെ ബ്രാഹ്മണരെക്കൊണ്ടുവന്നു പാർപ്പിച്ചിട്ടുണ്ട്. അവർക്കു ജോലിയൊന്നുമില്ല. അവരെ രമിപ്പിക്കാനായി നിങ്ങളുടെ സ്ത്രീകളെ എന്റെ കൂടെ അയയ്ക്കണം എന്നു പറഞ്ഞപ്പോഴെ ഇന്ദ്രൻ ജയന്തന്റെ പുത്രി തുടങ്ങിയ ഏതാനുംപേരെ പരശുരാമന്റെ കൂടെ അയച്ചുവത്രേ. അവരും അവരുടെ സന്താനങ്ങളും ആണ് ദേവദാസിമാർ. ഇവിടെ ഒരു സംഗതി യുക്തിക്കു വിപരീതമായി കാണുന്നു. ബ്രാഹ്മണർ ഭൂമിക്കു മാത്രം സുരന്മാരാണ്. അവരെക്കാൾ സാക്ഷാൽ സുരന്മാർ എത്രയോ പൂജനീയന്മാരായിരിക്കണം. ആ സ്ഥിതിക്ക് ദേവേശന്റെ പൌത്രിയിലുണ്ടായ സന്താനങ്ങൾ ബ്രാഹ്മണരെക്കാൾ പൂജാർഹരായിരിക്കേണ്ടതല്ലേ?

---

23 കൊച്ചീരാജ്യത്ത് ലവപുത്രനെ പരശുരാമൻ രാജാവാക്കി വാഴിച്ചതായി പ്രസ്താവിച്ചിട്ടുള്ളതും കേരളമാഹാത്മ്യകർത്താവു തന്നെയാണല്ലോ.

ബ്രാഹ്മണർ തങ്ങളുടെ കന്യകകളെ ആദ്യമായി ദേവന്മാർക്കായിട്ടു കല്പിക്ക പതിവാണ്. കേരളമാഹാത്മ്യകർത്താവിന് അതു കണ്ടിട്ട് അസൂയ തോന്നുകയാലായിരിക്കാം, ദേവകന്യകകളെ ഇങ്ങോട്ട് ആനയിക്കണമെന്ന് ആഗ്രഹം ജനിച്ചതു്. ഇത്തരം കഥകൾ എഴുതിയുണ്ടാക്കിയ ആൾ ആരായിരുന്നാലും, അയാൾ കേരളീയർക്ക് ഒരു ഉപകാരം ചെയ്തിട്ടുണ്ട്. ഇന്ദ്രനെന്നും ദേവകളെന്നും പരശുരാമനെന്നും മറ്റും പറയപ്പെടുന്നവർ വെറും കല്പിതപാത്രങ്ങളാണെന്ന് അയാൾ ഈ ഗ്രന്ഥത്താൽ വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ഇന്ദ്രനെക്കുറിച്ച് ഭക്തിയുണ്ടായിരുന്നെങ്കിൽ, അയാളുടെ പൌത്രിയെ ഒരു ദാസിയാക്കാൻ ആവശ്യപ്പെടുമോ? രാമചന്ദ്രനെക്കുറിച്ച് ഭക്തിയുണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ വംശത്തിൽ ഉത്ഭവിച്ച സ്ത്രീകൾക്ക് പാതിവ്രത്യം വേണ്ടെന്ന് ഒരു നിയമം പാസ്സാക്കുമായിരുന്നോ? പരശുരാമൻ മഹാവിഷ്ണുവിന്റെ അവതാരമാണെന്ന് അയാൾക്കു വിശ്വാസമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിനെക്കൊണ്ട് ഇത്രവളരെ ധർമ്മവിരുദ്ധമായ പ്രവൃത്തികൾ ചെയ്യിക്കുമായിരുന്നോ?

കേരളത്തിൽ ക്ഷത്രിയന്മാരില്ലെന്നു വരുത്തിയിരിക്കുന്നതിന്റെ രഹസ്യം കണ്ടുപിടിക്കാൻ വിഷമമില്ല. രാജാക്കന്മാരെ ഹിരണ്യഗർഭാദി ക്രിയകളിൽ കുടുക്കി ബ്രാഹ്മണരുടെ ആധിപത്യം സ്ഥാപിക്കാൻ വേണ്ടി മാത്രമായിരുന്നു. ദ്രാവിഡർ ചാതുർവർണ്ണ്യത്തിൽ ഉൾപ്പെട്ടവരേ ആയിരുന്നില്ല. അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന യോഗികളേയും മറ്റും ബ്രാഹ്മണർ തങ്ങളുടെ വർഗ്ഗത്തിൽ ചേർത്തുകാണണമെന്ന് കേരളമാഹാത്മ്യത്തിൽ ശിവദ്വിജനെപ്പറ്റിയുള്ള പ്രസ്താവത്തിൽനിന്ന് ഊഹിക്കാം. പരശുരാമൻ അസംഖ്യം പേർക്ക് ബ്രാഹ്മണ്യം നൽകിയതായി പുരാണങ്ങളിൽ പറഞ്ഞുകാണുന്നുമുണ്ട്. രാമാനുജാചാര്യരും അപ്രകാരം ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു. ബാക്കിയുള്ളവരിൽ, ക്ഷേത്രസംബന്ധമായ പരിചര്യകൾ ചെയ്തുവന്നവർ, കാലക്രമേണ അന്തരാളിക ജാതികളായിപ്പിരിഞ്ഞു. ചില കെട്ടുകഥകൾ മിടഞ്ഞുണ്ടാക്കി, ആ ജാതികളെ മലയാള ബ്രാഹ്മണർ നല്ലപോലെ ഉറപ്പിച്ചു. ശേഷിച്ച ദ്രാവിഡരെയെല്ലാം ശൂദ്രരായും ഗണിച്ചു. ഇങ്ങനെയാണ് ജാതിവ്യത്യാസം കേരളത്തിൽ ഉണ്ടാവാനിടയായതു്. അല്ലാതെ ശങ്കരാചാര്യർ ഈ വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

— 1.8 —

## ദ്രാവിഡപ്രഭാവകാലം

(സാഹിത്യം)

ഈ കാലത്തിനിടയ്ക്ക് ഭാഷയിൽ ഉണ്ടായതായി ഭാഷാചരിത്രകർത്താവു പറഞ്ഞിരിക്കുന്ന പ്രധാന സാഹിത്യഗ്രന്ഥങ്ങൾ രാമചരിതം, രാമകഥപ്പാട്ട്, തച്ചോളിപ്പാട്ടുകൾ, കൃഷ്ണനാട്ടം ഇവയാകുന്നു. എന്നാൽ ഇവയിൽ ഒടുവിലത്തെ മൂന്നു ഗ്രന്ഥങ്ങളും കൊല്ലം ആറാംശതകത്തിനു ശേഷം രചിക്കപ്പെട്ടവയാണെന്ന് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്. രാമചരിതത്തെപ്പറ്റി അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"അഞ്ചാം ശതവർഷത്തിൽ,തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്ന ഒരു മഹാരാജാവു് ഉണ്ടാക്കിയിട്ടുള്ള രാമചരിതം മലയാളത്തിന്റെ പൂർവ്വകൃതിക്ക് ലക്ഷ്യമാകുന്നു. ഈ ഗ്രന്ഥം ഇപ്പോൾ മലയാളത്തിൽ ഉള്ള എല്ലാ ഗ്രന്ഥങ്ങളെക്കാളും തുലോം പഴക്കമുള്ളതാകുന്നു. അതിൽ സംസ്കൃത വാക്കുകൾ വളരെ അപൂർവമാകയാൽ അത് സംസ്കൃതം തെക്കൻകേരളത്തിൽ അധികം നടപ്പിൽ വരുന്നതിനു മുമ്പിൽ ഉണ്ടാക്കപ്പെട്ടതെന്നു നിശ്ചയിക്കാം. ആ ഗ്രന്ഥം ഇപ്പോൾ ഒരു നല്ല മലയാളി വായിച്ചാൽ മനസ്സിലാകുന്നതല്ല. എന്നാൽ ആ കാലത്ത് സാധാരണയായിരുന്ന ഭാഷയിൽ തന്നെ എഴുതി ഇരിക്കുന്നതെന്നു നിശ്ചയമാകുന്നു."

ഈ അഭിപ്രായത്തിന്റെ സാധുത്വം ചിന്തനീയമാകുന്നു. ആദ്യമായി അതിന്റെ കർത്താവാരായിരുന്നു എന്നു ചിന്തിക്കാം. ഗ്രന്ഥാവസാനത്തിൽ,

"ആതിതേവനിലമഴ്ന്ത മനകാമ്പുടയ ചീ
രാമനൻപിനൊടിയമ്പിന തമിഴ്കവി ചൊൽവോ-
രോതിൻമാതിനിടയാവർ ഉടൽവീഴ്വളവു പിൻ
പോകിപോകചയനൻ ചരണതാരടവരേ."

എന്നു കവിതന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ, അദ്ദേഹത്തിന്റെ പേരിനെപ്പറ്റിയുള്ള സംശയം പാടേ നീങ്ങുന്നു. ആദിത്യവർമ്മയല്ലെന്നു തീർച്ചയാണ്. ഈ ചീരാമൻ ആരായിരുന്നു എന്നു മാത്രമേ ആലോചിക്കേണ്ടതായിട്ടുള്ളൂ. ഈ വിഷയത്തെപ്പറ്റി പണ്ഡിതാഗ്രണിയായ ഉള്ളൂർ എസ്. പരമേശ്വരയ്യർ പ്രാചീന മലയാളമാതൃ

കകൾ എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ള വാക്കുകൾ ഉദ്ധാരണ യോഗ്യമാകുന്നു.

"രാമചരിതം ശ്രീരാമൻ (ചീരാമൻ) എന്ന ഒരു കവിയുടെ കൃതിയാണെന്നും ആ കവി 'ആതിതേവനിലമഴ്ന്ത മനകാമ്പുടയവൻ' അതായത് ഒരു പരമഭാഗവതനായിരുന്നു എന്നും, അദ്ദേഹത്തിന്റെ കൃതിയിൽ (വല്ലോർ) ജ്ഞാനമുള്ളവർ (പോതു് = പൂവു്) അവസാനത്തിൽ ലക്ഷ്മീദേവിയോടും ഭോഗിഭോഗശയനനായ ശ്രീപത്മനാഭനോടും ചേരുമെന്നും പറഞ്ഞുകാണുന്നു.

[1] . . . ശ്രീരാമൻ ആരാണെന്നു സൂക്ഷ്മമായി അറിവാൻ മാർഗ്ഗമില്ലെങ്കിലും, ഗ്രന്ഥത്തിന്റെ ആരംഭത്തിലും അവസാനത്തിലും അനന്തശായിയായ ശ്രീപത്മനാഭസ്വാമിയെ സ്തുതിച്ചും തന്റെ നാമത്തോടുകൂടി 'ശ്രീ' എന്ന പദം ചേർക്കയും ചെയ്തിരിക്കുന്നതിൽ നിന്ന് ഇദ്ദേഹം തിരുവിതാംകൂർ മഹാരാജവംശത്തിൽപ്പെട്ട ഒരാളായിരിക്കണമെന്നും ഈ ഗ്രന്ഥത്തിന്റെ കർതൃത്വത്തെപ്പറ്റി മുമ്പ് എഴുതിയ ഐതിഹ്യം കേവലം അവിശ്വസനീയമല്ലെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ശ്രീവീരരാമവർമ്മാവെന്നൊരു രാജാവ് കൊല്ലം 371−ൽ വേണാടു ഭരിച്ചിരുന്നതായി ശിലാശാസനങ്ങളിൽ നിന്ന് അറിയുന്നു. അദ്ദേഹം ആയിരിക്കണം രാമചരിതകർത്താവ് എന്ന് തല്ക്കാലമനുമാനിക്കാം"

പ്രാചീനരേഖകൾ വേണ്ടുവോളം കിട്ടുന്നതുവരെ ഇങ്ങനെ ചില അഭ്യൂഹങ്ങൾക്കേ വഴിയുള്ളൂ. ഇവിടെ കവി ഒരു രാമവർമ്മരാജാവായിരിക്കണം എന്നൊരു അനുമാനത്തിന് ഇടവരുത്തിയ സംഗതികൾ പ്രധാനമായി മൂന്നാണ്.

1. 'ശ്രീരാമൻ' എന്നിങ്ങനെ തന്റെ പേരിനോടു് കവി 'ശ്രീ' പദം ചേർത്തിരിക്കുന്നതു്.
2. അനന്തശായിയായ പത്മനാഭനെ സ്തുതിച്ചിരിക്കുന്നതു്.
3. ഐതിഹ്യം.

ഇവയിൽ ഓരോന്നിനെപ്പറ്റിയും നമുക്ക് ഒരു വിചിന്തനം ചെയ്തു നോക്കാം.

1. ചീമാൻ, ചീമാട്ടി, ചിരുദേവി ഇത്യാദി പദങ്ങളെ പരിശോധിച്ചു നോക്കിയാൽ, ശ്രീ ശബ്ദം ചീ ആയും 'ചിരു' ആയും പരിണമിക്കാറുണ്ടെന്നു കാണാം. എന്നാൽ അതു പോലെതന്നെ ശിവശബ്ദവും 'ചീ' ആയി രൂപാന്തരപ്പെടാറുണ്ട്. 'ശിവരാമൻ' എന്നു പറയുന്നതിനുപകരം 'ചീരാമൻ' എന്നാണ് പഠിപ്പില്ലാത്തവർ സാധാരണ പറയാറുള്ളതു്. 'ചിവ' ശബ്ദത്തിലെ വകാരം ലോപിക്കുമ്പോൾ അതിനുമുമ്പിലിരിക്കുന്ന ഇകാരത്തിന് ദീർഘം വരുന്നു. നാടോടി ഭാഷയിൽ, ഈ മാതിരി വ്യഞ്ജനലോപത്തിനും തൽഫലമായി പൂർവ്വസ്വരം

[1] എന്റെ കൈവശം വന്നുചേർന്ന ഒരു ഗ്രന്ഥത്തിൽ വല്ലോർ എന്ന സ്ഥാനത്തുചൊൽവോർ എന്നും, പോതിൽമാതു എന്നിടത്തു് ഓതിൽമാതു് എന്നും കാണുന്നു. വല്ലോർ എന്നതിനെക്കാൾ ചൊൽവോർ എന്ന പാഠം സ്വീകാര്യമായിത്തോന്നുന്നു. ഓതിൽമാതിന്, (ഓത = സമുദ്രം) ലക്ഷ്മീ എന്നർത്ഥം കിട്ടുകയും ചെയ്യും.

ദീർഘിക്കുന്നതിനും എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ കിട്ടും. അതുകൊണ്ട് കവി ഒരു ശിവരാമനായിക്കൂടെ? ഇനി ഒരു ശിവരാമനേ കണ്ടുപിടിക്കാനാണെങ്കിൽ, അതിനു വലിയ വിഷമവുമില്ല. തപതീസംവരണം തുടങ്ങിയ കേരളീയകൃതികളുടെ വ്യാഖ്യാതാവായ ഒരു ശിവരാമനുണ്ടുതാനും. അദ്ദേഹത്തിൽ ഇതിന്റെ കർതൃത്വം ആരോപിച്ചിട്ട് ആവൂ എന്നു നെടുതായി ഒന്നു നിശ്വസിക്കാമല്ലോ. ഒന്നു പറഞ്ഞുകൊള്ളട്ടേ. ഈയിടെ ഒരു പ്രാചീനകൃതിയെ ഒരാൾ പ്രസാധനം ചെയ്കയുണ്ടായി. ആ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിൽ 'ശങ്കര' ശബ്ദം പ്രയോഗിച്ചിരിക്കുന്നതു കണ്ട്, കവി ഒരു ശങ്കരനായിരിക്കണമെന്ന് പ്രസാദകൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. സങ്കല്പശക്തിയുടെ ഉന്മേഷം നോക്കുക. അതുകൊണ്ട് അവസാനിച്ചോ? ശങ്കരനാണു കവിയെങ്കിൽ, അതു തീർച്ചയായും മഴമംഗലംതന്നെ ആയിരിക്കണം. ഈ കേരളത്തിൽ വേറെ ആർക്കെങ്കിലും ശങ്കരനെന്ന പേരുണ്ടായിട്ടുണ്ടോ? പ്രസാധകൻ അതിന്റെ കർതൃത്വം തന്നിൽതന്നെ ആരോപിക്കാതിരുന്നത് ചരിത്രദൃഷ്ടിയുടെ കൂർമ്മകൊണ്ടായിരിക്കാനേ തരമുള്ളു. പാർവതീപരിണയം ആണ് കഥ. പാർവതിയുടെ വിവാഹാനന്തരം ദേവിയെ കുടിയിരുത്തിയതായി പറഞ്ഞിരിക്കുന്നതിനാൽ ഗ്രന്ഥകാരൻ നമ്പൂതിരിയായിരിക്കണമെന്നും ദേവിയുടെ പല അലങ്കാരങ്ങളുടെ കൂട്ടത്തിൽ 'തോട' കൂടി പ്രസ്താവിച്ചു കണ്ടതിനാൽ, ആ നമ്പൂരിക്ക് ഒരു നായർ ഭാര്യ കൂടി ഉണ്ടായിരുന്നെന്നും തട്ടിവിട്ടതു കണ്ടപ്പോൾ, അഹോ! ഇങ്ങനെയുണ്ടോ ഒരു കുശാഗ്രബുദ്ധി? ചരിത്രകാരനായാൽ ഈമാതിരി കാര്യങ്ങളെ ചികഞ്ഞുനോക്കുന്ന ബുദ്ധി കൂടിയേ തീരൂ എന്ന് എനിക്കു തോന്നിപ്പോയി.

2. കവി കഥാവസാനത്തിൽ അനന്തശായിയെ സ്തുതിച്ചിരിക്കുന്നതുകൊണ്ട്, അദ്ദേഹം രാജവംശത്തിൽപ്പെട്ട ആളായിരിക്കണമെന്നില്ല. ഏതു കവിയായിരുന്നാലും രാമായണത്തെ ഈ വിധത്തിലേ അവസാനിപ്പിക്കൂ. മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമന്റെ കഥ വായിക്കുന്നവർ മരണശേഷം വിഷ്ണുവിന്റെ പാദപത്മത്തിൽ ചേരുമെന്നല്ലാതെ പിന്നെ എന്താണു പറയുക?

3. ഐതിഹ്യത്തേയും ആധാരമാക്കി യാതൊന്നും പറയാവുന്നതല്ല. ഐതിഹ്യപ്രകാരം ഏതദ്ഗ്രന്ഥകർത്താവ് ആദിത്യവർമ്മ മഹാരാജാവാണല്ലോ. അദ്ദേഹമല്ലെന്നു വന്നാൽ, പിന്നെ ഏതെങ്കിലും ഒരു രാജാവായിരിക്കണമെന്ന് എന്തിനു വിശ്വസിക്കുന്നു? അഥവാ അങ്ങനെ വരാനേ തരമുള്ളു എന്നു ശഠിക്കുന്ന പക്ഷം, ഒരു ആദിത്യവർമ്മയോട് അടുത്തു ചാർച്ചയുള്ള ഒരു ശ്രീരാമനാവുന്നതല്ലേ ഭേദം? പക്ഷേ, കൊല്ലവർഷം നാലാംശതകത്തിൽ ആ മാതിരി ഒരു രാമവർമ്മരാജാവിനെ കാണുകയില്ലായിരിക്കാം. അതുകൊണ്ട് എന്താണു ദോഷം?

"സ്വസ്തിശ്രീ കലിയുഗസംവത്സരം നാലായിരത്തി അഞ്ഞൂറ്റെൺപത്തിനാലിൽ മേൽ ചെല്ലാനിന്റ കൊല്ലം അറുനൂറ്റിഅമ്പത്തിഒമ്പതു വർഷം മാശിമാസം

പതിന്നാലാം തീയതി പൂർവ്വപക്ഷത്തു ത്രയോദശിയും സോമവാരവും പെറ്റപൂയത്തു ന്നാൾ ആദിത്യവർമ്മരാന ജയതുംഗനാട്ടു മൂത്ത തിരുവടി ഇരുന്തരുളിയിടമും ഇവർ തിരുത്തമ്പിയാർ ഇരാമവർമ്മരാന ചിറവായി മൂത്ത തിരുവടി ഇരുന്തരുളിയിടമും ചെയ്തരുളിന തിരുമുകത്തിൻപടി അരുളിച്ചെയ്യൽ." ഈ രേഖയിൽ കാണുന്ന ചിറ വായി രാമവർമ്മ മൂത്ത തിരുവടി ആയിരുന്നു പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവെന്നു വരരുതോ? ഭാഷാരീതി നോക്കി ഒന്നും ഖണ്ഡിതമായി പറവാൻ നിവൃത്തിയില്ലെന്ന് മുമ്പു പ്രസ്താവിച്ചിട്ടുമുണ്ടല്ലോ.

"കമ്പർ കേരളത്തിൽവന്ന് അദ്ദേഹത്തിന്റെ കവിതയുടെ മാഹാത്മ്യം ശ്രീരാമ കവി ധരിച്ച് അതിന്റെ ചൂടാറുന്നതിനു മുമ്പാണ് രാമചരിതം ഉണ്ടാക്കിയതെന്നനുമാ നിക്കാൻ ന്യായം കാണുന്നുണ്ട്." എന്ന് മി. പരമേശ്വരയ്യർ പറയുന്നു.

അതിനു ലക്ഷ്യമായി അദ്ദേഹം,

"പിന്നും വിടണനൈയ നിൻറമല പെരിയോർ
മുന്നൈനാളവൻ മുനിന്തിടക്കിളൈയോടു മുടിന്താർ
ഇന്നമുണ്ടിയാനിയം പൂവതിരണിയനെൻപാൻ
തന്നൈയുള്ളവാകേട്ടിയെൻറുരൈ ചെയ്യച്ചമൈന്താൻ"

എന്ന കമ്പരാമായണഗാനത്തേ ഉദ്ധരിച്ചിട്ട്,

"അല്ലൽ ചെയ്യലകുലയ്യമചുരരെയറുപ്പാൻ മുന്നം
നല്ലതോർ വരാകമാനാൻ; നരചിങ്കവടിവുമാനാൻ;
ചൊല്ലേറും കുറളായ്ത്തുയമഴവേന്തും മുനിയുമാനാൻ;
മെല്ലനം കുലം മുടിപ്പാനായ് പിറന്താനിപ്പോൾ"

എന്ന രാമചരിതഗാനം അതിന്റെ അനുകരണമാണെന്ന് സിദ്ധാന്തിച്ചിരിക്കുന്നു. ഇത് കുറെ സാഹസമായിപ്പോയി. ഇവിടെ രാമചരിതകർത്താവ് രാമചന്ദ്രനു മുമ്പു ണ്ടായ മഹാവിഷ്ണുവിന്റെ അവതാരങ്ങളെ എടുത്തുപറഞ്ഞിട്ടേ ഉള്ളൂ. രാമനെ മഹാ വിഷ്ണുവിന്റെ അവതാരമായി വാത്മീകി ഗണിച്ചിരുന്നില്ലെന്നു വച്ച് അങ്ങനെ ആദ്യമാ യിച്ചെയ്തത് കമ്പരായിരിക്കണമെന്നില്ല.

ലീലാതിലകവൃത്തികാരൻ കൊല്ലവർഷം ആറാം ശതകത്തിനു ശേഷം ജീ വിച്ചിരുന്ന ആളാണെന്ന് അതിലെ ആന്തരമായ ലക്ഷ്യങ്ങൾകൊണ്ടു തെളിയുന്നു. അദ്ദേഹത്തിന് തെക്കൻ ദിക്കുകളുമായി ധാരാളം പരിചയവുമുണ്ടായിരുന്നു. എന്നി ട്ടും പാട്ടിന് ഉദാഹരണമായിട്ടോ, അല്ലാതെയോ രാമചരിതത്തെപ്പറ്റി ഒരിടത്തും പ്ര സ്താവിച്ചു കാണാത്തതിനാൽ ഈ കൃതിക്ക് അത്ര വളരെ പ്രാചീനത്വം കല്പിക്കാമോ എന്നു സംശയവുമായിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, രാമചരിതകർത്താവ് ഒരു ചീരാമനാണെന്നല്ലാതെ, അദ്ദേഹം 389-ലെ കഠിനംകുളം രേഖയിൽ കാണുന്ന 'ശ്രീവീരള'രാമനോ മുക

ളിൽ ഉദ്ധരിച്ചിരിക്കുന്ന രേഖയിലെ ചിറവായി മൂത്തതിരുവടിയായ ശ്രീരാമവർമ്മ രോ അഥവാ ഒരു വെറും ശിവരാമനോ എന്നു നിർണയിക്കാൻ തരമില്ലാതെയാണ് ഇരിക്കുന്നതു്. അഥവാ തിരുവിതാംകൂർ രാജവംശത്തിലെ രാജാവായിരുന്നുവെന്നു വരികിൽ, അദ്ദേഹം ചിറവായി മൂത്ത തിരുവടി ആയിരിക്കാനാണ് അധികം സാംഗത്യം. ഏതായാലും ദ്രാവിഡപ്രഭാവകാലത്തേ പാട്ടുകളെ ഉദാഹരിക്കുന്നതിന് ഈ കൃതിയെ ഒരു മാതൃകയായി സ്വീകരിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ലീലാതിലകത്തിൽ പാട്ടിനു കൊടുത്തിരിക്കുന്ന ലക്ഷണം ഈ കൃതിക്കു പൂർണ്ണമായി യോജിച്ചുകാണുന്നുണ്ടു്. ഇക്കാലത്തുണ്ടായ പാട്ടുകളിൽ മിക്കവയും നഷ്ടപ്പെട്ടുപോയിരിക്കുന്നു.

"തരതലന്താനളന്തവിളന്തപൊന്നൻതനക ചെന്താർവിരിന്തമൽ-
 ബാണൻ തന്നേ
കരമരിന്തപെരുന്താനവന്മാരുടെ കരളരിന്ത പുരാനേ, മുരാരീ, കണാ
ഒരുവരന്താ പരന്താമമേ നീ കുനിംശുരകചായി പിണിപാർപ്പനിന്തവണ്ണം
ചിരതരം താൾപണിന്തേനായ്യാതാങ്കെന്നെത്തിരുവനന്തപുരം
 തങ്കുമാനന്താന"

എന്ന് ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഗാനം ഏതു കൃതിയിൽനിന്നാണാവോ?

രാമചരിതത്തിലെ ഭാഷ അക്കാലത്തെ മലയാളഭാഷയെ ഉദാഹരിക്കുന്നില്ലെന്നും അത് ചോളഭാഷയും മലയാളഭാഷയും കലർന്ന ഒരു മിശ്രഭാഷയാണെന്നും ഖണ്ഡിച്ചു പറയാവുന്നതാണ്. പത്താം ശതകത്തിനിപ്പുറം തെക്കൻതിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ള കൃതികളിൽപ്പോലും തമിഴിന്റെ കലർപ്പു ധാരാളം കാണുന്നുണ്ടു്. എന്നാൽ ഈ കൃതികളിലെല്ലാം ശുദ്ധ കേരളഭാഷാരൂപങ്ങൾ സുലഭങ്ങളായിരിക്കുന്നതിൽ നിന്നും അക്കാലത്തെ വ്യവഹാരഭാഷയുടെ സ്വഭാവം നമുക്ക് ഏതാണ്ടു് ഊഹിച്ചറിയാം. പ്രസ്തുത രൂപങ്ങൾ പണ്ഡിതസാർവഭൌമനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ചൂണ്ടിക്കാണിച്ചിട്ടുള്ള ആറു നയങ്ങളനുസരിച്ച് തമിഴിൽനിന്നു സംക്രമിക്കപ്പെട്ടവയാണെന്നു വിചാരിക്കുന്നവർ പലരുമുണ്ടു്. എന്നാൽ വാസ്തവം മറിച്ചായിരുന്നു. ഭാഷാരൂപങ്ങളെ പരിഷ്കരിച്ചു തമിഴാക്കിയിരിക്കുകയാണ് ഗ്രന്ഥകാരന്മാർ ചെയ്തിട്ടുള്ളതു്. സംസ്കൃതപ്രഭാവകാലത്തു്, കോട്ടി, തടത്തം മുതലായ പദങ്ങളെ കവികൾ സംസ്കൃതവേഷം കെട്ടിച്ചു നിർത്തിയതുപോലെ, രാമചരിതകർത്താവ് മന്നു മുതലായ പദങ്ങളെ തമിൾവേഷം അണിയിക്കാൻ ശ്രമിച്ച് ഒടുവിൽ അബദ്ധനായിത്തീർന്നതു നോക്കുക. മലയാളത്തിലും തമിഴിലും 'മന്നു' മന്നു തന്നെ എന്ന് ഓർക്കാതെ അദ്ദേഹം 'മന്റാക്കി' പ്രയോഗിച്ചിരിക്കുന്നു.

അക്കാലങ്ങളിൽ ഉണ്ടായ ശിലാശാസനങ്ങളിലും മറ്റും ഉപയോഗിച്ചുവന്ന ഭാഷ നോക്കീട്ടാണ് അന്നത്തെ ഭാഷാരീതി ഏറെക്കുറെ തമിഴായിരുന്നു എന്നൂഹിക്കുന്നതു്. എന്നാൽ ഈ അടുത്തകാലംവരെ, തിരുവിതാംകൂറിലെ കോർട്ടുഭാഷ

തമിഴായിരുന്നതിനാൽ മാത്രമാണ്, കരണങ്ങളിലെല്ലാം തമിൾ കലർന്ന മലയാളം ഉപയോഗിച്ചുവന്നത്. ഇന്നും പ്രാമിസ്സരി നോട്ടുകളിലും രസീതുകളിലും മറ്റും അപൂർവ്വം ചില തമിൾപദങ്ങൾ കടന്നുകൂടാറുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

## 1 ക്രി. പി. എട്ടാംശതകത്തിലെ ഒരു വട്ടെഴുത്തുരേഖ

"ശ്രീ കോമാരൻ ചടൈയർക്കിരുപത്തേഴാമണ്ടു ചേരമാനാർ പടൈ വിഴഞ്ഞത്തുയൂത്തത്തു വിട്ടിഴക്ക കരൈക്കോട്ടൈ അഴിപ്പാൻവര പെരുമാനടികളുളൻ ഇരണകീർത്തിയും അമർക്കഴിയും ഉൾവീട്ടിനൊറ്റൈറച്ചേവകർ കോട്ടൈ അഴിയാമൈ കത്തെതിർക്കപലരും പട്ടയിടത്തു ഇരണകീർത്തി ഉൾവീട്ടുച്ചേവകൻ കോഴവൂക്കററത്തുപ്പെരുമൂർത്തി തംപെരുത്തിണൈ ആത്തിരത്താർ പലരോടും കുത്തിപ്പട്ടാൻ ഇരണതുങ്കമെള്ളി . . . "

## 2 കൊല്ലവർഷം 622-ലെ കോലെഴുത്തുരേഖ

"സ്വസ്തിശ്രീ കൊല്ലം 622-ാ-മാണ്ടു കുമ്പവിയാഴമിതുനനായററിൽ ചെങ്ങവനാട്ടു മനിപ്പനവമകരത്തിനു 116 പണം വൈച്ചു."

## 3 കൊല്ലവർഷം 820-ലെ കോലെഴുത്തുരേഖ

"കൊല്ലവർഷം എണ്ണൂറാമാണ്ട് ചിങ്ങമാസത്തിൽ പണിതുടങ്ങിച്ചു. എണ്ണൂറ്റി ഇരുപതാമാണ്ട് മേടമാതത്തിൽ പണിതീർത്തു കലചം ആടിച്ചിതു."

## 4 കൊല്ലവർഷം 1016-ൽ ഉണ്ടായ ഒരു കരണം

"കൊല്ലം 1016-മതു മീനഞായറ്റിൽ എഴുതിയ മറു പട്ടോലക്കരണമാവിത. ആരും അട്ടപ്പാടത്തെ പങ്കൻ ഇട്ടിയും തമ്പിമാരും കയ്യാൽ മുപ്പത്തൊന്നു പുതുപ്പണം കൊണ്ടാൻ. നാമങ്ങലത്തെ തുപ്പൻ നാരായണൻ കൊണ്ടാർകൊണ്ട പരിചാവിത. ഇക്കൊണ്ട പുതുപ്പണം 31-നും കാരിയം ഇതിന്ന പാട്ടം തന്റെ പാത്തിരമങ്ങലം തേചത്ത പരിയക്കിടത്ത തനിക്കുള്ള പടിഞ്ഞാറേ പുഞ്ച അഞ്ചുപങ്കു അഞ്ചുവടിപ്പൻ നെല്ലിന്നു പാട്ടമായി പാട്ടമാണ്ട പാട്ടനെല്ലിൽ തന്റെ പണത്തിനു പത്തിന്നരപ്പലിശയും പലിചപ്പണത്തിനു പറവിലയും കണ്ടുള്ള നെല്ല് 1 പറ അഞ്ചും കിഴിച്ചു നീക്കി മിക്കുള്ള പാട്ടനെല്ലു 3 പറ 5-ാം ഓണവാഴക്കുലയും ആണ്ടുതോറും കൊടുക്കവും കൊള്ളവും കടവർ."

ഇങ്ങനെ തെക്കൻദിക്കുകളിൽ അടുത്തകാലംവരെ തമിൾ കലർന്ന മലയാളം ഉപയോഗിച്ചുവന്നുവെങ്കിലും, ഉത്തരകേരളത്തിലെ സ്ഥിതി ഇതിൽനിന്ന് ഭിന്നമായിരുന്നുവെന്ന്, കൊല്ലവർഷം 25-ാമാണ്ടത്തെ ഒരു കോഴിക്കോടൻ ശിലാശാസനത്തിൽനിന്നു കാണാം.

"കുംഭവ്യാഴം കർക്കടകം ഞായർ 5-ന നമ്മുടയ കല്ലിക്കുളങ്ങര ഈമൂർ ഭഗവതി തിരുമുമ്പേ വടക്കേ നടയിൽ ശേഖരിവർമ്മ എന്ന തെക്കുന്നാഥൻ നാലുകൂർവാഴ്ചയും രണ്ടു തമ്പുരാട്ടിയും രണ്ടു പെൺവഴി അനന്തിരവന്മാരും കുറൂർ നമ്പൂരിപ്പാട്ടും നാട്ടുകാരും . . . നഗരക്കാരും യോഗക്കാരും കൊവ്വക്കമന്നാടിയും രണ്ടു കോടക്കർത്താക്കന്മാരും അറിയിക്കുന്നും പാറയുടെകീഴേ 14 ചേരിക്കൽ 242 കാലം (നെല്ലു വിതയ്ക്കാവുന്ന) കോട്ടപടി എന്ന നമ്മുടെ ഈമൂർ ഭഗവതിദേവസ്വം നിലവും ഉഭയവും പറമ്പും തൻകര (ക്കുട്ടത്ത കുളങ്ങളും) 42 ചേരിക്കൽ മലയകം ചെമ്പനമുതൽ കാച്ചനടവരെയും മലയകം, അകമല, പുറമല, ചിറമല, കീഴ്മലവരെയും (ഉള്ള) 1200 കലം (നെല്ലു വിതയ്ക്കാവുന്ന) നിലവും ഉഭയവും കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ള നാൾവരെ മാന്യം വിട്ടു (കൊടുത്തിരിക്കുന്നു. അതുകളിൽ നിന്നുള്ള) ചിലവുകൾ ഏറിവരികയും ഇല്ലാമൽ (നടത്തിക്കൊള്ളുകയും വേണം. ഇതുകൂടാതെ) 411 (നെല്ലു വിതയ്ക്കാവുന്ന നിലങ്ങളുടെ) പാട്ടംകൊണ്ടു വിശേഷ അടിയന്തിരം നടക്കും. (ഇവയ്ക്കു) ദോഷം ചെയ്യുന്നവൻ ഗംഗക്കരയിൽ ബ്രഹ്മഹത്തി ചെയ്യുന്ന ദോഷത്തിൽ പോകും. വടക്കുന്നാഥൻ, വില്വാദ്രിനാഥൻ ഈ സാക്ഷികൾ അറിയ."

ഇതുപോലെ തന്നെ കൊല്ലവർഷം 450-ൽ ഉണ്ടായ ഒരു വടക്കൻ കോലെഴുത്തു കരണത്തിലെ ഭാഷയും നല്ല 'ഭാഷ' യായിരിക്കുന്നു.

"കണ്ടൻ ദാമോദരൻ തീട്ട്. മങ്കാട്ടുമേനവൻ വായിച്ച നമ്മുടെ പരദേവത തിരുവാലത്തൂർ ഭഗവതിയുടെ കാര്യാദികൾ നോക്കുന്ന തൃശ്ശൂർ നടുവിലേ മഠത്തിൽ കാക്കോട്ടു തിരുമനസ്സിലെ (തിരുമനസ്സുണർത്തിക്ക) – കാര്യം (എന്തെന്നാൽ) സങ്കേതത്തിൽനിന്നു ചൂപത്തു നമ്പൂരിക്കു നാം ചില കൈകാര്യം ചെയ്യുതിനാൽ (ഉണ്ടായ) ഭഗവതിയുടെ തിരുവുള്ളക്കേട്ട് (നീങ്ങി) നമുക്ക് ശ്രേയസ്സു വരേണ്ടതിനു പ്രായശ്ചിത്തമായി.

* * *

പറമ്പുകളും ഓവൽകണ്ടത്തിൽ (നിന്നും നമുക്കുള്ള) മിച്ചവാരത്തിൽനിന്നു 20 പറ നെല്ലു മേൽവാരവും കോട്ടവഴി നമ്പൂരിക്കു ചാർത്തിയ 60 പറ നിലവും ദത്തം ചെയ്യു. ഇപ്പടിക്കു കാർത്തിക ഞായറ്റിൽ ബഹുധാന്യവർഷം കാർത്യായനി രക്ഷിക്ക. ഇതിനു സാക്ഷി തിരുവാലത്തൂർ പൊതുവാൾ ചൂതനാരായണൻ വാദമൂലക്കുമാരൻ അറിയ."

കവികൾ പ്രായേണ യാഥാസ്ഥികന്മാരാണ്. പ്രയോഗ പ്രാചര്യമില്ലാത്ത രൂപങ്ങളെ, രാമചരിതംപോലെ ഗൌരവമേറിയ ഒരു കൃതിയിൽ, പ്രയോഗിക്കാൻ ഒരു കവിയും ഒരുമ്പെടുകയില്ല. അതുകൊണ്ട് ഇത്തരം കൃതികളിൽ കാണുന്ന ശുദ്ധ കേരളഭാഷാരൂപങ്ങൾ അക്കാലത്തു പ്രചുരപ്രയോഗമുള്ളവയായിരുന്നു എന്നു വേണം വിചാരിക്കാൻ.

രാമചരിതം ഭാഷാശാസ്ത്രപിപഠിഷുക്കൾക്ക് ഒരു അമൂല്യ സമ്പത്താണെന്ന് ആരും സമ്മതിക്കും. ഗുണ്ടർട്ടുസായ്പ് തന്റെ നിഘണ്ടുവിൽ ഈ ഗ്രന്ഥത്തിൽനിന്ന്

പല ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്; എന്നു വരികിലും അതിനെ ഇദംപ്രഥമമായി അച്ചടിപ്പിച്ചു പ്രചരിപ്പിച്ചതു് ഇന്നത്തെ ഭാഷാസാഹിത്യകാരന്മാരുടെ 'ഗണനാപ്രസംഗത്തിൽ കനിഷ്ഠികാധിഷ്ഠിത'നായ ഉള്ളൂർ മി: എസ്. പരമേശ്വരയ്യരാണ്. ഇത്തരം ഗ്രന്ഥങ്ങളെ പ്രസാധനം ചെയ്യുന്ന ജോലി അത്യന്തം ശ്രമസാദ്ധ്യമാണെന്നു് ആ വിഷയത്തിൽ പരിശ്രമിച്ചിട്ടുള്ളവർക്കെല്ലാം അറിയാം. ഈ അദ്ധ്യായത്തിൽതന്നെ അന്യത്ര സൂചിപ്പിക്കപ്പെട്ടിട്ടുള്ള പുരാതന ഗ്രന്ഥപരിശോധകനെപ്പോലെ "വായിൽ തോന്നിയതു കോതയ്ക്കു പാട്ടു്" എന്ന മട്ടിൽ മുഷ്ടർത്തത്തെ മൂത്രമാക്കിയും. കഷണമില്ലാത്ത നീണ്ട നീണ്ട അവതാരികകൾ എഴുതിച്ചേർത്തു് തൊണ്ടാൻമാക്രിയുടെ രൂപത്തിൽ, പഴയ ഗ്രന്ഥങ്ങളെ അടിച്ചുവിടുന്ന സ്വഭാവം അദ്ദേഹത്തിനില്ലാത്തതിനാൽ, അദ്ദേഹം ഈ വിഷയത്തിൽ ചെയ്തിട്ടുള്ള ശ്രമങ്ങൾ സർവഥാ സ്തുത്യർഹമായിത്തീർന്നിട്ടുണ്ട്.

## 5 കഥാവിഷയം

"ഊഴിയിൽ ദശരതൻ തനയനായവതരി-
ത്താതികാലമുള്ളരും തൊഴിൽകൾ ചെയ്തവകഴി-
ഞ്ഞാതിമാനിനിയെമീണ്ടവഴി കൂറ"

ണമെന്നേ കവിയ്ക്കു് ഉദ്ദേശമുണ്ടായിരുന്നുള്ളു. അതിനാൽ രാമായണത്തിലെ യുദ്ധകാണ്ഡമാണ് പ്രതിപാദ്യവിഷയമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. രാമായണത്തിലെ സർവാംഗസുന്ദരമായ കാണ്ഡം സുന്ദരകാണ്ഡമായിരുന്നിട്ടും, നമ്മുടെ കവി യുദ്ധകാണ്ഡത്തെ തന്റെ കവിതാവിഷയമാക്കിയതു് എന്തുകൊണ്ടായിരിക്കാം എന്നൊരു സംശയം ആർക്കും ഉണ്ടാകാവുന്നതാണ്.[2] "ഇകലിൽ വെൻറി വിളയും" എന്നുള്ള ഫലശ്രുതിയിൽനിന്നു് ഈ കവിത ഭടജനങ്ങളുടെ ആവശ്യം പ്രമാണിച്ചു രചിക്കപ്പെട്ടതായിരിക്കണം എന്നു് ഊഹിക്കാം. അങ്ങനെ ആണ് ഐതിഹ്യവും.

## 6 പ്രതിപാദനരീതി

കവി വാല്മീകിയെ സർവത്ര അനുകരിച്ചുകാണുന്നു. ചില സ്ഥലങ്ങളിൽ നേർതർജ്ജമ ചെയ്‌വാനും മടിച്ചിട്ടില്ല. ഒന്നു രണ്ടുദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുന്നു.

---

2 ഗ്രന്ഥകർത്താവു് ഒരു രാജാവായിരിക്കണമെന്നുള്ള ഊഹത്തിനു് ഈ സംഗതി അല്പം അനുകൂലമായിരിക്കുന്നു.

### മൂലം

“അയുതം രക്ഷസാമത്ര പൂർവ്വദ്വാരം സമാശ്രിതം;
ശൂലഹസ്താ ദുരാധർഷാഃ സർവേ ഖഡ്ഗാഗ്രയോധിനഃ
നിയുതം രക്ഷസാമത്ര ദക്ഷിണദ്വാരമാശ്രിതം;
ചതുരംഗേണ സൈന്യേന യോധാസ്തത്രാപ്യനുത്തമാഃ
പ്രയുതം രക്ഷസാമത്ര പശ്ചിമദ്വാരമാശ്രിതം;
ചർമ്മഖഡ്ഗധരാഃ സർവേ തഥാ സർവാസ്ത്രകോവിദാഃ
ന്യർബുദം രക്ഷസാമത്ര ഉത്തരദ്വാരമാശ്രിതം;
രഥിനശ്ചാശ്വവാഹാശ്ച കുലപുത്രാഃ സുപൂജിതാഃ
ശതശോഥ സഹസ്രാണി മധ്യമസ്കന്ധമാശ്രിതാഃ”

### തർജ്ജിമ

“കോഴയററുതു കിഴക്കിൻ കോപുരം കാപ്പാൻ നില്പ-
തുഴിയെക്കുലക്കാം വീരരൊരു പതിനായിരം കാൺ.
ഒരു പതിനായിരത്തോടൊരുത്തനേ പോർചെയ്യാവ-
തിരുപതിനായിരം തെക്കിരട്ടിയുണ്ടതൻവടക്കോ
മുരണൊട്ടു കാപ്പാൻ ചെമ്മേ മുപ്പതിനായിരം വൻ
പരവയും കുലക്കാം വീരർ പച്ചിമതിചെയുള്ളേതും
തിചകളിൽ പാതി തീണ്ടചേർ നടവു കാപ്പാൻ
മചകറയതിലിരട്ടി മന്തിരചാല കാപ്പാൻ.”

ഈ ഭാഗങ്ങൾ മൂലത്തിന്റെ ഏറക്കുറെ സ്വതന്ത്രമായ തർജ്ജിമയാകുന്നു.
ലങ്കയുടെ വർണ്ണനയെ കവി,

“കുചൽമികും മയനാചാരി കുവരനു ചമൈത്ത കോയിൽ
തച മുകനിരപ്പതെൻറാൽ ചമയമാരതിനുരപ്പോർ?”

എന്നു ഭംഗിയായി ചുരുക്കിയിരിക്കുന്നു.

ശ്രീരാമന്റെ അപേക്ഷ അനുസരിച്ച് ഹനുമാൻ ഇങ്ങനെ ലങ്കാനഗരിയുടെ വിശേഷങ്ങൾ എല്ലാം സംക്ഷിപ്തമായി പറഞ്ഞതിനു ശേഷം,

“നീചാചരർ പെരുപ്പം പിന്നെ ഉരക്കലാമവിടം മുന്നലുഴറിയൊൻറുരപ്പേൻ വീര” എന്നിങ്ങനെ ആരംഭിച്ച് ദേവിയുടെ താല്ക്കാലികസ്ഥിതിയേ വിവരിക്കുന്നു. ഇവിടെ കവി ഒരു വലിയ മനോധർമ്മം ആണ് കാണിച്ചിരിക്കുന്നത്. ശ്രീരാമൻ ദുഃഖത്തിൽ മുഴുകിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ കോപം ഉജ്ജ്വലിപ്പിക്കുന്നതിന് ഈ ഒരു മാർഗ്ഗമേ ഉള്ളൂ. ഈ വർണ്ണന അത്യന്തം മനോഹരമായിട്ടുണ്ട്.

“താരിടൈ മണം പുണർന്തു തരുനിര തടൈന്തു പായ്ന്ത
മാരുതതേവൻ വന്തു, വഴിയിതെൻറരുളിച്ചെയ്ത”

തന്നുസരിച്ച് ഹനുമാൻ, ആ വഴിക്ക് ചെന്ന് അശോകവനികയേ പ്രാപിച്ചതും, രാവണൻ സീതയെ പ്രലോഭിപ്പിക്കുന്നതിനായി അവിടെ വന്നതു കണ്ട് അദ്ദേഹം ‘കുളിരിളം തളിരിടൈപ്പോയി’ മറഞ്ഞതും, രാവണൻ ഒട്ടു വളരെ മിരട്ടിയിട്ടും ദേവി ഒരു ‘ചൊല്ലാൽ പഴിത്തു’ ചൊന്നതു കേട്ട് ആ ദുഷ്ടൻ ആ സാധ്വിയേ കൊല്ലാൻ ഭാവിച്ചതും, അതുകണ്ട് ധാന്യമാലിനി [3] എന്ന ‘കുളം കിണർ നിചാചരി’ തടഞ്ഞതും മറ്റും വളരെ ചുരുക്കിയിട്ടാണെങ്കിലും ഹൃദയംഗമമായി വർണ്ണിച്ചിരിക്കുന്നു.

രാവണൻ പോയതിനുശേഷം രാക്ഷസികൾ ദേവിയെ അയാൾക്കു വശപ്പെടുത്തിക്കൊടുക്കാൻ പ്രയത്നിക്കുന്നു. ഈ ഘട്ടത്തേ വിവരിക്കുന്ന ഭാഗം ചമൽക്കാരവിഷയത്തിൽ മൂലാതിശായിയായിരിക്കുന്നു. നോക്കുക.

### മൂലം

“കിം ത്വമന്തഃപുരേ സീതേ സർവഭൂതമനോരമേ
മഹാർഹശയനോപേതേ ന വാസമനുമന്യസേ.
മാനുഷേ മാനുഷസ്യൈവ ഭാര്യാത്വം ബഹുമന്യസേ
പ്രത്യാഹര മനോരാമാന്നൈവം ജാതു ഭവിഷ്യതി
ത്രൈലോക്യവസുഭോക്താരം രാവണം രാക്ഷസേശ്വരം
ഭർത്താരമുപസംഗമ്യ വിഹരസ്വ യഥാസുഖം
മാനുഷീ മാനുഷം തം തു രാമമിച്ഛസി ശോഭനേ
രാജ്യാദ്ഭ്രഷ്ടമസിദ്ധാർത്ഥം വിക്ലവന്തമനിന്ദിതേ.”

ഇത്യാദി

### തർജ്ജിമ

“എൻറുമിനി നിങ്ങളിലണഞ്ഞിണങ്ങിവാരാ
മൻറിലുയിരോടവനു വാഴ്വമില്ല നീണാൾ
വെൻറികിളർ നാടുവെറുതേ കളഞ്ഞുപോനാ
നെൻറുമെളിയോൻ പെരികേയിതിനുമൂലം
മൂലമില്ല മുന്നമന്നിചാചരരെയെല്ലാം
ചാലവെടിവാനവനതോചരതം? ഇന്നും
കാലമിടയിട്ടറിയലാം കഴിഞ്ഞവെല്ലാം
നീലനയനേ, നിലനിനക്കിതു ചൊല്ലിൻേറാം.
ഇന്നുമുതലായിനിയിരാകവനിൽ നിന്ന-

3 രാമചരിത ടീകയിൽ കുണംകിളർ നിചാചരി ത്രിജടയാണെന്നു പറഞ്ഞിരിക്കുന്നതു പ്രമാദമാണ്.

മ്പൊന്നു വളരാനാൻറതിങ്ങു രാവണനിലാനാൽ
വന്നപിഴയെന്ത്? വളർപള്ളിയറ പൂവാ-
നിന്നു തുനിഞ്ഞാലിടർ നിനക്കറ നിലയ്ക്കും.
നിലയ്ക്കയില്ല നിൻപെരുമയെങ്കിലതിനേതും
ചലിപ്പവരൊല്ലാ തചമുകൻ പിറവി നണ്ണി;
പുലർത്തിയനന്തനന മൈന്തനിവനൊൻറാൽ
കുലത്തിനും നലത്തിനുമിവനു കുറവുണ്ടോ?
പിരിയരുതാതനീയിങ്ങനെ പിതാവു വെടിഞ്ഞു നാടും
പിഴകിയിരന്നു കാടുമുറന്നുപോന്നവനോടകൻറാൽ
ഉരുകുമല്ലീ നിനക്കുടനുൾക്കരുന്ന്? വിരുന്നല്ലീവ
ന്നൊളിവിലലങ്കപുക്കതു? പോരുംനിന്തിറം നില്ക്കതെല്ലാം"

ഈ വരികളിൽ സ്ഫുരിക്കുന്ന ഹാസ്യാരസം അനപലപനീയമായിരിക്കുന്നു.

രാമലക്ഷ്മണന്മാരെ രാവണൻ കൊന്നിരിക്കും എന്നു വിചാരിച്ച് സീത ആത്മ ഹത്യയ്ക്ക് ഒരുങ്ങവേ, ശുഭലക്ഷണങ്ങൾ കണ്ടിട്ട് ആ ശ്രമത്തിൽനിന്നു വിരമിക്കുന്നു വെന്നാണ് മൂലം.

## മൂലം

"ഉപസ്ഥിതാ സാ മൃദുസർവഗാത്രീ
ശാഖാം ഗൃഹീത്വാ ച നഗസ്യ തസ്യ
തസ്യാസ്തു രാമം പരിചിന്ത്യയന്ത്യാ
രാമാനുജം സ്വം ച കുലം ശുഭാംഗ്യാ"

രാമചരിതകർത്താവാകട്ടേ, അതിനെ [4]

ഉറങ്ങിനരന്നിചാചരിമാരെന്മേടമറിഞ്ഞു താന്മെ-
ല്ലൊരു തരുചാക താണ്ണുകിടന്നതും കരുതിക്കരത്താൽ
മുറമുറയായ് വിതുമ്പിവിതുമ്പിനിന്നതുകണ്ടണന്തേൻ
മുടിവുവന്നൊൻറിതെന്നു നിനന്തു വീഴ്ന്തുവണങ്ങിനേൻഞാൻ.

എന്നു മാറ്റിയിരിക്കുന്നത് അവസരോചിതമായിട്ടുണ്ട്.

കവി നല്ല മനോധർമ്മമുള്ള ഒരു വശ്യവാക്കായിരുന്നുവെന്ന് ഇങ്ങനെ ഏതുഭാഗം വായിച്ചു നോക്കിയാലും അറിയാം.[5] പ്രായേണ മൂലത്തെ അനുസരിച്ചുകൊണ്ടുതന്നേ പോകുന്നുണ്ടെങ്കിലും അവിടവിടെ ചില സ്വാതന്ത്ര്യങ്ങൾ കാണിക്കാൻ, അദ്ദേഹം മടിച്ചിട്ടില്ല. "രാമചരിതകർത്താവ് വാല്മീകിമഹർഷിയുടെ ഒരു വെറും ഛായ

4 ഇവിടെയും രാമചരിതത്തിലെ ടിപ്പണി തെറ്റിപ്പോയിട്ടുണ്ട്.

5 രാമചരിതത്തിന്റെ ആമുഖം വായിക്കുക.

യോ ഛായാപഹാരിയോ മാത്രമല്ലെന്നും, പ്രത്യുത ഒരു പ്രകൃതിമാർമ്മികനും ഫലിതപ്രിയനും ആയ ഒരു മഹാകവിയാണെന്നും കാണാവുന്നതാണ്." വശ്യവചസ്സായ അദ്ദേഹത്തിന് ശബ്ദവും അർത്ഥവും ഒന്നുപോലെ അധീനമായിരുന്നു.

"താരിണങ്കിന തഴൈക്കുഴൽമലർ തയ്യൽ മുലൈ
ത്താവളത്തിലിളകൊള്ളുമരവിന്തനയന"
"താരിടൈ മണം പുണർന്തു തരുനിരതടൈന്തു പായ്ന്ത
മാരുതദേവൻ."

ഇത്യാദി ഗാനങ്ങളിൽ കാണുന്ന ശബ്ദഭംഗിയും,

"വിചയൻ വിൽത്തടിയിനാൽ
തിരുവുടമ്പുടയുമാററഞ്ഞവന്നപിമതം
തെളുതെളുപ്പിൽ വിളയിച്ച ചിവനേ"
"ഉയിരുണ്ടാകിൽ കണ്ടുകൊള്ളാമുലകത്തിൽ മറ്റനല്ലവെല്ലാം
തുയരം വാരാ വൈരികളെത്തുയരാതവർക്കു പോരിലെങ്ങും
പയമെന്നൊട്ടും നീയറയാ പടയിൽ പിടിത്തണന്തു നിന്നെ-
ക്കയറും പൊട്ടും ചങ്ങലയും കനമിട്ടു കെട്ടിവെക്കിലും;
വൈക്കിൻെറനിച്ചാർച്ചയെല്ലാമിനി വമ്പനാമിരാകവനെ
കൈക്കൊണ്ടാലും നററുണയായ്ക്കനമുണ്ടിനിമ്മിൽ വേണ്ടുകയും,
തക്കംപെററുനിൻ പേരച്ചനുതമ്പി നീയെന്മേടമെനി-
ക്കൊക്കും നന്നായ്"

ഇത്യാദി പദ്യങ്ങളിൽ കാണുന്ന രസപുഷ്ടിയും അർത്ഥചമൽക്കാരവും നോക്കുക.

## 7 വൃത്തം

'ദ്രവിഡസംഘാതാക്ഷരനിബന്ധനമെതുകമോനവൃത്തവിശേഷയുക്തം പാട്ട്' എന്നാണ് ലീലാതിലകത്തിൽ പാട്ടിന്റെ ലക്ഷണം കൊടുത്തിരിക്കുന്നത്. അതായത്, ഒരു കവിത പാട്ടാകണമെങ്കിൽ അത് ഒന്നാമതായി ദ്രവിഡാക്ഷരമാലകൊണ്ടു നിർമ്മിക്കപ്പെട്ടതും, എതുക, മോന ഇവയോടു ചേർന്ന വൃത്തവിശേഷങ്ങളോടു കൂടിയതുമായിരിക്കണം. ഇവയിൽ 'എതുക' മലയാളികളുടെ ദ്വിതീയാക്ഷരപ്രാസം തന്നെയാകുന്നു. ഒരു പാദത്തിന്റെ രണ്ടു ഖണ്ഡങ്ങളിലേയും ആദ്യക്ഷരങ്ങൾക്കു തമ്മിലുള്ള സാമ്യമത്രേ മോന.

"ഉയിരുണ്ടെങ്കിൽ കണ്ടുകൊള്ളാം ഉലകത്തിൽ മററുനല്ലവെല്ലാം
തുയരാവാരാ വൈരികളെത്തുയരാതവർക്കു പോരിലെങ്ങും"

ഇത്യാദി ഗാനത്തിൽ, ഒന്നാമത്തേയും രണ്ടാമത്തേയും പാദങ്ങളിലെ രണ്ടാമത്തെ അക്ഷരം 'യ' ആണല്ലോ. 'എതുക' എന്ന പ്രാസവിശേഷവും ഈ ഗാനത്തിലുണ്ട്. ഈ രണ്ടു പാദങ്ങളേയും,

ഉയിരു . . . . . . . . . . . . . . .
ഉലകുത്തി . . . . . . . . . . . . . . .
തുയരം . . . . . . . . . . . . . . .
തുയരാ . . . . . . . . . . . . . . .

ഇങ്ങനെ ഈ രണ്ടു ഖണ്ഡങ്ങളായി വിഭജിച്ചാൽ,

പൂർവാപരഖണ്ഡങ്ങളിലെ ആദ്യക്ഷരങ്ങൾക്കു സാമ്യമുണ്ടെന്നു കാണാം. ഒരിടത്തും അതിഖരമൃദുഘോഷങ്ങൾ ഇല്ലതാനും. അതുകൊണ്ട് ഈ ഗാനത്തിന് പാട്ടിന്റെ എല്ലാ ലക്ഷണങ്ങളും തികഞ്ഞിരിക്കുന്നു. രാമചരിതത്തിലെ എല്ലാ പദ്യങ്ങളിലും ഈ ലക്ഷണങ്ങൾ കാണുന്നതുകൊണ്ട് ഈ കാവ്യം ഒരു പാട്ടാകുന്നു.

പ്രാചീനഭാഷാഗാനങ്ങൾക്കു വേറെ ഒരു വിശേഷം കൂടിയുണ്ട്. ഒരു പാട്ടിന്റെ അന്ത്യഭാഗംകൊണ്ടേ അടുത്ത പാട്ട് ആരംഭിക്കൂ. ഇതിനെ അന്താദിപ്രാസം എന്നു പറഞ്ഞുവരുന്നു.

രാമചരിതത്തിലെ വൃത്തങ്ങളൊന്നും മാത്രാവൃത്തങ്ങളല്ല. അവയിൽ മിക്കവയും ഈഷദീഷദ്വ്യത്യാസങ്ങളോടുകൂടി ഇന്നും ജീവിക്കുന്നു.

"മന്നവർ പിരാനൊടു വഴക്കിനു മുതിർന്നാൽ
എന്ന കരുമം വരുമതെന്നവിടമെല്ലാം"

ഈ വൃത്തം തന്നെയാണ് ഇരുപത്തിനാലുവൃത്തത്തിലും മറ്റും കാണുന്ന ഇന്ദുവദന.

'താരിണങ്കിന തഴൈക്കുഴൽമലർതയ്യൽ മുലൈ-
ത്താവളത്തിലിളക്കൊള്ളുമരവിന്തനയന'.

ഈ വൃത്തത്തിലെ രണ്ടാം പാദത്തിലെ രണ്ടക്ഷരങ്ങൾ എടുത്തുകളഞ്ഞാൽ വഞ്ചിപ്പാട്ടിന്റെ വൃത്തമാകും.

'നിചിചരനരക്കർകോ മാനുചൊന്നാൻതിറം
നിറയുമരിവീരർകോൻ ചൊന്നതക്കാലമേ'

എന്ന വൃത്തമാണ്,

'ജലധിയിതു ചാടുവാൻ ലങ്ക പുക്കീടുവൻ
രഘുകുലവരപ്രിയദേവിയെത്തേടുവൻ'

എന്ന തുള്ളൽവൃത്തമായി പരിണമിച്ചതു്.

‘വേന്തർകോൻറനയനാകി വിണ്ണവർക്കമുതായുള്ളിൽ
ചാന്തിചേർ മുനിവർ തേടും തനിമറക്കാതലാകി’

എന്ന വൃത്തത്തിന്റെ പരിഷ്കൃതരൂപമത്രേ,

‘ഇപ്രകാരമിരിക്കുന്ന സുപ്രകാശസ്വരൂപിക്ക-
ങ്ങപ്രിയത്തെ വരുത്തുന്ന ദുഷ്പ്രഭുക്കൾക്കിന്നു തന്നേ’

എന്ന തുള്ളൽ വൃത്തത്തിലും,

‘ഹരിഹര സുതനെ കാണ്മാൻ,
മണ്ഡലം നോമ്പുനോറ്റു’

ഇത്യാദി കീർത്തനങ്ങളിലും കാണുന്നു.

രാമചരിതം പാട്ടു് സംസ്കൃതഭാഷ ഈ നാട്ടിൽ പ്രചരിക്കുന്നതിനുമുമ്പുണ്ടായതാണെന്നു് മി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ നേരെ മറിച്ചു് സംസ്കൃതത്തിന്റെ അധികാരശക്തി ഈ കവിതയിൽ നല്ലപോലെ തെളിഞ്ഞു കാണ്മാനുണ്ടു്.

‘വയ്യവായ നമഃ’ ‘മലർവില്ലിയെയനങ്കനനേ’ ഇത്യാദി പലേ പ്രയോഗങ്ങൾ പ്രസ്തുതകൃതിയിൽ കാണുന്നു. സംസ്കൃതഭാഷയോടു മലയാളത്തിനുണ്ടായ വേൾച്ച നിമിത്തം അതിനു് ഒട്ടുവളരെ ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെങ്കിലും മറ്റുവിധത്തിൽ, പരിഹരിക്കാൻ നിവൃത്തിയില്ലാത്ത ചില ദോഷങ്ങളും സംഭവിച്ചിട്ടുണ്ടെന്നു് രാമചരിതം വായിച്ചാലറിയാം. ഒന്നാമതായി, ഒട്ടുവളരെ ഭാഷാശബ്ദങ്ങൾ ലോപിച്ചുപോയി; ഏതാനും ശബ്ദങ്ങൾക്കു് അപകർഷവും മറ്റു ചിലതിനു് അർത്ഥവ്യത്യാസവും വന്നുചേർന്നിരിക്കുന്നു. നാട്ടുഭാഷാശബ്ദങ്ങൾക്കുള്ള ശക്തി ഒരിക്കലും അവയുടെ സ്ഥാനത്തു വന്നുകേറിയിരിക്കുന്ന പരകീയ ശബ്ദങ്ങൾക്കു കിട്ടുകയില്ല. ഓമനപ്പൈതലിന്റെ കിളിക്കൊഞ്ചൽ കാണുമ്പോൾ തായാർക്കുണ്ടാകുന്ന മകിഴ്ച ഒന്നു വേറെ; പ്രിയശിശുവിന്റെ ലീലാവിലാസത്തെ ദർശിക്കുമ്പോൾ സഞ്ജാതമാകുന്ന ആനന്ദമൊന്നു വേറെ. ബാലക എന്ന വിളി കേൾക്കുമ്പോൾ യാതൊരു ഭാവഭേദവും ഉണ്ടാകാത്ത മുഖം, ഉണ്ണി എന്ന വിളി കേൾക്കുന്ന മാത്രയിൽത്തന്നെ വികസിക്കാതിരിക്കയില്ല. രണ്ടാമതായി, പുതിയ പുതിയ അർത്ഥങ്ങളെ കുറിക്കുന്നതിനു് പുതിയ പുതിയ പദങ്ങളെ സൃഷ്ടിക്കേണ്ടതായി വരുമ്പോഴൊക്കെ, അന്യഭാഷകളെ ആശ്രയിക്കേണ്ടതായി വന്നുകൂടിയിരിക്കുന്നു. മെയ്യറിവു്, നൂറ്റിക്കൊല്ലി, ഇത്യാദി പദങ്ങൾ കേൾക്കുന്ന നിമിഷത്തിൽത്തന്നെ അർത്ഥപ്രതീതിയുണ്ടാവും; നേരെ മറിച്ചു് പാരമാർത്ഥികജ്ഞാനം എന്നോ, ശതഘ്നി എന്നോ കേട്ടാൽ സാധാരണക്കാർക്കു് ഒന്നും മനസ്സിലാവുകയില്ല. സംസ്കൃതത്തിന്റെ ദുരധികാരംനിമിത്തം, മലയാളഭാഷയ്ക്കു് നവീനപദങ്ങളെ സൃഷ്ടിക്കാനുള്ള ശക്തിയേ നശിച്ചുപോയി. സംസ്കൃതവൃത്തങ്ങളെ ഉപേക്ഷി

ച്ചിട്ട്, ഇന്നുള്ളവർ ദ്രാവിഡവൃത്തങ്ങളെ സ്വീകരിച്ചുതുടങ്ങിയതുപോലെ, കഴിവുള്ളിടത്തൊക്കെ സംസ്കൃതപദങ്ങളെ കൈവിട്ടിട്ട് തനി ഭാഷാ ശബ്ദങ്ങളെ ഉപയോഗിക്കുന്നതു കൊള്ളാം.

രാമചരിതം ഭാഷാചരിത്രകാരന്മാർക്ക് ഒരു അമൂല്യസമ്പത്താണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ കൃതിയെ ഇതേവരെ പൂർണ്ണമായി അച്ചടിപ്പിക്കുന്നതിന് തുനിഞ്ഞുകാണാത്തത് മലയാളികൾക്ക് അഭിമാനകരമായിരിക്കുന്നില്ല. ഒരു തമിഴ് പണ്ഡിതനേ ഒന്നു രണ്ടു വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായെങ്കിലും ഇതേവരെ അദ്ദേഹത്തിന് അതിനെ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മി: പരമേശ്വരയ്യരുടെ പ്രസിദ്ധീകരണം അസംപൂർണ്ണമാണെന്നു മാത്രമല്ല അശുദ്ധപാഠങ്ങൾ പലതും അതിൽ കടന്നുകൂടീട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കുറ്റമല്ല; ജോലിത്തിരക്കിനിടയിൽ ഇത്രയും സാധിച്ചുതന്നെ ഒരു വലിയ കാര്യമായി. പ്രാചീനമലയാളഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവിഷയത്തിൽ അദ്ദേഹം ചെയ്തിട്ടുള്ളിടത്തോളം ശ്രമം ഇതേവരെ മറ്റാരും ചെയ്തിട്ടില്ല. അതിനാൽ മലയാളികൾ എന്നെന്നേയ്ക്കും അദ്ദേഹത്തിനോടു കൃതജ്ഞതയുള്ളവരായിരിക്കും.

## 8 ഉലകുടയപെരുമാൾ പാട്ട്

'വയക്കരത്തായാരുടെ' മകനായ ഉലകുടയ പെരുമാളിന്റെ കഥയാണ് ഇതിലെ വിഷയം 'വയക്കരത്തായാർ' മധുരമീനാക്ഷിയായിരിക്കണം. ദേവിയെ മാതാവെന്ന നിലയിൽ ഉപാസിച്ചുവന്ന ഒരു ഭക്തശിരോമണിയായ രാജാവായിരുന്നിരിക്കണം ഉലകുടയപെരുമാൾ. ഈ പാട്ടു മുഴുവനും എഴുതിച്ചു എടുക്കുന്നതിന് കഴിയുന്നത്ര ശ്രമിച്ചിട്ടും ഇതേവരെ സാധിച്ചിട്ടില്ല. ശ്രീമാൻ സി. പി. ഗോവിന്ദപ്പിള്ള അവർകളുടെ കൈവശം അതു പൂർണ്ണരൂപത്തിൽ വന്നുചേർന്നിട്ടുള്ളതായി അറിയുന്നു. എന്നാൽ, അദ്ദേഹത്തിന്റെ 'പഴയ പാട്ടുകൾക്കു' മലയാളികളിൽനിന്നു ലഭിച്ച പ്രോത്സാഹനം ഓർക്കുമ്പോൾ, അതിനെ പ്രസിദ്ധീകരിക്കാത്തതിനെപ്പറ്റി ആരും അദ്ദേഹത്തിനോടു പരിഭവിക്കയില്ല. പ്രസ്തുത ഗാനത്തിൽ നിന്നും ഏതാനും വരികൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

'കരത്തിൽ മാനും മഴുവും തരിത്തയ്ങ്കരൻ
വനത്തിൽ കുളിർ തന്നുരുവ മാകവേ
കരുണയൊടു മലമകളും കരിണിയായ്
വടിവൊടു ചമഞ്ഞു വിളയാടുന്നാൾ
തിരിച്ച പഞ്ചശരത്താൽ കളിച്ച പോതുമയാൾ
തിരുവയററിലന്നു കന മുണരുററനാൾ
തിറമൊടരനരുളാലെ വനമതിൽ വ-
ന്നഴകൊടു പിറന്തൊരു ചെൽവനെ
കരിപോലെ മുകമഴകായവനേ.'

ഈ പാട്ട് ഇന്നും തെക്കൻദിക്കുകളിൽ പാടിവരുന്നുണ്ട്. അങ്ങുമിങ്ങായി ഏതാനും ഭാഗം എഴുതിച്ചുവരുത്തുന്നതിനേ എനിക്കു സാധിച്ചിട്ടുള്ളു. പാഠം ശുദ്ധമാണെന്നു തീരെ വിശ്വാസമില്ല. കവിതാരസം വഴിഞ്ഞൊഴുകുന്ന ചില ഘട്ടങ്ങൾ ഇടയ്ക്കിടയ്ക്കുണ്ട്.

## 9 അഞ്ചുതമ്പുരാൻ പാട്ട്

ഇതു് തിരുവിതാംകൂർ ചരിത്രകാരന്മാർക്കു വിലയേറിയ ഒരു രേഖയാകുന്നു. ശ്രീമാൻ സി. പി. ഗോവിന്ദപ്പിള്ളയുടെ 'പഴയ പാട്ടുകൾ' എന്ന ഗ്രന്ഥത്തിൽ, ഇതിലേ ഏതാനും ഭാഗങ്ങൾ എടുത്തുചേർത്തിട്ടുണ്ട്. വേണാട്ടുരാജകുടുംബത്തിലെ അഞ്ചു തമ്പുരാക്കന്മാർ തമ്മിൽ സ്വരച്ചേർച്ചയില്ലാതെ വന്നതു നിമിത്തം, രാജ്യത്തിൽ സമാധാനം അസ്തമിച്ചു. അവരെ തമ്മിൽ യോജിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മഹാരാജാവു് കഴക്കൂട്ടത്തുപിള്ളയ്ക്കു് ഒരു കത്തു കൊടുത്തയയ്ക്കുന്നു. ദൂതൻ,

. . . . . . . ഉപ്പിടാകയും കടന്ത്,
ഓലയമ്പലം കടന്ത് ഉഴറിവഴി നടന്ത്,
പപ്പനാവാ ചരണമെന്നു പാതിരിക്കരി കടന്ത്,
പാതിരിക്കരികടന്തു പട്ടമേലായും കടന്ത്,
പാങ്ങപ്പാറ തന്നിൽ ചെന്നിട്ട്, കണ്ടവരോടൊക്കെ,
"കലവറയാന വീടിനിച്ചെത്തത്തൂരമോ?"

എന്നു ചോദിക്കുന്നു.

"കണ്ടാൽ തിരിയാതൊടാ കൽക്കെട്ടും ചിറാമ്പികളും
കാലുകിളന്തന മേടകാണലാമേ"

എന്ന മറുപടി കേട്ടുകൊണ്ട്, അവൻ നടന്ന് നേരേ പിള്ളയുടെ ഗൃഹത്തിൽ എത്തുന്നു. രാജദൂതൻ വന്നിരിക്കുന്നു എന്നു കേട്ട മാത്രയിൽ തന്നെ, കഴക്കൂട്ടത്തുപിള്ള ഞെട്ടി എഴുന്നേറ്റ്,

'പെട്ടെന്തിരുകയ്യാൽ
മുന്തിവലിഞ്ഞല്ലൊ നീട്ടൈത്തനവാങ്കി'

ശ്രദ്ധാപൂർവ്വം വായിച്ചുനോക്കീട്ട് അതിൽ പറഞ്ഞിരിക്കുന്നതുപോലെ ഒക്കെ ചെയ്തു. ഈ കഴക്കൂട്ടത്തുപിള്ളയുടെ വംശജന്മാരെ പില്ക്കാലത്തു രാജദ്രോഹികളാക്കിത്തീർത്ത മറിമായമെന്താണാവോ? എല്ലാ ദേശചരിത്രങ്ങളിലും ചില 'ഇരുട്ടറവധ'ങ്ങൾ സങ്കല്പസൃഷ്ടങ്ങളായി കണ്ടേയ്ക്കും. എന്നാൽ പരമാർത്ഥം ഒരുകാലത്തു വെളിയിലാകാതിരിക്കയില്ല.

അക്കാലത്തു് കേരളത്തിൽ വീരരസപ്രധാനങ്ങളായ പലമാതിരി പാട്ടുകൾ ഉണ്ടായിക്കാണണം. ശരിയായ പ്രോത്സാഹനം മലയാളികളിൽനിന്നു ലഭിക്കുന്ന

കാലത്ത് ഏതെങ്കിലും ഒരു 'പെൾസി' അവയെ ശേഖരിച്ച പ്രസിദ്ധപ്പെടുത്താതിരിക്കയില്ല. "ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കാണുമ്പോൾ വിറയ്ക്കും" എന്ന പഴമൊഴി അനുസരിച്ച്, ഈ സദ്യവ്യവസായത്തിൽ നിന്ന് തല്ക്കാലം വിരമിച്ചിരിക്കുന്ന മിസ്റ്റർ ഗോവിന്ദപ്പിള്ളതന്നെ, കാലം അനുകൂലമാകുമ്പോൾ അദ്ദേഹത്തിന്റെ കൈവശമുള്ള ഒട്ടു വളരെ പാട്ടുകളെ പ്രസിദ്ധീകരിക്കാതെ വരില്ലെന്നു വിശ്വസിക്കുന്നു.

ഓണം, തിരുവാതിര ഈ ആഘോഷങ്ങളും ഈ അടുത്തകാലം വരെ വിവിധഗാനോല്ലാദകങ്ങളായ അവസരങ്ങളായിരുന്നു. ഇന്നും നാട്ടുമ്പുറങ്ങളിൽ പോയാൽ കേരളീയാഗനകളുടെ കാതും കരളും കവരുന്ന ശുദ്ധ നാടൻപാട്ടുകളെ കേൾക്കാവുന്നതാണ്. അനുകരണഭ്രമവും തജ്ജന്യമായ അടിമത്തനവും സൽക്കാവ്യങ്ങളുടെ ഉല്പത്തിക്കു ബാധകമാകുന്നു. എല്ലാ ദേശക്കാർക്കും അവരവർക്കു യോജിച്ച രീതികൾ ഉണ്ട്. അവയെ വിട്ടിട്ട്, പരദേശസമ്പ്രദായങ്ങളേ കൈക്കൊണ്ടു തുടങ്ങുമ്പോൾ, സമുദായത്തിന്റെ സങ്കല്പശക്തിക്കു ശൈഥില്യം സംഭവിക്കാതിരിക്കയില്ല. 'തമിഴക'ത്തേ ചില പണ്ഡിതന്മാർ പുതിയതായി 'മാർക്കം' കൂടിയവർക്കു സഹജമായി കാണാറുള്ള അത്യുത്സാഹത്തോടുകൂടി, സംസ്കൃതവൃത്തങ്ങളേയും മറ്റും തമിഴിലേക്കു സംക്രമിപ്പിക്കാൻ നോക്കിയെങ്കിലും, അവരുടെ ശ്രമങ്ങൾ വന്ധ്യങ്ങളായി പ്പരിണമിച്ചേയുള്ളൂ. ഏതൽഫലമായി, അവരുടെ സാഹിത്യം സംസ്കൃതത്തിനോട് ഏതാണ്ടു കിടപിടിക്കത്തക്കവണ്ണം അത്ര വിപുലമായിരിക്കുന്നു. ഹിന്ദി, ബംഗാളി, മഹാരാഷ്ട്ര എന്നീ ഭാഷകളിലും, സംസ്കൃതഛന്ദസ്സുകൾക്ക് ഇതേവരെ പ്രതിഷ്ഠ ലഭിച്ചിട്ടില്ല. ദ്രാവിഡരുടെ കൂട്ടത്തിൽ 'കന്നടി'കളും മലയാളികളും ആണ് ആദ്യമായി മാർക്കം കൂടിയത്. അതുകൊണ്ട് അവരുടെ സാഹിത്യം ഏറെക്കുറെ നിർജ്ജീവമായിത്തീർന്നിട്ടുണ്ട്. കുടിൽ മുതൽ കൊട്ടാരംവരെ പ്രചരിച്ചിട്ടുള്ള അപൂർവ്വം ചില ഗ്രന്ഥങ്ങൾ ഈ ഭാഷകളിലും ഉണ്ടെങ്കിലും, അവ ദ്രവിഡവൃത്തങ്ങളിൽ ബന്ധിക്കപ്പെട്ടിട്ടുള്ളവയാണ്. പാട്ടുകൾ ചൊല്ലുന്ന രീതിയും ദേശന്തോറും വ്യത്യാസപ്പെട്ടിരിക്കും. ഇക്കാലത്ത് കർണ്ണാടകസമ്പ്രദായത്തിന്റെ ആക്രമണത്താൽ കേരളീയരുടെ ഗാനകലയ്ക്ക് ഉടവു തട്ടിത്തുടങ്ങിയെങ്കിലും ഇന്നും യഥാർത്ഥ മലയാളിക്ക് കേരളീയസമ്പ്രദായമാണ് ഹൃദയാവർജ്ജകമായി തോന്നുന്നത്. മലയാളികൾക്കും സംഗീതത്തിനും തമ്മിൽ പൊരുത്തമില്ലെന്ന് ആക്ഷേപിക്കുന്ന ചില പരദേശികളെ അവിടവിടെ കാണ്മാനുണ്ട്. തെലുങ്ക്, കർണ്ണാടകം ഈ ഭാഷകളിൽ രചിക്കപ്പെട്ടിട്ടുള്ള കീർത്തനങ്ങളേയും വർണ്ണങ്ങളേയും അലങ്കോലപ്പെടുത്തി തത്തൽ കർത്താക്കന്മാരുടേയും അവയാൽ സ്തുതിക്കപ്പെടുന്ന ദേവന്മാരുടേയും പാപത്തിനു പാത്രീഭവിക്കത്തക്കവണ്ണം പാടുന്നതിന് മലയാളികൾ സമർത്ഥന്മാരല്ലായിരിക്കാം. എന്നാൽ മലയാളികളുടെ സാഹിത്യത്തിൽ ഗാനകവനത്തിനു സങ്കല്പിച്ചിട്ടുള്ള മാന്യസ്ഥാനം നോക്കിയാൽ, അവർ സംഗീതത്തിൽ വിമുഖന്മാരല്ലായിരുന്നുവെന്നു കാണാം. സ്വാതി തിരുനാൾ മഹാരാജാവിനെ അതിശയിക്കുന്ന സംഗീതശാസ്ത്രജ്ഞന്മാരും, ഇരയിമ്മൻതമ്പിയെ കവിഞ്ഞു നിൽക്കുന്ന ഗാനകവികളും, ദക്ഷിണഭാരതഖണ്ഡത്തിൽ

അധികമുണ്ടെന്നു തോന്നുന്നില്ല. സംഗീതപ്രയോഗത്തിലും ത്യാഗരാജനെ പുളകിതതനുവാക്കിത്തീർത്ത ഷട്കാലം ഗോവിന്ദമാരാരുടെ ജനയിത്രിപദം വഹിക്കുന്നതിനുള്ള ഭാഗ്യം കേരളത്തിന് ഉണ്ടായിട്ടുണ്ട്. വീണാവാദനത്തിൽ വിജയനഗരം, കേരളം എന്നീ രണ്ടു ദേശങ്ങളോടു കിടനില്ക്കത്തക്കവണ്ണം മറ്റൊരു ദ്രാവിഡരാജ്യവുമില്ലെന്ന് ആധുനിക സംഗീതവിദ്വാന്മാർ പോലും സമ്മതിക്കുന്നു.

കല്യാണക്കളി, കൈകൊട്ടിക്കളി ഇവയ്ക്കായി അനവധി ഗാനങ്ങൾ അതിപുരാതനകാലം മുതല്ക്കേ രചിക്കപ്പെട്ടുവരുന്നു. കല്യാണക്കളി പുരുഷന്മാർക്കുള്ള ഒരു വിനോദമാണ്. അത് ഇപ്പോഴും പരവൂർ മുതലായ ദിക്കുകളിൽ ഓണക്കാലത്തു നടത്തിവരാറുണ്ട്. എന്നാൽ ആദികാലങ്ങളിൽ കേരളത്തിലെല്ലായിടത്തും, താലികെട്ടുകല്യാണത്തിന് കല്യാണക്കളി നടത്തിവന്നു.

“[6] നായന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന കളികൾ തന്നെയും അവർ മുൻകാലങ്ങളിൽ കായികാഭ്യാസങ്ങളിൽ അതിസമർത്ഥന്മാരായിരുന്നുവെന്നു കാണിക്കുന്നു. താലികെട്ടു കല്യാണപ്പന്തലിൽ വച്ചു നടത്തിവന്ന കളികൾ ഇപ്പോഴത്തെ സർക്കസ്സുകാർക്ക് പ്രത്യേകാഭ്യാസംകൂടാതെ സാധിക്കാവുന്നതല്ല. നായന്മാരാകട്ടെ ഈ കളികൾ അടുത്ത കാലംവരെ സർവസാധാരണമായി കളിച്ചുവന്നു. വലിയ വിളക്കിനു ചുറ്റും പത്തിരുപതു പേർ വളഞ്ഞുനിന്ന് കുത്തുകാലും കോതുകാലും വച്ച് ഉശിയും വണ്ടിയുമിട്ടിരുന്നു കാണിക്കുന്ന വിദ്യകൾ കണ്ടല്ലയോ മാർത്താണ്ഡവർമ്മയിലെ ശങ്കുവാശാൻ “പഹവാന്റെ മായാവിലാധങ്ങള്” എന്നു പറഞ്ഞുപോയതു്. കഥകളിക്കാർ ശൃംഗാരപദം പതിഞ്ഞാടാൻ വട്ടക്കാലിൽ നില്ക്കുന്നതുതന്നെ ആയിരുന്നു കല്യാണക്കളിക്കാർ ഗണപതിയെ വന്ദിക്കുന്ന ‘ആനമുകവൻ’ എന്ന പാട്ടിനായി സ്വീകരിച്ചിരുന്നതു്.”

“പാട്ടുകളെ ആധിമധ്യാന്തങ്ങളിലെ ‘അടവുചവിട്ട്’ ഇതിലും കടന്ന വിദ്യതന്നെ. പേരു് ‘അടവുചവിട്ട്’ എന്നാണെങ്കിലും, അടവു മാത്രംകൊണ്ട് ഇതു ചവിട്ടാൻ ഒക്കുകയില്ല. പ്രത്യേകം പഠിക്കുകതന്നേ വേണം. ഈ അഭ്യാസവിധത്തിന്റെ മാഹാത്മ്യത്തിനു ലക്ഷ്യങ്ങളായ പാട്ടുകൾ എത്രയോ ഉണ്ട്. കളിക്ക് ഉപയോഗപ്പെടുത്തുന്ന പാട്ടുകൾ തന്നെയും ഈശ്വരസ്തുതികളോ പുരാണകഥാവിവരണങ്ങളോ ആയിട്ടാണോ കാണപ്പെടുന്നതു്.”

## 10 അടവു ചവിട്ട്

“ആനമുകൻ ഗണപതി വാഴ്ക
അൻപുറ്റന കളിമുറയടവുകളൻപൊടു
പലതരവും നൽകിയ
ആയാനും വാഴ്ക തൈവം വാഴ്ക. ഇന്തത്തൈ

6 മി: സി. പി. ഗോവിന്ദപ്പിള്ളയുടെ പഴയ പാട്ടുകൾ.

ഊനമില്ലാതുള്ളൊരു നാടും വിളങ്ങുക
ഉള്ളിൽ നിനച്ചെപ്പൊഴുമൊരുപോൽ
വന്നിങ്ങനെയുതവിയരുളാൻ
ഉത്തമമായുള്ളൊരു തേവൻ വിളങ്ങുക
തേവനു പൂമലരിടുക കൈവണങ്ങുന്നോം
ദൈവം തുണ നമുക്കൊന്നേയുള്ളു. ഇന്തത്തൈ
തിത്തിക്ക തിമൃതക തിമിത്തകത
തക്കിട കൃതികത്തൈ
അനൈത്തുലകിനെ പടൈത്തലവൻ, ചിരത്തിനെ
മറിച്ചുടനൊരു കരന്തന്നിലേന്തി
അരനുടെ മുടി മേൽ നിന്നരവങ്ങൾ
പുനഞ്ഞിഴഞ്ഞീടവേ–ഇന്തത്തൈ.
കനത്തമത്തക മുരത്തിന്മേൽ തരിത്തിട്ടു
ങ്ങുരത്തവൻപുലിത്തോലു മുടുത്തങ്ങനെ
ഹിമഗിരി സുത കണവനെ മനമൊടു
പുണരുകഹേ ഹാ മിന്തത്തൈ."

കൈകൊട്ടിക്കളി സ്ത്രീകളുടെ വിനോദങ്ങളിൽ സർവ പ്രധാനമായിരുന്നു. ധനു മാസത്തിൽ തിരുവാതിര ആഘോഷിക്കാത്ത ഒരു നായർഗൃഹമോ ബ്രാഹ്മണഗൃഹമോ കേരളത്തിൽ മുമ്പുണ്ടായിരുന്നില്ല. ഈ ആഘോഷത്തിന്റെ ഒരു വിവരണം ഈയിടയ്ക്ക് 'മഹിള' എന്ന മാസികയിൽ ചേർത്തിട്ടുള്ളതിനെ ഇവിടെ ഉദ്ധരിക്കുന്നു. [7]

"തിരുവാതിരപക്ഷം ആരംഭത്തോടു കൂടിയോ, അല്ലെങ്കിൽ അഷ്ടമി തുടങ്ങിയോ, പുലർച്ചക്കുളിയും കണ്ണെഴുത്തും ആരംഭിക്കുകയായിരുന്നു പതിവ്. ഏഴര നാഴികയ്ക്കു മുമ്പുതന്നെ തുടിയും കുളിയും തുടങ്ങണമെന്നാണ് നിശ്ചയം. ഭദ്രകാളി സഞ്ചാരം കഴിഞ്ഞ് ശ്രീകോവിലിലേക്കു മടങ്ങുന്നതിനു മുമ്പു തന്നെ സ്ത്രീജനങ്ങൾ ഉണർന്നെഴുന്നേറ്റ് അയൽവീടുകളിലുള്ള സഖികളെയെല്ലാം വിളിച്ചുണർത്തി, വിളക്കും കൊളുത്തി തുണയ്ക്കായി ആൺകിടാങ്ങളേയും കൂട്ടിക്കൊണ്ട് കുളക്കടവിലേക്കു പോകുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെയാണ്. ശരീരത്തിനു നല്ല ഓജസ്സും ശക്തിയും ഉള്ളവർ ശൈത്യത്തെ തെല്ലും വകവയ്ക്കാതെ കടവിൽ എത്തിയ ഉടൻതന്നെ വെള്ളത്തിൽ ചാടി തുടിയും പാട്ടും ആരംഭിക്കുന്നു. ചിലർ അവരെ നോക്കി അസൂയപ്പെട്ട് ദന്തങ്ങൾകൊണ്ടു താളവും പിടിച്ച് കരയ്ക്കുതന്നെ നില്ക്കുന്നു. അവരുടെ കൂടെ വരുന്ന വൃദ്ധകൾ അടുത്തുള്ള കരിയില അടിച്ചുകൂട്ടി തീ കായുവാൻ ആരംഭിക്കുന്നു. മറ്റെങ്ങും നിശ്ശബ്ദമായിരിക്കുന്ന ഈ സമയത്ത് അവരുടെ പാട്ടും തുടിയും വളരെ ദൂരം

7 മി. എം. എം. ഗോവിന്ദക്കുറുപ്പ്, കോഴിക്കോട്.

കേൾക്കാവുന്നതാണ്. ഏകദേശം അരുണോദയത്തിനു മുമ്പുതന്നെ കുളി കഴിഞ്ഞു തണുത്തു വിറച്ചുകൊണ്ടു് അവർ വീട്ടിലേയ്ക്കു മടങ്ങുന്നു. പിന്നെ വളരെ ശുഷ്കാന്തിയോടു കൂടെ ഇലക്കറിയും ചാന്തുപൊട്ടും തൊട്ടു് വിനോദങ്ങൾക്കായി ഒരുങ്ങുന്നു.

“ഷഷ്ഠിനാൾ തുടങ്ങി എഴുത്തുപള്ളികളിൽ ഒഴിവായതുകൊണ്ടു് ബാലികമാർ ഊഞ്ഞാലാട്ടവും പാട്ടുമായിട്ടാണു് ഈ കാലത്തു സമയം കഴിച്ചുവരുന്നതു്. വൃശ്ചികം, ധനുമാസങ്ങൾ വിശേഷിച്ചും ഊഞ്ഞാലാട്ടത്തിന്റെ കാലമാണല്ലോ. അന്നൊക്കെ ഏതു ഭാഗത്തു തിരിഞ്ഞാലും ഊഞ്ഞാൽ പാട്ടും, തിരുവാതിരപ്പാട്ടും മാത്രമേ കേൾക്കുവാൻ ഉണ്ടായിരുന്നുള്ളു. “കല്യാണി വാ വാ കിളിക്കിടാവേ” എന്നും, “കരിമുഖൻ കാർത്ത്യായനിയുമെന്റെ ഗുരുവരനും ഷൺമുഖദേവൻതാനും” എന്നും, “കളമൊഴിയെ നല്ല കിളിക്കിടാവേ” എന്നും മറ്റുമുള്ള മനോഹരഗാനങ്ങൾ പഴയ രീതിയിൽ ഈ കാലത്തു പാടി കേൾക്കണമെങ്കിൽ മുത്തശിമാരെ ശരണം പ്രാപിക്കയല്ലാതെ നിവൃത്തിയില്ല. അവരും ഇപ്പോൾ അവയിൽ ചിലതെല്ലാം മറന്നു തുടങ്ങിയിരിക്കുന്നു. പ്രഭുകുടുംബങ്ങളിലെ പെൺകിടാങ്ങൾക്കു പ്രത്യേകമായി തിരുവാതിരപ്പാട്ടുകളും എഴുതിക്കൊണ്ടുവന്നു കൊടുത്തു് ആശാന്മാർ സമ്മാനം വാങ്ങുന്ന പതിവു് അക്കാലത്തുണ്ടായിരുന്നു. ഇങ്ങനെ ഓരോരുത്തർക്കു് സ്വന്തമായി കിട്ടിയ പാട്ടുകൾ പ്രത്യേകം കരുതലോടുകൂടി ഉരുവിട്ടു് ഓർമ്മയിൽ നിറുത്തുന്ന പതിവു് ഇപ്പോഴും ചില പഴയ തറവാടുകളിൽ കാണാവുന്നതാണ്.

“ഹേമന്തചന്ദ്രന്റെ തികവോടുകൂടി പക്ഷാവസാനത്തിൽ തിരുവാതിരയും എത്തുന്നു. പാലാഴിത്തുവെള്ളംപോലെ മഞ്ഞുരുവുകയാൽ ലോകമെല്ലാം ശുഭ്രമയമായിരിക്കുന്നു. ആണ്ടിൽ മറ്റുള്ള വിശേഷദിവസങ്ങളെല്ലാം പുരുഷന്മാർക്കും കൂടിയുള്ളതാണ്. ഇതൊന്നേ തങ്ങൾക്കു മാത്രമായിട്ടുള്ളു. അതുകൊണ്ടു് ആ ദിവസം കഴിയുന്നതും ഉല്ലാസപ്രദമാക്കുവാൻ യാതൊരു സ്ത്രീയും യത്നിക്കാതിരിക്കയില്ല. തിരുവാതിര ദിവസത്തെ ഓർത്തു് തലേനാൾ രാത്രി നല്ല ഉറക്കംതന്നെ വന്നിട്ടുണ്ടായിരിക്കയില്ല. തുടിയും, പാട്ടും, കുളിയും കഴിയുമ്പോഴേക്കു തന്നെ മിക്കവർക്കും തൊണ്ടയടഞ്ഞു ശബ്ദം പുറപ്പെടാതായിക്കഴിയും. വീട്ടിൽ മടങ്ങി എത്തിയാൽ വസ്ത്രാദ്യാലങ്കാരങ്ങളുടെ ചിന്തയായി. ഓണപ്പുടവയായി ലഭിച്ച നേരിയതു് അന്നേക്കു പ്രത്യേകമായി അലക്കിച്ചു തെയ്യാറാക്കി വച്ചിരിക്കും. ഈ ദിവസം ഭക്ഷണത്തിന്റെ കാര്യത്തിൽ ആരും ശ്രദ്ധ വെയ്ക്കുക പതിവില്ല. ഉപവാസമായിരിക്കണമെന്നു നിർബന്ധവുമുണ്ടു്. ഗുരുവായൂർ ഏകാദശിദിവസത്തെപ്പോലെ അന്നു് അന്നം കഴിക്കുവാൻ പാടില്ലെന്നാണു് നിശ്ചയം. കായ്കനികളും ഇളന്നീരുമാണു് അന്നത്തെ മുഖ്യഭക്ഷണം. മഞ്ഞപ്പതിറ്റടിക്കു മിക്കവരും ആർദ്രാ ദർശനത്തിനായി അടുത്തുള്ള ഭഗവതി ക്ഷേത്രത്തിലേയ്ക്കു പോകുന്നു. സന്ധ്യയ്ക്കു മുമ്പുതന്നെ സ്വഗൃഹങ്ങളിലേക്കു മടങ്ങി എത്തുകയും ചെയ്യും.

“അംഗശുദ്ധി ചെയ്തു് വല്ല പലഹാരവും കഴിച്ചാൽ ഉറക്കൊഴിച്ചിലിനുള്ള ഒരുക്കമായി. ആ രാത്രി കണ്ണു പൂട്ടിപ്പോയാൽ പകൽസമയത്തെ വ്രതമെല്ലാം നശിക്കുമെന്നു മാത്രമല്ല, ഭർത്താവിനു വലിയ ആപത്തുകൾ സംഭവിക്കുക കൂടി ചെയ്യുമ

ത്രെ. ചിലരെല്ലാം ഉഴിഞ്ഞാലാട്ടംകൊണ്ടുതന്നെ രാവു കഴിച്ചുകൂട്ടുന്നു. പൂർണ്ണചന്ദ്രൻ സ്വച്ഛനീലിമയെ ആകാശത്തിൽ വിളങ്ങുമ്പോൾ കന്യകകളും പ്രായംചെന്നവരും ഒന്നിച്ചുചേർന്ന് ഉഴിഞ്ഞാലിട്ടു പുളിയുടേയോ പ്ലാവിന്റേയോ ചുവട്ടിൽ വന്നു കൂടിയിരിക്കും. യൌവനയുക്തകളായ സ്ത്രീകൾ ഉഴിഞ്ഞാൽ മുറുക്കി ഒരു പാട്ടു മുഴുവൻ ആ ഇഴഞ്ഞ രാഗത്തിൽ നീട്ടിപ്പാടി ആടിത്തീരുമ്പോഴേക്ക് മിയ്ക്കതും തളർന്നുകഴിഞ്ഞിരിക്കും. അവർ തമ്മിൽ മത്സരിച്ചു വിടുന്നതും, അന്യോന്യം മൃദുവായി സംഭാഷണം ചെയ്യുന്നതും, ഇടയ്ക്കിടെ അവരുടെ ഉള്ളിൽ സന്തോഷം നിറഞ്ഞുവഴിഞ്ഞു പുഞ്ചിരിയായി പുറപ്പെടുന്നതും, നാലുപാടും തിരശ്ശീലയിട്ടു മൂടിയപോലെയുള്ള മഞ്ഞും, എല്ലാറ്റിനും മീതെ പാൽക്കതിർ വീശിക്കൊണ്ടു നിൽക്കുന്ന കുളിരമ്പിളിയും—ഇതെല്ലാംകൂടിയുള്ള കാഴ്ച ഒരിക്കൽ കണ്ടാൽ ഒരാളും പിന്നെ മറക്കുന്നതല്ല. ഉഴിഞ്ഞാലാടി ക്ഷീണിച്ചാൽ കൈകൊട്ടിക്കളി, പല്ലാങ്കുഴി, മാണിക്കച്ചെമ്പഴുക്ക, താലി പീലി മുതലായ വിനോദങ്ങളിലേർപ്പെട്ടു് അവർ സമയം പോക്കുന്നു. അപ്പൊഴേക്കും പതിവുപോലെ പുറാട്ടുകാരന്റെ (വിദൂഷകൻ) വരവായി. തന്റെ പാട്ടും, കളികളും, ഫലിതങ്ങളുംകൊണ്ടു് സ്ത്രീകളെ സന്തോഷിപ്പിച്ചു് സമ്മാനം വാങ്ങി അയാൾ പോകുന്നു. ചിലപ്പോൾ ചെറുപ്പക്കാർ മാത്രമല്ല, പ്രായംചെന്നവരും കൂടി വേഷം കെട്ടി ഇത്തരം വിനോദങ്ങൾക്കായി ഒരുങ്ങാറുണ്ടു്. തഴച്ച തറവാടുകളിലെല്ലാം തിരുവാതിര പ്രമാണിച്ചു് കോലാട്ടമോ, ഓട്ടൻതുള്ളലോ, കഥകളിയോ ഉണ്ടായിരിക്കും. കഥകളിയോഗക്കാർക്കു് വിശേഷിച്ചും തിരുവാതിര വളരെ പ്രാധാന്യമുള്ളതാണ്. സാധാരണയായി അന്നായിരിക്കും അരങ്ങേറ്റം. വിഷുവിന്നു പെട്ടി വയ്ക്കുകയും ചെയ്യും. സ്വന്തമായി കഥകളി കഴിപ്പിക്കുവാൻ കോപ്പില്ലാത്തവർ അടുത്തുള്ള വല്ല തറവാട്ടിലും പോയി കളി കണ്ടു് ഉറക്കൊഴിയും. ദുഃഖപര്യവസായികളായ കഥകൾ അന്ന് ആടുക പതിവില്ല. വല്ല സ്വയംവരവുമാണത്രേ തിരുവാതിരദിവസത്തേയ്ക്കു് ഏറ്റവും യോജിച്ചതു്. മേളക്കൊട്ടും തിരപ്പുറപ്പാടും കഴിഞ്ഞു്, മൂന്നോ നാലോ വേഷങ്ങൾ കഴിയുമ്പോൾ പാതിരാപ്പൂ ചൂടേണ്ടതിന്നു സമയമാകും. അപ്പോൾ പ്രത്യേകം കുളിക്കണമെന്നു നിർബന്ധമാണ്. അർദ്ധരാത്രിക്കു ദുർഗ്ഗാദേവിയുടെ പൂജാസമർപ്പണം കഴിഞ്ഞു് ഭഗവതിപ്രസാദമായ പൂവ് കന്യകകളെ ചൂടിക്കുന്നതാണ് ഈ ക്രിയ. വിവാഹിതകളായ സ്ത്രീകളും പൂജിച്ച പുഷ്പം ചൂടുന്ന പതിവുണ്ടു്. ഭക്തിപൂർവ്വം ഈ ക്രിയ നടത്തുന്ന ബാലികമാർക്കു വർഷാവസാനത്തിനു മുമ്പു് ഉൽകൃഷ്ട വരലാഭമുണ്ടാകുമെന്നാണ് വിശ്വസിച്ചുവരുന്നതു്. ഇതു കഴിഞ്ഞ ഉടനെ പന്തലിൽ പോയിരുന്ന് കുറേക്കൂടി കഥകളി കാണും. അതിനു ശേഷം പിന്നെയും ഉഴിഞ്ഞാലാടുകയായി. പ്രകാശത്തിനു മുമ്പു് തുടിയും, കളിയും കഴിയും. അതോടുകൂടി തിരുവാതിരഉത്സവവും അവസാനിക്കുന്നു.

"അനംഗോത്സവമെന്നോ, മദനസുദിനമെന്നോ ഈ ദിവസത്തെ നാമകരണം ചെയ്യുന്നതു് തീരെ അനുചിതമല്ലെന്ന് ഇപ്പോൾ പ്രത്യക്ഷമായിരിക്കുമല്ലോ. ദൂരദേശങ്ങളിൽ പോയി വളരെക്കാലം വിരഹം അനുഭവിച്ച ഭർത്താക്കന്മാർ അന്നേക്കു് എങ്ങനെയെങ്കിലും വീട്ടിൽ എത്തിച്ചേരണമെന്നാണു നിശ്ചയം. കാമിനീകാമുകന്മാർക്കും ഇതു വലിയ ഉത്സാഹമാണ്. സൈ്വരസല്ലാപങ്ങൾക്കും, ഗൂഢസമാ

ഗമങ്ങൾക്കും ഉള്ള അവസരങ്ങൾ അവർ ഒന്നെങ്കിലും പാഴാക്കികളയാറില്ല. ഭഗവതി ക്ഷേത്രത്തിലും കഥകളിപ്പന്തലിലും, ഉഴിഞ്ഞാലിന്നടുത്തും ഇതിനു ധാരാളം തരമുണ്ടാകുമെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. അഗാധതയും, ആവർത്തനങ്ങളും കൊണ്ട് ഭയങ്കരമായ ജീവിതനദിയുടെ തീരത്തുവന്ന് ഇദംപ്രഥമമായ പ്രേമസുരഭിയെ ആസ്വദിക്കുന്ന യുവജനങ്ങൾക്ക് ഈ കാലത്തു പ്രത്യേകം ഒരു കുതുഹലം ജനിക്കുന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്. ലോകയാത്രയിൽ എല്ലാവരും ആ കാലം കടന്നു പോന്നിരിക്കണം. യുവാക്കൾ ഇപ്പോൾ മാത്രമേ അതിന് ആരംഭിക്കുന്നുള്ളു. വൃദ്ധന്മാർ ആ ദശയെ മുമ്പുതന്നെ തരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ധനുമാസത്തിലെ ഈ പൂനിലാവ് ആനന്ദമയവും ആഹ്ലാദമധുരവും ആയ ഒരു കാലം കടന്നുപോകുന്നത് അവരെ അനുസ്മരിപ്പിക്കുന്നതേയുള്ളു. യുവജനങ്ങൾ ഈ കാലത്ത് ആശാസമ്പൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടി വൈവാഹികമണ്ഡപത്തിലേയ്ക്കു എത്തിനോക്കുന്നു. തെല്ലൊന്നു പ്രായം ചെന്നവർ പരിചയംകൊണ്ട് തെളിഞ്ഞുകഴിഞ്ഞ തങ്ങളുടെ നയനങ്ങളെ അതേസ്ഥാനത്തിലേയ്ക്കു തിരിച്ചുവിടുന്നു. ഇങ്ങനെ എല്ലാവർക്കും ഉല്ലാസപ്രദമായ തിരുവാതിരമഹോത്സവം കാലക്രമേണ ക്ഷയിച്ചുപോകുന്നതിനനുവദിക്കാതെ കേരളീയർ, വിശേഷിച്ചു കേരളത്തിലെ വനിതാജനങ്ങൾ കീഴ്ക്കാളിലെന്നപോലെ മേൽക്കാലവും ആഘോഷപൂർവം കൊണ്ടാടേണ്ടതാണ്."

കന്യകകളും ഉത്തമവരലാഭം ഉദ്ദേശിച്ച് ചില വ്രതങ്ങൾ അനുഷ്ഠിച്ചുവന്നു. അവയിൽ ഒന്നാണ് 'പുനങ്കുളി' [8] അഥവാ തുലാംകുളി. സൂര്യോദയത്തിനു മുമ്പേ ഒട്ടുവളരെ ബാലികമാർ ആടിപ്പാടി പുഞ്ചോലക്കാവിൽ പുനങ്കുളിപ്പാൻ പോകുന്ന മനോഹരമായ കാഴ്ച അല്പകാലം കൂടി കഴിഞ്ഞാൽ മഷിയിട്ടുനോക്കിയാൽപോലും കാണുകയില്ല. ഒരേകാലത്തു തന്നെ ആരോഗ്യവും ഹൃദയോല്ലാസവും നൽകുന്ന ഈ മാതിരി വ്രതങ്ങളെ പുനർജീവിപ്പിക്കുന്നതിന് ഇനി ആരെങ്കിലും ഉദ്യമിച്ചാൽ, അയാളെ ഭ്രാന്തനെന്നു വിളിക്കാൻ ആളുകൾ അനവധിയുണ്ടാവും പുനങ്കുളിയുടെ അവസാന ചടങ്ങാണ് കുമ്പടോത്സവം. [9] "ഇതിലധികം ഉത്സാഹകരമായ ഒരവസരം കന്യകമാർക്കു പണ്ടില്ലായിരുന്നു. ഇതിന് ആയിരം കന്യകമാർ ഒരുമിച്ചു ചേരണമെന്നാണ് ഏർപ്പാട്. അവർ വസ്ത്രാഭരണവിഭൂഷിതകളായി അരി, പൂവ്, ചെപ്പ്, കണ്ണാടി മുതലായ അഷ്ടമംഗല്യസാധനങ്ങൾ നിറച്ച താലം ഇടത്തുകൈയിലും, ചങ്ങലവിളക്ക് വലത്തുകൈയിലും വഹിച്ച് വാദ്യഘോഷങ്ങളോടുകൂടി ക്ഷേത്രത്തിലേയ്ക്കു ഘോഷയാത്ര ചെയ്യുന്നത് ഈ കുമ്പടോത്സവത്തിന്റെ പ്രധാന ചടങ്ങാണ്."

## 11 പയ്യന്നൂർപാട്ട്

ഇങ്ങനെ ഒരു പാട്ടുള്ളതായി ഡാക്ടർ ഗുണ്ടർട്ട് പറഞ്ഞിട്ടുള്ളതല്ലാതെ, കൂടുതലായ വിവരങ്ങളൊന്നും ഇതേവരെ കിട്ടിയിട്ടില്ല. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടി

---

8 തുലാമാസം ഒന്നാംതീയതിക്കു തുടങ്ങി വൃശ്ചികമാസം ഒന്നാംതീയതിവരെയാണ് ഇതിന്റെ കാലം.

9 മിസ്റ്റർ സി. പി. ഗോവിന്ദപ്പിള്ള.

രിക്കുന്നു. [10] "ഇതു് ഞാൻ കണ്ടിട്ടുള്ള മലയാളകവിതകളെ എല്ലാത്തിനേക്കാൾ പുരാതനമായിട്ടുള്ളതാകുന്നു. ഭാഷ വാക്കു പുഷ്ടിയുള്ളതായും ഗാംഭീര്യമുള്ളതായും ഇരിക്കുന്നു. അതിനാൽ ഇതു സംസ്കൃതത്തിൽനിന്നും നിരർത്ഥമായിട്ടുള്ള അവ്യയങ്ങളുടെ കൂട്ടം മലയാളഭാഷയിൽ ചെന്ന് ആ ഭാഷയുടെ ശക്തിയെ കുറയ്ക്കുന്നതിനുമുമ്പ് ഉണ്ടായിട്ടുള്ള കവിതയാണെന്നു സ്പഷ്ടമാകുന്നു." ആ കാവ്യത്തിന്റെ കഥാസാരം ഭാഷാചരിത്രകർത്താവ് കൊടുത്തിട്ടുള്ളതു നോക്കിയാൽ, അതിനു വളരെ പഴക്കമുണ്ടെന്നു കാണാം. അതിനെ കണ്ടുപിടിക്കുന്നതിന് ഭാഷാഭിമാനികൾ എല്ലാവരും ശ്രമിക്കേണ്ടതാണ്. അന്നത്തേ ഭാഷാരീതി അറിയുന്നതിന് ആ ഗ്രന്ഥം വളരെ ഉപകരിക്കാതിരിക്കയില്ല.

## 12 കഥാസംക്ഷേപം

തൃശ്ശിവപേരൂർ നഗരത്തിലുള്ള ഒരു വർത്തകകുടുംബത്തിൽ നീലകേശി എന്നൊരു സ്ത്രീ ഉണ്ടായിരുന്നു. അവൾ പുത്രഹീനയായിത്തീർന്നതിനാൽ, വിരക്തയായിട്ട് ഒരു ഭിക്ഷുകിയായി തീർത്ഥാടനം ചെയ്യാൻ തീർച്ചപ്പെടുത്തി. സഞ്ചാരമദ്ധ്യേ, അവൾ ഏഴിമലയ്ക്കു സമീപമുള്ള കാച്ചിൽ എന്ന കച്ചവടസ്ഥലത്തെത്തി. അവെടെവെച്ച്, അവൾ നമ്പുച്ചെട്ടി എന്ന വർത്തകന്റെ ഭാര്യയായിത്തീർന്നു. ആ വിവാഹത്തിൽ നിന്ന്, അവൾക്ക് ഒരു പുത്രസന്താനം ലഭിക്കുകയും ചെയ്തു. പുത്രൻ ജനിച്ച നാല്പത്തിഒന്നാം ദിവസം പയ്യന്നൂർ മൈതാനത്തുവെച്ച് ഒരു മഹോത്സവം നടത്തി. തത്സമയം നീലകേശിയുടെ സഹോദരന്മാർ അവിടെ കപ്പലിൽ വന്നടുത്തു. വാദ്യഘോഷം കേട്ട്, അവർ മതിലിൽ കയറി കളികാണാൻ ഭാവിക്കവേ, ചിലർ വിരോധം പറഞ്ഞു. അവർ വലിയ ചെട്ടിയോടു പരാതി ബോധിപ്പിച്ചപ്പോൾ അയാൾ ഒരു ചെട്ടിയുടെ തലയിൽ വടികൊണ്ട് ഒന്നടിച്ചു. അതിൽ വെച്ചുണ്ടായ ലഹളയിൽ നീലകേശിയുടെ സഹോദരന്മാരെല്ലാം മരിക്കയാൽ, അവൾ ദുഃഖിച്ചു വീണ്ടും ഭിക്ഷുകിയായി നടന്നു. അവളുടെ പുത്രനു പ്രായമായപ്പോൾ, ചെട്ടി അവനെ കച്ചവടസമ്പ്രദായങ്ങളേയും മറ്റും ശ്രദ്ധാപൂർവം പഠിപ്പിച്ചു. യഥാകാലം അവൻ ഒരു കപ്പൽ പണികഴിപ്പിച്ച്, കച്ചവടത്തിനായി വിദേശയാത്ര ചെയ്കയും നിറച്ചു സ്വർണ്ണവുമായി തിരിച്ചുവന്നു കപ്പലിലെ ജോലിക്കാരായ പാണ്ഡ്യജോനക ചോഴിയന്മാർക്കെല്ലാം യഥോചിതം സമ്മാനം നൽകയും ചെയ്തു. കപ്പൽ തുറമുഖത്തു നിർത്തീട്ട്, സ്വർണ്ണമത്രയും ഇറക്കിയതിന്റെ ശേഷം അച്ഛനും മകനും കൂടി ചതുരംഗം വെച്ചുകൊണ്ടിരിക്കേ, അവിടെ ഒരു ഭിക്ഷുകി വന്ന് വർത്തകയുവാവിനെ ഒന്നു കാണണമെന്ന് ആവശ്യപ്പെട്ടു. അവർ തമ്മിൽ കുറേനേരം രഹസ്യസംഭാഷണം നടന്നു. പയ്യന്നൂരിൽ ഒരു സ്ത്രീ രാത്രിയിൽ ഒരു സദ്യ നടത്തുമെന്നും അതിൽ അവൻ കൂടിച്ചെന്നു ചേരണമെന്നും ഉപദേശിച്ചിട്ട് അവൾ പോയി. യാത്രയിൽ ആപത്തൊന്നും വന്നുചേരാതിരിക്കാനായി, അഞ്ചു വർണ്ണത്തിൽ ഒരു ചെട്ടിയുടെ പുത്രന്മാരേയും മണിഗ്രാമത്തിലെ ഏതാനും

[10] ഭാഷാചരിത്രത്തിൽ നിന്നും.

ആളുകളേയും, നമ്മുടെ വർത്തകൻ അവന്റെകൂടെ അയച്ചു. ഇതാണ് ഭാഷാചരിത്രത്തിൽ കൊടുത്തിരിക്കുന്ന കഥാസംക്ഷേപം.

## 13 അയ്യടികൾ, കഴിനെടിലടികൾ

അഞ്ചു പാദങ്ങളോടുകൂടിയ ഗാനങ്ങളെ അയ്യടിയെന്നും അതിൽ കൂടുതലുള്ളവയെ കഴിനെടിലടിയെന്നും വിളിച്ചുവന്നു. ഇത്തരം ഗാനങ്ങൾ മലയാളത്തിൽ ഒട്ടുവളരെ ഉണ്ടായിരുന്നു. കാഞ്ഞിരക്കാട്ട് അഞ്ചടി, ചെല്ലൂർ അഞ്ചടി, തിരൂർ അഞ്ചടി, കണ്ണിപ്പറമ്പത്ത് അഞ്ചടി ഇങ്ങനെ ചില അഞ്ചടികളിൽ നിന്ന് ഡാക്ടർ ഗുണ്ടർട്ട് ചില ഭാഗങ്ങളെ തന്റെ നിഘണ്ടുവിലും വ്യാകരണത്തിലും ഉദ്ധരിച്ചിട്ടുണ്ട്. വടക്കൻദിക്കുകളിലുണ്ടായ ഇത്തരം കൃതികൾ നല്ല മലയാളത്തിലും തെക്കൻദിക്കുകളിലുള്ളവ തമിഴ് കലർന്ന ഭാഷയിലും കാണപ്പെടുന്നു.

"പപ്പും ചിറകും വെച്ചുകഴിഞ്ഞാൽ പറവകൾ വാനിൽപായുന്നു
കണ്ടും കേട്ടും കരളിലുറച്ചാൽ കല്ലിലെഴുത്തായ്ത്തീരുന്നു;
എട്ടും പൊട്ടുമതില്ലാതുള്ളോൻ എളിമയൊടെന്നും ചേരുന്നു;
കോപംപൂണ്ടു കലങ്ങിയ മന്ദൻ കൊടുനരകത്തിൽ പോകുന്നു;
ഉയിർവതൈചെയ്തു നടന്നോൻ നിത്യമൊരിനരകത്തിൽ പൊരിയുന്നു."

"പലരോടും നിനയാതങ്ങൊരു കാര്യം തുടങ്ങൊല്ലാ
പണം മോഹിച്ചൊരുത്തനെച്ചതിച്ചീടൊല്ലാ
അറിവുള്ള ജനങ്ങളോടെതിർപ്പാനും നിനയ്ക്കൊല്ലാ
അരചനെക്കെടുത്തൊന്നും പറഞ്ഞീടൊല്ലാ
ഗുരുനാഥനരുൾചെയ്താൽ എതിൽവാക്കു പറകൊല്ലാ."

## 14 മണിപ്രവാളകാവ്യങ്ങൾ

തമിൾപ്രാഭാവകാലത്തും വിവിധജാതി മണിപ്രവാളകൃതികൾ ഉണ്ടായിട്ടുണ്ടെന്ന് ലീലാതിലകം വായിച്ചുനോക്കിയാലറിയാം. അതിൽ ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങൾ ഏതേതു ഗ്രന്ഥങ്ങളിൽനിന്നാണെന്ന് അറിയാൻ പോലും [11] ഇപ്പോൾ തരമില്ലാതായിരിക്കുന്നു.

"മുൾകിണ്ണേൻ ഞാനമൃതജലധൌ മുഗ്ദ്ധചന്ദ്രങ്കൽ വീണ്ണേൻ
താണ്ണേൻ ജ്യോൽസ്നാ സരസിപനിനീർതന്നിലാണ്ണേനമിണ്ണേൻ
അല്ലല്ലസ്മന്മനസിജദശാവേദനാം കണ്ടിദാനീ-
മമ്പപ്പൽകീ തന്നു നവരസസ്നേഹമെന്നോമലെന്നേ."

---

[11] കാകസന്ദേശം, ഉണ്ണുനീലീസന്ദേശം ഈ കൃതികളുടെ പേരുകൾ മാത്രമേ പറഞ്ഞിട്ടുള്ളൂ.

"ആമ്പൽപ്രിയാഭരണമുങ്കിന കാളകൂടം
കുമ്പുംകരാൾമിഴി തുളുമ്പിന ഗംഗവെള്ളം
ചാമ്പോഴുമെന്മനസി ചാമ്പലണിഞ്ഞകോലം
കാമ്പോടുകൂടി മരുവീടുക മന്മഥാരേ"

മണിപ്രവാളപ്രസ്ഥാനത്തിന്റെ ആഗമം, സ്വഭാവം മുതലായവയെപ്പറ്റി അന്യത്ര പ്രതിപാദിക്കേണ്ടിയിരിക്കുന്നതിനാൽ ഇവിടെ ഇതിൽ കൂടുതലായി ഒന്നും പറയുന്നില്ല.

## 15 ഗദ്യസാഹിത്യം

മലയാളഭാഷയിൽ അതിപുരാതനകാലം മുതല്ക്കേ, ഗദ്യപ്രബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലീലാതിലകത്തിൽ 'അഭിമന്യുവധാധി' പ്രബന്ധങ്ങളെപ്പറ്റി പ്രസ്താവിച്ചു കാണുന്നുണ്ടു്. ഇത്തരം പ്രബന്ധങ്ങളെ 'നമ്പ്യാരുടെ തമിൾ' എന്നാണു വിളിച്ചുവന്നതു്. എന്നാൽ ഇവിടെ തമിൾശബ്ദത്തിനു് 'ഭാഷ' എന്നേ അർത്ഥമുള്ളു.

[12] "കേരളാനാം ദ്രമിഡശബ്ദവാച്യത്വാദപഭ്രംശേന തദ്ഭാഷാ തമിഴിത്യുച്യതേ; ചോളകേരളപാണ്ഡ്യേഷു ദ്രവിഡശബ്ദസ്യവാ പ്രസിദ്ധ്യാ പ്രവൃത്തിഃ" (ലീലാതിലകം)

ഭാരതം, ഭാഗവതം, രാമായണം, ദേവീമാഹാത്മ്യം മുതലായ പുരാണേതിഹാസങ്ങളേ, പാഠകം പറയുന്നവരുടെ ആവശ്യത്തിലേക്കായി ഗദ്യരൂപത്തിൽ വിവർത്തനം ചെയ്തിരുന്നു. ജ്യോതിഷം, വൈദ്യം, അദ്ധ്യാത്മശാസ്ത്രം, ധർമ്മശാസ്ത്രങ്ങൾ ഇവയുടെ ഗദ്യപരിവർത്തനങ്ങളും ഒട്ടുവളരെ ഉണ്ടായിട്ടുണ്ടു്. ലീലാവതിഗദ്യം, ഭഗവത്ഗീതാഗദ്യം, ദ്വാദശവർണ്ണകം ഗദ്യം, മത്തവിലാസം കൂത്തു്, ബ്രഹ്മാനന്ദവിവേകസമുദ്രം, തമ്പ്രാക്കൾഭാഷ, ബാലശങ്കരീയം ഗദ്യം, വാസവദത്താഗദ്യം, ഗൗരികഥാ ഭാഷ, കേരളചരിത്രം ഗദ്യം, നളോപഖ്യാനം ഭാഷ, കയ്യാങ്കളി ഗദ്യം കൌഷീതകിഗൃഹം, രാമായണം തമിൾ, ഭാഗവതം തമിൾ എന്നിങ്ങനെ അനേകം ഗദ്യഗ്രന്ഥങ്ങൾ ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു. ഇവയെല്ലാം ഒരേകാലത്തു് ഉണ്ടായവയാണെന്നു് എനിക്കു് അഭിപ്രായമില്ല. കൊല്ലവർഷാരംഭം മുതല്ക്കു് ഈ അടുത്ത കാലം വരെ ഇത്തരം ഗ്രന്ഥങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ അവയിൽ കൊ. വ. എട്ടാംശതകത്തിനുമുമ്പുണ്ടായ ഗദ്യഗ്രന്ഥങ്ങളെ തിരിച്ചറിയാം. ഭാഗവതം തമിൾ പ്രസാധനംചെയ്ത കോളത്തേരി മി. ശങ്കരമേനോൻ അതിന്റെ അവതാരികയിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു.

---

[12] "കേരളന്മാർ ദ്രമിഡന്മാരിൽ പെട്ടവരാകയാൽ ദ്രവിഡശബ്ദത്തിന്റെ അപഭ്രംശമായി തമിഴ് എന്നു കേരളഭാഷയ്ക്കു പറഞ്ഞുവരാറുണ്ടു്. ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവരെല്ലാം ദ്രമിഡന്മാരാകയാൽ എല്ലാ ഭാഷകൾക്കും പൊതുവായിട്ടുള്ള പേരാണു് തമിഴെന്നു പറയാം." മി: ഏ. കൃഷ്ണപ്പിഷാരടി.

“ഗദ്യശൈലിയുടെ സമ്പ്രദായം, ഭാഷാപദപ്രയോഗങ്ങളുടെ പ്രാചുര്യം മുതലായ സംഗതികളെക്കൊണ്ടു് ഊഹിക്കുമ്പോൾ ഈ ഗ്രന്ഥം എഴുതിയതു് ഏതാണ്ടു കൊല്ലവർഷം എട്ടാം നൂറ്റാണ്ടിലായിരിക്കാമെന്നു തോന്നുന്നു.”

ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. പ്രസാധകൻ എട്ടാം ശതകത്തിനു മുമ്പും പിമ്പും ഉണ്ടായിട്ടുള്ള ഗദ്യകൃതികളോടു് ഇതിനെ താരതമ്യപ്പെടുത്തീട്ടാണോ ഈ അഭിപ്രായം തട്ടിവിട്ടിരിക്കുന്നതു്? ഈ പ്രബന്ധത്തിലെ ഗദ്യത്തെ, ഈ അദ്ധ്യാത്തിൽ തന്നെ അന്യത്ര ഉദ്ധരിച്ചിട്ടുള്ളതും, കൊല്ലവർഷാരംഭത്തിൽ ഉണ്ടായിട്ടുള്ളതുമായ ശിലാശാസനത്തിലെ ഗദ്യത്തിനോടൊന്നു താരതമ്യപ്പെടുത്തി നോക്കുക. ഏതിനാണു പഴക്കം തോന്നുന്നതു്? ചെന്തമിൾരൂപങ്ങൾ കണ്ടാലേ പഴക്കം കല്പിക്കാവൂ എന്നായിരിക്കുമോ പ്രസാധകന്റെ വിവക്ഷ? അങ്ങനെയാണെങ്കിൽ,

“നീരാടമ്മേ നിവസനമിദം ചാർത്തു ദേവാർച്ചനയാ-
മെപ്പൊഴും നീ കൃതമതിരതും മുട്ടുമാറായിതല്ലോ
എന്നീവണ്ണം നിജ പരിജനപ്രാർത്ഥനാം കർത്തുകാമാ
കേഴന്തീ വാ രഹസിവിരഹവ്യാകുലാ വല്ലഭാ മേ”
“ഉടനുടനലർബാണസ്ത്വച്ചപിച്ചേറി നീറാ-
യുരുകിയിരവിലൊട്ടും കണ്ണടച്ചീല ഞാനോ;
കളഭമിടയുമോമൽകൊങ്കചീർത്താടിവാഴും
നടുവുതുടിയെ വെല്ലും നായികേ നീ പിരിഞ്ഞു്”

ഇത്യാദി പദ്യങ്ങൾ ഏതു കാലത്തുണ്ടായവ ആയിരിക്കണം. ഈ അടുത്ത കാലംവരെ തമിൾ വിദ്വജ്ജനഭാഷ ആയിരുന്നതിനാൽ പദ്യകൃതികളിൽ ചെന്തമിൾപ്രയോഗങ്ങൾ കടന്നുകൂടി എന്നു വിചാരിച്ചു്, അങ്ങനെയുള്ള പ്രയോഗങ്ങൾ കണ്ടാലേ ഒരു ഗ്രന്ഥത്തിനു പ്രാചീനത്വം കല്പിക്കാവൂ എന്നു ശഠിക്കാവുന്നതല്ല. വേറൊരു സംഗതി കൂടി ലീലാതിലകത്തിൽ നിന്നു വ്യക്തമാകുന്നുണ്ടു്. മദ്ധ്യോത്തരകേരളങ്ങളിൽ ഉണ്ടായതായി ശങ്കിക്കാവുന്ന കൃതികളിലൊന്നിലും, ചെന്തമിൾരൂപങ്ങൾ ആധിക്യേന കാണുന്നില്ല. വിശേഷിച്ചും, പദ്യഗ്രന്ഥങ്ങളിലെന്നപോലെ ഗദ്യത്തിലും തമിൾപ്രയോഗങ്ങൾ കാണണമെന്നുമില്ല. എന്തുകൊണ്ടെന്നാൽ സാഹിത്യഭാഷയ്ക്കു വ്യവഹാരഭാഷയോടു പദ്യസാഹിത്യത്തിലെ ഭാഷയ്ക്കുള്ളതിനെക്കാൾ അടുപ്പമുണ്ടായിരിക്കും. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പദ്യങ്ങളിലെ ഭാഷയ്ക്കും ഭാഗവതം ഗദ്യത്തിലെ ഭാഷയ്ക്കും തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ല. പ്രസ്തുത പദ്യങ്ങൾ കൊല്ലം ആറാം ശതകത്തിനു മുമ്പു രചിക്കപ്പെട്ടവയാണെന്നു നിസ്സംശയം പറയാം.

ഭാഷാപദപ്രാചുര്യംകൊണ്ടു്, ഭാഗവതം പ്രബന്ധം എട്ടാം ശതകത്തിലുണ്ടായതാണെന്നു് വിചാരിക്കാമെന്നു പറഞ്ഞിരിക്കുന്നതിന്റെ യുക്തി ദുരധിഗമമായിരിക്കുന്നു. പ്രാചീന കൃതികളിൽ ഭാഷാശബ്ദങ്ങൾ കുറഞ്ഞിരുന്നുവെന്നാണോ പ്രസാധകന്റെ അഭിപ്രായം? അങ്ങനെയാണെങ്കിൽ കഥ കുറെ കേമമായി. ഭാഷാസാഹിത്യത്തിന്റെ പ്രാരംഭകാലത്തു് പരകീയശബ്ദങ്ങൾ കൂടിയും, പിന്നീടു് കുറഞ്ഞു കുറഞ്ഞും

വരുമെന്നുള്ള ഒരു പുതിയ തത്വത്തെ ആവിഷ്കരിച്ചതിന് നാം മി. ശങ്കരമേനോനോട് സവിശേഷം കടപ്പെട്ടിരിക്കുന്നു.

പരമാർത്ഥത്തിൽ, ഇത്തരം ഗ്രന്ഥങ്ങളുടെ ഭാഷാരീതി നോക്കി, അവയുടെ കാലം നിർണ്ണയിക്കുന്ന കാര്യം കുറെ വിഷമമാണ്. വാക്യരചനാവിചാരത്തിൽ അവയിലെ ഗദ്യത്തിന് സംസ്കൃതഗദ്യത്തിനോടാണ് അധികം ചാർച്ച എന്നു കാണാം.

"യാതൊന്നു മഹാരാജാവിപ്പോൾ ചെല്ലിയതു്, അതെല്ലാം പട്ടാങ്ങാണ്."

"അസുരശത്രുവാകയുമുണ്ടു്. ദേവകൾക്കും ബ്രാഹ്മണനും മൂലമാകയുമുണ്ടു്. അതുകൊണ്ടു് ഋഷികളെയും കൂടി കൊല്ലുക നാം."

"അതു കേട്ടു് ഇവൾ ഞാൻ പരുഷവ്യവഹാരം ചെയ്യുന്നവൾ"

"യാതൊരിടത്തു ധർമ്മമുള്ളു, അവിടത്തോൻ വിഷ്ണു."

ഇത്തരം വാക്യബന്ധങ്ങൾ പണ്ഡിതകേസരിയായ കൈക്കുളങ്ങരെ രാമവാര്യരുടെ കൃതികളിലും കാണ്മാനുണ്ടു്.

"അറിവുള്ള ജനങ്ങളിൽ നിന്നു പരിഹാസത്തെ ഉത്ഭവിപ്പിക്കാനായിക്കൊണ്ടു്."

"സന്ധ്യാസമയത്തിങ്കൽ ഉണ്ടായ ജനനം ഭാന്തത്തെ പ്രാപിച്ചിരിക്കുന്ന ചന്ദ്രൻ, ലഗ്നസ്ഫുടം, പാപന്മാർ ഇങ്ങനെ ഉള്ള മൂന്നു നിമിത്തങ്ങളോടു സഹിതമാകയാൽ അതു സദ്യോമരണത്തിനായിക്കൊണ്ടു ഭവിക്കുമെന്നർത്ഥം."

ഇത്യാദി വാക്യങ്ങൾ നോക്കുക.

ഇങ്ങനെ സംസ്കൃതശൈലിയേ മുറുക്കിപ്പിടിച്ചുകൊണ്ടാണ് ഗ്രന്ഥകാരന്റെ പുറപ്പാടെങ്കിലും, തമിൾപ്രയോഗങ്ങളും അവിടവിടെ കാണ്മാനുണ്ടു്.

"ഒരിടത്തു ഉളനോ? എങ്കിൽ ഞങ്ങൾ ഉപായമുണ്ടാക്കുന്നുണ്ടു്."

"ഇവൻ വിരയച്ചത്തുപോയാവൂവെന്ന് ദേവകൾക്കു നിനവ്."

ചമ്പൂകാരന്മാരുടെ വൃത്തബന്ധത്തോടുകൂടിയ ഗദ്യത്തിൽ പുരുഷപ്രത്യയങ്ങൾ അധികമായി കാണാതിരിക്കയും, നേരേമറിച്ച് യാതൊരു വൃത്തബന്ധവുമില്ലാത്ത സ്വാഭാവികമായ ഇത്തരം ഗദ്യങ്ങളിൽ, അവയെ സർവസാധാരണമായിട്ടില്ലെങ്കിലും, മിക്ക സ്ഥലങ്ങളിലും ഉപയോഗിച്ചുകാണുകയും ചെയ്യുന്നതിനാൽ, ഇവയ്ക്കു ചമ്പുക്കളേക്കാൾ പ്രാചീനത്വം കല്പിക്കുന്നല്ലേ സംഗതമായിട്ടുള്ളതു്.

'പിന്നെ പശുക്കിടാങ്ങളും പശുക്കളും തങ്ങളിൽ ഗന്ധിച്ചു മുലയും കുടിപ്പിച്ച് നക്കുതും ചെയ്താർ' എന്നിങ്ങനെ വേണ്ടാത്തിടത്തുകൂടി പുരുഷപ്രത്യയം ചേർത്തു കാണുന്നു.

ഉദാഹരണാർത്ഥം രണ്ടുമൂന്നു ഗദ്യപ്രബന്ധങ്ങളിൽനിന്ന് ഓരോ ഭാഗങ്ങളെ ഉദ്ധരിക്കുന്നു.

## 16 ഭാഗവതം ദശമസ്കന്ധം, എട്ടാം അദ്ധ്യായം

"ഇങ്ങനെ ചിലനാൾ ചെന്നവാറെ മുഴങ്കാൽമേൽ നടന്ന തുടങ്ങിയാർ. ഏതുമറിയുന്നീലെന്നുഭാവം. മെല്ലെ മെല്ലെ നടന്നുതുടങ്ങിയാർ. അപ്പോൾ ചിലമ്പും മണിയുമുണ്ട്. അച്ചിലമ്പിന്റെ ഒച്ച കേട്ടും, മണിയുടെ ഒച്ച കേട്ടും ലോകരെല്ലാം സന്തുഷ്ടരായാർ. അക്കാലത്താരാനും പോകുമ്പോൾ അവരുടെ വഴിയെ കൂടപ്പോം അറിയുന്നീലെന്നു ഭാവം. മറിഞ്ഞു നോക്കും. അപ്പോൾ പേടിച്ച വന്നു അമ്മമാരുടെ മടിയിൽ ചെന്നുവീഴും. അപ്പോൾ ചേറുപുരണ്ടിരിക്കിലും അവർ എടുത്തുതട്ടിക്കൊള്ളും. മുലയും കൊടുക്കും. ആ ഗോപസ്ത്രീകളും അങ്ങനെ ചെയ്കാർ. ഇവരെല്ലാപേരുടേയും മടിയിൽ ചെന്നുവീഴും. അങ്ങനെയൊരുനാൾ അമ്മയുടെ മുലയും ഒട്ടൊട്ടുകുടിച്ച് അവൻ മുഖത്തു നോക്കിയപ്പോൾ, അവനു പല്ലു വന്നുതുടങ്ങി. അതു കണ്ടെല്ലാവരും സന്തുഷ്ടരായാർ. പിന്നെ ഇച്ചെറിയവ രണ്ടും പശുക്കിടാങ്ങളുടെ വാൽ പിടിക്കും. അപ്പോഴവയങ്ങു പായും. അപ്പോഴിഴഞ്ഞിട്ടും കൂടെച്ചെല്ലും. അപ്പോഴെല്ലാവരുമെട്ടുപ്പോർ. ഇങ്ങനെയവരുടെ ക്രീഡ കണ്ടു ഗോപസ്ത്രീകളെല്ലാം തങ്ങളുടെ ഗൃഹകൃത്യങ്ങൾ കൂടെ മറന്നാർ."

രാമായണം തമിഴിൽ, സംസ്കൃതത്തിന്റെ അധികാരം കുറേക്കൂടെ പ്രബലപ്പെട്ടു കാണുന്നു.

## 17 സുന്ദരകാണ്ഡം

"ഏനേ! ആര്യപുത്രനെക്കുറിച്ച നിരാശയായേനേ ഞാൻ. പാപനിശാചരസ്പർശം ഹേതുവായിട്ട്, അശുദ്ധയാകിയ ഞാൻ ശുദ്ധജലാവഗാഹങ്ങളേക്കൊണ്ടു ശുദ്ധയായി പ്രാണങ്ങളെ പരിത്യജിപ്പൂ എന്നു കല്പിച്ച് പുഷ്കരണീതീരത്തെ പ്രാപിച്ച ചെയ്കരുളുന്നവൾ. സകല കലാപരിപൂർണ്ണനാകിയ ചന്ദ്രദേവനെ നോക്കി അരുളിച്ചെയ്യുന്നവൾ. 'ഭഗവാനെ, മൃഗലാഞ്ഛന, ചന്ദ്രദേവ, നിന്തിരുവടി അനേകകാലം കൂടിയല്ലോ എന്നുടെ നയനഗോചരത്തെ പ്രാപിച്ചു. അതു ഹേതുവായിട്ടു ഇവൾ ഞാൻ സ്വല്പം പരുഷവ്യവഹാരം ചെയ്യുന്നവൾ. നിന്തിരുവടിക്ക് ഇജ്ജനത്തെ ഇടയിട്ട് സൂര്യവംശജാതരാകിന ക്ഷത്രിയർക്കു ബന്ധുഭാവമുണ്ടെന്നു ഞാൻ കേട്ടിരിപ്പു. അത്രയുമല്ല ആര്യപുത്രനോട്ട് സദൃശൻ ഭവാനെന്നിങ്ങനെ അഖില ജനങ്ങളുടെയും വ്യവഹാരം അല്ലല്ല; ഉന്മത്തയായേനേ ഞാൻ. നിന്തിരുവടിയോ ദിവസംപ്രതി ഭാര്യാവിശേഷവിശിഷ്ടങ്ങളാകിന സുഖങ്ങളെ അനുഭവിച്ചരുളുന്നോൻ. അതല്ല ആര്യപുത്രൻ. മന്ദഭാഗ്യയായ എന്നോടു വേർപ്പെട്ടുകയാൽ ഭാര്യാവിയോഗവിധുരീകൃതമാനസനായി അധിവസിച്ചരുളുന്നോൻ. നിങ്ങളിലുള്ള സാദൃശ്യകഥ നിൽപൂതാക. അങ്ങൊരു ഭാഗത്തു ആര്യപുത്രനേയും ഇങ്ങൊരു ഭാഗത്തു എന്നേയും ഒരിടത്തു നിന്നല്ലേ കാണുന്നു ഭവാൻ. എന്നാൽ ആര്യപുത്രനുടെ വാർത്തയെ എനിക്കു താൻ, എന്നുടെ വാർത്തയെ അവൻ തിരുവടിക്കു താൻ, അറിയിക്കാതെ കണ്ട് ഉദാസീനനെന്നപോലെ എഴുന്നരുളുന്നിതോ ഭഗവാനേ."

## 18 ഭഗവദ്ഗീതാഗദ്യം[13]

“സഞ്ജയൻ:– ദയാവുകൊണ്ട് വിഷണ്ണനായി കൈയിൽനിന്ന ആയുധം ഇട്ടുകളഞ്ഞിരിക്കുന്ന അർജ്ജുനനോടു ശ്രീകൃഷ്ണൻ അരുളിചെയ്തു. എടൊ അർജ്ജുന, ഈ അവസ്ഥ നിനക്കു എവിടെ നിന്നുണ്ടായി? അർജ്ജുന, ഇതു സജ്ജനമായിരിക്കുന്നവർ ചെയ്യോന്നല്ല. സ്വർഗ്ഗത്തിനു വിരുദ്ധം; കീർത്തി കേടായിരിപ്പൊന്നിതു ആണും പെണ്ണുമല്ലാത്തവണ്ണം കാട്ടായ്ക. ഈ അവസ്ഥ നിനക്കു യോഗ്യമല്ല.”

“അപ്പോൾ അർജ്ജുനൻ ശ്രീകൃഷ്ണനോടു ചൊല്ലിനാൻ. എങ്ങനെ ഞാൻ ഭീഷ്മരേയും ദ്രോണരേയും ശരങ്ങളെക്കൊണ്ടു പ്രയോഗിപ്പൂ.”

ലോകസംഭവം ഗദ്യത്തിനു കുറേക്കൂടി ആധുനികത്വം തോന്നിക്കുന്നു.

“ഭർത്താവേ, സർവലോകേശനായിരിക്കുന്ന ഭഗവാനല്ലോ നിന്തിരുവടി. എന്നാൽ ഈ ലോകസംഭവം നിന്തിരുവടി അറിയാതുണ്ടോ എന്നിങ്ങനെ ശ്രീപാർവതി ശ്രീമഹാദേവനോടു പറഞ്ഞവാറേ, എന്നാലോ ഈ സർവലോക സംഭവം നിനക്കു കേൾപ്പാൻ ആഗ്രഹമുണ്ടെന്നാകിൽ ഒട്ടൊട്ടു സംക്ഷേപിച്ചു ചൊല്ലാമെന്ന് ശ്രീമഹാദേവൻ അരുളിച്ചെയ്താൻ.”

ഈ ഗ്രന്ഥങ്ങൾ ഭിന്ന ഭിന്ന കാലഘട്ടങ്ങളിൽ ഉണ്ടായവയാണെങ്കിലും, അവയെല്ലാം ഒരു കരുവിൽ വാർത്തെടുക്കപ്പെട്ടവയാണെന്നു തോന്നുന്നു. ശൈലിക്കു വലിയ വ്യത്യാസമൊന്നുമില്ല. മി: ശങ്കരമേനോൻ പറയുന്ന “പൂർവികന്മാർക്കു ഗദ്യത്തിൽ അഭിരുചിയുണ്ടായിരുന്നു എന്നുള്ളതിന് ഈ ഭാഗവതം തന്നെ ദൃഷ്ടാന്തം. ഇതിലെ (ഭാഗവതം ഭാഷയിലെ) മധുരമായ ശൈലി വിശേഷം അന്യാദൃശം തന്നെ. ലളിതകോമളമായ രീതിയിൽ ഗദ്യമെഴുതുവാൻ പൂർവികന്മാർക്കും സാധിച്ചിരുന്നു. അക്കാലങ്ങളിൽ സ്ഥിരമായ ഗദ്യരീതിയും ഉണ്ടായിരുന്നു. ആ നിസർഗ്ഗമധുരമായ ഗദ്യരീതിയിൽ കാര്യം പറഞ്ഞു, മറ്റുള്ളവരെ മനസ്സിലാക്കുവാൻ അവർക്കു നിഷ്പ്രയാസം സാധിച്ചിരുന്നു. എന്നുള്ളതിനു വേറെ തെളിവുകളൊന്നും വേണ്ടതില്ല.”

ഭാഗവതം ഭാഷ മറ്റു ‘ഭാഷകളെ’ അപേക്ഷിച്ചു ലളിതമായിട്ടുണ്ടെങ്കിലും, ഇത്തരത്തിലുള്ള എല്ലാ പ്രബന്ധങ്ങളും നിസർഗ്ഗസുന്ദരങ്ങളാണെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. അതുപോലെതന്നെ നമ്മുടെ പൂർവികന്മാർക്ക് അക്കാലത്ത് ഒരു ഉത്തമഗദ്യരീതി ഏർപ്പെട്ടുകഴിഞ്ഞിരുന്നുവെന്നു വിചാരിക്കുന്ന കാര്യവും കുറെ വിഷമമാണ്. ഈ പ്രസ്ഥാനം സംസ്കൃതനാടകാഭിനയത്തിന്റെ ഒരു സന്താനമാകുന്നു. സംസ്കൃതഗദ്യത്തിന്റെ അനുകരണമായതിനാൽ ഈ രീതിക്ക് ഭാഷാസാഹിത്യത്തിൽ സ്ഥായിയായ ഒരു പ്രതിഷ്ഠ ഇതേവരെ ലഭിച്ചിട്ടുമില്ല. ആധുനിക ഗദ്യത്തിന്റെ വളർച്ച, ഈ പുരാതന ഗദ്യത്തിൽനിന്നല്ലെന്ന് ഈ രണ്ടു രീതികളേയും പരിശോധിച്ചു നോക്കിയാൽ കാണാം. എന്നാൽ ശ്രോതാക്കളേ വിനോദിപ്പിക്കുന്നതിനോടു കൂടി, അവർക്കു ഭക്തിയും പുരാണകഥാപരിചയവും നൽകത്തക്കവണ്ണം അനുഭവരസ

[13] ഈ ഗ്രന്ഥത്തിന് മറ്റു രണ്ടു ഗ്രന്ഥങ്ങളേക്കാളും പഴക്കം കുറവാണെന്നു തോന്നുന്നു.

ത്തോടുകൂടി സരസമായി കഥനം ചെയ്യുന്ന ഈ സമ്പ്രദായം ഇന്നും നശിച്ചിട്ടില്ലെന്നു നിസ്സംശയം പറയാം.

## 19 ശാസ്ത്രഗ്രന്ഥങ്ങൾ

ഗദ്യമായും പദ്യമായും അനേകം വൈദ്യഗ്രന്ഥങ്ങൾ ഈ കാലത്ത് ഉണ്ടായിട്ടുണ്ട്. ഡാക്ടർ ഗുണ്ടർട്ട് ഇത്തരം ഗ്രന്ഥങ്ങളിൽ പലതും കണ്ടിട്ടുള്ളതായി അദ്ദേഹത്തിന്റെ വ്യാകരണത്തിൽനിന്നും നിഘണ്ടുവിൽനിന്നും നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. ലീലാതിലകത്തിൽ തന്നെ ആലത്തൂർ മണിപ്രവാളത്തെപ്പറ്റി പറഞ്ഞുകാണുന്നു.

"നനു ആലത്തൂരാദീ മണിപ്രവാളേഷു ഭാഷാസംസ്കൃതയോർന്ന രസികജനരഞ്ജനസന്നാഹഃ. രസാഭാവാൽ. വ്യാധിചികിത്സാദി കഥനേ കോയം രസഃ" ഇത്യാദി ഭാഗം നോക്കുക.

യോഗാമൃതം എന്നൊരു പ്രാചീനഗ്രന്ഥം അച്ചടിപ്പിച്ചിട്ടുണ്ട്. ഭാഷാരീതി നോക്കിയാൽ, പ്രസ്തുത ഗ്രന്ഥം അതിപുരാതനമാണെന്നു കാണാം.

"ചെല്ലൂരാവാസി ഭദ്രം പ്രദിശതു സശിവം ധാമമേ ഞാൻ ചുരുക്കി
ചൊല്ലീടുന്നേൻ ചികിത്സാസരണി ചിലർ ധരിപ്പാൻ ഭിഷഗ്ബാലകാനാം
കൊള്ളാമെന്നോർത്തു കൈക്കൊണ്ടരുളുക ഭിഷജോ വീക്ഷ്യ യോഗാമൃതം തൽ
കല്യാണമ്മൽ പ്രബന്ധം പുനരിഹതൊഴുതേനേഷ സത്ഭ്യോപി തേഭ്യഃ"

"പൂമാതൽ വീക്ഷ്യമാണം കലശജലനിധേർമ്മധ്യമാനാല്പുറപ്പെ-
ട്ടാമോദോർല്ലോലകല്ലോലജ ജലകണമേറ്റേറ്റു വിഭ്രാജമാനം
ഹേമാലങ്കാരകാന്താരഗമിത തൊഴുതേന്ധാമധന്വന്തരന്തൽ
ക്ഷൌമാബദ്ധോത്തമാംഗം കരലസദരിശംഖാഗ്ര്യപീയൂഷകുംഭം"

"ആലത്തൂരാദിമണിപ്രവാള"ങ്ങളിൽ ഒന്ന് ഈ യോഗാമൃതമായിരിക്കണം. അതിന്റെ ഗ്രന്ഥകർത്താവ് പൊന്നാനിത്താലൂക്കിൽ ആലത്തൂർ നമ്പി എന്നു വിഖ്യാതനായ അഷ്ടവൈദ്യന്മാരിൽ ഒരാൾ ആണെന്ന് 'ഹേമാലങ്കാരകാന്തരഗമിത തൊഴുതേൻ ധാമധാന്വന്തരം' എന്ന സ്തുതിയിൽ നിന്നു ഗ്രഹിക്കാം. ഭാഷാചരിത്രകർത്താവ് ഒരു യോഗാമൃതത്തെപ്പറഞ്ഞു കാണുന്നുണ്ട്. അതു ഏതു് ഗ്രന്ഥമാണെന്ന് അറിഞ്ഞുകൂടാ.

"യോഗാമൃതം എന്നൊരു വൈദ്യഗ്രന്ഥം ഉണ്ട്. ഇതിൽ ലോഹാദികളേയും രത്നങ്ങളേയും ഭസ്മിച്ച് എടുക്കുന്ന സമ്പ്രദായം പറയുന്നു. ഇതിൽ ചില ശ്ലോകങ്ങൾ സംസ്കൃതമായിട്ടും ചിലതു ഭാഷയായിട്ടും കാണുന്നു. ഗ്രന്ഥകർത്താവിനെ അറിയുന്നില. തൃപ്പറയാറ്റുകാരൻ ഒരു നമ്പൂരിയാണെന്നു അറിയുന്നുണ്ട്. ഇടയ്ക്കു ഗദ്യവുമുണ്ട്."—ഭാഷാചരിത്രം.

ആലത്തൂർ മണിപ്രവാളത്തിന്റെ സ്വഭാവം അറിവാനായി ഒന്നരണ്ടു പദ്യങ്ങൾ ഉദ്ധരിക്കാം.

"ഉണ്ടായാലൊട്ടുബോധംപരുകുക ചെറുതാംപഞ്ചമൂലീകഷായം
കൊള്ളൂ കമ്മേമ്പൊടീം ക്ഷീരബലപരുകുകനൽപാലക്കുറുന്തോട്ടിയൂഷം
രണ്ടുരക്വാഥയുക്തേ പയിസിതു നവിരച്ചോർക്കിഴിം മുക്കി മുക്കി
ക്കണ്ടേടം മെയ്യിലൊപ്പീടുക കരുതി മരുന്മർദ്ദനം തേക്കതൈലം"

"പാവട്ട തന്നിലയരിഞ്ഞു നിശാ കിഴിഭ്യാം
കാച്ചീടിൽ നന്നു ഗുദകീലകമായരോഗേ
ഹൈംഗ്വഷ്ടകം പൊടി ച പാതി ശിവാത്രിവൃൽക്കം
ച്ചൂടുള്ള മോരോടു പിബേദപി ശുദ്ധിഹേതോഃ"

ഈ കൃതിയിൽ 'സന്ദർഭേ സംസ്കൃതീകൃതാച' എന്ന വിധിയനുസരിച്ചുള്ള പ്രയോഗങ്ങളും ഒട്ടു വളരെ പ്രാചീനപദങ്ങളും കാണുന്നുണ്ട്. അന്നത്തേ ഗദ്യരീതി കാണിപ്പാനായി ഒന്നരണ്ടു വരികൾകൂടി ചേർക്കുന്നു.

"ഏതാനുമൊന്നേറ്റു എല്ല പൊളികതാൻ, ഒടികതാൻ ചെയ്താൽ എണ്ണ തട്ടായ്ക ... ... ... ... ... ഇളഞ്ഞിൽ തൊലിയും നവരയരിയും വരട്ടു തേങ്ങാപ്പാലിലരച്ചു മരുന്നോളം വെണ്ണയിൽ ചാലിച്ചു തേക്കഃ സ്വല്പം പൊറുത്താൽ അമുക്കരവും ചെഞ്ചലീയവും പൊടിച്ചു കൂട്ടിക്കൊൾക."

സഹസ്രയോഗത്തിനും ഗുണപാഠത്തിനും ഇത്രത്തോളം പഴക്കം ഇല്ല.

മറ്റു ശാസ്ത്രങ്ങളിലും അന്നത്തെ കേരളീയർ വിശാലമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. തൽഫലമായി അനേകം ഭാഷാശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുമുണ്ട്. അവയെപ്പറ്റി പ്രതിപാദിക്കേണ്ട ചുമതല സാഹിത്യചരിത്രകാരന് ഇല്ലാത്തതിനാൽ, പ്രകരണാന്തരത്തിലേക്കു പ്രവേശിച്ചുകൊള്ളുന്നു.

## 20 ലീലാതിലകം

ഇത് കേരളഭാഷാശാസ്ത്രവിഷയമായി സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള ഒരു പ്രചീനഗ്രന്ഥമാണ്. അതിനെ എട്ടു ശില്പങ്ങളായി വിഭജിച്ച്, ഒന്നാമത്തതിൽ മണിപ്രവാളലക്ഷണം, മണിപ്രവാളവിഭാഗങ്ങൾ മുതലായവയേയും, രണ്ടാമത്തേയും മൂന്നാമത്തേയും ശില്പങ്ങളിൽ വ്യാകരണനിയമങ്ങളേയും, നാലാമത്തേതിൽ കാവ്യദോഷങ്ങളേയും, അഞ്ചാമത്തേതിൽ കാവ്യഗുണങ്ങളേയും, ആറാമത്തേതിൽ ശബ്ദാലങ്കാരങ്ങളേയും, ഏഴാമത്തേതിൽ അർത്ഥാലങ്കാരങ്ങളേയും, എട്ടാമത്തേതിൽ രസങ്ങളേയും വിവരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥത്തേയും അതിന്റെ വൃത്തിയേയും ഒരു മനോഹരമായ ഭാഷാനുവാദത്തോടും പ്രൗഢമായ അവതാരികയോടും കൂടി ആറ്റൂർ കൃഷ്ണപ്പിഷാരടി അവർ

കൾ പ്രസാധനം ചെയ്തിട്ടുണ്ട്. കേരളഭാഷയുടെ ഉല്പത്തിവികാസങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുന്നവർക്ക് ലീലാതിലകം പോലെ വിലയേറിയതായ മറ്റൊരു ഗ്രന്ഥവും ഇല്ല.

## 21 ഗ്രന്ഥകാരൻ

ഗ്രന്ഥകാരനെപ്പറ്റി യാതൊരു വിവരവും ഇതേവരെ ലഭിച്ചിട്ടില്ല. അദ്ദേഹം ഒരു മികച്ച പണ്ഡിതനായിരുന്നു എന്നു നിസ്സംശയം പറയാം. സൂത്രകാരനും വൃത്തികാരനും ഒരാളാണെങ്കിൽ ചില അഭ്യൂഹങ്ങൾക്കു വഴിയുണ്ട്. എന്നാൽ ആചാര്യൻ വൃത്തികാരനിൽനിന്നു ഭിന്നനായിരുന്നുവെന്നാണ് പ്രൊഫസ്സർ ഏ. ആർ രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അഭിപ്രായപ്പെട്ടിട്ടുള്ളത്. “പാട്ടിന്റെ ലക്ഷണം കാണിക്കുന്ന സൂത്രത്തെ ‘അഥ പാട്ടപിഭാഷാസംസ്കൃതയോഗോ ഭവരീത്യാശം കായാം സൂത്രം’ എന്നാണ് മൂലത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ അവതാരികയുടെ സമ്പ്രദായം തന്നെ സൂത്രകാരൻ മറ്റൊരാചാര്യനാണെന്നു ധാരാളം കാണിക്കുന്നുണ്ട്.” എന്നിങ്ങനെ ലീലാതിലകപ്രസാധകനും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ചാഞ്ഞുനില്ക്കുന്നു. ഇങ്ങനെ രണ്ടു വന്ദ്യഗുരുഭൂതന്മാർ ഒരേ അഭിപ്രായക്കാരായിരിക്കേ, അതിനെ അപ്പാടെ സ്വീകരിക്കാവുന്നതാണെങ്കിലും, അതിനു സാധകമായോ ബാധകമായോ വല്ല ലക്ഷ്യങ്ങളും ഈ ഗ്രന്ഥത്തിലുണ്ടോ എന്നു നോക്കാതെ വിടാൻ മനസ്സ് അനുവദിക്കുന്നില്ല.

> “പാലോടുതുല്യരുചിമൌലിയിലുല്ലസിക്കും
> ബാലേന്ദുമന്ദമൃദുലസ്മിതവെണ്ണിലാവ്
> കോലിന്റെ പൂർണ്ണകരുണാകലദൃഷ്ടി വാചാ–
> മൂലം തെളിഞ്ഞു മമ ചേതസി തോന്റവേണ്ടും”

എന്ന മംഗളാചരണപദ്യത്തോടുകൂടിയാണ് ആചാര്യൻ പ്രഥമസൂത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ വൃത്തികാരനാകട്ടെ, മംഗളാചരണമോ ഗ്രന്ഥകൃൽപ്രശംസയോ ചെയ്യാതെ, നേരെ ‘ഭാഷാസംസ്കൃതയോഗാ മണിപ്രവാളം’ എന്ന സൂത്രത്തിന്റെ വൃത്തിയിലേക്കു കടക്കുന്നു. സൂത്രകാരനിൽ നിന്ന് വൃത്തികാരൻ ഭിന്നനായിരുന്നെങ്കിൽ, അങ്ങനെ വരുമായിരുന്നില്ല. പാണിനിമഹർഷിയെപ്പോലെ നമ്മുടെ ആചാര്യനും ഏതാനും സൂത്രങ്ങളെ നിർമ്മിച്ചിട്ട് കൃതകൃത്യത പൂണ്ട് സ്വസ്ഥമായിരുന്നുകളഞ്ഞുവെന്ന് വിചാരിക്കുന്ന കാര്യം കുറെ പ്രയാസവുമാകുന്നു. മലയാളത്തിന്റെയും സംസ്കൃതത്തിന്റെയും നില രണ്ടും രണ്ടാണല്ലോ. ലീലാതിലകത്തിലെ ചില സൂത്രങ്ങളെ അതു നിർമ്മിച്ച ആചാര്യർ തന്നെ സ്പഷ്ടമാക്കാതിരുന്നെങ്കിൽ, അതുകൊണ്ട് പില്ക്കാലത്തുള്ളവർക്ക് വല്ല ഉപയോഗവും ഉണ്ടാകുമായിരുന്നോ എന്ന സംഗതി സംശയാസ്പദമാണ്. പാട്ടിന്റെ ലക്ഷണത്തെ അവതരിപ്പിച്ചിരിക്കുന്ന രീതികൊണ്ട് ഗ്രന്ഥകാരനും വൃത്തികാരനും രണ്ടുപേരായിരിക്കണമെന്നില്ല. കാവ്യപ്രകാശം എന്ന അലങ്കാരഗ്രന്ഥത്തിന്റെ സൂത്രകാരനും വൃത്തികാരനും

മമ്മടാചാര്യർ ആയിരുന്നിട്ടും 'ഗ്രന്ഥാരംഭ വിഘ്നവിഘാതായ സമുചിതേഷ്ടദേവതാം ഗ്രന്ഥകൃൽ പരാമർശതി' എന്നിങ്ങനെ ആണല്ലോ മംഗളാചരമരൂപമായ പ്രഥമ ശ്ലോകത്തെ അവതരിപ്പിച്ചിരിക്കുന്നത്.

ഗ്രന്ഥകാരനു വിട്ടുപോയിട്ടുള്ള ഏതെങ്കിലും ഭാഗത്തെ പൂരിപ്പിക്കയോ ഭിന്നാഭിപ്രായങ്ങൾ ഏതെങ്കിലും ആവിഷ്കരിക്കയോ വൃത്തികാരൻ ചെയ്തിട്ടില്ലതാനും. ഏതൽക്കാരണങ്ങളാൽ, സൂത്രവും വൃത്തിയും ഒരാൾ തന്നെ രചിച്ചതായിരിക്കാനാണ് സാംഗത്യം.

ഈ അഭ്യൂഹം അസംഗതമല്ലെങ്കിൽ ഗ്രന്ഥകാരന്റെ കാലദേശാദികളെപ്പറ്റി ചില അനുമാനങ്ങൾക്കു വഴിയുണ്ട്. അദ്ദേഹത്തിനു കേരളത്തിലെ മിക്ക ദേശങ്ങളും പരിചിതമായിരുന്നെങ്കിലും ഗ്രന്ഥത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള പദ്യങ്ങളിൽ അധികഭാഗവും തെക്കൻദിക്കുകളിലുണ്ടായവയാണെന്നു തോന്നുന്നു. ഉദാത്തം മുതലായ അലങ്കാരങ്ങളേയും, വീരം മുതലായ രസങ്ങളേയും ഉദാഹരിക്കുന്ന ഘട്ടങ്ങളിൽ അലങ്കാരഗ്രന്ഥകൃത്തുകൾ തങ്ങളുടെ രാജാക്കന്മാരെയും രാജകുലത്തെയും പ്രശംസിക്കുകയാണു പതിവ്. ലീലാതിലകകാരൻ, ഗ്രന്ഥത്തിന്റെ പലേ ഭാഗങ്ങളിലായി കോളംബരാജവംശത്തേയും കോളംബാധിപതിയായിരുന്ന വീരമാർത്താണ്ഡനേയും ആണ് സ്തുതിച്ചുകാണുന്നത്.

"എണ്ണിക്കൊൾവാനരിയഗുണവാനെണ്മർചാമന്തരെന്നും
താരാശ്രേണീനടുവിൽ മറവില്ലാതതാരാമണാളഃ
മാറ്റാരെന്നും കുഴമിയ പതംഗാനലോദ്ഭൂൽ പുരേസ്മിൻ
കോളംബാംഭോരുഹദിനമണിഃ കോതമാർത്താണ്ഡ പണ്ട്"

എന്നിങ്ങനെ ഒരു പദ്യത്തിൽ, കൊല്ലം രാജവംശത്തെപ്പറ്റി കോതമാർത്താണ്ഡനോടു പറയുന്നു. ആ വീരമാർത്താണ്ഡന്റെ ഔദാര്യാതിശയത്തെ,

"ഇഹ ജലനിധിയെ താൻ വിണ്ണിലാക്കീപ്പിതാർത്ഥം
സകലമപി കൊടുപ്പാനുള്ള ചാതുര്യശാലീ
ക്ഷിതിസുരനിവഹാനാം വീരമാർത്താണ്ഡ, നീയേ
പടുരഭിമതമെല്ലോ മറ്റു തോറ്റീടുവാനായ്"

എന്നും,

"ദാരും ഭവാനിരവലർക്കഭിവാഞ്ഛിതാനാം
മാർത്താണ്ഡവർമ്മ വെറുതേ ബഹുകല്പവൃക്ഷം
നിൻകീർത്തിപോന്നിഹ പരന്നിതു മന്നിലെങ്ങു–
മെന്തൊന്റു വേണ്ടിയിനിനാൾമതി വെണ്ണിലാവ്"

എന്നും,

"തസ്മിൻ കാലേ ഭുവി യദുശിശോർജന്മമാകിന്റ മാധ്വീം
പീത്വം മത്തോ ദ്വിജപരിഷദാമർത്ഥിനാം ചേതരേഷാം
കയ്നോവോളം കഥമപി ധനംകൊണ്ടു തർപ്പിച്ചു കാമം
കോരിക്കൊൾകെന്റടനരുളിനാൻകോതമാർത്താണ്ഡവീരഃ"

എന്നും വർണ്ണിച്ചിരിക്കുന്നു.

രൌദ്രവീരഭയാനകാദിരസങ്ങൾക്ക് ഉദാഹരണങ്ങളായി ഉദ്ധരിച്ചിരിക്കുന്ന പദ്യങ്ങളും കൊല്ലം രാജാവായിരുന്ന രവിവർമ്മചക്രവർത്തിയേയും അദ്ദേഹത്തിന്റെ ശ്വശുരനായിരുന്ന വിക്രമപാണ്ഡ്യനേയും വർണ്ണിക്കുന്നവയാണ്. ഇക്കാരണങ്ങളാൽ കവി വിരമാർത്താണ്ഡവർമ്മ രാജാവിന്റെ സദസ്യനോ സമകാലികനോ ആയിരിക്കാമെന്ന് ഊഹിക്കാം.

കൊല്ലം രാജാവും കേരളചക്രവർത്തിയും ആയിരുന്ന രവിവർമ്മകുലശേഖരപ്പെരുമാളുടെ കാലശേഷം അദ്ദേഹത്തിന്റെ അനുജനായിരുന്ന ആദിത്യവർമ്മയും അതിനുശേഷം ശ്രീവീരമാർത്താണ്ഡവർമ്മയും ആണ് രാജ്യം ഭരിച്ചതു്. രവിവർമ്മ കുലശേഖരപ്പെരുമാളുടെ കാലം നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ആദിത്യവർമ്മ കൊ. വ. 508-മുതൽ 516-വരെ നാടു വാണതായി സ്റ്റേറ്റുമാനുവലിൽ പറഞ്ഞിരിക്കുന്നു. ശ്രീപത്മനാഭക്ഷേത്രക്കണക്കുകളിൽ കൊ. വ. 511-മകരം 7-ാനു ശ്രീവീരമാർത്താണ്ഡവർമ്മ ദേശിങ്ങനാടു മൂത്ത പണ്ടാരത്തിൽ പൂപ്പള്ളിസ്ഥാനത്തിനു നീട്ടു കൊടുത്തതിനെ രേഖപ്പെടുത്തീട്ടുമുണ്ട്. രവിവർമ്മ ചക്രവർത്തിയുടെ കാലശേഷം, തൃപ്പാപ്പൂർ മൂപ്പായിയിരുന്ന ആദിത്യവർമ്മ രാജ്യഭാരം കൈയേറ്റപ്പോൾ, വീരമാർത്താണ്ഡവർമ്മയ്ക്കു് ദേശിങ്ങനാടു മൂപ്പുസ്ഥാനം ലഭിച്ചു. കൊല്ലവർഷം 516-ൽ ആദിത്യവർമ്മ നാടുനീങ്ങിയപ്പോൾ, മാർത്താണ്ഡവർമ്മ രാജാവു് വേണാടു മൂത്ത തിരുവടിയായി രാജ്യഭാരം തുടങ്ങി. അദ്ദേഹം പരമധർമ്മിഷ്ഠനായിരുന്നു എന്ന് പല ശാസനങ്ങളിൽനിന്നും തെളിയുന്നു. 518 മിഥുനം 23-ലെ കുരണ്ടിലേഖനത്തിൽനിന്ന്, വിദേശിയർ പോലും അദ്ദേഹത്തിന്റെ ഔദാര്യത്തെ പുകൾത്തിവന്നുവെന്നു കാണാം.

നമ്മുടെ ഗ്രന്ഥകാരൻ രവിവർമ്മ ചക്രവർത്തിയുടെ കാലം മുതല്ക്കു് കൊല്ലം രാജാക്കന്മാരെ ആശ്രയിച്ചു ജീവിച്ചിരുന്ന ഒരു പണ്ഡിതാഗ്രണിയായിരിക്കണം. ഉണ്ണുനീലീസന്ദേശം എന്ന കാവ്യത്തിന്റെ കർത്താവും അദ്ദേഹമായിരുന്നു എന്നു വന്നുകൂടായ്കയില്ല.

ലീലാതിലകം തൽകർത്താവിന്റെ ബഹുമുഖമായ പാണ്ഡിത്യത്തിനു നിദർശകമായിരിക്കുന്നു. തമിഴിലും, സംസ്കൃതത്തിലും, കർണ്ണാടകം തെലുങ്കു തുടങ്ങിയ ഭാഷകളിലും അദ്ദേഹത്തിനു വിപുലമായ പരിജ്ഞാനമുണ്ടായിരുന്നു. ഒരു മികച്ച ദേശാഭിമാനി; ഭാഷാപ്രണയികളിൽ അഗ്രഗണ്യൻ; ഒന്നാംതരം താർക്കികൻ; സർവോപരി ഒരുത്തമ സാഹിത്യരസികൻ ഇങ്ങനേയാണ് പ്രസ്തുത ഗ്രന്ഥത്തിൽനിന്നും നാം

അതിന്റെ കർത്താവിനെപ്പറ്റി അറിയുന്നത്.[13]

ലീലാതിലകത്തിൽനിന്ന് അക്കാലത്തെ ഭാഷയെ സംബന്ധിച്ച പലതും ഗ്രഹിക്കാനുണ്ട്.

1. 'സന്ദർഭേ സംസ്കൃതീകൃതാച' എന്ന സൂത്രത്തിൽനിന്നും അക്കാലത്ത് കാവ്യാദി സന്ദർഭങ്ങളിൽ സംസ്കൃതീകൃതമായ ഭാഷാപദങ്ങൾ പ്രയോഗിക്കാറുണ്ടായിരുന്നെന്നു വ്യക്തമാകുന്നു.

   കൊങ്കയാ, നാഴിഭിഃ ഇത്യാദി ഉദാഹരണങ്ങൾ നോക്കുക.

2. 'ആദിതോഃ കേവലയോർവഃ തസ്യ ദ്വിത്വം വാ.'

ചുട്ടെഴുത്തുകളായ അ, ഇ, ഇവയിൽനിന്നു സ്വരം പരമായാൽ, വകാരമേ ആഗമമായി വരൂ; യകാരമല്ല. ആ വകാരത്തിനു ദ്വിത്വവും വരാം. ഉം. അവഴക്; അവ്വഴക്.

3. ഓർന്നിത്യം.

ഉവർണ്ണത്തിൽനിന്നു സ്വരം പരമായാൽ നിയമേന വകാരമേ വരുള്ളു.

4. ലോപോസ്യ ച.

സംവൃതോകാരത്തിനു സ്വരം പരമായാൽ ലോപം വരും. ഉം. പൊകിൻറുത്+അല്ലോ=പോകിൻറുതല്ലോ.

5. റുടോർദ്വിത്വം.

റ്, ട്, എന്നീ അക്ഷരങ്ങളിലെ ഉകാരത്തിനു ശേഷം സ്വരം വരുന്നതായാൽ ആ റകാരടകാരങ്ങൾക്കു സന്ധിയിൽ ദ്വിത്വം വരും. ഉം. ആറ്+അകം=ആററകം. നാട്+അകം=നാട്ടകം.

6. ഹലിനവിശേഷഃ

ഭാഷയിൽ, ങ, ട, ണ, ര, ല, ഴ, ള, റ, ഩ ഈ ഒമ്പതു വ്യഞ്ജനങ്ങൾ പദത്തിന്റെ ആരംഭത്തിൽ വരികയില്ല. അതുകൊണ്ട് ക, ച, ഞ, ത, ന, പ, മ, യ, വ ഈ ഒൻപതു വ്യഞ്ജനങ്ങൾ മാത്രമേ പദാദിയിൽ വരികയുള്ളു. അവ സ്വരങ്ങൾക്കു പിന്നിൽ വന്നാൽ വിശേഷിച്ച് ഒരു മാറ്റവും വരികയില്ല.

ഉം. ആന കാൺക

7. ഹ്രസ്വാദെതഃ കചതപാനാം ദ്വിത്വം.

എന്നാൽ, ഹ്രസ്വമായ എകാരത്തിനു പിന്നിൽ വരുന്ന കചതപങ്ങൾ ഇരട്ടിക്കും. ഉം. അതിനെ+കണ്ടു=അതിനെക്കണ്ടു.

---

[13] ഉണ്ണുനീലീസന്ദേശാദി മണിപ്രവാളകാവ്യങ്ങൾ ഇക്കാലത്ത് ആവിർഭവിച്ചതാണെങ്കിലും അത്തരം മറ്റു കാവ്യങ്ങളോടു ചേർത്ത് അവയെപ്പറ്റി അന്യത്ര പ്രതിപാദിച്ചിരിക്കുന്നു.

8. കേവലാഞ്ഞനമവാനാം ച.

സംസ്കൃതത്തിലെ കിംശബ്ദത്തിനോടു തുല്യാർത്ഥങ്ങളായ എ, ഏ ഇവയേയാണ് ഇവടെ കേവലം എന്നു പറഞ്ഞിരിക്കുന്നതു്. ഹ്രസ്വമായ കേവലത്തിനു ശേഷം വരുന്ന ഞനമവങ്ങളും ഇരട്ടിക്കും. എഞ്ഞാൻ, എമ്മരം ഇത്യാദി

9. ഏഭ്യാം ച.

തച്ഛബ്ദാർത്ഥകങ്ങളായ അ, ഇ എന്നിവയ്ക്കു ശേഷം വരുന്ന കചതപങ്ങളും ഞനമവങ്ങളും ഇരട്ടിക്കും.

ഉം. ഇഞ്ഞാൻ, ഇക്കാട്ട്, അപ്പുലി.

10. സമാസേ ചാഞാദീനാം.

സമാസത്തിൽ കേവലമല്ലാത്ത സ്വരങ്ങൾക്കു ശേഷമായാലും ഞനമവങ്ങളല്ലാത്ത സ്വരങ്ങൾ ഇരട്ടിക്കും.

ഉം. ആനക്കാട്ട്, വാഴപ്പാടം.

ഞനമവങ്ങളാണെങ്കിൽ ഇരട്ടിക്കയില്ല.

ഉം. മുറിഞ്ഞാൺ, ആനമണി, കിളിവാൽ.

11. ക്വചിദദാദിദ്ഭ്യഃ പഞ്ചമഃ

അ, ആ, ഇ, ഈ എന്നീ സ്വരങ്ങളാണെങ്കിൽ സമാസത്തിൽ ചിലപ്പോൾ കചതപയുടെ മുമ്പിൽ അതാതിന്റെ പഞ്ചമം ഇടയ്ക്കു വരും. ഉം. മാമ്പൂ, പുളിങ്കൊമ്പ്, പൂങ്കുല.

13. ണസ്തസ്യടഃ

ണകാരത്തിൽനിന്നു പരമായ തകാരം ടകാരമാകും. ഉം. മൺ + തീതു് = മണ്ടീതു്.

14. ളോ ണോ നേ, (15) ണോ നോ ണഃ

ഉകാരത്തിനു നകാരം പരമായാൽ ണകാരം ആദേശമായി വരും. ണകാരത്തിൽനിന്നു പരമായ നകാരത്തിന്നും ണകാരാദേശം വരും. മുൾ + നന്റ് എന്നതു് മുൺ + നന്റ് എന്നായിട്ടു രണ്ടാമതു പറഞ്ഞിരിക്കുന്ന സൂത്രത്താൽ, മുൺ + ണന്റ് (മുണ്ണന്റ്) എന്നാകുന്നു.

15. ദീർഖാണ്ണോ ണേ ലോപഃ

ദീർഘത്തിനു ശേഷമുള്ള ണകാരത്തിനു ണകാരം പരമായാൽ ലോപം വരും. ഉം. വാൾ + നാൾ = വാൺ + നാൾ = വാൺ + ണാൾ = വാണാൾ. അതുപോലെ തന്നെ താണു, നീണാൾ ഇത്യാദി.

16. അനേഭ്യശ്ച.

വകാരമല്ലാത്ത വ്യഞ്ജനങ്ങൾക്കുശേഷം സംവൃതം വരും.

ഉം. പാല് നന്റ്.

17. ഹ്രസ്വാല്ലളനണാനാം ദ്വിത്വം.

ഹ്രസ്വസ്വരത്തിൽനിന്നു പരമായ ലളനണങ്ങൾക്കു സംവൃതം പരമായ് വരും. അപ്പോൾ ലളനങ്ങൾ ഇരട്ടിക്കയും ചെയ്യും.

ഉം. കൽ + നാല് = കല്ല നാല്; പൊന്നു കണ്ടു.

18. ഏഴ് ശബ്ദസ്യാദേഃ ഹ്രസ്വശ്ച.

ഏഴ് എന്ന ശബ്ദത്തിനു കാദികൾ പരമായാൽ ഏകാരം ഹ്രസ്വമാകും.

ഉം. ഏഴ്കഴഞ്ച്, എഴ്നാഴി ഇത്യാദി.

19. ലണയോഃ കചപേഷു റഃ

ല, ണ ഇവയ്ക്കു കചപങ്ങൾ പരങ്ങളായ്‌വരുമ്പോൾ റകാരാദേശം വരും.

ഉം. കൽ + കുളം = കർക്കുളം.

പൊൻ + ചില = പൊർച്ചില

20. തേസ്യച.

ലണങ്ങൾക്കു തകാരം പരമായാൽ ആ തകാരവും ലണങ്ങളും റകാരമാകും.

ഉം. കാൽ + താളം = കാററാളം.

പൊൻ + താമര = പൊററാമര

21. ലോ ണഃ പഞ്ചമേഷു.

ലകാരത്തിനു പഞ്ചമങ്ങൾ പരമാവുമ്പോൾ ണകാരാദേശം വരും.

ഉം. കൽ + ഞെറി = കണ്ണെറി, വിന്നീളം, നെന്മുള.

22. ശേഷം പ്രയോഗാൽ ജ്ഞേയം.

| | |
|---|---|
| പുതിയ ചൂത് | പുതച്ചൂത്. |
| നെടിയ കമുക് = | നെട്ടക്കമുക്. / നെട്ടങ്കമുക്. |
| മുൻറ് + ആറ് = | മുവ്വാറ്. |
| പന്തിരണ്ട് അടി = | പന്തീരടി. |
| മുടന്ത + തേങ്ങ = | മുടന്തേങ്ങ. |
| കന്നിൻ + കാൽ = | കററുകാൽ. |
| ഇരുപത് + അടി = | ഇരുപതിററടി. |

ഈ കാലങ്ങളിലെ വട്ടെഴുത്തുകോലെഴുത്തുകളുടെ ‘വടിവു്’ കാണിക്കാനായി ഓരോ പുരാതനലേഖനങ്ങൾ കൂടി ഇവിടെ ചേർക്കുന്നു.

## — 1.9 —

## കേരളീയചരിതം (1400–1600)

പതിന്നാലാംശതകം മുതൽക്കുള്ള കേരളീയ ചരിത്രത്തെപ്പറ്റി പലതും വിദേശീയസഞ്ചാരികളുടെ സഞ്ചാരകഥകളിൽ നിന്നു നമുക്കു ഗ്രഹിക്കാം. 1324-ൽ കൊല്ലത്തു വന്നടുത്ത ജോർഡാനസ് എന്ന പാതിരി അന്നത്തെ മരുമക്കത്തായ നിയമത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്. അദ്ദേഹം, പിന്നീട് കൊല്ലത്തെ ബിഷപ്പായിത്തീർന്നു. കൊല്ലത്തെ രാജാവു് ഒരു നായർ ലിംഗായതനായിരുന്നെന്നും, കൊല്ലം നഗരത്തിലെ വാണിജ്യസമ്പത്ത് അദ്ദേഹത്തിനെ വളരെ പ്രബലനാക്കിത്തീർത്തുവെന്നും, ഈ പാതിരി രേഖപ്പെടുത്തിയിരിക്കുന്നു. മിറാബിലിയാ ഡിസ്ക്രിപ്ഷ്യാ, എന്ന ഗ്രന്ഥത്തിൽ അദ്ദേഹം, കേരളീയ രാജാക്കന്മാരുടെ സമഭാവനയേയും ശാന്തതയേയും നാട്ടുകാരുടെ സ്വഭാവഗുണങ്ങളേയും വാഴ്ത്തീട്ടുണ്ട്. അദ്ദേഹം പറയുന്നു:–

"ജനങ്ങൾ ആഹാരത്തിൽ ശുചിയുള്ളവരും, സത്യവാദികളും, നീതിനിഷ്ഠന്മാരും, പുരാതനകാലം മുതല്ക്കേ ഓരോരുത്തനും അവനവന്റെ സാമുദായികസ്ഥിതിക്കനുരൂപമായി സിദ്ധിച്ചിട്ടുള്ള അവകാശങ്ങളെ ശ്രദ്ധാപൂർവ്വം പരിപാലിക്കുന്നവരും ആകുന്നു."

മലയാളത്തിലെ വൈദ്യന്മാരെയും ജ്യോതിശ്ശാസ്ത്രജ്ഞന്മാരെയും അദ്ദേഹം വളരെ പ്രശംസിച്ചിട്ടുണ്ട്. പോർത്തുഗീസ് ഇൻഡ്യയുടെ ചരിത്രകാരനായ ഗാസ്പർ കൊറിയ, പോർത്തുഗീസുകാരുടെ വരവിനു മുന്നൂറോ നാന്നൂറോ വർഷങ്ങൾക്കു മുമ്പുതന്നെ പാശ്ചാത്യരുടെ വരവിനെപ്പറ്റിയും അവർക്ക് ഇൻഡ്യയിലുണ്ടാവാനിരിക്കുന്ന ആധിപത്യത്തെപ്പറ്റിയും ദീർഘദർശനം ചെയ്ത് ഓലയിൽ എഴുതിവച്ചിരുന്ന ഒരു കണിയാനെപ്പറ്റി രേഖപ്പെടുത്തിക്കാണുന്നു. മുഹമ്മദ് ടാഗ്ലക് എന്ന ഡൽഹി ചക്രവർത്തിയുടെ കൊട്ടാരത്തിലെ ന്യായാധിപതിയായിരുന്ന ഇബിൻ ബറ്റൂറ്റ, സാമൂതിരിയുടെ അതിഥിയായി കോഴിക്കോട്ട് അല്പകാലം താമസിച്ചിരുന്നു. അദ്ദേഹം കൊല്ലത്തെപ്പറ്റിയും, അന്നത്തെ രാജാവിന്റെ നീതിനിഷ്ഠയെപ്പറ്റിയും ഭംഗിയായി വർണ്ണിച്ചിട്ടുണ്ട്.

"ഞാൻ കൊല്ലത്തു താമസിക്കുന്ന കാലത്ത്, ധനികനും പ്രബലനുമായ ഒരു പാരസികവില്ലാളി തന്റെ കൂട്ടുകാരിൽ ഒരുവനെ കൊന്നിട്ടു്, ഒരു 'അലവഡ്ജി' യുടെ

ഗൃഹത്തിൽ അഭയം പ്രാപിച്ചു. മൃതശരീരത്തെ സംസ്കരിക്കുന്നതിനായി മഹമ്മദീയർ ആവശ്യപ്പെട്ടു. എന്നാൽ കുറ്റക്കാരനെ കണ്ടുപിടിച്ച് യഥോചിതം ശിക്ഷ നൽകുന്നതുവരെ അതിനു രാജാവിന്റെ ഉദ്യോഗസ്ഥന്മാർ അനുവദിച്ചില്ല. അവർ ആ മൃതശരീരത്തെ കെട്ടിയെടുപ്പിച്ച്, അലവെജ്ജിയുടെ വാതുക്കൽ ഇട്ടിരുന്നു. അതു ചീഞ്ഞ് ദുർഗന്ധം ദുസ്സഹമായിത്തീർന്നപ്പോൾ, അയാൾ അപരാധിയെ രാജഭൃത്യന്മാരുടെ പക്കൽ ഏല്പിച്ചു. ഒരു നല്ല തുക കൈക്കൂലി കൊടുക്കാമെന്നു പറഞ്ഞിട്ടും അതു സ്വീകരിക്കാതെ, അവർ മുറയ്ക്കു വിചാരണ നടത്തി, അവനു മരണശിക്ഷ നൽകി. മൃതശരീരത്തെ പിന്നീടു ദഹിപ്പിച്ചു."

മലബാറിന്റെ ഒരു വിവരണം അദ്ദേഹം ചേർത്തിട്ടുള്ളതു രസാവഹമായിരിക്കുന്നു.

"ഞങ്ങൾ പിന്നീട് കുരുമുളകുരാജ്യമായ മലബാറിന്റ തീരത്തിൽ വന്നുചേർന്നു സിന്ദബർമുതൽ കൌലംവരെ രണ്ടുമാസത്തെ യാത്രയുണ്ട്. സ്ഥലമാർഗ്ഗം മുഴവനും സാന്ദ്രവൃക്ഷ സച്ഛയമായിരിക്കുന്നു. അര മൈൽ ഇടവിട്ട് മരംകൊണ്ടുണ്ടാക്കിയ ഓരോ അതിഥിമന്ദിരം കാണും. ഓരോ അതിഥിമന്ദിരത്തിലും മുസ്ലിങ്ങളോ അവിശ്വാസികളോ ആയ അതിഥികൾക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന അനേകം മുറികൾ ഉണ്ടായിരിക്കും. ഇത്തരം വഴിയമ്പലങ്ങളിലെല്ലാം, യാത്രക്കാരുടെ ഉപയോഗത്തിനായി കിണർകൾ കെട്ടിച്ചിട്ടുണ്ട്. അവിശ്വാസികൾക്കു ജലം പാത്രത്തിലും മുസ്ലിങ്ങൾക്കു കൈയിലും ഒഴിച്ചുകൊടുക്കും. മുസ്ലിങ്ങളെ അവർ പാത്രം തൊടീക്കയോ ഗൃഹത്തിനുള്ളിൽ കയറാൻ അനുവദിക്കയോ ചെയ്കയില്ല. ആ പാത്രങ്ങളിൽ ഒന്നിൽനിന്നും ഏതെങ്കിലും മുഹമ്മദീയൻ ആഹാരം കഴിച്ചുപോയാൽ, അതിനെ അവർ ഉടച്ചുകളയും. മിക്കതറകളിലും മുസ്ലിംവ്യാപാരികളുണ്ട്. അവരോട് ജനങ്ങൾക്കു ബഹുമാനവുമാണ്. മുസ്ലിങ്ങൾ ഉള്ള ദിക്കുകളിൽ വിദേശീയരായ മുസ്ലിം വ്യാപാരികൾക്ക് അവരോടുകൂടി പാർക്കാൻ സൗകര്യമുണ്ട്. മഹമ്മദീയരില്ലാത്തിടത്ത് അവിശ്വാസികൾ ആഹാരം പാകംചെയ്ത് വാഴയിലയിൽ വിളമ്പിക്കൊടുക്കും. ഉച്ഛിഷ്ടത്തെ നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നു. ഈ രണ്ടുമാസത്തെ സ്ഥലമാർഗ്ഗത്തിൽ കൃഷി ചെയ്യാതെ ഒരു ചാൺ ഭൂമിയില്ല. ഇവിടെ എല്ലാവർക്കും ഓരോ പുരയിടമെങ്കിലും ഉണ്ടായിരിക്കും. അതിന്റെ നടുക്കായിരിക്കും ഗൃഹം നില്ക്കുന്നത്. പുരയിടങ്ങളെ മരവേലികൊണ്ടു വേർതിരിച്ചിരിക്കും. മൃഗങ്ങളുടെ പുറത്തുകേറി ഇവിടങ്ങളിൽ ആരും സഞ്ചരിക്കാറില്ല. ഒരിടത്തും കുതിരകളെ കാണ്മാനില്ല. രാജാക്കന്മാർ മാത്രം കുതിരപ്പുറത്തു സവാരി ചെയ്യുന്നു. കച്ചവടക്കാർ സാമാനങ്ങളെ കൂലിക്കാരെക്കൊണ്ടു ചുമപ്പിച്ചു കൊണ്ടുപോകുന്നു."

"കള്ളന്മാരെ ഈ ദിക്കുകളിൽ എങ്ങും കാണാൻ കിട്ടുകയില്ല. മരത്തിൽനിന്ന് ഒരു കായ് വീണാൽ, ഉടമസ്ഥൻ വരുന്നതുവരെ അത് അവിടെത്തന്നെ കിടക്കും. മറ്റാരും തൊടുകപോലും ചെയ്കയില്ല."

"മലബാറിൽ പന്ത്രണ്ടു നാട്ടുവാഴികളുണ്ട്. അവർക്ക് അയ്യായിരം മുതൽ പതിനയ്യായിരംവരെ ഭടന്മാർ ഉണ്ടായിരിക്കും."

“സഹോദരിയുടെ പുത്രന്മാർക്കാണ് രാജ്യാവകാശം.”

പതിന്നാലാംശതകത്തിന്റെ ആരംഭത്തിൽ, ചോളപാണ്ഡ്യരാജാക്കന്മാരുടെ ശക്തി, മഹമ്മദീയരുടെ ആക്രമണംനിമിത്തം ക്ഷയിച്ചു. എന്നാൽ വിജയനഗരം എന്നൊരു പുതിയ ഹിന്ദുരാജ്യം സ്ഥാപിക്കപ്പെട്ടു. അത് ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവന്നു.

കേരളത്തിൽ, മഹമ്മദീയരുടെ ആക്രമണം പറയത്തക്കവണ്ണം ഒന്നും ഉണ്ടായില്ലെങ്കിലും, കച്ചവടം മുഴുവനും അവരുടെ കൈയിൽ അകപ്പെട്ടു. കോഴിക്കോട്ടു സാമൂതിരിക്ക് മഹമ്മദീയ വ്യാപാരികളോടുണ്ടായിരുന്ന പക്ഷപാതം നിമിത്തം, ഏതൽകാലപര്യന്തം കേരളവുമായി കച്ചവടം നടത്തിക്കൊണ്ടിരുന്ന ചീനക്കാർ പിണങ്ങിപ്പിരിഞ്ഞു.

1409-ൽ കൊച്ചിയെ സന്ദർശിച്ച മാഹ്വാൻ എന്ന വിദേശസഞ്ചാരി ഇപ്രകാരം എഴുതിയിരിക്കുന്നു:-

“രാജാവ് സൂര്യവംശജാതനും ബുദ്ധമതവിശ്വാസിയും ആണ്. അദ്ദേഹം ആനകളേയും പശുക്കളേയും പൂജിക്കുന്നു. എന്നും അതിരാവിലെ ബുദ്ധന്റെ വിഗ്രഹത്തെ ദർശിച്ചിട്ടേ മറ്റു കാര്യങ്ങൾ നോക്കു.”

⋆ ⋆ ⋆

“ജനങ്ങൾ അഞ്ചു വർഗ്ഗക്കാരാണ്. നായന്മാർ രാജാക്കന്മാരുടെ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. ഒന്നാമത്തെ വർഗ്ഗക്കാർ താടി വളർത്തുകയില്ല. തോളിന്മേൽ ഒരു ചരടു ധരിച്ചിരിക്കും. അവർ ഉൽകൃഷ്ടകുലജാതന്മാരായി ഗണിക്കപ്പെടുന്നു. രണ്ടാമത്തെ വർഗക്കാർ മഹമ്മദീയരാണ്. മൂന്നാമത്തെ ഇനക്കാർ വലിയ മുതലാളികളായ ചെട്ടികളാകുന്നു. നാലാമത്തവർ തരകുജോലി നടത്തുന്ന ‘കൊളിങ്ങ’ന്മാരും അഞ്ചാമത്തെ കൂട്ടർ ഏറ്റവും ദരിദ്രരായ മുക്കുവരും ആണ്.”

1514-ൽ മലബാർ സന്ദർശിച്ച ഡൂവാർട്ട് ബാർബോസായിൽനിന്നും കൊല്ലം, പുറക്കാട്ട്, കായംകുളം, കൊച്ചി മുതലായ നഗരങ്ങളെപ്പറ്റി പല വിവരങ്ങൾ നമുക്കു ഗ്രഹിക്കാം. അന്നും തിരുവിതാംകൂർ രാജാവിനെ വേണാട്ടടികൾ എന്നു തന്നെയാണ് വിളിച്ചുവന്നത്. കൊല്ലമായിരുന്നു രാജാവിന്റെ തലസ്ഥാനം. കൊല്ലത്തെ രാജാവിനെ ബോടെദെരി എന്നു വിളിച്ചുവന്നതായി ബാർബോസാ പറഞ്ഞിട്ടുണ്ട്. ബാർബോസായുടെ അഭിപ്രായങ്ങളിൽ ചിലത് ഭ്രാന്തിമൂലകങ്ങളാണെങ്കിലും, അദ്ദേഹത്തിന് കേരളത്തെയും കേരളീയാചാരങ്ങളേയും പറ്റി വിപുലമായ ജ്ഞാനമുണ്ടായിരുന്നു എന്ന് നിസ്സംശയം പറയാം.

ഏതൽക്കാലിക കേരളചരിത്രത്തിൽ നാം പ്രധാനമായിക്കാണുന്നത്, പുരോഹിതശക്തിയും രാജശക്തിയും തമ്മിലുള്ള ബലപരീക്ഷയാണ്. ഇങ്ങനെ ഒരു കാലഘട്ടം എല്ലാ പരിഷ്കൃതരാജ്യങ്ങളുടെ ചരിത്രങ്ങളിലും കാണുന്നുണ്ട്. എല്ലായിടത്തും രാജശക്തിതന്നെ ജയിച്ചതായും നാം കാണുന്നു. കൊല്ലവർഷാരംഭം മുതല്ക്കേ

രാജാക്കന്മാർ പൌരോഹിത്യമഹാവ്യാളത്തിന്റെ വദനഗഹ്വരത്തിലേക്ക് അറിയാതെ പാഞ്ഞുകൊണ്ടാണിരുന്നത്. നാട്ടുകാരിൽ പലരും, രാജഭോഗം കൊടുക്കാനുള്ള മടികൊണ്ട് വസ്തുക്കൾ, ഏതെങ്കിലും ബ്രാഹ്മണജന്മിയുടെ പേരിൽ പതിപ്പിച്ചിട്ട്, അവരുടെ കുടിയായ്മയാകുന്ന ദുർഭരശിലാപിണ്ഡത്തെ തങ്ങളുടെ കഴുത്തിൽ കെട്ടിത്തൂക്കിത്തുടങ്ങി. രാജാക്കന്മാരും വലിയ ഭൂദാനങ്ങൾ ചെയ്തു ബ്രാഹ്മണശക്തിയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ബുദ്ധിമാന്മാരായ ബ്രാഹ്മണരാകട്ടേ തങ്ങൾക്കു ലഭിച്ച ഈ സാമുദായികസ്ഥിതിയെ നല്ലപോലെ ഉറപ്പിക്കുന്നതിനു വേണ്ടി അതാതു സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് തങ്ങളുടെ സ്വത്തിന്റെ ഒരു ഗണ്യമായ ഓഹരി ഈ ക്ഷേത്രങ്ങളിലേക്കു വിട്ടുകൊടുത്തിട്ട്, അവയുടെ ഊരായ്മസ്ഥാനം കൈയ്യേറ്റു. അതിനും പുറമേ, ക്ഷേത്രകാര്യങ്ങളുടെ നിർവ്വഹണത്തിനുവേണ്ടി ഓരോ യോഗവും സ്ഥാപിച്ചു. ഈ സ്ഥാപനം ബ്രാഹ്മണരുടെ ഏകയോഗക്ഷേമത്തിന് അത്യന്തം സഹായിച്ചുവെന്നു പറയേണ്ടതില്ലല്ലോ. ഇതിലൊന്നിലും അല്ല അവരുടെ ബുദ്ധിഗുണം സവിശേഷം സ്ഫുരിക്കുന്നത്. അവർ, ദേവസ്വം സ്വത്തുക്കളുടെ സംരക്ഷണാർത്ഥം രാജാക്കന്മാരെ രക്ഷാധികളായി നിയമിച്ച് അവരുടെ മേലും ഒരു അധികാരം ഉണ്ടെന്നു വരുത്തിവെച്ചു. ഈ ഏക സംഗതിയാണ് അവരുടെ വിജയ ഹേതുക്കളിൽ പ്രധാനമായുള്ളത്. രാജശക്തി ഇങ്ങനെ പുരോഹിതശക്തിക്കു കീഴടങ്ങിയതുമുതല്ക്ക് സങ്കേതാധികാരികൾ രാജാക്കന്മാരെപ്പോലും ഓരോരോ കുറ്റത്തിനു ശിക്ഷിച്ചു വന്നതായി ക്ഷേത്രവരികളിൽ നിന്നു ഗ്രഹിക്കാം.

"500 മിഥുനം 30-നു കുന്നിന്മേൽ ശ്രീവീരകേരളവർമ്മൻ തിരുവടി ദേശികളെ വെട്ടിക്കൊന്നതിന് എളുവെള്ളനാട്ടു നിലമയും പുറക്കോട്ടു നിലമയും മൂത്തറച്ചുറ്റിൽ നൂറ്റുപത്തേഴ വിരപ്പാട്ടു നിലവും വിട്ടുതന്നു. കരുവക്കേടിനു കെട്ടിവെച്ച പണം 30000" ശ്രീപത്മനാഭ ക്ഷേത്രവരി.[1] കൊ. വ. 13-നു എളങ്കുന്നപ്പുഴ ദേവസ്വം ഊരാളന്മാരും ദേശത്തു പ്രമാണികളും കൂടി ദേവസ്വം സങ്കേതത്തിലെ നടപടികളേയും മര്യാദകളേയും സംബന്ധിച്ചു വച്ചകച്ചീട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"സങ്കേതത്തിൽ ഉൾപ്പട്ട ദേശങ്ങളിൽ ആരെങ്കിലും വല്ല കുറ്റവും ചെയ്തു സങ്കേതം പിഴച്ചാൽ പറവൂര്, പെരിമ്പടപ്പ് എന്നീ രാജാക്കന്മാർ ഒരുമിച്ചു ക്ഷേത്രത്തിന്റെ വാതൽമാടത്തിങ്കൽ ചെന്ന് കുറ്റം ചെയ്തവനെ യഥാവിധി ശിക്ഷിപ്പിച്ചതിന്റെ ശേഷം കുറ്റക്കാരൻ ഏതു രാജാവിന്റെ പ്രജയാകുന്നുവോ ആ രാജാവു നടയിൽ ഒരു ആനയെ ഇരുത്തണം." ഇങ്ങനെ വേറെയും അനേകം രേഖകൾ കാണുന്നു.

ഈ ബ്രഹ്മക്ഷാത്രസമരത്തിന്റെ സ്വഭാവമറിയണമെങ്കിൽ കൊല്ലവർഷം മുതൽക്കുള്ള കേരളചരിത്രത്തെ അവധാനപൂർവം പരിശോധിക്കണം. കൊ. വ. ഒന്നാം ശതകത്തിൽ, നാം രാജ്യത്തിൽ ത്രിവിധിശക്തികളെ കാണുന്നു. രാജാവ്; നാട്ടുകൂട്ടം; ബ്രാഹ്മണയോഗം. ആദ്യമായി വേണാട്ടിലെ സ്ഥിതി നോക്കാം.

---

[1] കൊ. രാ. ച. ഒന്നാം ഭാഗം 195-ാം വശം.

കൊല്ലം ഒന്നാമാണ്ടു ചിങ്ങമാസം 5-ാം തീയതി കൂടിയ യോഗത്തിൽ ഈ മൂന്നു കൂട്ടരും പങ്കുകൊണ്ടിരുന്നു. രാജാവിന്റെ ശക്തി നാട്ടുകൂട്ടത്താൽ നിയന്ത്രിതമായിരുന്നു. വേണാട്ടിലെ എട്ടു തറകളുടെ കരനാഥന്മാരായിരുന്നു എട്ടുവീടർ. ആ നിലയിൽ ആണ് അവർക്ക് പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണനിർവ്വാഹകസംഘത്തിൽ ഒരു സ്ഥാനം ലഭിച്ചത്. മി: നാഗമയ്യ സ്റ്റേറ്റുമാനുവലിൽ പറഞ്ഞിരിക്കുംപോലെ അവർ, തങ്ങളുടെ ജന്മികളെ ധ്വംസിച്ച്, അവരുടെ സ്വത്ത് അപഹരിച്ച കൂട്ടരേ ആയിരുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ, പ്രസ്തുത സ്ഥാനം അവർക്കു ലഭിക്കാൻ ഇടയുണ്ടാകുമായിരുന്നില്ല. പരശുരാമന്റെ ഭൂദാനസിദ്ധാന്തം രാജാവു പോലും അംഗീകരിച്ച് ബ്രാഹ്മണശക്തിക്കു കീഴടങ്ങിത്തുടങ്ങിയകാലത്ത് ദേവസ്വം ഭരണത്തിന് ബ്രാഹ്മണഘാതകന്മാരെ ചുമതലപ്പെടുത്താൻ ആ മഹായോഗം തുനിഞ്ഞുകാണുമെന്നു വിചാരിക്കുന്നതെങ്ങനെ? എട്ടുവീട്ടിൽ പിള്ളമാരിൽ നന്മയുടെ കണികപോലും കാണ്മാൻ മനസ്സു വരാത്ത കപട രാജഭക്തന്മാർ വളരെയുണ്ട്. പരമാർത്ഥത്തിൽ, അവർ രാജ്യദ്രോഹികളേ ആയിരുന്നില്ല. രാജ്യത്തേയും രാജാവിനേയും സ്നേഹപൂർവ്വം സേവിച്ച ആ വീരപുരുഷന്മാർ ഇന്നത്തെ ജനമണ്ഡലത്തിന്റെ ജുഗുപ്സയ്ക്കും, രാജസ്ഥാനത്തേ ധ്വംസിച്ച് സ്വാർത്ഥലാഭം നേടാൻ ബദ്ധപരികരരായിരുന്ന കുടിലതന്ത്രജ്ഞന്മാർ സവിശേഷമായ പൂജയ്ക്കും പാത്രീഭവിച്ചതു് ഓർക്കുമ്പോൾ, അഹോ! കപടഭക്തി, സത്യത്തെ അസത്യത്തേക്കാളും അസത്യമായും, അസത്യത്തെ സത്യത്തേക്കാളും സത്യമായും പരിവർത്തനം ചെയ്യുന്നതിന് നിനക്കുള്ള ശക്തി വിസ്മനീയംതന്നേ എന്ന് ആരും പറഞ്ഞുപോകും. തിരുവിതാംകൂറിന്റെ യഥാർത്ഥ ചരിത്രം ഇനിയും എഴുതേണ്ടതായിട്ടാണിരിക്കുന്നതു്. ക്ഷേത്രം സംബന്ധിച്ച കാര്യങ്ങളെ നിർവഹിക്കുന്നതിനു നിയുക്തരായ യോഗക്കാർ കാലക്രമേണ, ഭജനം മൂത്ത് ഊരായ്മ എന്ന മട്ടിൽ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം പറഞ്ഞുതുടങ്ങി. എട്ടുവീടരെ പിണക്കി നിർത്തുന്നതിന് ആ പോറ്റിമാർക്കു സാധിക്കായ്കയാൽ, ദേവസ്വം വസ്തുക്കളുടെ ഭരണം അവരിൽ നിന്നു വിട്ടുത്താതെ വച്ചുകൊണ്ടിരുന്നു. സ്തുതിപ്രിയന്മാരായ പിള്ളമാർ, യോഗക്കാരുടെ വശീകരണശക്തിക്കു വശപ്പെട്ടു്, വെറും എജമാനസ്ഥാനം കൊണ്ടു തൃപ്തി അടഞ്ഞുതുടങ്ങി. ക്ഷേത്രാധികാരത്തെപ്പറ്റി രാജാവും യോഗക്കാരും തമ്മിൽ ഇടഞ്ഞുതുടങ്ങിയപ്പോൾ, അവരുടെ ഇടയ്ക്കു നിന്ന് ഇരുകൂട്ടരേയും തടഞ്ഞു നിർത്താൻ ശ്രമിച്ച സാക്ഷാൽ ജനപ്രതിനിധികളായ എട്ടുവീടർ, ഇരുകൂട്ടരുടേയും ശത്രുക്കളായിത്തീർന്നു. എന്നാൽ തന്ത്രജ്ഞന്മാരായ യോഗക്കാർ, അവരുടെ വിരോധത്തെ മറച്ചുകൊണ്ടും അതേ സമയത്തുതന്നെ രാജവംശത്തിന് അവരോടുള്ള വിദ്വേഷത്തെ വർദ്ധിപ്പിക്കുന്നതിന് വേണ്ടതെല്ലാം ചെയ്തുകൊണ്ടും ഇരുന്നു. രാജമന്ദിരത്തെ അവർ ചുട്ടുപൊട്ടിച്ചപ്പോഴും, രാജാവിനെ വിഷം കൊടുത്തു കൊന്നപ്പോഴും, സംശയം ജനിച്ചതു് എട്ടുവീടരിൽ ആയിരുന്നു. കളിപ്പാൻകുളത്തിലെ വധം കൂടി ആയപ്പോൾ, ആ വിരോധം മൂർദ്ധന്യദശയെ പ്രാപിച്ചു. ഈ സംഗതികളെപ്പറ്റി തിരുവനന്തപുരം സെനാനാമിഷനിലെ ഒരു അംഗവും, ദീർഘകാലം ഇവിടെ താമസിച്ച് ശിഷ്യസമൂഹത്തിന്റെ സ്നേ

ഹബഹുമാനങ്ങൾക്കു സവിശേഷം പാത്രീഭവിച്ച ഒരു സ്ത്രീരത്നവും ആയ മിസ്സ് ബ്ലാൻഫോഡ് എഴുതീട്ടുള്ള ഒരു വിവരണം ഇവിടെ ഉദ്ധാരണയോഗ്യമാകുന്നു.

"അക്കാലത്തെ രാജാക്കന്മാരുടെ പ്രധാന വാസസ്ഥലം തിരുവനന്തപുരത്തുനിന്നും മുപ്പതുമൈൽ അകലെ ആയിരുന്നു. എന്നാൽ 1335-ൽ തിരുവനന്തപുരത്തെ വലിയക്ഷേത്രത്തിന്റെ സമീപത്ത് ഒരു രാജമന്ദിരം പണി കഴിപ്പിച്ചു. ഈ രാജമന്ദിരവും ക്ഷേത്രവും ബലമുള്ളതും ഉയർന്നതും ആയ ഒരു കോട്ടയാൽ ചുറ്റപ്പെട്ടിരുന്നു. രാജാവു് താമസം ഈ പുതിയ കൊട്ടാരത്തിലേയ്ക്കു മാറ്റിയതു മുതല്ക്കു ബ്രാഹ്മണരുടെ നടവടികളെ പരിശോധിച്ചുതുടങ്ങുകയും ക്ഷേത്രത്തിലെ വരവു ചെലവു കണക്കുകളെ തന്നെ ബോദ്ധ്യപ്പെടുത്തണമെന്നു നിർബന്ധിക്കയും ചെയ്തു. ഇതു് അവർക്കു തീരെ രസിച്ചില്ല; എങ്കിലും ആ രാജാവിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളിൽ ചിലരുടേയും ഭരണകാലത്തു്, അവർ അടങ്ങിയിരുന്നു. ഒടുവിൽ, അതായതു് 1661-ൽ ഒതുങ്ങിയ ജീവിതത്തിൽ പ്രിയമുള്ള ഒരു ബലഹീനനായ രാജാവു് രാജ്യഭാരം ഏറ്റു. ഈ തക്കം നോക്കി ബ്രാഹ്മണർ വീണ്ടും യഥേച്ഛം പ്രവർത്തിച്ചു തുടങ്ങുകയും, ആ സാധുവായ രാജാവിനെ പല വിധത്തിൽ ഉപദ്രവിക്കയും ചെയ്തു. ഒരു രാത്രി, അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ തീ പിടിച്ചു. ബ്രാഹ്മണരുടെ പാർശ്വവർത്തികളല്ലാതെ വേറെ ആരും അവിടെ താമസമില്ലാതിരുന്നതിനാലും, അവരാരും തീ കെടുക്കുന്നതിനു ശ്രമിക്കാതിരുന്നതിനാലും, ആ രാജമന്ദിരം മുഴുവൻ ചാമ്പലായി. രാജാവും രാജകുടുംബവും അല്പം അകന്ന ഒരു മന്ദിരത്തിലേയ്ക്കു താമസം മാറ്റി. ക്ഷേത്രാധികാരികൾ–തീവെച്ച കൂട്ടർ തന്നെ ആയിരിക്കാം–അവിടെച്ചെന്നു് അനുശോചിച്ചതായി നടിച്ചു. ശങ്കാശീലം തീരെ ഇല്ലാതിരുന്ന രാജാവു് അവരെ കാരുണ്യപുരസ്സരം സ്വീകരിച്ചു. അന്നുമുതല്ക്കു് അവർ, മുറയ്ക്കു സന്ദർശനം നടത്തിക്കൊണ്ടിരുന്നു. അവർ കൊണ്ടുചെന്നു കാഴ്ച വെച്ചതായ മധുരദ്രവ്യങ്ങളെ രാജാവു് സ്വീകരിക്കപതിവായി. പത്മനാഭസ്വാമിക്കു നിവേദിച്ച അന്നത്തെ ഉപേക്ഷിക്കാൻ ഭക്തനായ രാജാവിനു മനസ്സുവന്നില്ല. എന്നാൽ ഈ അനുവിധായകത്വം അദ്ദേഹത്തിന്റെ ജീവഹാനിക്കു് ഇടവരുത്തി. ഒരുദിവസം ശത്രുക്കൾ നിവേദ്യത്തിൽ വിഷം കലർത്തിക്കൊടുത്തു. പതിനാറു കൊല്ലത്തെ ഭരണശേഷം അദ്ദേഹം ഇങ്ങനെ മൃത്യുമുഖം പ്രാപിച്ചു. യോഗക്കാരുടെ ദ്രോഹബുദ്ധി ഇതുകൊണ്ടും അവസാനിച്ചില്ല; അവർ പരേതനായ രാജാവിന്റെ ഭാഗിനേയന്മാരായ ആറു കുമാരന്മാരുടെ ജീവഹാനി വരുത്തുന്നതിനു തീർച്ചപ്പെടുത്തി. ചന്ദ്രികാശീതളമായ ഒരു രാത്രി, ഏതാനും ബ്രാഹ്മണകുട്ടികൾ, കൊട്ടാരത്തിന്റെ തിരുമുറ്റത്തു്, അഞ്ചു കൊച്ചുതമ്പുരാക്കന്മാരുമായി കളിച്ചുകൊണ്ടിരുന്നു. അപ്പോൾ അവരിൽ ഒരു കുമാരൻ, ശത്രുക്കളാൽ പ്രേരിതനായിട്ടു്, അല്പദൂരത്തുള്ള ഒരു കുളത്തിൽ പോയി കുളിക്കാമെന്നു് അഭിപ്രായപ്പെട്ടു. മറ്റുള്ളവരും ആ അഭിപ്രായത്തോടു യോജിക്കയാൽ, സ്വമാതാവിനോട് ആലോചിക്കാതെ അവർ അവിടെച്ചെന്നു കുളിച്ചുകൊണ്ടിരിക്കേ ചിലർ വെള്ളത്തിൽ ചാടി അവരെ ഒക്കെ മുക്കിക്കൊന്നു."

മി. നാഗമയ്യ ഈ വിവരണത്തെ ഉദ്ധരിച്ചിട്ട്, ഇതെല്ലാം കള്ളമാണെന്നും, ബ്രാഹ്മണർ അതൊന്നും അറിഞ്ഞിരുന്നതേ ഇല്ലെന്നും അഭിപ്രായപ്പെട്ടു കാണുന്നു. യോഗക്കാരും അവരുടെ ഭൃത്യന്മാരും അപരാധികളായിരുന്നുവെന്നു വന്നാൽ, ബ്രാഹ്മണകുലത്തിനാകപ്പാടെ കളങ്കം വന്നുപോയേക്കുമെന്നു ശങ്കിച്ചിട്ടായിരിക്കുമോ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നത്? യോഗക്കാർ ബ്രാഹ്മണരുടെ പ്രതിനിധികളേ അല്ലായിരുന്നു. പൊതുവെ മലയാളബ്രാഹ്മണർ ഈമാതിരി ദുഷ്കൃത്യങ്ങളിൽ ഏർപ്പെടുന്നവരുമായിരുന്നില്ല. അതൊക്കെ സമ്മതിക്കാം. എന്നാൽ യോഗക്കാർ നിരപരാധികളായിരുന്നു എന്നു പറയുന്നത് യുക്തിക്കും പ്രമാണങ്ങൾക്കും വിപരീതമാണ്. ഒന്നാമതായി രാജകുടുംബം കോട്ടയ്ക്കകത്തു താമസമുറപ്പിക്കുന്നതുകൊണ്ട് വല്ല ദോഷവും വരാനുണ്ടെങ്കിൽ, ക്ഷേത്രസിൽബന്തികൾക്കായിരുന്നു. പിള്ളമാർ മി. നാഗമയ്യായുടെ മതപ്രകാരം അവരുടെ ഭൃത്യന്മാർ മാത്രമേ ആയിരുന്നുള്ളു. അവരുടെ ഉദ്ദേശ്യം രാജകുലത്തെ ഉന്മൂലനം ചെയ്ത്, ഒരു ജനപ്രതിനിധിഭരണം സ്ഥാപിക്കണമെന്നായിരുന്നു എന്ന് അവരുമായി എഴുത്തുകുത്തു നടത്തിയ ഒരുവനെപ്പോലെ മി. നാഗമയ്യ ശപഥം ചെയ്യുന്നു. ഭാരതഖണ്ഡത്തിലൊരേടത്തും 'Republic' എന്നു പറയപ്പെടുന്ന പ്രജാസാമ്രാജ്യത്തെപ്പറ്റി കേട്ടിട്ടുപോലും ഇല്ല. ബ്രാഹ്മണപക്ഷപാതമാകുന്ന തിമിരം ബാധിച്ചപ്പോൾ ചരിത്രദൃഷ്ടിക്കു മ്ലാനത സംഭവിച്ചുപോയി. കേരളത്തിൽകൂടി ദ്രുതഗതിയിൽ ഒന്നു സഞ്ചരിച്ചിട്ടുപോയ വിദേശീയ സഞ്ചാരികളുടെ വാക്കുകളെ വേദവാക്യമായി സ്വീകരിപ്പാൻ ഒരുക്കമുള്ള മി. നാഗമയ്യ, തിരുവനന്തപുരത്തു ദീർഘകാലം താമസിച്ച് എല്ലാവരുടേയും പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ച ഒരു സ്ത്രീരത്നമെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്ന മിസ് ബ്ളാൻഡ്ഫോർഡ് പലേ പ്രമാണങ്ങൾ നോക്കിയതിനു ശേഷം എഴുതിയ വിവരണത്തിൽ പരമാർത്ഥമൊന്നുമില്ലെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നതിന്റെ രഹസ്യം ആർക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. മിസ്സ്. ബ്ലാൻഡ്ഫോർഡിന് ഈ കള്ളം എഴുതിവച്ചിട്ട് എന്തു പ്രയോജനമാണുണ്ടായിരുന്നത്? കണ്ണിതുള്ളലിൽ 'പിള്ളതിന്നിക്കാളി' എന്നൊരു വേഷമുണ്ട്. അതിനെ ഒരു കുറി കണ്ടുപോയാൽ പിന്നെ കുട്ടികൾക്കു കുറേനാളത്തേയ്ക്കു രാത്രിയിൽ ഉറക്കം വരില്ല; എന്നാൽ റിക്കാർട്ടുതിന്നിപ്പിശാചുകളുടെ കഥ കേട്ടാൽ മതി, സത്യാന്വേഷണവിധുരന്മാരായ സജ്ജനങ്ങൾക്കു ജീവനൊടുങ്ങുംവരെയ്ക്കും ഉറക്കമുണ്ടാകുന്നതല്ല. ഇത്തരം റിക്കാർട്ടുതിന്നിപ്പിശാചുകൾ, ഈടുവയ്പുകളിലും മറ്റും കേറി ഇറങ്ങി എത്ര എത്ര പ്രമാണങ്ങളെ ആണ് നശിപ്പിച്ചിട്ടുള്ളത്! ഇനി എത്ര എണ്ണം നശിപ്പിക്കാൻ പോകുന്നു!

ഭാഗ്യദോഷത്താൽ നാണുപിള്ള ദിവാൻജി പല റിക്കാർട്ടുകളെ അവധാനപൂർവ്വം പരിശോധിച്ചിട്ട് എഴുതിവച്ചിരുന്ന തിരുവിതാംകൂർചരിത്രത്തിന് ഇതേവരെ സൂര്യപ്രകാശം ലഭിക്കാതെ പോയി. ആ ചരിത്രത്തിന്റെ ചില ഭാഗങ്ങൾ വായിച്ചുനോക്കിയാൽ എട്ടുവീടർക്കു പറ്റിയ ദുരന്തത്തിന്റെ കാഠിന്യം സ്പഷ്ടമാകും. രാജാവിനെ വിഷം കൊടുത്തുകൊന്നതോ, ഉമയമ്മറാണിയുടെ അരുമക്കുഞ്ഞുങ്ങളെ മുക്കിക്കൊന്നതോ അവരായിരുന്നില്ല. സാക്ഷാൽ അപരാധികൾ നക്രബാഷ്പം പൊഴിച്ച് ആ

സാധീരതത്തിനെ കബളിപ്പിച്ചതാണ്. ഇപ്പോൾ, മി. ശങ്കുണ്ണിമേനോന്റേയും മറ്റും ചരിത്രങ്ങളിൽ പറഞ്ഞിരിക്കുംപോലെയാണെങ്കിൽ, ആ സംഭവം തന്നെ വിശ്വാസാർഹമായിരിക്കുന്നില്ല. ശത്രുക്കൾ നിബിഡമായിരിക്കുന്ന സമയത്ത് റാണി ഒൻപതു വയസ്സു പ്രായമുള്ള മൂത്ത കുമാരനെ ഒഴിച്ച് ബാക്കി അഞ്ചുപേരേയും രാത്രികാലത്ത് തിരുമുറ്റത്ത് കളിക്കാൻ വിട്ടു എന്നു പറഞ്ഞിരിക്കുന്നതോ പോട്ടെ. മൂത്ത കുമാരന് ഒൻപതു വയസ്സായിരുന്നെങ്കിൽ, ഏറ്റവും ഇളയകുട്ടിക്ക് കൂടിയാൽ മൂന്നര വയസ്സേ കാണുമായിരുന്നുള്ളു. ആ ശിശു, മറ്റുള്ളവരോടൊപ്പം അര മൈൽ അകലെ നടന്നു പോയെന്നു പറഞ്ഞാൽ ആരാണു വിശ്വസിക്കുക. അതും കുളിക്കുന്നതിന്. എന്തൊരു കഥ!!!

എട്ടുവീടർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം വരെ രാജപക്ഷത്തു നിന്നു പോരാടിയതായി അഞ്ചുതമ്പുരാൻ പാട്ട്, ഇരവിക്കുട്ടിപ്പിള്ളയാർപാട്ടു മുതലായവയിൽനിന്നു തെളിയുന്നുമുണ്ട്. അഞ്ചു താവഴിത്തമ്പുരാക്കന്മാർ തമ്മിൽ പിണങ്ങി, കൊല്ലും കൊലയും തുടങ്ങിയതു കണ്ട്, അവരെ ഏതെങ്കിലും വിധത്തിൽ യോജിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി വേണാട്ടു മൂത്ത തിരുവടി, ഒരു തിരുവെഴുത്ത് കഴക്കൂട്ടത്തുപിള്ളയ്ക്കയക്കുന്നു. രാജദൂതൻ വന്നിരിക്കുന്നതായി കേട്ട ഉടനേ, പിള്ള,

“ഓട്ടൻ താനെന്നു കേട്ടപോതിലെ
ഞെട്ടി എഴുന്തല്ലോ പെട്ടെന്നിരുകയ്യാൽ
മുന്തിവലിത്തല്ലോ നീട്ടൈത്തനവാങ്കി”

ഉറ്റു പാർത്തിട്ടു രാജാജ്ഞ അനുസരിച്ചു പ്രവർത്തിച്ചതായി തമ്പുരാൻപാട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇരവിക്കുട്ടിപ്പിള്ളപ്പോരു് കൊ. വ. ഒൻപതാം ശതകത്തിൽ ഉണ്ടായതാണ്. അക്കാലത്തും കഴക്കൂട്ടത്തുപിള്ള മുതൽ പേർ മികച്ച ദേശഭക്തിയോടുകൂടി, വടുകപ്പടയുടെ നായകനായ രാമപ്പയ്യനെ എതിർത്തതായി കാണുന്നു. ഇക്കാലങ്ങളിൽ മധുരനായിക്കന്മാരുടെ ആക്രമണം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ, നികുതിഭാരം വർദ്ധിപ്പിക്കേണ്ടതായി വന്നുകൂടി. ഈ അവസരത്തിൽ നികുതി പിരിക്കാൻ ചുമതലപ്പെട്ടവരായ പിള്ളമാരിലായിരുന്നു, ജനവിദ്വേഷം കേന്ദ്രീഭവിച്ചതു്. നാട്ടുകാർ പല സ്ഥലങ്ങളിൽ യോഗം കൂടി നിശ്ചയങ്ങൾ പാസ്സാക്കി, രാജാവിന് അയച്ചുകൊടുത്തു. ഇവിടെയും രാജാക്കന്മാർക്കുവേണ്ടി പ്രയത്നിച്ചതിന് അവർക്കു ലഭിച്ച പ്രതിഫലം പൊതുജനവൈരം മാത്രമായിരുന്നു.

ഈസ്റ്റിൻഡ്യാക്കമ്പനിക്ക് ആറ്റുങ്ങൽ റാണി അഞ്ചുതെങ്ങു വിട്ടുകൊടുത്തപ്പോൾ, പിള്ളമാർ എതിർത്തതും പരമാർത്ഥമാണ്. അതു രാജദ്രോഹമാണെന്ന് ഇനിയുള്ള ചരിത്രകാരന്മാരും പറയുമെന്നു തോന്നുന്നില്ല. ഇങ്ങനെ അവർക്ക് ഒരു ശത്രുകൂടി ഉണ്ടായി. ഇവരെല്ലാവരും പിള്ളമാരുടെ ശക്തിയെ നശിപ്പിക്കുന്നതിന്

അവസരം പാർത്തുകൊണ്ടുതന്നേ ഇരുന്നു. ഈ വിധത്തിൽ അവർ സർവജനങ്ങളുടേയും വിരോധം സമ്പാദിച്ചതു നിമിത്തം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പ്രതാപാനലനിൽ എളുപ്പത്തിൽ ശലഭപ്രായമായിച്ചമഞ്ഞു പോയി.

കളിപ്പാൻകുളത്തിലെ വധം തുടങ്ങിയ ഒട്ടു വളരെക്കഥകൾ എട്ടുവീട്ടിൽപിള്ളമാരെ ജനമണ്ഡലത്തിന്റെ ദൃഷ്ടിയിൽ അപരാധികളാക്കിത്തീർക്കാൻവേണ്ടി പില്ക്കാലത്തു കെട്ടിച്ചമച്ചവയാണെന്ന് അഭിപ്രായമുള്ളവരും ഇപ്പോൾ ഉണ്ട്. ഏതായിരുന്നാലും, ഇക്കാലത്തെ ചരിത്രത്തെ കാട്ടുവെട്ടിത്തെളിച്ച് എടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇവിടെ ഒരു സംഗതി ഓർത്തിരിക്കേണ്ടതായിട്ടുണ്ട്. എട്ടുവീടർ രാജദ്രോഹികളായിരുന്നു എന്നു സ്ഥാപിച്ചാൽ അതുകൊണ്ട്, അവരുടെ പൂർവ്വികന്മാർക്കോ, അവരുടെ വംശജന്മാരായി ഇന്നു വല്ലവരും ഉണ്ടെങ്കിൽ അവർക്കോ യാതൊരു ആക്ഷേപവും വരാനില്ല. രാജദ്രോഹികളുടെ സന്താനങ്ങളിൽ എത്രയോ പേർ രാജഭക്തന്മാരിൽ അഗ്രഗണ്യന്മാരായിത്തീർന്നതായി നാം ചരിത്രത്തിൽ കാണുന്നു. അതുപോലെ തന്നെ രാജാവിനു വേണ്ടി സ്വാത്മാവിനെ ബലി കഴിച്ചിട്ടുള്ള വീരപുരുഷന്മാർക്കു രാജദ്രോഹികളായ സന്താനങ്ങൾ ഉണ്ടായതിനും ലോകചരിത്രത്തിൽ ലക്ഷ്യങ്ങളുണ്ട്. ചരിത്രകാരന് സത്യം വെളിപ്പെടുത്തണമെന്നല്ലാതെ മറ്റൊരു ഉദ്ദേശ്യവും ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ്. ചാറത്സ് ഒന്നാമന് നിർദ്ദയം വധശിക്ഷ നൽകിയ ന്യായാധിപതിമാരുടെ സന്താനങ്ങളെ ഇന്ന് ആരെങ്കിലും രാജദ്രോഹികളായി ഗണിച്ചു വെറുക്കുന്നുണ്ടോ? വ്യക്തികളുടെ അപരാധം അവരുടെ കുടുംബത്തേയും സമുദായത്തേയും ബാധിക്കുന്നതല്ല. അതാതു കാലങ്ങളിലെ പ്രേരകശക്തികൾക്കു വശപ്പെട്ട് ഓരോരുത്തർ ഓരോ കഠിനക്കൈകൾ പ്രവർത്തിച്ചുവെന്നു വരാം. അതിന് അവരല്ലാതെ മറ്റുള്ളവർ ഉത്തരവാദികളാകുന്നതല്ല. അതുപോലെ തന്നെ എട്ടര യോഗക്കാർ രാജാവിനു വിപരീതമായി പ്രവർത്തിച്ചവരാണെന്നു പറഞ്ഞതുകൊണ്ട്, അവരുടെ പിൻഗാമികൾക്കോ, ബ്രാഹ്മണസമുദായത്തിനോ ഒരു കളങ്കമുള്ളതായി ആരെങ്കിലും വിചാരിക്കുമോ? ഇനി വേറൊരു ശങ്കയുള്ളതുകൂടി ഇവിടെ പ്രസ്താവയോഗ്യമാകുന്നു. എട്ടുവീടർ നിരപരാധികളായിരുന്നുവെങ്കിൽ, അവരെ മാർത്താണ്ഡവർമ്മമഹാരാജാവു് ഒതുക്കിയതു് അന്യായമായിപ്പോയില്ലേ എന്നു ചിലർ ചോദിച്ചേയ്ക്കാം. ശരി. അദ്ദേഹം ചെയ്തതു് മഹാകഠിനമായ പ്രവൃത്തിയാണെന്നു പറയേണ്ടി വന്നാൽ തന്നെയും അതുകൊണ്ട് ഒരുവൻ രാജഭക്തിയില്ലാത്തവനെന്നു വരുകയില്ല. മനസ്സിൽ ഒന്നു വെച്ചുകൊണ്ട് മറിച്ചുപറയാൻ പ്രേരിപ്പിക്കുന്ന കപടഭക്തിയാണ് ആക്ഷേപാർഹമായിരിക്കുന്നതു്. ഇംഗ്ലണ്ടുചരിത്രത്തിൽ ഹെൻറി എട്ടാമൻ എന്തെല്ലാം നിഷ്ഠുരകൃത്യങ്ങൾ ചെയ്തതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അവരൊക്കെ രാജഭക്തി ഇല്ലാത്തവരാകണ്ടേ? മാർത്താണ്ഡവർമ്മ മഹാരാജാവിനെ ഈ വിഷയത്തിൽ ആക്ഷേപിക്കാൻ ഒന്നുമില്ലതാനും. പ്രജകളുടെ ക്ഷേമം രാജാവിന്റെ ശക്തിയിലാണ് പ്രതിഷ്ഠിതമായിരിക്കുന്നതു്. അവർക്ക് ധർമ്മിഷ്ഠനെങ്കിലും ദുർബലനായ രാജാവിനേക്കാൾ ക്രൂരനെങ്കിലും ബലവാനായ രാജാവിനെയാണ് ആവശ്യം. ഇംഗ്ലണ്ടിലെ എഡ്വേർഡ് ദി

കൺഫ്സ്സർ, പരമസാത്വികനും ധർമ്മനിഷ്ഠനും ആയിരുന്നു. എന്നാൽ പ്രജകൾക്ക് അക്കാലത്തു് എന്തെല്ലാം സങ്കടങ്ങൾ ഉണ്ടായെന്നു ചരിത്രം വായിച്ചുനോക്കിയാലറിയാം. നേരെമറിച്ച്, ഹെൻറി ഏഴാമൻ നിഷ്ഠൂരനായിരുന്നെങ്കിലും ആംഗലജനതയുടെ ഭാവി ശ്രേയസ്സിന്റെ അസ്ഥിവാരം അദ്ദേഹമാണ് ഉറപ്പിച്ചത്. തിരുവിതാംകൂറിൽ എട്ടര യോഗക്കാരുടേയും കൂട്ടരുടേയും അക്രമങ്ങള ഒതുക്കിയും, ഖണ്ഡരാജ്യാധിപതികളെ എല്ലാം അടക്കി ഏകീകൃതമായ വഞ്ചിരാജ്യത്തിന്റെ അടിവാരം ഉറപ്പിച്ചും, മാർത്താണ്ഡവർമ്മ മഹാരാജാവ് ഇന്നാട്ടുകാരെ അനുഗ്രഹിക്കയേ ചെയ്തിട്ടുള്ളു. തിരുവിതാംകൂറിനു പിന്നീടുണ്ടായിട്ടുള്ള ശ്രേയോഭിവൃദ്ധിക്കെല്ലാം ഹേതു മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നയമായിരുന്നു. ഈ വിഷയത്തെപ്പറ്റി ഇനി ഒരു ഘട്ടത്തിൽ പ്രതിപാദിക്കേണ്ടിയിരിക്കുന്നതിനാൽ ഇവിടെ ഇതിൽ കൂടുതലായി ഒന്നും പറയുന്നില്ല.

കൊച്ചിയിലും ഇതുപോലെതന്നെ യോഗക്കാരും രാജാവും തമ്മിലുള്ള മത്സരം മുറയ്ക്കു നടന്നുകൊണ്ടിരുന്നുവെന്ന് മി. പത്മനാഭമേനോന്റെ ചരിത്രത്തിൽനിന്നു കാണാം. അവിടെയും ബ്രാഹ്മണയോഗക്കാരെയും നായർ പ്രഭുക്കന്മാരെയും നശിപ്പിച്ച് രാജശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

“സാമൂതിരിയെ നാട്ടിൽനിന്ന് ഒഴിച്ചതിന്റെ ശേഷം കൊച്ചീരാജ്യത്തുള്ള പ്രഭുക്കൾ, മാടമ്പിമാർ മുതലായ സ്വരൂപികളുടെ അധികാരത്തെയും നായന്മാരുടെ സംഘബലത്തേയും ഉന്മൂലനം ചെയ്വാനും അവരെ രാജാവിന്റെ കീഴിൽ അമർത്തിനിർത്തുവാനുമായി തമ്പുരാൻ തിരുവിതാംകൂർ രാജാവുമായി യോജിച്ചു പ്രയത്നങ്ങൾ തുടങ്ങി. ആ പ്രയത്നത്തിന്റെ ഫലപ്രാപ്തി പൂർത്തിയായി സിദ്ധിക്കയും ചെയ്തു. അന്നു മുതൽ മുൻ പറഞ്ഞ കൂട്ടങ്ങൾ, സംഘങ്ങൾ, യോഗങ്ങൾ മുതലായവ രാജ്യകാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൊച്ചീ രാജ്യത്തു് ഇല്ലാതായി.”[2]

കോഴിക്കോട്ട്, കോലത്തുനാട്ട് എന്നീ മലബാർ രാജ്യങ്ങളിൽ മാത്രം നായർപ്രഭുക്കന്മാർക്ക് ഏറെക്കാലം സ്വസ്ഥമായി ജീവിക്കാൻ സാധിച്ചു. ഇന്ന് നായർ ജന്മിമാർ ആ ദിക്കുകളിലേ ആധിക്യേന ഉള്ളുതാനും. ഏതായിരുന്നാലും നായർ പ്രഭുക്കന്മാരുടേയും ബ്രാഹ്മണ ജന്മികളുടേയും അധഃപതനം ഒരേ കാലത്തു തന്നെയാണ് സമാരംഭിച്ചത്.

## 1 പോർത്തുഗീസുകാർ

ഈ കാലത്തുണ്ടായ മറ്റൊരു സംഭവം പോർത്തുഗീസുകാരുടെ വരവാണ്.

“ചക്കപ്പഴം മുറിക്കുന്നിടത്തു് ഈച്ച കൂടുന്നു എന്നുള്ളതു സഹജമാണല്ലോ. ഇക്കൂട്ടത്തിലാണ് ഇൻഡ്യയിലെ വിലയേറിയതും പ്രിയമുള്ളതുമായ ചരക്കുകളേ

[2] കൊ. രാ. ച. ഒന്നാം ഭാഗം വശം 53.

കൊണ്ട് കച്ചവടം നടത്തുവാൻ വേണ്ടി പാശ്ചാത്യന്മാർ തുടരെത്തുടരെ വന്ന് അടുത്തു കൂടിയതു്. പുരാതനകാലം മുതല്ക്കുതന്നെ ഫിനിഷ്യരും ഗ്രീക്കുകാരും റോമൻകാരും കടൽവഴിയായി കേരളത്തിൽവന്ന് കച്ചവടം ചെയ്തിരുന്നു എന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ കാലക്രമംകൊണ്ട് ഹിപ്പാലോസ് എന്ന ആൾ കണ്ടുപിടിച്ചിരുന്ന കടൽവഴി വിട്ടുപോയതിനാൽ ആ കച്ചവടവും നിന്നുപോയി."[3]

റോമാസാമ്രാജ്യത്തിന്റെ അധഃപതനാനന്തരം യൂറോപ്പുമായുള്ള കച്ചവടം അറബികളുടെ കൈവശം വന്നുചേർന്നു. അവരുടെ ആധിപത്യം സ്പെയിൻവരെ വ്യാപിച്ചു. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ആ ആധിപത്യം യൂറോപ്പിനെ സംബന്ധിച്ചിടത്തോളം മഹമ്മദീയർക്കു നഷ്ടമായെങ്കിലും, സ്പെയിൻകാർക്ക് അറബികളോടുണ്ടായിരുന്ന മത്സരം നശിച്ചില്ല. അവരും പോർത്തുഗീസുകാരും ഇൻഡ്യയിലേക്ക് ഒരു ജലമാർഗ്ഗം കണ്ടുപിടിക്കാനായി ശ്രമം ചെയ്തുകൊണ്ടേ ഇരുന്നു. ഒടുവിൽ വാസ്കോഡിഗാമ എന്ന പോർത്തുഗീസുകാരൻ 1498 ആഗസ്റ്റ് മാസത്തിൽ മലയാളക്കരയിൽ വന്നടുത്തു. കോഴിക്കോട്ടു രാജാവിന് 'പുറത്തുകാൽ' രാജാവു് ഒരു സന്ദേശവും ഗാമയുടെ കൈയിൽ കൊടുത്തയച്ചിട്ടുണ്ടായിരുന്നു. മാപ്പിളമാർ ഭയപരവശരായിട്ടു് സാമൂതിരിപ്പാട്ടിലെ സേവകന്മാരെ വശപ്പെടുത്തി, അവരുടെ സഹായത്തോടുകൂടി ഗാമയേയും കൂട്ടുകാരേയും നശിപ്പിക്കാനുള്ള പ്രയത്നങ്ങൾ തുടങ്ങി. ഗാമ, സാമൂതിരിപ്പാടിനെ കണ്ട്, രാജസന്ദേശം ഏൾപ്പിച്ചിട്ട്, താൻ കൊണ്ടുവന്നിരുന്ന ചരക്കുകളെ ഇറക്കാൻ അനുവാദം വാങ്ങി. രാജാവു് അയാൾക്ക് ഒരു പണ്ടകശാല കൊടുക്കുകയും ചെയ്തു. എന്നാൽ സാമൂതിരിയുടെ കാര്യസ്ഥന്മാർ മുഖേന, മാപ്പിളമാർ ഗാമയേയും കൂട്ടരേയും ഉപദ്രവിച്ചതിനാൽ അയാൾ നവംബർ നാലാം തീയതി തിരിച്ചുപോയി.

ഈ കാലം വിദേശീയർക്ക് ഇവിടെ അടിയുറപ്പിക്കാൻ നന്നേ ഉതകുന്ന ഒരു ഘട്ടം തന്നെ ആയിരുന്നു. കൊച്ചിയും കോഴിക്കോടും തമ്മിൽ ഇടവിടാതെ യുദ്ധം നടന്നുകൊണ്ടിരുന്നു. ഒന്നാമത്തെ പ്രധാനസമരം 1495 മുതൽ 1498 വരെ നിലനിന്നു. ആ യുദ്ധത്തിൽ സമൂതിരി, തൃശിവപേരൂർ പിടിച്ചടക്കി ആ നഗരത്തെ തലസ്ഥാനമാക്കുകയും കൊടുങ്ങല്ലൂർ കൈവശപ്പെടുത്തി അവിടുത്തെ ക്ഷേത്രം പുതുക്കുകയും ചെയ്തു. 1498-ൽ കൊടുങ്ങല്ലൂർവെച്ചു് സമാധാനമുണ്ടായെങ്കിലും ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള വൈരം പിന്നെയും നിലനിന്നു. 1500 ആഗസ്റ്റ് 8-ന്നു പീഡ്രോ ആൽവാൾസ് കാബ്രാൾ കോഴിക്കോട്ടു വന്നടുത്ത് സാമൂതിരിക്ക് വിലപിടിച്ച സമ്മാനങ്ങളും മറ്റും കാഴ്ചവെച്ചു് അദ്ദേഹത്തിനോട്ട് ഒരു സഖ്യം ചെയ്തു. അങ്ങനെ ഇരിക്കെ കൊച്ചി വക ഒരു കപ്പൽ കോഴിക്കോട്ടിനരികെ കൂടി പോകുന്നതു കണ്ട് സാമൂതിരിയുടെ ആളുകൾ അതിനെ പിടിച്ചെടുക്കാനായി കാബ്രാളിനോട്ട് ആവശ്യപ്പെട്ടു. നോക്കണേ! തന്നത്താൻ ആപത്തു തലയിൽ വലിച്ചുവെയ്ക്കുന്നതു്. കാബ്രാൾ കപ്പൽ പിടിച്ചെടുത്തുവെങ്കിലും കൊച്ചീരാജാവിനു തന്നെ തിരിച്ചുകൊടുത്തു. അതിനുശേഷം

[3] കൊ. രാ. ച. 1-ാം ഭാഗം വശം 227.

കോഴിക്കോട്ട് ഒരു പണ്ടകശാല കെട്ടി അമ്പതോളം പോർത്തുഗീസുകാരെ അവിടെ പാർപ്പിച്ചു. മാപ്പിളമാരുടെ ഉപദ്രവം അവർക്കു കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. കൊട്ടാരത്തിൽ ആ മാപ്പിളമാർക്കു നല്ല പിടയുണ്ടായിരുന്നതിനാൽ, കാബ്രാൾ പല പ്രാവശ്യവും സാമൂതിരിയോടു പരാതി പറഞ്ഞിട്ടും പ്രയോജനമുണ്ടായില്ല. ഒടുവിൽ അയാൾ തുറമുഖത്തുകേറി മാപ്പിളമാരുടെ വക കപ്പൽ പിടിച്ചെടുത്തതിനാൽ കോപാകുലരായ മാപ്പിളമാർ, പോർത്തുഗീസുകാരുടെ പണ്ടകശാല വളഞ്ഞു നാല്പതു യൂറോപ്യന്മാരെ നിഗ്രഹിച്ചു. നായന്മാരും മാപ്പിളമാർക്കു പിന്തുണയായി നിന്നു. കാബ്രാൾ നഷ്ടം കിട്ടണമെന്ന് സാമൂതിരിയോട് ആവശ്യപ്പെട്ടാറെ, യാതൊരു പ്രയോജനവും ഉണ്ടാകായ്കയാൽ കോഴിക്കോട്ടുനഗരത്തെ വലിയ തോക്കുകൊണ്ട് വെടിവെച്ച് തകർക്കയും, അറുന്നൂറോളം ആളുകളെ കൊല്ലുകയും, സാമൂതിരിപ്പാട്ടിലെ ചരക്കുകേറ്റിയിരുന്ന പത്തു കപ്പലുകളെ പിടിച്ചെടുക്കുകയും ചെയ്തുവത്രെ. അവയിൽ ഉണ്ടായിരുന്ന മൂന്നു ആനകളെയും കൊന്ന് ഉപ്പിട്ടുണക്കി യാത്രാകാലത്തേ ഭക്ഷണത്തിനായി കരുതിവച്ചിട്ട് അയാൾ നേരേ കൊച്ചിയിലേക്കു പോയി.

സാമൂതിരിയുടെ ശത്രുവിനെ ഉണ്ടോ കൊച്ചീരാജാവ് സ്വീകരിക്കാതിരിക്കുന്നു! അദ്ദേഹം അവർക്ക് ഒരു പണ്ടകശാല നല്കി. അവർ മുറയ്ക്കു കച്ചവടവും തുടങ്ങി. അങ്ങനെയിരിക്കെ, ഒരു രാത്രി ആ പണ്ടകശാലയ്ക്കു തീ പിടിച്ചു. മാപ്പിളമാർ തീവെച്ചു എന്നൊരു കിംവദന്തിയും പൊങ്ങി.

ഇതിനിടയ്ക്കു കൊല്ലത്തുനിന്നും ഒരു ക്ഷണക്കത്ത് കാബ്രാളിനു കിട്ടിപോലും. പക്ഷേ കൊച്ചീരാജാവിനു രസിക്കയില്ലെന്നു വിചാരിച്ച് ആ ക്ഷണത്തെ അയാൾ സ്വീകരിക്കുകയുണ്ടായില്ല. ഈയിടയ്ക്ക് ഒരു നേരംപോക്കുണ്ടായതുകൂടി ഇവിടെ പ്രസ്താവയോഗ്യമാണ്.

"കൊടുങ്ങല്ലൂർക്കാരായ രണ്ടു നസ്രാണികൾ കൊച്ചിയിൽ വന്ന് കാബ്രാളേ കണ്ട്, തങ്ങൾ കൊടുങ്ങല്ലൂർ അധിവസിച്ചുവരുന്ന ഒരു വലിയ കൃസ്ത്യാനിസമുദായത്തിൽപെട്ടവരാണെന്നും, അവിടെ കുറേ ജൂതന്മാരുകൂടി ഉണ്ടെന്നും, തങ്ങളെ കപ്പലിൽ കയറ്റി യൂറോപ്പിൽ കൊണ്ടുപോയാൽ കൊള്ളാമെന്നും അപേക്ഷിച്ചു. ഇവരുടെ പേർ യോസേഫ്, മത്തായി എന്നായിരുന്നു. കൊടുങ്ങല്ലൂരുണ്ടായിരുന്ന ക്രിസ്തീയസംഘത്തിന്റെ സ്ഥിതിയും മറ്റും കാബ്രാൾ ഇവരോട് ചോദിച്ചപ്പോൾ ഇവർ ഇപ്രകാരം മറുപടി പറഞ്ഞു."

'തോമാശ്ലീഹാ ഈ രാജ്യത്തു വന്നു പള്ളികളെ ഉണ്ടാക്കി എന്നു കേട്ടിരുന്നു. പള്ളിയിൽ ഞങ്ങൾക്കു ബിംബം ഇല്ല; കുരിശേ ഉള്ളൂ. ഇപ്പോൾ ഞങ്ങൾക്കു മെത്രാന്മാരെ അയയ്ക്കുന്നത് സുറിയായിൽ കത്തോലിക്കോസ്സാണ്. പട്ടക്കാർക്കു കുടുമ്മ തന്നെ പട്ടം ആകുന്നു. കുട്ടികളെ ജ്ഞാനസ്നാനം ചെയ്യിക്കുന്നത് 40-ാം നാൾ വേണം. മരിച്ചാൽ എട്ടാം ദിവസം പുലനീക്കും. നയമ്പ് വളരെ ഉണ്ട്. ജൂലായി മാസം 1-ാനു ഉള്ള തോമാവിന്റെ പെരുനാൾ പ്രധാനമാണ്. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെ ഉണ്ട്. ഞങ്ങളുടെ വിദ്വാന്മാർ അതുനോക്കി കുട്ടികളെ പഠിപ്പി

ക്കുന്നു. കൊടുങ്ങല്ലൂരിൽ തന്നെ ഞങ്ങൾ പണ്ട് കുടിയേറിയിരിക്കുന്നു. യഹൂദരും, മിസ്രപാൾസി, അറബി മുതലായ കച്ചോടക്കാരും ഉണ്ട്. ഞങ്ങൾക്കു കച്ചോടം തന്നെ വൃത്തി ആകുന്നു. അതിന്ന് കൊടുങ്ങല്ലൂർ രാജാവിന്നു കപ്പം കൊടുക്കുന്നു.' എന്നിങ്ങനെ കേരള പഴമയിൽ കാണുന്നു.[4]

1501, കാബ്രാൾ യൂറോപ്പിലേക്കു തിരിച്ചുപോവാൻ ഒരുങ്ങിയിരിക്കവെ, സാമൂതിരിപ്പാട്ടിലെ ഒരു കപ്പൽകൂട്ടം തുറമുഖത്തിനെതിരെ വന്നുചേർന്നു. ആ അവസരത്തിൽ ശത്രുസൈന്യം അടുത്തുവന്നിരിക്കുന്നെന്നും, വേണ്ട സഹായം ചെയ്തുതരാൻ താൻ ഒരുക്കമാണെന്നും, പോർത്തുഗീസു കപ്പിത്താനെ അറിയിക്കാനായി കൊച്ചീരാജാവ് ആളയച്ചു. കാബ്രാൾ ആ കപ്പൽക്കൂട്ടത്തെ എതിർത്ത്, ഓടിച്ചുവെങ്കിലും, ഒരു വലിയ കൊടുങ്കാറ്റിളകിയതിനാൽ, തന്റെ കപ്പലിലുണ്ടായിരുന്ന കേളൻ, പറങ്ങോടൻ എന്ന രണ്ടു നായർ യുവാക്കളെ കരയ്ക്കിറക്കാൻ തരപ്പെടാതെ പോർത്തുഗലിലേക്കു തിരിച്ചു. ആ നായന്മാരായിരുന്നു യൂറോപ്പു സന്ദർശിച്ച ആദ്യത്തെ മലയാളികൾ. അവരിൽ പറങ്ങോടന് 'പുറത്തുകൽ' രാജാവിന്റെ രാജധാനിയിൽ ഒരു പ്രഭുസ്ഥാനം ലഭിച്ചുവത്രേ.

പിന്നീട് വന്നത് ജോവാ ഡാ നോവാ എന്ന ഗാലീഷ്യൻ പ്രഭുവിനായിരുന്നു. അയാളും സാമൂതിരിക്കു കഴിയുന്നത്ര നാശം വരുത്താതിരുന്നില്ല. 1502-ൽ വാസ്കോ ഡിഗാമ, സാമൂതിരിയോടു പക വീട്ടാൻ ഒരുങ്ങിത്തന്നെയാണ് ഇങ്ങോട്ടു കപ്പൽ കയറിയത്. അയാൾ ചെയ്ത ക്രൂര കൃത്യങ്ങൾ ശ്രോതാക്കളുടെ രക്തത്തെ ഘനീഭവിപ്പിക്കത്തക്കവണ്ണം ഭയങ്കരമായിരുന്നു. ഗാമ ഇത്തവണ കൊച്ചീരാജാവിനോട്, ചില പുതിയ കരാറുകൾ ചെയ്യാൻ ആവശ്യപ്പെട്ടു.

(1) പോർത്തുഗീസുകാർക്ക് കുരുമുളകു മുതലായ ചരക്കുകൾ എന്നും ഒരേ വിലയ്ക്കു കൊടുക്കണം.

(2) പണ്ടകശാല കെട്ടാൻ മറ്റാർക്കും അനുവാദം കൊടുക്കരുത്.

അല്പം ആലോചിച്ചു മറുപടി പറയാമെന്ന് രാജാവ് അരുളിച്ചെയ്തപ്പോൾ, ഗാമയുടെ ഭാവം മാറി. അതു കണ്ട് രാജാവ് ഭയപ്പെട്ട് അയാൾ പറയുംപോലെ ഒക്കെ ചെയ്യാമെന്നു സമ്മതിച്ചുപോയി. കൊല്ലവുമായി ആദ്യം കച്ചവടം തുടങ്ങിയതും ഗാമയായിരുന്നു. അന്നത്തെ കൊല്ലംരാജ്ഞി ഗാമയെക്കാണാൻ ഒരു ദൂതനെ അയച്ചു. കൊച്ചീരാജാവിന്റെ സമ്മതം കൂടാതെ തനിക്ക് വരാൻ നിവൃത്തിയില്ലെന്ന് അയാൾ പറകയാൽ, രാജ്ഞി കൊച്ചീരാജാവിന് എഴുതി അയച്ച് സമ്മതം വാങ്ങിക്കൊടുത്തു.

ഇക്കാലത്ത് കൊച്ചീരാജാവും ഗാമയും ആയുണ്ടായ എഴുത്തുകുത്തുകളുടേയും സംഭാഷണങ്ങളുടേയും ചുരുക്കം കേരളപഴമയിൽ കൊടുത്തിട്ടുണ്ട്. നായന്മാർ വിശ്വാസവഞ്ചന ചെയ്യാത്തവരാണെന്ന് പോർത്തുഗീസുകാരും ഡച്ചുകാരും പരത്രീ

4 ഈ ഗ്രന്ഥം പോർത്തുഗീസുകാരുടെ ഡയറിയിൽനിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി രചിക്കപ്പെട്ടിട്ടുള്ളതാണ്.

സുകാരും ഒക്കെ രേഖപ്പെടുത്തീട്ടുണ്ടെങ്കിലും, കൊച്ചീരാജാവു് ഗാമയോടു പറഞ്ഞിരിക്കുന്നതു് ഇങ്ങനെ ആണ്.

"നിങ്ങൾ എന്നെക്കുറിച്ചു സംശയിക്കുന്നതുകൊണ്ടു് ഞാൻ ഉണ്ടായിട്ടുള്ളതൊക്കെ വിട്ടു പറഞ്ഞില്ല. ഇപ്പോൾ പറയേണ്ടിയിരിക്കുന്നു.[5] സാമൂതിരി ഓരോരോ ബ്രാഹ്മണരെ അയച്ചു് പോർത്തുഗീസുകാർ ചതിയന്മാരാകകൊണ്ടു് അവരെ നിഗ്രഹിക്കണം എന്നു് ഉപദേശം അറിയിച്ചു. ഞാൻ വഴങ്ങായ്കയാൽ സാമൂതിരിയുടെ സ്നേഹമോ പോർത്തുഗലിന്റെ സ്നേഹമോ ഏതാണു വേണ്ടതെന്നു ചോദിച്ചതിനു് നയം കൊണ്ടു ചെയ്യാത്തതു് ഞാൻ ഭയം കൊണ്ടു ചെയ്കയില്ല എന്നുത്തരം പറഞ്ഞയച്ചിരിക്കുന്നു. അതുകൊണ്ടു് നിങ്ങൾ പോയാൽ ഉടനെ സാമൂതിരി പടയോടുകൂടെ വന്നു് അതിക്രമിക്കും. ഇവിടെയുള്ള നായന്മാർ മാപ്പിളമാരോടു് കൈക്കൂലി വാങ്ങി മറുപക്ഷം നില്ക്കും എന്നു തോന്നുന്നു."

നായന്മാർ കൈക്കൂലി വാങ്ങി മറുഭാഗം നില്ക്കുമെന്നു പറഞ്ഞതു്, പോർത്തുഗീസുകാരെക്കൊണ്ടു്, അവരെ ദ്രോഹിപ്പിക്കാൻതന്നെ ആയിരിക്കണം. കേരളത്തിലെ രാജാക്കന്മാർ വിദേശികളുടെ സഹായത്തോടുകൂടി രാജ്യത്തിന്റെ സ്വതന്ത്ര്യത്തിനും രക്ഷയ്ക്കും ഉതകുന്നവരായ നായന്മാരെ നശിപ്പിക്കാൻ കാപ്പുകെട്ടി ഇറങ്ങിയ കാലം മുതൽക്കു് സ്വാതന്ത്ര്യം എന്നതു് പച്ച മരുന്നോ അങ്ങാടിമരുന്നോ എന്നു് തിരിച്ചറിഞ്ഞിട്ടില്ല. സാമൂതിരിയുടെ ശക്തി നശിപ്പിച്ചതും കേരളത്തിനു പിൽക്കാലത്തു ദോഷഹേതുകമായി ഭവിച്ചുവെന്നു് ഇനിയുള്ള ചരിത്രം കൊണ്ടു വ്യക്തമാകും. ഗാമയുടെ മൂക്കു് അല്പം വിറച്ച മാത്രയിൽ രാജ്യംപോലും തീറെഴുതിക്കൊടുക്കാമെന്നു സമ്മതിച്ച രാജാവാണ്, 'നയം കൊണ്ടു ചെയ്യാത്തതു് ഭയം കൊണ്ടു ചെയ്കയില്ല' എന്നു പറഞ്ഞതു്. നായന്മാർ കൈക്കൂലി വാങ്ങി മറുഭാഗത്തു ചേർന്നുകളയും പോലും.[6] അവരെപ്പറ്റി പാശ്ചാത്യന്മാർ പറഞ്ഞിരിക്കുന്നതു് എന്താണെന്നു നോക്കുക.

൭-ാം ശതകത്തിൽ രണ്ടു മഹമ്മദീയ സഞ്ചാരികൾ എഴുതിയിരുന്നതിനെ റേനാട്ടു് എന്നയാൾ തർജ്ജമചെയ്തു് ലണ്ടനിൽ പ്രസിദ്ധീകരിച്ചിരുന്നതു് ഇങ്ങനെയാണ്.

"രാജാക്കന്മാരുടെ സിംഹാസനാരോഹണസമയത്തു് താഴെ പറയുംപ്രകാരം ഒരു ചടങ്ങു് അനുഷ്ഠിക്കാറുണ്ടു്. കുറേ ചോറു് രാജാവിന്റെ മുമ്പിൽ കൊണ്ടുവന്നുവെയ്ക്കും. അദ്ദേഹം അല്പം ഭക്ഷിച്ചതിനു ശേഷം മുന്നൂറോ നാനൂറോ ആളുകൾ സ്വേച്ഛയാ അദ്ദേഹത്തിന്റെ കൈയിൽനിന്നു് ഓരോ ഉരുളച്ചോറു വാങ്ങി ഭക്ഷിക്കും. ഇങ്ങനെ ഭക്ഷിക്കുന്നതിനോടുകൂടി അവർ രാജാവു നാടുനീങ്ങുകയോ വധിക്കപ്പെടുകയോ ചെയ്യുന്ന സമയത്തു് അഗ്നിപ്രവേശം ചെയ്യുന്നതിനു് കടപ്പെട്ടവരായിത്തീരുകയും, അതിനെ നിഷ്ഠയോടുകൂടി അനുഷ്ഠിക്കുകയും ചെയ്യുന്നു." ഈ കൂട്ടരെ ചാവർ എന്നാണ് വിളിച്ചുവന്നതു്.

---

5 പോർത്തുഗീസുകാരുടെ സേവ പിടിക്കാനായി മാത്രം പറഞ്ഞ വാക്കുകളായിരുന്നു ഇവ.

6 കൊച്ചിയിലെ നായന്മാർ വിശ്വാസവഞ്ചകികളായതുപോലെ തന്നെ ആയിരിക്കണം തിരുവിതാംകൂറിലെ എട്ടുവീടർ രാജദ്രോഹികളായതും.

പർച്ചാസ്, ബാർബോസാ എന്നീ പാശ്ചാത്യരും ഇങ്ങനെ തന്നെയാണ് പറഞ്ഞിട്ടുള്ളതും.

പർച്ചാസ് പറഞ്ഞിരിക്കുന്നതു നോക്കുക:

'അമോച്ചി എന്നും നായറി എന്നും പേർ പറയുന്നതായ ഒട്ടു വളരെ പ്രമാണികൾ കൊച്ചീരാജാവിന്റെ കീഴിൽ ഉണ്ട്. അവർ രാജാവിന്റെ മാനത്തെ സംരക്ഷിക്കുന്നതിനു വേണ്ടി സ്വജീവനെപ്പോലും ബലി കഴിക്കാൻ സന്നദ്ധരാകുന്നു.' ഇങ്ങനെ തങ്ങളുടെ ജീവനെ രാജാവിനു വേണ്ടി ബലി കഴിച്ചു വന്നതിനുള്ള പ്രതിഫലമായിരിക്കാം ഈ അപവാദം.

ഇവിടെ കൊച്ചീരാജാവ് പറഞ്ഞിരിക്കുന്നതിൽ അല്പം വാസ്തവമുണ്ട്. നായന്മാർ മാപ്പിളമാർക്ക് അനുകൂലമായിരുന്നു. പക്ഷെ കൈക്കൂലി വാങ്ങിയതു നിമിത്തം ആ വശത്തോട്ടു ചാഞ്ഞതാണെന്നു പറഞ്ഞിരിക്കുന്നതേ പിശകായിട്ടുള്ളു. ഇത്രയും കാലംകൊണ്ട് മാപ്പിളമാർ കേരളീയരായിത്തീർന്നു കഴിഞ്ഞിരുന്ന സ്ഥിതിക്ക്, അവരെ ദ്രോഹിച്ചിട്ട്, പോർത്തുഗീസുകാരെ സഹായിക്കാനുള്ള ശ്രമത്തെ അവർ തടയാൻ നോക്കിയത് ആക്ഷേപാർഹമാണോ?[7] ഇങ്ങനെ ഒരു സംഭവം ആറ്റുങ്ങൽ വെച്ചും ഉണ്ടായിട്ടുണ്ട്. അതിനെ വഴിയെ വിവരിക്കാം.

കാബ്രാളിന്റെ അടുക്കൽ എന്നപോലെ, ചില നസ്രാണികൾ വാസ്കോഡിഗാമയുടെ അടുക്കലും ചെന്നിരുന്നു. പക്ഷേ, ഇവരുടെ വരവ് ഒരു പുതിയ ചരക്കുംകൊണ്ടായിരുന്നുവെന്നേയുള്ളു.

"ഞങ്ങൾ ഒക്കെ അവിടുത്തെ വരവിനെ പ്രതീക്ഷിച്ചു സന്തോഷിച്ചിരിക്കയായിരുന്നു. പണ്ട് ഞങ്ങളുടെ വംശത്തിലെ ഒരു രാജാവ് ഈ രാജ്യത്തുണ്ടായിരുന്നു. അദ്ദേഹത്തിന് പണ്ടത്തെ പെരുമാക്കന്മാർ നൽകിയ ചെങ്കോലും രാജപട്ടവും ഞങ്ങൾ ഇതാ അവിടുത്തേയ്ക്കു കാഴ്ചവെയ്ക്കുന്നു. ഞങ്ങൾ മുപ്പതിനായിരം പേരോളം യോജിച്ച് പുറത്തുകാലിന്റെ മേൽക്കോയ്മയെ സ്വീകരിച്ചിരിക്കുന്നു. അവിടുത്തെ നാമം ചൊല്ലിയല്ലാതെ ഇനിയൊരു കുറ്റക്കാരനേയും ഞങ്ങൾ വധിക്കയില്ല. . . . ഞങ്ങളുടെ വാസസ്ഥലത്തിനു സമീപം ഒരു കോട്ട കെട്ടുന്നപക്ഷം ഈ അവിശ്വാസികളുടെ രാജ്യം മുഴുവനും അവിടുത്തേയ്ക്കു കരസ്ഥമാകും."

വാസ്കോഡിഗാമ അവരുടെ അപേക്ഷയെ കൈക്കൊള്ളാതെ "നിങ്ങൾ ഭയപ്പെട്ടിട്ടാവശ്യമില്ല. ദൈവം നല്ലതു വരുത്തും"[8] എന്നൊക്കെ അനുഗ്രഹിച്ചയച്ചതേ ഉള്ളു.

ഗാമ പോയതിനു ശേഷം സാമൂതിരി കൊച്ചിയെ ആക്രമിക്കാൻ വട്ടംകൂടി. പോർത്തുഗീസുകാരെ വിട്ടുകൊടുക്കാത്തപക്ഷം യുദ്ധത്തിനു തയ്യാറായിക്കൊള്ളണമെന്ന് ഒരു സന്ദേശം അദ്ദേഹം കൊച്ചീരാജാവിന് അയച്ചു. കൊച്ചീരാജാവ്

---

7 ചതിയന്മാർ അവരുടെ കൂട്ടത്തിൽ ഇല്ലായിരുന്നു എന്നു പറയുന്നില്ല. എക്കാലത്തും എല്ലാ സമുദായത്തിലും വഞ്ചകന്മാർ ഉണ്ടായിട്ടുണ്ട്. ഇനി ഉണ്ടാകുകയും ചെയ്യും.

8 Asia Portuguese–Fariay Sousa Vol (doubt) P. 67.

അതിനെ വകവെച്ചതേ ഇല്ല. സാമൂതിരി ഉടൻതന്നെ സൈന്യസമേതം പുറപ്പെട്ടു. ജാസ്പർ കൊറിയ എഴുതിയിരുന്ന വിവരണത്തിൽനിന്നും ഈ യുദ്ധത്തെപ്പറ്റി ചില വിവരങ്ങൾ ഗ്രഹിക്കാം. യുദ്ധം തുടങ്ങിയത് മങ്ങാട്ടു കൈയ്മൾ അഥവാ ആലങ്ങാട്ടു രാജാവിന്റെ രാജ്യത്തുവെച്ചായിരുന്നു എന്നും, കൊച്ചീരാജാവിനോടുകൂടി നാല്പതിനായിരവും സാമൂതിരിയോടുകൂടി അറുപതിനായിരവും നായന്മാർവീതം ഉണ്ടായിരുന്നെന്നും ആ യുദ്ധത്തിൽ കൊച്ചിക്കുതന്നെ വിജയം ലഭിച്ചുവെന്നും ആണ് ഈ പാശ്ചാത്യൻ രേഖപ്പെടുത്തിയിരിക്കുന്നത്.

സാമൂതിരി ഇതുകൊണ്ടു ഭഗ്നാശയനാകാതെ വീണ്ടും ആക്രമിച്ചു. അദ്ദേഹം ഒരു ബ്രാഹ്മണനെക്കൊണ്ട് കൊച്ചീരാരജാവിന്റെ കോശാധികാരിയെ വശപ്പെടുത്തി. തന്നിമിത്തം പിന്നീടു യുദ്ധത്തിൽ കൊച്ചിയിലെ ‘മരുമഹൻ’ തമ്പുരാനും മറ്റു രണ്ടു ചെറിയ തമ്പുരാക്കന്മാരും ‘മരണം’ പ്രാപിച്ചുവത്രെ. ഇങ്ങനെ സാമൂതിരിക്കു ജയം സിദ്ധിച്ചു. കൊച്ചിക്കു ‘നിനക്കളി’ ഇല്ലാതെയായി. കൊച്ചി കോവിലകവും നഗരവും സാമൂതിരി ചുട്ടുപൊടിച്ചു. എന്നാൽ വർഷാരംഭമായതിനാൽ തല്ക്കാലം യുദ്ധം നിറുത്തിവെയ്ക്കേണ്ടി വന്നു. ഈ അവസരത്തിലാണ് ആൽബുക്കർക്ക് ആറു കപ്പലുകളോടുകൂടി കൊച്ചിയിൽ വന്നടുത്തത്. തമ്പുരാൻ അവരെ യഥോചിതം സല്ക്കരിച്ചു. പുറത്തുകാലിന്റെ സഹായത്തോടുകൂടി, സാമൂതിരിയുടെ മിത്രമായിരുന്ന കൊച്ചി ചെറുവെയ്പിൽ കയ്മൾ എന്ന പ്രഭുവിനെ നശിപ്പിച്ചിട്ട്, ആ ദേശം മുഴുവനും കൊള്ളയടിച്ചു. സാമൂതിരിയ്ക്കു തോൽവി പറ്റിത്തുടങ്ങി. ഒടുവിൽ അദ്ദേഹത്തിന് കൊച്ചീരാജാവുമായി ഉടമ്പടി ചെയ്യേണ്ടതായി വന്നു.

പിന്നീട് ആൽബുക്കർക്കു തിരിഞ്ഞത് എടപ്പള്ളിരാജാവിന്റെ നേർക്കായിരുന്നു. ഈ രാജാവും സാമൂതിരിയുടെ സഹായിയായിരുന്നുവത്രേ. എടപ്പള്ളിയുമായുള്ള യുദ്ധത്തിലും പുറത്തുകാലിന്നുതന്നേ വിജയം ലഭിച്ചു. ഈ സഹായങ്ങളുടെ ഒക്കെ ഫലമായി പോർത്തുഗീസുകാർക്കു കൊച്ചിയിൽ ഒരു കോട്ട കെട്ടാൻ അനുവാദം കിട്ടി. പാശ്ചാത്യർ ഭാരതഭൂമിയിൽ കെട്ടിച്ച ആദ്യത്തെ കോട്ട ഇതായിരുന്നു.

പിന്നെയും സാമൂതിരി യുദ്ധോദ്യമങ്ങൾ നിറുത്തിയില്ല. എന്നാൽ ഒരു യുദ്ധത്തിലും അദ്ദേഹത്തിനു വിജയം ലഭിക്കാതെ ആയി. 1513-ൽ കൊച്ചീരാജാവ് പോർത്തുഗീസു രാജാവിന്ന് അയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതിക്കാണുന്നു. അടുത്ത വർഷത്തിൽ (1504-ൽ) സാമൂതിരി നമ്മുടെ രാജ്യം വീണ്ടും ആക്രമിച്ചു. എന്നാൽ നാം നമ്മുടെ ബന്ധുക്കളോടും പ്രജകളോടുംകൂടി, അവിടുത്തെ സഹായത്താൽ, ആ രാജാവിനെ എതിർത്തു തോല്പിച്ചു. ഇനി മേലാൽ നമ്മോട് യുദ്ധത്തിനു പുറപ്പെടാൻ ഒരിക്കലും ധൈര്യപ്പെടാത്തവിധത്തിൽ, മാനഹാനിയോടും പരാജയത്തോടും കൂടി അദ്ദേഹം സ്വരാജ്യത്തിലേക്കു മടങ്ങി.”

കൊച്ചീരാജാവ് ഇക്കാലത്തിനിടയ്ക്ക് വിദേശീയശക്തിയ്ക്ക് എത്രത്തോളം അടിമപ്പെട്ടുവെന്ന് കേരളപഴമയിൽ പറഞ്ഞിരിക്കുന്ന ഒരു സംഭവത്തിൽനിന്ന് അറിയാം.

എടപ്പള്ളി രാജാവുമായുള്ള യുദ്ധത്തിനിടയ്ക്ക് ഏതാനും നായന്മാർ കടവു കടക്കാൻ ശ്രമിക്കവേ അവിടെ ജോലിചെയ്തു കൊണ്ടിരുന്ന പുലയർ അവരെ എതിർ

ത്തുവത്രെ. പച്ചീക്കൊ ഈ വിവരം അറിഞ്ഞു. "ഇവർ ഇപ്പോൾ നായന്മാരായിപ്പോയി എന്നു വിളിച്ചുപറഞ്ഞു. അതു കേട്ടപ്പോൾ അവിടെ നിന്നിരുന്ന കണ്ടങ്കോരു എന്ന മന്ത്രി, പുലയനെ നായരാക്കാൻ രാജാവിനുപോലും സാധിക്കയില്ല" എന്നു പറഞ്ഞു. പച്ചീക്കോവിനു കോപം വന്നു. അവരെ ഒക്കെ നായന്മാരാക്കണമെന്ന് അയാൾ രാജാവിനോടു നിർബന്ധിച്ചു. "മറ്റേതു രാജാവെങ്കിലും ഹീനജാതിക്കാർക്ക് ആഭിജാത്യം വരുത്തിയാൽ ഞാനും അങ്ങനെ ചെയ്യാം. അല്ലാതെ ഞാൻ തനിച്ച് അപ്രകാരം പ്രവർത്തിച്ചാൽ നായന്മാർ എന്നെ കൊല്ലും" എന്നു രാജാവ് അരുളിച്ചെയ്തുപോലും. എന്നിട്ടും പച്ചീക്കൊ അടങ്ങിയില്ല. ഒടുവിൽ രാജാവ് ഗത്യന്തരമില്ലാതെ, "അവർക്ക് ആയുധം ധരിച്ചു നടപ്പാനും, തലപ്പണം കൊടുക്കാതിരിപ്പാനും, നായന്മാർ സഞ്ചരിക്കുന്ന വഴികളിൽക്കൂടി നടപ്പാനും കല്പന കൊടുത്തുവത്രെ." ഈ രാജാവ്, പുലയർ തുടങ്ങിയ സാധുക്കൾക്ക് എല്ലാ വഴികളിലും കൂടി സഞ്ചരിക്കുന്നതിനു സ്വയമേവ അനുവാദം നല്കിയിരുന്നെങ്കിൽ, അദ്ദേഹത്തിനെ സർവജനങ്ങളും വാഴ്ത്തുമായിരുന്നു. എന്നാൽ ഈ പ്രവൃത്തികൊണ്ട് അദ്ദേഹം പോർത്തുഗീസുകാർക്ക് താൻ എത്രത്തോളം കീഴടങ്ങിക്കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുകയാണ് ചെയ്തത്. പച്ചീക്കോ പോർത്തുഗലിലേക്കു പോകാൻ ഭാവിച്ചപ്പോൾ തമ്പുരാൻ പറഞ്ഞ വാക്കുകൾ ഇതിലും കൌതുകാവഹമായിരിക്കുന്നു.

"താങ്കൾക്കു ഞാൻ എന്തു പ്രത്യുപകാരം ചെയ്യേണ്ടു. എന്റെ ദാരിദ്ര്യം അങ്ങേയ്ക്ക് അറിയാമല്ലോ. ഞാൻ പോർത്തുഗലിന്റെ ആശ്രിതനാണ്; അവിടുത്തെ അന്നം ഭക്ഷിക്കുന്നു. മനസ്സിൽ ഒരു ആഗ്രഹമേയുള്ളൂ. അതിനെ വെളിക്കു പറവാൻ മടിയുമുണ്ട്. അങ്ങ് ഇവിടെത്തന്നെ ഇരുന്നാൽ കൊള്ളാം."

സാമൂതിരിയുടെ സാമന്തനായിരിക്കാൻ ലജ്ജിച്ച രാജാവ് ഖണ്ഡുരാജ്യാധിപതികളേയും നായർപ്രഭുക്കന്മാരേയും നശിപ്പിച്ചിട്ട് പോർത്തുഗലിന്റെ അന്നം ഭക്ഷിച്ചു ജീവിക്കുന്നതായി അഭിമാനിക്കുന്നതു നോക്കുക. ഇൻഡ്യാക്കാരുടെ അനൈകമത്യവും ദുരഭിമാനവും ആണ് അവരുടെ പാരതന്ത്ര്യത്തിന് ഹേതുകമായിത്തീർന്നതെന്ന് ഇതിനിടയ്ക്ക് എല്ലാവരും ഗ്രഹിച്ചിട്ടുള്ള സംഗതിയാണല്ലോ.

പോർത്തുഗീസുകാരുടെ അടുത്ത ശ്രമം ഭാരതഖണ്ഡത്തെ, അല്പാല്പമായി അടക്കി, തങ്ങളുടെ ശക്തിയെ വർദ്ധിപ്പിക്കാനായിരുന്നു. വാസ്കോഡിഗാമ ഈ വിഷയത്തിൽ പുറത്തുകാൽ രാജാവിനെ നിർബന്ധിച്ചതിന്റെ ഫലമായി, അദ്ദേഹം സുവാറസ്സ് എന്ന കപ്പിത്താനെ ഒരു വലിയ സൈന്യത്തോടു കൂടി അയച്ചു. അയാൾ വന്നയുടനെ ചെയ്തതു്, കോഴിക്കോട്ടു നഗരത്തെ തീ വെച്ചു ചുടുക എന്ന സൽകൃത്യമായിരുന്നു.

"അന്നു രാത്രിയിലുണ്ടായ സങ്കടം പറഞ്ഞുകൂട. നസ്രാണികൾ വീടുകളിൽനിന്ന് ഓടിവന്ന് ഈശോ മിശിഹാ നാമത്തെ വിളിച്ച് പ്രാണങ്ങളേയും കുഞ്ഞുകുട്ടികളേയും പള്ളികളേയും രക്ഷിക്കേണമേ! കാബ്രാളും ഗാമയും ഞങ്ങൾക്ക് അഭയം തന്നുവല്ലോ" എന്നിങ്ങനെ മുറയിട്ടപ്പോൾ, പോർത്തുഗീസുകാർ നായന്മാരെ പട്ടണ

ത്തിൽ നിന്ന് ഓടിച്ചിട്ട് സുറിയാനികളുടെ അങ്ങാടിയേയും പള്ളികളേയും തീ കെട്ടത്തിരക്ഷിപ്പാൻ നോക്കി. ഒടുവിൽ അയാൾ മാപ്പിളമാർക്കും ജൂതന്മാർക്കുമുള്ള വസ്തുക്കളെ ഒക്കെയും കുത്തിക്കവർന്നെടുത്തിട്ട്, മഹാഘോഷത്തോടുകൂടി കൊച്ചിയിലേക്കു മടങ്ങിപ്പോകയും ചെയ്തു. അന്നു മുതൽ ജൂതന്മാർ തങ്ങളുടെ ജന്മഭൂമിയെ വിട്ട് അടുക്കെയുള്ള ഊരുകളിൽ പോയി പാർത്ത് 'ജറുസലേം നഗരനാശം പോലെ ഒരു കലാപം' എന്നു മുറയിട്ടു. വല്ലവർ കൊടുല്ലൂരിൽ വന്നു കൂലിപ്പണി ചെയ്താലും അവിടെനിന്നു ഊണു കഴിക്കാതെ പുഴയുടെ അക്കരെ പോയിത്തന്നെ ഉണ്ണും. മരിച്ചാൽ അഞ്ചു വർണ്ണമെന്ന ജന്മഭൂമിയിൽനിന്ന് ഒരുപിടി മണ്ണ് എങ്കിലും കുഴിയിലിട്ടുവേണം മൂടുവാൻ എന്നു കേട്ടിരിക്കുന്നു.[9]

ഇനിയുള്ള ചരിത്രത്തെപ്പറ്റി അധികമായി ഒന്നും പറയാനില്ല. കൊച്ചീരാജാവ് പോർത്തുഗീസുകാരുടെ പിടിയിൽ ആയി. അവർ തങ്ങളുടെ ശക്തിയെ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന എല്ലാ പ്രവൃത്തികളും മുറയ്ക്കു തുടങ്ങി. കിട്ടുന്നവരെയൊക്കെ ബലം പ്രയോഗിച്ചും അല്ലാതെയും ക്രിസ്തുമതത്തിൽ ചേർക്കാൻ അവർ തീർച്ചപ്പെടുത്തി. കോട്ടയ്ക്കുള്ളിൽ ക്രിസ്ത്യേതരന്മാർ കടന്നാൽ തല കൊയ്യുകളയുമെന്നൊരു വ്യവസ്ഥയും ചെയ്തു. ആ വ്യവസ്ഥ ചെയ്തത് അൽബുക്കർക്കാകുന്നു. ഏതൽഫലമായി നാനൂറില്പരം ആളുകൾ ക്രിസ്ത്യാനിമാർഗ്ഗം സ്വീകരിക്കേണ്ടതായി വന്നു. അവർ അല്പകാലത്തിനുള്ളിൽ കേരളത്തിൽ വരുത്തിവച്ച നാശങ്ങളെ ആർക്കും വർണ്ണിക്കാവുന്നതല്ല. ആൽബുക്കർക്കിന്റെ ഉദ്ദേശ്യം ഏതാണ്ടു ഫലിച്ചപ്പോൾ, തലസ്ഥാനം ഗോവയിലേക്കു മാറ്റാൻ അദ്ദേഹം നിശ്ചയിച്ചു. ഇത് കൊച്ചിരാജാവിനു രസിച്ചില്ല എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. 1513 ഡിസംബർ 11-നു കൊച്ചീരാജാവ് പോർത്തുഗൽ രാജാവിന് അയച്ച കത്ത് അദ്ദേഹത്തിന്റെ താല്ക്കാലികസ്ഥിതിയെ നല്ലപോലെ വെളിപ്പെടുത്തുന്നു.

"ഇന്ത്യയിലെ പ്രധാന രാജാവായി നമ്മെ വാഴിക്കാമെന്നുള്ള കരാറോടുകൂടി അടുത്തല്ലോ അവിടുന്ന് ഒരു സ്വർണ്ണക്കിരീടം അയച്ചുതന്നത്... അവിടുത്തെ പ്രതിനിധിയായ ഗവർണ്ണർ നമ്മെ ഇന്ത്യയിലെ പ്രധാന രാജാവാക്കിത്തരാമെന്നും നമ്മുടെ നേരെ വരുന്ന ശത്രുക്കളെ ഹനിക്കുന്ന വിഷയിൽ നമുക്കു പിന്തുണയായി നില്ക്കുമെന്നും... പള്ളിയിൽ വെച്ചു സത്യം ചെയ്തു. എന്നാൽ ഇപ്പോൾ ഡാംഗാർഷ്യാ മക്കത്തേക്കു പോകുന്ന കോഴിക്കോട്ടുകാരുടെ കച്ചവടക്കാർക്കു രഹദാരി കൊടുത്തിരിക്കുന്നു.[10]

"വിവിധജാതിമതക്കാർക്കു വലിയ സ്ഥാനമാനങ്ങളും, ഭൂസ്വത്തുക്കളും, ദേവാലയങ്ങൾ നിർമ്മിച്ച് സ്വസ്വധർമ്മത്തെ യഥാവിധി അനുഷ്ഠിച്ചുകൊള്ളുന്നതിന് അനുവാദവും നല്കിയ പെരുമാക്കന്മാരുടെ രാജ്യത്ത്, അന്നാട്ടുകാർക്കു മതം മാറാതെ

---

[9] കേരളപഴമ.

[10] കൊച്ചീചരിത്രം ഒന്നാം ഭാഗം.

കോട്ടയ്ക്കള്ളിൽ പ്രവേശിക്കാൻ നിവൃത്തിയില്ലാതായി. കൊച്ചീ രാജാവിന്ന് അണിയാനുള്ള മകുടം പോർത്തുഗലിൽനിന്നു വരേണ്ടിവന്നു. ഈ വിഷയത്തിൽ പോർത്തുഗീസുകാരെ അധിക്ഷേപിക്കാനില്ല. അവർ തങ്ങളുടെ ധർമ്മത്തെ പ്രചരിപ്പിക്കുന്നതിനും, രാജ്യത്തിന്റെയും, രാജാവിന്റെയും ഐശ്വര്യത്തെ വർദ്ധിപ്പിക്കുന്നതിനും വേണ്ടി, അവരാൽ കഴിയുന്നതൊക്കെ ചെയ്തു. അന്നത്തെ കൊച്ചീരാജാക്കന്മാരാകട്ടെ, സ്വജനത്തെ ദ്വേഷിച്ചും പരധർമ്മത്തേയും പരദേശികളേയും നന്നാക്കാനാണ് ഒരുങ്ങിയതു്. രാജാവും പ്രജകളും ക്രിസ്തുമതത്തെ അവലംബിച്ചിരുന്നുവെങ്കിൽ ഈ അവമാനമെങ്കിലും വരുത്താതെ കഴിച്ചുകൂട്ടാമായിരുന്നു. കൊച്ചീരാജാവിനെ ക്രിസ്ത്യാനിമാർഗ്ഗത്തിൽ ചേർക്കാൻ കഴിയുന്നത്ര ശ്രമിക്കണമെന്നുള്ള ആജ്ഞ പോർത്തുഗൽ രാജാവു് ആൽബുക്കർക്കിനു നൽകീട്ടുമുണ്ടായിരുന്നു. അയാൾ ഡ്യുവാർട്ടിബാർബോസാവഴിക്ക് ഈ കാര്യത്തെപ്പറ്റി തമ്പുരാനുമായി സംസാരിക്കാതിരുന്നുമില്ല. പക്ഷേ ഉദ്ദേശ്യം ഫലിച്ചില്ലെന്നേ ഉള്ളു. രാജാവു മതഭ്രഷ്ടനായി, കൃസ്ത്യൻമാർഗ്ഗത്തെ സ്വീകരിച്ചുവെങ്കിൽ രാജാസ്ഥാനം വഹിക്കാൻ നായന്മാർ അദ്ദേഹത്തിനെ അനുവദിക്കുന്നതല്ലായിരുന്നു. അവരുടെമേൽ രാജാവിനുണ്ടായിരുന്ന അധികാരം അതോടുകൂടി അവസാനിക്കും. അതുകൊണ്ടു് ഇത്ര പ്രാധാന്യമേറിയ ഒരു സംഗതി തീർച്ചയാക്കേണ്ടതു് വളരെ ആലോചിച്ചിട്ടു വേണ്ടതാണെന്ന് തമ്പുരാൻ അരുളിച്ചെയ്തതുകേട്ടു് ആൽബുക്കർക്കു തൃപ്തിപ്പെട്ടു[11] വെറുതെയാണോ പോർത്തുഗീസുകാർക്കു രാജാവിനോടും നായന്മാരോടും വിരോധം തോന്നിയതു്. പോർത്തുഗീസുകാരുടെ അക്രമങ്ങളും മതപരിവർത്തനനയവും നമ്പൂതിരിമാരെയും വല്ലാതെ പരിഭ്രമിപ്പിച്ചു. ഹൂണന്മാരായ പോർത്തുഗീസുകാർക്ക് അഭയം കൊടുത്ത രാജ്യത്തിന്ന് ഒരുകാലത്തും ഗുണം വന്നുകൂടെന്നും സാമൂതിരി ജയിച്ചാൽ ഈ ഹൂണന്മാർ നാടുവിട്ടുപോകുമെന്നും പ്രധാനികളായ ചില നമ്പൂതിരിമാർ കൊച്ചീതമ്പുരാന്റെ ആളുകളെ ദുഷ്പ്രേരണ ചെയ്തു തിരിച്ചു സാമൂതിരിയുടെ പക്ഷത്തിലേക്കാക്കി. പിന്നെ ശേഷിച്ചവരെ തോല്പിക്കാൻ സാമൂതിരിക്കു പ്രയാസം ഉണ്ടായില്ല.

ഇതിനിടയ്ക്കു് പോർത്തുഗീസുകാർ ചെയ്തിട്ടുള്ള കടുംകൈകൾക്ക് അവസാനമില്ല. കൊച്ചീരാജാവിന്റെ സ്ഥിതി മി. പത്മനാഭമേനോൻ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

“കൊച്ചീത്തമ്പുരാനുമായി അടുത്തു മുമ്പിൽ ഇരുന്ന ഗവർണ്ണറന്മാർ നീരസമായിട്ടാണു കഴിഞ്ഞുവന്നതു്. ഡക്കുഞ്ഞ ഗവർണ്ണരായി കൊച്ചിയിൽ എത്തിയപ്പോൾ, തമ്പുരാനെ പുറത്തിറങ്ങി സ്വതന്ത്രമായി സഞ്ചരിക്കാൻ കൂടി തരമില്ലാത്ത വിധത്തിൽ കോവിലകത്തിനകത്തു് ഇരുത്തിയിരിക്കയായിരുന്നു. അവിടുത്തെനേരെ അനേകം അനീതിയും അക്രമവും പ്രവർത്തിച്ചിരുന്നു. പോർത്തുഗീസുകാരുമായ് സഖ്യത്തിൽ ഇരുന്നിരുന്ന മറ്റു രാജാക്കന്മാരെയും ഉപദ്രവിക്കുന്നതിന് അശേഷം കുറവില്ലായിരുന്നു.”

---

[11] The Rise of Portugese Power in India queted from Cochin History Part I, Pages 357.

1542 മുതൽ 1547-വരെ ഗവർണ്ണരായിരുന്ന മാർട്ടി ആൽഫാൺസോ ഡി സൂസ ദേവാലയങ്ങളെ കൊള്ളയടിക്കാൻ സമർത്ഥൻ എന്ന പേരു സമ്പാദിച്ചിരുന്ന ഒരു മാന്യനായിരുന്നത്രെ. അയാൾ കാഞ്ചീപുരത്തെ ക്ഷേത്രം കോള്ളയടിക്കാൻ ഭാവിച്ചെങ്കിലും, വിജയനഗരം രാജാവിന്റെ സാമർത്ഥ്യത്താൽ അതിനു സാധിച്ചില്ല. അതുകൊണ്ട് അയാൾ നേരെ കായംകുളത്തേക്കു തിരിച്ചു. തേവലക്കരക്ഷേത്രത്തിൽ ഒട്ടു വളരെ ധനം കെട്ടിയിരിപ്പുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് അയാൾ, ക്ഷേത്രാധികാരികളും കാവൽച്ചങ്ങാതവും ഇല്ലാത്ത തക്കം നോക്കി ആ ദേവാലയത്തെ കൊള്ളയിട്ടു. ഇങ്ങനെ ഈ ഗവർണ്ണരുടെ അക്രമങ്ങൾ ദുസ്സഹമായിത്തീർന്നപ്പോൾ, ജനങ്ങൾ ഒത്തുചേർന്ന് അയാളെ ഉപദ്രവിച്ചുതുടങ്ങുകയും, ഒടുവിൽ ഇവിടെ കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാതെ, ഉദ്യോഗം രാജി വെച്ചിട്ട് സ്വരാജ്യത്തേക്കു പോവുകയും ചെയ്തു.

പോർത്തുഗീസുകാർക്ക് മിത്രാമിത്രഭേദമൊന്നുമില്ലായിരുന്നു. 1549-ൽ അവർ കൊച്ചീത്തമ്പുരാന്റെ സ്വന്തമായ പള്ളുരുത്തിക്ഷേത്രം ഫ്രാൻസിസ് ഡി സിൽവയുടെ നേതൃത്വത്തിൽ കവർച്ചചെയ്യാൻ ഒരുമ്പെട്ടു. വിശ്വാസവഞ്ചകികളായ നായന്മാരുടെ സഹായമില്ലായിരുന്നെങ്കിൽ ആ ക്ഷേത്രത്തിൽ ഒരു കാശിന്റെ വകപോലും ബാക്കി കാണുമായിരുന്നില്ല. ഈ സംഭവത്തിനുശേഷം പുറത്തുകാലിനും കൊച്ചിക്കും തമ്മിൽ ഈർഷ്യ വർദ്ധിച്ചുവന്നുവത്രെ.

1583-ൽ ഡാം ഫ്രാൻസിസ്ക്കോ മാസ്ക്കേൺഹാസ് എന്ന ഗവർണ്ണർ കൊച്ചീ രാജാവിനെ നിർബന്ധിച്ച് ആ രാജ്യത്തെ ചുങ്കം മുഴുവനും പോർട്ടുഗീസുകാർക്ക് ഒഴിഞ്ഞെഴുതിക്കൊടുപ്പിച്ചു. എന്നാൽ നാട്ടുകാർ ക്ഷോഭിച്ച്, ജീവൻ കളഞ്ഞും തങ്ങളുടെ അവകാശങ്ങളെ സ്ഥാപിക്കണമെന്നു തീർച്ചപ്പെടുത്തിയതിനാൽ പോർത്തുഗീസുകാരുടെ ശ്രമം ഫലിച്ചില്ലെന്നേയുള്ളു.

## 2 നസ്രാണികളും പോർത്തുഗീസുകാരും

ക്രിസ്ത്യാനികൾ എന്ന നിലയിൽ ഈ രണ്ടുകൂട്ടർക്കുംതമ്മിൽ സ്നേഹബന്ധമുണ്ടായിരുന്നെങ്കിലും, നസ്രാണികളുടെ ഇടയ്ക്കും ഭിന്നിപ്പിന് പോർത്തുഗീസുകാർ ഇടവരുത്തി. 1599 ജനുവരി മാസം അലക്സിസ് ഡി മെനസ്സസ് എന്ന ഗോവയിലെ ആർച്ചുബിഷപ്പ് കൊച്ചിയിൽ വന്നു. അദ്ദേഹത്തിന് രണ്ടുദ്ദേശ്യങ്ങളാണുണ്ടായിരുന്നത്. 1. കോട്ടയ്ക്കലെ മഹമ്മദീയക്കോട്ട പിടിച്ചടക്കുക. 2. നസ്രാണികളെ റോമിലേക്കു വശപ്പെടുത്തുക. ഇവയിൽ ആദ്യത്തെ ഉദ്ദേശ്യത്തിന്റെ സാഫല്യത്തിനുവേണ്ടി അദ്ദേഹം കൊച്ചീക്കോട്ടയിലെ ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി, ഒരു സൈന്യവിഭാഗം കോട്ടയ്ക്കലേയ്ക്ക് അയയ്ക്കാൻ ഏർപ്പാടുചെയ്തു.

അനന്തരം സുറിയാനിക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷനായ ആർച്ചു ഡീക്കനെ തനിക്കു വശപ്പെടുത്തിത്തരണമെന്ന് അദ്ദേഹം കൊച്ചീരാജാവിനോട്ട് അപേക്ഷിച്ചു. അതിനും പുറമേ അദ്ദേഹംതന്നെ പള്ളിതോറും നടന്നു പ്രസംഗങ്ങൾ നടത്തി.

“അങ്ങനെ പള്ളികൾ സന്ദർശിച്ചുനടക്കുന്ന കൂട്ടത്തിൽ മുളന്തുരുത്തിൽനിന്ന് ഉദയമ്പേരൂർ ചെന്ന്, അവിടെവച്ച് ആദ്യമായി കത്തനാരന്മാർക്ക് പട്ടം കൊടുക്കാൻ നിശ്ചയിച്ചു. ഈ സഞ്ചാരത്തിൽ ആർച്ചുബിഷപ്പിനു ചില അസഹ്യതകൾ നേരിടുകയുണ്ടായി. കൊച്ചീത്തമ്പുരാന്റെ മന്ത്രിയോട് അവിടെ ചെല്ലാൻ മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്നു. അദ്ദേഹവും ആർച്ചുബിഷപ്പും തമ്മിൽ പള്ളിയുടെ പൂമുഖത്തുവച്ച് കൂടിക്കാഴ്ചയുണ്ടായി. ഉദയമ്പേരൂരെ കാര്യക്കാരു തന്റെ ശ്രമങ്ങൾക്ക് എതിരായി പ്രവൃത്തിക്കുന്നതുകൂടാതെ ക്രിസ്ത്യാനികൾ തന്റെ സന്നിദ്ധിയിൽ വന്നുകൂട എന്നു വിരോധിക്കയും തമ്പുരാന്റെ പ്രജകളായ നായന്മാർ മുതലുള്ള അവിശ്വാസികളെക്കൊണ്ട് തന്നെയും പരിവാരങ്ങളായ ക്രിസ്ത്യാനികളേയും അവമാനിപ്പിക്കയും ചെയ്യുന്നുവെന്നും ആക്ഷേപിച്ചു. സർവ്വാധികാര്യക്കാർ കാര്യക്കാർക്കുവേണ്ടി സമാധാനം പറവാൻ ആരംഭിച്ചയുടനെ സഹിക്കവയ്യാത്ത ശുണ്ഠിയോടുകൂടി ആർച്ചുബിഷപ്പ് തന്റെ കൈയിൽ പിടിച്ചിരുന്ന ചൂരൽവടി കർശനമായി മൂന്നു പ്രാവശ്യം നിലത്തു കുത്തിഒച്ച എടുപ്പിച്ചുംകൊണ്ട് ഉച്ചത്തിൽ അലറിവിളിച്ച് ഇപ്രകാരം പറഞ്ഞു:– എന്നോട്ട് ഒന്നും പറവാൻ തുടങ്ങേണ്ട. നിങ്ങളുടെ മനസ്സിലുള്ളത് ഇനിക്കു നല്ലവണ്ണം അറിയാം. എന്നോടും ക്രിസ്ത്യവിഷയങ്ങളോടും നിങ്ങൾക്കു എത്രത്തോളം ദ്വേഷമുണ്ടെന്നും എനിക്ക് അറിവുണ്ട്. എന്നാൽ നിങ്ങളേക്കാൾ ഞാൻ അധികം കുറ്റക്കാരനാക്കി പറയേണ്ടതു് വേറൊരാളെയാണ്. അത് ആരെ എന്നാൽ നിങ്ങളുടെ രാജാവിനെത്തന്നെ. അദ്ദേഹം പോർട്ടുഗൽ മഹാരാജാവിന്റെ, സേനാസോദരനായിരുന്നുംകൊണ്ട് അദ്ദേഹത്തിന്റെ രാജ്യത്തുവെച്ച് എന്നെ ഇങ്ങനെയുള്ള സങ്കടങ്ങൾ അനുഭവിപ്പിക്കുന്നു. ആട്ടെ, എന്നാൽ ഞാൻ പറഞ്ഞതായി തമ്പുരാനെ അറിയിക്കു. എന്നെ എങ്ങനെയെല്ലാം അദ്ദേഹം ഉപദ്രവിച്ചിട്ടുണ്ടെന്നുള്ളത് പോർട്ടുഗൽ രാജാവ് അറിയും. അധികം താമസത്തിന് ഇടയാവാതെ തമ്പുരാൻ അതിനെക്കുറിച്ചു വ്യസനിക്കേണ്ടതായും വരും.”

സാധു സർവ്വാധികാര്യക്കാർ വല്ലാതെ പരിഭ്രാന്തചിത്തനായിട്ട് കഴിയുന്ന സമാധാനങ്ങൾ ഒക്കെ പറഞ്ഞുനോക്കി. എന്നിട്ടും ആർച്ചുബിഷപ്പിന്റെ കോപാഗ്നി കുറേക്കൂടി ഉജ്വലിച്ചതേയുള്ളു. സർവാധികാര്യക്കാർ ‘സർവാധി’ കാര്യക്കാർ തന്നെ ആയി. അദ്ദേഹം ക്രിസ്ത്യാനികളെയെല്ലാം കീഴടക്കുന്ന വിഷയത്തിൽ തമ്പുരാന്റെ സഹകരണം പൂർണ്ണമായുണ്ടാകുമെന്നു പറഞ്ഞപ്പോൾ “ശരി, എനിക്ക് അത് അചിരേണ അറിയാറാവും. നിങ്ങൾ നിഷ്കളങ്കം പെരുമാറുന്നപക്ഷം ഉടൻതന്നെ എല്ലാ ക്രിസ്ത്യാനികളേയും വിളിച്ചുവരുത്തി, ഭൂമിയിൽ എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ക്രൈസ്തവരെയെല്ലാവരും നമിക്കുന്നതും പോർത്തുഗൽ രാജാവു കീഴടങ്ങിയിരിക്കുന്നതുമായ റോമാപ്പള്ളിയോടു യോജിച്ച് എന്നെ അവരുടെ മേൽപട്ടക്കാരനായി സ്വീകരിപ്പാൻ തമ്പുരാന്റെ തിരുനാമത്തിൽ അവർക്കു കല്പന കൊടുക്കുക. ആർച്ചുഡീക്കനെ അവർ എന്നേയ്ക്കും ത്യജിച്ചുകളയണം. എന്നുവേണ്ട ചുരുക്കിപ്പറയുന്നതായാൽ, ഞാൻ അവരോട് എങ്ങനെ കല്പിക്കുന്നുവോ അപ്രകാരമെല്ലാം അവർ പ്രവർത്തിക്കണം.” കൊച്ചി രാജ്യചരിത്രം ഒന്നാംഭാഗം.

സർവാധികാര്യക്കാർ അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു. പക്ഷേ, ഇതു കൊണ്ടൊന്നും പെട്ടെന്നു വലിയ പ്രയോജനമുണ്ടായില്ല രാജാവും ആർച്ചുബിഷപ്പും തമ്മിൽ ഒരു വാക്കുമരത്തിനുപോലും ഇടവന്നു.

"അജ്ഞാനിയെന്നു ജഗൽ പ്രസിദ്ധിയുള്ള തമ്പുരാനെ അറിയിച്ചു പ്രവർത്തിക്കുന്നതുകൊണ്ടുതന്നെ ആർച്ചുഡീക്കനെ ഒരു ശരിയായ ക്രിസ്ത്യാനിയെന്നു വിചാരിച്ചുകൂട" എന്നു ബിഷപ്പുപറഞ്ഞപ്പോൾ തമ്പുരാനും കോപം വന്നു. പക്ഷെ അസ്വാമി കോപിച്ചതുകൊണ്ടെന്തു പ്രയോജനം? അതിനാൽ അദ്ദേഹം വീണ്ടും ബിഷപ്പിനെ സമാധാനപ്പെടുത്താൻ നോക്കി.

"ആട്ടെ, അവർ (ക്രിസ്ത്യാനികൾ) നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യും. നിങ്ങളുടെ പ്രീതിയെ ഞാൻ എപ്പോഴും കാത്തിരിക്കുന്നു" എന്ന രാജോക്തി കേട്ടപ്പോൾ ബിഷപ്പ് ശാന്തനായി. ഈ സംഭവത്തെപ്പറ്റി റവറണ്ട് ഹാഫ് ഇന്ത്യയിലെ ക്രൈസ്തവചരിത്രം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഈ സംഭാഷണത്തിൽനിന്ന് ഹിന്തുമതവിശ്വസി ആകയാൽ അജ്ഞാനി എന്നു വിശ്വസിക്കപ്പെട്ട രാജാവു്, ജ്ഞാനത്തിന്റെ വിളനിലമായി സ്വയം ഗണിച്ച ക്രിസ്ത്യൻ ആർച്ചുബിഷപ്പിനെക്കാൾ ശാന്തതയും, മഹാമനസ്കതയും പ്രകാശിപ്പിച്ചതായി പ്രത്യക്ഷപ്പെടുന്നു."

ഏതായിരുന്നാലും ബിഷപ്പിന്റെ ഉദ്ദേശ്യം സാധിച്ചു. അദ്ദേഹം പോകുംവഴിക്കൊക്കെ അവിശ്വാസികളെ ക്രൈസ്തമാർഗ്ഗത്തിൽ ചേർത്തുകൊണ്ട് വിജയപൂർവ്വം ഗോവയിലേക്കു തിരിച്ചു. അവിടെനിന്നു പോകുന്നതിനു മുമ്പായി അദ്ദേഹം രാജാവുമായി നടന്ന ഒരു സംഭാഷണത്തിന്റെ ഏതാനും ഭാഗം കുട്ടിച്ചേർക്കാം. "തിരുമനസ്സുകൊണ്ടു ഇനി മുക്തി ലഭിക്കുന്നതിനുള്ള മാർഗ്ഗം ചിന്തിച്ചാൽ കൊള്ളാമെന്നു ഞാൻ കാംക്ഷിക്കുന്നു. അങ്ങ് ഇത്ര പ്രബലനും, ബുദ്ധിമാനും, വിവേകിയും, ബാല്യകാലം മുതല്ക്കേ പോർച്ചുഗീസുകാരുടെ മിത്രവും ആയിരുന്നിട്ടും, നിന്ദ്യമായ വിഗ്രഹാരാധനയ്ക്ക് അടിമപ്പെട്ടിരിക്കുന്നല്ലോ. ക്രിസ്ത്യാനികൾ വന്ദിക്കുന്ന ഏകനായ സത്യദൈവത്തെ അറിവാൻ അങ്ങു കാംക്ഷിക്കുന്നില്ലല്ലോ. കഷ്ടം! മനുഷ്യനു ഏക മുക്തിമാർഗ്ഗമായിരിക്കുന്ന യേശുക്രിസ്തുവിന്റെ തിരുമൊഴികളെ ഗ്രഹിക്കുന്നില്ലല്ലോ?"

**രാജാവു്:** തങ്ങൾക്കു സത്യമെന്നും ഗുണമെന്നും ബോധംവന്നിട്ടുള്ള സംഗതികളെ തങ്ങളുടെ ഇഷ്ടന്മാരെ ധരിപ്പിക്കണമെന്നുള്ള ആഗ്രഹം മനുഷ്യർക്ക് സ്വാഭാവികമായുണ്ടാവുന്നതുതന്നെ. എന്നാൽ ക്രിസ്തുമാർഗ്ഗം ശരിയാണെന്നു എനിക്കു ബോധം വന്നിരുന്നെങ്കിൽ, ഞാൻ ഇതിനുമുമ്പേ അതു സ്വീകരിക്കുമായിരുന്നു.

**ബിഷപ്പ്:** തിരുമേനി സ്വികരിക്കണമെന്ന് ഞാൻ ഉപദേശിക്കുന്ന ധർമ്മത്തെ അംഗീകരിക്കാത്തവർക്കു സ്വർഗ്ഗോപലബ്ധിയുണ്ടാകയില്ല. ഈശ്വരസൃഷ്ടിയുടെ മാഹാത്മ്യം അവർക്ക് ആസ്വദിച്ചറിവാൻ സാധിക്കയുമില്ല.

**രാജാ:** സ്വർഗ്ഗം എന്നാൽ എന്താണ്? നിങ്ങൾ പ്രശംസിക്കുന്ന ആ ഈശ്വരമാഹാത്മ്യത്തിന്റെ സ്വഭാവവും എന്നോടൊന്നു വിവരിച്ചു പറയുക.

**ബിഷപ്പ്:** സ്വർഗ്ഗമെന്നാൽ സർവസൗഭാഗ്യങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു സ്ഥലമാണ്. ഈശ്വരൻ തന്നിൽ വിശ്വസിച്ച് ജ്ഞാനസ്നാനം ചെയ്ത്, തന്റെ ആജ്ഞയ്ക്കു വഴങ്ങിനിൽക്കുന്ന സ്വന്തമനുഷ്യർക്കു തന്റെ മാഹാത്മ്യം കാണിച്ചുകൊടുക്കാനായി ആ സ്ഥലത്തെ സൃഷ്ടിച്ചു.

**രാജാ:** ഇതെല്ലാം നിങ്ങളെ പഠിപ്പിച്ചതാരാണ്? ഇതു പറഞ്ഞുതരുന്നതിന് ആരാണ് ഇങ്ങോട്ടു വന്നത്?

**ബിഷപ്പ്:** ഇതു ഞങ്ങളുടെ വിശ്വാസമാണ്. സത്യമായ വിശ്വാസമാണെന്നു ലോകർക്കു വെളിപ്പെടുത്തിക്കൊടുക്കാനായി ഞങ്ങൾ ജീവനെക്കൂടി സസന്തോഷം ബലികഴിപ്പാൻ ഒരുക്കമാണ്; എന്നു മാത്രമല്ല സർവ്വസൃഷ്ടികർത്താവായ ദൈവത്തിന്റെ പുത്രൻ ഞങ്ങൾക്കുവേണ്ടി ഭൂമിയിൽ മനുഷ്യനായി അവതരിച്ച് ഈ സംഗതികളെ എല്ലാം ഞങ്ങളെ അറിയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം അസന്നിഗ്ദ്ധമായിട്ടുള്ളതാണ്. അദ്ദേഹം, തന്റെ പിതാവായ ഈശ്വരനോട്ട് ഞങ്ങളെ ചേർക്കാൻ വേണ്ടി കുരിശിൽ മരിച്ചു. ഉടൻതന്നെ യേശു, പുനരുത്ഥാനം ചെയ്തിട്ട്, ശിഷ്യന്മാരെല്ലാം കാൺകെ പ്രഭാതരളിതാംഗനായി സ്വർഗ്ഗത്തിലേക്കു ഗമിക്കയും ചെയ്തു. അദ്ദേഹത്തിൽനിന്നു ലഭിച്ച ജ്ഞാനത്തെയാണ് ഞങ്ങൾ ലോകത്തിൽ പ്രചരിപ്പിക്കുന്നത്.

**രാജാവ്:** ഈ പറഞ്ഞതെല്ലാം നിങ്ങളെ പഠിപ്പിച്ചതാരാണ്?

**ബിഷപ്പ്:** പരിശുദ്ധാത്മാവിന്റെ ആജ്ഞാനുസാരം യേശുക്രിസ്തു നടത്തിയ അത്ഭുതകൃത്യങ്ങളെ നാലു പുരാണലേഖകന്മാർ രേഖപ്പെടുത്തീട്ടുണ്ട്. അവർ എഴുതിവെച്ചിട്ടുള്ളതിൽ പിശകുണ്ടാകാൻ തരമില്ല. അവരിൽ രണ്ടുപേർ അദ്ദേഹത്തിനോടുകൂടി ഇരുന്ന്, അഭിമുഖസംഭാഷണം ചെയ്തിട്ടുള്ളവരാണ്. അദ്ദേഹത്തിന്റെ അന്തേവാസികളായിരുന്ന അപ്പോസ്തലന്മാരും, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശിഷ്യഗണവും ഈ സത്യാവസ്ഥകളെല്ലാം ഞങ്ങളുടെ പൂർവികന്മാരോടു പ്രസംഗിച്ചു; പാരമ്പര്യക്രമത്തിൽ അവ ഞങ്ങൾക്കും ലഭിച്ചു. എന്നു മാത്രമല്ല, ഞങ്ങളുടെ രക്ഷകൻ മനുഷ്യനായി ഭൂമിയിൽ അവതരിക്കുന്നതിനു മുമ്പേതന്നെ, ദീർഘദർശികൾ അദ്ദേഹത്തെപ്പറ്റിയും, അദ്ദേഹത്തിന്റെ ആഗമനത്തെപ്പറ്റിയും പ്രവചിച്ചിട്ടുമുണ്ടായിരുന്നു. അതുകൊണ്ട്, അദ്ദേഹം അവതരിച്ചപ്പോൾ, അദ്ദേഹംവഴിക്കു മാത്രമേ മനുഷ്യർക്കു മുക്തി ലഭിയ്ക്കു എന്ന് എല്ലാവരും വിശ്വസിച്ചു.

**രാജാ:** എന്നാൽ അവർ ഭൂമിയിൽ ഏതൊരു കാലത്തെങ്കിലും ജീവിച്ചിരുന്നുവെന്നോ, നിങ്ങൾ പറയുംപോലെ പ്രസംഗിച്ചുവെന്നോ ഞാൻ എങ്ങനെ വിശ്വസിക്കും?

**ബിഷപ്പ്:** ആകട്ടേ; ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. പോർത്തുഗീസുകാർ കൊച്ചിയിൽ വന്നപ്പോൾ, അവരെ പെരുമ്പടപ്പു തമ്പുരാക്കന്മാർ സ്നേഹപൂർവം സ്വീകരിച്ചുവെന്നും, അവരെ രക്ഷിക്കുന്നതിനുവേണ്ടി ഈ നാട്ടിലെ രണ്ടു പ്രഭുക്കന്മാർ

പ്രാണനെക്കൂടി കളഞ്ഞുവെന്നും, തിരുമനസ്സുകൊണ്ട് എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടല്ലോ.

**രാജാ:** അന്നുണ്ടായിരുന്നവരായ ദൃക്സാക്ഷികൾ പറഞ്ഞറിഞ്ഞു. എന്നു മാത്രമല്ല, ഞങ്ങളുടേയും നിങ്ങളുടേയും ചരിത്രകാരന്മാർ ഈ സംഭവങ്ങളെപ്പറ്റി എഴുതിവെച്ചിട്ടുള്ള രേഖകൾക്കു യോജിപ്പുകാണുന്നുമുണ്ട്. ആ സ്ഥിതിക്ക് അവയുടെ യാഥാർത്ഥ്യത്തെപ്പറ്റി സംശയിക്കാനില്ലല്ലോ.

**ബിഷപ്പ്:** എന്നാൽ ഇതുതന്നെയാണ്, ഞാൻ ഇപ്പോൾ പറഞ്ഞ ഗ്രന്ഥകാരന്മാരുടെ സ്ഥിതിയും. അവർ ദൈവപുത്രന്റെ ദൃക്സാക്ഷികളായിരുന്നു. അവർ പറയുന്നതിനും നമ്മുടെ ചരിത്രകാരന്മാർ പറയുന്നതിനും തമ്മിൽ ഈ ഒരു അന്തരമേയുള്ളു. മനുഷ്യരായ ചരിത്രകാരന്മാർ പറയുന്നതിൽ അതിശയോക്തിയും കളവും കണ്ടേക്കാം. ദിവ്യചരിത്രകാരന്മാരുടെ പ്രമാണങ്ങളെ ആ ന്യൂനത ബാധിച്ചിട്ടേ ഇല്ല. അവരുടെ തൂലികയേ നയിച്ചത് ഒരിക്കലും തെറ്റു വരാത്ത സാക്ഷാൽ ജഗദീശ്വരനാണ്.

**രാജാ:** (സസ്മിതം) നിങ്ങൾ പറഞ്ഞ ന്യായങ്ങളൊന്നും എന്നെ ബോദ്ധ്യപ്പെടുത്താൻ പര്യാപ്തമായിരിക്കുന്നില്ല. എന്നാലും അവയെ കേൾക്കുന്നതിൽ എനിക്കും സന്തോഷമുണ്ട്. എന്തുകൊണ്ടെന്നാൽ, ക്രിസ്തുമതത്തിന്റെ അടിസ്ഥാനം എന്താണെന്ന് അവയിൽനിന്നു ഗ്രഹിക്കാമല്ലോ. വേണമെങ്കിൽ ഞാൻ ഈ നാട്ടിലുള്ള വിദ്വജ്ജനങ്ങളേയും മഹാബ്രാഹ്മണരേയും വിളിച്ചുവരുത്തി, ഒരു യോഗം നടത്താം. അവർ എന്റെ സന്നിധിയിൽവെച്ച് നിങ്ങളുടെ യുക്തികൾക്കു ശരിയായ സമാധാനം പറയും.

**ബിഷപ്പ്:** അങ്ങനെ ഒരു യോഗം ഉണ്ടായാൽ കൊള്ളാമെന്ന് ഞാനും ആഗ്രഹിച്ചിരിക്കയാണ്. ഞാൻ പല രാജാക്കന്മാരോട് ആവശ്യപ്പെട്ടിട്ടും അവർ അങ്ങനെ ആവാമെന്നു സമ്മതിച്ചിട്ടുള്ളതല്ലാതെ ഇതുവരെ ഒന്നും സമ്മതിച്ചിട്ടില്ല. ബ്രാഹ്മണർ വാദം നടത്താൻ ഒരുമ്പെടുന്ന കാര്യം സംശയമാണ്. സത്യത്തിന്റെ സാരം ഗ്രഹിച്ചിട്ടില്ലാത്ത അജ്ഞാനികൾ സത്യത്തിനു വിപരീതമായേ വാദിക്കൂ.

**രാജാ:** നിങ്ങൾക്കു തിടുക്കമായി ഗേവായ്ക്കു പോകേണ്ടിയിരിക്കുന്നല്ലോ. നമുക്കും അടിയന്തിരമായി ചില കാര്യങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അതിനാൽ ബ്രാഹ്മണയോഗം ഇപ്പോൾ വിളിച്ചുകൂട്ടാൻ തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു.

**ബിഷപ്പ്:** യോഗം വിളിച്ചുകൂട്ടാൻ തരമുള്ള പക്ഷം ഞാൻ യാത്ര തൽക്കാലം മാറ്റിവെയ്ക്കാം.

പക്ഷേ, രാജാവിന് കൃത്യാന്തരബാഹുല്യം നിമിത്തം യോഗം വിളിച്ചുകൂട്ടാൻ അപ്പോൾ തരമില്ലായിരുന്നു. എന്നാൽ സാധു ബിഷപ്പിന് അക്കാര്യത്തിൽ തിടുക്കമായി. പണ്ഡിതാഗ്രണികളായ മലയാളബ്രാഹ്മണരെ അര നിമിഷത്തിൽ തോല്പിച്ചു

വിടാമെന്നായിരുന്ന അദ്ദേഹത്തിന്റെ വിചാരം. യോഗം അപ്പോൾ നടക്കയില്ലെന്നു കണ്ടപ്പോൾ, പാതിരി കോപാന്ധനായി ഇങ്ങനെ ശപിച്ചു.

“സത്യവചനങ്ങളെ എത്രതന്നെ ഉപദേശിച്ചിട്ടും അവയെ സ്വീകരിക്കാത്ത അവിടുത്തേക്ക് അന്ത്യവിധിദിവസത്തിൽ ലഭിക്കുന്ന ദണ്ഡവിധി ഭയങ്കരമായിരിക്കും.”

“ആകട്ടേ, ആ സംഗതിയെപ്പറ്റി നമുക്ക് അവിടെവെച്ചു സംസാരിക്കാം,”

കൊച്ചീരാജാവിന്റെ ഹാസ്യഗർഭിതമായ ഈ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാതെ പാതിരി പറഞ്ഞുതുടങ്ങി:–

“അതു പാടില്ല. അവിടം സംഭാഷണത്തിനുള്ള സ്ഥലമല്ല. അവിടെ വെച്ച് ദൈവം അന്ത്യവിധി കല്പിക്കുന്നത് എല്ലാവരും കേൾക്കേണ്ടിവരും. തിരുമനസ്സുകൊണ്ട് അവിടുത്തേ ആരാധനയ്ക്കു വിഷയമായ പിശാചുക്കളുമായി നിത്യസഹവാസം ചെയ്യട്ടേ എന്നൊരു വിധി ഈശ്വരൻ നല്കും.

“ഈ മാതിരി സംഭാഷണം കുറേ കടന്നുപോകുന്നു” എന്നു പറഞ്ഞിട്ട് രാജാവ് എഴുന്നേറ്റു പോയി. ഈ സംഭവം ഒരുവിധത്തിൽ രാജാവിന്നു വളരെ ഉപകരിച്ചു. അദ്ദേഹത്തിന് സ്വധർമ്മത്തിലുള്ള നിഷ്ഠയെ അത് അത്യന്തം വർദ്ധിപ്പിച്ചു. അദ്ദേഹം ഭാരതഖണ്ഡത്തിലെ മിക്ക പുണ്യസ്ഥലങ്ങളേയും സന്ദർശിച്ചും, നിരവധി പുണ്യകർമ്മങ്ങൾ ചെയ്തും, സ്വജീവിതത്തിന്റെ സായാഹ്നവേളയെ നയിക്കുന്നതിനു പ്രേരിതനായി.

ക്രിസ്തുമതപ്രചരണത്തിന്നുവേണ്ടിയും ധനാർജ്ജനത്തിനുവേണ്ടിയും ഏതു നിഷിദ്ധകർമ്മങ്ങളും ചെയ്യുന്നതിന് പോർത്തുഗീസുകാർ മടിച്ചില്ല. സ്പെയിൻകാർ ഈ വിഷയത്തിൽ അമേരിക്കയിൽവെച്ചു ചെയ്തിട്ടുള്ള നിന്ദ്യവും നിഷ്ഠുരവും ആയ കൃത്യങ്ങൾപോലും പോർത്തുഗീസുകാർ ഇന്ത്യയിൽ ചെയ്തതായ നീചകൃത്യങ്ങളോടുകൂടി കിടയാവുമോ എന്നു സംശയമാണ്. ഈ കടുംകൈകളുടെ ഫലമായി പറങ്കി എന്നു പേരുപോലും നീചാർത്ഥദ്യോതകമായി പരിണമിച്ചു.

1549-ൽ കാസ്മി ആന്നിസ് (Cosme Annes) എന്ന ക്രസ്ത്യാനി പോർത്തുഗൽ രാജാവിന് അയച്ച ഒരു കത്തിൽ ഇപ്രകാരം വിലപിച്ചിരിക്കുന്നു.

“ഇന്ത്യയിൽ നീതിനിശ്ശേഷം അസ്തമിച്ചു. തിരുമേനിയുടെ വൈസ്രോയിയോട് അപേക്ഷിച്ചാലും നീതി ലഭിക്കുന്നില്ല. ഏതുവിധത്തിലും പണം സമ്പാദിക്കണമെന്ന് ഒരൊറ്റ ആശ മാത്രമേ, തിരുമേനിയുടെ ഉദ്യോഗസ്ഥന്മാർക്കുള്ളു. പോർത്തുഗീസുകാരെ വിശ്വസിക്കുന്ന ഒരു മുസൽമാനെയും ഇവിടെ കാണുന്നില്ല. തിരുമേനിയുടെ കരുണാകടാക്ഷത്തെ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. തിരുമേനി കനിയേണമേ! കനിയേണമേ! കനിയേണമേ! ഞങ്ങളെ രക്ഷിക്കേണമേ! ഈ അന്ധകൂപത്തിൽ ആണ്ടുപോകുമ്മുമ്പേ ഞങ്ങളെ ഉദ്ധരിക്കേണമേ.”

കൊച്ചീരാജാവ് പോർത്തുഗീസുകാർക്കുവേണ്ടി എന്തെല്ലാം ചെയ്തുകൊടുത്തിട്ടുണ്ടെന്നും അതിന് അവരിൽ നിന്നു ലഭിച്ച പ്രതിഫലം എന്തായിരുന്നു എന്നും നാം

കണ്ടു. ഇനി കേരളത്തിന്റെ മറ്റു ഭാഗങ്ങളിലെ സ്ഥിതി നോക്കാം.

1501-ൽ കൊല്ലത്തുനിന്ന് കാബ്രാളിന് ഒരു ക്ഷണക്കത്തു കിട്ടിയതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗാമയാണ് ആദ്യമായി ഏതാനും കപ്പലുകളെ തെക്കോട്ടു യച്ചത്. അവ കൊല്ലത്തുവന്ന് സാമാനങ്ങളും കയറ്റിക്കൊണ്ട് കൊച്ചിയിലേക്ക് തിരിച്ചുപോയി. 1503-ാമാണ്ടിന്റെ അവസാനത്തിൽ, ആൽബുക്കർക്ക് കൊല്ലത്ത് അടുത്തു.

അദ്ദേഹം ദേശിങ്ങനാട്ടു രാജാവിനെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

[12]"കൊല്ലത്തെ രാജാവ് സത്യവാനും ധീരനുമാകുന്നു. നരസിംഹരാജാവുമായു ള്ള യുദ്ധത്തിൽ അദ്ദേഹം 60000 വില്ലാളികളോടുകൂടി ആ രാജാവിനെ എതിർത്തു തോല്പിച്ചു. പ്രധാനഗവർണ്ണരായ നമ്പിയാദ്രിമിനെ കൂടാതെ നാടുഭരിക്കാനായി ആ നഗരത്തിൽ മുപ്പത്തിആറു പ്രമാണികൾ ഉണ്ടായിരുന്നു. ഇത്രഭംഗിയായി ഭരണം നടത്തിവന്ന വേറൊരു നഗരവും ഈ ദിക്കിലെങ്ങും ഉണ്ടായിരുന്നില്ല.

[13]"നമ്പിയാദൊറ എന്ന രാജാവ് ഞങ്ങളെ വളരെ കരുണയോടും മഹാമനസ്കതയോടും സ്വീകരിച്ചു. ഞങ്ങൾക്കു കുരുമുളകു തരുമോ എന്നു ചോദിച്ചപ്പോൾ, ഇരുപതു ദിവസങ്ങൾക്കുള്ളിൽ ഞങ്ങൾക്ക് ഇഷ്ടമുള്ള എല്ലാമാതിരി ഏലവർഗ്ഗവും കപ്പൽനിറയേ കയറ്റിത്തരാമെന്ന് അദ്ദേഹം മറുപടി പറഞ്ഞു: . . . കപ്പലിൽ കൊള്ളാത്തിടത്തോളം ചരക്കുകൾ കിട്ടിയതിനാൽ ഏതാനുംഭാഗം അവിടെ ഇട്ടിട്ടു പോരേണ്ടതായി വന്നു."

ആൽബുക്കർക്കു കൊല്ലത്ത് ഒരു പണ്ടകശാല സ്ഥാപിച്ചശേഷം 1504 ജനുവരി പന്ത്രണ്ടാം തിയതി കൊച്ചിയിലേക്കു തിരിച്ചുപോന്നു. അഞ്ചിദ്വീപം, കണ്ണൂർ, കൊച്ചി, കൊല്ലം എന്നീ സ്ഥലങ്ങളിൽ പണ്ടകശാലകൾ സ്ഥാപിക്കണമെന്നുള്ള രാജാജ്ഞയും വഹിച്ചുകൊണ്ടാണ് ആൽബുക്കർക്കിന്റെ പിൻഗാമിയായ ഫ്രാൻസിസ്കോ ഡാൽമേയ്ഡ 1505-ൽ ഇന്ത്യയിൽ വന്നത്. ഡാൽമേയിഡ ഹോമം (Homem) എന്ന കപ്പിത്താനെ അക്കാര്യം സാധിക്കുന്നതിനുവേണ്ടി കൊല്ലത്തേക്ക് അയച്ചു. പോർത്തുഗീസുകാർ ഈ അവസരത്തിൽ കൊല്ലത്തുനിന്നും ചരക്കു കേറ്റിക്കൊണ്ടു പോയ മഹമ്മദീയ ബോട്ടുകളെ എതിർത്ത് അവയിലുണ്ടായിരുന്ന സാമാനങ്ങളെ കവർന്നെടുത്തു. അറബികൾ കൊല്ലം രാജാവിന്റെ മന്ത്രിമാരുടെ അടുക്കൽ സങ്കടം ബോധിപ്പിക്കയാൽ, അവർ പറങ്കികളുടെ പണ്ടകശാലയിൽ ചെന്ന്, ചരക്കുകൾ അറബികൾക്കു തിരിച്ചുകൊടുക്കാൻ ആജ്ഞാപിച്ചുവെങ്കിലും പണ്ടകശാലാധിപതിയായ ഡീസായും കൂട്ടരും വകവെച്ചില്ല. അതുകൊണ്ട് മന്ത്രിയുടെ ഭടന്മാരായ നായന്മാരും ജോനകരുംകൂടി അവരെ എതിർത്ത് അവിടെനിന്നു തുരത്തുകയും പണ്ടകശാല ചുട്ടുപൊടിക്കയും ചെയ്തു. വൈസറായിയായ ആൽമെയിഡ, ഹോമമിനെ

12 The Commentaries of Alfonso Alboquerque. Vol. I, P. II.

13 Collection of Early Voyages. Vol (doubt). Book (doubt).

സ്ഥാനഭ്രഷ്ടനാക്കീട്ട് പകരം തന്റെ പുത്രനായ ലോറൺസാവിനെ നിയമിച്ചു. ലോറൺസാ കൊല്ലത്ത് അടുത്ത തുറമുഖമുണ്ടായിരുന്ന 27 ബോട്ടുകളെ നശിപ്പിക്കുകയും അറബികളുടെ ഓടങ്ങളെ പിടിച്ചെടുക്കുകയും ചെയ്തു. അതിനുശേഷം, വിഴിഞ്ഞത്തു ചെന്ന് അവിടെയുണ്ടായിരുന്ന മഹമ്മദീയവ്യാപാരികളേയും നശിപ്പിച്ചു.

1516-ൽ പോർത്തുഗീസു വൈസറായി ആയിരുന്ന സൂവാറസ കൊല്ലം രാജ്ഞായുമായി സന്ധിക്കരറു ചെയ്ത്, വീണ്ടും ആ നഗരവുമായി കച്ചവടം ആരംഭിച്ചു. കഴിഞ്ഞ ശണ്ഠയിൽ നശിപ്പിക്കപ്പെട്ട സെന്റു താമസു പള്ളിയെ രാജ്ഞിയും നാട്ടുകാരുംകൂടി വീണ്ടും പണിയിച്ചുകൊടുക്കുകയും പോർത്തുഗീസുകാരുമായല്ലാതെ മറ്റാരോടും വാണിജ്യം ചെയ്യുന്നതല്ലെന്നു കരാർ ചെയ്കയും ചെയ്തു.

1517-ൽ പണ്ടകശാലയുടെ അധിപതിയായി നിയമിക്കപ്പെട്ട ഹെയ്റ്റർ റൊഡ്റീഗസ് കൊല്ലത്തുവന്ന് രാജ്ഞിയെ കണ്ടപ്പോൾ, താൻ തിരുവിതാംകോട്ട് ആക്രമിക്കാനായി അടുത്തദിവസം പുറപ്പെടുന്നെന്നും, കണക്കപ്പിള്ളമാരും നായന്മാരുമെല്ലാം തന്റെ കൂടെ പോരുന്നതിനാൽ പള്ളിക്കു കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള സഹായധനത്തെപ്പറ്റി താൻ തിരിച്ചുവന്നശേഷം തീർച്ചപ്പെടുത്താമെന്നും രാജ്ഞി അഭിപ്രായപ്പെട്ടു.

ഏറെത്താമസിയാതെ, കൊല്ലത്ത് ഒരു കോട്ട കെട്ടണമെന്ന് സൂവാറസ് തീർപ്പെടുത്തിയിട്ട്, നാലായിരം പണം രാജ്ഞിക്കു കൊടുത്ത് അതിനായി അനുവാദം വാങ്ങി. അതിനും പുറമേ റൊഡ്റീഗസ് രാജ്ഞിയുടെ പ്രധാന ഉദ്യോഗസ്ഥന്മാരായിരുന്ന ഉമ്മിണിപ്പിള്ളയുടേയും ബാലൻപിള്ളയുടേയും കുറുപ്പിന്റേയും സഖ്യവും സമ്പാദിച്ചു. പോർത്തുഗീസുകാരുടെ ഈ ഉദ്യമം നാട്ടുകാർക്കും ജോനകർക്കും കൊച്ചുതമ്പുരാക്കന്മാർക്കും രസിച്ചില്ല. അതുകൊണ്ട് റൊഡ്രിഗസ് 27 പറങ്കികളുമായി കോട്ടയുടെ അടിസ്ഥാനക്കല്ലിടാൻ ഭവിച്ചപ്പോൾ, രണ്ടായിരം നായന്മാർ അവിടെ എത്തുകയും, അവരെ തടയുകയും ചെയ്തു. പക്ഷേ പറങ്കികളുടെ പീരങ്കിപ്രയോഗത്തെ തടുക്കുന്നതിനു നിവൃത്തിയില്ലായ്കയാൽ, അവർ തിരിച്ചുപോരേണ്ടി വന്നു. എന്നാൽ നാട്ടുകാരുടേയും കൊച്ചുതമ്പുരാക്കന്മാരുടേയും അഭിപ്രായം ശരിയാണെന്ന് അചിരേണ രാജ്ഞിക്ക് മനസ്സിലാവുകയാൽ, അതിനെ ആക്രമിച്ചു നിരത്തുന്നതിന് ബാലൻപിള്ള നിയുക്തനായി. അദ്ദേഹം 1500 നായന്മാരോടുകൂടി, കോട്ടയ്ക്കുള്ളിൽ പ്രവേശിച്ച്, ക്രിസ്ത്യാനികളെയെല്ലാം തടവുകാരാക്കി. ഈ ശണ്ഠയിൽ അനേകം നായന്മാർക്ക് ജീവനാശം സംഭിവിച്ചു.

1543-ൽ ഫ്രാൻസിസ് സാവിയർ തെക്കൻതിരുവിതാംകൂറിൽ വന്ന് പ്രചാരകവേല തുടങ്ങുകയും അനേകം മുക്കവരെ ക്രിസ്തുമതത്തിൽ ചേർക്കയും ചെയ്തു. ഒരു കൊല്ലത്തിനുള്ളിൽ അദ്ദേഹം തിരുവിതാംകൂറിൽ 45 പള്ളികൾ പണിയിച്ചുവത്രെ. 1544-ൽ അദ്ദേഹം അയച്ച ഒരു കത്തിൽ തിരുവിതാംകൂറിലെ അന്നത്തെ രാജാവായിരുന്ന ദേശിങ്ങനാട്ടു ഭൂതലവീരകേരളവർമ്മയെ ദക്ഷിണേന്ത്യയുടെ അധിപതിയായ ഒരു മഹാരാജാവെന്നു വർണ്ണിച്ചുകാണുന്നു. വടുകപ്പടയുമായുള്ള യുദ്ധകാല

ത്തു് ഒരു അവസരത്തിൽ, അദ്ദേഹം മഹാരാജാവിനെ രക്ഷിച്ചതായും ഒരു ഐതിഹ്യമുണ്ടു്.

ഡീ സൂസാ എന്ന പറങ്കി തേവലക്കര തുടങ്ങിയ അനേകം ക്ഷേത്രങ്ങളെ നശിപ്പിച്ചതിന്റെ ഫലമായി ഫ്രാൻസിസിന്റെ പ്രചാരകജോലിക്കു വലിയ പ്രതിബന്ധങ്ങൾ നേരിട്ടുവെന്നു് അദ്ദേഹത്തിന്റെ കത്തുകളിൽ നിന്നു കാണാം. പോർത്തുഗീസുദ്യോഗസ്ഥന്മാരുടെ ദുഷ്കൃത്യങ്ങൾ നിമിത്തം മഹാരാജാവിനു ക്രിസ്ത്യാനികളോടു പൊതുവെ വിദ്വേഷം തോന്നിത്തുടങ്ങിയെന്നും തന്മൂലം തന്റെ ജോലിക്കു വിഘാതം നേരിട്ടിരിക്കുന്നു എന്നും അദ്ദേഹം 1554 മാർച്ച് 21-ാം തിയതിയിലെ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

മെനസ്സസ് ഉദയംപേരൂർസഭ കഴിഞ്ഞു് ദേശിങ്ങനാട്ടുചെന്നു് അവിടത്തെ രാജാവിനെ സന്ദർശിച്ച അവസരത്തിൽ നടന്ന സംഭാഷണത്തിൽനിന്നു്, അവർ തമ്മിലുള്ള വ്യത്യാസം പ്രത്യക്ഷപ്പെടുന്നു. മഹാരാജാവു് അരുളിച്ചെയ്യുന്നു:—

“നമ്മുടെ രാജ്യത്തു വസിക്കുന്ന ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ, ജൂതന്മാർ മുതലായവരെല്ലാം അവരവരുടെ ധർമ്മങ്ങൾ യഥാവിധി അനുഷ്ഠിച്ചു കാണ്മാനാണു് നമുക്കു് ആഗ്രഹം. എന്നാൽ ഇവിടെയുള്ള ക്രിസ്ത്യാനികളാരും അവരുടെ ആചാരങ്ങളെ അനുഷ്ഠിക്കുന്നതായി കാണുന്നില്ല. അവർ പള്ളിയിൽ പോകുന്നതിലും കുരിശിനെ വന്ദിക്കുന്നതിലും ഉപേക്ഷ കാണിക്കുന്നു; ഞായറാഴ്ച ദിവസം പണി എടുക്കുന്നു; പാതിരിമാരെ അറിവിക്കാതെ യഥേച്ഛം വിവാഹം നടത്തുന്നു. ഇതൊന്നും ശരിയല്ല. അതുകൊണ്ടു് അവരെ യഥാർഹം ശിക്ഷിക്കണം. നമ്മുടെ പ്രജകൾ എല്ലാം ധർമ്മിഷ്ഠന്മാരായിരിക്കണമെന്നാണു് നമ്മുടെ ആഗ്രഹം.” ഇതു കേട്ടപ്പോൾ ബിഷപ്പ് പറഞ്ഞതാവിതു്:—

“തിരുമനസ്സിലേക്കു് ക്രിസ്തുമതത്തിൽ ഇത്ര പ്രതിപത്തിയുണ്ടെങ്കിൽ അതു സ്വീകരിക്കുന്നതല്ലേ നല്ലതു്.”

“നാം ഒരു ക്രിസ്ത്യാനിയാവണമെന്നു് ഈശ്വരേച്ഛയുണ്ടായിരുന്നെങ്കിൽ, ജനനാൽപ്രഭൃതി അങ്ങനെ ആയിരിക്കുമായിരുന്നു” എന്നു് അരുളിച്ചെയ്തിട്ടു് അദ്ദേഹം പെട്ടെന്നു് എഴുന്നേറ്റു പൊയ്ക്കളഞ്ഞു.

പോർത്തുഗീസുകാരുടെ സ്വഭാവഗുണങ്ങളുടെ ഒരു ഏകദേശജ്ഞാനം താഴെപ്പറയുന്ന സംഭവങ്ങളിൽനിന്നു ഗ്രഹിക്കാം.

1. വാസ്കോഡിഗാമയുടെ രണ്ടാമത്തെ വരവിൽ, കോഴിക്കോട്ടു രാജാവുമായി ഒരു നാവികയുദ്ധം ഉണ്ടായി. ആ അവസരത്തിൽ ഗാമ പിടിച്ചെടുത്ത കപ്പലുകളിൽ ഉണ്ടായിരുന്ന 800 നാവികന്മാരുടെ കൈകാലുകളും മൂക്കുകളും ഛേദിച്ചു കുറെ ഇലകളും ചേർത്തു കറിയുണ്ടാക്കി, ഉപദംശമാണെന്നുപറഞ്ഞു് സാമൂതിരിക്കു് അയച്ചുകൊടുത്തു. ആ കപ്പലിൽ ഉണ്ടായിരുന്ന ബ്രാഹ്മണന്റെ ചുണ്ടും ചെവികളും അറുത്തെടുത്തിട്ടു് ചെവിയുടെ സ്ഥാനത്തു് പട്ടിയുടെ ചെത്തിത്തുന്നിക്കുത്തിയത്രേ. എത്ര പരിഷ്കൃതന്മാർ! ഈ മാതിരി ഭയങ്കര കൃത്യങ്ങൾ ടൈ

മൂർപോലും ചെയ്തിട്ടില്ല. ഇക്കൂട്ടർ ക്രിസ്ത്യാനികളാണെന്ന് അഭിമാനിച്ചതാണ് ബഹുചിത്രം! ഈ ഭാരതഭൂമിയിൽ ജനിച്ചിട്ടുള്ള വെറും കാട്ടാളപ്പരിഷകൾ കൂടി ഇത്രയും കാലത്തിനിടയ്ക്ക് ഈ മാതിരി ഒന്നും പ്രവർത്തിച്ചു കാണുകയില്ല. [14]

2. അൽമെയിഡ ബ്രാമ എന്ന സ്ഥലം പിടിച്ചെടുത്തപ്പോൾ സ്ത്രീജനങ്ങളുടെ ആഭരണങ്ങളെ അപഹരിക്കാൻ എളുപ്പത്തിനുവേണ്ടി അവരുടെ കൈകളും ഛേദിച്ചുകളഞ്ഞുവത്രേ.[15]

   ഇന്ത്യയിലുള്ളവർ, അജ്ഞാനികളാണെങ്കിലും, അവരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളത്,

   "സ്ത്രീയം ശതാപരാധാഞ്ചേൽ
   പുഷ്പേണാപി ന താഡയേൽ"
   കുളാർണ്ണവതന്ത്രം

   എന്നാണ്. അതായത് സ്ത്രീകൾ നൂറു കുറ്റങ്ങൾ ചെയ്തുപോയാലും, അവരെ പുഷ്പങ്ങൾകൊണ്ടുപോലും അടിച്ചുകൂട. ഭാരതീയരുടെ ചരിത്രത്തിൽ സ്ത്രീജനങ്ങളെ ഇത്ര നിർദ്ദയം പീഡിപ്പിച്ചതായി ഒരു ഒറ്റ ഉദാഹരണമെങ്കിലും എടുത്തു കാണിക്കാൻ സാധിക്കയുമില്ല.

3. 1637-ൽ ഡ്യൂ എന്ന ദിക്കിനടുത്തുള്ള മെറ്റ എന്ന ദ്വീപ് പോർത്തുഗീസുകാർ ആക്രമിച്ച് അവിടെ ഉണ്ടായിരുന്ന ജനങ്ങളെ ഒന്നൊഴിയാതെ കൊന്നുകളഞ്ഞു.

ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ അവസാനിക്കയില്ല. ഇനി ഇക്കാലത്തെ ഹിന്ദുരാജാക്കന്മാരെപ്പറ്റി വിദേശീയർ പറഞ്ഞിട്ടുള്ളതെന്താണെന്നു നോക്കുക.

ഹിന്ദുരാജാക്കന്മാർ പ്രജകളെ യാതൊരു വിധത്തിലും ഉപദ്രവിച്ചിരുന്നില്ലെന്നും, അവിശ്വാസികളായിരുന്നിട്ടും അവരും അവരുടെ ഭടന്മാരും മഹമ്മദീയ മതാചാരങ്ങളേയും നടവടികളേയും ബഹുമാനിച്ചിരുന്നുവെന്നും ടാഫ്ട്ട് ആൾ മുജാവുഡിൻ എന്ന മഹമ്മദീയചരിത്രത്തിൽ പറഞ്ഞിരിക്കുന്നു.

വർത്തീമ സാമൂതിരിയുടെ സാമുദായിക സ്ഥിതിഗതികളെപ്പറ്റി പല വിവരങ്ങൾ വിദേശ സഞ്ചാരികളുടെ കുറിപ്പുകളിൽ നിന്നു ഗ്രഹിക്കാം. എന്നാൽ ആ കുറിപ്പുകളെ യഥാരൂപം വിശ്വസിക്കുന്നതിനു നിവൃത്തിയില്ലാത്ത വിധത്തിൽ, അവയിൽ അവിടവിടെ പലേ പ്രമാദങ്ങൾ കടന്നുകൂടിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

---

[14] History of British India by Sir Willim Hunter, Vol (doubt) Page 184.

[15] Asia Portuguse Faria Y sousa Vol.doubt P. 116.

## 3 രാജാക്കന്മാർ

രാജാക്കന്മാർ വെളുത്ത വസ്ത്രവും ചിലപ്പോൾ പട്ടും ധരിക്കുന്നു. ചില അവസരങ്ങളിൽ മാത്രം പട്ടുകൊണ്ടോ സൂര്യപടംകൊണ്ടോ ഉണ്ടാക്കിയതും മുട്ടിനു മേൽവരെ എത്തുന്നതുമായ ഉടുപ്പും ധരിക്കാറുണ്ടായിരുന്നു. നായന്മാരെപ്പോലെ അവർക്കും മുൻകുടുമ്മയാണ് ഉണ്ടായിരുന്നത്. ചെരുപ്പ് ധരിക്കാറുണ്ടായിരുന്നില്ല. തുർക്കികളെപ്പോലെ മേൽമീശ വളർത്തിവന്നു. കാതുകുത്തി രത്നഖചിതമായ കർണ്ണാഭരണങ്ങൾ അണിയാറുണ്ടായിരുന്നു. വലയാംഗദങ്ങളും മുത്തുമാലകളും എല്ലാ രാജാക്കന്മാരും ധരിച്ചുവന്നു. വസ്ത്രത്തിന്റെ മീതെ രത്നം പതിച്ചതും, മൂന്നുവിരൽ വീതി വരുന്നതുമായ സ്വർണ്ണമേഖല ബന്ധിക്ക പതിവായിരുന്നു. മാറിലും, നെറ്റിത്തടത്തിലും, തോളത്തും ഭസ്മക്കുറിയുണ്ടായിരിക്കും. ചിലർ ചന്ദനം, മഞ്ഞൾ, ചാന്ത് ഇവകൊണ്ടുള്ള തിലകങ്ങളും അണിഞ്ഞുവന്നു. മൃതശരീരത്തെ ഇന്നത്തെപ്പോലെ അന്നും ദഹിപ്പിക്കയായിരുന്നു പതിവ്.

കോവിലകങ്ങളിൽ രാജാക്കന്മാരിരിക്കുന്നത് പൊക്കിക്കെട്ടീട്ടുള്ള തിണ്ണകളിലായിരുന്നു. നീരാളം, വില്ലൂസ്, പട്ട് മുതലായവകൊണ്ടുണ്ടാക്കിയ ചാവട്ടകളിൽ ചാരിയാണ് അവർ ഇരിക്കാറുണ്ടായിരുന്നത്. വെള്ളയും കരിമ്പടവും വിരിച്ചിരിക്കും. ചിലപ്പോൾ വെള്ളയും കരിമ്പടവും വിരിച്ച മഞ്ചത്തിൽ, മുൻപറഞ്ഞപോലെ, ചാവട്ടയിൽ ചാരിയും ഇരിക്കാറുണ്ടായിരുന്നു. സന്ദർശകന്മാർക്ക് ഇരിക്കാൻ ആട്ടിൻരോമംകൊണ്ടുള്ള തുണി വിരിച്ചുകൊടുക്കും. അവർ പോകുമ്പോൾ, ആ തുണിയും എടുത്തുകൊണ്ട് ഒരാൾ മുമ്പേ നടന്നു വന്നു. രാജാവ് ഇരിക്കുന്നതിന്റെ സമീപത്തുതന്നെ വാൾവെച്ചിരിക്കും. വാളൂരിപ്പിടിച്ചുകൊണ്ടേ അവർ നടക്കാറുണ്ടായിരുന്നുള്ളൂ. ഇങ്ങനെ പല സംഗതികൾ ബാർബോസയുടെ വിവരണത്തിൽനിന്നു ഗ്രഹിക്കാം. ആ ഗ്രന്ഥത്തിന്റെ 104 മുതല്ക്ക് 110-വരെയുള്ള വശങ്ങളിൽ, രാജാക്കന്മാരുടെ വിവാഹസമ്പ്രദായം, ദായക്രമം, പള്ളിക്കെട്ട്, ശവദാഹം മുതലായവയെ ഏറെക്കുറെ ശരിയായി വർണ്ണിച്ചിട്ടുണ്ട്.

നീതിപരിപാലനത്തിനായി ഏർപ്പെടുത്തിയിരുന്ന നിയമങ്ങൾ വളരെ നിഷ്ഠുരങ്ങളായിരുന്നു. ജാതിഭേദം നോക്കിയാണ് ശിക്ഷ നൽകിവന്നത്. ന്യായം നടത്തുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. താണ ജാതിക്കാരിലൊരുവനെ തൊണ്ടിയോടുകൂടി പിടി കിട്ടുകയോ, അവൻ കുറ്റം സമ്മതിക്കുകയോ ചെയ്താൽ, അവന്റെ തല വെട്ടി മൃതശരീരത്തെ എല്ലാവരും കാൺകെ കഴുവിൽ കുത്തി നിറുത്തുകയായിരുന്നു പതിവ്. കുറ്റക്കാരൻ മാപ്പിളയായാൽ അവനെ കുത്തിക്കൊന്നുകളയും. തൊണ്ടി കിട്ടുകയും കള്ളനെ പിടികിട്ടാതെ വരികയും ചെയ്താൽ, അതിനെ കുറേക്കാലം സൂക്ഷിച്ചുവച്ചിരുന്നതിന്റെ ശേഷം ഉടമസ്ഥനു തിരിച്ചുകൊടുക്കും. എന്നാൽ അതിൽ നാലിലൊന്നുഭാഗം അവൻ കാര്യക്കാർക്കു കൊടുക്കണമെന്നായിരുന്നു അന്നത്തെ ഏർപ്പാട്. കള്ളനാണെന്നു സംശയിച്ചു പിടിക്കപ്പെട്ടവൻ, കുറ്റം സമ്മതിക്കാത്തപക്ഷം, അവനെ എട്ടു ദിവസത്തോളം തടവിൽ പാർ

പ്പിച്ച ബുദ്ധിമുട്ടിക്കും. എന്നിട്ടും കുറ്റം സമ്മതിച്ചില്ലെങ്കിൽ, കൈമുക്ക പരീക്ഷ നടത്തിനോക്കും. ശുചീന്ദ്രത്തു കൈമുക്ക വളരെ പ്രസിദ്ധമായിരുന്നു. അതിന്റെ ചടങ്ങുകൾ ഇങ്ങനെയാണ്. കുറ്റക്കാരനെ കുളിപ്പിച്ച് ക്ഷേത്രത്തിലേക്കു കൊണ്ടുപോകും. അവിടെ ഒരു ചെമ്പുപാത്രത്തിൽ എണ്ണയൊഴിച്ച് കുറെ പച്ചിലയും ഇട്ട് നല്ലപോലെ തിളപ്പിക്കുന്നു. ഇല താഴുമ്പോൾ കുറ്റക്കാരന്റെ ശരീരത്തിൽ ചൊറിയോ മുറിവോ വല്ലതുമുണ്ടോ എന്ന് അന്യായക്കാരനെ ബോദ്ധ്യപ്പെടുത്തിയശേഷം, അവരെ വിഗ്രഹത്തിനു മുമ്പിൽ കൊണ്ടുചെന്നു നിർത്തീട്ട് "എന്റെ മേൽ ആരോപിച്ചിരിക്കുന്ന കളവ് ഞാൻ ചെയ്തിട്ടില്ല; അതു ചെയ്തത് ആരെന്ന് എനിക്കു നിശ്ചയവുമില്ല" എന്നു മൂന്നു വട്ടം പറയിച്ചിട്ട് അവന്റെ വിരലുകളെ തിളച്ചിരിക്കുന്ന എണ്ണയിൽ മുക്കാൻ പറയും. അതിനുശേഷം കാര്യക്കാരും പിള്ളമാരും പരിശോധിച്ച്, അവനെ വീണ്ടും ബന്ധനത്തിൽ പാർപ്പിക്കും. മൂന്നാം ദിവസം കാര്യക്കാരുടെ മുമ്പിൽ വെച്ച്, കെട്ടഴിച്ചു നോക്കുമ്പോൾ, പൊള്ളിയിരിക്കുന്നതായി കണ്ടാൽ അവനെ കൊല്ലും; പൊള്ളീട്ടില്ലെങ്കിൽ വിട്ടയയ്ക്കും. കുറ്റക്കാരൻ മഹമ്മദീയനായാൽ കൈമുക്കിനുപകരം പഴുപ്പിച്ച ഇരുമ്പ് അവനെക്കൊണ്ടു നക്കിക്കയായിരുന്നു പതിവ്. പ്രഭുജനങ്ങളേയും ബ്രാഹ്മണരേയും പശുക്കളേയും ഹിംസിക്കുന്നവർക്കും മരണശിക്ഷയാണ് വിധിച്ചുവന്നത്. മറ്റുള്ള കുറ്റങ്ങൾക്കു വെറും പിഴ മാത്രമായിരുന്നു ശിക്ഷ. എന്നാൽ പിഴവകയിൽ ഈടാക്കുന്ന പണം കാര്യക്കാർക്കായിരുന്നു.

പ്രഭുക്കന്മാരെ യാതൊരു കുറ്റത്തിനും ആമം വെച്ചുകൂടായിരുന്നു. കൊല്ലപാതകമോ, കവർച്ചയോ, രാജദ്രോഹമോ ചെയ്താൽ കണ്ടുകിട്ടുന്നിടത്തുവെച്ചുതന്നെ അവരെ കൊന്നുകളയാൻ രാജാവ് മാന്യകുടുംബത്തിൽ പെട്ട രണ്ടു മൂന്നു നായന്മാർക്കു കല്പന നൽകും. അങ്ങനെ വധിക്കപ്പെടുന്നവരുടെ മൃതശരീരത്തെ പരസ്യമായി ഒരിടത്ത് ഇട്ടിട്ട് അവരുടെ മാറത്ത് രാജകല്പന തറച്ചുനിർത്തും.

സ്ത്രീകൾക്കും മരണശിക്ഷ അനുവദിക്കപ്പെട്ടിരുന്നില്ല. ജാത്യാചാരങ്ങൾക്കു വിപരീതമായി ഒരു നായർസ്ത്രീ എന്തെങ്കിലും പ്രവർത്തിച്ചാൽ, രാജാവ് അവളെ ക്രിസ്ത്യാനികൾക്കോ മഹമ്മദീയർക്കോ വിറ്റുകളയും. എന്നാൽ അപരാധം രാജാവിന്റെ ചെവിയിൽ എത്തുന്നതിനു മുമ്പായി അവളുടെ ചാർച്ചക്കാർ അവളെ മുറിക്കകത്തടച്ച് കുന്തംകൊണ്ടോ കഠാരകൊണ്ടോ കുത്തിക്കൊന്നുകളകയായിരുന്നു നടപ്പ്.[16] വടക്കൻ പാട്ടു വായിച്ചുനോക്കുക.

## 4 നമ്പൂതിരിമാർ

മലയാളബ്രാഹ്മണർ പൊതുവേ വളരെ ശുചിയുള്ളവരും നിഷ്കളങ്കഹൃദയന്മാരും പ്രാചീനാചാരങ്ങളിൽ വളരെ നിഷ്ഠയുള്ള യാഥാസ്ഥിതികന്മാരും കുശാഗ്രബുദ്ധികളും

[16] Bsrbosa; The Discription of the coasts of East Africa and Malabar.

ആയിരുന്നു. സർവതോമുഖമായ ബുദ്ധിയും സുകുമാരകലകളിൽ എല്ലാം ഒരുപോലെ രസിക്കുന്ന സഹൃദയത്വവും അവർക്കുണ്ടായിരുന്ന വിശിഷ്ടഗുണങ്ങളത്രെ. കേരളമാഹാത്മ്യാദി ഗ്രന്ഥങ്ങളുടെ കർത്താക്കന്മാരെപ്പറ്റിയും എട്ടരയോഗക്കാരെപ്പറ്റിയും പറഞ്ഞിട്ടുള്ളത് മലയാളബ്രാഹ്മണരെ ഒട്ടുക്കു സംബന്ധിക്കുന്നില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ബാർബോസാ അവരെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

"ബ്രാഹ്മണരെല്ലാം ഒരേ വംശത്തിൽ പെട്ടവരാണ്; അവർക്കും അവരുടെ സന്താനങ്ങൾക്കും മാത്രമേ പുരോഹിതകൃത്യം അനുവദിക്കപ്പെട്ടിട്ടുള്ളു. ഏഴു വയസ്സാകുമ്പോൾ, അവർ കാട്ടുകഴുതയെപ്പോലിരിക്കുന്നതും ക്രയൻ മെർഗൻ (കൃഷ്ണമൃഗം) എന്നു വിളിച്ചുവരുന്നതുമായ ഒരു ജന്തുവിന്റെ തോൽരോമത്തോടുകൂടിത്തന്നെ രണ്ടു വിരൽ വീതിയിൽ വെട്ടി എടുത്ത്, കഴുത്തിനേ ചുറ്റി ഭുജത്തിനടിയിൽക്കൂടി ധരിക്കുന്നു. പിന്നീട് ഏഴു കൊല്ലത്തേക്ക് താംബൂലചർവണം ചെയ്യാൻ പാടില്ല. ഈ കാലമൊക്കെ ഒരു ചർമ്മപട്ടം ധരിച്ചിരിക്കയും വേണം. പതിന്നാലു വയസ്സു പ്രായമാകുമ്പോൾ, അവർ അയാളെ ബ്രാഹ്മണനാക്കുന്നു. അപ്പോൾ ചർമ്മപട്ടം കളഞ്ഞിട്ടു ബ്രാഹ്മണ്യ ചിഹ്നമായ മൂന്നു നൂൽ ധരിപ്പിക്കുന്നു. ഈ ദിക്കിൽ നാം മാസ്സിനെ എന്നപോലെ അവർ ഈ കർമ്മത്തേയും വളരെ ആഘോഷപൂർവമാണ് നടത്താറുള്ളത്. അതിനുശേഷം അവർക്ക് വെറ്റില മുറുക്കുന്നതിനു വിരോധമില്ല. ബ്രാഹ്മണർ മത്സ്യമാംസങ്ങളൊന്നും ഭക്ഷിക്കയില്ല. നാട്ടുകാർക്ക് അവരെപ്പറ്റി ഭക്തിയും ബഹുമാനവും ഉണ്ട്. എന്തു കുറ്റം ചെയ്താലും അവർക്ക് മരണശിക്ഷ വിധിക്കയില്ല. നമ്മുടെ ബിഷപ്പിന്റെ സ്ഥാനത്ത് അവർക്കു ഉള്ളതായ പ്രധാനി കുറ്റക്കാർക്ക് മിതമായ ശിക്ഷ നൽകിവരുന്നു. ഒരിക്കലേ അവർ വിവാഹം ചെയ്യൂ. അതും മൂത്ത പുത്രൻ മാത്രം. വിവാഹാനന്തരം അയാളെ ക്രമാഗമനവിധിപ്രകാരം സ്വത്തിന്റെ പൂർണ്ണാവകാശിയാക്കുന്നു. മറ്റുള്ളവർ ഒരിക്കലും വിവാഹം ചെയ്യുന്നില്ല. ജ്യേഷ്ഠസഹോദരന്മാരായ ബ്രാഹ്മണർ അവരുടെ പത്നിയെ ഭദ്രമായും ബഹുമാനത്തോടും കൂടി സൂക്ഷിക്കുന്നു. ആർക്കും അവരെ സമീപിച്ചുകൂടാ. വിവാഹിതനായ ഒരുവൻ മരിച്ചാൽ, വിധവ പുനർവിവാഹം ചെയ്യുന്നില്ല. ഭാര്യ വ്യഭിചരിക്കുന്നപക്ഷം ഭർത്താവ് അവളെ വിഷംകൊടുത്തു കൊന്നുകളയുന്നു." അവരുടെ ജീവിതരീതി, ആരാധനാക്രമം, ക്ഷേത്രങ്ങൾ ഇവയെപ്പറ്റിയും ബാർബോസ വിവരിച്ചിട്ടുണ്ട്.

അവർ 'ബർമ്മ' 'ബെസ്ന' 'മയ്സെരേണി' (മഹേശ്വരൻ) എന്നു ത്രിവിധഭാവങ്ങളോടുകൂടിയ ഏക ദൈവത്തെ ആരാധിക്കുന്നു. ഈശ്വരൻ ലോകാരംഭം മുതല്ക്കേ ഉള്ളവനാണെന്ന് അവരും സമ്മതിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ആഗമനത്തെപ്പറ്റി യാതൊരു ജ്ഞാനവും അവർക്കില്ല.

⋆ ⋆ ⋆

മരണശേഷം തങ്ങൾ ചാമ്പലായിത്തീരുമെന്നുള്ളതിന്റെ ചിഹ്നമായി അവർ, കുളിക്കുമ്പോഴൊക്കെ, തലയിലും നെറ്റിയിലും ഭസ്മം ധരിക്കുന്നു. മൃതശരീരത്തെ

അവർ ദഹിപ്പിക്കുകയാണ് പതിവ്. ഒരു ബ്രാഹ്മണൻ തന്റെ പത്നി ഗർഭം ധരിച്ചിരിക്കുന്നു എന്നറിഞ്ഞ ഉടനേ പല്ലു ശുചിയാക്കുന്നു; പിന്നീട് മുറുക്കുകയോ ക്ഷൗരം ചെയ്യുകയോ ചെയ്യുന്നില്ല. അതുവരെ അയാൾ ഉപവാസവ്രതവും അനുഷ്ഠിക്കുന്നു. രാജാക്കന്മാർ ഈ ബ്രാഹ്മണരെ യുദ്ധമൊഴിച്ച് പലേ സംഗതികൾക്കും നിയോഗിച്ചുവരുന്നു. ബ്രാഹ്മണർക്കോ രാജകുലത്തിൽ ജനിച്ചവർക്കോ മാത്രമേ, രാജാവിനു പാചകം ചെയ്തു കൊടുക്കാവൂ. അതുകൊണ്ട് രാജാവിന്റെ ബന്ധുക്കളും ബ്രാഹ്മണരെക്കൊണ്ടാണ് പാചകം ചെയ്യിക്കുന്നത്. ഒരു രാജ്യത്തുനിന്ന് മറ്റൊന്നിലേക്ക് എഴുത്തോ, പണമോ, കച്ചവടച്ചരക്കുകളോ കൊണ്ടുപോകുന്നവരും ബ്രാഹ്മണരാണ്.

അവർ വിഗ്രഹാരാധകന്മാരുടെ ധർമ്മത്തെപ്പറ്റി വിപുലമായ ജ്ഞാനമുള്ളവരും, വലിയ പണ്ഡിതന്മാരും വിവിധകലകളിൽ നൈപുണ്യം സമ്പാദിച്ചിട്ടുള്ളവരുമാകുന്നു. ആ നിലയിൽ രാജാവ് അവരെ വളരെ ബഹുമാനിക്കുന്നു.

## 5 നായന്മാർ

നായന്മാരുടെ സാമുദായികാചാരങ്ങളെപ്പറ്റി പാശ്ചാത്യസഞ്ചാരികൾ പറഞ്ഞിട്ടുള്ളതിലും മിഥ്യാജ്ഞാനത്തിന്റേയും അപൂർണ്ണജ്ഞാനത്തിന്റേയും ഫലമായി ചില പ്രമാദങ്ങൾ കടന്നുകൂടീട്ടുണ്ടെങ്കിലും ബാർബോസാമാത്രം ഏറെക്കുറെ ശരിയായ വിവരണം നൽകീട്ടുണ്ട്.

“നായന്മാർ ഉൽകൃഷ്ടകുലജാതന്മാരാണ്. അവർക്കു നാടുവാഴിത്തമുണ്ട്. കീഴ്ജാതിക്കാരുമായി അവർ കൂടിക്കഴിയില്ല. തങ്ങൾ ശ്രേഷ്ഠന്മാരാണെന്നുള്ള ഗർവ്വും അവർക്കു ക്രമത്തിലധികമുണ്ട്. അവർ എല്ലായ്പ്പോഴും ആയുധപാണികളായ് നടക്കുന്നു.”[17]

“അവർ നഗരം വിട്ട് ഉൾനാടുകളിലുള്ള തങ്ങളുടെ പുരയിടങ്ങളിൽ താമസിക്കുന്നു. ഈ പുരയിടങ്ങൾക്കു ചുറ്റും വേലികെട്ടിയിരിക്കും. വീടുകൾ മേയുന്നത് ഓല കൊണ്ടാണ്.”

“ക്ഷേത്രങ്ങളും രാജഗൃഹങ്ങളും മാത്രമേ ഓടു മേയുവാൻ അനുവദിച്ചിരുന്നുള്ളൂ.”[18] “അവർ ദൃഢസംഹതകായന്മാരും സൗന്ദര്യശാലികളും ആകുന്നു. പുരുഷന്മാർക്കു സാമാന്യം ഉയരമുണ്ടായിരിക്കും.”[19]

“മുഖം, ശരീരം, അവയവങ്ങൾ മുതലായവയെ സംബന്ധിച്ചിടത്തോളം യൂറോപ്യന്മാർക്കും അവർക്കുമായി വലിയ വ്യത്യാസമൊന്നുമില്ല. നിറത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. അവരെ ലോമശന്മാരെന്നു പറയാം. പുരുഷന്മാരുടെ മാറിടത്തിൽ രോമം കാടു പിടിച്ചിരിക്കും. പുരുഷന്മാർ കൈവിരലുകളിൽ നഖം നീട്ടി വളർത്തുന്നു. നികൃഷ്ടമായ തൊഴിലുകളിൽ പ്രവേശിക്കുന്നതിന് ഈ നീണ്ട നഖങ്ങൾ ബാധ

[17] Barbosa, Page 124, 129.
[18] Barbosa.
[19] Ralf Fitch, Barbosa & Linschoten.

കമായിരിക്കുമെന്നും, അത്തരം തൊഴിലുകളിൽ പ്രവേശിക്കുന്നത് തങ്ങളുടെ കുലമഹിമയ്ക്കു പോരാത്തതാണെന്നും അവർ പറയുന്നു. നഖം വളർത്തുന്നതുകൊണ്ട് വേറൊരു ആവശ്യംകൂടി നിറവേറുന്നുണ്ട്; അതായത്, വാൾ കൈയിൽ പിടിക്കുമ്പോൾ പിടി മുറുക്കുന്നതിന് നഖങ്ങൾ വളരെ സഹായകമത്രെ." തീണ്ടൽ തൊടീൽ എന്നീ അനാചാരങ്ങൾ അക്കാലത്ത് നന്നേ വർദ്ധിച്ചിരുന്നതായി ബാർബോസാ രേഖപ്പെടുത്തിയിട്ടുണ്ട്.

"അവർ വെളിക്കു സഞ്ചരിക്കുമ്പോൾ ആരും വന്നു തീണ്ടിപ്പോവാതെ ഇരിക്കാനായി പോ! പോ! എന്നു ആട്ടിക്കൊണ്ടു നടക്കുന്നു. കീഴ്ജാതിക്കാർ വഴി മാറാതെ അടുത്തു ചെന്നു പോകുന്നപക്ഷം, അവർ ഉടനേതന്നെ കൊന്നുകളഞ്ഞാലും, അങ്ങനെ ചെയ്യുന്നു. നായർ ശിക്ഷാർഹനാകുന്നില്ല."

"എന്തെങ്കിലും കാരണവശാൽ, തീണ്ടിപ്പോകയോ താണജാതിക്കാരെ തൊടുകയോ ചെയ്താൽ, തീണ്ടപ്പെട്ടവൻ പുരുഷനാണെങ്കിൽ കുളത്തിലോ നദിയിലോ പോയി മുങ്ങിക്കുളിക്കണം. അതിനുമുമ്പ് ജലപാനംകൂടി ചെയ്തുകൂട. കൃസ്ത്യാനികളേയും മറ്റു ജാതിക്കാരേയും തൊടുന്നപക്ഷവും അങ്ങനെതന്നെ ചെയ്യണം."

നായന്മാർ ഇക്കാലത്തിനിടയ്ക്ക് ചാതുർവർണ്യത്തിൽ എത്രത്തോളം കുടുങ്ങിക്കഴിഞ്ഞുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

[20] നായന്മാരുടെ തൊഴിൽ ആയുധഭ്യാസങ്ങളും യുദ്ധവും മാത്രമായിരുന്നു. അവർ ബഹുശൂരന്മാരായിരുന്നുവെന്നു 'ലിൻഷോട്ടൻ പറഞ്ഞിരിക്കുന്നു. വാദഗ്രസ്തമായ വിഷയങ്ങൾ തീർച്ച ചെയ്തുവന്നത് ദ്വന്ദ്വയുദ്ധംകൊണ്ടായിരുന്നു. ഇരുകൂട്ടരും ഓരോ ആളിനെ തിരഞ്ഞെടുക്കും. ദ്വന്ദയുദ്ധത്തിൽ ജയിക്കുന്നത് ആരുടെ ആളോ അയാൾക്കനുകൂലമായിരിക്കും തീർച്ച.[21] പോർത്തുഗീസുകാർ വന്നപ്പോൾ, നായന്മാർ അവർക്കു മുൻനില നൽകിയില്ലെന്നു ശഠിച്ചുവത്രേ. കലഹത്തിന് ഇടയുണ്ടാക്കരുതെന്നു വിചാരിച്ച്, തങ്ങളിൽ മുൻനില ആർക്കാണു വേണ്ടത് എന്നു നിർണ്ണയിപ്പാനായി കൊച്ചീരാജാവും ഗവർണ്ണരും ഓരോ നായന്മാരെ തിരഞ്ഞെടുത്ത് ദ്വന്ദ്വയുദ്ധം നടത്തി. ഭാഗ്യദോഷത്താൽ പോർത്തുഗീസുകാരാണ് ജയിച്ചത്. അന്നുമുതൽ നായന്മാർ അവർക്ക് മുൻനില അനുവദിച്ചുവെന്ന് തേവനാട്ടിന്റെ സഞ്ചാരകഥകളിൽ കാണുന്നു.

നായന്മാർക്ക് അക്കാലത്ത് അക്ഷരാഭ്യാസം പാടില്ലായിരുന്നുവെന്നു പറയുന്ന ചിലർ ഉണ്ട്. എന്നാൽ ബാർബോസാ തുടങ്ങിയ പാശ്ചാത്യന്മാർ അവരുടെ അക്ഷരാഭിജ്ഞതയെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതിനാൽ, ആ വിഷയത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. ദർശനങ്ങൾ, ജ്യോതിഷം മുതലായ വിഷയങ്ങൾപോലും അവർ അഭ്യസിച്ചു വന്നതായി ന്യൂഹാഫ് വ്യക്തമായി പറഞ്ഞിരിക്കുന്നതു നോക്കുക. മന്ത്രവാദം, ആഭിചാരം എന്നീ വിഷയങ്ങളിലും അവർക്കു സാമർത്ഥ്യമുണ്ടായിരുന്നത്രേ.

---

20 Linschoten.

21 Barbosa Page 124.

കൈത്തൊഴിലുകളോടും വ്യവസായങ്ങളോടും അന്നുണ്ടായിരുന്ന വെറുപ്പ് ഇന്നും നായന്മാർക്ക് നീങ്ങിയിട്ടില്ല.

അവരുടെ ചെലവിന് വളരെ അധികമൊന്നും ആവശ്യമില്ലായിരുന്നെന്നും, തങ്ങളുടെ യജമാനന്മാരെ കാത്തുരക്ഷിപ്പാൻവേണ്ടി അവർ ഊണും ഉറക്കവും ഉപേക്ഷിച്ചുവന്നുവെന്നും, മാസത്തിൽ ഒന്നേകാൽ ഉറുപ്പികകൊണ്ട് ഒരാളുടെ ചെലവു നടക്കുമായിരുന്നെന്നും ബാർബോസാ പറഞ്ഞിരിക്കുന്നു.

'കള്ളരുന്തിടുവതില്ലോം' എന്നു പഴയ പാട്ടിൽ നാകന്മാർ അഭിമാനപൂർവം പറഞ്ഞതായി അവ്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ മദ്യപാനം ചെയ്യാത്തവരായിരുന്നെന്ന് ബാർബോസായും രേഖപ്പെടുത്തീട്ടുണ്ട്.[22] പാശ്ചാത്യരുമായുള്ള സംസർഗ്ഗമാണ് അവരെ മദ്യപാനികളാക്കിയതെന്ന് നിസ്സംശയം പറയാം.

അവർ മാതാപിതാക്കന്മാരോട്ട് അതിരറ്റ ബഹുമാനവും സ്നേഹവും ഉള്ളവരാണെന്നും അവരെ സംരക്ഷിക്കുന്ന വിഷയത്തിൽ എന്തു കഷ്ടതകളും സഹിക്കുന്നതിന് അവർ തയ്യാറായിരുന്നെന്നും മിക്ക പാശ്ചാത്യരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

[23]കരയ്ക്കോ വെള്ളത്തിലോ എവിടെവച്ചായിരുന്നാലും, അവരെ കുന്തമോ മറ്റോ പ്രയോഗിച്ചു വീഴ്ത്തുന്നപക്ഷം, അവർ വേദനകൊണ്ടു വെറുതേ കിടന്നുകളയാറില്ലായിരുന്നുവെന്നും നേരേ മറിച്ച് ആ കുന്തത്തെ ഇരുകൈകളെക്കൊണ്ടും വലിച്ചെടുത്ത് വേദനയ്ക്കിടയിലും പ്രതിദ്വന്ദ്വിയുടെ നേർക്കു വലിച്ചെറിഞ്ഞ് തങ്ങളുടെ പകവീട്ടുമായിരുന്നെന്നും ലിൻഷേട്ടേന്റെ രേഖകളിൽ കാണുന്നു.

പടനിലത്തു മുറിവേറ്റു കിടക്കുന്നവരെ കൊള്ള ചെയ്യുന്നപതിവ് അവർക്കില്ലായിരുന്നു. അങ്ങനെ ചെയ്യുന്നത് ലജ്ജാവഹമായിട്ടാണ് അവർ ഗണിച്ചുവന്നത്. എന്നാൽ വിജയസൂചകമായി അവർ ശത്രുവിന്റെ ആയുധത്തെ എടുത്തുകൊണ്ടു പോകുമായിരുന്നു.

[24]"അവർ നന്നേ ആലോചിച്ച് കാലോചിതമായേ പ്രവർത്തിക്കാറുണ്ടായിരുള്ളു. ദുർമ്മാർഗ്ഗങ്ങളിൽ അവരുടെ മനസ്സു പ്രവർത്തിക്കാറുമില്ലായിരുന്നു. . . . . . . മിക്കവാറും നഗ്നസ്ഥിതിയിൽ ആൺകുട്ടികളും പെൺകുട്ടികളും നടക്കയും, അടുത്തു പെരുമാറുകയും ചെയ്തുകൊണ്ടിരുന്നിട്ടും അവരുടെ പ്രവൃത്തികളിലൊന്നിലും യാതൊരുദോഷവും കാണാത്തത് അത്യത്ഭുതമായിരിക്കുന്നു."

## 6 സുറിയാനി ക്രിസ്ത്യാനികൾ

[25]ക്രിസ്ത്യാനികൾ തെക്കുംഭാഗക്കാരാണെന്നും വടക്കുംഭാഗക്കാരാണെന്നും രണ്ടായി തിരിഞ്ഞിരുന്നു. മാർത്തോമയുടെ പ്രഥമഭാര്യയിലുണ്ടായ സന്താനങ്ങളായതിനാൽ, തങ്ങൾക്ക് ഔൽകൃഷ്ട്യം കൂടുമെന്നായിരുന്നു തെക്കരുടെ അഭിമാനം. അവർ

[22] Landas da India.
[23] Nieuhoff.
[24] Landas da India.
[25] Session.

തന്നിമിത്തം വടക്കരുമായി കൂടിക്കഴിക പതിവല്ലായിരുന്നു. ഈഴവരെ ഒഴിച്ചാൽ അവരോളം പരിശ്രമശീലം കേരളത്തിൽ മറ്റാർക്കുമുണ്ടായിരുന്നില്ല. ഇന്നും ആ ഗുണം അവരിൽ കാണുന്നുണ്ടല്ലൊ. പൊതുവെ അവർ ശാന്തശീലന്മാരായിരുന്ന ത്രെ. അവരും ആയുധാഭ്യാസം ചെയ്യാറുണ്ടായിരുന്നു. എന്നാൽ കച്ചവടമായിരുന്നു അവരുടെ പ്രധാന തൊഴിൽ. വല്ലപ്പോഴുമല്ലാതെ അവർ മാംസം ഭക്ഷിക്കാറുണ്ടായിരുന്നില്ല.

മെനസ്സിസ്സിന്റെ കാലംവരെ നസ്രാണികളുടേയും ഹിന്ദുക്കളുടേയും ആചാരങ്ങൾക്കു തമ്മിൽ വലിയ സാദൃശ്യമുണ്ടായിരുന്നു. 1598-ൽ ആർച്ചുബിഷപ്പ് മെനസ്സസ് ഉദയംപേരൂർ വെച്ചു വിളിച്ചുകൂട്ടിയ യോഗത്തിൽ പല പുതിയ നിശ്ചയങ്ങൾ ചെയ്തു കാണുന്നു.

1. ശുദ്ധം മാറിയാൽ കുളിക്കുക, മൃതശരീരങ്ങളെ കുളിപ്പിക്കുക, വിവാഹത്തിന് അരി വളച്ച് ദമ്പതിമാരെ അതിനകത്ത് ഇരുത്തുക, മുണ്ടു മുറിക്കുമ്പോൾ അതിൽനിന്നും ഒരു നൂൽ എടുക്കുക, നെല്ല് അളക്കുമ്പോൾ രണ്ട് മണി നെല്ല് അതിൽനിന്നും എടുത്തുവെയ്ക്കുക, ഈ ആചാരങ്ങളെ ഒന്നാമത്തെ കല്പനയാൽ അദ്ദേഹം വിരോധിച്ചു.[26]
2. പോർത്തുഗീസുകാരുടെ ഇടയ്ക്കോ, താണജാതിക്കാർ മാത്രമുള്ളിടത്തോ ജീവിക്കുന്നവർക്ക് താണജാതിക്കാരെ തൊടാമെങ്കിലും, ഉയർന്നജാതി ഹിന്ദുക്കൾ തിങ്ങിപ്പാർക്കുന്ന ദിക്കുകളിലെല്ലാം ക്രിസ്ത്യാനികളും തീണ്ടൽ ആചരിക്കണം.[27]
3. താണ ജാതിക്കാർ തൊട്ടുപോയ കുളങ്ങളേയും കിണറുകളേയും മറ്റും ശുദ്ധമാക്കുന്നതിനായി ചെയ്തുവന്ന ക്രിയകളെ ഉപേക്ഷിക്കണം.[28]
4. ഓണക്കാലത്ത് നായന്മാരുടെ പടകളികളിൽ പങ്കുകൊള്ളണം; എന്നാൽ അവരുടെ വക അടിയന്തിരങ്ങളിൽ പോയ്ക്കൂട.[29]
5. പ്രസവകാലത്ത്, പുരുഷപ്രജയായിരുന്നാൽ നാല്പതു ദിവസത്തേയും, സ്ത്രീപ്രജയായിരുന്നാൽ എമ്പതു ദിവസത്തേയും, വാലായ്മ ആചരിക്കുന്ന പതിവു നിർത്തണം.[30]

   ആഭിചാരം, ലക്ഷണം നോക്കി ഫലം പറയുന്ന ഏർപ്പാട് മുതലായവയെ നിശ്ശേഷം വർജ്ജിക്കണം.

---

26 Decree 1.
27 Decree 2.
28 Decree 3.
29 Decree 4.
30 Decree 5.

ക്ഷേത്രങ്ങളിൽ വഴിവാടു കഴിക്കുക; നായ്ക്കളേയും മറ്റും കൊന്നു ബലി കൊടുക്കുക മുതലായവ ചെയ്യരുതു്. ദേഹരക്ഷയ്ക്കായി യന്ത്രാദികൾ ധരിക്കാൻ പാടില്ല.[31]

പണത്തിനു് ക്രമപ്പലിശയേ വാങ്ങിയ്ക്കാവൂ. കൈമുക്കിയോ പഴുപ്പിച്ച ഇരുമ്പു പ്രയോഗിച്ചോ സത്യപരീക്ഷ നടത്തരുതു്.[32]

[33]പുരുഷന്മാർ നായന്മാരെപ്പോലെ കാതു കുത്തി കടുക്കനിടരുതു്.

ഈ കല്പനകളിൽനിന്നു് ക്രിസ്ത്യാനികളുടെ ആചാരങ്ങൾ നായന്മാരുടേതിൽ നിന്നു് വ്യത്യാസപ്പെട്ടിരുന്നില്ലെന്നു കാണാം. സ്ത്രീകൾ മാറു മറച്ചു നടന്നുതുടങ്ങിയതും ഒരു പ്രത്യേക കല്പനയാലാണു്.

ക്രിസ്ത്യാനികൾക്കു തമ്മിൽ വസ്തുസംബന്ധമായും മറ്റും തർക്കങ്ങളുണ്ടായാൽ ഇരുപാട്ടുകാരുടേയും വാദം കേട്ടു്, തീർച്ചചെയ്തുവന്നതു് ആർച്ചുഡീക്കനും മെത്രാനും കൂടിയായിരുന്നു. എന്നാൽ അപരാധികളെ ശിക്ഷിക്കാനുള്ള അധികാരം രാജാവിന്നേ ഉണ്ടായിരുന്നുള്ളു.

ആയുധാഭ്യാസവും അവരുടെ ഇടയ്ക്കു നടപ്പുണ്ടായിരുന്നു.[34]

## 7 ഈഴവർ

ഈഴവർ ഉൽകൃഷ്ടകുലജാതന്മാരായിരുന്നുവെന്നു് വടക്കൻ പാട്ടുകളിൽ നിന്നും ഗ്രഹിക്കാം. എന്നാൽ പടച്ചേവുകം ചെയ്തു് ചേകോസ്ഥാനം വാങ്ങീട്ടുള്ളവർക്കായിരുന്നു അക്കാലത്തു പ്രാധാന്യം. അവർക്കു കളരികളും സ്ഥാനമാനങ്ങളും രാജാക്കന്മാർ നൽകിയിരുന്നു. നാട്ടുവാഴികൾക്കും നായർപ്രഭുക്കൾക്കും വസ്തുതർക്കമോ മറ്റോ ഉണ്ടായാൽ അവർക്കു വേണ്ടി അങ്കം പൊരുതുന്നതു് ചേകോന്മാരായിരുന്നു. അസ്ത്രവിദ്യാഗുരുക്കന്മാരായ ചേകോന്മാരെ ബ്രാഹ്മണർപോലും ബഹുമാനിച്ചു വന്നു. മിക്ക നാട്ടുവാഴികൾക്കും ചേകോപ്പട കൂടി ഉണ്ടായിരുന്നതായി കാണുന്നു.

---

31 Decree 6.
32 Decree 7.
33 Decree 8.
34 Decree 14.

— 1.10 —

# സംസ്കൃതപ്രഭാവകാലത്തെ സാഹിത്യം

ഈ അദ്ധ്യായത്തെ പാട്ടുകൾ, മണിപ്രവാളകൃതികൾ, ഗദ്യം, ശാസ്ത്രഗ്രന്ഥങ്ങൾ എന്ന നാലു ഖണ്ഡങ്ങളായി വിഭജിച്ച്, ഓരോ വകുപ്പിലും അക്കാലത്തുണ്ടായ പ്രധാന കൃതികളെപ്പറ്റി ദിങ്മാത്രമായി വിമർശിക്കാമെന്നു വിചാരിക്കുന്നു.

## 1 പാട്ടുകൾ

### വടക്കൻ പാട്ടുകൾ

മനുഷ്യർ സാമാന്യേന വീരപുരുഷാരാധകന്മാരാകുന്നു. ഏതൽഫലമായി എല്ലാ ഭാഷകളിലും വീരരസപ്രധാനങ്ങളായ ഒരുതരം ആഖ്യാനങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. മഹാകാവ്യങ്ങളെല്ലാം വീരാരാധനയിൽ നിന്നുത്ഭവിച്ചവയാണ്. അതുപോലെ തന്നെയാണ് ഇതിഹാസങ്ങളുടെയും കഥ. എന്നാൽ ഇതിഹാസങ്ങളേയും മഹാകാവ്യങ്ങളേയും അപേക്ഷിച്ച് സംക്ഷിപ്തമായി വീരപുരുഷന്മാരുടെ അപദാനങ്ങളെ വർണ്ണിക്കുന്ന ഒരുമാതിരി കവിതകൾ ഉണ്ട്. അവയ്ക്കു് ഇംഗ്ലീഷിൽ ballad എന്നു പേർ പറഞ്ഞുവരുന്നു. തച്ചോളിപ്പാട്ടുകൾ അഥവാ വടക്കൻപാട്ടുകൾ ഈ ഇനത്തിൽപ്പെടുന്നവയാണ്. മലയാളികളുടെ നാനാമുഖമായ ജീവിതം ഈ ഗാനങ്ങളിൽ നല്ലപോലെ പ്രതിഫലിച്ചുകാണുന്നു. അന്നത്തേ ജനമണ്ഡലത്തിന്റെ ജാത്യഭിമാനം, ദേശഭക്തി, സത്യനിഷ്ഠ, വീരപരാക്രമങ്ങൾ, സാഹസികൃം, സ്ത്രീജനങ്ങളോടുള്ള ബഹുമാനം ഇത്യാദി ഗുണങ്ങൾ ഇന്നുള്ളവരിൽ കണികാണാൻപോലും ഇല്ലാതായിരിക്കുന്നു. കുറുത്തനാട്ടു രാജാവിൽനിന്ന് കുറുപ്പുസ്ഥാനം സമ്പാദിച്ച കോമന്റെ അനുജനും അതിശൂരപരാക്രമിയും ആയിരുന്ന ഉദയനക്കുറുപ്പിന്റെ വീരകൃത്യങ്ങളെപ്പറ്റി ഇവിടെ അല്പം വിവരിക്കാം.

ഉദയനൻ തിരുനെല്ലിപ്പിണ്ഡത്തിനു പോവാനായി ഒരുങ്ങി,

“ഒന്നിണ്ടോ കേൾക്കണം കോമനേട്ട,
ഞാനൊരു കാര്യത്തിനു പോവ്വാണേട്ടാ”

എന്നു ജ്യേഷ്ഠനോട്ട് അനുവാദം ചോദിക്കുന്നു. അതുകേട്ട്, കോമൻ തടസ്സം പറഞ്ഞപ്പോൾ,

“അപ്പോൾ പറയുന്നു കുഞ്ഞുതേനൻ
‘ആണും പെണ്ണുമല്ലാത്ത കോമനേട്ടൻ
വല്ല വഴിക്കോ പുറപ്പെട്ടാല്
ആ വഴി മുടക്കുല്ലോ കോമനേട്ടൻ
വല്ലതും താനേ കിടയ്ക്കുന്നാകിൽ
കൈരണ്ടും കാട്ട്യങ്ങു വാങ്ങുമേട്ടൻ.”

ഈ അധിക്ഷേപ വചസ്സുകൾ കേട്ട മാത്രയിൽ കോമൻ അനുവാദം നൽകി. അനന്തരം ഉദേനൻ, അറയിൽ കടന്നിട്ട്,

“എണ്ണഭരണി വലിച്ചുവെച്ച്
ചിറ്റെള്ളിന്റെണ്ണ തിരുമുടിക്ക്
കാരെള്ളിന്റെണ്ണ തിരുമേനിക്ക്
താളിയും വാക പുളിച്ചീനിക്ക
ഈവക സാമാനമൊക്കയെടുത്തു
ആറ്റിൻ ചിറയ്ക്കൽ കുളിക്കാനായി”

പോകാൻ ഭാവിക്കവേ, കോമൻ പറയുന്നു:–

“ഒന്നിണ്ടേ, കേൾക്കണം കുഞ്ഞുതേന
അങ്കക്കുറിയും പടക്കുറിയും
തൊട്ടുകുറിയും തൊടുക്കുറിയും
ഇങ്ങനെ നാലു കുറിയരുത്.
ആയുധമൊന്നുമെടുക്കരുത്.
വയനാടൻ വടിയൊന്നെടുത്തോളേണ്ടു
തൊപ്പിക്കുടയൊന്നെടുത്തോളേണ്ടു.”

തേനൻ ജ്യേഷ്ഠൻ പറഞ്ഞതനുസരിച്ച്, നാലു കുറികളിലൊന്നും ധരിക്കാതെ വയനാടൻവടി മാത്രം എടുത്തുകൊണ്ട് പുറപ്പെട്ടു. കുടകുനാട്ടിലെ കുഞ്ഞിക്കണ്ണന്റെ വയലിൽ കൂടി മാത്രം പോകരുതെന്ന് കോമൻ ഉപദേശിച്ചിരുന്നു. എന്നാൽ തേനൻ ആ വഴിക്കുതന്നേയാണ് പുറപ്പെട്ടത്. അദ്ദേഹം വയലിൽ ഇറങ്ങിയ മാത്രയിൽ കുടകു രാജാവ് കാണുകയും, മന്ത്രിയായ ചാത്തുനായരെ വിളിച്ച് അയാളെ പിടിച്ചുകൊണ്ടുവരാൻ ആജ്ഞാപിക്കയും ചെയ്തു. പത്ത് ആളുകൾ ഉടനെ പുറപ്പെട്ട്, അയാളെ പിടിക്കാനായി ഒരുങ്ങി.

‘പാഴിൽ മരിക്കേണ്ട നായന്മാരേ’

എന്നു പറഞ്ഞ് ഉദയനൻ പോവാനൊരുങ്ങുന്നതു കണ്ട്, അവർ “രാജകല്പനയാണ് പോവരുത്” എന്നു തടഞ്ഞു.

അതുകേട്ട് തേനൻ

"രാജാവിനു ഞാനൊന്നും കൊടുക്കാനില്ല
എനിക്കു രാജാവൊന്നും തരുവാനുമില്ല
അങ്ങനെ ഏതാനും ഉണ്ടെങ്കില്
തിരുനെല്ലിപ്പിണ്ഡത്തിനു പോവ്വാണു ഞാൻ
പിണ്ഡം കഴിഞ്ഞു മടക്കത്തിനു
ഇതിക്കൂടി വരേണ്ടെന്നു പറഞ്ഞുംകൊള്ളൂ."

എന്നു സമാധാനം പറഞ്ഞിട്ടും, അവർ കൂട്ടാക്കാതെ തടഞ്ഞു.

"അപ്പോൾ പറയുന്നു കുഞ്ഞുതേനൻ
'പാഴിൽ മരിക്കേണ്ട നായന്മാരേ'
അതു പറഞ്ഞു വാമൊഴി തീരുംമുമ്പേ
വയനാടൻ വടിയൊന്നു തലമറിച്ചു
നായന്മാർ പത്താളുടെ തലയും പോയി"

കുഞ്ഞിക്കണ്ണൻ അതുകണ്ടിട്ട്,

"ഊരാളിച്ചാത്തു കണക്കപ്പിള്ളേ
നായന്മാർ പത്താളുടെ തലയും പോയി
വെള്ളപ്പടയും വെടിയുംപോട്ടേ
വെള്ളപ്പടയും വെടിനിരന്നു."

ഉദയനനാകട്ടെ, ഏഴടി മുമ്പോട്ടു വെച്ച് വെള്ളപ്പടയുടെ നടുവിൽ ചാടിവീണതേ ഉള്ളൂ. അര നിമിഷത്തിനുള്ളിൽ വെള്ളപ്പടയും വെടിയും എല്ലാം നശിച്ചു. കണ്ണനി തെല്ലാം നോക്കിക്കൊണ്ടുതന്നെ നിന്നിരുന്നു.

"അതുതാനെ കാണുന്നു കണ്ണനല്ലോ
'ഊരാളി ചാത്തു കണക്കപ്പിള്ളേ'
വെള്ളപ്പടയും മുടിച്ചോനാര്?"

കണ്ണന്റെ ചോദ്യത്തിന് ചാത്തു ഇങ്ങനെ മറുപടി പറഞ്ഞു.

"തച്ചോള്ളിവീട്ടിലെ കുഞ്ഞുതേനൻ
പറക്കുന്ന പരന്തിനൊട്ടു പടവെട്ടുവൻ"

അതിനുശേഷം ഈഴവപ്പടയും വെടിയും നിരന്നു. ഉദയനനാകട്ടെ, കളരിപ്പരതേവ രേയും കാരണോന്മാരേയും നന്നായി ധ്യാനിച്ചുകൊണ്ട്,

"ഏഴടിമുമ്പാക്കം നിന്നു തേനൻ
പന്നിച്ചടക്കത്തിലൊന്നു പാഞ്ഞു
ഈഴവപ്പടയും പേടി പിടിച്ചു

വയനാടൻവടിയുടെ തലമുറിഞ്ഞു
പാരംതളർന്നു കുഞ്ഞുതേനൻ”

അതിനുശേഷം കണ്ണൻ ‘തീപ്പട വരട്ടേ, വെടി വരട്ടേ’ എന്ന് ആജ്ഞാപിച്ചു.

“തീപ്പട നിരന്നു വെടിനിരന്നു
അതുതാനേ കാണുന്നു കുഞ്ഞുതേനൻ
കളരിപ്പരദേവതെ കാർന്നോന്മാരെ
എന്റെ വലംകൈക്കു തുണതരണേ”

എന്നു പ്രാർത്ഥിച്ചിട്ട് ഉദയനൻ മൂന്നടി മുന്നോക്കം നിന്നു യുദ്ധം പൊടിതകൃതിയായി.

“തീപ്പടയുടെ ഇരവം കൊണ്ടു
ചെകിടൊട്ടു തേനനു കേൾക്കവല്ല.
തീപ്പടയടുത്തു; വെടിയടുത്തു.
‘തീയിന്റെ ചൂടു സഹിച്ചുടല്ലോ’
എന്നും പറഞ്ഞങ്ങെണീറ്റു കണ്ണൻ
തീപ്പടയുടെ നടുക്കു ചാടി.
തീപ്പട മുടിച്ചു വെടി മുടിച്ചു.”

കണ്ണൻ വിഷമിച്ചു. ഉദയനൻ നേരെ അയാളുടെ സമീപത്തണഞ്ഞ് ഇങ്ങനെ പറഞ്ഞു:–

“ഒന്നിണ്ടോ കേൾക്കണം കുഞ്ഞിക്കണ്ണാ,
കൊടകിലേ രാജാവു കുഞ്ഞിക്കണ്ണാ,
എന്നോടരങ്കത്തിനിറങ്ങു നീയ്,
അല്ലെങ്കിൽ നിന്റെ തലയെടുക്കും.”

കണ്ണൻ അതുകേട്ട് ‘ചാത്തു’നെ അങ്കത്തിനു വിട്ടു. അയാളുടെ തല ഉദയനൻ ക്ഷണത്തിൽ കൊയ്തിട്ട്, കണ്ണനെ വീണ്ടും യുദ്ധത്തിനു ക്ഷണിച്ചു. കണ്ണൻ യുദ്ധത്തിനൊരുമ്പെട്ടു. കിഴക്കും തെക്കുമായി നിന്ന് അവർ പോരു തുടങ്ങി. ഒടുവിൽ കണ്ണന്റെ തലയരിഞ്ഞിട്ട് അയാൾ,

“കരിയാന ഏഴിനെ അഴിച്ചവനും
ആനകളേഴിനെ കൊണ്ടുപോന്നു.
ഓട്ടുപാത്രങ്ങളൊക്കെത്തല്ലിയുടച്ചു;
കണ്ണന്റെ കോട്ട കുളം കുഴിച്ചു
തച്ചോളിവീട്ടിലും വന്നിരുന്നു”

ഉദയനനേപ്പറ്റി വേറെയും പല കഥകൾ ഉണ്ട്. അതിൽ ഒന്നിന്റെ ചുരുക്കം താഴെ ചേർക്കുന്നു.

തച്ചോളി ഉദയനൻ തന്റെ ഉറ്റമിത്രമായ കണ്ടശ്ശേരിയോടുകൂടി ലോകനാർകാവിൽ കാവൂട്ടു കാണ്മാൻ പുറപ്പെട്ടു. താൻ തിരിച്ചുവരുന്നതുവരെ വെളിയിൽ ഇറങ്ങിപ്പോകരുതെന്ന് തന്റെ ഭാര്യയോട്ട് ആജ്ഞാപിച്ചാണ് അദ്ദേഹം പോയതു്. ഉദയനൻ കാവിൽ എത്തിയപ്പോൾ, നാലു കോവിലകത്തെ രാജാക്കന്മാർ പതിനായിരം നായന്മാരോടുകൂടി അവിടെ സന്നിഹിതരായിരുന്നു. ഉദയനൻ തന്റെ സ്ഥാനത്തു കേറി ഇരുന്ന് അല്പം കഴിഞ്ഞപ്പോൾ മതിലൂർ, കുരുക്കൾ ശിഷ്യനോടുകൂടി അവിടെ വന്ന് ആൽത്തറയിൽ കേറി ഇരിപ്പാൻ ഭാവിച്ചപ്പോൾ, ഉദയനൻ നിന്ദാഗർഭമായി തോക്കു കൊണ്ടുവരാൻ കണ്ടാശ്ശേരിയോടു പറഞ്ഞതുകേട്ട് "ഉദയനാ കുംഭം 10-ം 11-ം തീയതികളിൽ പൊന്നിയാറ്റിന്റെ ആൽത്തറയിൽ വെച്ച് നമ്മുടെ ബലം പരീക്ഷിച്ചുകൊള്ളാം" എന്നു പറഞ്ഞിട്ട് തിരിച്ചു പോയി. ഉദയനന്റെ ജ്യേഷ്ഠനായ കോമപ്പൻ കുരുക്കളെ സമാധാനപ്പെടുത്തുന്നതിനു ശ്രമിച്ചപ്പോൾ, അയാൾ അദ്ദേഹത്തിന്റെ മുഖത്തു തുപ്പി. പിറ്റേ ദിവസം ഉദയനൻ ലോകനാർകാവിൽ ചെന്ന് ദേവിയെ ഭജിച്ചപ്പോൾ, ഒരു നമ്പൂരി വെളിച്ചപ്പെട്ട് "നിനക്ക് ഇപ്പോൾ കാലക്കേടാണ്. ഞാൻ വിചാരിച്ചാൽ ഒരു സഹായവും ചെയ്‌വാൻ സാധിക്കയില്ല" എന്ന് അരുളിച്ചെയ്തു. ഉദയനൻ ദേവിയെ ഭക്തിപുരസ്സരം വീണ്ടും വീണ്ടും നമസ്കരിച്ചിട്ട് തന്റെ തുണയായി നില്ക്കണമെന്നു പ്രാർത്ഥിച്ചു. ഒടുവിൽ ഒരു അശരീരിയുണ്ടായി. ദേവി ഒരു മഞ്ഞപ്പക്ഷിയുടെ രൂപത്തിൽ ശണ്ഠസ്ഥലത്തുണ്ടായിരിക്കുമെന്നും മദ്ധ്യാഹ്നത്തിനു ശേഷം അന്തർദ്ധാനം ചെയ്യുമെന്നും അപ്പോൾ ഉദയനൻ സ്ഥലം വിട്ടു പൊയ്ക്കൊള്ളണമെന്നും ആയിരുന്നു അശരീരിയുടെ ചുരുക്കം. അനന്തരം വീട്ടിൽ ചെന്ന് ജ്യേഷ്ഠനേയും ഭാര്യയേയും സമാധാനപ്പെടുത്തീട്ട് അദ്ദേഹം ശണ്ഠയ്ക്കു പുറപ്പെട്ടു. ആൽത്തറയിൽ നേരത്തെ കുരുക്കളും കൂട്ടുകാരും സന്നദ്ധരായി നിന്നിരുന്നു. ഉദയനൻ അരയും തലയും മുറുക്കി, തന്റെ അരക്കെട്ടിന്റെ ഒരു അഗ്രം ഒരു മാവിന്റെ തായ്ത്തടിയിൽ തൊടുത്തി ഒന്നു വലിച്ചപ്പോൾ ഇലകളെല്ലാം പൊഴിഞ്ഞുപോലും. ഒന്നുകൂടി വലിച്ചപ്പോൾ ശാഖകളെല്ലാം മുറിഞ്ഞുവീണു. പിന്നീട് വാളും പരിശയും ധരിച്ച് നേരെ ആൽത്തറയിലേക്കു തന്നെ അദ്ദേഹം തിരിച്ചു. ശണ്ഠ ആരംഭിച്ചു. കുരുക്കളുടെ വാളിനെ ഉദയനൻ ഏഴുപ്രാവശ്യം പിടിച്ചെടുത്തു. ഇതിനിടയ്ക്ക് മഞ്ഞപ്പക്ഷി അന്തർദ്ധാനം ചെയ്തുകഴിഞ്ഞു. തന്മൂലം ഉദയനൻ വിജയഘോഷത്തോടു കൂടി തിരിച്ചുപോന്നു. എന്നാൽ തന്റെ കഠാരികളഞ്ഞുപോയതുകൊണ്ട് അതിനെ തിരിച്ചെടുപ്പാനായി വീണ്ടും ശണ്ഠസ്ഥലത്തേയ്ക്കു പോകേണ്ടിവന്നു. ജ്യേഷ്ഠന്റെയും മറ്റും തടസ്സത്തെ വകവെയ്ക്കാതെ ഉദയനൻ, അങ്ങോട്ടു പുറപ്പെട്ടപ്പോൾ, കുരുക്കളുടെ കക്ഷിയിൽപ്പെട്ട പക്കി എന്നൊരുവൻ, മരത്തിന്റെ പുറകിൽ ഒളിച്ചു നിന്നുകൊണ്ട് അദ്ദേഹത്തിനെ വെടിവച്ചു. ഉദയനൻ വെടിയേറ്റു വീണെങ്കിലും, തന്റെ വാളിനെ വെടിയുണ്ടായ സ്ഥലത്തിനു ലാക്കാക്കി എറിഞ്ഞതിനാൽ, ആ മരവും അതിനു പുറകിൽ നിന്നിരുന്ന പക്കിയും ഈരണ്ടു ഖണ്ഡങ്ങളായി നിലംപതിച്ചുവത്രേ. പിന്നീട് ഉദയനൻ തന്റെ ഉഷ്ണീഷ

ത്തെ കീറി നെറ്റിത്തടത്തിൽ കെട്ടി, രക്തത്തെ തടഞ്ഞിട്ട് ജ്യേഷ്ഠനോടും കൂട്ടുകാരോടും കൂടി വീട്ടിലേയ്ക്കു തിരിച്ചു പോന്നു.

ഇതുപോലെ തന്നെ കണ്ണൻ, കോൻ, ചന്തു എന്നിങ്ങനെ പലേ മഹാരഥന്മാരെപ്പറ്റി അസംഖ്യം കഥകൾ നടപ്പുണ്ട്. അവയെ ഒക്കെ വടക്കൻപാട്ടുകളെന്നാണ് സാധാരണ വിളിക്കാറുള്ളത്. 'കോമൻ' തച്ചൊളി മേപ്പ വംശത്തിന്റെ സ്ഥാപകനാണെന്നു തോന്നുന്നു. ചന്തു ഉദയനക്കുറുപ്പിന്റെ ഭാഗിനേയനുമായിരുന്നു.

'തച്ചോളിച്ചന്തു' എന്ന പാട്ടിൽനിന്ന് അവരുടെ കുടുംബത്തേപ്പറ്റി അനേകം സംഗതികൾ അറിയാം. അന്നത്തെ സ്ഥാനമാനികളുടെ വസ്ത്രധാരണരീതി അറിയണമെങ്കിൽ, താഴെ ചേർത്തിരിക്കുന്ന ഭാഗം നോക്കുക:—

"നിലയറവാതിൽ തുറക്കുന്നുണ്ട്.
മെയ്യാഭരണപ്പെട്ടി വലിച്ചുവെച്ചു;
ചമയങ്ങളൊക്കെയെടുത്തു ചന്തു;
അങ്കപ്പട്ടോല എടുക്കുന്നുണ്ട്;
പട്ടുതെറുത്തങ്ങുടുക്കുന്നുണ്ട്;
നാല്പത്തിരുമുഴം പുള്ളിക്കച്ച;
കുഴലീന്നു കച്ച വലിച്ചെടുത്തു"

അന്നത്തെ നെയ്ത്തുകാരുടെ സാമർത്ഥ്യത്തിന് ഇതിൽപ്പരം എന്തുദാഹരണമാണ് വേണ്ടത്. നാല്പത്തിരണ്ടു മുഴം തുണി ഒരു കുഴലിൽ ഒതുക്കിവെയ്ക്കണമെങ്കിൽ അതിന് എത്ര നേർമ്മ ഉണ്ടായിരിക്കണം!

"പന്തുകണക്കിൽച്ചുരുട്ടീ കച്ച;
ആകാശം ചൂണ്ടിയെറിഞ്ഞു കച്ച;
കച്ചേടെ വാലുപിടിച്ചു ചന്തു;
പകിരി തിരിഞ്ഞങ്ങു കെട്ടുന്നുണ്ട്;
വടക്കൻ ഞെറിവെച്ചു ഞായംവെച്ചു;
തെക്കൻ ഞെറിവെച്ചു കുന്തൽവെച്ചു;
ആനമുഖംവെച്ചു കെട്ടുന്നുണ്ട്;
കുതിരമുഖം വെച്ചും കെട്ടുന്നുണ്ട്;
ചന്തം പെരുമയിൽ കെട്ടുന്നുണ്ട്;
അങ്കപ്പുലി വാലുഴിഞ്ഞു കെട്ടി;
കച്ചച്ചമയങ്ങൾ ചമഞ്ഞൊരുങ്ങി;
ഏലസ്സരിഞ്ഞാൺ അരമുറുക്കി;
നാടുവാഴി കൊടുത്തൊരു പൊന്നുംതൊപ്പി
തൊപ്പിയെടുത്തു തലയ്ക്കണിഞ്ഞു.
ചെപ്പുമരുന്നും എടുത്തു ചന്തു,

നാവിങ്കൽ തന്നെയും മാന്തുന്നുണ്ട്.
ചന്ദനപ്പരിശ പൊടി തുടച്ചു.
ഉറുമിപ്പരിശ തൊഴുതെടുത്തു."

അന്നുള്ളവരുടെ സ്വാമിഭക്തി അത്ഭുതാവഹമായിരുന്നു. ഉദയനക്കുറുപ്പിന്റെ കാലശേഷം കുറേക്കാലത്തേയ്ക്കു് പ്രായപൂർത്തിയുള്ളവരാരും തച്ചോളിക്കുടുംബത്തിൽ ഇല്ലാതിരുന്നതിനാൽ വഞ്ചകനായ വടകരവയ്യൻ അവരുടെ മുതലുകളിൽ ചിലതു സ്വാധീനമാക്കി. ചന്തു പ്രായമായ ഉടനെ ആധാരപ്പെട്ടികൾ പരിശോധിച്ച് കാര്യം മനസ്സിലാക്കയും വടകരവയ്യനിൽനിന്ന് പാട്ടവും പലിശയും പിരിക്കാനായി അങ്ങോട്ടു പുറപ്പെടുകയും ചെയ്തു. വഴിമദ്ധ്യേ ഒരു ആൽത്തറയിൽ കേറി വിശ്രമിക്കുന്നതിന് ഒരുങ്ങിയപ്പോൾ,

"അതുതാനെ കാണുന്നു ജോനകരും;
നാലുജാതിയുമേ ഒത്തുകൂടി,
നമ്മുടെ കുറുപ്പനോർ മരിച്ചേപ്പിന്നെ
ആൽത്തറ മുകളേറിയിരുന്നോരില്ല
അവരുടെ കുറുമ്പു കുറച്ചീടേണം"

എന്നു പറഞ്ഞു് ദണ്ഡും വടിയും ഉലക്കയുമായി ആൽത്തറ വളഞ്ഞു. എന്നാൽ ചന്തു ആരെന്നു മനസ്സിലാക്കിയ ഉടനേ ആയുധങ്ങൾ ദൂരത്തെറിഞ്ഞുകളഞ്ഞിട്ടു് അവർ ചന്തുവിന്റെ പാദത്തിൽ വീണ് ക്ഷമായാചനം ചെയ്തുവത്രേ.

'ചന്തു' വിലുള്ള ഒരു സ്ത്രീവർണ്ണന നോക്കുക:–

"മാനത്തുന്നെങ്ങാനും പൊട്ടി വീണോ?
ഭൂമിയിൽ എങ്ങാനും മുളച്ചു വന്നോ?
എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ?
കുന്നത്തെ കൊന്നയും പൂത്തപോലെ
ആദിത്യചന്ദ്രുദിച്ചപോലെ,
പൊൻവാളം തട്ട്യങ്ങു നീട്യപോലെ,
വയനാടൻ മഞ്ഞൾ മുറിച്ചപോലെ,
കുന്നിക്കുരു നിറമെന്നും കണ്ടാൽ
കുരുത്തോല നിറമൊത്തപോലെ തോന്നും."

ആധുനിക സംസ്കൃതസാഹിത്യം വായിച്ചു മനസ്സു കല്ലിച്ചുപോയവർക്ക് ഈ വർണ്ണന ഹൃദ്യമായി തോന്നുകയില്ലായിരിക്കും.

ശ്രീഭദ്രകാളിയേ സേവിച്ച് ഭദ്രവാളു സമ്പാദിച്ചവളും അർക്കചന്ദ്രന്മാർ നേരിച്ചു നടക്കാതിരിക്കത്തക്കവണ്ണം അത്ര പ്രാബല്യമുള്ളവളും ആയ കുഞ്ഞിക്കൊങ്കി

എന്ന ഒരു സ്ത്രീ അകമ്പടിക്കാരോടുകൂടി പോകുന്നതു കണ്ടു്, അവളെ തന്റെ ഭാര്യയാക്കണമെന്നു് ചന്തു നിശ്ചയിച്ചു. അവൾക്കു് കൊടമലയുടെ ആധിപത്യം ഉണ്ടായിരുന്നതിനു പുറമേ അവളുടെ ഭർത്താവു് വീരാഗ്രണിയായ ഒരു തുളുനാടൻ കണ്ണനുമായിരുന്നു. ചന്തു തന്റെ പരാക്രമത്താൽ കൊങ്കിയേ അപഹരിച്ചു. സ്വഗൃഹത്തിലേക്കു കൊണ്ടുപോന്നു. വിവാഹത്തിന്റെ ചടങ്ങുകൾ ഇങ്ങനെയാണു്:—

“അമ്മയ്ക്കു ശരിയൊത്ത മരുമകളും
നമ്മുടെ പടിപ്പുരയ്ക്കൽ നിൽപ്പുണ്ടല്ലോ.
അരിയുമെറിഞ്ഞകം കൊള്ളിക്കിൻ
ആ മൊഴികട്ടല്ലോ പെറ്റോരമ്മ
അരിയുമേ മഞ്ഞളും ചോപ്പിക്കുന്നു;
വിളക്കും നിറയുമേ പിടിപ്പിക്കുന്നു;
മുത്താപ്പ കെട്ടുന്ന അമ്മയല്ലോ
പടിപ്പുരതന്നിലും ചെന്നീതമ്മ,”

ചന്തുവും കണ്ണനും ആയുള്ള യുദ്ധത്തിൽ കൊങ്കി പ്രദർശിപ്പിച്ച യുദ്ധസാമർത്ഥ്യം അവർണ്ണ്യമാകുന്നു. ആ ഭാഗം വായിക്കുമ്പോൾ ആർക്കും ഹൃദയം തുടിക്കാതിരിക്കയില്ല. ഏഴു രാജാക്കന്മാരെ നിഗ്രഹിച്ചു് അവരുടെ സ്വത്തുക്കൾ അപഹരിച്ച പരാക്രമശാലിയായിരുന്നത്രേ ആ സ്ത്രീരത്നം.

വടക്കൻപാട്ടുകളിൽ നിന്നു് അന്നത്തെ മലയാളികളുടെ ദായക്രമം, സ്വഭാവം, കുടിപ്പക, അങ്കം, സ്നാനപാനാദികൾ, വിവാഹം, ശേഷക്രിയ ഇവയെപ്പറ്റി സൂക്ഷ്മമായ ജ്ഞാനം സമ്പാദിക്കാം. തച്ചൊള്ളിക്കുഞ്ഞിച്ചന്തു താഴത്തുമഠത്തിലെ മാതുവിന്നു് അമ്മാവന്റെയും മറ്റും അറിവു കൂടാതെ മുറി കൊടുത്തിട്ടു്,

“തച്ചോള്ളിവീട്ടിലെ ഈടുപ്പുകൾ
അമ്മാവനറിയാതെ കൊണ്ടുപോയി
താഴത്തുമഠത്തിൽമഠങ്ങൾതീർത്തു
പടിയും പടിപ്പുര കേമമാക്കി
കിണറും കുളങ്ങളും ഭംഗിയാക്കി”യത്രേ.

അങ്ങനെ ഇരിക്കുന്ന കാലത്തു് അയാളുടെ മാതുലപത്നിയായ ചീരു ഈ വിവരം അറിഞ്ഞു് ആ ബന്ധം ഉപേക്ഷിക്കണമെന്നു് ചന്തുവിനെ ഉപദേശിച്ചുവെങ്കിലും അതുകൊണ്ടു പ്രയോജനമുണ്ടായില്ല.

ഒരുദിവസം മാതുക്കുട്ടി പതിനാറു പിണാത്തിമാരോടുകൂടി ഓമല്ലൂർക്കാവിൽ കുളിക്കാൻ പുറപ്പെട്ടപ്പോൾ അവളുടെ അമ്മ,

“അവിടെ കുളിപ്പാനായി പോകവേണ്ട
നമ്മുടെ കുളത്തിൽ കുളിച്ചുകൊൾക”

എന്നു തടഞ്ഞു. വല്ല മാറ്റാനും ചെന്ന് അവളേ തട്ടിക്കൊണ്ടുപോയേക്കുമെന്നായിരുന്നു ആ സ്ത്രീയുടെ ഭയം.

"തച്ചോള്ളി ചന്തുന്റെ ഭാര്യയെന്നേ
ആരും തൊടുകില്ല"

എന്നായിരുന്നു ആ വീരപത്നിയുടെ മറുപടി. മാതുവിന്റെ സ്നാനജപാദികളെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

'പൂഞ്ചിറവക്കത്തു ചെന്നുനിന്നു
ചമയങ്ങളൊക്കയഴിച്ചുവെച്ചു
ആയതു കണ്ടപ്പോൾ പിണാത്തിമാരും
താളിക്കല്ലിന്മേലേറി നിന്നു
താളി പതച്ചു കുറുമ്പരിച്ചു'

കുലീനകളായ സ്ത്രീകളെ എണ്ണതേപ്പിക്കുന്നതിനും താളിപിഴിഞ്ഞു കൊടുക്കുന്നതിനും ആയി പിണാത്തിമാരെക്കൂടി അവർ കൊണ്ടുപോക പതിവായിരുന്നു.

മാതു കുളി കഴിഞ്ഞു് കല്ലിന്മേൽ തേവാരവും കടവത്തു മന്ത്രവും കഴിച്ചിട്ട് സൂര്യനു വെള്ളം ജപിച്ചെറിഞ്ഞ ശേഷം കുറിയിടുന്നതിങ്ങനെയാണ്.

"ചന്ദനക്കല്ലിന്റെ യരികേ ചെന്നു
ഉയർന്ന പുറം നോക്കിക്കാൽ മടക്കി,
ചന്ദനമുരസിക്കുറി വരച്ചു;
എലക്കുറിയേഴും വരച്ചു മാതു
ചന്തക്കുറിയും വരച്ചു പെണ്ണും;
പൊൻകൊണ്ടരപ്പൂതിലകം തൊട്ടു;
കുങ്കുമം കൊണ്ടങ്ങു പൊട്ടുകുത്തി;
അഞ്ജനമരച്ചിട്ടു കണ്ണെഴുതി;
ചന്ദനത്തൈലമെടുത്തവളും
കസ്തൂരി കളഭം പൂശുന്നുണ്ടു്."

ഇന്നും നാട്ടുംപുറങ്ങളിൽ ബാലികമാർ ഈമാതിരി കുറികൾ ഇടാറുണ്ടു്. കുറിയിട്ടതിനു ശേഷം അവൾ,

നീലക്കവണി പുടവയെടുത്തു
പൂക്കുലഞൊറിയിട്ടുടുത്തു പെണ്ണും
മേൽമുണ്ടു നന്നായിച്ചുറ്റി മാതു
കൊട്ടും പടിവെച്ച പൊന്നരഞ്ഞാൾ
മീതേയഴകിന്നു പൂട്ടി മാതു"

ചന്തു കൊടുത്ത ചമയങ്ങളൊക്കെ അണിഞ്ഞുകൊണ്ട് അവൾ ക്ഷേത്രത്തിൽ ചെന്ന് ഈശ്വരദർശനം നടത്തിക്കൊണ്ടിരിക്കവേ, അവിടെ കണ്ടൻമേനോൻ എന്നൊരു നായർപ്രഭു പൊന്നുംപല്ലക്കിൽ വന്നിറങ്ങുകയും, മാതുക്കുട്ടിയുടെ 'കുന്നത്തുകൊന്ന പൂത്തപോലെ'യും, 'വയനാടൻ മഞ്ഞൾ മുറിച്ച'പോലെയും ഇരിക്കുന്ന പൂമേനിയുടെ ശോഭ കണ്ട് അവളെ പിടിച്ച് പല്ലക്കിൽ കേറ്റിക്കൊണ്ട് തുളുനാടൻ കോട്ടയിലേക്കു കൊണ്ടുപോകുവാൻ തന്റെ ഭൃത്യന്മാരോട് ആജ്ഞാപിക്കയും ചെയ്തു. എന്നാൽ അവർക്കാർക്കും ചന്തുവിന്റെ ഭാര്യയെ തൊടാൻ ധൈര്യമുണ്ടായില്ല. അതുകണ്ട് മേനോൻ ചെന്ന് അവളുടെ കൈയ്ക്കു പിടിച്ചപ്പോൾ,

"എടുതുള്ളി വിറച്ചിതു മാതുപ്പെണ്ണും
ആണുമ്പെണ്ണുമല്ലാത്ത വരുതിക്കയ്യ,
അമ്മപെങ്ങന്മാരും നിനക്കില്ലേട,
എന്നെനീയറിയോട വരുതിക്കയ്യ,
തച്ചോളിച്ചന്തുനെ അറിയോ നീയ്
അവനുടെ പെണ്ണായ മാതു ഞാനെ?
അവനീ സംഗതി അറിഞ്ഞിതെങ്കിൽ
കഴവിനെക്കൊത്തുമ്പോൽ കൊത്തുന്നിന്നെ"

എന്ന് അവൾ ഭത്സിച്ചു. ഇത്തരം വീരവനിതകൾ അക്കാലങ്ങളിൽ ധാരാളമുണ്ടായിരുന്നു. മുതുകത്തു മുറിവേറ്റുവരുന്ന മക്കളെ പടിക്കകത്തു കയറ്റാതെ, രണഭൂമിയിൽ ച്ചെന്ന് തങ്ങളുടെ സ്തനങ്ങളെ അറുത്തുകളഞ്ഞിട്ടുള്ള എത്രയോ ജനനിമാർ അന്നു കേരളത്തിലുണ്ടായിരുന്നു. ഇന്നുള്ള സ്ത്രീകളാകട്ടെ, കുട്ടികളുടെ കരച്ചിലാറ്റുന്നതിനു വേണ്ടി 'ഉമ്മാക്കി'യുടെ കഥപറഞ്ഞു് അവരെ ഭീരുക്കളാക്കി വിടുകയാണ് ചെയ്യുന്നത്. ഉണ്ണിആർച്ച എന്ന ചേകോത്തിയുടെ വീരപരാക്രമങ്ങളെപ്പറ്റിയുള്ള പാട്ട് ഒരു കുറി വായിച്ചാൽ, ആർക്കും അത്ഭുതം തോന്നാതിരിക്കയില്ല.

ചന്തു ഈ വിവരം അറിഞ്ഞു്, പക വീട്ടാൻ ഒരുമ്പെടുന്നു. അയാൾ അങ്കം പൊരുതി മേനോനെ നിഗ്രഹിച്ചിട്ട് കോട്ട പിടിച്ചെടുത്തു കഴിഞ്ഞപ്പോൾ, നാടുവാഴി അവിടെ എത്തി, കോട്ടയിൽ ആരെടാ എന്നു ചോദിക്കയും,

"തച്ചൊള്ളി ഉതയോനെന്നു കേട്ടിട്ടുണ്ടോ?
അവനുടെ മരുമകൻ ചന്തു ഞാനും"

എന്ന് അയാൾ പറഞ്ഞതു കേട്ട മാത്രയിൽ 'ഉള്ളകം തുള്ളി വിറച്ചുകൊണ്ട്' വന്ന വഴിയേ പോകയും ചെയ്തുവത്രേ. ഇതിനിടയ്ക്ക് ചന്തുവിനെ തിരക്കി ഉദയനനും വന്നെത്തി. തന്റെ ഭാഗിനേയന്റെ വീരകർമ്മങ്ങൾ കണ്ട് അദ്ദേഹം ആനന്ദപരവശനായി ച്ചമഞ്ഞു. ഉദയനൻ കാക്കൽ വീണ് ആചാരം ചെയ്ത ചന്തുവിന് നെറുകയിൽ തൊട്ടു വരം കൊടുത്തിട്ട്, അയാളെ വാരിയെടുത്ത് മാറോടണച്ചു. കോട്ടയ്ക്കു മുദ്ര വെച്ച് പോവാൻ ആരംഭിച്ചപ്പോൾ ഉദയനൻ, കണക്കപ്പിള്ളമാരെ വിളിച്ച്,

"ആളുമടിയാരേ വലപ്പിക്കെല്ലേ
കന്നുകാലികളെ രക്ഷിക്കേണം"

എന്നുകൂടി ഏർപ്പാടു ചെയ്യാതിരുന്നില്ല.

അക്കാലത്തെ മലയാളികളുടെ ദാനശീലം താഴെച്ചേർത്തിരിക്കുന്ന വരികളിൽനിന്നു വ്യക്തമായിക്കാണാം.

കുറുങ്ങാട്ടിടത്തിലെ 'വാഴുന്നോർ' ആരോമർ ചേകവരെ തേടിപ്പോകും വഴിക്ക് ഒരു പാണച്ചെറുക്കനെ കാണുന്നു. അവനോട് അദ്ദേഹം 'എവിടുന്നു വരുന്നെടാ പാണ നീയ്യേ' എന്നു ചോദിച്ചതിന് 'ഊരിലിരപ്പിനായിപ്പോണടിയൻ' എന്ന് അവൻ മറുപടി പറയുന്നു.

"ഊരിലിരന്നാലോ എന്തു കിട്ടും?"

എന്നു വീണ്ടും ചോദിച്ചപ്പോൾ, അവൻ പറഞ്ഞ മറുപടിയാവിതു്.

"ഉണ്ണുമ്പോൾ ചെന്നാലൊ ചോറു കിട്ടും
തേയ്ക്കുമ്പോൾ ചെന്നാലൊ എണ്ണ കിട്ടും
ചെത്തുമ്പോൾ ചെന്നാലൊ കള്ളു കിട്ടും
അത്താഴച്ചോറ്റിനു അരിയും കിട്ടും
സന്ധ്യവിളക്കിനു എണ്ണ കിട്ടും"

അതേ പാട്ടിൽതന്നെ ഒരു ചേകവപ്രഭുവിന്റെ ഗൃഹത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

"പുത്തനായിത്തീർത്ത പടിപ്പുരയും
കുമ്മായം തേച്ചതിൽ ചിത്രെഴുത്തേ
പടിപ്പുര കയറിക്കടന്നു ചെന്നാൽ
നാടകശാലയിൽ ചെന്നിറങ്ങാം.
നാടകശാലയിൽ ചെന്നിരുന്നാൽ കാണാം
പടല പഴുത്തുള്ള വാഴത്തോട്ടം
കുലയിലുണങ്ങിയ തെങ്ങിൻതോട്ടം
അടയ്ക്കാ പഴുത്തുള്ള കമുകിൻതോട്ടം

* * *

കിഴക്കുപുറത്തങ്ങു പൂത്തിലഞ്ഞി;
അതിനരികത്തുണ്ടേയന്തിമാടം;
അന്തിമാടത്തുമ്മേൽ അന്തിയാട്ടം;
തെക്കുപുറത്തുണ്ടു തേൻപുളിയും;

അതിനരികെയുണ്ടു കുത്തുമാടം;
കുത്തുമാടത്തുമ്മേൽ കുത്താട്ടവും,
പടിഞ്ഞാറുപുറത്തുണ്ടു തൈവംപാല,
അതിനരികെയുണ്ടു മണ്ടകവും,
മണ്ടകം ചുറ്റും ഇളംപുലാവേ,
വടക്കേപ്പുറത്തുണ്ടു വളർമാവുംതയ്യേ,
അതിനരികെയുണ്ടുരപ്പുരയും,
ഈശാനത്തിന്മേൽ മണിക്കിണറേ,
കന്നിരാശിയിന്മേൽ തൊട്ടുക്കുളവും,
കിഴക്കുപുറത്തുണ്ടു കരിമ്പനയും,
കാൽവച്ചു ചുറ്റും വളർത്തീട്ടുണ്ടേ.
വെള്ളക്കരിമ്പന മുകളിലല്ലോ
നാഗവും ഭൂതം ഇരുപ്പുണ്ടല്ലോ.
കിഴക്കുപുറത്തുണ്ടു മുല്ലത്തറ;
തെക്കുപുറത്തുണ്ടു നെടുംകളരി;
അങ്കക്കളരിയെന്ന കളരിയാണേ,
അങ്കക്കരുനാഗം ദൈവത്താണെ."

ഈഴവരുടെ ഒരു വിവാഹാടിയന്തിരത്തെ കണ്ണപ്പൻ ചേകവരുടെ കഥയിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു. [1]

പുത്തുരംവീട്ടിൽ മൂത്ത ചേകവർ തന്റെ പൊന്മകനായ കണ്ണപ്പനു പതിനാറു വയസ്സു തികഞ്ഞ ഉടനെ അവന്ന് ഒരു കന്യകയെ തേടിപ്പുറപ്പെട്ടു. പലേ സ്ഥലങ്ങളിൽ അന്വേഷിച്ചിട്ടും യോജിച്ച ഒരു കന്യകയെ കിട്ടായ്കയാൽ ഒടുവിൽ 'അമ്പാടി വാഴുന്ന' ചേകവരുടെ വീട്ടിൽ എത്തി. അവർക്കു മേനോസ്ഥാനവും മറ്റും ഉണ്ടായിരുന്നത്രേ. അമ്പാടിച്ചേകവർ നമ്മുടെ പുത്തുരംവീടിനെ കണ്ടപ്പോഴേ,

"കാറ്റാടും നല്ല കളിത്തിണ്ണമേൽ
വീരാളിപ്പട്ടൽപ്പായ വാരിയിട്ടല്ലോ.
വെറ്റിലച്ചെല്ലവും കോടന്നുവെച്ചു."

അയാൾ മുറുക്കീട്ടു ഓരോ വിശേഷങ്ങളും പറഞ്ഞു കുറച്ചു നേരം ഇരുന്നശേഷം, വിവാഹത്തെപ്പറ്റി ആലോചിച്ചു. കന്യകയുടെ തങ്കവർണ്ണവും,

"തത്തമ്മച്ചുണ്ടും പവിഴപ്പല്ലും
മാറത്തു മാമ്പുള്ളിപ്പോർച്ചുണങ്ങും
ആലിലപോലെ വയറഴകം

[1] ഈ പാട്ടിന് വലിയ പഴക്കമില്ല.

കട്ടും കാൽക്കൊത്തൊരു മുട്ടും കാലും
പീലിയോടൊത്തുള്ള മുടിയഴകും"

കണ്ടപ്പോൾ വൃദ്ധനു തന്നേ ബോധിച്ചു. ഉടൻതന്നെ ജാതകം നോക്കി കല്യാണത്തിനു ദിവസവും തീർച്ചപ്പെടുത്തിയിട്ട്, ബന്ധുക്കൾക്കൊക്കെ കുറി എഴുതി ആളയച്ചു.

വിവാഹദിവസം ചെറുക്കനെ ചമയിച്ച് പുത്തുരംവീട്ടിൽ നിന്നു ഘോഷയാത്ര പുറപ്പെട്ടു.

"പുത്തുരംവീടും പടികടന്നു
ആനാടും വീടും കടന്നുപോയി
അമ്പാടി വീട്ടിൽ പടിക്കൽച്ചെന്നു.
ആർപ്പും നടയും നടവെടിയും
കോലാഹലത്തോടെ ചെന്നുകേറി.
വേണ്ടും ക്രിയകൾ കഴിക്കുന്നുണ്ട്.
നൂറ്റൊന്നു അച്ചാരം ചൊല്യവിടെ
സ്ഥാനമാനങ്ങൾ കഴിക്കുന്നുണ്ട്
കെട്ടിയ പന്തലിൽ പുടമുറിച്ചു
അന്നുനാൾ തൊട്ടിങ്ങുകൊണ്ടുപോന്നു."

കുറുങ്ങാട്ടിടത്തിലെ മൂത്ത നായരുടെ ശേഷക്രിയയെ ഒരു പാട്ടിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:–

"അമ്മാവൻ തന്നെ മരിച്ചശേഷം
കട്ടിന്മേൽ നിന്നു എറക്കുന്നുണ്ടേ;
തെക്കുവടക്കായിക്കിടുത്തുന്നുണ്ടേ.
പട്ടുപുടകളുമിട്ടിതല്ലോ
പെങ്ങാമ്മാർ രണ്ടും മുറവിളിച്ചേ
ചത്തോരു വീടെന്നറിയിക്കുന്നു.
തെഞ്ഞത്തടിച്ചു തൊഴിച്ചുകൊണ്ടെ.
അതുതാനേ കേൾക്കുന്ന അയിലാളരും
ഓടീട്ടും മണ്ടീട്ടും വന്നൊടുങ്ങി.
നഗരങ്ങൾ നാലീന്നും വന്നിതല്ലോ
നാടുവാഴി ദേശവാഴി എത്ത്യവിടെ.
എണങ്ങും സത്തുക്കളും എത്തിയല്ലോ,
എണങ്ങിൻ ക്രിയകൾ കഴിക്കുന്നുണ്ടേ.
വിളക്കും നിറയുമേ വെക്കുന്നുണ്ടേ
നാളികേരമൊന്നുടച്ചുവച്ചു.
അപ്പോൾ പറയുന്നു നാടുവാഴി

'ഒന്നുണ്ടു കേൾക്കണം ഉണിക്ക്യോനാരേ
നമ്മുടെ ജാതിമരിയാതക്ക്യ
ഒങ്കടലും ദഹനം കഴിക്കവേണം
വേണ്ടും ജനങ്ങളും വന്നിട്ടുണ്ടേ."

ഇന്നും ചില ദിക്കുകളിൽ ഈ ചടങ്ങ് അനുഷ്ഠിക്കാറുണ്ട്. പക്ഷെ നാട്ടുവാഴിയുടെ സ്ഥാനത്ത് കരനാഥനാണെന്നേ ഭേദമുള്ളു. ഇന്നത്തെ കരനാഥന്മാർ പണ്ടു നാട്ടുവാഴികളായിരുന്നവരുടെ സന്താനങ്ങളാണെന്നു തോന്നുന്നു.

"ചന്ദനം ക്രവളം മുറിക്കുന്നുണ്ടേ
ചൊടല വിറകും കൂട്ടിക്കൊണ്ടേ
എണ്ണയും നെയ്യും ഒഴിക്കുന്നുണ്ടേ
അമ്മാവൻതന്നെ നെട്ടുക്കുന്നുണ്ടേ
തലയും പിടിക്കുന്നു ഉണിക്കോനാരും
കാലും പിടിക്കുന്ന ഉണിച്ചന്ത്രോരും
പുറത്തേയ്ക്കു കൊണ്ടങ്ങു പോകുന്നുണ്ടേ
കട്ടിന്മേൽ തന്നെ കിടത്തിയല്ലോ
എണ്ണയും താളിയിട്ടുത്തു കൊണ്ടേ
എണ്ണയും തേച്ചു കുളിപ്പിക്കുന്നു.
ചന്ദനം കളഭം ധരിപ്പിക്കുന്നു.
പനിനീരു തന്നെയും പൂശുന്നുണ്ടേ
വീരാളിപ്പട്ടിൽപ്പൊതിഞ്ഞു കെട്ടി
അരിയുമേനല്ലരമെടുത്തവരും
അമ്മാവനു മൂന്നു വലത്തുവെച്ചു.
അരിയും നെല്ലുമിട്ടു തൊഴുതവരും
പൊൻപണംതന്നെയുമൊന്നെടുത്തു
വീരാളിപ്പട്ടിൻതലയ്ക്കൽ കെട്ടി
അമ്മാവനെത്തന്നെയെടുത്തവരും
ചൊടലയിൽ മൂന്നു വലത്തുവെച്ചു
ചൊടലയിൽത്തന്നെയും വെക്കുന്നുണ്ടേ
അതു താനേ കണ്ടു മഹാജനങ്ങൾ
എണ്ണയും നെയ്യുമൊഴിച്ചവരും
ചൊടലയും കത്തി എരിഞ്ഞുപോയി."

അന്നത്തേ കർമ്മം അങ്ങനെ അവസാനിച്ചു. ഏഴാംദിവസം തുടങ്ങി, സദ്യ പൊടിപൂരമായി നടന്നു. എന്നാൽ അസ്ഥി പെറുക്കുന്ന വിഷയത്തിൽ, 'ഞാൽ മൂത്തു ഞാൻ മൂത്തു' എന്ന് ഉണിക്ക്യോനാരും ഉണ്ണിച്ചന്ത്രോരും തമ്മിൽ പിണങ്ങി. കരക്കാർ 'മൂപ്പിളമ' തീർച്ചപ്പെടുത്താനായി അവരുടെ അമ്മമാരെ വിളിച്ചു ചോദിച്ചു.

“നോവും വിളിയതും ഞങ്ങൾക്കല്ലോ
പ്രസവവേദനകൊണ്ടറിഞ്ഞുകൂട”

എന്ന് അവർ പറകയാൽ, മഹാജനങ്ങൾ വയറ്റാട്ടി ആർച്ചയെ വരുത്തിച്ചോദിച്ചു. അവളാകട്ടെ,

‘പാതിരാക്കൊന്നും പുലർച്ചയ്ക്കൊന്നും
പുലർച്ചയ്ക്കു പെറ്റതുണിച്ചന്ത്രോരെ’

എന്നു പറഞ്ഞുവെങ്കിലും, ഉണിക്കോനാരു സമ്മതിച്ചില്ല. അതുകൊണ്ട് മണ്ണാത്തിയെ വിളിച്ച് അവളോടു ചോദിച്ചാറെ, അവൾ ഉണിക്കോനാർക്ക് അനുകൂലമായിട്ടാണ് പറഞ്ഞത്. അതുകൊണ്ട് ഒരു തീർച്ച ചെയ്യാൻ നിവൃത്തിയില്ലാതെ വരികയാൽ രണ്ടുപേരും ഒപ്പം അസ്ഥി പെറുക്കുകയും മറ്റു കർമ്മങ്ങൾ കുഴപ്പം കൂടാതെ നടത്തുകയും ചെയ്തു.

ഈ പാട്ടുകൾക്കു പറയത്തക്ക ശബ്ദശുദ്ധിയോ ശബ്ദാർത്ഥവൈചിത്ര്യങ്ങളോ കാണ്മാനില്ലെങ്കിലും, ആപാദചൂഡം വീരരസപ്രചുരമായിരിക്കുന്നു. ആർജ്ജവമാണ് അവയ്ക്കുള്ള പ്രധാന ഗുണം. എല്ലാ വടക്കൻപാട്ടുകളും ഒരേ കാലത്തുണ്ടായവയാണെന്നു തോന്നുന്നില്ല. എന്തെല്ലാം കാവ്യദോഷങ്ങൾ അവയ്ക്കുണ്ടായിരുന്നാലും, ചിത്രകാരൻ അവയെ അമൂല്യസമ്പത്തായി ഗണിക്കാതിരിക്കയില്ല. വടക്കൻഭാഷ എത്രത്തോളം കർണ്ണാടകം തുളു ഈ ഭാഷകൾക്കു വശപ്പെട്ടിട്ടുണ്ടെന്ന് അവയിൽ ഏതു ഭാഗം വായിച്ചുനോക്കിയാലും അറിയാം. പദമദ്ധ്യഗതമായ സ്വരത്തെ ലോപിപ്പിക്കുന്ന സമ്പ്രദായം തുളുവിനും കർണ്ണാടകത്തിനുമുണ്ടെന്ന് മുമ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ‘കൊണ്ടുവന്നു’ ‘ഈഴവപ്പട’ ഇവയ്ക്കു വടക്കൻപാട്ടിൽ ‘കൊടന്നു, ഈഴ്വപ്പട’ എന്നൊക്കെയാണു കാണുന്നത്. ശുദ്ധ കർണ്ണാടകശബ്ദങ്ങളും ധാരാളമുണ്ട്. ‘നിനന്ത്’ മുതലായ ചില ചെന്തമിൾ രൂപങ്ങളും ഇടയ്ക്കിടെ കാണുന്നു. ചെന്തമിഴിന്റെ അധികാരത്തിൽ പെടുന്നതിനുമുമ്പ്, ഭാഷയുടെ സ്വരൂപം എന്തായിരുന്നുവെന്നു ഗ്രഹിക്കുന്നതിന് ഈ പാട്ടുകൾ വളരെ സഹായിക്കും. ഉദയനൻ തനിക്കും തന്റെ കൂട്ടുകാർക്കും വേണ്ട വസ്തുക്കളെ പരന്മാരിൽനിന്ന് അപഹരിച്ചെടുത്തുവന്നുവെന്ന് ഭാഷാചരിത്രകാരൻ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയല്ല; ഉദയനക്കുറുപ്പോ അയാളുടെ വംശജന്മാരോ, അക്കാലത്തേ ദേശമര്യാദകളെ ലംഘിച്ചതായി ഒരു ലക്ഷ്യവും പാട്ടുകളിൽ ഇല്ല.

തച്ചോള്ളിപ്പാട്ടുകളുടെ കാലം കൊല്ലവർഷം മുന്നൂറിനും അഞ്ഞൂറിനും ഇടയ്ക്കാണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നതും പിശകാണെന്നു തോന്നുന്നു. അവയിൽ തോക്ക്, പുകയില, കസാര മതിരാശിപ്പട്ടാളം ഇവയെപ്പറ്റി പ്രസ്താവങ്ങൽ കാണുന്നു. അതുകൊണ്ട് മുന്നൂറ്റമ്പതു കൊല്ലത്തിൽ കൂടുതൽ പഴക്കം അവയിലൊന്നിന്നെങ്കിലും ഉണ്ടോ എന്നു സംശയമാണ്. പൊർത്തുഗീസുകാരുടെ പ്രവേശനത്തിനിപ്പുറം ഉണ്ടായവയായിരിക്കാനേ എല്ലാംകൊണ്ടും തരമുള്ളൂ.

## കണ്ണശ്ശൻപാട്ടുകൾ

കണ്ണശ്ശന്മാർ അഥവാ നിരണത്തു കവികൾ ഭാഷാസാഹിത്യചരിത്രത്തിൽ അത്യന്ത തമായ ഒരു സ്ഥാനത്തെ സർവഥാ അർഹിക്കുന്നു. എന്നാൽ ഈ അടുത്ത കാലം വരെ അവരെപ്പറ്റി വളരെ കുറച്ചു മാത്രമേ ഇന്നാട്ടുകാർ അറിഞ്ഞിരുന്നുള്ളു എന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ വന്നുകൂടാനുള്ള പ്രധാന ഹേതു അവരുടെ കൃതികളിൽ കാണുന്ന മിശ്രഭാഷയാകുന്നു. പ്രസിദ്ധ ഭാഷാഭിമാനിയായിരുന്ന കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ ഉത്സാഹത്താൽ രാമായണത്തിന്റെ ഏറിയകൂറും പ്രസിദ്ധപ്പെടുത്തിയെങ്കിലും, അതിനു പറയത്തക്ക പ്രചാരമുണ്ടാകാത്തതിന്റെ ഹേതുവും അതുതന്നെ. മദ്രാസ് സർവകലാശാലക്കാർ അതിനെ ഒരു പാഠ്യപുസ്തകമായി സ്വീകരിക്കാതിരുന്നുവെങ്കിൽ, ഒരു പ്രതിയെങ്കിലും വില്ക്കാൻ സാധിക്കുമായിരുന്നോ എന്നു സംശയമാണ്. ഭാഷാപോഷണമാകുന്ന ഏക ജീവിതമഹാവ്രതത്തെ കൈക്കൊണ്ടിരിക്കുന്ന ഉള്ളൂർ മി. പരമേശ്വരയ്യർ ഭഗവദ്ഗീതയും രാമായണത്തിലെ ഏതാനും കാണ്ഡങ്ങളും പ്രൗഢമായ അവതാരികകളോടും സാരാർത്ഥദ്യോതകങ്ങളായ ടിപ്പണികളോടുംകൂടി പ്രസിദ്ധീകരിക്കയും, തിരുവിതാംകൂർ ടെക്സ്റ്റ പുസ്തകക്കമ്മറ്റിക്കാർ അവയെ മുഖ്യപരീക്ഷയ്ക്കു പാഠ്യപുസ്തകങ്ങളായി നിർദ്ദേശിക്കയും ചെയ്തതിനോടുകൂടി അവയ്ക്കു പ്രചുരപ്രചാരമുണ്ടാകയും നിരണത്തു കവികളുടെ കവിത്വശക്തി മലയാളികൾക്ക് അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്തു.

നിരണത്തുകവികൾ ആരെല്ലാമെന്നോ അവരുടെ കൃതികൾ ഏതൊക്കെയാണെന്നോ ഇനിയും പൂർണ്ണമായി അറിയാറായിട്ടില്ല. രാമായണം യുദ്ധകാണ്ഡത്തിന്റേയും ഉത്തരകാണ്ഡത്തിന്റേയും അവസാനത്തിൽ, തൽക്കർത്താവു തന്നെ ചിലതെല്ലാം പറഞ്ഞിട്ടുണ്ട്. ഉത്തരകാണ്ഡത്തിന്റെ അവസാനത്തിൽ കാണുന്ന പദ്യങ്ങളെ ഇവിടെ ഉദ്ധരിക്കാം.

> "വാനുലകിനുസമമാകിയനിരണമഹാദേശ വന്നുളനായാൻ
> ഊനമിലാത മഹാഗുരുവരനായുഭയകവീശ്വരനായ മഹാത്മാ;
> മാനിതനാകിയകരുണേശൻ പരമാത്മാവേ താനെന്നറിവുറ്റേ
> ദീനതവാരാതമറ്റോരോദേഹികളെപ്പോൽവാണ്ണാൻപലനാൾ.
> ആനവനിരുവർ തനുജന്മാരുളരായാരവരുടെ സോദരിമാരായ്
> മാനിനിമാരൊരുമൂവർപിറന്നാർ; മറ്റതുകാലമവൻതിരുവടിയും
> താനുടനേതന്നുടലൊടുവേറായ്തനിയേപരമാത്മാവേയായാ
> നാനവനോടെതിരായ് വിദ്യാധിപരായാർ പുനരവരുടെ തനയന്മാർ.
> തനയന്മാരിരുവർക്കു സഹോദരിമാരാം മൂവർക്കും മകനാ-
> യനുപമയായവൾ മൂവരിലിളയവളാകിയ മാനിനിപെറ്റുളനായാൻ
> ഇനിയമഹാദേവാജ്ഞയിനാലേയിതമൊടുബാലകനാകിയരാമൻ
> പുനരവനും നിജ പാപം കളവാൻ പുരുഷോത്തമകഥ ചൊൽകതുനി
> ഞ്ഞാൻ."

ഈ പ്രസ്താവത്തിൽനിന്ന്, പ്രസ്തുത കവികളുടെ സ്വദേശം നിരണത്തായിരുന്നെന്നും, അവരിൽ രാമായണം എഴുതിയ കവിയുടെ പേർ രാമനെന്നായിരുന്നെന്നും, അദ്ദേഹത്തിന്റെ മാതുലന്മാരായി രണ്ടു 'വിദ്യാധിപന്മാർ' ഉണ്ടായിരുന്നെന്നും, ആ ചെറിയ കുടുംബത്തിന്റെ കൂടസ്ഥൻ ഒരു ഉഭയകവീശ്വരനായിരുന്നെന്നും കാണുന്നു. മിസ്റ്റർ പരമേശ്വരയ്യർ, ഈ പ്രസ്താവത്തേയും, ഭഗവദ്ഗീത, ഭാരതമാല എന്നീ ഗ്രന്ഥങ്ങളിൽ കാണുന്ന പ്രസ്താവങ്ങളേയും ആധാരമാക്കി, ഉഭയകവീശ്വരൻ ഭഗവദ്ഗീതാർത്ഥാവായ മാധവപ്പണിക്കരും[2] അദ്ദേഹത്തിന്റെ പുത്രന്മാരിലൊരാൾ ഭാരതമാലാകർത്താവായ ശങ്കരപ്പണിക്കരും ആയിരുന്നെന്ന് ഊഹിക്കുന്നു. എന്നാൽ ഈ ഊഹം ശരിയല്ലെന്നാണു തോന്നുന്നത്. ഉഭയകവീശ്വരനെപ്പറ്റി പറയുന്നിടത്തെല്ലാം, കവി കരുണേശശബ്ദം പ്രയോഗിച്ചു കാണുന്നതിനാലും കണ്ണശ്ശശബ്ദം കരുണേശൻ എന്ന പദത്തിന്റെ തത്ഭവനായിരിക്കണമെന്നു പെട്ടന്ന് ഒരു പ്രതീതിയുണ്ടാവുന്നതിനാലും, സാക്ഷാൽ കണ്ണശ്ശൻ രാമപ്പണിക്കരുടെ മാതാമഹനായ കരുണേശനായിരിക്കാനാണ് സാംഗത്യം. രാമായണത്തെ കണ്ണശ്ശരാമായണം എന്നു വിളിച്ചുവരുന്നതുകൊണ്ട്, സാക്ഷാൽ കണ്ണശ്ശൻ അദ്ദേഹമായിരിക്കണമെന്നില്ല. അഥവാ അദ്ദേഹത്തിനെ മാത്രമേ കണ്ണശ്ശപ്പണിക്കർ എന്ന പേരിൽ മലയാളികൾ അറിഞ്ഞിട്ടുള്ളു എന്നു വന്നാൽത്തന്നെയും, അതുകൊണ്ട് നമ്മുടെ അഭ്യൂഹത്തിനു ദൗർബല്യം വരുന്നില്ലതാനും. തുഞ്ചൻപറമ്പിൽ അനേകം കവികൾ ഉണ്ടായിരുന്നെങ്കിലും സാക്ഷാൽ രാമാനുജനെ മാത്രമെ തുഞ്ചൻ എന്ന പേരിൽ നാം ഇപ്പോൾ അറിയുന്നുള്ളു. അതുപോലെ തന്നെ നിരണത്തുകവികളുടെ കൂട്ടത്തിൽ എല്ലാകൊണ്ടും പ്രധാന സ്ഥാനത്തിനെ അർഹിക്കുന്ന രാമപ്പണിക്കർ കണ്ണശ്ശപ്പണിക്കരെന്ന പേരിൽ സുപ്രസിദ്ധനായിത്തീർന്നുവെന്നു വരാവുന്നതാണ്.

കണ്ണശ്ശപ്പണിക്കരുടെ മൂലകുടുംബം തിരുവനന്തപുത്തിനു സമീപം മലയിൻകീഴിലായിരുന്നുവെന്നുള്ള ഐതിഹ്യത്തിൽ വല്ല വാസ്തവവുമുണ്ടെങ്കിൽ ഭഗവദ്ഗീതാകർത്താവായ മാധവപ്പണിക്കരും നിരണകവികളിൽ ഒരാൾ ആയിരിക്കാൻ തരമുണ്ട്. ഭഗവദ്ഗീതയിലേയും രാമായണാദി കൃതികളിലേയും ഭാഷാരീതികൾക്കും ശൈലികൾക്കും പരസ്പരം കാണുന്ന സാഹോദര്യവും ആ ഊഹത്തെ ബലപ്പെടുത്തുന്നു. മറ്റ് ആന്തരമായോ ബാഹ്യമായോ ഉള്ള ലക്ഷ്യങ്ങൾ ഒന്നും കാണുന്നില്ല.

നിരണത്തു ദേശക്കാരായ ചില പോറ്റിമാർക്ക് മലയിൻകീഴിലും വസ്തുക്കൾ ഉണ്ടായിരുന്നു. അവരുടെ കാര്യസ്ഥന്മാരിൽ ഒരാൾ ആയിരിക്കാം നമ്മുടെ കരുണേശൻ. അദ്ദേഹം നമ്മുടെ പണിക്കരുടെ കുടുംബത്തിലെ ഒരു സ്ത്രീയേ സംബ

---

[2] അതിൽ,

"തിരുമാതിൻവല്ലഭനരുളാലേ
തെളിവൊടു മാധവനഹമിടർകളവാൻ
പരമാദരവൊടു ചൊല്ലിയ ജ്ഞാന-
പ്പനുവം ഉരചെയ്‌വർ അത്ഭുതമുക്തിപദം"

പ്രാപിക്കും എന്നൊരു ഫലശ്രുതി കാണുന്നുണ്ട്.

സ്ഥം ചെയ്തു് നിരണത്തു കൊണ്ടുചെന്നുപാർപ്പിക്കയും അവർക്കു് ഒരു വീടും പുരയിടവും നൽകുകയും ആ വഴിക്കു് ആ പുരയിടത്തിനു് കണ്ണശ്ശൻപറമ്പു് എന്ന പേർ സിദ്ധിക്കയും ചെയ്തതായിരിക്കാം. ഉഭയകവീശ്വരനായിരുന്ന കരുണേശൻ സർവസംഗപരിത്യാഗം ചെയ്തു് യോഗീന്ദ്രപദവി സമ്പാദിച്ചതിനോടുകൂടി ആ വീട്ടിന്റെ പ്രശസ്തിയും വർദ്ധിച്ചുകാണണം. ഏതാണ്ടു് ഇതേ മാതിരി ഒരു ഐതിഹ്യവും കേട്ടിട്ടുണ്ടു്.[3] അതുകൊണ്ടു് മാധവപ്പണിക്കരും ശങ്കരപ്പണിക്കരും സാക്ഷാൽ കണ്ണശ്ശന്റെ സന്താനങ്ങളും, രാമപ്പണിക്കർ അദ്ദേഹത്തിന്റെ പൗത്രനും ആയിരുന്നിരിക്കണം. ഇങ്ങനെ കരുണേശനെ പ്രസ്തുത കുടുംബത്തിന്റെ സ്ഥാപകനായി സ്വീകരിക്കുന്നപക്ഷം, കണ്ണശ്ശശബ്ദത്തിനു ശരിയായ ഒരു നിഷ്പത്തി കിട്ടുന്നതിനു പുറമേ, നിരണത്തു കവികളിൽ ഒരാളെ കാണ്മാനില്ലെന്നുള്ള ദോഷം നിശ്ശേഷം നീങ്ങുകയും ചെയ്യുന്നു. കരുണേശശബ്ദത്തെ ഒരു ഭേദകമാക്കാതെ കഴിക്കയും ചെയ്യാം.

## 2 നിരണത്തു കവികളുടെ കാലം

ഇതും വാദഗ്രസ്തമായിരിക്കുന്നതേയുള്ളു. എന്നാൽ അവരെല്ലാം ലീലാതിലകത്തിന്റെ കാലശേഷം ജീവിച്ചിരുന്നവരാണെന്നു സംശയം കൂടാതെ പറയാം. ലീലാതിലകകർത്താവു് കണ്ണശ്ശൻപാട്ടുകളേ കണ്ടിരുന്നെങ്കിൽ, പാട്ടിന്റെ ലക്ഷണം പാടേ മാറ്റിക്കളയുമായിരുന്നു. നേരേമറിച്ചു് രാമപ്പണിക്കർ ലീലാതിലകം കണ്ടുകാണണമെന്നു് ഊഹിപ്പാൻ മാർഗ്ഗവുമുണ്ടു്. അതുകൊണ്ടു് നിരണത്തുകവികളുടെ കാലം 550-നും 650-നും മദ്ധ്യേ ആയിരിക്കണം. എഴുനൂറ്ററിരണ്ടിൽ പകർത്തിയെഴുതിയ ഒരു രാമായണം എന്റെ കൈവശമുള്ളതിനു പുറമേ, 614-ൽ പണിക്കരുടെ അനുവാദത്തോടുകൂടി പകർത്തി എഴുതിയതായി മിസ്റ്റർ ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ള ഗ്രന്ഥം ഞാൻ കാണുകയുമുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് രാമായണം 600-ാമാണ്ടിടയ്ക്കു് ഉണ്ടായതായിരിക്കണം.

### മാധവപ്പണിക്കർ

മാധവപ്പണിക്കരുടെ കൃതിയായി ഭഗവദ്ഗീത ഒന്നു മാത്രമേ ഇതേവരെ കിട്ടീട്ടുള്ളു. ഭഗവദ്ഗീതയെ മി. പരമേശ്വരയ്യർ പ്രസാധനം ചെയ്തിട്ടു് ഇപ്പോൾ ഒരു വ്യാഴവട്ടം തികഞ്ഞിരിക്കുന്നു. എന്നാൽ അദ്ദേഹത്തിനു കിട്ടിയ ഗ്രന്ഥത്തിൽ പലേ ഗാനങ്ങൾ അപൂർണ്ണങ്ങളായും ചില അധ്യായങ്ങൾ മാറിയും ഇരുന്നതിനാൽ, ആ വൈകല്യങ്ങൾ മുദ്രിതപുസ്തകത്തിലും കടന്നുകൂടിയതിൽ അത്ഭുതപ്പെടാനില്ലല്ലോ. പ്രസ്തുത ന്യൂനതകളെ എല്ലാം പരിഹരിച്ചു്, പണ്ഡിതശിരോമണിയായ നന്ത്യാരുവീട്ടിൽ മി: കെ. പരമേശ്വരൻപിള്ള ഈയിടയ്ക്കു് അതിനെ അഭിനവകല്പഗ്രന്ഥമാലയുടെ ഒന്നാം പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. മി. പരമേശ്വരയ്യരുടെ പുസ്തകത്തിൽ ചേർത്തിരി

---

3 പക്ഷേ ഇപ്പോൾ പ്രചരിച്ചിരിക്കുന്ന ഐതിഹ്യത്തിൽ, കണ്ണശ്ശകുടുംബത്തെ തിരുവല്ലായിലേയ്ക്കു കൊണ്ടുവന്നതു് പത്തില്ലത്തിൽ പോറ്റിമാരിൽ ഒരുവനായിരുന്നു എന്നാണു് പറഞ്ഞുകാണുന്നതു്.

ക്കുന്ന ടിപ്പണിയിലും നോട്ടക്കുറവു നിമിത്തം ഒട്ടുവളരെ പ്രമാദങ്ങൾ കടന്നുകൂടിയിരിക്കുന്നു.

ഉപനിഷത്സാരസർവസ്വമായ ഗീതയുടെ ഏറെക്കുറെ സ്വതന്ത്രവും അനതിസംക്ഷേപവിസ്തരവുമായ ഒരു വിവർത്തനമാണ് മാധവപ്പണിക്കരുടെ ഭാഷാഭഗവദ്ഗീത. "അഹമിതു സംക്ഷേപിച്ചുരചെയ്തേൻ" എന്നു പണിക്കർതന്നെ പറഞ്ഞിട്ടുമുണ്ട്. മൂലത്തിൽ ആവർത്തിച്ചുകാണുന്ന ആശയങ്ങളിൽ പലതും നമ്മുടെ കവി വിട്ടുകളഞ്ഞിട്ടുണ്ടെങ്കിലും ആശയവൈശദ്യത്തിനു വേണ്ടി ഇടയ്ക്കിടയ്ക്കു ശാങ്കരഭാഷ്യത്തിൽ നിന്നു ചില ഭാഗങ്ങളെ ഭാഷാന്തരം ചെയ്തു ചേർത്തിരിക്കുന്നു. മിയ്ക്ക ഭാഗങ്ങളും കവിയുടെ മനോധർമ്മകുസുമത്തിന്റെ പരിമളധോരണിയാൽ സുവാസിതവുമായിരിക്കുന്നു.

"ധ്യായതോ വിഷയാൻ പുംസഃ
സംഗസ്തേഷൂപജായതേ;
സംഗാൽ സഞ്ജായതേ കാമഃ
കാമാൽ ക്രോധോഭിജായതേ.
ക്രോധാൽ ഭവതി സമ്മോഹഃ
സമ്മോഹാൽ സ്മൃതിവിഭ്രമഃ;
സ്മൃതിഭ്രംശാൽ ബുദ്ധിനാശോ
ബുദ്ധിനാശാൽ പ്രണശ്യതി"

ഈ ശ്ലോകങ്ങളുടെ നേർ തർജ്ജമയാണ്.

'അടങ്ങായ്കിൽ പുനരതിലൊരു നിനവെഴു-
മന്നിനവാലേയുണ്ടാം സംഗവും
ഉടനഥ സംഗാലുണ്ടാം കാമവു-
മുണ്ടാകിയ കാമാൽ ക്രോധം വരും.
അടയും മഹാക്രോധാൽ മോഹവുമുട-
നതിനാലേയുണ്ടാം സ്മൃതിവിഭ്രമം
ആയതുകൊണ്ടുടനഴിയും ബുദ്ധിയു-
മതുകൊണ്ടഖിലവുമൊക്കെ നശിക്കും'

എന്ന പാട്ട്. ഇങ്ങനെ ഒട്ടു വളരെ പദ്യങ്ങൾ വേറെയും ഉണ്ട്.

"തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത,
സേനയോരുഭയോർമ്മധ്യേ വിഷീദന്തമിദം വചഃ"

എന്ന ശ്ലോകത്തിലെ 'പ്രഹസന്നിവ' എന്ന ഭാഗത്തെ നമ്മുടെ കവി എത്ര ഭംഗിയായി വികസിപ്പിച്ചിരിക്കുന്നു എന്നു നോക്കുക.

"അഴുതളവേ കണ്ണീർ മെയ്യാർവി-
ലതിവ പൊഴിഞ്ഞുടനർജ്ജുനഹൃദയേ
മുഴുതുമെഴും ശോകാഗ്നി ശമിക്ക
മുകുന്ദാഞ്ജനമേഘം തന്നിടയേ-
യഴകിയ മന്ദസ്മിതമിന്നൊട്ടു-
മനന്തരമേ ചൊൽ ധാരകളോടും
വഴിയേയുണ്മജ്ഞാനാമൃതമഴ
വർഷിപ്പാൻ വടിവൊടു നിനവുറ്റാൻ."

ഇത്തരം ചില ഘട്ടങ്ങൾ മാധവപ്പണിക്കരുടെ കവിത്വശക്തിയേ നല്ലപോലെ പ്രകാശിപ്പിക്കുന്നു.

"അന്തവന്ത ഇമേ ദേഹം നിത്യസ്യോക്താഃ ശരീരിണഃ;
അനാശിനോ പ്രമേയസ്യ തസ്മാദ്യുദ്ധ്യസ്വ ഭാരത;
യ ഏനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതം;
ഉഭൗ തൗ ന വിജാനീതോനായംഹന്തി ന ഹന്യതേ.
ന ജായതേ മ്രിയതേ വാ കദാചി-
ന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ;
അജോ നിത്യഃ ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.
വേദാവിനാശിനം നിത്യം യ ഏനമജമവ്യയം
കഥം സ പുരുഷഃ പാർത്ഥ, കം ഘാതയന്തി ഹന്തി കം"

എന്നീ നാലു പദ്യങ്ങളെ കവി സംഗ്രഹിച്ചിരിക്കുന്നതെങ്ങനെയെന്നു നോക്കുക.

"ഒരുനാൾ വന്നു പിറക്കും പിന്നെ-
യുടൽ വളരും ബാലപ്രായം പോം
തെരുതെരെ മുറ്റും തേയും മായും
തേറുകിലാറും ദേഹപ്രകൃതികൾ.
ഒരുകാലവുമൊരു നാശം വാരാ-
തുടലിലിറപ്പു പിറപ്പില്ലാതൊരു
പൊരുളതുനിത്യമരൂപമതിൻനില
പോർ വിജയാ കേളെന്നരുൾചെയ്താൻ."

മൂലത്തിലെ ആശയങ്ങളെ തെല്ലുപോലും കളയാതെ ഈവിധം സംഗ്രഹിക്കുന്നതിന് വശ്യവാക്കായ ഒരു മാഹാകവിക്കേ സാധിക്കൂ.

ഭാഷാരീതി കോമളവും പ്രസന്നവും ശലീനവുമായിരിക്കുന്നു. സന്ദർഭോചിതവും തത്തദ്രസാനുഗുണവുമായ പദപ്രയോഗത്തിൽ നിരണത്തു കവികളെല്ലാം ഒരു

പോലെ ദൃഷ്ടി വെച്ചിട്ടുണ്ട്. അതുപോലെ അവരെല്ലാവരും ഭക്തശിരോമണികളുമായിരുന്നു.

നമ്മുടെ കവിയ്ക്ക്, 'അനന്തനനാദികൾ നാങ്കുമമത്തുണർവാലുമൊരുത്തനുമുള്ളിലശേഷം, നിനന്തറിവാനരുതാവടിവാകിയ നിരുപമശൗരി' 'പേയുയിർ മുലയൊടുമുണ്ടളയും തയിർ പിന്നെയുണ്ടമ്പൊടു ഗോപസ്ത്രീജനവായ് മലർ മധുവുണ്ടുലകമനത്തും വായാലുണ്ടാലിലയിൽ വളർന്നോൻ' 'നാരദവാണിയിലും, വീണയിലും നടമാടും പുകഴുടയ പുരാണൻ' 'ഉത്തമതുളസീപരിമളമെങ്ങും തടവീടിന തിരുവുടൽ മലർമാനിനി തഴകീടിന പുരാണൻ' ഇത്യാദി വിശേഷണങ്ങളെ ചേർക്കാതെ ശ്രീകൃഷ്ണനെപ്പറ്റി ഒന്നും പറവാൻ സാധിച്ചിട്ടില്ല.

## ശങ്കരപ്പണിക്കർ

ശങ്കരപ്പണിക്കരും സാഹിത്യമർമ്മജ്ഞനായ ഒരു കവിയായിരുന്നു. ഭാരതമാലയുടെ കർത്താവ് അദ്ദേഹമായിരുന്നു എന്ന് ഗ്രന്ഥാവസാനത്തിൽ കാണുന്നു.

"താനുണർവേ സംസാരച്ഛേദ
സമർത്ഥവുമായേ കാലവുമെങ്ങും
തുന്നി നിറന്തഖിലത്തിനുമൊത്തു
തുരിയാതീതവുമായുണർവായേ
തന്നുണർവായുണർവേ വടിവാകിയ
മഹാഭാരതകഥ ശങ്കരൻപൊടു
ചൊന്നതുരയ്പവരെയ്തുവരെന്നും
ശോകമൊഴിന്തവനന്തസുഖത്തെ"

എന്ന ഫലശ്രുതിയിൽനിന്നു ഗ്രഹിക്കാം.

ശ്രീകൃഷ്ണവിജയത്തിന്റെ കർത്താവു് ഈ ശങ്കരൻ തന്നെയായിരുന്നുവെന്ന് മി. പരമേശ്വരയ്യർ ഭാഷാ ഭഗവദ്ഗീതയുടെ അവതാരികയിൽ പറഞ്ഞുകാണുന്നു. എന്നാൽ അദ്ദേഹം അതിനുള്ള തെളിവുകൾ ഒന്നും എടുത്തു കാണിക്കാത്തതു കഷ്ടമായിപ്പോയി. കേരളത്തിൽ ശങ്കരകവികൾ ഒട്ടുവളരെയുണ്ടായിരുന്നു. കഥകളികർത്താവായ കൊട്ടരക്കരത്തമ്പുരാന്റെ ഗുരു [4] ഒരു ശങ്കരകവിയായിരുന്നു. ചന്ദ്രോത്സവകർത്താവും ഉദ്ദണ്ഡശാസ്ത്രികളും ഓരോ ശങ്കരകവിയെപ്പറ്റി[5] പ്രസ്താവിച്ചിട്ടുണ്ട്; മഹിഷമംഗലം[6] ഒരു ശങ്കരനായിരുന്നുവെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു.

---

4 'വഞ്ചിക്ഷ്മാവരവീരകേരളവിഭോ രാജ്ഞസ്സ്വസുസ്സൂനുനാ
ശിഷ്യേണ പ്രവണേന ശംകരകവേ രാമായണം വർണ്ണ്യതേ'
പുത്രകാമേഷ്ടികഥ.

5 അഹമഹമികയാ വന്നർത്ഥശബ്ദപ്രവാഹം
ഭവതു വദനബിംബം പ്രീതയേ ശാങ്കരം മേ
ചന്ദ്രോത്സവം

6 ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ മുഹൂർത്തപദവീവ്യാഖ്യാനേ പ്രഥമാദിച്ഛേദഃ സമാപ്തഃ.

ഇവരിൽ,

“ദൃഷ്ട്വാ ദേവം പരിസരജുഷം ശംബരേ ബാലകൃഷ്ണം
ലോപാമുദ്രാസഖതിലകിതം ദിങ്മുഖം ഭൂഷയിഷ്യൻ;
കോലാനേലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ”

എന്നിങ്ങനെ ഉദ്ദണ്ഡശാസ്ത്രികളാലും,

“ശ്രീശങ്കരേണ വിദുഷാ കവിസാർവഭൗമേ-
നാനന്ദമന്ദഗതിനാ പുരതോ ഗതേന;
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനുവർണ്ണ്യമാനാ”

എന്ന് ചന്ദ്രോത്സവകർത്താവിനാലും സംസ്തുതനായ ശങ്കരൻ ശ്രീകൃഷ്ണവിജയത്തിന്റെ കർത്താവായിരുന്നു എന്നു ചിലർ പറയുന്നുണ്ട്. തന്ത്രസമുച്ചയത്തിന്റെ വ്യാഖ്യാതാവും ഒരു ശങ്കരനാകുന്നു. ഇവയ്ക്കെല്ലാറ്റിനും പുറമേ എഴുത്തച്ഛന്റെ പേരും ശങ്കരനെന്നായിരുന്നെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് ശരിയായ തെളിവു കിട്ടുന്നതുവരെ, ഭാരതമാലാകർത്താവും, ശ്രീകൃഷ്ണവിജയകർത്താവും ഒരാളായിരുന്നുവെന്നു പറവാൻ നിവൃത്തിയില്ല.

### രാമപ്പണിക്കർ

നിരണത്തു കവികളുടെ കൂട്ടത്തിൽ മാത്രമല്ല, കേരളത്തിലെ മഹാകവികളുടെ കൂട്ടത്തിലും ഒരു പൂജ്യസ്ഥാനം രാമപ്പണിക്കർക്കു കല്പിക്കാവുന്നതാണ്. അദ്ദേഹം രാമായണം, ഭാരതം, ബ്രഹ്മാണ്ഡപുരാണം, ശിവരാത്രിമാഹാത്മ്യം, ഭാഗവതം ദശമം എന്നിങ്ങനെ ഒട്ടു വളരെ ഭാഷാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവ കേവലം തർജ്ജമകളാണെന്നു പറയാവുന്നതല്ല. അപ്രതിഹതമായ പ്രതിഭാവിലാസവും അനുസ്യൂതമായ വാഗ്വൈഭവവും അസാമാന്യമായ പാണ്ഡിത്യവുംകൊണ്ട് രാമപ്പണിക്കർ, കേരളസാഹിത്യനഭോമണ്ഡലത്തിലെ ഒരു അത്യുജ്ജ്വലതാരമായി ഇന്നും പ്രശോഭിക്കുന്നു. പദങ്ങൾകൊണ്ടുള്ള ചിത്രനിർമ്മാണത്തിലും ഔചിത്യപൂർവകവും രസാനുഗുണവും ആയ വർണ്ണനത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന പാടവം പിൽക്കാലത്തെ അപൂർവം ചില കവികളിൽ മാത്രമേ കണ്ടിട്ടുള്ളൂ.

അദ്ദേഹത്തിന് ശബ്ദാർത്ഥങ്ങളിൽ ഒരുപോലെ നിഷ്ഠയുണ്ടായിരുന്നെന്ന്, രാമായണാദിഗ്രന്ഥങ്ങളിൽ ഏതു ഭാഗം വായിച്ചുനോക്കിയാലും കാണാം.

## 3 രാമായണം

രാമപ്പണിക്കരുടെ പ്രധാനകൃതി രാമായണം തന്നെയാണ്. എന്നാൽ യുദ്ധകാണ്ഡത്തിന്റെ അവസാനഘട്ടം മുതല്ക്കേ രാമപ്പണിക്കർ എഴുതീട്ടുള്ളു എന്നു ചിലർ അഭിപ്രാ

യപ്പെടുന്നുണ്ട്. ഈ അഭിപ്രായം അടിസ്ഥാനരഹിതമാകുന്നു. 'രാമകഥായാമൊട്ടായപ്രകാരം ചൊന്നേൻ' എന്ന വാക്യത്തിലെ 'ഒട്ടി'നെ ഒട്ടിയാണ് ഈ അഭിപ്രായം നില്ക്കുന്നതു്. ഇവിടെ ഒട്ടിന് ഏതാനും ഭാഗം എന്ന അർത്ഥം ലേശംപോലും ഘടിക്കുന്നില്ല. 'യഥാശക്തി ഞാൻ രാമായണകഥയെ സംക്ഷേപിച്ചു പറഞ്ഞു' എന്നേ കവി വിവക്ഷിച്ചിട്ടുള്ളൂ. ഉത്തരകാണ്ഡത്തിന്റെ അവസാനത്തിൽ അദ്ദേഹം,

"മാനിതമാകിയ ശ്രീരാമായണമാകിയ കാവ്യകഥാസംക്ഷേപം ദീനതയാ നിജ ഭാഷയിനാലേ നിതരാമേവം ചെയ്തു മുടിച്ചേൻ" എന്നു വ്യക്തമായി പറഞ്ഞിരിക്കയും ചെയ്യുന്നു. യുദ്ധകാണ്ഡംവരെയുള്ള ഭാഗം രചിച്ചതു് ശങ്കരപ്പണിക്കരോ, മാധവപ്പണിക്കരോ ആയിരുന്നെങ്കിൽ ആ സംഗതിയെ ഗുരുജനഭക്തനായ രാമപ്പണിക്കർ പ്രത്യകം എടുത്തു പറയാതെ വിടുമായിരുന്നില്ലതാനും. എന്നാൽ യുദ്ധകാണ്ഡാവസാനത്തിൽ അദ്ദേഹം എന്തിന് തന്റെ പേരും കുടുംബപാരമ്പര്യവും മറ്റും പറഞ്ഞു എന്നു ചോദിക്കുന്നപക്ഷം അതിനും സമാധാനമുണ്ട്. വാല്മീകി രാമായണത്തിന് പരമാർത്ഥത്തിൽ ആറു കാണ്ഡമേയുണ്ടായിരുന്നുള്ളൂ. ഉത്തരരാമായണം വാല്മീകികൃതമാണോ എന്നുള്ള വിഷയത്തിൽ പണ്ഡിതന്മാർ ഇന്നും ഭിന്നാഭിപ്രായക്കാരാണ്. കവി ഷട്കാണ്ഡരാമായണത്തെ ഭാഷയിലേക്കു വിവർത്തനം ചെയ്തു തീർന്നപ്പോൾ ഗ്രന്ഥാവസാനത്തിൽ സാധാരണ പറയാറുള്ളതൊക്കെ പറഞ്ഞുവെന്നേയുള്ളൂ. ഉത്തരചിന്തയുടെ ഫലമായിട്ടായിരിക്കണം, അദ്ദേഹം ഉത്തരകാണ്ഡം കൂടി ഭാഷാന്തരം ചെയ്തതു്. എഴുത്തച്ഛനും കോട്ടയം കേരളവർമ്മയും യുദ്ധകാണ്ഡത്തിന്റെ അന്ത്യഭാഗം വരെയ്ക്കു മാത്രം എഴുതീട്ടു ആ വ്യവസായത്തിൽ നിന്നു വിരമിച്ചുകളഞ്ഞതുകൊണ്ടു തന്നേ അന്നുള്ളവർ ഉത്തരരാമായണത്തിനു പ്രാധാന്യം കല്പിക്കാറുണ്ടായിരുന്നില്ലെന്നു തെളിയുന്നു.

രാമായണം രാമപ്പണിക്കരുടെ ബാല്യകൃതിയായിരുന്നുവെന്ന് മി. പരമേശ്വരയ്യർ പറഞ്ഞിട്ടുള്ളതും സ്വീകാര്യയോഗ്യമല്ല. 'രാമദാസനതീവബാലൻ' എന്ന കവിവാക്യത്തെ ആധാരമാക്കി അദ്ദേഹം ഒരു ബാലനായിരുന്നുവെന്നു വാദിക്കുന്നപക്ഷം ഭാഗവതമെഴുതിയപ്പോഴും അദ്ദേഹം ബാലനായിരുന്നു എന്നു വരണം.

'ശ്രീഭാഗവതമിഹ ഞാൻ ഏതുമറിഞ്ഞീടാതൊരു ബാലനെതിരായേ ചൊന്നേൻ' എന്നു കവി അതിന്റെ അവസാനത്തിലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുപോലെ തന്നെ ഭാഷാ ഭഗവദ്ഗീതാപ്രണേതാവും രാമചരിതകർത്താവും വെറും ബാലന്മാരായിരുന്നുവെന്നു വരും. അതിനാൽ 'ബാല' ശബ്ദത്തിന് ഇവിടെ ബാലിശൻ എന്ന് അർത്ഥം കല്പിക്കുന്നതാണ് ഉചിതമായിരിക്കുന്നതു്.

രാമായണം വെറുമൊരു പദാനുപദവിവർത്തനമല്ലെന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തർജ്ജമയുടെ സ്വഭാവം കാണിപ്പാനായി ചില ഭാഗങ്ങളെ ഉദ്ധരിച്ചുകൊള്ളുന്നു.

മൂലം:–

"ന ലക്ഷ്മണാസ്മിന്മമ രാജ്യവിഘ്നേ

മാതാ യവീയസ്യഭിശംകിതവ്യ;
ദൈവാഭിപന്നാ ന പിതാ കഥഞ്ചി-
ജ്ജാനാസി ദൈവം ഹി തഥാ പ്രഭാവം"

തർജ്ജമ:–

"ഒരുനാളും മാതാ കൈകേയീ
യൊരുപിഴചെയ്യറിയേനെന്നാലിതു
വരുവാൻ ദൈവവിരോധമൊഴി
ച്ചൊരുവഴിയൊരുജാതിയുമില്ലനിനച്ചാൽ;
പരിഭവം വേണ്ട മാതാവൊടു
പരുഷവുമില്ലയെനിക്കതിനാലേ
വരുവിൻ കല്പിതമായവ
വരുവതു വാനവർകൾക്കുമൊഴിക്കരുതല്ലോ"

മൂലം:–

"കഥം ത്വം കർമ്മണാ ശക്തഃ
കൈകേയീ വശവർത്തിനാഃ;
കരിഷ്യസി പിതുർവാക്യ-
മധർമ്മിഷ്ഠവിഗർഹിതം."

മൂലം:–

"കഥം ത്വം കർമ്മണാ ശക്തഃ
കൈകേയീ വശവർത്തിനാഃ;
കരിഷ്യസി പിതുർവാക്യ-
മധർമ്മിഷ്ഠവിഗർഹിതം."

"താതനതീവ വയോധികനേതുംതാനറിയാതൊരു ഭാര്യാവശനായ്
തീതിതുചൊന്നതുകേട്ടു വനത്തിനുധീരതയെൻറിനടപ്പതുംപറ്റ"

ഈ ഭാഗങ്ങൾ എറെക്കുറെ തർജ്ജമയാണെങ്കിലും,

കണ്ടാർനീലമഹാമലപോലതുകാലമുദാരതമേവിയമേയമേ-
ലുണ്ടാകിയ രത്നാഭരണങ്ങളെയൊളിവൊടണിഞ്ഞു മനോഹരനായേ,
കണ്ടാലൊളികിളരും വെൺകുടതഴകബരികളോടും ഗോപുരമേതിൽമീ
തുണ്ടാമഴകൊടിരുന്ന ദശാസ്യനെയുടനെ വാനരരും നരവരരും"

എന്ന മട്ടിലുള്ള സ്വതന്ത്രവിവർത്തനങ്ങളാണ് ഏറിയ കൂറും. വാല്മീകിരാമായണ ത്തിലെ നീണ്ടു നീണ്ട വർണ്ണനങ്ങളിൽ മിക്കവയേയും വിട്ടുകളഞ്ഞിട്ട് കഥാഭാഗത്തെ

തുടർന്നുകൊണ്ടുപോകയത്രേ കവി ചെയ്തിട്ടുള്ളത്. കഥാഭാഗത്തിലും നീരസജനകങ്ങളായ അംശങ്ങളെ യുക്തിപൂർവം നിരസിച്ചുകളഞ്ഞിരിക്കുന്നു.

ബാലകാണ്ഡത്തിൽ രംഭാശാപം എന്ന സർഗ്ഗത്തിലുള്ളതും താഴെ ചേർത്തിരിക്കുന്നതുമായ ഏതാനും പദ്യങ്ങളെ നമ്മുടെ കവി തർജ്ജമ ചെയ്തിരിക്കുന്നതെങ്ങനെയെന്നു നോക്കുക.

മൂലം:–

"താമുവാച സഹസ്രാക്ഷോ വേപമാനാം കൃതാഞ്ജലിം
മാ ഭൈഷീ രംഭേ! ഭദ്രം തേ കുരുഷ്വ മമ ശാസനം.
കോകിലോ ഹൃദയഗ്രാഹീ മാധവീരുചിരദ്രുമേ;
അഹം കന്ദർപ്പസഹിതഃ സ്ഥാസ്യാമി തവ പാർശ്വതഃ
ത്വം ഹി രൂപം ബഹുഗുണം കൃത്വാ പരമഭാസ്വരം;
തമൃഷിം കൗശികം ഭദ്രേ! ഭേദയസ്വ തപസ്വിനം
സാ ശ്രുത്വാ വചനം തസ്യ കൃത്വാ രൂപമനുത്തമം;
ലോഭയാമാസ ലളിതാ വിശ്വാമിത്രം ശുചിസ്മിതാ.
കോകിലസ്യ തു ശുശ്രാവ വൽഗുവ്യാഹരതഃ സ്വനം;
സംപ്രഹൃഷ്ടേന മനസാ സ ചൈനാമന്വവൈക്ഷത."

തർജ്ജമ:–

"എന്നതു കേട്ടറിയിച്ചാനിന്ദ്രനുമിതു പണിയല്ലവസന്തവും ഞാനും
തെന്നലുമിനിമദനനുമുണ്ടവനുടെധീരതപോക്കുവതിന്നു സഹായം
നന്നതുചെയ്കെന്നതു കേട്ടവളും നടുത്തമൊടടവി പുകുന്തതുകാലം.
ചെന്ന വസന്തത്താൽ വനമെങ്ങും ചേതോഹരമായിതു പുഷ്പിതമായി
പുഷ്പിതദിവ്യലതാദികൾതോറും പൊൻമധുപാന മഹോത്സവമീടിയ
ഷട്പദകോകിലകോലാഹലമൊടുസകലമനോഹരമായിതു വിപി
നം
പുഷ്പശരൻതാനുംപുനരവിടെപ്പൂക്കാൻ മുനിധൈര്യം കളവാനാ
യത്ഭുതമായൊരുകയിലായിന്ദ്രനുമരിയതപോധനനരികുപുകുന്താൻ
അരിയജലാശയമതിൽ നീരാടിയനന്തരമേ പൂമ്പൊടിയു
പെരിയസുഗന്ധമദാശനനാകിയ ഭൃംഗമഹാത്ധങ്കാരത്തോടും
വരപൊരുവന്മരമൊക്കെയിളക്കിവരുന്നമഹാവനഗജസമമായേ
വിരവൊടുതെന്നലിയന്നഴകോടെ വീയിമുനിവരനരികതുകാലം
അതുകാലംഗാനം കേൾക്കായതീവമനോഹരമാധുരിയത്തൊടു
വിധിയാലേ നയനങ്ങൾ തുറന്നതിവിസ്മയമൊടു മുനികുലവരനും
ഗതധൈര്യം നോക്കുന്നതുകാലം ഗഗനേവരനാരീമണിരംഭയെ
അതിശയമാകിയ സൗന്ദര്യത്തോടടവി നടപ്പതു കണ്ടാൻ.

കണ്ടാൻ പുഷ്പാപചയംചെയ്വതു കരുതിനടന്നു വിലാസത്തോടെ
വണ്ടാർകുഴലമരാഗനതാനേവരുവതുമണയെ വരുന്നതിനാലേ
ഉണ്ടാകിയ ലജ്ജാഭാരത്തോടടുനെ ലതകൾ മറഞ്ഞു സമീപേ
കണ്ടാൻ നയനമനോഹരമാകിയ കടാക്ഷത്തോടവൾനിന്നതുമെല്ലാം

ഇതു് വെറും ഭാഷാന്തരീകരണമാണെന്ന് ആരും പറകയില്ലല്ലോ.[7]

മൂലത്തിൽ ഇല്ലാത്ത സ്വതന്ത്രകല്പനകളും രാമായണത്തിൽ ധാരാളമുണ്ട്. വിശ്വാമിത്രമഹർഷി മഹേശ്വരചാപം വരുത്തുന്നതിനായി ജനകനോട്ട് ആജ്ഞാപിച്ചതു കേട്ടു്, അവിടെ കൂടിയിരുന്ന ജനങ്ങളിൽ ഓരോരുത്തർ ഇങ്ങനെ പറഞ്ഞുവത്രേ.

എന്നേ! കഷ്ടമിതാമോബാലകരിരുവരിലൊരുവന്നെന്നാർചിലർ
മുന്നേവന്നവർകളിലിവർകൾക്കൊരുമുഖ്യതയുണ്ടറികെന്നാർ ചിലരൊ.
ചിലയിതെടുത്തുവലിപ്പതുപണിയാവർചെറിയവർ നല്ലവരാകിലുമെന്നാർ.
അലകടലേ കൈകൊണ്ടുകുടിച്ചിതഗസ്ത്യമഹാമുനി എന്നാർ ചിലരോ.
നലമുനിവിശ്വാമിത്രൻചെയ്വതുനന്നായ്വരുമെന്നാരതിലെ ചിലർ
ചിലവുപിഴയ്ക്കുമെവർക്കുംബ്രഹ്മശിരോഹരണംപാർക്കെർ ചിലരോ. ഓർത്തുമഹാമുനിവിശ്വാമിത്രനുമുത്തമനായജനകനുംഒന്നായ്.
പേർത്തിതിന്നുതുടങ്ങിയതെന്നാൽപിഴവാരായെന്നാർ ചിലരവിടേ
പാർത്ഥിവർ പലരിലുമെന്തിവർകൾക്കു പരാക്രമ
മേറിയതെന്നതിലേ ചിലർ.
പോർത്തിറമുടെ മാരീചാദികളോടു പൊരുതു
ജയിച്ചതുമിവർപോലെന്നാർ.
ഇവരിലൊരുത്തൻ താടകതന്നെയെതിർത്തുയിർ
കൊണ്ടതു മെന്നാർ ചിലരോ.
ശിവനരുൾചെയ്തതുമൊരുപഴുതാമോ
ചിലയുമൊരുത്തർ മുറിപ്പോരെന്നാർ.
അവനിയിൽ വന്നൊരു കന്യാരത്ന-
മിതാരും കൊൾവവരില്ലാതൊഴിയാ-
ത്തവമൊടിരുന്നേ പോവതുമിന്നും
തകാതോർത്താലെന്നാർ ചിലരവിടെ.
ഏതാകിലുമാശ്ചരിയം മറ്റിനി
യില്ല നിരൂപിച്ചാലിതുപോലെ.
വേധാവിൻകല്പിതമാരറിവാൻ
വിരയനടപ്പോമെന്നുനടന്നാർ;

---

7 വള്ളത്തോളിന്റെ തർജ്ജമ വായിച്ചുനോക്കുക.

ഭൂതാധിപനഖിലേശനുമാപതി
പുരഹരനുടെ ചാപത്തെയെടുത്തവ
ആധാരം ഭുവനത്തിനായ് മഹാമേരുവുമിതനെതിരില്ലെന്നാർ.
ആരിതെടുത്തുവലിച്ചുമുറിപ്പവ
രഖിലേശ്വരനല്ലാലെന്നാർ ചിലർ.
പോരുമിതിനെയെടുത്തു നടപ്പാൻ
ബുദ്ധിയുറപ്പിക്കെന്നാർ ചിലർരോ" ഇത്യാദി.

ചാപഭഞ്ജത്തേയും ജാമദഗ്ന്യസമാഗമത്തേയും വർണ്ണിക്കുന്ന ഭാഗത്ത് പണിക്കരുടെ മനോധർമ്മം സവിശേഷം സ്ഫുരിക്കുന്നു.

ശ്രീരാമൻ ചാപം ഭഞ്ജിച്ചപ്പോൾ,
"നരപാലകർ ചിലരതിനു വിറച്ചാർ;
നലമൊടു ജാനകി സന്തോഷിച്ചാൾ;
അരവാദികൾ ഭയമീടുമിടിദ്ധ്വനിയാൽ
മയിലാനന്ദിപ്പതുപോലെ"

ഈ ആശയത്തെത്തന്നെയാണ് എഴുത്തച്ഛൻ,

"ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
ഞെട്ടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ;
മൈഥിലി മയിൽപേടപോലെ സന്തോഷം പൂണ്ടാൾ."

എന്നാണ് ഭംഗ്യന്തരേണ പറഞ്ഞിരിക്കുന്നത്. വാല്മീകിരാമായണത്തിലാകട്ടേ,

"രാമ, ദാശരഥേ വീര, വീര്യം തേ ശ്രൂയ തേത്ഭുതം;
ധനുഷോ ഭേദനം ചൈവ നിഖിലേന മയാ ശ്രുതം.
തദത്ഭുതമചിന്ത്യം ച ഭേദനം ധനുഷസ്തദാ;
തച്ശ്രുത്ത്വാഹമനുപ്രാപ്തോ ധനുർഗ്രാഹ്യം പരം ശുഭം
തദിദം ഘോരസംകാശം ജാമദഗ്ന്യം മഹദ്ധനുഃ;
പൂരയസ്വ ശരേണൈവ സ്വബലം ദർശനസ്വ ച
തദഹം തേ ബലം ദൃഷ്ട്വാ ധനുഷോപ്യസ്യ പൂരണേ;
ദ്വന്ദ്വയുദ്ധം പ്രദാസ്യാമി വീര്യശ്ലാഘ്യമഹം തവ."

എന്നിങ്ങനെ പരശുരാമൻ പറഞ്ഞതു കേട്ടു് ദശരഥൻ അഭയപ്രാർത്ഥന ചെയ്യുന്നതായിട്ടാണു കാണുന്നത്. നമ്മുടെ കവി ദശരഥനെ ഭീരുവാക്കാതെ "നീയോ കുലച്ചിതു വില്ല്?" എന്ന ഭാർഗ്ഗവഗർജ്ജിതത്തിന് ശ്രീരാമനെക്കൊണ്ട് നിന്ദാഗർഭമായി ഇങ്ങനെ മറുപടി പറയിക്കുന്നു.

"വെന്നിയുടെ നിന്തിരുവടിയിതിനു
വെകുണ്ടിവിടെ വരുമെന്നറിയാതെ
അന്നതുചെയ്തതറിഞ്ഞു പൊറുത്തരുൾ.
അതിബാലകരപരാധംചെയ്താ
ലെന്നുമതിന്നറിവുള്ള മഹാജന
മില്ലല്ലോ കോപിപ്പതുമുറ്റും"

അവർ തമ്മിൽ പിന്നീടുണ്ടായ സംഭാഷണം മുഴുവനും കവിയുടെ ഭാവനാഫലങ്ങളാണ്. പരശുരാമനു രാമചന്ദ്രന്റെ വാക്കുകൾ നിന്ദാഗർഭങ്ങളാണെന്നു മനസ്സിലാകാതിരുന്നില്ല. അദ്ദേഹം കോപപാരവശ്യം പൂണ്ട് ഇപ്രകാരം മറുപടി പറയുന്നു.

"മതി, ഗംഭീരാക്ഷേപം ചെയ്വതു,
വരുമതിനാലെ വംശവിരോധം
ചതികെടെ മൂവേഴുതുടിമുടിമന്നവർ
സമസ്തരെ കൊലചെയ്തകുഠാരമി-
തിതുപൊഴുതെ തവകണ്ഠച്ഛേദ-
മിയറ്റുവതേ കരുതുന്നേൻ."

രാമചന്ദ്രൻ തന്റെ ഗാംഭീര്യത്തെ തെല്ലുപോലും വിടാതെ പറയുന്ന വാക്കുകൾ എത്ര നിശിതങ്ങളായിരിക്കുന്നുവെന്നു നോക്കുക.

" . . . . . . അരിയകുഠാരാവു
മൂനമൊഴിന്തൊരു രാമശരീരവു
മുണ്ടുഭവാനുവിധേയമതു്; എന്നാൽ
മാനമൊടിന്നിതു ചെയ്വതിനെളുതു
മഹാജനമാവർ പലരെയുമേതും
ദീനതയെന്നി വധം ചെയ്തരുളിയ
നിന്തിരുവടി കരുതീടുകിൽ"

ഇതുകൂടി കേട്ടപ്പോൾ, ഭാർഗ്ഗവന്റെ കോപം അതിരു കവിഞ്ഞു. "വാക്കുകൊണ്ടു ജയിച്ചാൽ പോരാ, വേഗം യുദ്ധത്തിന് ഒരുങ്ങുക" എന്ന് അദ്ദേഹം അട്ടഹസിച്ചിട്ടും, രാമചന്ദ്രൻ തുടരുന്നു:–

"ഒരുജാതിയുമടിയനുജയവും പുന
രുണ്ടാകാ നിന്തിരുവടിയോടെ
പൊരുതാലരിമുനീന്ദ്ര"

ഈ മുനീന്ദ്രശബ്ദപ്രയോഗം നല്ല ലാക്കിനു പറ്റി. ഭാർഗ്ഗവൻ പിന്നെയും പറയുന്നു:–

"കേവല താപസനെന്നേ കൊള്ളായ്ക
ധരാപതി വംശവിനാശകരൻ ഞാൻ
നീ പൊരുതെന്നൊടു തോല്പതിലില്ല
നിനക്കൊരു പഴി; ചെറിയൊരരവത്തിനു
കോപമെഴും വിനതാസുതനോടമർ
കോഴമെഴും വിനതാസുതനോടമർ
കോഴപ്പെട്ടമതു പഴിയല്ലല്ലോ.
എല്ലാം ജാതിയുമെന്നുടെ വില്ലിനി
യിതു കൈക്കൊണ്ടവർ ചെയ്ക"

എന്നിട്ടും രാമചന്ദ്രൻ ഇളകുന്ന മട്ടു കാണുന്നില്ല. അദ്ദേഹം പറയുന്ന മറുപടി നോക്കുക.

"വല്ലാതവരതിഥികൾ ഗുരുഭൃത
ന്മാരതി ബാലകർ വയോധികരോടെ
ഒല്ലാപോലമർ ചെയ്വതുമെന്നാൽ
ഒഴികറിവുടയമുനീന്ദ്ര"

ഇതു കൂടി കേട്ടപ്പോൾ, മുനിയുടെ ഹൃദയത്തിൽ കോപാഗ്നിയെരിഞ്ഞു.

'ഇനി മമ വില്ലിതുകൊണ്ടെന്നൊടെതിർത്തമർചെയ്‌വതിളയ്ക്കരുത്' എന്ന് അദ്ദേഹം അലറി. രാമചന്ദ്രന് ഉള്ളിൽ കോപമുണ്ടായെങ്കിലും, അതിനെ ലേശം പോലും വെളിയിൽ പ്രകടിപ്പിക്കാതെ പറഞ്ഞ വാക്കുകൾ എത്ര ഗംഭീരവും നിശിതവുമായിരിക്കുന്നു.

"നന്നുരചെയ്തതു നിന്തിരുവടി;യിതു
ഞാനേ ചെയ്‌വതിനുണ്ടവകാശം.
വെന്നിമികും നൃപവംശത്തിനു
വിരോധം ചെയ്ത ഭവാനേക്കണ്ടാൽ,
ഇന്നമർചെയ്‌വതിളയ്ക്കിൽ നമുക്കോ
കില്ലിതു ചെയ്യുന്നേയിനി ഞാനേ"

ഈ സംഭാഷണം മൂലത്തിലുള്ളതല്ല. ഇങ്ങനെ എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ എടുത്തുപറവാൻ സാധിക്കും.

## 4 ഭാഗവതം ദശമം

ഈ കൃതിയും രാമപ്പണിക്കരുടേതാണെന്ന്,

'ദേവകീമകനായേയവതാരം

ദേവകൾ വിധിയാലേ ചെയ്തീടിയ
പൂവിൽമടന്തമണാളൻതന്നുടെ
പുണ്യമതായീടും കഥ ചെമ്മേ
ആവിയിലുളവായീടും ദുരിത
മറ്റും പടി രാമനുരത്തീടിയ കവി'

എന്ന് അതിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്നു നമുക്കു ഗ്രഹിക്കാം. കാവ്യഗുണംകൊണ്ട് ഈ കൃതി രാമായണത്തെപ്പോലും അതിശയിക്കുന്നു. മാതൃകയ്ക്കായി ഒരു പാട്ട് ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"അളകാവൃതമാകിന കുണ്ഡലമണ്ഡിത
മാകിയഗണ്ഡസ്ഥലമധരാമൃത
മൊളിവീടിയ നൽപ്പുഞ്ചിരിയോടു ചേ
ർന്നുളവാം നോക്കുമിതഭയപ്രദമായി
വളരായ്കിന്നു ഭുജങ്ങളുമാഴി
മടന്തകളിച്ചീടും മണിമാർവിട
മലിവിനൊടോർക്കുംതോറും ദാസക
ളാകെയൊള്ളിതു നിശ്ചയമല്ലോ."

## 5 ഭാഷാഭാരതം

ഇതും രാമപ്പണിക്കരുടെ കൃതി തന്നെ. അതിന്റെ അവസാനത്തിൽ,

"കളവാൻ പാപം മുന്നേ രാമ
കഥാമൊട്ടായപ്രകാരം ചൊന്നേ
നിളയാതെ ശ്രീകൃഷ്ണാകഥയാ
മിനിയൊരു പടി ചൊൽക തുനിഞ്ഞേൻ"

എന്ന് കവി തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

## 6 ശിവരാത്രി മാഹാത്മ്യം

"ശിവരാത്രൗവ്രതകഥയിതു തന്നാലായ പ്രകാരം
സാരതയിലംതകൃതി രാമൻ നിരണത്തു കപാലീശ്വരമേ
ചേരുമുമാപതിതന്നരുളാലേ ചെയ്താനേവം ഭാഷയിനാലേ"

എന്ന് ഈ കൃതിയുടെ അവസാനത്തിലും കാണുന്നതുകൊണ്ടു ഇതിന്റെ ഗ്രന്ഥകർത്തൃത്വത്തെപ്പറ്റിയും സംശയത്തിനു വഴിയില്ല. കവിത സാമാന്യം നന്നായിട്ടുണ്ട്. 90 മുതല്ക്ക് 110-വരെയുള്ള പാട്ടുകൾ അതിമനോഹരമായിക്കുന്നു. അവയിൽ ഒരു പാട്ടിനെ ചേർക്കുന്നു.

"ആയതബാഹുചതുഷ്ടയശോഭിത
രായതിനിർമ്മലഭസ്മോദ്ധൂളിക
കായരുമായേ ചർമ്മാംബരരായ്
കാലാന്തകസമ വിക്രമരായേ
മായയെ നീക്കും ബ്രഹ്മശിരാവലി
മാലാധരരായ് ദുഷ്കരരായേ
ളുയഗണേശ്വരരെക്കണ്ടകമേ
സുഖമായിതു വൈവസ്വതനവിടേ."

## 7 കണ്ണശ്ശന്മാരുടെ ഭാഷ

കണ്ണശ്ശന്മാർ അന്നത്തേ വ്യവഹാരഭാഷയിലല്ല കവിത രചിച്ചിട്ടുള്ളത്. രാമായണാദി ഗ്രന്ഥങ്ങളിലെ ഭാഷ അന്നത്തെ ദേശഭാഷയുമായിരുന്നില്ല.

"ഭാഷാമിശ്രമിതെൻറികഴാതെ
പരമേശ്വരഭക്ത്യാവല്ലവരും
താഴാതഷ്ടമി മറ്റു ചതുർദ്ദശി . . .
ദോഷാപഹമഴകോടേ ചൊൽവവർ
മേവുവരന്തേ ശങ്കരലോകേ"

എന്ന പാട്ടിൽ, ഈ സംഗതി കവി തന്നെ വ്യക്തമാക്കീട്ടുണ്ടല്ലോ. ഇത്തരം 'ഭാഷാമിശ്രത്തേയാണ് ലീലാതിലകകാരൻ' 'ഭാഷാമിശ്രം പൊഴുതു കഥയാമി' എന്ന ദൃഷ്ടാന്തം വഴിക്ക നിർദ്ദേശിച്ചിരിക്കുന്നതും.

നിരണത്തു കവികളുടെ കാലമായപ്പോഴേക്കും സാഹിത്യഭാഷയ്ക്കു വലുതായ മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞിരുന്നു. അവരുടെ പദബന്ധക്രമം തന്നെ എഴുത്തച്ഛന്റേതിൽ നിന്നു വിഭിന്നമാണ്.

"ഞാനേവം കൈക്കൊണ്ടേൻ ജനകനരേന്ദ്ര
തനൂജയെയെങ്കിലുമിന്നിതു
താനേ കാരണമായപവാദം താപമെഴും പടി
വന്നിതെനിക്കോ.
നാനാസുഖമാരുയിരിവകളെയാർ നാട്ടുവ
രപവാദം കളവാനായ്?
മാനേന്മിഴി മൈഥിലിയെക്കളവാൻ മടിയു-
ണ്ടോ മമ പഴി തീർപ്പാനായ്."

ഇത്യാദി പാട്ടുകളിലെ പദയോജനക്രമം നോക്കുക. പാട്ടിൽ ദ്രവിഡാക്ഷരങ്ങളേ പാടുള്ളു എന്ന നിയമത്തെ ആദ്യമായി ലംഘിച്ചു കാണുന്നതും കണ്ണശകൃതികളി

ലാണ്. അതു പോലെ തന്നെ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളേയും, സംസ്കൃതരീതിയിലുള്ള പ്രയോഗങ്ങളേയും പാട്ടിലേക്കു സംക്രമിപ്പിച്ചവരും അവരാണെന്നു തോന്നുന്നു.

"ഇഹ ങ, ട, ഞ, ണ, ര, ല, ഴ, ള, റ, ഹ ഇതി നവാക്ഷരാണി ന പദാദൗ ഭവന്തി. രായരൻ, ലാക്ക് ഇത്യാദയസ്സംസ്കൃതസ്യാപഭ്രംശാഃ സംസ്കൃതാപഭ്രംശാ ന ശുദ്ധഭാഷാഃ. 'രണ്ടാലുമൊന്റുണ്ടു നമുക്കിദാനീ' മിതിത്വപശബ്ദഃ. ഭാഷയാമപി വ്യവസ്ഥയാ ഭവിതവ്യം. ന തു സ്വേച്ഛയാ യഥാ തഥാ പ്രയോഗഃ."

എന്നു ലീലാതിലകകാരൻ രകാരലകാരങ്ങൾ പദാദിയിൽ വന്നുകൂടെന്നു കർശനമായി വിധിച്ചിട്ടുണ്ടെങ്കിലും, നിരണത്തുകവികൾ ചില ദിക്കുകളിൽ അതിനെ ലംഘിച്ചു കാണുന്നുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

നിരണത്തു കവികളുടെ ഭാഷാശൈലിക്കുള്ള ഒരു പ്രധാന വിശേഷം പാദപൂരണത്തിനായും മറ്റും 'ഏ' എന്ന നിപാതം ചേർക്കുന്ന സമ്പ്രദായമാണ്. എഴുത്തച്ഛനും ചില സ്ഥലങ്ങളിൽ അങ്ങനെ 'ഏ' ചേർത്തിട്ടുണ്ടെന്നു വരികിലും, അവരുടെ കൃതികളിലെന്നപോലെ സർവസാധാരണമായും, അവിരളമായും ആ പ്രയോഗം അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിലും കാണുന്നില്ല. ഒരേ പദത്തെത്തന്നെ രണ്ടും മൂന്നും പ്രാവശ്യം ഒരേ പാട്ടിൽ പ്രയോഗിക്കുന്ന വിഷയത്തിലും അവർക്കു ലേശം കൂസലില്ലായിരുന്നു.

പ്രകൃതികളിൽ വിവർത്തനപ്രക്രിയ ചെയ്ത് പലേ നൂതനപദങ്ങളേ സൃഷ്ടിക്കുന്നതിന് ഭാഷയ്ക്കുണ്ടായിരുന്ന ശക്തി നിരണത്തു കവികളുടെ കാലശേഷം നിശ്ശേഷം നശിച്ചുപോയി. ഇതു ഭാഷയ്ക്ക് അപരിഹാര്യമായ ഒരു നഷ്ടം തന്നെയാണ്.

## 8 നിരണവൃത്തം

നിരണത്തു കവികളുടെ കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന വൃത്തങ്ങളെ നിരണവൃത്തമെന്നു സാധാരണ വിളിച്ചുവരുന്നെങ്കിലും അവയെ കണ്ടുപിടിച്ചത് അവരാണോ എന്ന കാര്യം സംശയമാണ്.

"ഓടിയണഞ്ഞു മഹേശ്വരി പുൽകിയ-
തോർത്തനുരാഗവശേന ചിരിച്ചേ" (1)

എന്ന നിരണവൃത്തം ലീലാതിലകത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള

സംസ്കൃതമാകിന ചെങ്ങഴിനീരും
നറ്റമിഴാകിന പിച്ചകമലരും
ഏകകലർന്നു കരമ്പകമാലാം
വൃത്തമനോജ്ഞം ഗ്രഥയിഷ്യാമി"

എന്ന പാട്ടിലും കാണുന്നു. മാത്രാവൃത്തങ്ങൾ കണ്ണശ്ശന്റെ കാലത്തിനു മുമ്പും നട പ്പുണ്ടായിരുന്നെന്ന് ഇതുകൊണ്ട് ഊഹിക്കാം. നിരണവൃത്തങ്ങളിലൊന്നും നശിച്ചു പോയിട്ടില്ല, രൂപാന്തരപ്പെട്ടുപോയതേയുള്ളു. ഒരു പാട്ടിന് നാലു പാദങ്ങളും ഓരോ പാദത്തിലും പതിനാറു മാത്രകളോടുകൂടിയ ഈരണ്ടു ഖണ്ഡങ്ങളുമുണ്ട്. ഓരോ ഖണ്ഡവും ഒരേ സ്വരം കൊണ്ട് ആരംഭിക്കണമെന്നായിരുന്നു വ്യവസ്ഥ. എഴുത്തച്ഛനും നമ്പ്യാരും ഈ വൃത്തത്തെ ഈരടിയാക്കി കിളിപ്പാട്ടിലും തുള്ളലിലും ഉപയോഗിച്ചിരിക്കുന്നു. പ്രാസനിയമത്തെ അവരും തീരെ ഉപേക്ഷിച്ചുവെന്നു പറഞ്ഞുകൂട.

“ദോഷഗ്രാഹികളല്ലാതുള്ളൊരു
ദോഷജ്ഞന്മാരുടെ സഭ തുച്ഛം”

എന്ന് തുള്ളൽപ്പാട്ടിലും,

“നീളത്തിൽ ചിലർ ചരടുപിടിച്ചും
നീളേ കതിചന കുററി തറച്ചും
വാലതുകൊണ്ടേ മലകൾ പറിച്ചു
നാലു ദിഗന്തേ നാരായണജയ”

എന്ന് ഇരുപത്തിനാലുവൃത്തത്തിലും, പ്രസ്തുത പ്രാസനിർബന്ധം കാണുന്നുണ്ടല്ലോ. യതിയുടെ കാര്യത്തിൽ നിരണത്തു കവികൾ നിഷ്കർഷിച്ചിരുന്നില്ലെന്നു മാത്രമല്ല, അവർ ഓരോ പാദാർദ്ധത്തെയും എട്ടെട്ടു ഗണങ്ങളായി ക്രമപ്പെടുത്തീട്ടുമില്ല.

“എയ്തിവിഷയാദികളിൽവീണുഴലുമപ്പ-
ഞ്ചേന്ദ്രിയമറിഞ്ഞറിവകന്നു പരമാന്തം” (2)

എന്നു ഗീതയിൽ കാണുന്ന വൃത്തം രാമചരിതത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇത് ഇന്ദുവദന തന്നെയാണ് പക്ഷേ ചില സ്ഥലങ്ങളിൽ ഗുരുവിനെ ലഘുവാക്കിയും ലഘുവിനെ ഗുരുവാക്കിയും ഉച്ചരിക്കേണ്ടി വരുമെന്നേ വ്യത്യാസമുള്ളു.

‘മെയ്യറിവിലെയ്തുമകതാരുമതന്നേരം’

എന്ന പാദാർത്ഥത്തിൽ ‘ന്നേ’ എന്ന അക്ഷരത്തെ ഉറപ്പിച്ചു ഉച്ചരിക്കാൻ പാടില്ല. അല്ലെങ്കിൽ, അതിനു മുമ്പിലിരിക്കുന്ന ‘ത’കാരം ഗുരുവായിപ്പോകും.

‘വില്ലുമമ്പുമായടവിതന്നിലെഴുന്നള്ളി’

എന്ന ഇരുപത്തിനാലുവൃത്തപദ്യത്തിലും ഇതേ വിധത്തിൽ തന്നെ ‘ന്ന’യ്ക്കു മുമ്പിലിരിക്കുന്ന ‘ഴ’വിനെ ലഘുവാക്കിയിരിക്കയാണല്ലോ.

“ഇതമൊടുതെളിഞ്ഞുടൻതന്നെയെല്ലാവുയിർ-
ക്കിടയുമുയിരൊക്കെയും പാടു തന്നുള്ളിലും” (3)

ഇത് തുള്ളൽപ്പാട്ടുകളിലും മറ്റും കാണുന്ന മണികാഞ്ചിയെന്ന വൃത്തമാകുന്നു.

"കാൺകയനേകമായിരരൂപമെങ്കലതൊക്കെയും നീ
കാൺകവിധങ്ങളും പല ദിവ്യവർണ്ണങ്ങളുണ്ടനേകം" (4)

ഈ വൃത്തത്തെ ലഘുപ്രചുരമാക്കിയാൽ,

"വർദ്ധിതതരധവളഹിമാചലസന്നിഭതുംഗശരീരൻ
നെടുതാകിനകൊടിമരമെന്നകണക്കു തടിച്ചൊരുവാലും"

എന്ന തുള്ളൽവൃത്തമാകും.

എതുക, മോന, അന്താദിപ്രാസം ഇവ നിരണത്തുകവികളുടെ പാട്ടിലും കാണുന്നുണ്ട്.

## 9 കൃഷ്ണപ്പാട്ട്

മലയാളഭാഷയിൽ ഇതേവരെ ഉണ്ടായിട്ടുള്ള അത്യുത്തമഗ്രന്ഥങ്ങളിൽ ഒന്നാണ് കൃഷ്ണപ്പാട്ട്. അതിന്റെ കർത്താവു് ഏഴാംശതകത്തിൽ ജീവിച്ചിരുന്ന ഒരു ചെറുശ്ശേരിനമ്പൂരിയായിരുന്നുവെന്ന് ഭാഷാചരിത്രകാരൻ പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളെത്തന്നെ ഇവിടെ ഉദ്ധരിക്കാം.

"ഉത്തരകേരളത്തിൽ ഇപ്പോഴത്തെ കുറുമ്പ്രനാട്ടുതാലൂക്കിൽ വടകര എന്ന സ്ഥലത്തു് ചെറുശ്ശേരി എന്ന ഇല്ലപ്പേരോടുകൂടി ഒരു നമ്പൂരിയുണ്ടായിരുന്നു. ബാല്യകാലം കഴിഞ്ഞയുടനെ കോലസ്സനാട്ടിലെ രാജാക്കന്മാരെ ആശ്രയിച്ചുവന്നു പാർത്തുവന്നു എന്നു കാണുന്നു. അദ്ദേഹം ആശ്രയിച്ചുവന്ന രാജാവിന്റെ നാമധേയം ഉദയവർമ്മൻ എന്നായിരുന്നു. അക്കാലത്തു് രാജാക്കന്മാർ സ്വസ്ഥമായിരിക്കുന്ന സമയങ്ങളിൽ ചതുരംഗം വയ്ക്കുക പതിവായിരുന്നു. അങ്ങനെ ഉദയവർമ്മരാജാവും ചെറുശ്ശേരി നമ്പൂരിയുംകൂടി ചതുരംഗം വച്ചുകൊണ്ടിരിക്കുന്ന സമയം രാജാവിന്റെ ഭാര്യ തന്റെ കുഞ്ഞിനെ തൊട്ടിലിൽ കിടത്തി, താരാട്ടു പാടിക്കൊണ്ടിരിക്കയായിരുന്നു. ആ സ്ത്രീക്ക് ഇവർ ചതുരംഗം വയ്ക്കുന്ന സ്ഥലം കാണ്മാൻ തക്കവണ്ണമുള്ളതായിരുന്നു. അപ്പോൾ രാജാവു് തോല്ക്കാറായി എന്നു കണ്ടതിനാൽ, താരാട്ടു പാടുന്ന മട്ടിൽതന്നെ, രാജാവിനു മാത്രം അറിവാൻവേണ്ടി, ഉന്തുന്തു, ന്തുന്തുന്തു, ന്തുന്തുന്തു, ന്തുന്തുന്തു, ഉന്തുന്തു, ന്തുന്തുന്തു, ഉന്താളേ ഉന്തു്" എന്ന പാട്ടു പാടുകയും അതു കേട്ട ഉടൻതന്നെ രാജാവിനു കാര്യം മനസ്സിലായി, ആളെ ഉന്തിയ സമയം, ഉന്തിയരശു് അടിയറവാകയും ചെയ്കയാൽ രാജാവു് കളിയിൽ ജയിക്കയും, ഉടൻതന്നെ വളരെ സന്തോഷിച്ചു് ആ മട്ടിൽ ഭാഗവതം ദശമം ഒരു പാട്ടായിത്തീർക്കണമെന്ന് കല്പിക്കയും അതനുസരിച്ചു് ചെറുശ്ശേരിനമ്പൂതിരി കൃഷ്ണപ്പാട്ടു് അല്ലെങ്കിൽ കൃഷ്ണഗാഥ എന്ന ഗ്രന്ഥം ഉണ്ടാക്കയും ചെയ്തതായി പറയുന്നു."

കൃഷ്ണപ്പാട്ടിന്റെ ഉല്പത്തിക്കു കാരണമായിപ്പറയുന്ന ഈ കഥ കെട്ടിയുണ്ടാക്കിയ ആളിന്റെ മനോധർമ്മത്തെ പ്രശംസിക്കാമെങ്കിലും അതിൽനിന്ന് കൃഷ്ണഗാഥയെപ്പറ്റിയോ തൽകർത്താവിനെപ്പറ്റിയോ, വിശേഷിച്ചു് യാതൊന്നും ഗ്രഹിക്കാനായിട്ടില്ല.

കവി കോലത്തുനാട്ടു രാജാവായ ഉദയവർമ്മന്റെ ആശ്രിതനായിരുന്നുവെന്ന് കൃഷ്ണ ഗാഥയിൽനിന്നുതന്നെ അറിയാമെന്നുള്ളതാണ്. ആളുന്തിരാഗക്കഥയെ വിശ്വസിക്കുന്നവരായി ഇക്കാലത്ത് ആരെങ്കിലും ഉണ്ടോ എന്നു സംശയമാകുന്നു. മിസ്റ്റർ കുണ്ടൂർ നാരായണമേനോൻ പറയുന്നത് ഇങ്ങനെയാണ്:-

“ചെറുശ്ശേരി എന്ന ഇല്ലപേർ ഉത്തരകേരളത്തിലല്ല, ദക്ഷിണകേരളത്തിലാണ് അധികം വ്യാപിച്ചുകാണുന്നതെന്ന് അവതാരികയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ കവി ദക്ഷിണകേരളക്കാരനല്ലെന്ന് ‘ചാടുക’ ‘തള്ളുക’ മുതലായി പല പദങ്ങളും ദക്ഷിണകേരളക്കാർ വിചാരിക്കാത്ത വിധത്തിലുള്ള അർത്ഥത്തിൽ കൃഷ്ണഗാഥയിൽ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു തീർച്ചപ്പെടുത്താം. ഇതു നോക്കുമ്പോൾ ചെറുശ്ശേരി എന്നത് ഇല്ലപ്പേരാണെങ്കിൽ ഇങ്ങനെ കേരളത്തിൽ മുഴവൻ വളരെ പ്രചാരമുള്ള ഒരു ഗ്രന്ഥത്തിന്റെ കർത്താവായ കവിയുടെ ഇല്ലത്തെപ്പറ്റി, ഇല്ലം അന്യം നിന്നാൽ കൂടി, വല്ല വിവരവും ജനങ്ങൾ പരമ്പരയായി പറഞ്ഞുപോന്നിട്ടെങ്കിലും, നിലനില്ക്കാൻ ഇടയുണ്ട്. മഴമംഗലം എന്ന സ്ഥലത്തെന്നും മറ്റും ചില വിവരങ്ങൾ ഇപ്പോഴും പലർക്കും അറിവുണ്ട്. അതുപോലെ, ചെറുശ്ശേരിയെപ്പറ്റി ഒരു വിവരവും ആർക്കും അറിവില്ലാത്തതെന്തുകൊണ്ടാണ്? കവി ഇത്ര പ്രസിദ്ധനായിരിക്കുന്ന സ്ഥിതിക്കും അദ്ദേഹത്തിന്റെ പേരോ, വേറെ എന്തെങ്കിലും വല്ല വിവരമോ അറിയുന്നില്ലെന്നുള്ള സംഗതി ചെറുശ്ശേരിയെപ്പറ്റി സംശയം ജനിപ്പിക്കാൻ മതിയാകുമെന്നാണു തോന്നുന്നത്.”

ചെറുശ്ശേരി എന്ന പേർ കാവ്യത്തിനു വരാനുള്ള കാരണത്തേപ്പറ്റി അദ്ദേഹം പറയുന്ന ഭാഗം കുറേക്കൂടി രസാവഹമായിരിക്കുന്നു.

“ച” “ശ” എന്ന അക്ഷരങ്ങൾ ഭാഷയിൽ ഉച്ചാരണസൗകര്യത്തിനോ, ഭംഗിക്കോ മാറ്റിക്കാണുന്നതിനാൽ ചെറുശ്ശേരി എന്നത് ചെറുച്ചേരി എന്നതിൽ നിന്ന് ഉണ്ടായതാണെന്ന് ഊഹിച്ചാൽ, അതിൽൽ വലിയ ആക്ഷേപം ഒന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. ചെറുച്ചേരി എന്നത് ‘ചെറു’ എന്നും ‘ചേരി’ എന്നും ഉള്ള രണ്ടു പദങ്ങൾ കൂടിച്ചേർന്നതാണല്ലോ. ഇവയിൽ ചെറു എന്നതിന് ചെറിയ എന്ന അർത്ഥം പ്രസിദ്ധമാണ്. ചേരി എന്ന പദവും ഇപ്പോൾ ഉപയോഗിച്ചു വരുന്നതാണ്. ഓണക്കാലത്തു കയ്യാങ്കളിക്കു രണ്ടു ഭാഗമായി ആളുകൾ നിൽക്കുന്നതിന് രണ്ടു ചേരിയെന്നാണു പറയുന്നത്. അതുകൊണ്ട് പണ്ട് ആ ജാതിയിലുണ്ടായിരുന്ന അങ്കംവെട്ടലിന്നോ യുദ്ധത്തിന്നോ അണിയിട്ടു നിൽക്കുന്നതിന് ഈ പദം ഉപയോഗിച്ചിരുന്നു എന്ന് നമുക്ക് ഊഹിക്കാം. വടക്കൻപാട്ട് ഈ ചേരിക്കളിയിലും യുദ്ധയാത്രയിലും യുദ്ധസമയത്തും രണ്ടു ചേരിക്കാരും പാടുന്ന പാട്ടായിരുന്നു എന്നു വിചാരിപ്പാൻ ന്യായമുണ്ട്. അതുകൊണ്ട് അതിന്ന് ചേരിപ്പാട്ട് എന്ന പേർ യോജിച്ചുള്ളതും ഉത്തരകേരളത്തിൽ യുദ്ധം ഉണ്ടായിരുന്ന കാലത്തോളം ഉപയോഗിച്ചുവന്നിരിക്കാവുന്നതുമാണ്. കൃഷ്ണഗാഥയുടെ രീതി വടക്കൻപാട്ടിന്റെ രീതിയോടു വളരെ അടുപ്പമുള്ള ഒന്നാണെന്ന് രണ്ടിന്റേയും ഈരണ്ടു വരി താഴെ ചേർക്കുന്നതു നോക്കിയാലറിയാം.

## 10 വടക്കൻപാട്ട്

തച്ചോളിപ്പാലാട്ടെ കോമപ്പുണ്ണി
തച്ചോളിപ്പാലാട്ടെ കോമപ്പുണ്ണി

## 11 കൃഷ്ണഗാഥമട്ട്

തച്ചോളിപ്പാലാട്ടെ–തച്ചോളിപ്പാലാട്ടെ
തച്ചോളിപ്പാലാട്ടെ –കോമപ്പുണ്ണി

വടക്കൻപാട്ടിന്റെ ആദ്യത്തെ പാദത്തെ ഒടുവിലത്തെ നാലക്ഷരം കളഞ്ഞു ചെറുതാക്കി അതു രണ്ടു പ്രാവശ്യം ഉപയോഗിച്ച് പിന്നെ രണ്ടാംവരി യാതൊരു ഭേദവും കൂടാതെ ഉപയോഗിക്കുന്നതാണ് ചെറുശ്ശേരി രീതി. ആദ്യപാദം ചെറുതാക്കി രണ്ടു പ്രാവശ്യം ഉപയോഗിക്കുന്ന ചേരിപ്പാട്ടാകയാൽ അതിന്നു ചെറുച്ചേരിപ്പാട്ട് എന്ന പേർ യോജിപ്പുള്ളതും ഇങ്ങനെ വന്നതാണെന്ന് ഊഹിപ്പാൻ ന്യായമുള്ളതുമാണ്. വേറെ ഒരു വിധത്തിലും ചെറുശ്ശേരി എന്ന പേർ യോജിപ്പുള്ളതായി കാണുന്നുണ്ട്. കോവിലകത്തു വെച്ച് ചതുരംഗം കളിക്കുമ്പോൾ, ആളുന്തി, ആളുന്തി, ആളുന്തി, ആളുന്തി' എന്നൊരാൾ ചൊല്ലുകയും ആ രീതിയിൽ ഒരു പാട്ടുണ്ടാക്കാൻ തമ്പുരാൻകല്പിക്കയും ചെയ്തിട്ടുണ്ടാക്കിയതാണ് കൃഷ്ണഗാഥ എന്നൊരു ഐതിഹ്യമുണ്ട്. ഇതിന്ന് വല്ല അടിസ്ഥാനവുമുണ്ടെങ്കിൽ ചെറിയ രണ്ടു ചേരിയായി സൈന്യം നിരത്തി പട വെട്ടുന്ന ജാതിയിലുള്ള ചതുരംഗായോധനത്തിൽനിന്നുത്ഭവിച്ചതാകയാൽ 'ചെറുശ്ശേരി' എന്ന പേർ ഉണ്ടായതാണെന്നാണ് തോന്നുന്നത്. എന്നാൽ കാലംകൊണ്ടു കവിയുടെ ഇല്ലപ്പേരും പേരും നിശ്ചയമില്ലാതായിത്തുടങ്ങുകയും ചെറുശ്ശേരി എന്ന പേരിനു മാത്രം പ്രചാരം ഉണ്ടാകയും ചെയ്തപ്പോൾ, ചെറുശ്ശേരി എന്നത് ഇല്ലപ്പേരാണെന്നു തെറ്റിദ്ധരിച്ചിട്ടായിരിക്കണം ചെറുശ്ശേരി എന്നു കവിയെ ഉദ്ദേശിച്ചു ജനങ്ങൾ പറഞ്ഞുതുടങ്ങിയത്."

മനോധർമ്മംകൊണ്ട് ഇത് മുകളിൽ ഉദ്ധരിച്ച ഐതിഹ്യത്തെയും ജയിക്കുന്നു എന്നു സമ്മതിക്കാമെങ്കിലും, ലേശംപോലും പ്രത്യയജനകമായിരിക്കുന്നില്ലെന്നു പറയാതെ തരമില്ല.

ചെറുശ്ശേരി എന്നൊരു ഇല്ലം ഇപ്പോൾ ഉത്തരകേരളത്തിലില്ലെന്നു വിചാരിച്ച് ഒരു കാലത്തും ഇല്ലായിരുന്നുവെന്നു ശപഥം ചെയ്യാവുന്നതല്ല. ഇക്കാലത്തിനിടയ്ക്ക് എത്രയോ രാജ്യവിപ്ലവങ്ങൾ ഉണ്ടായിരിക്കുന്നു. മൈസൂർകടുവായെപ്പേടിച്ചുതന്നെ ഒട്ടു വളരെ തറവാട്ടുകാർ ദക്ഷിണകേരളത്തിൽ വന്നു കുടിപാർക്കാൻ ഇടവന്നിട്ടുണ്ട്. അക്കൂട്ടത്തിൽ ചെറുശ്ശേരിവംശക്കാരും ദക്ഷിണകേരളത്തിൽ വന്നു വാസമുറപ്പിച്ചതായി വന്നു കൂടായ്കയില്ല. പുതുമന, ആറ്റുപുറം, മാത്തൂർ ഇത്യാദി പലേ ഇല്ലപ്പേരുകൾ തെക്കും വടക്കും കാണുന്നതിനിടവന്നത് ഇങ്ങനെ ആയിരിക്കണം. ചെറുശ്ശേരി എന്നൊരു ഇല്ലം കോലത്തു നാട്ടിൽ ഉണ്ടായിരുന്നെന്നും അത് പുനത്തിൽ

ഒതുങ്ങുകയാണു ചെയ്തതെന്നും ഒരു കേൾവിയുണ്ടെന്നും അപ്പൻതമ്പുരാൻതിരുമന സ്സുകൊണ്ട് അഭിപ്രായപ്പെട്ടിട്ടുമുണ്ട്. "പിന്നെ ഇല്ലപ്പേരാണെങ്കിൽ, ഇങ്ങനെ കേര ളത്തിൽ മുഴുവൻ പ്രചാരമുള്ള ഒരു ഗ്രന്ഥത്തിന്റെ കർത്താവായ കവിയുടെ ഇല്ലത്തേ പ്പറ്റി ജനങ്ങൾ പരമ്പരയായി പറഞ്ഞുവന്നിട്ടെങ്കിലും അതിന്റെ നിലനില്പിന് ഇടയു ണ്ടെന്ന് മി. മേനോൻ പറയുന്നു. അതേ, അങ്ങനെ ഒരു ഐതിഹ്യം ഇപ്പോഴും ഉണ്ടല്ലോ. ആ വഴിക്കാണല്ലോ ഗുണ്ടർട്ട് മുതൽപ്പേര് ചെറുശ്ശേരി എന്നത് ഇല്ലപ്പേ രാണെന്നു ധരിച്ചതും. എന്നാൽ അദ്ദേഹത്തിനെപ്പറ്റിയോ ഇല്ലത്തേപ്പറ്റിയോ കൂടു തൽ വിവരങ്ങൾ അറിയുന്നില്ലെന്നുള്ള സംഗതി സംശയജനകമായിരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. മഴമംഗലം, പൂന്തം, നിരണത്തു കവി കൾ, എഴുത്തച്ഛൻ, ചന്ദ്രോത്സവകർത്താവ് എന്നിങ്ങനെ ഒട്ടു വളരെ കവികൾ കേ രളത്തിൽ ഉണ്ടായിട്ടുണ്ടല്ലോ. അവരെപ്പറ്റി നാം ഇതേവരെ എന്തെല്ലാം അറിഞ്ഞി ട്ടുണ്ട്. സർവലോകസംപൂജ്യനായ ശ്രീശങ്കര ഭഗവൽപാദരെപ്പറ്റി അനേകം കവി തകൾ ഓരോരുത്തർ രചിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ സ്വദേശം കാഞ്ചീപുര ത്തായിരുന്നുവെന്ന് ഒരു കൂട്ടരും അതല്ല കേരളത്തിലായിരുന്നുവെന്ന് മറ്റൊരു കൂ ട്ടരും ഇപ്പോഴും വാദിച്ചുകൊണ്ടിരിക്കുന്നതേയുള്ളല്ലോ. മഴമംഗലത്തേയും കണ്ണശ്ശ നേയും പറ്റി നാം വല്ലതും അറിഞ്ഞിട്ടുണ്ടെങ്കിൽ അത് അവരുടെ കൃതികളിൽ നി ന്നാകുന്നു. ചില ഐതിഹ്യങ്ങൾ മിക്ക കവികളേപ്പറ്റിയും കേട്ടിട്ടുണ്ട്. അങ്ങനെ ഒരു ഐതിഹ്യത്തെ ആണ് മി. ഗോവിന്ദപ്പിള്ള ഭാഷാചരിത്രത്തിൽ ചേർത്തിരി ക്കുന്നതും. അതിൽ ആളുന്തിരാഗത്തേപ്പറ്റിപ്പറയുന്ന ഭാഗത്തെ മാത്രം അഭ്യുപഗമി ച്ചിട്ട്, ഇല്ലത്തെക്കുറിച്ചുള്ള ഐതിഹ്യത്തെ തള്ളിക്കളയുന്നതിന്റെ യുക്തി ദുരധിഗമ മായിരിക്കുന്നു. എന്നാൽ ഈ മാതിരി ഒരു കവിയുടെ ഇല്ലപ്പേര് പരമ്പരയാ ജന ങ്ങൾ പറഞ്ഞുവന്നിട്ടെങ്കിലും നിലനില്പാനിടയുണ്ടെന്നു ശപഥം ചെയ്തിട്ട്, ഉത്തരക്ഷ ണത്തിൽത്തന്നെ, അദ്ദേഹത്തിന്റെ പേരും ഇല്ലപ്പേരും കാലക്രമേണ മലയാളിക ളുടെ ഇടയ്ക്കു വിസ്മൃതപ്രായമായെന്നും തന്നിമിത്തം ചെറുശ്ശേരി എന്നത് ഇല്ലപ്പേരാ ണെന്നു തെറ്റിദ്ധരിപ്പാനിടയായെന്നും അഭിപ്രായപ്പെട്ടിരിക്കുന്നതാണ് ബഹുവിചി ത്രമായിരിക്കുന്നത്. ചെറുശ്ശേരിപദത്തിന്റെ ആഗമം പറഞ്ഞിരിക്കുന്നതും സ്വീകാ രയോഗ്യമായി തോന്നുന്നില്ല. ചേരിശബ്ദത്തിന്റെ അർത്ഥം തെറ്റിദ്ധരിച്ചിരിക്കുന്ന തോ പോകട്ടേ. വടക്കൻപാട്ടു ചേരിപ്പാട്ടാണെങ്കിൽ, കൃഷ്ണഗാഥ വഞ്ചേരിപ്പാട്ടാവു ന്നതല്ലാതെ ചെറുശ്ശേരിയാവാൻ ഇടയില്ല. രണ്ടാംപാദത്തെ ഒന്നു കുറുക്കീട്ടുണ്ടെ ങ്കിൽ ആദ്യപാദത്തേ ഒന്നു നീട്ടീട്ടുമുണ്ടല്ലോ. അന്നുള്ളവർക്കു വലിപ്പച്ചെറുപ്പങ്ങളെ വിവേചിച്ചറിവാൻ ശക്തിയില്ലായിരുന്നിരിക്കുമോ? അതിനും പുറമേ, വടക്കൻപാ ട്ടുകൾക്കു ചേരിപ്പാട്ടെന്ന പേര് ഇതേവരെ ആരും പറഞ്ഞുകേട്ടിട്ടുമില്ല. ചെറുശ്ശേരി നമ്പൂരിയുടെ വംശജനായ ഒരു നമ്പൂരി ഇപ്പോൾ വടക്ക് ചെറുകുന്നത്തുക്ഷേത്രത്തിൽ ശാന്തിയായിരിക്കുന്നുണ്ടെന്ന് മി. ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ളതിനെ ഖണ്ഡിച്ചു കൊണ്ട് കവനോദയക്കാരും, അവരെ ഏറെക്കുറെ പിന്താങ്ങിക്കൊണ്ട് അപ്പൻത മ്പുരാനും പുറപ്പെടുന്നു.

ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്നൊരില്ലം ഉണ്ടായിരുന്നില്ലെന്നും ചെറുശ്ശേരിവംശജനായ ഒരു നമ്പൂരി ശാന്തി ചെയ്യുന്നുണ്ടെന്നുപറയുന്നത് അബദ്ധമാണെന്നും അങ്ങനെ ഒരു കവി ജീവിച്ചിരുന്നുവെങ്കിൽ ചന്ദ്രോത്സവകർത്താവ് ഗ്രന്ഥാരംഭത്തിൽ അദ്ദേഹത്തിനെ സ്മരിക്കാതിരിക്കുമായിരുന്നില്ലെന്നും ആണ് കവനോദയക്കാരുടെ അഭിപ്രായം. അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ട് വേറെ ചില വാദമുഖങ്ങളെക്കൂടി അവതരിപ്പിക്കുന്നു.

“കവിയാരെന്നു നിശ്ചയമില്ലാത്ത ചന്ദ്രോത്സവത്തിൽ, ഭാഷാകവികളിൽവെച്ച് പുനത്തിനെയാണ് മുമ്പു പറഞ്ഞിട്ടുള്ളത്. കൃഷ്ണഗാഥാമുഖേനയല്ലാതെ ചെറുശ്ശേരിക്ക് പുനത്തിനെപ്പോലെ കവി എന്നു പ്രസിദ്ധിയുള്ളതായിട്ടും അറിവില്ല. ഭാഷാരീതി പുനത്തിന്റേതല്ലെന്നു ശങ്കിച്ചേയ്ക്കാം. എന്നാൽ ഈ കൃതി ‘ആളന്തി’രാഗമെന്നു പറഞ്ഞതുകേട്ട് വിശ്വസിക്കത്തക്കവണ്ണം മൂഢയായ ഒരു സ്ത്രീയ്ക്ക് മനസ്സിലാകുന്ന വിധത്തിൽ ഉണ്ടാക്കിയതാണെന്നും, മഹാകവികൾക്കു വാസനാബലംകൊണ്ടും ബുദ്ധിവൈഭവംകൊണ്ടും ഏതു വിധം വേണമെങ്കിലും ആ വിധം കൊണ്ടുകെട്ടുവാനുള്ള ശക്തിയുണ്ടെന്നും ആലോചിച്ചാൽ ആ ശങ്കയ്ക്കും സമാധാനമുണ്ട്.”

ഉത്തരകേരളത്തിൽ ചെറുശ്ശേരിയെന്നും പുനമെന്നും രണ്ടു തറവാടുകൾ ഉണ്ടായിരുന്നതിൽ ഒന്നു മറ്റേതിലേക്ക് ഒതുങ്ങിപ്പോയെന്ന് ഒരു കേൾവിയുണ്ടെന്നും, അങ്ങനെ സംഭവിച്ചത് കൃഷ്ണഗാഥയുടെ ആവിർഭാവത്തിനു മുമ്പായിരുന്നതു നിമിത്തം ചെറുശ്ശേരിശബ്ദം പുനത്തിന്റെ പര്യായമായി തീർന്നതായിരിക്കാമെന്നുള്ളതുമാണ് അദ്ദേഹം ഊഹിക്കുന്നത്.

ചെറുശ്ശേരി എന്നൊരില്ലം ഉത്തരകേരളത്തിൽ ഇല്ലെന്നും, അദ്ദേഹത്തിന്റെ ഒരു വംശജൻ ചെറുകുന്നത്തു ക്ഷേത്രത്തിൽ ശാന്തിയായിരിക്കുന്നില്ലെന്നും വന്നതുകൊണ്ട് ചെറുശ്ശേരി എന്നൊരു ഇല്ലം ഒരിക്കലും ഇല്ലായിരുന്നു എന്നു വരികയില്ലല്ലോ. കവനോദയക്കാരുടെ അന്വേഷണത്തിൽ അങ്ങനെ ഒരില്ലം എത്തുപെടാതിരുന്നുവെന്ന് വരാവുന്നതാണ്. മി: ഗോവിന്ദപ്പിള്ള പ്രശ്നം വെച്ചു കണ്ടുപിടിച്ച പേരായിരിക്കയില്ലല്ലോ അത്. അദ്ദേഹവും ചില അന്വേഷണങ്ങൾ നടത്തിയ ശേഷമാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്. ചന്ദ്രോത്സവകർത്താവ് പുനത്തിനെ സ്മരിക്കയും ചെറുശ്ശേരിയെപ്പറ്റി മിണ്ടാതിരിക്കുകയും ചെയ്തുകാണുന്നു എന്നുള്ള യുക്തി നില്ക്കയില്ല. അദ്ദേഹം അക്കാലംവരെയുള്ള എല്ലാ കവികളേയും സ്മരിച്ചിരുന്നു എന്നു വരികിൽ, അങ്ങനെ ഒരു ശങ്കയ്ക്കു വഴിയുണ്ടാകുമായിരുന്നു. സംസ്കൃതകവികളുടെ കൂട്ടത്തിൽതന്നേ വാല്മീകി, വ്യാസൻ, കാളിദാസൻ, ഭാരവി, മുരാരി ബാണൻ എന്നിങ്ങനെ അദ്ദേഹം പലരേയും കീർത്തിക്കയും, ഭവഭൂതിപ്രഭൃതികളെക്കുറിച്ച് ഒന്നും പറയാതിരിക്കയും ചെയ്തുകാണുന്നതിനാൽ, ഭവഭൂതി പ്രഭൃതികൾ ഇല്ലായിരുന്നുവെന്നോ അവർ മറ്റു കവികളിൽ ലയിച്ചുപോയെന്നോ വാദിക്കുമോ? അതു പോലെ തന്നെ മലയാളകവികളേ സംബന്ധിച്ചും പറയാവുന്നതാണ്. ചന്ദ്രോത്സവകർത്താവ് തനിക്കിഷ്ടമുള്ള ചില കവികളെ സ്തുതിച്ചുവെന്നല്ലാതെ, മലയാളത്തിലെ ഒരു

കവിവിവരപ്പട്ടിക തന്റെ കാവ്യത്തിൽ ചേർക്കാമെന്ന് അദ്ദേഹത്തിന് ഉദ്ദേശ്യമില്ലായിരുന്നു.

ഇവരെല്ലാവരും കൃഷ്ണഗാഥാകർത്താവ് ചന്ദ്രോത്സവകാരന്റെ കാലത്തിനു മുമ്പു ജീവിച്ചിരുന്നു എന്നു സിദ്ധവൽക്കരിച്ചുകൊണ്ടാണ് വാദിക്കുന്നതും. മറിച്ചു വന്നാലോ? അങ്ങനെ ആണെങ്കിൽ ചെറുശ്ശേരിയുടെ പേരു് ചന്ദ്രോത്സവത്തിൽ സ്മരിക്കാഞ്ഞതിനു സമാധാനം പറയേണ്ട ആവശ്യം നേരിടുകയുമില്ലല്ലോ. ചന്ദ്രോത്സവകർത്താവ് പുനത്തിന്റെ സമകാലികനോ പശ്ചാൽകാലികനോ ആയിരിക്കണമെന്ന് നിസ്സംശയം പറയാം. പുനത്തിന്റെ കാലം നിർണ്ണയിക്കാൻ മാർഗ്ഗമുണ്ട്. അദ്ദേഹം കോഴിക്കോട്ടു സാമൂതിരിയുടെ സദസ്സിൽ ഒരു അരക്കവിയായിരുന്നു എന്നാണല്ലോ ഐതിഹ്യം. അദ്ദേഹവും ഉദ്ദണ്ഡശാസ്ത്രികളും സമകാലികന്മാരായിരുന്നുവെന്നു സമ്മതിക്കാത്തവർ ഇപ്പോൾ ആരും ഇല്ലതാനും. ശാസ്ത്രികളുടെ അടുക്കൽ നിന്ന് പുനം,

"അധികേരളമഗ്ര്യഗിരഃ
കവയഃ കവയന്തു വയന്തു ന താൻ വിനുമഃ
പുളകോൽഗമകാരി വചഃ പ്രസരഃ
പുനമേവ പുനം പുരാസ്തുമഹേ"

എന്നൊരു സർട്ടിഫിക്കറ്റ് വാങ്ങീട്ടുള്ള കഥ പ്രസിദ്ധവുമാണല്ലോ. കൊല്ലം 600-നും 700-നും മദ്ധ്യേ ഒരു ശക്തൻ സാമൂതിരി ഉണ്ടായിരുന്നെന്നും, ഉദ്ദണ്ഡശാസ്ത്രി അദ്ദേഹത്തിന്റെ സദസ്യരിൽ ഒരാളായിരുന്നുവെന്നും മി. ഗോവിന്ദപ്പിള്ള സമ്മതിക്കുന്നുണ്ട്. എന്നാൽ പുനത്തിന്റെ കാലത്തും ഒരു ഉദ്ദണ്ഡനുണ്ടായിരുന്നെന്നുള്ള സംഗതി സുപ്രസിദ്ധമായതുകൊണ്ടാണ്, അദ്ദേഹത്തിന് രണ്ടു ഉദ്ദണ്ഡന്മാരെ കല്പിക്കേണ്ടതായി വന്നത്. പുനത്തിന്റെ കാലം ഒമ്പതാംശതകത്തിലായിരുന്നുവെന്നുള്ള അദ്ദേഹത്തിന്റെ ഊഹം തെറ്റാണെന്നും, അദ്ദേഹം ജീവിച്ചിരുന്നത് ഏഴാംശതകത്തിലായിരുന്നുവെന്നും വന്നാൽ, ഉദ്ദണ്ഡന്മാരെ രണ്ടാക്കേണ്ട ആവശ്യവും അതിനോടുകൂടി അസ്തമിക്കും. അതെങ്ങനെയും ഇരിക്കട്ടെ. ഉദ്ദണ്ഡനും, പുനവും, ചേന്നാസ്സു നമ്പൂരിപ്പാടും സഹജീവികളായിരുന്നുവെന്ന് അപ്പൻ തമ്പുരാൻരസികരഞ്ജിനി വഴിയ്ക്കു സമ്മതിച്ചിട്ടുമുണ്ടല്ലോ.

"പ്രക്രീഡൽ കാർത്തവീര്യാർജ്ജുനഭുജവിധുതോ-
ന്മുക്തസോമോത്ഭവാംഭ-
സ്സംഭാരാഭോഗഡംഭപ്രശമനപടുവാ-
ഗ്ഗുംഭഗംഭീരിമശ്രീഃ
തുണ്ഡീരക്ഷോണിദേശാത്തവ ഖലുവിഷയേ
ഹിണ്ഡതോദ്ദണ്ഡസൂരി-
സ്സോയം തേ വിക്രമക്ഷ്മാവര ന കിമുഗത-
ശ്ശ്രോത്രിയഃ ശ്രോത്രദേശം"

എന്ന ശ്ലോകം ശാസ്ത്രികളെ രാജാവിനോടു പരിചയപ്പെടുത്താനായി ചേന്നാസ്സ നമ്പൂരിപ്പാടു ചൊല്ലിയതാണ്. പയ്യൂർ പട്ടേരിമാരിൽ ഒരാളുടേതാണെന്നു വിശ്വസിച്ചു വരുന്ന ഗൃധ്രസന്ദേശത്തിലും ശാസ്ത്രികളെപ്പറ്റി ഒരു ശ്ലോകം കാണുന്നു.

"ഉദ്ദണ്ഡാഖ്യഃസുരഭികവിതാസാഗരേന്ദുഃ കവീന്ദ്രഃ
സ്തുണ്ഡീരക്ഷ്മാവലയതിലകസ്തത്ര ചേത്സന്നിധത്തേ
ശ്രാവ്യയാമുഷ്യാത്രിദശതടിനീവേഗവൈലക്ഷ്യദോഗ്ധ്രീ
വാഗ്ധാടീ സാ വിജിതദരസംഫുല്ലമല്ലീമധൂളീ"
"ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതിഭുവനതലേ
പ്രായേണ വൃത്തവിഹീനഃ
സൂര്യാലോകേ നിരസ്തഗോപ്രസരഃ"

എന്ന പദ്യം

"പലായദ്ധ്വം പലായദ്ധ്വം രേ രേ ദുഷ്കവികുഞ്ജരാഃ
വേദാന്തവനസഞ്ചാരീഹ്യായാത്യുദ്ദണ്ഡകേസരീ"

എന്നു ഗർജ്ജിച്ചുകൊണ്ടു പുറപ്പെട്ട ഉദ്ദണ്ഡകേസരിയുടേതായിരിക്കാനേ തരമുള്ളു. അതു് മി. ഗോവിന്ദപ്പിള്ളയും സമ്മതിക്കുന്നു. ആ സ്ഥിതിക്കു്, പുനത്തിന്റെ 'പുനഃ പുനമേവപുനരാസ്തുമഹേ' എന്നു സ്തുതിച്ചതും അദ്ദേഹത്തിന്റെ താരിത്തന്വീത്യാദി പദ്യത്തിൽ കാണുന്ന 'ഹന്തഹിന്ത'യ്ക്കായി ഒരു പട്ടു സമ്മാനിച്ചതും ഈ ഉദ്ദണ്ഡനായിരിക്കാനല്ലേ സാംഗത്യം? മി. ഗോവിന്ദപ്പിള്ള പുനത്തിനെ ഒൻപതാംശതകത്തിലേക്കു് ഇഴുത്തുകൊണ്ടുപോയി മാനവേദചമ്പുവിന്റെ കർത്താവായ സാമൂതിരിയുടെ സദസ്യനാക്കിയതിനു മതിയായ കാരണമൊന്നും കാണുന്നില്ല. പുനം രാമായണാദി ചമ്പുക്കൾ നിർമ്മിച്ചതു് മാനവേദചമ്പു കണ്ടിട്ടായിരിക്കണമെന്നുള്ള അഭ്യൂഹമായിരിക്കാം അദ്ദേഹത്തിനെ വഴിതെറ്റിച്ചതു്. പുനം സാമൂതിരിപ്പാട്ടിലെ പതിനെട്ടരക്കവികളുടെ കൂട്ടത്തിൽ ഒരു അരക്കവിയേ ആയിരുന്നുള്ളു എന്നു് ഒരു ഐതിഹ്യം ഉള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. പയ്യൂർപ്പട്ടേരിമാർ ഒമ്പതു്, തിരുവേഗപ്പുഴ നമ്പൂരിമാർ അഞ്ചു്, മുല്ലപ്പിള്ളിപ്പട്ടേരി, ചേന്നാസ്സനമ്പൂരി, കാക്കശ്ശേരിപ്പട്ടേരി, ഉദ്ദണ്ഡശാസ്ത്രികൾ ഇങ്ങനെ പതിനെട്ടും അരക്കവിയായ പുനവും കൂടിയാണു് പതിനെട്ടരക്കവികൾ. അതുകൊണ്ടു് പുനത്തിനെ ഒൻപതാംശതകത്തിലെ ശക്തൻ തമ്പുരാന്റെ അടുക്കലേക്കു കൊണ്ടുപോയാൽ, മറ്റു കവികളും അദ്ദേഹത്തിനു മുമ്പേ തന്നെ അവിടെ എത്തേണ്ടിവരും. എന്നാൽ ചേന്നാസ്സനാരായണൻ നമ്പൂരിയുടെ കാലം നമുക്കു ഖണ്ഡിതമായി അറിവാൻ മാർഗ്ഗമുണ്ടു്. അദ്ദേഹത്തിന്റെ തന്ത്രസമുച്ചയത്തിൽ,

"കല്യബ്ദേഷ്വതിയൽസുനന്ദനയനേഷ്വംഭോദിസംഖ്യേഷ്വയഃ

സംഭൃതോ ഭൃഗുവീതഹവ്യമുനിയുങ്മൂലേ സ വേദാന്വയഃ
പ്രാഹൂര്യസ്യ ജയന്തമംഗലപദേദ്ധം ധാമ നാരായണഃ
സോയംതന്ത്രമിദംവ്യധാദ് ബഹുവിധാദുദ്ധ്യത്യതന്ത്രാർണ്ണവാത്"

എന്നൊരു പദ്യം ചേർത്തിട്ടുള്ളതിൽ നിന്നും അതിന്റെ നിർമ്മാണകാലം കലിവർഷം 4530-ന് കൊ. വ. 604 ആയിരുന്നെന്നു സിദ്ധിക്കുന്നു. അതുകൊണ്ട് പുനവും ഏതാണ്ട് അക്കാലത്തുതന്നെ ജീവിച്ചിരുന്നുവെന്നു വിചാരിക്കാം.

ചന്ദ്രോത്സവത്തിൽ സംസ്തുതമായ മറ്റൊരു നാമം ശങ്കരനാകുന്നു. ഈ ശങ്കരനെത്തന്നെയായിരിക്കണം

"ദൃഷ്ട്വാദേവം പരിസരജുഷാ ശംബരേ ബാലകൃഷ്ണം
ലോപാമുദ്രാസഖതിലകിതം ദിങ്മുഖം ഭൂഷയിഷ്യൻ
കോലാനേലാവന സുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ"

എന്ന് കോകിലസന്ദേശത്തിൽ, ഉദ്ദണ്ഡൻ സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ശങ്കരനും ഉദ്ദണ്ഡന്റെ സമകാലികനായിരുന്നുവെന്നു വരുന്നു.

"മധുമൊഴിപുനമെന്നാനൽകവീന്ദ്രേണസാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ
പകലിരവു വളർത്തിസ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരന്വിതാ രാഘവാദ്യൈഃ"
"മദയതി പുനമിന്നും ഭൂരിഭൂ ചക്രവാളം."

ഇത്യാദി ചന്ദ്രോത്സവശ്ലോകങ്ങളിൽ നിന്ന് അതിന്റെ നിർമ്മിതികാലത്ത് പുനം ജീവിച്ചിരുന്നു എന്ന് ഊഹിക്കാൻ വഴിയുമുണ്ട്. അതിലെ ഭാഷാരീതിക്ക്, പുനത്തിന്റെ കാലത്തുണ്ടായിട്ടുള്ള മണിപ്രവാളത്തോട് ഒരു സഗർഭ്യത കാണുന്നതും പ്രത്യേകം ആലോചിപ്പാനുള്ളതാകുന്നു. അതുകൊണ്ട് ചന്ദ്രോത്സവത്തിന്റെ കാലം ഏഴാം ശതകത്തിന്റെ ഉത്തരർദ്ധത്തിലായിരുന്നു എന്നു വന്നുകൂടുന്നു. എന്നാൽ ചെറുശ്ശേരിയുടെ കാലം കൊ. വ 650-നും 750-നും മദ്ധ്യേ ആയിരുന്നുവെന്നാണല്ലോ മി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിട്ടുള്ളത്. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ അഭിപ്രായം ഖണ്ഡിക്കുന്നതിന് ചന്ദ്രോത്സവത്തിൽ, ചെറുശ്ശേരിയെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല എന്ന യുക്തി പര്യാപ്തമാകുന്നില്ല.

"മദയതി പുനമിന്നും" എന്നതിലെ ഇന്നും എന്നതിന് അർത്ഥാന്തരം കല്പിച്ച്, ഇപ്പോഴും പുനത്തിന്റെ കവിതകൾ ജനങ്ങളെ മദിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നു വ്യാഖ്യാനിക്കുന്നതായാലും, ചന്ദ്രോത്സവകർത്താവു പറഞ്ഞിരിക്കുന്ന ശങ്കരൻ, ചെറുശ്ശേരി ആയിക്കൂടെന്നുണ്ടോ?

"ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ
കരകിസലയസംമൃശ്രമസ്വേദജാലം
അഹമഹമികയാവന്നർത്ഥശബ്ദപ്രവാഹം
ഭവതു വദനബിംബം പ്രീതയേ ശാങ്കരമ്മേ"
"ശ്രീശങ്കരേണ വിദുഷാ കവിസാർവഭൗമേ
നാനന്ദമന്ദഗതിനാ പുരതോഗതേന
ശ്രീമന്മുകുന്ദമുരളീ മധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനുവർണ്ണ്യമാനാ."

ഈ പദ്യങ്ങളിൽ രണ്ടാമത്തേത് 'ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ' എന്ന വാക്കുകൾ വഴിയായി കൃഷ്ണപ്പാട്ടിനെ അഭിവ്യഞ്ജിപ്പിക്കുന്നതായും, വേണമെങ്കിൽ വിചാരിക്കാവുന്നതാണല്ലോ. [8]

പുനം നമ്പൂരി 'ആളുന്തി രാഗ'മെന്നതു കേട്ടു വിശ്വസിക്കത്തക്കവണ്ണം മൂഢയായ ഒരു സ്ത്രീക്കു കൂടി മനസ്സിലാകുന്നതിനുവേണ്ടി തന്റെ ഭാഷാരീതി ഒന്നു മാറ്റിക്കളഞ്ഞതു നിമിത്തമായിരിക്കണം, ചെറുശ്ശേരിയിലേയും രാമായണചമ്പുവിലേയും ഭാഷയ്ക്കു വ്യത്യാസം കാണുന്നതെന്നുള്ള അഭിപ്രായം വിചാരസഹമേ അല്ല. കൃഷ്ണപ്പാട്ട് വെറും പാമരജനങ്ങൾക്കു വേണ്ടി രചിച്ചിട്ടുള്ളതാണെങ്കിൽ, പ്രൗഢന്മാർക്കു വായിക്കാനുള്ള കവിതയുടെ സ്വരൂപം എന്തായിരിക്കുമെന്ന് ഒന്നറിഞ്ഞാൽ കൊള്ളാം. കൃഷ്ണഗാഥ ഒരു പ്രൗഢകാവ്യമാണെന്നാണ് ഈയുള്ളവർക്കു തോന്നുന്നത്.

ഏതൽകാരണങ്ങളാൽ, പ്രസ്തുത ഗ്രന്ഥം, ഒരു ചെറുശ്ശേരി നമ്പൂരിയുടേയാണെന്നും അദ്ദേഹം ജീവിച്ചിരുന്നത് 650-നും 750-നും മദ്ധ്യേ ആയിരുന്നെന്നും മി. ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ളത് 'തീരെ അബദ്ധമാണെന്ന് പറവാനുള്ള കാലം ആയിട്ടില്ല.'

കൃഷ്ണഗാഥാകർത്താവ് കോലത്തുനാട്ടു രാജാവിന്റെ ആശ്രിതനായിരുന്നെന്ന്,

"ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണഃ
കൃതയാം കൃഷ്ണഗാഥായാം"

ഇത്യാദി കവിവാക്കുകളിൽ നിന്നു ഗ്രഹിക്കാം.

## 12 കഥാവസ്തു

കൃഷ്ണഗാഥയിലെ കഥാവസ്തു ഭാഗവതം ദശമസ്കന്ധത്തിലെ കഥയാകുന്നു. എന്നാൽ ചെറുശ്ശേരിക്കും ഭാഗവതത്തിനും കഥാവിഷയത്തിൽ മാത്രമേ സാദൃശ്യമുള്ളു. ചില

[8] ഈ ശങ്കരകവി ആരായിരുന്നുവെന്ന് അന്യത്ര തെളിയിച്ചിട്ടുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ട് അത് ചെറുശ്ശേരി നമ്പൂരിയാണെന്ന് വായനക്കാർ തെറ്റിദ്ധരിച്ചുപോകരുത്.

സ്ഥലങ്ങളിൽ കവി ഭാഗവതപദ്യങ്ങളെ, നേരെ തർജ്ജമ ചെയ്തും മറ്റു ചിലേടങ്ങളിൽ, ഭാഗവതാശയങ്ങളെ, മനോധർമ്മംകൊണ്ടു പുതുക്കി മോടി പിടിപ്പിച്ചും ചേർത്തിട്ടുണ്ടെന്നു വരികിലും, കൃഷ്ണപ്പാട്ട് സർവതന്ത്രസ്വതന്ത്രമായ ഒരു പ്രൗഢകൃതി തന്നെയാണ്. പുരാണത്തിലും കാവ്യത്തിലും തമ്മിലുള്ള അന്തരം ഭാഗവതത്തിനും കൃഷ്ണഗാഥയ്ക്കും തമ്മിലുണ്ട്. കവി പരമഭക്തനായിരുന്നുവെന്നുള്ളതിന്, ശ്രോതാക്കളെ രോമാഞ്ചകഞ്ചുകിതരാക്കിത്തീർക്കത്തക്കവണ്ണം കവിഹൃദയത്തിൽനിന്നു നേരെ പുറപ്പെട്ടിട്ടുള്ള ഒട്ടു വളരെ സ്തുതികൾ ഉത്തമലക്ഷ്യങ്ങളാകുന്നു.

“സംസാരമോക്ഷത്തിൻകാരണമായതു
വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ
എന്നതുതന്നെ വരുത്തി നിന്നീടുവാ-
നിന്നിതുതന്നെ ഞാൻ നിർമ്മിക്കുന്നു”

എന്ന് നമ്പൂരി ഗ്രന്ഥാരംഭത്തിൽ തന്നേ തന്റെ കാവ്യോദ്ദേശത്തെ വെളിപ്പെടുത്തീട്ടുണ്ട്. എല്ലാ രസങ്ങളേയും അദ്ദേഹം അന്യൂനമായ വിധത്തിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, ശൃംഗാരത്തിലും ഹാസ്യത്തിലും ആണ് അതിശയിക്കുന്നത്. അനവസരത്തിൽപോലും ശൃംഗാരത്തേയും ഹാസ്യത്തേയും കവി പ്രയോഗിച്ചുകാണുന്നു. ഒന്നു രണ്ടു ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം.

“വൻകുന്നു ചൂടീട്ടു വന്മഴ പെയ്യുമ്പോൾ
തൻകുലം കാക്കുന്ന തമ്പുരാനെ
നിൻകനിവേകി നിന്നെങ്കൽ നീയെന്നുമേ
സങ്കടം പോക്കുവാൻ കുമ്പിടുന്നേൻ”
“കുന്നു ചുമക്കേണമെന്നങ്ങു ചിന്തിച്ചോ
വെണ്ണ ചുമന്നിട്ടു ശീലിച്ചു നീ?
വെണ്ണയെന്നോർത്തു നീ കുന്നിനെത്തന്നെയു-
മുണ്ണുവാൻ വായിലങ്ങാക്കൊല്ലാ തേ”

ഈ മാതിരി സന്ദർഭങ്ങളിൽ മറ്റു കവികൾ ഹാസ്യത്തിനിടം കൊടുക്കുമോ എന്നു സന്നിദ്ധമാണ്.

നമ്പൂരിഫലിതമെന്നു പ്രസിദ്ധമാണല്ലോ. നമ്മുടെ കവിയും ഈ വിഷയത്തിൽ അദ്വിതീയനായിരുന്നു. ശ്രീകൃഷ്ണൻ സത്രാജിത്തിന്റെ രത്നം അപഹരിച്ചു എന്ന കേൾവി പരന്നപ്പോൾ, ആളുകൾ ഓരോന്നു പറഞ്ഞുതുടങ്ങി. അതുകൊണ്ടും തൃപ്തിപ്പെടാതെ, ശ്രീകൃഷ്ണൻ എഴുന്നള്ളുന്ന അവസരത്തിൽ, അവർ ആ ഘോഷയാത്ര നോക്കിക്കൊണ്ടിരുന്ന കുട്ടികളോട് ‘ചാരത്തു ചെല്ലൊല്ലാ’ എന്ന് ഉപദേശിച്ചതനുസരിച്ച് ആ ബാലന്മാർ ഓടിത്തുടങ്ങിയത്രേ.

രുഗ്മിണിയുടെ രൂപലാവണ്യം കണ്ട് മയ്ക്കണ്ണിമാരെല്ലാരും ‘ആണുങ്ങളായാവൂനാം’ എന്ന് ആശിച്ചുപോലും. ശ്രീകൃഷ്ണനിൽ ലീനമായിരുന്ന അവളുടെ ചിത്തത്തെ

അവിടെനിന്നു വിനിർത്തിപ്പിച്ച് ചൈദ്യനിലാക്കാനായി രുക്മിയാൽ നിയുക്തരായ നാരിമാർ,

“ചൈദ്യനിലങ്ങവൾ മാനസം പൂകിപ്പാൻ
വൈദ്യം തുടങ്ങിനാർ വാക്കുകൊണ്ടേ
കീഴിപ്പെട്ടു ചാടുന്ന വൻനദീവെള്ളത്തേ
മേല്പോട്ടു പോക്കുവാനെന്നപോലെ”

കാർവർണ്ണനെപ്പറ്റി ചിന്തിച്ചു ചിന്തിച്ച് രുഗ്മിണിയുടെ ദേഹം നന്നേ ക്ഷീണിച്ചുവശായി. തോഴിമാർ ഖിന്നത പൂണ്ട് അവളുടെ ഹൃദയം ഏതു ധന്യനിലാണു പതിഞ്ഞിരിക്കുന്നതെന്നു ചോദിച്ചപ്പോൾ, അവൾ,

“ഈശ്വരന്തന്നെയൊഴിഞ്ഞു മന്മാനസ-
മാശ്രയിച്ചില്ല മറ്റാരെയുംതാൻ
രാപ്പകലുള്ളോരു പാഴ്പനികൊണ്ടു ഞാൻ
വായ്പുകുറഞ്ഞു മെലിഞ്ഞതിപ്പോൾ”

എന്നു പറഞ്ഞ് ഒഴിവിൽ നോക്കി. അതേ സമയത്ത് പഞ്ജരസ്ഥമായ കിളി,

“ദൈവമേ നിങ്കഴൽ കൈതൊഴുതീടുന്നേൻ
കൈവെടിഞ്ഞീടൊല്ലായെന്നെയെന്നും
ദേവകീനന്ദനന്തന്നുടെ മെയ്യോടു
കേവലം ചേർക്കേണമെന്നെ നീയും”

എന്നു പാട്ടുതുടങ്ങി. അതുകേട്ട്, തോഴിമാർ

“കേളാതതെല്ലാമെ ചൊല്ലിത്തുടങ്ങീതേ
മേളത്തി നമ്മുടെ ശാരികതാൻ
ശാരികപ്പൈതല്ക്കു കാർവർണ്ണൻതന്നിലേ
മാരമാലുണ്ടായീതെന്നേ വേണ്ടു.”

എന്നിങ്ങനെ ഉപഹസിച്ചപ്പോൾ,രുഗ്മിണി ആ ശാരികയെ കോപത്തോടുകൂടി ഒന്നു നോക്കിയത്രേ. അത് വീണ്ടും ഇങ്ങനെ പാടിത്തുടങ്ങി:–

“കാണുന്നോർ കണ്ണിനു പീയൂഷമായോരു
കാർവർണ്ണൻതന്നുടെ മേനി തന്നെ
കൺകൊണ്ടു കണ്ടു ഞാനെന്നപോലെന്നുടേ
സങ്കടം പോക്കുന്ന തമ്പുരാനെ”

തോഴിമാർ, ഇതുകേട്ട് ശാരികയെ ശാസിക്കുന്ന മട്ടിൽ രുഗ്മിണിയെ ഇങ്ങനെ ഉപഹസിച്ചു:–

“പാഴമപൂണ്ടൊരു ശാരികപ്പൈതലേ
പാരാതെ പോകണം ദൂരത്തിപ്പോൾ
എങ്ങാനും പോകുന്ന കാർവർണ്ണൻതന്നെക്കൊ-
ണ്ടിങ്ങനെ ചൊല്ലുവാനെന്തു ഞായം?
ഇല്ലാത്തതിങ്ങനെ ചൊല്ലിത്തുടങ്ങിയാ-
ലുള്ളതെന്നങ്ങനെ തോന്നുമല്ലോ’

കാർവർണ്ണശബ്ദം കേട്ട മാത്രയിൽ രുഗ്മിണിയുടെ ഭാവം ഒന്നു മാറി; അവളുടെ ശരീരം കണ്ടകിതമായി. തോഴിമാരുണ്ടോ വെറുതേ വിടുന്നു?

“പാഴ്പനി കൊണ്ടല്ലീ കോൾമയിർക്കൊള്ളുന്നു
വായ്പ്പെഴുന്നീടുമീ മെയ്യിലിപ്പോൾ?
രോമങ്ങൾ തന്നോടു കോപിക്കവേണ്ടാതൊ
ശാരികപ്പൈതലോടെന്നപോലെ’

ഇവിടെയൊക്കെ ഊറിവരുന്ന പരിഹാസരസം അത്യന്തം ആസ്വാദ്യമായിരിക്കുന്നു.

കുചേലൻ ദ്വാരകാമന്ദിരത്തിന്റെ വാതുക്കൽ എത്തിയപ്പോൾ, തത്രസ്ഥന്മാർ ‘പണ്ടെങ്ങും കാണാതെയുള്ളോനെ’ കണ്ടിട്ട്, അദ്ദേഹത്തിന്റെ സമീപത്തുകൂടി ഓരോന്നു പറഞ്ഞുപോലും.

“അസ്ഥികൾകൊണ്ടു ചമച്ചതിനുമലമെ-
ന്തബ്ജജൻ പണ്ടിവൻ രസത്തിനെക്കാട്ടുവാ-
നാബദ്ധലീലനായല്ലയല്ലീ?
പേശലമായൊരു കാശത്തോടേശീട്ട്
പേശുവാൻ പോരുമീക്കേശമിപ്പോൾ.
പാങ്കുഴിയെന്നോർത്തോ നേത്രങ്ങൾ നിർമ്മിച്ച
യോഗ്യതപോരുമതിന്നു പാർത്താൽ.
പാതാളലോകത്തിലൊന്നിങ്ങു പോന്നിവൻ
നാഭിതന്മീതേ പോയ്നിന്നിതോ ചൊൽ.
വിശ്വത്തിനായൊരു നൽത്തുണ നിർമ്മിച്ചേ
വിശ്വസിച്ചീടാവൂ വീഴായിവ”

കാമത്തിനു കണ്ണില്ലെന്നു ഒരു പഴഞ്ചൊല്ലുണ്ടല്ലോ. കാമുകന്മാർക്കു തങ്ങളുടെ പ്രേമത്തിനു വിഷയമായിരിക്കുന്ന നായികമാരിൽ യാതൊരു ന്യൂനതയും കാൺമാൻ സാധിക്കയില്ല; നേരേമറിച്ച് കാമ്യങ്ങളായ സർവവും അവരിൽ ഉണ്ടെന്നേ തോന്നൂ. നമ്മുടെ കവി, രുഗ്മിണീപാണിഗ്രഹണേച്ഛയോടു കൂടി വന്ന രാജാക്കന്മാരുടെ ഈ മനോഭാവത്തെ എങ്ങനെ ഹസിച്ചിരിക്കുന്നു എന്നു നോക്കുക.

"രാശികൾകൊണ്ടു തിരിഞ്ഞു ചമച്ചോന്നി-
പ്പേശലമേനി താനെന്നു തോന്നും.
ചാപമായുള്ളതിച്ചില്ലികൾ രണ്ടുമോ
ലോചനമായതോ മീനമല്ലോ
കൊങ്കകൾ രണ്ടുമേ കുംഭമെന്നിങ്ങനെ
ശങ്കയെക്കൈവിട്ടു ചൊല്ലാമല്ലോ.
മന്നവന്തന്നുടെ ബാലികയാമിവൾ
കന്നിയായല്ലോ താൻ പണ്ടേയുള്ളു.
സമ്മോദം പൂണ്ടു മിഥുനത്വം തന്നെയും
ചെമ്മു കലർന്നു ലഭിക്കുമിപ്പോൾ."

ഇങ്ങനെ അവർ രുഗ്മിണിയുടെ ശരീരത്തെ ദ്വാദശരാശിമയമായി കണ്ടുവത്രേ. എന്നാൽ അത്രമാത്രംകൊണ്ട് അവസാനിച്ചോ? പാവനങ്ങളായ സകല ദേശങ്ങളും തീർത്ഥങ്ങളും അവളുടെ ദേഹത്തിൽ സ്ഥിതിചെയ്യുന്നതായിട്ടാണ് അവർക്കു തോന്നിയതു്.

"ഹാരമായുള്ളൊരു ഗംഗയുമുണ്ടല്ലോ
രോമാളിയായൊരു കാളിന്ദിയും
മാലോകരുള്ളത്തിലാനന്ദംനൽകുന്ന
ബാലപ്പോർകൊങ്ക നൽകുംഭകോണം
കാഞ്ചനം വെല്ലുമാക്കാമിനിമേനിയിൽ
കാഞ്ചിയും കണ്ടാലും കാന്തിയോടെ"

രസചക്രവർത്തിയായ ശൃംഗാരത്തിന്റെ വിവിധഭാവങ്ങളെ ഇത്ര സരസമായി പ്രതിപാദിച്ചിട്ടുള്ള മറ്റൊരു കവി മലയാളനാട്ടിൽ ഇതേവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

"കാലമോ പോകുന്നു യൗവനമങ്ങനെ
മാളെയുമില്ലെന്നതോർക്കേണമേ
മറ്റുള്ളതെല്ലാമെ വെച്ചുകളഞ്ഞിപ്പോൾ
ചുറ്റത്തിൽ ചേർന്നു കളിയ്ക്കണം നാം"

എന്നു പറഞ്ഞുംകൊണ്ടു് ഗോപികമാരെല്ലാം ചേർന്ന് ശ്രീകൃഷ്ണനുമായി കളിയാടിക്കൊണ്ടിരിക്കെ,

"വൃന്ദാവനംതന്റെ വെണ്മയെക്കാണ്മാനായ് മന്ദമായെങ്ങുംനടന്നാരപ്പോൾ
മുല്ലതുടങ്ങിനവല്ലരിജാലത്തെ മെല്ലവേചേർത്തുതന്മെയ്യിലെങ്ങും
ശാഖികളാകിനപാണികളെക്കൊണ്ടു ചാലേപ്പിടിച്ചുതഴുകുന്നേരം
മെയ്യിലെഴുന്നവിയർപ്പുകളെപ്പോലെ പയ്യവേ തേൻതുള്ളിതൂകിത്തൂകി,

ചാരുക്കളായങ്ങുചാലെനിരന്നുള്ള ദാരുക്കളോരോന്നോ കണ്ടുകണ്ട്
പൂമണംതങ്ങിന തെന്നൽക്കിടാവിനെത്തുമകലർന്നുള്ളിൽ കൊണ്ടുകൊണ്ട്,
കോകപ്പിടകളും കേകിനിരകളും കൂകുന്നതെങ്ങുമേ കേട്ടുകേട്ട്,
വണ്ടിണ്ടതങ്ങളിൽക്കൂടിക്കലർന്നുടൻ മണ്ടുന്നതെങ്ങുമേ നോക്കിനോക്കി,
കൂകുന്ന കോകിലം തന്നോടു നേരിട്ടു ഗീതികൾ നീതിയിൽ പാടിപ്പാടി,
തേനുറ്റപൂവുകൾമെല്ലെപ്പറിച്ചുടൻ മാനിച്ചു വേണിയിൽ ചൂടിച്ചൂടി,
നെഞ്ചിൽനിറഞ്ഞൊരുകൌതുകംതന്നാലെ പുഞ്ചിരിസന്തതം തൂകിത്തൂകി,
അന്നത്തിൻപേടയ്ക്കു മെല്ലെനടത്തംകൊണ്ടല്ലലേയുള്ളത്തിൽ നല്കിനല്കി,
മാരന്തൻവങ്കണമാറിൽതറച്ചങ്ങു പാരന്നൊന്നുള്ളത്തിൽ വീർത്തുവീർത്തു,
മത്തേഭസസ്തകമൊത്തമുലകനത്തത്തൽമുഴുത്തുള്ളിൽ ചീർത്തുവീർത്ത്,
മാധവൻതന്നുടെ മാറുതൻകൊങ്കയിൽമാനിച്ചുനിന്നുടൻ ചേർത്തുചീർത്ത്
കുന്തളംകൊണ്ടുതൽക്കൂട്ടരെനേർത്തിട്ടുമണ്ടിവരുന്നൊരു വണ്ടിനത്തെ
ലീലയ്ക്കുതങ്കൈയ്യാൽ ചേർത്തൊരു താമരപ്പൂവുകൊണ്ടങ്ങുടൻപോക്കിപ്പോക്കി,
ഹാരമായുള്ളൊരുനിർത്സരവാരിതൻ പൂരമിയന്നുള്ള കൊങ്കകളെ
കുന്നെന്നു നണ്ണീട്ടു ചെന്നങ്ങു ചാരത്തു നിന്നുടൻ നോക്കുന്നമാൻകുലംതാൻ
കൺമുനകൊണ്ടുതൻചങ്ങാതിയെന്നോർത്തു ചെമ്മെകളിച്ചുതുടങ്ങുംനേരം
ചേണുറ്റപൈമ്പുല്ലുചാലപ്പറിച്ചുതൻ പാണിതലംകൊണ്ടു നല്കിനല്കി,
കാർമുകിൽവർണ്ണനോടൊത്തങ്ങുകൂടിനാർ കാർവേണിമാരെല്ലാം
മെല്ലെമെല്ലെ"

ഇത്തരം പത്തുവരികൾ തികച്ച് എഴുതാൻ ശക്തിയുള്ള ഒരുവന് മഹാകവിപട്ടത്തിനു വിശേഷിച്ചു വേറെ യോഗ്യതകളൊന്നും ആവശ്യമില്ല. ഭക്തശിരോമണിയും മഹാകവിയുമായിരുന്ന രാമപ്രസാദൻ വംഗഭാഷയിലും കൃഷ്ണമയജീവിതത്തിൽ രാധികാദേവിയെപ്പോലും അതിശയിച്ചിരുന്ന പരമസുകൃതിനിയായ മീരാബായി വ്രജഭാഷയിലും ഒട്ടു വളരെ ഗോപികാഗാനങ്ങൾ രചിച്ചിട്ടുണ്ട്. ആനന്ദാശ്രുക്കൾ പൊഴിക്കാതേയും രോമാഞ്ചകഞ്ചുകം ധരിക്കാതേയും അവയിലൊന്നെങ്കിലും വായിക്കുന്നതിന് ഹൃദയമുള്ളവർക്കാർക്കും സാധിക്കയില്ല. നമ്മുടെ ഭാഷയിൽ അവരോടു കിടയായി വല്ലതും ഒരു ഗാനമുണ്ടെങ്കിൽ കൃഷ്ണഗാഥയിലെ ഗോപികാദുഃഖകഥനമാണ്.

'പെണ്ണുങ്ങളുള്ളിലേ മാനമടക്കാനാ'യി കണ്ണൻ, 'നീളയായുള്ളൊരു നാരിയെ കൈക്കൊണ്ടു' ആ കാട്ടുതോറും നീളെ നടക്കുന്നു. 'കൊണ്ടൽനേർവർണ്ണൻ മറഞ്ഞതു കണ്ടപ്പോൾ വല്ലവിമാരെല്ലാം ഒട്ടുനേരം; തങ്ങളിൽ നോക്കീട്ടു വല്ലാതെ' നിന്നു പോകുന്നു.

"കണ്ണനായുള്ളൊരുനൽവിളക്കങ്ങനെ തിണ്ണംമറഞ്ഞങ്ങുപോയനേരം
ദുഃഖമായുള്ളൊരിരുട്ടുവന്നുള്ളത്തിൽ ഒക്കവെയങ്ങുപരന്നുതായി
പ്രേമമീയന്നൊരു കോപവുമുള്ളിലക്കാമിനിമാർക്കു നുറുങ്ങുണ്ടായി"

എന്നാൽ 'ചാരത്തുനിന്നൊരു കാർമുകിൽവർണ്ണനെ വാർത്തുമെങ്ങുമേ' കാണാതാ

യപ്പോൾ, അവരുടെ ധീരതയൊക്കെ നശിക്കുന്നു. അവർ കണ്ണുനീർ വാർത്തുകൊണ്ട് കാട്ടുതോറും അദ്ദേഹത്തിനെ തേടി നടക്കുന്നു. മാർഗ്ഗമദ്ധ്യേ കാണുന്ന വൃക്ഷങ്ങളോടും, വല്ലികളോടും, പൂക്കളോടും, ഭൃംഗങ്ങളോടും, പക്ഷികളോടും ഒക്കെ കണ്ണനെപ്പറ്റി ചോദിക്കുന്നു.

"കൈതേ! ഞാൻനിന്നോടുതെല്ലൊന്നുചോദിച്ചാൽകൈതവംകൈവിട്ടു
ചൊല്ലേണം നീ
എങ്ങളുവന്നുള്ളൊരോമനക്കാന്തനെ ഇങ്ങുവരുന്നതു കണ്ടില്ലല്ലീ?
കാർമുകിൽപോലെയുവന്ന നിറംതാവും കാർകുഴലൊട്ടുണ്ടുകെട്ടിച്ചെമ്മേ
കയ്യിൽകുഴലുണ്ട് കാലിൽചിലമ്പുണ്ട് മെയ്യിലമ്മാൺപുറ്റപൂൺപുമുണ്ടേ
മഞ്ഞൾനിറം തോഞ്ഞ കൂറയുടുത്തുണ്ട് മഞ്ജുളമായ മൊഴിയുമുണ്ടേ
നെറ്റിമേൽതാണകുറുനിരയുമുണ്ട് നേരില്ലയാതൊരു കാന്തിയുണ്ടേ
കുംകുമംകൊണ്ടു തൊടുകുറിയിട്ടുണ്ട് കങ്കണമുണ്ടു കരങ്ങളിലും
പെണ്ണുങ്ങൾനെഞ്ചകംതന്നെപ്പിളർക്കുന്ന പുഞ്ചിരിയുണ്ടുടൻ കൂടക്കൂടെ
ഉള്ളിലിണങ്ങിനേൻ എന്നങ്ങുനോക്കുന്ന കള്ളനെക്കണ്ടയ്യോമെല്ലെമെല്ലെ
കണ്ടതില്ലെങ്കിലും കണ്ടതില്ലെന്നതും മിണ്ടൊല്ല ഞങ്ങളോടിങ്ങനെ നീ
ഇണ്ടൽപൂണ്ടെങ്ങൾക്കു നെഞ്ചിൽവരുന്നല്ലൽ കണ്ടാൽനിനക്കു
പൊറുക്കരുതെ"
"കേകികളേ! നിങ്ങൾ ഞങ്ങളുവന്നൊരുകേശവൻതന്നെയിന്നുണ്ടോകണ്ടു?
പീലികൾ കോല്യമായ് ചാലക്കളിച്ചവൻബാലകന്മാരുമായ് വന്നില്ലല്ലീ?
എങ്ങാനുമിങ്ങനെ കണ്ടാകിലിന്നിങ്ങൾഎങ്ങളോടമ്പൊടുചൊല്ലേണമേ
ഇണ്ടൽപൂണ്ടെങ്ങൾക്കു തെണ്ടിച്ചുകൊണ്ടെങ്ങും തെണ്ടിനടന്നതോ കണ്ടതല്ലോ
ഗോകുലനായകൻ പോകുന്നിതിന്നെങ്ങും കോകങ്ങളേ! നിങ്ങൾ കണ്ടില്ലല്ലീ?
ഖദിച്ചുപോയുടൻ നീളെ നടന്നെങ്ങും ചോദിച്ചിതെങ്ങുമേ കണ്ടതില്ല
കോഴപൂണ്ടിങ്ങനെ കേഴുന്നതെന്തിനു കേവലം കണ്ടില്ലയെന്നേ വേണ്ടൂ."

ഇതിനിടെ ശ്രീകൃഷ്ണനുമായി രമിച്ചുകൊണ്ടിരുന്ന നീളയും,

"മറ്റുള്ളനാരിമാരെല്ലാരിലുംവച്ചു മുറ്റുമിവനെന്നേ വേണ്ടീതിപ്പോൾ
നാരിമാരായൊരു വാരിധിതോയത്തെ നേരെകടഞ്ഞു കടഞ്ഞുചെമ്മേ
നൂനമെടുത്തൊരു പീയൂഷമായിതേ ഞാനിന്നവനിപ്പോഴെന്നുവന്നു"

എന്നിങ്ങനെ ഗർവിതയായ് ചമയുന്നു.

"കല്ലിൽനടന്നിട്ടു കാലെല്ലാംനോകുന്നു മെല്ലെനീയെന്നെയെടുക്കവേണം
വേഗത്തിലിങ്ങനെ നീളനടപ്പതിനാകുന്നതില്ലെന്നു തേറിനാലും
കൈലാസവാസിയും കാമിനിതന്നെത്തൻമൗലിയിലല്ലയോ വച്ചുകൊൾവൂ?"

എന്നായി അവളുടെ നില,

"എങ്കഴുത്തിങ്ങനെ നില്ക്കുന്നനിന്നുടെ
സങ്കടംപോക്കുവനല്ലയോ താൻ."

എന്നു പറഞ്ഞിട്ട് അദ്ദേഹം മെല്ലെക്കഴുത്തുയർത്തി നിലത്തു വണങ്ങിനില്ക്കവേ 'നീള താൻ മുന്നേതിലേറ്റം ഞെളിഞ്ഞാളപ്പോൾ.'

എന്നാൽ,

"ചേലയുടുത്തതു ചാലച്ചുരുക്കീട്ടു കാലുംകവച്ചങ്ങു നിന്നു മെല്ലെ
മേളമായന്നു കഴുത്തിൽ കരേറുവാൻ തോളങ്ങുതപ്പീട്ടുകാണാഞ്ഞപ്പോൾ
തിണ്ണംമറിഞ്ഞങ്ങു നോക്കുന്നനേരത്തു കണ്ണനേയെങ്ങുമേ കണ്ടതില്ല"

അപ്പോൾ നീളയും മറ്റുള്ള ഗോപികമാരെപ്പോലെ വിലപിച്ചുതുടങ്ങി. അവളുടെ വിലാപം അവരും കേൾക്കുന്നു. അവരെല്ലാവരും കൂടി,

"നിർമ്മലേ മേന്മലുള്ളൂർമ്മികളിൽപ്പാഞ്ഞു
നേർമ്മയിൽ വന്നൊരു തെന്നലേറ്റ്"

തള്ളിയെഴുന്നൊരു ചൂടങ്ങു പോക്കാമെന്നു വിചാരിച്ച് കാളിന്ദീതീരത്തിലേയ്ക്കു പോകുന്നു. നദീതീരത്തുള്ള പൂങ്കാവിൽ,

"മുല്ല തുടങ്ങിന വല്ലികളെക്കൊണ്ടു
നല്ലൊരു പന്തലായ് നിന്നുമീതെ
ഉല്ലസിച്ചുള്ളൊരു ഭൂതലം തന്നിലേ"

ചെന്ന് വട്ടത്തിലിരുന്നിട്ട് വട്ടക്കണ്ണിട്ടു തുടങ്ങുന്നു.

"സ്വാമിയിമ്മാതിരിപോരുതുടങ്ങുമ്പോൾ
നാമൊത്തുനില്ക്കണമെന്നപോലെ"

മന്ദസമീരണനാദിയായ് ചൊവ്വുള്ള വീരന്മാരെല്ലാം മാരദേവനോടൊന്നിച്ച് അവിടെ എത്തുന്നു.

"നീട്ടുറ്റചൂതങ്ങൾതോറുമിരുന്നുതൻ പേടകളോടു കലർന്നുചെമ്മേ
അഞ്ചിതമായൊരു പഞ്ചമരാഗത്തെ കൊഞ്ചിത്തുടങ്ങീതു കോകിലങ്ങൾ.
കൂകുന്നകേകികൾ കേകകളെക്കൊണ്ടു തുകിത്തുടങ്ങീതക്കാവിലെങ്ങും.
പാരാവതങ്ങൾതൻ പേടകളോടൊത്തു നേരെ കളിച്ചുതുടങ്ങീതപ്പോൾ
വട്ടംതിരിഞ്ഞു തിരിഞ്ഞുമയങ്ങീട്ടു പെട്ടെന്നുകാന്തതൻമുന്നിൽച്ചെന്നു
അഞ്ചിതമായൊരു ചഞ്ചുപുടംതന്നെയഞ്ചാതെമെല്ലവേ വായ്ക്കൊണ്ടുടൻ
ആനനംതാഴ്ത്തുമുയർത്തിയുമമ്പൊടു ദീനതകൈവിട്ടു കൂകിക്കൂകി,
ഏണങ്ങൾതങ്ങളിൽക്കൂടിക്കലർന്നുതൻപ്രാണങ്ങളാകിന കാന്തൻതന്നേ
കൊമ്പുകൊണ്ടമ്പിൽ കഴുത്തിലുരുമ്മീട്ടു ചുംബിച്ചുനിന്നുതുടങ്ങീതെങ്ങും.

വണ്ടിണ്ടതങ്ങളിൽ കൂടിക്കലർന്നുടൻ മണ്ടിനടന്നോരോ പൂവുതോറും
കാന്തനുംതാനുമായൊന്നൊത്തു നിന്നിട്ടു പൂന്തേൻനുകർന്നുതുടങ്ങീതെങ്ങും.
പക്ഷങ്ങളാലൊന്നു ചാലപ്പരത്തിത്തൻപക്ഷിയെ മെല്ലെത്തഴുകിനിന്നു.
നന്മധുവായ്ക്കൊണ്ടു മെല്ലവെ നിന്നവൻ നന്മുഖംതന്നിലേനൽകിനൽകി.
കാന്തൻകൊടുത്തതു താനും നുകർന്നിട്ടു കാന്തികലർന്നുകളിച്ചുപിന്നെ
മത്തങ്ങളായ്നിന്നു പാട്ടുതുടങ്ങീതെ ചിത്തമഴിഞ്ഞു കഴഞ്ഞുചെമ്മേ
കേതകിതന്നുടെ പൂമ്പൊടികൊണ്ടെങ്ങും മീതേവിതാനംചമച്ചുനിന്നു
നൂതനമായോരു വാരുവും വന്നപ്പോൾ വീതുതുടങ്ങീതെ മെല്ലെമെല്ലെ.
ഉൽക്കണ്ഠയാകിനോരിന്ധനംകൊണ്ടെങ്ങുംഒക്കെപ്പൊതിഞ്ഞുപുകഞ്ഞുചെമ്മേ
ഉള്ളിലിരുന്നൊരു മന്മഥപാവകൻ തള്ളിയെഴുന്നുതുടങ്ങീതപ്പോൾ–"

ഗോപിമാർക്കു ശ്രീകൃഷ്ണവിഷയകമായുണ്ടായിരുന്ന രതി, ഈ മാതിരി പരിതസ്ഥിതികളാൽ ഉദ്ദീപിതമായി ഭവിക്കവേ,

"കാർവർണ്ണൻതന്നുടെ കാന്തികലർന്നൊരു കാർകുഴൽതോന്നുന്നുതെന്നുള്ളിലെ
നാരികൾ മാനസമായി വിളങ്ങുന്നു വാരമംതന്നെത്തളപ്പതിനായ്
മംഗലവാസവനീലംകൊണ്ടുള്ളോരു ചങ്ങലതന്നെയായ് തോന്നുന്നുതേ
കാന്തയായുള്ളോരു കാളിന്ദിതന്നിലെ നീന്തുന്നവീചികൾ തോന്നുന്നുതേ."

ഇങ്ങനെ ഓരോരുത്തർ അദ്ദേഹത്തിനെ സ്മരിക്കയും ഗുണപ്രശംസ ചെയ്കയും ചെയ്യുന്നു. കാമദേവൻ ഇതുതന്നെ നല്ല തരം എന്നു കരുതി നാലു ശരങ്ങൾ വമ്പുകലർന്നു വലിച്ചുവിടാൻ ഭാവിച്ചപ്പോൾ, മഹാപാപീ! കൊല്ലല്ലേ എന്ന് ആ താർത്തേന്മൊഴികൾ വിലപിക്കുന്നു. ഹൃദയത്തിൽ കൂർത്തു മൂർത്ത ശരങ്ങൾ ഏറ്റ് അവർ മൂർച്ഛിക്കുന്നു. ഈ അവസരത്തിൽ കാനനദേവതകൾ ദീനത പൂണ്ട് വെളിച്ചപ്പെട്ട്,

"ഓടിയണഞ്ഞവർനീട്ടുറ്റമെയ്യിന്നിൽ കേട്ടുറ്റകൈകളെക്കൊണ്ടുചെമ്മേ
ചാലത്തണുത്തപനിനീരിൽ തോച്ചനീരോലത്തലോടിനാർ മെല്ലെമെല്ലെ
ചെന്തളിർതന്നെപ്പറിച്ചങ്ങു കൊണ്ടന്നു ചന്തത്തിൽനീളെവിരിച്ചതിന്മേൽ
അല്ലൽപിണഞ്ഞുള്ളവല്ലവിമാരെയും മെല്ലെന്നെടുത്തുകിടത്തിനന്നായ്
മാലേയംനല്ല കർപ്പൂരംതന്നെയും പ്രാലേയത്തോയത്തിലാക്കിച്ചെമ്മേ
മാഴ്കിത്തളർന്നമുഖങ്ങളിലെങ്ങുമേ മാനിച്ചുനിന്നു തളിച്ചാർ പിന്നെ.
മുത്തുകൾകൊണ്ടന്നുപുത്തൻമുലകൾതൻമദ്ധ്യത്തിലാക്കിനാരല്ലൽപോവാൻ
പുത്തൻമൂണാളങ്ങൾകൊണ്ടന്നമ്മാറിലെപൂരിച്ചുനിന്നാരെമെല്ലെമെല്ലെ
താമരതന്നിലകൊണ്ടന്നു മെല്ലവേ ശ്രമകലർന്നങ്ങു വീതുവീതേ"

'ആശ്വസിപ്പിൻ നിങ്ങൾ എന്നങ്ങു ചൊല്ലിനിന്ന്' ആശ്വസിപ്പിച്ചു തുടങ്ങുന്നു.

'ചന്ദനച്ചാറെല്ലാം മേനിയിലേല്ക്കവെ ചിന്തുന്ന ചൂടുകൊണ്ടു പൊരിഞ്ഞ്' ഗോപിമാർ ചോദിക്കുന്നു.

'തീക്കനൽകൊണ്ടെങ്ങൾ മേനിയിലെന്തിനി-

ന്യക്കുന്നു നിങ്ങളെന്നമ്മമാരേ?'

കാനനദേവതമാർ അതു കേട്ട് മനസ്സലിഞ്ഞ് സസ്മിതം ഇങ്ങനെ മറുപടി പറയുന്നു.

"മന്മഥന്തന്നുടെ ബാണങ്ങളേറ്റുണ്ട് തണ്മകളഞ്ഞൊരുനിങ്ങൾമെയ്യിൽ
ഇന്നവ വെന്തങ്ങു നീറായിപ്പോകണം എന്നതുകൊണ്ടെങ്ങൾ തീച്ചൊരി
ഞ്ഞു"

ഉന്മാദം പൂണ്ടിരുന്ന ആ ഗോപികമാർ, മന്മഥനെന്ന പേരു കേട്ടപ്പോഴെ അയാ ളെ വിളിച്ച്,

"നിന്നുടെ ബാണങ്ങൾ മുന്നമേയിങ്ങനെതന്നെയോയുള്ളു ചോൽതാർശരാ നീ?
എന്നിയേ ഞങ്ങളെക്കൊന്നുമുടിപ്പാനായിന്നിതുനിർമ്മിച്ചങ്ങുണ്ടാക്കയോ?
താരമ്പനെന്നതു ചൊല്ലുന്നതെല്ലാരും താരമ്പനല്ലൊട്ടും ക്രൂരമ്പൻ നീ
വജ്രങ്ങളല്ലനിൻബാണങ്ങൾ പൂവെങ്കിൽ നിശ്ചയമുണ്ടെങ്ങൾക്കൊന്നു ചൊല്ലാം
മുല്ലകൾ മല്ലികയെന്നുതുടങ്ങിന വല്ലികളൊന്നെന്റെ പൂവുമല്ലേ.
ഘോരങ്ങളായുള്ള ദാരുക്കളുണ്ടല്ലോ നേരേവിഷംതന്നേ തൂകിത്തൂകി
നൂനമിവറ്റിന്റെ പൂവുകൾ നിൻബാണം പ്രാണങ്ങൾപോക്കുവാൻ മറ്റൊന്നില്ലേ
പെൺപടയായുള്ള ഞങ്ങളോടെന്തിനിന്നൻപുവെടിഞ്ഞു കയർക്കുന്നുനീ?
വില്ലാളിമാരാരും പെൺകൊല ചെയ്‌വീലെന്നുള്ളതു നിന്നുള്ളിലില്ലയോതാൻ?"

എന്നു വിലപിക്കുന്നു. മുമ്പ് അത്യന്തം ഹൃദ്യമായി തോന്നിയിരുന്നവയെല്ലാം, ഈ വിരഹാവസ്ഥയിൽ അവർ മർമ്മഭേദകങ്ങളായിക്കാണുന്നു. നോക്കുക!

"മാകന്ദംതന്നുടെ തേനുണ്ടു മെല്ലവേ മാഴ്കാതേ കൂകുന്ന കോകിലമേ
കണ്ണനും ഞങ്ങളും കൂടിക്കലർന്നു പണ്ടുള്ളമിണങ്ങിക്കളിക്കുന്നേരം
പഞ്ചമരാഗത്തെപ്പാടുന്നനീയെന്തു നഞ്ചുനിറയ്ക്കുന്നുതെൻചെവിയിൽ?"

'തിങ്കളേ നോക്കുവിൻ കൺകളുർത്തീടുമേ കാണുംതോറും' എന്നു കാനനദേവത മാർ പറഞ്ഞപ്പോൾ,

"നട്ടുച്ചനേരത്തുപെട്ടോരുവെയ്‌ലേറ്റു ചുട്ടുപൊരിഞ്ഞങ്ങിരിക്കുന്നേരം
ചൂടുതളർത്തുവാൻ തീക്കുഴിതന്നിലേ ചാടിനാൽ ചൂടുതളർത്താമോ താൻ"

എന്നിങ്ങനെ ഗോപിമാർ ചന്ദ്രനെ ഭത്സിക്കയാണു ചെയ്യുന്നത്. എന്തിനേറെപ്പറ യുന്നു? അവരുടെ മദം ശമിച്ചു. അഭിലാഷാദി ഒൻപതവസ്ഥകളും കഴിഞ്ഞ് മരണം എന്ന പത്താമത്തെ ദശയിൽ അവർ എത്തിയിരിക്കുന്നു.

"ഇങ്ങനെനിന്നുടെ ലീലകളോർക്കുമ്പോൾ എങ്ങനെഞങ്ങൾ
പൊറുപ്പതിപ്പോൾ?
മേളമായന്തിക്കു കോലക്കുഴലൂതി കാലികൾപിന്നാലേ നീ വരുമ്പോൾ
മുട്ടേവരുന്നതുപാർക്കരുതാഞ്ഞിട്ടങ്ങോട്ടേടംവന്നല്ലോ ഞങ്ങൾ കണ്ടു.

ഇങ്ങനെ നിന്മുഖംകാണാതെയിന്നിപ്പോൾ എങ്ങൾ പൊറുക്കമെ-
    ന്നോർക്കവേണ്ട
വല്ലികൾ നല്ലവയുണ്ടിങ്ങു ചൂഴവും നല്ലമരങ്ങളുമുണ്ടരികേ
അല്ലലെ പോക്കുവാനാരാഞ്ഞുപോകേണ്ടതില്ലെങ്ങൾക്കെന്നതും
    തേറിനാലും
ആരെ നിനച്ചെങ്ങൾ ജീവിച്ചുകൊൾവതെന്നാരോമൽകാന്താ നീ
    കൈവെടിഞ്ഞാൽ
അച്ഛനമമ്മയും കൂടിപ്പിറന്നൊരുമിച്ഛയിൽ മേവീന കാന്തന്മാരും,
മെച്ചമേ ഞങ്ങളെക്കൈവെടിഞ്ഞു ഞങ്ങൾ ഇച്ഛയല്ലാതതുചെയ്കയാലെ
അച്ഛനായ് നിന്നതുമമ്മയായ് നിന്നതും നിശ്ചലനാകിനനീതാനത്രേ
നീയിന്നുഞങ്ങളെക്കൈവെടിഞ്ഞാകിലോ പോരെല്ലായെന്നുമിക്കാലമിപ്പോൾ"

ഇത്യാദി വിലാപം കേട്ടപ്പോൾ, കപടനാടകസൂത്രധാരനായ ശ്രീകൃഷ്ണൻ, അവരുടെ മുമ്പിൽ പെട്ടെന്ന് ആവിർഭവിച്ച് രാസക്രീഡയ്ക്ക് ഒരുങ്ങുന്നു. യോഗികൾക്കും ഭോഗികൾക്കും ഒരുപോലെ പരമനിർവൃതിയരുളുന്ന രാസക്രീഡയുടെ വർണ്ണനം അത്യന്തം രമണീയമായിട്ടുണ്ട്.

കാവ്യജീവിതം വ്യംഗ്യമാകുന്നു; പ്രധാന വ്യംഗ്യമോ രസസ്വരൂപവുമാണ്. നവരസങ്ങളിൽ വെച്ച് ഏറ്റവും പ്രധാനം ശൃംഗാരമാണെന്ന് ഏവരും സമ്മതിക്കും. "ശൃംഗാരമേവ രസനാദ്രസമാമനാമഃ" എന്നത്രേ പ്രാചീനപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. മറ്റൊരു രസവും ശൃംഗാരംപോലെ പണ്ഡിതപാമരസാധാരണമായിരിക്കുന്നില്ല. അതുകൊണ്ടത്രേ പൗരാണികന്മാർ ജീവാത്മാ പരമാത്മാക്കളുടെ പരസ്പരബന്ധത്തേ സമുദാഹരിക്കുന്നതിനായി ഗോപികാകൃഷ്ണസംബന്ധത്തെ ഭാഗവതത്തിൽ ഈ വിധം ശൃംഗാരമായി നിബന്ധിച്ചിരിക്കുന്നത്. ഗോപിമാർക്കു ശ്രീകൃഷ്ണനോടുള്ള ഭക്തിമധുരിമയേക്കാൾ മധുരമായിരിക്കുന്നതിനാൽ, അതിനെ മധുരഭക്തി എന്നു വ്യവഹരിച്ചുവരുന്നു. ശ്രീകൃഷ്ണന്റെ 'പതിനാറായിരവുമൊരെട്ടും' ഗോപിമാർ അനന്തകോടി ജീവാത്മാക്കളേയും, അദ്ദേഹത്തിന്റെ സർവലോകമനോഹരിയായ മുരളീഗാനം വിശ്വപ്രേമത്തേയും ഉപലക്ഷിക്കുന്നു. ശ്രീകൃഷ്ണശബ്ദം തന്നെ പരമാത്മവാചകമാകുന്നു. ഒരു ഹിന്ദുവിന്[9] ശ്രീകൃഷ്ണൻ, [10] രാധ, [11] വൃന്ദാവനം, [12] മുരളീ, [13] വ്രജം ഇത്യാദി ശബ്ദങ്ങളെപ്പോലെ മധുരമായി മറ്റൊന്നും ഇല്ല. ഇവയിൽ

---

[9] കൃഷിർഭൂവാചകശ്ശബ്ദ; ണ്ണസത്തായം; നം = സുഖം, ആനന്ദം.

[10] രാധ സാധനേ പ്രാപ്തൗതോഷേ പൂജായാം ച ഈശ്വരാർപ്പിതമായ ജീവിതം നയിക്കുന്ന പരമഭക്തന്മാരെല്ലാം രാധികന്മാരാണ്.

[11] വൃന്ദം യത്ര തപസ്തേപേ തത്തു വൃന്ദാവനം സ്മൃതം

"രാധാഷോഡസനാമ്നാം ച വൃന്ദാ നാമ ശ്രുതൗ ശ്രുതം
തസ്യാം ക്രീഡാവനം രമ്യം തേന വൃന്ദാവനം സ്മൃതം"

[12] മുരളി ഈശ്വരന്റെ വിശ്വപ്രേമത്തേ ഉപലക്ഷിക്കുന്നു.

[13] വ്രജഗമനേ; വ്രജം = സംസാരം, ജഗൽ.

ഓരോന്നും ലോകോത്തരമായ ഓരോ ആശയസാമ്രാജ്യത്തെ ഉദ്ഘാടനം ചെയ്തു കൊടുക്കുന്നു. രാധയും, വൃന്ദാവനവും, മുരളിയും, വ്രജവും അന്നത്തെപ്പോലെ ഇന്നും സർവോല്ക്കർഷേണ വർത്തിക്കുന്നു. ഈ കാവ്യത്തിൽ നാം എന്താണു കാണുന്നതു്? ഗോപികമാർ, തങ്ങളുടെ മാതാപിതാക്കന്മാരേയും, ഭർത്താക്കന്മാരേയും, പുത്രമിത്രാദികളെയും എന്നുവേണ്ട തങ്ങളുടേതെന്നു സാധാരണ ജനങ്ങൾ അഭിമാനിക്കാറുള്ള സർവത്തെയും ഉപേക്ഷിച്ചിട്ടു്, ശ്രീകൃഷ്ണന്റെ പ്രേമമാകുന്ന അത്ഭുതവശ്യമന്ത്രത്തിനു് അടിമപ്പെട്ടു്, അദ്ദേഹത്തിനെ പിന്തുടരുന്നു. ഈശ്വരന്റെ ദിവ്യപ്രേമസുധയെ ഒരു ചെറുതുള്ളിയെങ്കിലും ആസ്വദിക്കുന്നതിനു് സുകൃതപരിപാകംകൊണ്ടേ സാധിക്കു. ഗോപികമാരെപ്പോലെ ഈശ്വരപ്രേമസുധാലഹരി പിടിപെട്ടിരിക്കുന്ന ഭാഗ്യവാരാശികൾക്കുണ്ടോ താനെന്നും തന്റേതെന്നും ഉള്ള ഭേദബുദ്ധിയുണ്ടാകുന്നു? എന്നാൽ ഗോപിമാർക്കു് അല്പം അഹങ്കാരമുണ്ടായി. അതിന്റെ സ്ഫുരണം അവരുടെ ഹൃദയത്തിലുണ്ടായ മാത്രയിൽ ശ്രീകൃഷ്ണൻ മറഞ്ഞുകളഞ്ഞു. അഹംകാരം നിലനില്ക്കുന്നിടത്തോളം കാലം ഈശ്വരോപലബ്ധിയുണ്ടാകുന്നതല്ലെന്നുള്ള ഒരുത്തമപാഠം ഈ സംഭവത്തിൽനിന്നു് നാം പഠിക്കുന്നു. ഭഗവാനെപ്പിരിഞ്ഞു് ഒരു കാണിനേരം പോലും ഇരിക്കാൻ സാധിക്കാത്ത ഗോപിമാരുടെ ദുർമ്മദം ശമിക്കുന്നതിനു് അധികസമയം വേണ്ടിവന്നില്ല. അവർ അത്യന്തവിനീതഭാവത്തിൽ, വാ! വാ! എന്നു നിലവിളിച്ചുകൊണ്ടു് സർവത്ര നടക്കുന്നു; കണ്ണനെ കാണാത്തപക്ഷം ജീവത്യാഗം [14] ചെയ്യണമെന്നുപോലും അവർ തീർച്ചപ്പെടുത്തുന്നു. അപ്പോഴത്രേ,

“ഞാനങ്ങു ചെന്നു വെളിച്ചത്തു പൂകുന്ന” കാലം വന്നു എന്നു മനസ്സിലാക്കീട്ടു്, ഭഗവാൻ അവർക്കു പ്രത്യക്ഷപ്പെടുന്നതു്. എത്ര ഗോപികമാരുണ്ടായിരുന്നോ അത്രയും കൃഷ്ണന്മാരുമുണ്ടായി. ഇന്നും ഓരോ ഭക്തന്റേയും ഹൃദയത്തിൽ ഭഗവാൻ വേണുഗാനമാകുന്ന പ്രേമത്തിന്റെ വശ്യമന്ത്രം പ്രയോഗിച്ചുകൊണ്ടു് രമിക്കതന്നേ ചെയ്യുന്നു. രാസക്രീഡയുടെ രഹസ്യം ഗ്രഹിക്കാൻ ശക്തിയില്ലാത്ത ഉപരിപ്ലവബുദ്ധികളാണു് അതിനെ അധിക്ഷേപിക്കുന്നതു്. ഇതുപോലെ തന്നെ ഗോപികാവസ്ത്രഹരണകഥയും വിലയേറിയ ഒരു വേദാന്തരഹസ്യത്തെ പ്രതിപാദിക്കുന്നു. തൽക്കഥാശ്രവണമാത്രത്താൽ, ശ്രീരാമകൃഷ്ണപരമഹംസൻ സമാധിയിൽ മുഴുകിപ്പോകാറുണ്ടായിരുന്നതു് അതുകൊണ്ടത്രേ. ഭക്തന്മാർക്കു് ഈശ്വരപ്രാപ്തിക്കു പ്രതിബന്ധകമായി വർത്തിക്കുന്നതു് അഭിമാനമാകുന്നു. ആ അഭിമാനം വേരോടെ അറ്റുപോയാലേ ഈശ്വരലാഭം ഉണ്ടാവുകയുള്ളു എന്നത്രേ ഈ കഥ നമ്മേ പഠിപ്പിക്കുന്നതു്. ഇങ്ങനെ നോക്കിയാൽ പ്രസ്തുത ഗ്രന്ഥത്തിലെ ഓരോ കഥയും അർത്ഥബഹുലമാണെന്നു് വായന

[14] “500 years ago Aryavarta saw a new thepohany of Eternal love; five thousand years ago Sree Krishna played upon the flute. Along the ancient pathways of the East; he walked with love-filled eyes. He played upon the flute and the little girls attending to domestic duties in their homes moved on to listen to his lay. He played upon the flute and men came over thorns & stones to the mighty magic song of love. He played upon the flute and shepherds left their work to touch his blessed feet and enter into some apprehension of his call of love.” Prof. Vaswani.

ക്കാർക്കു കാണാവുന്നതാണ്. തങ്ങളുടെ ബുദ്ധിക്കു വിഷയമാകാത്തതെല്ലാം അബദ്ധമാണെന്നു പറയുന്ന സ്വഭാവം ജ്ഞാനാഭിവൃദ്ധിക്കു ബാധകമാകുന്നു.

ചെറുശ്ശേരിനമ്പൂരി എഴുത്തച്ഛനെപ്പോലെ തന്നെ ഒരു പരമഭാഗവതനായിരുന്നു. നിമ്നലിഖിതങ്ങളായ ഏതാനും വരികൾ അദ്ദേഹത്തിന്റെ ഭക്തിപാരവശ്യത്തിനും ഭാവനാശക്തിയ്ക്കും മൂർദ്ധാഭിഷിക്തോദാഹരണമായിരിക്കുന്നു.

“അത്രയുമല്ലയെന്നുൾത്താരിൽ ചേരുന്ന വൃത്രാരിലോകം ഞാൻ പൂകുന്നേരം
മാധവൻ തന്നുടെ ഗാഥയെ നിർമ്മിച്ച മാനുഷൻവന്നതായെന്നുചൊല്ലീ,
മാനിച്ചുനിന്നുള്ള മാമുനിമാരെല്ലാം ഗാനത്തെച്ചെയ്യിട്ടും കേൾക്കാകണം.
സ്വർഗ്ഗത്തിൽനിന്നു സുഖിച്ചങ്ങു നീളെ ഞാൻ നിർഗ്ഗമിച്ചീടുവാൻ കാലമായാൽ
തേടിവന്നീടുന്ന കൈടഭവൈരിതൻ കേടറ്റ ദൂതന്മാർ പിന്നാലേപോയ്
മൂലോകനായകൻ മേവിനിന്നീടുന്ന പാലാഴിതന്നിൽ ഞാൻ ചെല്ലുംനേരം
ഗാഥയെക്കൊണ്ടിവൻ പാതകം പൂണ്ടോരെപ്പൂതന്മാരാക്കി ഞാൻ നീതിയാലെ
നിർഗ്ഗതി പൂണ്ടുള്ള വൃക്ഷങ്ങൾക്കെല്ലാമെ സൽഗതി നൽകിനാൻ ഗാഥകൊണ്ടേ
ഭക്തന്മാരായുള്ളോരുത്തമന്മാരുടെ ചിത്തവും ചാലെക്കളിപ്പിച്ചുടൻ
മുക്തിയെത്തന്നെയും നൾകിനിന്നീടിനാൻ ഉത്തമഗാഥയെക്കൊണ്ടുതാനും
ചാരത്തുകൊള്ളണം പാരാതെയെന്നാലി ദ്വാരസ്ഥനാമവന്തന്നെയിപ്പോൾ
ദാസനായ്ക്കോൾകയും വേണമെന്നിങ്ങനെ ദൂതരായുള്ളവർ ചൊന്നതെല്ലാം
അമ്പിനോടങ്ങനെ കേട്ടുകേട്ടേഷ ഞാൻ തമ്പുരാൻമുമ്പിലും ചെന്നു പിന്നെ
വേലപ്പെൺ തന്നുടെ ബാലപ്പോർ കൊങ്കതൻ മാലേയച്ചാറ്റും മാറുള്ളോനെ
പാലിച്ചുകൊള്ളേണം പാരാതെയെന്നെ നീ നീലക്കാർവർണ്ണരെ കൈതൊഴുന്നേൻ
എന്നതുചൊല്ലി വണങ്ങിനിന്നീടുന്നോരെന്നുടെ മേനിയിലെങ്ങുമപ്പോൾ
കാർവർണ്ണൻ തന്നുടെ കണ്ണിൽ നിറഞ്ഞോരു കാരുണ്യവാരിയെത്തൂകുകയാൽ
കോൾമയിർക്കോണ്ടൊരു മേനിയുമായി ഞാനാമോദം മേളിച്ചു മേവുംനേരം
ദാസനെന്നുള്ളതോവന്നതായല്ലോനിൻഗാഥയെ നിർമ്മിക്കകൊണ്ടുതന്നെ
ഏതൊരു വേലയിലാക്കിനിന്നീടുന്നു നീതിയിലിന്നവൻതന്നെയിപ്പോൾ?
ദൂതന്മാരിങ്ങനെ ചോദിച്ചനേരത്തപ്പാതകവൈരിയായുള്ളവൻതാൻ
മെല്ലവെയെന്മുഖം നോക്കിനിന്നന്നേരം ചില്ലിതൻതല്ലാലെ കൊല്ലുകയാൽ
പ്രാഞ്ജലിയായ ഞാൻ പാഞ്ഞുചെന്നന്നേരം തോഞ്ഞുനിന്നീടുന്ന മോദത്താലെ
പാതകം വേരറ്റ പാണിയെക്കൊണ്ടവൻ പാദങ്ങൾമെല്ലെന്നെടുത്തുപിന്നെ
നോറ്റുനിന്നീടുമെന്മാറത്തു ചേർത്തുനിന്നേറ്റം തെളിഞ്ഞു പുണർന്നുമേന്മേൽ
വാരിജസംഭവൻ വാമനൻപാദത്തെ വാരിയെക്കൊണ്ടു പണ്ടെന്നപോലെ.
ആനന്ദലോചനവാരിതൻപൂരംകൊണ്ടാദരവോടു കളിപ്പിച്ചപ്പോൾ
ദുസ്സംഗംവേരിട്ടു സൽസംഗിയാകുമെന്നുത്സംഗം തന്നിലേ ചേർത്തു പിന്നെ
എമ്മനംതന്നിൽ പണ്ടുന്മാഷിച്ചുള്ളവ ഉണ്ടായൊയെന്നതു നിർണ്ണയിപ്പാൻ
ഗാഥയിൽചൊന്നുള്ള രേഖകളോരോന്നേ ബാധയെക്കൈവിട്ടു നോക്കിനോക്കി
മെല്ലെ മെല്ലെന്നു തലോടിനിന്നന്നേരം പല്ലവം വെല്ലുമപ്പാദങ്ങളെ
പാണികൾക്കീടുന്നോരാനന്ദം പൂരിച്ചു വാണിടവേണമേ ദൈവമേ ഞാൻ.”

ശബ്ദങ്ങളെക്കൊണ്ടുള്ള ചിത്രനിർമ്മാണത്തിലും ചെറുശ്ശേരിനമ്പൂരിക്കുള്ള ചാതുരി ഒന്നു പ്രത്യേകമാണ്. കംസൻ ദേവകിയെ വെട്ടുന്നതിനായി ഖഡ്ഗം ഓങ്ങുന്നു. ആ അവസരത്തിൽ അവിടെ നിന്നിരുന്ന ആളുകളുടെ അവസ്ഥയെ കവി വർണ്ണിക്കുന്ന തെങ്ങനെയെന്നു നോക്കുക.

"കണ്ണടച്ചീടിനാർ, കണ്ണുനീർ തൂകിനാർ,
തിണ്ണമങ്ങോടിനാർ ഖിന്നരായി
കൈതിരുമ്മീടിനാർ, കൺചുവത്തീടിനാർ,
കൈചലിച്ചീടിനാർ മെയ്യിലെങ്ങും"

ഇങ്ങനെ മൂന്നു നാലു ചൂർണ്ണികകൾകൊണ്ടു് കവി അവരുടെ മനോഭാവങ്ങളെ ഭംഗി യായി പ്രകാശിപ്പിച്ചിരിക്കുന്നു. പാദമദ്ധ്യത്തിലുള്ള നിർത്തുകൾ അവരുടെ ഹൃദയ സ്തോഭനങ്ങളെ പരിപൂർണ്ണമായി അഭിവ്യഞ്ജിപ്പിക്കുന്നതിനു പര്യാപ്തമായിരിക്കുന്നു. ദേവകിയുടെ അപ്പോഴത്തെ അവസ്ഥ വർണ്ണിച്ചിരിക്കുന്നതും അത്യന്തം ഹൃദയസ്പർ ശകമായിട്ടുണ്ടു്.

"കേസരിവീരന്തന്നാനനന്ദംതന്നിലായ് കേവലം കേഴുന്നോരേണംപോലെ
മേവിനിന്നീടുന്ന ദേവകീദേവിതാൻ ദൈവമേയെന്നങ്ങു ചൊല്ലിച്ചൊല്ലി
ഘോരനായുള്ളൊരു കംസനെ നോക്കീട്ടു കോഴപൂണ്ടേറ്റവും കേഴുംപിന്നെ
അച്ഛനേത്തന്നെയും മെച്ചമേനോക്കിനിന്നുച്ചത്തിൽ നീളേവിളിച്ചുകേഴും
നിമ്മായപ്രേമംപൂണ്ടമ്മാവൻതന്നെയും അമ്മയെത്തന്നെയുമവ്വണ്ണമേ
ആങ്ങളെത്തന്നെവിളിച്ചുനിന്നീടുവാൻ ഓങ്ങിനിന്നങ്ങു നടുങ്ങുംപിന്നെ
ആനകടുന്ദുഭിതന്നുടെയാനനം ദീനയായ് മെല്ലവേ നോക്കിവീണ്ടും"

ജാംബവാനും ശ്രീകൃഷ്ണനും തമ്മിലുണ്ടായ ദ്വന്ദ്വയുദ്ധത്തിന്റെ വർണ്ണന വാങ്മയചി ത്രത്തിനു് ഒരു നല്ലദൃഷ്ടാന്തമാകുന്നു.

"രുഷ്ടനായ്നിന്നങ്ങു യുദ്ധം തുടങ്ങിനാർ
മുഷ്ടികൾകൊണ്ടുമങ്ങായവണ്ണം."

ഇവിടെ 'ഷ്ട' എന്ന പരുഷാക്ഷരത്തിന്റെ ആവർത്തനം ഇടിയുടെ ഊക്കിനെ നല്ല പോലെ ഉൽബോധിപ്പിക്കുന്നു. എന്നാൽ ജാംബവാന്റെ ആ പ്രഹരങ്ങൾ കൃഷ്ണന്റെ ദേഹത്തിൽ യാതൊരു വേദനയും ഉണ്ടാക്കിയില്ലെന്നു കാണിക്കാനായി കവി അടു ത്ത രണ്ടു വരികളിൽ,

"ഇന്ദിരതന്നുടെ ചെമ്പൊൽകരംകൊണ്ടു
മന്ദം തലോടുന്നാളെന്നു തോന്നി"

എന്നിങ്ങനെ മധുരാക്ഷരങ്ങളെക്കൊണ്ടു പെരുമാറിയിരിക്കുന്നു.

വർണ്ണനകളെ സംബന്ധിച്ചിടത്തോളം കവികളും ചിത്രകാരന്മാരെപ്പോലെ തന്നെയാണ്. ചിത്രകാരൻ ചിത്രമെഴുതിത്തീർത്തശേഷം ഒരു മിനുക്കുപണി ചെയ്യാറുണ്ട്. കവിയും ആ പ്രയോഗത്തിലാണ് വർണ്ണനയ്ക്കു ജീവൻ കൊടുക്കുന്നത്.

ഓമനയായിവളർന്നുനിന്നീടുന്ന രാമനും പിന്നെയക്കാർവർണ്ണനും
പല്ലവംപൂണ്ടൊരു മുല്ലയാംവല്ലിമേലുല്ലാസമൊട്ടുകളെന്നപോലെ
നന്മുലനൽകുവാനമ്മമാർചെന്നങ്ങു സമ്മോദംപൂണ്ടു വിളിക്കയാലേ
ചെഞ്ചമ്മേയുള്ളോരു പുഞ്ചിരിതൂകുമ്പോൾ കിഞ്ചനകാണായി വന്നുകൂടി
പാലുണ്ണുന്നേരമപ്പോൾമുലരണ്ടിനും ചാലത്തെളിഞ്ഞങ്ങു കാണായ്‌വന്നു."

ഈ ഭാഗത്ത് കവി സർവശിശുസാധാരണമായ ഒരു ദശ മാത്രമേ വർണ്ണിച്ചിട്ടുള്ളു. പല്ലുകൾ മുളയ്ക്കുന്നകാലത്തു ശിശുക്കൾക്കുള്ള വശീകരണശക്തി അനുഭവൈകവേദ്യമാണ്. എന്നാൽ രാമകൃഷ്ണന്മാരുടെ ലോകോത്തരഗുണോത്തരമായ സൗഭാഗ്യാതിശയത്തെ വിശദീകരിക്കുന്നതിനായി കവി ഒരു പൊടിക്കൈകൂടി പ്രയോഗിക്കുന്നു. നോക്കുക:–

"ദന്തങ്ങൾതന്നുടെയങ്കരംകണ്ടിട്ട് സന്തോഷംപൂണ്ടുള്ള വല്ലവിമാർ,
വേഗത്തിൽ ചുംബിച്ച നേരത്തു തന്മുഖം വേർപെടുത്തീടുവാൻ വല്ലീലാരും
വന്നുവന്നങ്ങുകണ്ടുനിന്നീടുവോർ കണ്ണിണതന്നെയുമവ്വണ്ണമേ!"

അക്രൂരൻ കംസാജ്ഞ കൈക്കൊണ്ട് ഭഗവാനേ കാണുന്നതിനായി പോയ അവസരത്തിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അങ്കുരിച്ച വിചാരങ്ങളെ വർണ്ണിക്കുന്നിടത്തും ഇതുപോലൊരു പൊടിക്കൈപ്രയോഗം കാണുന്നു.

"കണ്ണനെകാണ്മതിന്നായല്ലോപോകുന്ന പുണ്യവാനെന്നതു നിർണ്ണയം ഞാൻ
ആയർകോൺതന്നുടെ കാന്തിയായുള്ളൊരു പീയൂഷവാരിതൻപൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെകണ്ണിണ പാരം കുളുർപ്പിച്ചു നില്പതോഞാൻ
കാർവർണ്ണൻതന്നുടെ കൺമുനയായോരു കാർവണ്ടുവന്നിങ്ങു മെല്ലെമെല്ലെ
ദീനയായ്നിന്നൊരു ഞാനായപൂവിൽനിന്നാനന്ദമാടിക്കളിക്കുമോതാൻ?
കണ്ണന്റെതൂമൊഴിയായൊരുതേൻകൊണ്ടെൻ കർണ്ണങ്ങൾ രണ്ടും നിറച്ചുചെമ്മേ
പൂമാതുപൂണുന്നപൂമേനികണ്ടുകണ്ടാമോദംപൂണ്ടങ്ങു നില്പനോ ഞാൻ?
പുഞ്ചിരിയായൊരു തൂനിലാവേറ്റുനിന്നെഞ്ചിത്തമായുള്ളോരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായോരുതേനും പൂണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണപിരണ്ടിട്ടു തിണ്ണംകളുർത്തുള്ളൊരുണ്ണിക്കൈയ്യൊന്നു മുകർന്നുതാവൂ.
കണ്ടോരുനേരത്തു കാർമുകിൽവർണ്ണനേ മണ്ടിയണഞ്ഞൊന്നുപൂണ്ടുതാവൂ
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ ചെവ്വോടുമൊലിയിൽ ചേർത്തുതാവൂ"

ഇങ്ങനെ ഓരോന്നു ചിന്തിച്ചു ചിന്തിച്ചു സമയം പോയതറിയാതെ അയാൾ സായാഹ്നത്തിൽ ആയർകുലത്തിൽ എത്തി. അവിടെ ശ്രീകൃഷ്ണന്റെ 'ചേവടിത്താരിണ' മണ്ണിൽ പതിഞ്ഞു കിടക്കുന്നതു കണ്ട്, അയാൾ,

"തേരിൽനിന്നന്നേരം പാരിലിറങ്ങീട്ട്
പാരാതെ കുമ്പിട്ടു കുപ്പിനിന്നാൻ.
ആഴംപൂണ്ടീടുന്നോരാമോദംതന്നാലേ
പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ."

ഇതില്പരം വിശദമായി ഒരാളുടെ ഭക്തിയെ എങ്ങിനെയാണു വർണ്ണിക്കുക?

വേറൊരു സംഗതിയിലും കവിക്ക് ചിത്രകാരനോടു സാദൃശ്യമുണ്ട്. ചിത്രകാരന്മാർ തങ്ങളുടെ ചിത്രങ്ങൾക്ക് ഉചിതമായ ഒരു പശ്ചാൽഭൂമിയെ സൃഷ്ടിക്കുക പതിവാണ്. ആ പശ്ചാൽഭൂമി ചിത്രത്തിന് തന്മയത്വവും ശോഭാതിശയവും നൽകുന്നു. കവികളും ആ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്. പൂതന ശ്രീകൃഷ്ണനെ നിഗ്രഹിപ്പാനായി മോഹിനീവേഷം പൂണ്ട് പോർകൊങ്കകളിൽ കാകോളവും തേച്ചുകൊണ്ടു വരുന്നു. അവൾ ബാലഗൃഹത്തിനുള്ളിൽ കടന്നു നോക്കിയപ്പോൾ,

"ചോൽപ്പെറ്റുനിന്നൊരു ശില്പം കലർന്നതിസ്വല്പമായുള്ളൊരു
തല്പത്തിന്മേൽ ചാലെ കിടന്നങ്ങു കൺപൊലിഞ്ഞീടുന്ന"

ഈ ബാലകനെ കാണുന്നു. പ്രകൃത്യാ അതിനിഷ്ഠുരയും ഏതു സാഹസപ്രവൃത്തിക്കും ഒരുക്കമുള്ളവളും ആയ അവൾ പോലും ആ ശിശുവിന്റെ 'ഓമനത്തുമുഖം തന്നിലെ നോക്കിക്കൊണ്ട്' തെല്ലനേരം നിന്നുപോകുന്നു. പല്ലവം വെല്ലുന്ന ആ പൂവൽമേനിയെ തൊട്ട മാത്രയിൽ അവൾക്കു രോമാഞ്ചമുണ്ടാകുന്നു; 'കമ്രമായുള്ളൊരു നൻമുഖം തന്നിൽ' അവൾ അറിയാതെ ഒന്നു ചുംബനം ചെയ്തുപോകുന്നു. ഇങ്ങനെ ശ്രീകൃഷ്ണന്റെ സർവാംഗീണമായ മനോഹാരിതയെ ഒന്നു വർണ്ണിച്ചതിന്റെ ശേഷമേ കവി പൂതനയെക്കൊണ്ട് അവൾ ഉദ്ദേശിച്ച വന്ന ക്രൂരകർമ്മം ചെയ്യിക്കുന്നുള്ളു.

ശ്രീകൃഷ്ണാവതാരഘട്ടത്തെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങിനെ എന്നു നോക്കുക.

"മംഗലജാലങ്ങൾതിങ്ങിനിന്നെങ്ങുമേ പൊങ്ങിയെഴുന്നുതുടങ്ങീതപ്പോൾ
ആരണകുണ്ഡത്തിലഗ്നികളെല്ലാമേ പാരമെഴുന്നു വലംചുഴന്ന്
സ്വച്ഛങ്ങളായ്‌വന്നു തോയങ്ങളെല്ലാമേസജ്ജനമാനസമെന്നപോലെ
കാരങ്ങളായുള്ളഹാരങ്ങൾപൂണ്ടിട്ടുപാരംവിളങ്ങീവിയർത്തുമപ്പോൾ"
ഇത്യാദി.

അതിരറ്റ ശോകം, സന്തോഷം മുതലായ വികാരങ്ങൾ ഹൃദയത്തിൽ കടന്നുകൂടുമ്പോൾ പുറപ്പെടുന്ന വാക്കുകൾ ആഡംബരവിവർജ്ജിതങ്ങളായിരിക്കുകയാണല്ലോ പതിവ്. അതുകൊണ്ട് അത്തരം ഘട്ടങ്ങളെ വർണ്ണിക്കുമ്പോൾ കവികൾ അതിരു കവിഞ്ഞ് അലങ്കാരങ്ങൾ ഉപയോഗിക്കാറില്ല. എന്നാൽ അലങ്കാരപ്രിയനായ ചെറുശ്ശേരി അങ്ങിനെയുള്ള ഘട്ടങ്ങളിലും രൂപകാദ്യർത്ഥാലങ്കാരങ്ങൾ പ്രയോഗിക്കാറുള്ളതുകൊണ്ട് ചിലപ്പോൾ ഭാവങ്ങൾക്കു കൃത്രിമത്വം വന്നുപോയിട്ടുണ്ട്.

പക്ഷേ, ശ്രീകൃഷ്ണൻ സ്വമാതാവിനോടും മറ്റും യാത്ര പറഞ്ഞു വിദേശത്തേക്കു പോകാൻ ഭാവിക്കുന്ന ഘട്ടത്തിൽ പറയുന്ന വാക്കുകൾ ആപാദചൂഡം സ്വാഭാവികവും ഹൃദയസ്പർശകവും ആയിരിക്കുന്നു.

ഒരു സൂര്യോപരാഗകാലത്ത് ശ്രീകൃഷ്ണൻ ബലരാമനോടുകൂടി തീർത്ഥസ്നാനത്തിനായി ദ്വാരകാപുരിയിൽനിന്ന് ഭാർഗ്ഗവപുണ്യക്ഷേത്രത്തിൽ ചെന്നതായറിഞ്ഞ്, നന്ദാദികൾ അവിടെ എത്തുന്നു. യശോദാദേവി ശ്രീകൃഷ്ണനെ 'ബാലനായുള്ള നാളെങ്ങനെയോ' അതുപോലെ പുൽകിക്കൊണ്ടു പറഞ്ഞ വാക്കുകളുടെ ഹൃദയദ്രവീകരണശക്തി നോക്കുക.

"പാരിച്ചുനിന്നുള്ള പാഴായ്മചെയ്കയാൽ പാശത്തെക്കൊണ്ടുപിടിച്ചുകെട്ടി
തിണ്ണംവലിച്ചുമുറുക്കിഞാൻ നില്ക്കയാൽഉണ്ണിപ്പൂമേനിയിൽ പുണ്ണല്ലല്ലീ"

എന്നു പറഞ്ഞുകൊണ്ട് ആ സുകൃതിനി കാർവർണ്ണന്റെ പൂവൽമേനിയിയെ പല പ്രാവശ്യം തഴുകുകയും,

"എന്മടിതന്നിൽഞാൻനന്നായിവച്ചുകൊണ്ടെന്മകൻവാഴ്കെന്നു ചൊല്ലുന്നേരം
എൻമുഖംനോക്കീട്ടു പുഞ്ചിരിതൂകുന്ന നൻമുഖം കാണട്ടേ"

എന്നു ചൊല്ലി, ആ മുഖത്തെ പലേ തവണ മുകരുകയും,

"നന്മധുതൂകിവന്നെന്മടിതന്നിലായ്നന്മുലയുണ്ടുചിരിക്കുന്നേരം
തിണ്ണമെന്മാറിലലച്ചുനിന്നീടുന്നോരുണ്ണിക്കാൽ കാണട്ടെ എന്നുചൊല്ലി"

പല്ലവം വെല്ലുന്ന ആ പാണിയെ വീണ്ടും വീണ്ടും തടവുകയും,

"എന്നുടെചേലയിൽചേറുതേച്ചീടിനോരുണ്ണിക്കാൽ കാണട്ടെ എന്നുചൊല്ലി"

ആ പോൽപ്പാദങ്ങളെ മുകരുകയും ചെയ്യുന്നു. ഇതിൽപ്പരം മെച്ചമായി ഒരു മാതൃഹൃദയത്തെ എങ്ങനെ വർണ്ണിക്കും? ഇവിടെയെങ്ങും കവി അലങ്കാരങ്ങളെ വാരിച്ചൊരിയാതിരുന്നത് വളരെ ഉചിതമായിട്ടുണ്ട്.

ചെറുശ്ശേരി ഒരു അലങ്കാരപ്രിയനാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ കൈയിൽ ഒരു വർണ്യവസ്തു കിട്ടിയാൽ അലങ്കാരപേടകം ഒഴിഞ്ഞിട്ടേ, വർണ്ണനത്തിൽ നിന്നു വിരമിക്കു. അതും കുറെ വൈമനസ്യത്തോടുകൂടിയാണെന്നു വായനക്കാർക്കു തോന്നിപ്പോകുന്നു. ഈ വർണ്ണനകളിലൊക്കെ അദ്ദേഹത്തിന്റെ തീക്ഷണമായ നിരീക്ഷണശക്തിയും, കല്പനാവൈചിത്ര്യവും, അഗാധമായ മനുഷ്യഹൃദയജ്ഞാനവും നല്ലപോലെ വെളിപ്പെടുന്നുണ്ട്. വർണ്ണ്യവസ്തുവിന്റെ പൂർണ്ണമായ പ്രതീതിക്കു കൂടുതൽ ഉപകരിക്കുന്നത് ഔപമ്യമൂലകങ്ങളായ അലങ്കാരങ്ങളാണ്. അതുകൊണ്ട് ചെറുശ്ശേരി നമ്പൂരിയും സാമ്യാലങ്കാരങ്ങളെക്കൊണ്ടാണ് അധികമായി പെരുമാറീട്ടുള്ളത്.

"ശീതത്തെത്തുകുന്ന ഹേമന്തകാലമാം
ഭൂതത്തിൻകോമരമെന്നപോലെ
ഭൂതലം തന്നിലേ മാലോകരെല്ലാരും
ചാലേവിറച്ചുതുടങ്ങീതപ്പോൾ
ദന്തങ്ങളേക്കൊണ്ടു താളംപിടിച്ചിട്ടു
സന്ധ്യയേവന്ദിച്ചാരന്തണരും"

ഇതിൽ പ്രയോഗിച്ചിരിക്കുന്ന ഉപമകൾ ഹേമന്തകാലത്തിലെ ശൈത്യാധിക്യത്തെ പ്രകാശിപ്പിക്കുന്നതിന് എത്ര സമർത്ഥമായിരിക്കുന്നുവെന്നു നോക്കുക.

കൃഷ്ണഗാഥയിൽനിന്ന് മിയ്ക്ക അലങ്കാരങ്ങൾക്കും നല്ല നല്ല ഉദാഹരണങ്ങൾ എടുക്കാൻ സാധിക്കുമെങ്കിലും സാമ്യമൂലകങ്ങളായ അലങ്കാരങ്ങളോട്, പ്രത്യേകിച്ച് ഉൽപ്രേക്ഷയോട്ട് കവിക്കുള്ള പക്ഷപാതം പ്രകടമായിരിക്കുന്നു. കാളിദാസന്റെ ഉപമകൾപോലെ ചെറുശ്ശേരിയുടെ ഉൽപ്രേക്ഷകൾക്കും ഒരു പ്രത്യേകതയുണ്ട്. ഈ ഉൽപ്രക്ഷകളിലാണ് കവിയുടെ സർവതന്ത്രസ്വതന്ത്രമായ ഉല്ലേഖനചാതുരിയും കല്പനാവൈദഗ്ധ്യവും പ്രത്യക്ഷപ്പെടുന്നതു്.

വസ്തുബോധത്തിന് ഉതകുന്ന ശബ്ദപ്രയോഗത്തിലും കൃഷ്ണഗാഥാകർത്താവ് ചതുരനായിരുന്നു.

"കോമളച്ചുണ്ടു പിളുക്കിനിന്നീടുമ്പോ-
ളോമനിച്ചീടുവാൻ തോന്നുമത്രേ."

ഇവിടെ ളകാരമകാരങ്ങളുടെ ആവർത്തനത്താൽ കവി കൃഷ്ണമുഖത്തിന്റെ കോമളിമയേ നല്ലപോലെ പ്രകാശിപ്പിച്ചിരിക്കുന്നു.

"ഇന്ദ്രനെക്കാണായി; ചന്ദ്രനെക്കാണായി
ഇന്ദ്രാണിതന്നെയും കാണായ്‌വന്നു.
രുദ്രനെക്കാണായി; ഭദ്രനെക്കാണായി
രുദ്രാണിതന്നെയും കാണായ്‌വന്നു."

ഇവിടെ ഇഴഞ്ഞിഴഞ്ഞുപോകുന്ന ഗാഥാവൃത്തത്തിന്റെ ഗതിയെ, പാദാർദ്ധദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ച് ഒന്നു ത്വരിപ്പിച്ചിരിക്കുന്നതിനാൽ യശോദയുടെ മനസ്സിൽ പെട്ടെന്നുദിച്ച സ്തോഭങ്ങൾ ഈ വരികളിൽനിന്നു നല്ലപോലെ സ്ഫുരിക്കുന്നു.

കവി, ശൃംഗാരപ്രിയനാകയാൽ പൊതുവെ മധുരവാക്കായിട്ടാണ് കാണപ്പെടുന്നതു്. ചിലപ്പോൾ അസ്ഥാനത്തിൽപോലും മാധുര്യവ്യഞ്ജകങ്ങളായ ശബ്ദങ്ങൾ പ്രയോഗിച്ചുപോയിട്ടുണ്ട്.

"കൺചുവന്നീടുന്നോരഞ്ജനവർണ്ണന്താൻ
ചെഞ്ചമ്മേ മല്ലനെ കൈപിടിച്ചു
അഞ്ചാതവണ്ണമക്കഞ്ചനു കാണുമാ-

റഞ്ചാറു നൂറു ചുഴറ്റിപ്പിന്നെ”

ഇവിടെ പരുഷാക്ഷരങ്ങൾ പ്രയോഗിച്ചിരുന്നെങ്കിൽ വർണ്ണനയ്ക്കു കുറേക്കൂടി ജീവൻ വരുമായിരുന്നു.

കഥാനായകന്റെ സ്വഭാവരചനയിലും ഗ്രന്ഥകർത്താവ് വളരെ നിഷ്കർഷിച്ചിട്ടുള്ളതായി തോന്നുന്നു. ഭാഗവതത്തിലേ കൃഷ്ണനോട് നമുക്ക് ഭക്തിയും ബഹുമാനവും തോന്നിയേക്കാം. എന്നാൽ ഗാഥയിലേ കൃഷ്ണൻ ഒരു മനുഷ്യൻ കൂടി ആയതിനാൽ, അദ്ദേഹം നമ്മുടെ സവിശേഷമായ സ്നേഹത്തിനു പാത്രീഭവിക്കുന്നു. കേവലം അമാനുഷമായ ഒരു പാത്രത്തോട് മനുഷ്യർക്ക് അനുകമ്പയുണ്ടാവുന്നതു സാധാരണമല്ല. അതുകൊണ്ടത്രേ ആദർശപാത്രങ്ങളെ സൃഷ്ടിക്കുന്ന അവസരത്തിൽ, കവികൾ അവയ്ക്കു് അല്പാല്പം മനുഷ്യത്വം കൂടി നൽകാൻ ശ്രമിച്ചുകാണുന്നതു്. വാല്മീകിയുടെ രാമചന്ദ്രനും, സീതയും, ഹനുമാനും ആദർശപാത്രങ്ങളാണെങ്കിലും, അവർക്കു മനുഷ്യത്വം നൽകാൻ കവി വിസ്മരിച്ചിട്ടില്ല. രാമചന്ദ്രൻ പ്രാകൃതമനുഷ്യനെപ്പോലെ വിലപിക്കുന്നതും, സീത, ഒരു വെറും സാമാന്യസ്ത്രീയെപ്പോലെ ലക്ഷ്മണനോടു പരുഷവാക്യങ്ങൾ പറയുന്നതും, ഹനുമാൻ ഒരു രാക്ഷസിയെക്കണ്ട് സീതയാണെന്നു തെറ്റിദ്ധരിച്ച് വാനരസഹജമായ ചാപല്യങ്ങൾ കാണിക്കുന്നതും മറ്റും അതിനു ദൃഷ്ടാന്തങ്ങളാകുന്നു. കൃഷ്ണഗാഥയിൽ നായകൻ ബന്ധുമിത്രാദികളേ വിട്ട് ദൂരദേശത്തു പാർക്കവേ, അദ്ദേഹത്തിനെക്കൊണ്ട് പിതാവിനോട് കവി എന്തെല്ലാം പറയിച്ചിരിക്കുന്നുവെന്നു് നോക്കുക.

“അമ്മയെക്കാണ്മാനായ് ഞാനും വരുന്നതുണ്ടാണ്മയിൽച്ചൊന്നതുതേറിനാലും
അച്ഛനായുള്ളതും നീയൊഴിച്ചില്ലിനിക്കച്യുതൻതന്നുടെ പാദത്താണേ
പെറ്റവളർത്തോരു തായായി നിന്നതും മറ്റുമെനിക്കുമറ്റാരുമല്ലേ
ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെപ്പോറ്റിവളർത്തതും നിങ്ങളല്ലീ?
ഇങ്ങനെയുള്ള ഞാനെന്നേ മറക്കിലും നിങ്ങളെയെന്നും മറക്കയില്ല”

സ്വമാതാവിനു കൊടുപ്പാനായി ഏതാനും വസ്തുങ്ങൾ പിതാവിന്റെ കൈയിൽ കൊടുത്തിട്ട് അദ്ദേഹം പിന്നെയും പറയുന്നു:—

“പാൽവെണ്ണയുണ്ണാഞ്ഞ വേദനയുണ്ടുള്ളിൽ പാരമെനിക്കെന്നു ചൊൽക പിന്നെ
വെണ്ണയും പാലുമിങ്ങാരാനും പോരുന്നോരുണ്ടെങ്കിൽ മെല്ലേ വരുത്തവേണം.
വാഴപ്പഴങ്ങളും വണ്ണം തിരണ്ടവ കേഴ്‌വനല്ലായ്കിലെന്നുചൊൽ നീ.
ചിറ്റാടയുണ്ടുഞാൻ പെട്ടകംതന്നുള്ളിൽ മറ്റാരും കാണാതെ വെച്ചുപോന്നു.
മഞ്ഞൾ പിഴിഞ്ഞുള്ള കൂറകളെല്ലാമേ മങ്ങാതെ മാനിച്ചുകൊള്ളേണമേ.
പിള്ളരെ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു പീലികൊണ്ടെന്നേ അടിച്ചാളമ്മ
കേണുകൊണ്ടന്നുവഴക്കായിപ്പോയി ഞാനുണ്ണിനു വാരാതെ നിന്നനേരം
തെണ്ടമിയന്നിനിക്കന്നുനീ നൽകിയ കണ്ടിക്കൻചേലമറക്കൊല്ലാതെ”

ഇത്യാദി.

## 13 കവിതാരീതി

കവിതാരീതി സരളവും പ്രസന്നവുമാണ്. പ്രാചീനപദപ്രയോഗബാഹുല്യവും ആളു ന്തിരാഗമെന്നു പറയുന്ന ഇഴഞ്ഞവൃത്തവും നിമിത്തം, കാര്യശതവൈയഗ്ര്യത്താൽ ഉഴലുന്ന ഇന്നത്തെ മലയാളികൾക്ക്, ഈ കാവ്യതല്ലജത്തെ വേണ്ടുംവണ്ണം ആസ്വ ദിക്കാൻ നിവൃത്തിയില്ലാതെ വന്നത് അത്യന്തം പരിതാപകരമായ ഒരു അവസ്ഥ തന്നെ. വാസ്തവത്തിൽ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു പറയുംപോലെ "മനോധർമ്മപ്രകടനയും അലങ്കാരപ്രയോഗവും അമൃതനിഷ്യന്ദികളായ സുലളിത പദങ്ങളുടെ മേളനവും ഫലിതവും പഴക്കവും ഒഴുക്കും എല്ലാംകൂടി തികഞ്ഞിട്ടൊരു കവിത വായിക്കണമെങ്കിൽ കൃഷ്ണഗാഥയെത്തന്നെ ആശ്രയിക്കണം" ഒരു വിഷയ ത്തിൽ തീർച്ചയായും ഈ കവി പിൽക്കാലം ഉണ്ടായിട്ടുള്ള സർവകാവ്യങ്ങളേയും അതിശയിക്കുന്നു എന്നു പറയാം. മലയാളഭാഷയെ ചെന്തമിഴിന്നും സംസ്കൃതത്തി നും അടിമപ്പെടുത്തുന്നതിന് അനേകം ഭാഷാകവികൾ ശ്രമിച്ചുകൊണ്ടിരുന്ന ഒരു കാലത്തു മികച്ച ഭാഷാഭിമാനത്തോടുകൂടി അതിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഇദം പ്രഥമമായി പ്രയത്നിച്ചത് ചെറുശ്ശേരിനമ്പൂരിപ്പാടായിരുന്നു. അദ്ദേഹത്തിന്റെ ചില ഭാഷാപ്രയോഗങ്ങൾക്കുള്ള ശക്തിയും ഹൃദയസ്പർശകത്വവും കാണുമ്പോൾ എല്ലാ ഭാഷാഭിമാനികൾക്കും കൈരളിയുടെ ഇന്നത്തെ പരാധീനവൃത്തിയെപ്പറ്റി സന്താ പം ജനിക്കാതിരിക്കയില്ല. ഏതായിരുന്നാലും ചെറുശ്ശേരിയുടെ എരിശ്ശേരിയിൽ കഷണമില്ലെന്നു പറഞ്ഞ ആൾ ആരായിരുന്നാലും, അയാൾ, അരസികനോ അസൂ യാമലീമസബുദ്ധിയോ ആയിരിക്കാനേ തരമുള്ളു.

## 14 വൃത്തം

ഈ ഗ്രന്ഥത്തിൽ കവി എട്ടുമാതിരി ഭിന്നവൃത്തങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അധികാം ശവും മാകന്ദമഞ്ജരിവൃത്തത്തിലാണ്. അതിന്റെ ലക്ഷണം കോവുണ്ണി നെടുങ്ങാടി ഇപ്രകാരം കൊടുത്തിരിക്കുന്നു.

"കൃഷ്ണഗാഥയതിൽ കാണും
കാകളീ പിന്നടിക്കിഹ
നിർണ്ണയം പത്തെഴുത്തെന്നാ-
ലേകും മാകന്ദമഞ്ജരി."

കാകളിയിലെ രണ്ടാം പാദത്തിൽ ആദ്യമായ രണ്ടക്ഷരം കുറച്ചാൽ മഞ്ജരി എന്ന വൃത്തം കിട്ടും. കാകളിയുടെ ഗണമൊന്നും മഗണമാകരുത്. മഞ്ജരിയിൽ ഈ നിയ മം ഇല്ല. ഇരുപത്തിനാലുവൃത്തത്തിൽ പത്തും പന്ത്രണ്ടും വൃത്തങ്ങൾക്ക് ഇതിനോടു വളരെ സാദൃശ്യമുണ്ട്.

കൃഷ്ണഗാഥയിലെ കഥാംശം മുഴുവനും ഒരേ വൃത്തത്തിൽ എഴുതിയിരിക്കുന്നതി നാൽ വായനക്കാർ വേഗം മുഷിഞ്ഞുപോകുമെന്ന് ഒരു ദൂഷ്യം പറയാറുണ്ട്. വാ

സ്തവത്തിൽ ഈ ദോഷത്തെ എളുപ്പത്തിൽ പരിഹരിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ഇതിനെ ആളന്തിരാഗത്തിലും "പച്ചക്കല്ലൊത്ത തിരുമേനിയും നിന്റെ– പിച്ചക്കളികളും കാണുമാറാകണം" എന്ന കീർത്തനത്തിന്റെ മട്ടിലും ഇടവിട്ടു ചൊല്ലാവുന്നതാണ്. ചിലർ പൂരപ്പാട്ടിന്റെ രീതിയിലും കൃഷ്ണപ്പാട്ടു പാടാറുണ്ട്. ആളന്തിരാഗത്തിൽ ചൊല്ലുന്നപക്ഷം എല്ലാ അക്ഷരങ്ങളേയും ഗുരുവായി ഉച്ചരിക്കണം.

"ചെറുപ്പമായിരുന്നനാൾ ചെറുപ്പിള്ളർ പലരുമായ്
ഉരത്തോരു വനത്തിൽ പോയ് ചിലപ്പോഴെല്ലാം" (2)

സ്വർഗ്ഗാരോഹണഭാഗത്തിൽ കാണുന്ന ഈ ഭാഗം വഞ്ചിപ്പാട്ടുതന്നെയാണ്. മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ ആമുഖത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പതിപ്പിൽ കാണുന്ന 'ഇതിലൊരുമെനിയ്ക്കെന്നു' ഇത്യാദി രണ്ടു വരികൾ സമ്പൂർണ്ണമല്ല.

## 15 കൃഷ്ണപ്പാട്ട്

ചെറു പ്പമാ യിരു ന്നനാൾ ചെറു പ്പിള്ളർ പല രുമായ്
ഉരത്തോരു വന ത്തിൽപ്പോയ് ചിലപ്പോഴെ ല്ലാം.

## 16 വഞ്ചിപ്പാട്ട്

കെല്പോ ടെല്ലാ ജന ങ്ങൾക്കും കേട്ടു തീര ത്തക്ക വണ്ണം
എപ്പോ ഴുമ ന്നദാ നവും ചെയ്തു ചെഞ്ചെമ്മേ

വഞ്ചിപ്പാട്ടിന്റെ ലക്ഷണം വൃത്തമഞ്ജരിയിൽ ചേർത്തിരിക്കുന്നത് ഇങ്ങനെയാണ്.

"ഗണം ദ്വ്യക്ഷരമെട്ടെണ്ണം
ഒന്നാം പാദത്തിൽ, മറ്റതിൽ;
ഗണമാറര നിൽക്കേണം
രണ്ടുമെട്ടാമതക്ഷരേ.
ഗുരുതന്നേ എഴുത്തെല്ലാ-
മിശ്ശീലൻ പേർ നതോന്നതാ"

ഉ ത്തമ രാ യു ള്ള ശ്വിക ളേ റ്റം
ഭ ക്തിപൊ ഴി ഞ്ഞുപു ക ണ്ണുതെ ളി ഞ്ഞു (3)

ഇതു തരംഗിണീവൃത്തം തന്നെയാണ്.

"മറപൊരുളായി മറഞ്ഞവനേഹരി
മലർമകൾകൊങ്ക പുണർന്നവനേ ഹരി"

ഇത്യാദി ശീലുകൾ ശങ്കരചരിതം എന്ന വൃത്തത്തിലെഴുതപ്പെട്ടിരിക്കുന്നു.

"ഹരശങ്കര ശിവശങ്കര ദുരിതം കള ശിവനെ"

ഇത്യാദി കീർത്തനങ്ങളെല്ലാം ഈ മട്ടിലുള്ളവയാണ്. ഇതേ വൃത്തം രാമചരിതത്തിലും ഉണ്ട്. ഈ സംസ്കൃതവൃത്തം വാസ്തവം പറയുന്നതായാൽ ദ്രാവിഡവൃത്തത്തിൽ നിന്ന് ഉണ്ടായതാണ്.

"പുതിയ ചൊൽക്കൊണ്ടു പുരുഷന്തന്നേയ
പ്പുരുഹൂതനന്നു പുകണ്ണപോൽ."

ഇത്യാദി ഭാഗത്തിലെ വൃത്തം 'സമാസമം' ആണ്. ലക്ഷണം–

"വിഷമത്തിൽ സമസമം സമത്തിൽ സമസംഗുരു
എന്നുള്ളർദ്ധസമംവൃത്തം സമാസമ സമാഹ്വയം."

ഇരുപത്തിനാലുവൃത്തത്തിലെ നാലാം വൃത്തവും ഇതുതന്നെ.

ഉം."സുരപുരിയോടു സമമാകും നിജ
പുരിയിൽപുക്കുടൻ രഘുനാഥൻ
തരുണിമാർമണിമകുടീസീതയോ-
ടൊരുമിച്ചുവാണു ഹരിനംബോ"
"രുദ്രരും വരനാഗഭൂഷണ (6)
മുദ്രിതാംഗകരായുടൻ"

ഇതു മല്ലികാവൃത്തമാണ്.

"നിമേഷം വെടിഞ്ഞോർ നിരന്നീടിനോര- (7)
ന്നിജേ മന്ദിരേ നിർമ്മലേ സംവസന്തം'

ഇത് ഭുജംഗപ്രയാതമെന്ന സംസ്കൃതവൃത്തമാകുന്നു.

"ഉത്തമകാന്തിമെത്തിയിരുന്ന നിത്യനെ നീതിയോടെ (8)
ഭക്തിപൊഴിഞ്ഞു; ചിത്തമഴിഞ്ഞു രുദ്രർപുകണ്ണനേരം."

ഈ വൃത്തത്തിന്റെ രൂപാന്തരമായിരിക്കാം അജഗരഗമനം.

കൃഷ്ണപ്പാട്ടിനെ ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധസാഹിത്യവിമർശകനായ മി: പി. കെ. നാരായണപിള്ളയുടെ പ്രൗഢമായ അവതാരികയോടുകൂടി മി: കെ. എൻ. ഗോവിന്ദപ്പണിക്കർ പ്രസാധനം ചെയ്തുവെങ്കിലും അതിന് യഥാർഹമായ പ്രചാരം ലഭിക്കാതെ വന്നത് അത്യന്തം ശോചനീയമെന്നേ പറയേണ്ടു.

## 17 ഗുരുദക്ഷിണപ്പാട്ട്

ഈ ഗ്രന്ഥത്തെ കവിതിലകൻ മി: എസ്. പരമേശ്വരയ്യർ പരിശോധിച്ച് ശ്രീമൂലം ഗ്രന്ഥാവലിയിലെ ഒന്നാമത്തെ ഗ്രന്ഥാങ്കമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഗ്രന്ഥകർത്താവിനെപ്പറ്റി ഒന്നും അറിയാൻ നിവൃത്തിയില്ല. കവി തിരുവിതാംകൂർകാരനായിരിക്കണമെന്ന് അദ്ദേഹം ഊഹിക്കുന്നു. മംഗളാചരണത്തിൽ രാമചരിതത്തിന്റെ അനുകരണം കാണുന്നുണ്ട്.

“വാനവർതൊഴുംപരമൻ വാരണവടിവിനാലെ
മാമലമകളോടും പോയ് കാനനേ കളിച്ചനാളിൽ
അന്നവർ തങ്ങൾ നിയോഗേന (?) കാരണം;
ആദരവോടു പിറന്ന തിരുമകൻ
കൊമ്പൊന്നുടയവൻ നല്ല കരിമുഖൻ
കോലത്തേ ഞാനിതാ കൈതൊഴിന്നേനിന്നു
അമ്പൊടു വായ്മകൾ തന്നെയും വന്നിച്ചേൻ
ആഴികടഞ്ഞനാൾ മന്ദരാതാങ്ങിയ
കാർവർണ്ണൻ തന്നെയും വേറെ വിരിഞ്ചനെ
കാളയേറും പരമേശനെയിന്ദ്രനെ
കാലകാലൻ മകനാറുമുഖനേയും
കാളിമാതൊടു മലമകൾ ദേവകൾ
സൂരിയനങ്കിയും സോമൻ ധനേശനും
ചൂതത്താരമ്പനും വായു വരുണനും
വീരിയമുള്ള മുനികൾപാദത്തെയും
വിശ്വത്തിനുള്ള ഗുരുഭൂതന്മാരെയും
ഉള്ളംതെളിയുമാറമ്പിൽ വണങ്ങിനേൻ”

ഈ പാട്ടിൽ രാമചരിതത്തിലെന്നപോലെ കാമദേവനെപ്പോലും വന്ദിച്ചുകാണുന്നു. എതുക, മോന ഇത്യാദി പ്രാസനിബന്ധനകളും ഏറെക്കുറെ അനുസരിച്ചിട്ടുണ്ട്.

എതുകയുടെ ലക്ഷണം നന്നൂൽവിളക്കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“എതുകൈയെൻപ വിയൈപന മൊഴികൺ
മുതലെഴുത്തളവൊത്തു മുതലൊഴിത്തൊൻറുത്തൻ
മൂൻറാമെഴുത്തൊൻറലാചിനന്തലൈയാ
കിടൈകടൈയാറുമെതുകൈവകൈയേ”

‘കട്ടു്’ എന്നതിന് ‘പട്ടു്’ എന്ന് എതുകയാകും; എന്നാൽ പാട്ട് എന്നതു് എതുകയാവില്ല. “ഐകാര ഔകാരങ്ങളെട്ടെഴുത്തായിനുമടി മുതൽ വരുങ്കാൽ, യവയെന്നു മൊറ്റട്ടുത്തുവന്തകുറ്റെഴുത്താകവെണ്ണപ്പെട്ടും” എന്നുകൂടി പറഞ്ഞിരിക്കുന്നതിനാൽ,

"മെയ്യകത്തുള്ളേവിളങ്കച്ചുടർകാണർ
കൈയകത്തുണെല്ലിക്കനി"

എന്ന ഔവ്വക്കുറളിലും,

"അവ്വിത്തഴക്കാറുടൈയാനൈച്ചെയ്യവ
ടൗവൈവ്വൈയെക്കാട്ടിവിടും"

എന്ന കുറളിലും, എതുകയുണ്ടെന്നു പറയാം. കൈയിരണ്ടു എന്നതിന് മെയിരണ്ടു എന്നും എതുകയാകും.

"ഉരിയില്ലാവൊറ്റാകവരിനും ഉയിരേറിയ വുയിർ മെയ്യാകവരിനും അവ്വൊറ്റെഴുത്തു വരുവതേയെതുകൈയായിനും, യ, ര, ഴ എന്ന മൂന്റൊറ്റിൻകീഴ് മറ്റോരൊറ്റവരിനുമെതുകൈയാം." എന്നുകൂടി വിധിയുള്ളതിനാൽ, 'ആർന്തന' എന്നതിന് പാർപ്പാൻ എന്നതു എതുകയാവുകയില്ല.

(1) മൂന്റെഴുത്തൊൻറതുകൈ, (2) ആചെതുകൈ, (3) ഇനവെതുകൈ, (4) തലൈയാകെതുകൈ, (5) ഇടൈയാകെതുകൈ, (6) കരൈയാകെതുകൈ, എന്ന് എതുക ആറുവിധം വരും. അവയുടെ സ്വഭാവം ഇവിടെ വിവരിക്കാൻ തരമില്ല. ഓരോ ഉദാഹരണം മാത്രം ചേർക്കുന്നു.

1. 'പൊയ്മൈയും വായ്മൈയിടത്തേ പുരൈ തീർന്ത
നൻമൈ പയക്കുമെതിൻ'

2. 'കായ്മാണ്ടതെങ്കിൽ പഴം വീഴക്കമുകിനെറ്റി
പ്പൂമാണ്ടതിന്തേന്റൊടൈ കീറി വരുകൈ പോഴിന്തു
തേമാങ്കനി ചിതറ വാഴൈപ്പഴങ്കൾ, ചിന്തു
മേമാങ്കതമെന്റിച്ചൈയാറ്റിച്ചൈ പോയതെന്റെ

3. ഏ. 'തക്കാർതക വിലരെൻപതവരവ രെച്ചാത്താർ കാണപ്പെടും'
(വല്ലിനവെതുക)
ബി. 'അൻപിനുവാർവമുടൈ മൈയതുവീനു
നൺപെന്നു നാടാച്ചിറപ്പു'
(മെല്ലിനവെതുക)
സി. 'എല്ലാവിളക്കു വിളക്കല്ല ചാന്റോർക്കു
പ്പൊയ്യാവിളക്കേ വിളക്കു'
(ഇടൈയിനവെതുക)

4. 'കരോരുകം പോൽ വളരെൻപാവം തീർക്ക വിന്മതിപൂൺ
ചരോരുകമെൻ ചേവടി കണ്ടണിയേനോതാരകൈച്ചൂഴ്"
ഇത്യാദി.

5. 'അകരമുതലവെഴത്തെല്ലാമാതി പകൻ മുതറ്റേയുലക'

6. എച്ചത്താർ എന്നതിനു ചുറ്റത്താർ ‘പരിയാ’ എന്നതിനു മണിയാൻ എന്നതും ‘കടൈയാകെതുക’യ്ക്കുദാഹരണം.

ഈ ഉദാഹരണങ്ങളിൽനിന്നും ‘എതുക’ വെറും ദ്വിതീയാക്ഷരപ്രാസമല്ലെന്നു കാണാമല്ലോ.

അതുപോലെ തന്നെ മോനയെപ്പറ്റിയും ചിലതെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ട്. അ, ആ, ഐ, ഔ എന്നീ നാലുയിരുകളും ഇ, ഈ, എ, ഏ, എന്നിവയും ഉ, ഊ, ഒ, ഓ ഇവയും ഒന്നിനൊന്നു മോനയായ്‌വരും. അതുപോലെ തന്നെ ചകാരതകാരങ്ങൾക്കും, ഞനങ്ങൾക്കും, മവങ്ങൾക്കും പരസ്പരം മോനയാകാവുന്നതാണ്.

‘മോനൈ ക്കിനമേ അ ആ ഐ ഔവും
ഇഈ എഏവും ഉഊ ഒ ഔവും
ചതവും ഞനവും മവവുമെനവേ.’
(തൊന്നൂൽവിളക്കം)

ഇത്രയും പറഞ്ഞതിൽനിന്ന് ഗുരുദക്ഷിണപ്പാട്ടിൽ സർവത്ര എതുക, മോന എന്നീ പ്രാസനിയമങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെന്നു നിഷ്പ്രയാസം ഗ്രഹിക്കാം.

മംഗളാചരണത്തിൽ ആദ്യത്തെ രണ്ടു വരികൾ വെറും തമിൾ വൃത്തമാണ്. ‘നാനാജനത്തെയറിയിപ്പതിനായി’ ചൊല്ലിയ പാട്ടായതുകൊണ്ട്, ഭാഷയ്ക്കു ശുദ്ധിക്കുറവു നന്നേയുണ്ട്. അങ്കി, വെൻറി, ഒണ്മറയോൻ ഇത്യാദി തമിൾപദങ്ങളും നീലനിറമുടെ മൂർത്തി, ഒക്കമെകിഴ്ന്തു, നിനന്തു തുടങ്ങിയ പഴേ പ്രയോഗങ്ങളും ഈ കൃതിയിൽ ധാരാളം കാണുന്നുണ്ട്.

ഈ പാട്ടിനെ നാലു പാദങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നാംപാദത്തിൽ വസുദേവർ, രാമകൃഷ്ണന്മാർക്ക് ഉപനയനാദി സൽക്രിയ നടത്തീട്ട്, അവരെ വിദ്യാഭ്യാസത്തിനായി സാന്ദീപനിയെ ഏൾപ്പിക്കുന്നതും, ഏകദേശം ഒരു കൊല്ലം കൊണ്ട് വേണ്ട വിദ്യയെല്ലാമഭ്യസിച്ചിട്ട് അവർ മഥുരാപുരിയിലേക്കു തിരിച്ചുവരുന്നതും, പിന്നീട്, ആ ബ്രാഹ്മണന്റെ ഉപദേശമനുസരിച്ച് വസുദേവർ കാശ്യപവിശ്വാമിത്രാദി മഹർഷികളെ വരുത്തി, അവരെക്കൊണ്ട് തന്റെ പുത്രന്മാരെ ശാസ്ത്രങ്ങൾ അഭ്യസിപ്പിക്കുന്നതും മറ്റും വർണ്ണിച്ചിരിക്കുന്നു. രണ്ടാമത്തേ പാദത്തിൽ, ശ്രീകൃഷ്ണൻ ഗുരുദക്ഷിണയ്ക്ക് ഒരുങ്ങുന്നു. വസുദേവർ, അതിന്നുവേണ്ടി, സാന്ദീപനിയെ മഥുരാപുരിക്കു വരുത്തീട്ട്,

‘ബാലരാമിവർ തരും ദക്ഷിണകൊൾക സ്വാമീ
എന്തതിൻ നിനവുകൾ ചൊൽക നിന്തിരുവടി’

എന്നു പറഞ്ഞപ്പോൾ, ബ്രാഹ്മണൻ നല്കിയ മറുപടിയിങ്ങനെയായിരുന്നു.

“ഇന്നെനിക്കിവർ തരും വസ്തുവാഭരണവും
ഇച്ഛയില്ലെനിക്കിതു വാങ്ങിക്കൊണ്ടരുളുവാൻ
എന്നഭിവാഞ്ഛിതം കേൾക്ക നീ മധുരേശ

ഇമ്പമായ് സൽക്രിയചെയ്തുണ്ടായ് മമ സുതൻ
നല്ല ബാലകൻ വന്നുല്ലസിച്ചിരുന്നനാൾ
സഞ്ചരിച്ചവൻതാനും ഷോഡശപ്രായത്തിങ്കൽ
അന്നു താമസിയാതെ ചാമർത്താ ചെയ്‌വാനായി
ആദരവോടു പല ദാനങ്ങൾ ചെയ്തശേഷം
കുണ്ഡലം കാതിലിട്ടു നൽക്കളഭങ്ങൾ പൂണ്ടു,
അഞ്ജനം കണ്ണെഴുതിച്ചന്ദനംകുറിയിട്ടു
അങ്ങനെയിരുന്നവൻ പിറ്റെന്നാളുഷഃകാലേ
അമ്പൊടുഗംഗതന്നിലന്തിവന്ദനം ചെയ്താൻ.
ചന്തമായ് നടന്നവൻ വന്നതില്ലിനിയോളം
സംവത്സരങ്ങളതുമുപ്പതുകഴിഞ്ഞല്ലോ.
തന്നിടാം ദക്ഷിണയെന്നിരിക്കിലിതുവേണം
സംഗവുമെനിക്കതേയുള്ളുവെന്നറിഞ്ഞാലും"

ഈ വാക്കുകൾ കേട്ടപ്പോൾ വസുദേവനു സങ്കടമായി. ശ്രീകൃഷ്ണനു വേണ്ടി താൻ അനുഭവിച്ച സങ്കടങ്ങളെ അദ്ദേഹം വിസ്തരിച്ചു പറയുന്നു. നാല്പതിൽപ്പരം വരികൾ കൊണ്ട് തൽക്കാലപര്യന്തമുള്ള ശ്രീകൃഷ്ണചരിതത്തെ കവി ഇവിടെ ഭംഗിയായി സംക്ഷേപിച്ചിരിക്കുന്നു.

"അറിഞ്ഞൂ തിരുമനം; തെളിഞ്ഞൂ ഭഗവാനും
ഉല്ലാസമോടു ചാടു ചവിട്ടിത്തകർത്തപ്പോൾ
കലുങ്ങീജഗത്രയമിളകീതെങ്ങുമൊക്കെ
വൃക്ഷത്തിന്നിലപോയി പുഷ്പത്തിന്നിതൾപോയി"

ഇത്യാദി ചില ഭാഗങ്ങളിൽ കവിത്വശക്തിയുടെ ഈഷൽസ്ഫുരണം കാണുന്നുമുണ്ട്. വസുദേവൻ സാന്ദീപനിയുടെ അപേക്ഷ കുറേ കടന്നുപോയെന്നു പറഞ്ഞപ്പോൾ, അദ്ദേഹം കയർത്തു പോവാൻ ഭാവിക്കുന്നു.

അതു കണ്ടു ശ്രീകൃഷ്ണൻ 'ആകിലെൻ ഗുരുവരുൾചെയ്തതു തരുവൻ ഞാൻ' എന്നു പറഞ്ഞിട്ട് അദ്ദേഹത്തിനെ സമാധാനപ്പെടുത്തി അയച്ചതിന്റെ ശേഷം ബ്രാഹ്മണപുത്രനെ തേടി പുറപ്പെടുന്നു. അദ്ദഹം അന്തകപുരത്തിൽ എത്തുന്നതുവരെയുള്ള ഭാഗം ദ്വിതീയപാദത്തിൽ സംഗ്രഹിച്ചിരിക്കുന്നു. മൂന്നാം പാദത്തിലെ യമപുരവർണ്ണന വളരെ ബാലിശമായിട്ടുണ്ട്. അവിടെ ശ്രീകൃഷ്ണൻ ഭാരതരാമായണാദികളിൽ സൂക്തനായിരിക്കുന്ന ജനങ്ങളേയും കണ്ടുപോലും. ഭഗവാൻ ധർമ്മരാജാവിനോട്ട് തന്റെ ഗുരുപുത്രനെ കാണിച്ചുതരേണം എന്നു പറഞ്ഞപ്പോൾ,

"കേൾക്കെടോ മാനുഷാ, ഞാനുരചെയ്‌വതു
ഞാനിപ്രവൃത്തികളൊന്നുമറിഞ്ഞില്ല
നാലമാത്യകളുണ്ടതിൽ സാരമായി

മുൻപതിൽ മൃത്യുവും പിന്നെയപമൃത്യു
മൂന്നാമൻ കാലൻ മറ്റേതുദംബരൻ
എന്നിവർ തങ്ങളെ കാണണം നീ പോയി"

എന്നു ഒഴിഞ്ഞുകളഞ്ഞു. യമപുരത്തരചന്റെ വാഴ്ച എത്ര ശോഭനമായിരിക്കുന്നു! തന്റെ അമാത്യന്മാർ ചെയ്യുന്നതൊന്നും അദ്ദേഹത്തിനറിവില്ലത്രേ. ശ്രീഷ്ണൻ ഈ അമാത്യരിൽ നാലു പേരേയും ചെന്നു കണ്ടിട്ട് ഒടുവിൽ ദൂതന്മാരുടെ സമീപത്ത് എത്തുന്നു. അവിടെ മൂന്നാം പാദവും അവസാനിക്കുന്നു. അവിടെച്ചെന്നിട്ടും പ്രയോജനമുണ്ടായില്ല.

"നാമിവനുയിരിനെ കൊടുക്കിൽപിന്നും പിന്നും
നാശമേ നമുക്കുള്ളു, പിന്നെയും വരുമിവൻ;
നാമായിട്ടൊരു വസ്തുവുണ്ടാക്കുന്നതുമില്ല;
നമ്മുടെ രാജാവറിഞ്ഞെന്നിയേ ചെയ്യരുട.
എന്നാലുമിവനോടു തരുന്നുവെന്നും വേണ്ട
എന്നുമേ തരികയില്ലെന്നതു പറയേണ്ട;
ഇങ്ങനെ നടന്നൊട്ടു ദണ്ഡിച്ചാലവൻ തന്നെ
ഇന്നിതു തരികയില്ലെന്നുകണ്ടുഴറിപ്പോം"

എന്നിങ്ങനെ ശ്രീകൃഷ്ണനെ മിരട്ടിയയപ്പാനാണ് യമദൂതന്മാർ നിശ്ചയിച്ചത്. യമനു യോജിച്ച ഭൃത്യന്മാർ തന്നെ. അവരുടെ വാക്കുകൾ കേട്ടപ്പോൾ, ശ്രീകൃഷ്ണന്ന്,

'വാടീതു തിരുമേനി ചാടീതു നയനനീർ'

അദ്ദേഹം വീണ്ടും യമനെച്ചെന്നു കാണുന്നു. യമൻ അദ്ദേഹത്തിനെ കണ്ട്,

"ദൂതർ നിൻഗുരുപുത്രൻതന്നെത്തന്നാരോ കോയിൽ?
ദൂഷണം വരുത്തുവാൻ ചിന്തിച്ചു തരാഞ്ഞാരോ?
എന്തു നിൻ ഹൃദയത്തിൽ കേട്ട വന്നുദിച്ചത്"

എന്ന് അത്യന്ത ദുർബലനായ ഒരു രാജാവിനെപ്പോലെ ചോദിക്കുന്നു. ഭഗവാന്ന് ഇതു കേട്ടപ്പോൾ കോപം ഉദിക്കുന്നു. ആ രൗദ്രഭാവത്തെ വർണ്ണിച്ചു ഫലിപ്പിക്കുന്ന വിഷയത്തിൽ കവി ഇവിടെ തീരെ അസമർത്ഥനായ് കാണപ്പെടുന്നു. യമനും കൂട്ടരും അദ്ദേഹത്തിന്റെ ക്രുദ്ധഭാവം കണ്ടു ഭയപ്പെട്ട്, ഗുരുപുത്രനേ കൊണ്ടുവന്നു കൊടുത്തുവത്രേ. ഇങ്ങനെ യമപുരത്തുനിന്ന് ആനീതനായ കുട്ടിയെ നല്കി, ശ്രീകൃഷ്ണൻ ഗുരുദക്ഷിണ എന്ന സ്വധർമ്മത്തെ നിറവേറ്റിയിട്ട് മഥുരാപുരയിൽ മാതാപിതാക്കന്മാരുമായി സസുഖം വാഴുന്നു. ഇങ്ങിനെയാണു കഥയുടെ ചുരുക്കം. പറയത്തക്ക ഗുണമൊന്നും ഈ കവിതയ്ക്കില്ല.

## 18 മണിപ്രവാളകാവ്യങ്ങൾ

'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം"

എന്നാണ് മണിപ്രവാളത്തിന്റെ സാമാന്യ ലക്ഷണം. എന്നാൽ എല്ലാ വിധത്തിലു ള്ള ഭാഷാസംസ്കൃത യോഗവും മണിപ്രവാളമെന്ന പേരിനെ അർഹിക്കുന്നില്ല. ഒന്നാ മതായി ആ യോഗം രസിരഞ്ജകമായിരിക്കണം. ആലത്തൂരാദി മണിപ്രവാളത്തിന് ആ പേര് കേവലം ഔപചാരികമായി നല്കിയിരിക്കുന്നതാണ്. രണ്ടാമതായി മണി പ്രവാളത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ ഭാഷപോലെ സുപ്രസിദ്ധവും സു കുമാരവുമായിരിക്കണം. മാണിക്യവും പവിഴവും ഒരേ ചരടിൽ കോർത്തിണക്കി യാൽ, വർണ്ണസാമ്യംക്കൊണ്ട് അവയെ തിരിച്ചറിവാൻ സാധിക്കയില്ലല്ലോ. അതു പോലെതന്നെ ഭാഷാശബ്ദങ്ങളേയും സംസ്കൃതശബ്ദങ്ങളേയും കലർത്തുന്നത് സംസ്കൃ തമേത്, ഭാഷയേത് എന്നു വേർതിരിച്ചു പറവാൻ പാടില്ലാത്ത മട്ടിലായിരിക്കണം. മണിപ്രവാളത്തിൽ മാണിക്യസ്ഥാനീയമായ ഭാഷ അതായത് കേരളഭാഷ ദേശി, സംസ്കൃതഭവം, സംസ്കൃതരൂപം എന്നിങ്ങനെ മൂന്നു വിധമുണ്ടത്രേ. അവയിൽ ദേ ശി ശുദ്ധം, ഭാഷാന്തരഭവം, ഭാഷാന്തരസമം എന്നു പിന്നെയും മൂന്നായി പിരിയുന്നു. കൊച്ച്, മുഴം, ഞെട്ടി ഇത്യാദി പദങ്ങൾ ശുദ്ധദേശിക്കും, വന്താൻ, നമുക്ക് എന്നിവ ഭാഷാന്തഭവങ്ങൾക്കും, നാളെ, ഉടൽ മുതലായവ ഭാഷാന്തരസമങ്ങൾക്കും ഉദാഹര ണങ്ങളാകുന്നു. സംസ്കൃതപ്രകൃതികളെ ഊഹിക്കാൻ കഴിയുന്ന പദങ്ങളത്രേ സംസ്കൃ തഭവങ്ങൾ. തേവാർ, ചങ്ങാത്തം, പിച്ച എന്നീ പദങ്ങളാണ് അവയ്ക്കു ഉദാഹരണം. കടം, വല്ലി ഇത്യാദി അവസാനത്തിൽ മാത്രം വികാരം വന്നിട്ടുള്ള പദങ്ങളേയാണ് സംസ്കൃതരൂപങ്ങൾ എന്നു പറയുന്നത്. സന്ദർഭേ 'സംസ്കൃതീകൃതാച' എന്ന നിയമ ത്താൽ, കാവ്യാദി സന്ദർഭത്തിൽ ഭാഷാപദങ്ങളെ നാഴിഭിഃ, പൂപൂകിരേ എന്നിങ്ങ നെ സംസ്കൃതീകരിച്ചും പണ്ട് ഉപയോഗിച്ചുവന്നു. സംസ്കൃതപദങ്ങളെ വിഭക്ത്യന്തങ്ങ ളായിട്ടും അല്ലാതെയും ഉപയോഗിക്കാം.

ലീലാതിലകക്കാരൻ ഒൻപതു വിധത്തിലുള്ള മണിപ്രവാളങ്ങളെപ്പറ്റിപ്പറഞ്ഞി രിക്കുന്നു. ഭാഷാരസപ്രാധാന്യമുള്ള മണിപ്രവാളമത്രേ ഉത്തമം; അതായത് ഭാഷാ പദങ്ങൾ കൂടിയും സംസ്കൃതപദങ്ങൾ കുറഞ്ഞും ഇരിക്കണം. രസത്തിനു വാച്യാർത്ഥ ത്തെ ഉപേക്ഷിച്ച പ്രാധാന്യവും ഉണ്ടായിരിക്കണം.

"പുൽകിക്കൊണ്ടാളുറക്കേപ്പുനരപിമണിവാ
നൾകിനാൾ; മെല്ലെമെല്ലെ-
ക്കാമക്കുത്തിന്നണിഞ്ഞാൾ; മദനപരവശാ കാന്ത
കൈമെയ് മറന്നാൾ
വീർത്താളൊട്ടേവിയർത്താൾ; വിവശമരുതെടാ
യെന്നൈവിയന്നിരന്നാ-
ളെന്മാറിൽപ്പോന്നു വീണപ്പുരികുഴലകമേ
മാൾകിനാളുണ്ണി നങ്ങാ"

2. ഭാഷയ്ക്കു പ്രാധാന്യമുണ്ടായും രസത്തിനും വാച്യാർത്ഥത്തിനും പ്രാധാന്യം തുല്യമായും ഇരിക്കയോ, നേരെ മറിച്ച് ഭാഷ തുല്യമായും, രസം വാച്യാർത്ഥതിശായിയായും വരികയോ ചെയ്താൽ ആ മണിപ്രവാളം ഉത്തമകൽപമെന്നു പറയപ്പെടുന്നു.
3. വാച്യാർത്ഥത്തിന്നും രസത്തിന്നും, അതുപോലെ തന്നെ ഭാഷയ്ക്കും സംസ്കൃതത്തിന്നും സമപ്രാധാന്യമുണ്ടായിരുന്നാൽ മധ്യമമണിപ്രവാളമാകും.
4. ഭാഷ സമമായിരിക്കെ, രസം വാച്യാർത്ഥത്തെക്കാൾ ന്യൂനമായോ, അല്ലെങ്കിൽ, രസം സമമായിരിക്കെ, ഭാഷ ന്യൂനമായിരിക്കയോ ചെയ്യുന്നതായാൽ, അതും മധ്യമകൽപം തന്നെ. അതുപോലെ തന്നെ രസപ്രാധാന്യമുണ്ടായിരിക്കുകയും ഭാഷ ന്യൂനമായി വരികയും ചെയ്താലും ആ മണിപ്രവാളം മധ്യമകൽപകോടിയിലേ പെടുകയുള്ളു.
5. ഭാഷയും രസവും ന്യൂനമായിരിക്കുന്ന മണിപ്രവാളം അധമം.

ഇങ്ങനെ, ഉത്തമം ௧. ഉത്തമകൽപം ൨. മധ്യമം ൩. കല്പം ൪. അധമം ൫. ആകെ മണിപ്രവാളം ഒൻപതു വിധം.

സ്വാഗത, ഇന്ദ്രമാല ഇത്യാദി വൃത്തങ്ങളും മണിപ്രവാളത്തിന് അനുപിതമായിട്ടാണ് ആദികാലങ്ങളിൽ ഗണിക്കപ്പെട്ടിരുന്നത്.

"നാത്യന്തസംസ്കൃതേനൈവ നാത്യന്തം ദേശഭാഷയാ
കഥാഗോഷ്ഠീഷു കഥയൻ ലോകേ ബഹുമതാ ഭവേൽ"

എന്ന് ലീലാതിലകക്കാരൻ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാകുന്നു. നല്ല മണിപ്രവാളത്തിനുള്ള ആസ്വാദ്യത ഒന്നു പ്രത്യേകം തന്നെയാണ്.

## 19 സന്ദേശകാവ്യങ്ങൾ

ലീലാതിലകത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ പലേ സന്ദേശകാവ്യങ്ങൾ ഭാഷയിൽ ഉണ്ടായിട്ടുണ്ട്.

### കാകസന്ദേശം

"ആറ്റൂർ നീലി വിരഹവിധുരോ മാണിരത്യന്തകാമീ
മാത്തൂർ ജാതോ മദനവിവശസ്ത്യക്തവാന്തുണ്ണറക്കൗ"
"സ്വസ്രേ പൂർവം മഹിതനൃപതേ വിക്രമാദിത്യ നാമ്നഃ
പോകാംചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ;
ത്വം ക്രുത്തസ്ത്രീ വട്ടരതിജളോ ദുഷ്ടവിശ്വാഹമിത്ഥം
മത്വാത്മാനം തവ ഖലു മയാ പ്രോക്ഷിതഃ കാക ഏവ

ഈ പദ്യങ്ങൾ കാകസന്ദേശത്തിലുള്ളവയാകുന്നു. മാത്തൂർ വംശത്തിൽ ജനിച്ച വല്ല ഉണ്ണിനമ്പൂരിയുമായിരിക്കുമോ ഈ കാവ്യത്തിന്റെ കർത്താവ്?

## ഉണ്ണുനീലിസന്ദേശം

ഈ പ്രസിദ്ധ കൃതിയെ ഏതാനും വർഷങ്ങൾക്കു മുമ്പിൽ രസികരഞ്ജിനിയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പിന്നീട് ഈയിടയ്ക്ക് ആറ്റൂർ മി. കൃഷ്ണപ്പിഷാരടിയുടെ അവതാരികയോടും വ്യാഖ്യാനത്തോടുംകൂടി ബി. വി. ബുക്ക്ഡിപ്പോ ഉടമസ്ഥനായ മി: കെ. എസ്. രാമൻ മേനോൻ അതിനെ ഭംഗിയായി അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഗ്രന്ഥകാരൻ

ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവ് ആരെന്ന് ഇതേവരെ തീർത്തുപറയാറായിട്ടില്ല.

"പൂണാരം മണികണ്ഠ വെണ്പല മഹി-
പാലൈകചൂഡാമണേഃ

എന്ന് കഥാനായികയെപ്പറ്റിയും,

"മന്ത്രപ്രജ്ഞോപി മാരജ്വരപരവശനായ്-
ക്കോലിനേൻ ഞാനിദാനീം."

എന്ന് തന്നെപ്പറ്റിയും, കവി പ്രസ്താവിച്ചിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തി, കവിയും നായകനും വെൺപനലാട്ടു രാജാവായ മണികണ്ഠൻ ആയിരിക്കുമെന്ന് മി: പരമേശ്വരയ്യർ നിസ്സംശയം പറയുന്നു. സന്ദേശഹരൻ ഒരു രാജാവാണെന്നുള്ള സംഗതി ഈ അഭിപ്രായത്തെ അല്പമൊന്നു ബലപ്പെടുത്തുന്നുമുണ്ട്. എന്നാൽ ഈ അഭിപ്രായം സ്വീകരിക്കുന്ന വിഷയത്തിൽ വലിയൊരു ദുർഘടം കാണുന്നു. തിരുവനന്തപുരത്തുനിന്നാണല്ലോ നായകൻ ആദിത്യവർമ്മ സന്ദേശവും കൊടുത്തു് അയയ്ക്കുന്നതു്. നായകൻ മണികണ്ഠനാണെന്നു വരികിൽ,

നിന്നാണല്ലോ നായകൻ ആദിത്യവർമ്മ സന്ദേശവും കൊടുത്തു് അയക്കുന്നതു്. നായകൻ മണികണ്ഠനാണെന്നു വരികിൽ,

"മാറാടിക്കീഴ്ഴരുമലർ പിണം കൊണ്ടു നായ്ക്കും നരിക്കും
ചേറാടിക്കും മനുജവരനേ കാണ്ക നീചെന്നു പിന്നെ;
കൂറാടിന്റ്റോർക്കയിരുമുടലും നീടൊടുക്കും വടക്കിൻ
കൂറാടിന്റ്റോരിനിയമണികണ്ഠാഖ്യസാമന്തമൗലിം"

എന്നു പറഞ്ഞിരിക്കുന്നതു നിരർത്ഥകമായിരിക്കുന്നു. തിരുവനന്തപുരത്തിരിക്കുന്ന നായകനെ, സന്ദേശഹരൻ വടക്കുംകൂറിൽ ചെന്നു കാണുന്നതെങ്ങനെ? അതുപോലെ തന്നെ കവി മണികണ്ഠനാണെങ്കിൽ, നായികയെപ്പറ്റി 'പൂണാരം മണികണ്ഠ വെണ്പലമഹീപാലൈ ചൂഡാമണേഃ' എന്നു പറയുമായിരുന്നില്ലതാനും.

"ഇല്ലത്തന്നുന്നതിം തേ വിതരതു നതരാമാകയാലുണ്ണുനീലി ചൊല്ലുന്നേ
നെങ്കിൽ നീകേട്ടരുളുക ദയിതേ സൂക്തി രത്നം മദീയം"

എന്ന ശ്ലോകാർത്ഥത്തിൽ ഉണ്ണുനീലിശബ്ദം സംബോധനയല്ലെന്ന് ആർക്കും എളു പ്പത്തിൽ ഗ്രഹിക്കാവുന്നതാണല്ലോ. അല്ലെങ്കിൽ 'വിതരതു' എന്ന 'ലോട്ട്' ഘടി ക്കാതെ വരും. അതുകൊണ്ട് കവി തന്റെ ഭാര്യയോട് പറയുന്നതായി ഈ കാ വ്യത്തെ നിബന്ധിച്ചിരിക്കുന്നുവെന്നേ പ്രസ്ഥാവനയിൽ നിന്നു ഗ്രഹിക്കേണ്ടതായി ട്ടുള്ളൂ അങ്ങനെയാണെങ്കിൽ 'മാരജ്വരപരവശനായ് കോലിനേൻ' എന്നു കവി പറ ഞ്ഞിരിക്കുന്നത് നായികയ്ക്ക് അപകർഷഹേതുകമാവുകയില്ലേ?. എന്നൊരു സംശ യം ന്യായമായി ഉണ്ടാകാവുന്നതാണ്. മി. കൃഷ്ണപ്പിഷാരടി പറയും പോലെ "കവി തന്റെ ഭാര്യയുടെ നിർദ്ദേശപ്രകാരം മാരജ്വരപരവശനായിട്ട്, എന്നു വച്ചാൽ ഭാര്യ നിർബ്ബന്ധിക്കുന്നതിനെ ഉപേക്ഷിക്കാൻ ശക്തിയില്ലാത്തവനായിട്ട്, ഉണ്ണുനീലിയേ യും ആ സ്ത്രീയുടെ ഭർത്താവിനേയും നായികാ നായകന്മാരാക്കി കല്പിച്ച് ഒരു സന്ദേശ കാവ്യം സ്വഭാര്യയോടു പറയുന്ന നിലയിൽ നിർമ്മിച്ച"താണെന്നു വിചാരിക്കാവുന്ന താണ്. 'പൂണാരം മണികണ്ഠവെണ്പല മഹീപാലൈക ചൂഢാമണേഃ' എന്നു പറ ഞ്ഞിട്ടുള്ളതുകൊണ്ടും നായിക മണികണ്ഠന്റെ ഭാര്യയായിരിക്കണമെന്നില്ല. പൂണാ രത്തിന് ആഭരണമെന്നേ അർത്ഥമുള്ളൂ. ആ അർത്ഥത്തിൽ എത്ര പ്രയോഗങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാവുന്നതാണ്.

"താനേ വൃത്താന്തമെല്ലാരൊടുമുടനറിയി-
ച്ചർജ്ജുനേന ത്രിലോകീ-
പൂണാരം താൻ കൊടുപ്പിച്ചിതു മഹിതതരാൻ
വിപ്രഹസ്തേ കുമാരാൻ"
(നാരായണീയം പ്രബന്ധം)

അതിനാൽ വെൺപലനാട്ടിനു ഒരു അലങ്കരമായ ഉണ്ണുനീലി എന്നു മാത്രമേ ഇവി ടെ കവി വിവക്ഷിച്ചിട്ടുള്ളൂ. മി. പി. കെ. നാരായണപിള്ളയും ഈ അഭിപ്രായത്തോ ടു യോജിക്കുന്നു.

"ഉണ്ണുനീലി വർണ്ണനയിൽ 'പൂമാതിൻ നയനാന്ത' ഇത്യാദി ശ്ലോകത്തിന് മഹാലക്ഷ്മിയുടെ കടാക്ഷവിലാസരംഗവും, ഭൂമിക്കു പീയൂഷദീപവും, മണികണ്ഠരാ ജാവിന്, അതായത് വെൺപലനാട്ടിന് ആഭരണവും, കാമദേവന്റെ കുലദേവത യും ആയ ഉണ്ണുനീലി എന്ന് അർത്ഥം പറഞ്ഞാൽ മതിയാകുന്നതാണ്. അങ്ങിനെ ചെയ്യുന്നതാണ് യുക്തം. സകലലോക വ്യാപിനിയാണല്ലോ മഹാലക്ഷ്മി. അങ്ങ നെയുള്ള ദേവിയുടെ കടാക്ഷലക്ഷ്യമാകയാൽ ഉണ്ണുനീലി ത്രൈലോക്യത്തിൽ വച്ച് വിശിഷ്ടയാണെന്ന് കാണിച്ചു. ത്രൈലോക്യത്തിന്റെ അംശമായ ഭൂമിയുടെ കാര്യമാ ലോചിച്ചാൽ ഭൂമിക്ക് അവൾ അമൃതദീപമാണെന്നു പറഞ്ഞു. അതിലും ചുരുങ്ങിയ വെൺപലനാടു നോക്കിയാൽ അതിന് അവൾ അലങ്കാരമാണെന്ന് വർണ്ണിച്ചു.

ഇങ്ങനെ സ്ഥലവ്യാപ്തി കുറയുന്തോറും നായികയുടെ മെച്ചം കൂടുതലായി കവി സൂചിപ്പിക്കുന്നു. അല്ലാതെ മണികണ്ഠന്റെ ഭാര്യയാണ് നായിക എന്നിവിടെ വ്യാഖ്യാനിക്കാമെന്നു തോന്നുന്നില്ല."

ഇനി നായകൻ ഇളയരാജാക്കന്മാരിൽ ഒരാൾ ആയിരിക്കാമെന്നു വിചാരിക്കുന്നതായാലും അല്പം വൈഷമ്യം ഉണ്ട്. എന്തുകൊണ്ടെന്നാൽ "മുണ്ടയ്ക്കൽ ചെന്റിനിയ വിരഹവ്യാകുലമാമുണ്ണുനീലീം" എന്ന ശ്ലോകത്താൽ പ്രതിപാദിതമായ രീതിയിൽ നായകൻ കാരണവനായ വലിയ രാജാവിനോട് നായികാ വൃത്താന്തം അറിവിക്കുന്നതിന് സന്ദേശഹരനോട് ആവശ്യപ്പെടുമായിരുന്നില്ല. ആദിത്യവർമ്മ കൊല്ലത്തു ചെല്ലുമ്പോൾ, യാത്രാവിവരമൊക്കെ മാമ്പള്ളിയെക്കൊണ്ട് അറിവിക്കയല്ലാതെ നേരിട്ട് പറഞ്ഞു പോകരുതെന്ന് നിഷ്കർഷിച്ച നായകൻ ആചാരാനുചിതമായ വിധത്തിൽ സ്വന്തം കാരണവരോട് ഈ വിധം പറയാൻ ഉപദേശിച്ചുകാണുമെന്ന് എങ്ങനെ വിചാരിക്കാം? അതിനും പുറമേ, മണികണ്ഠനാമം വെൺപല നാട്ടുരാജാക്കന്മാർക്കുള്ള സാധാരണ നാമവുമല്ലായിരുന്നു. കോതവർമ്മൻ, ഇരവി മണികണ്ഠൻ, രാമവർമ്മൻ എന്ന മൂന്നു പേരെപ്പറ്റി ഉത്തരസന്ദേശത്തിൽ പ്രതിപാദിച്ചു കാണുന്നതു നോക്കുക. അവരെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതു തന്നെ, അവരോട് നായകന് യാതൊരു ബന്ധവുമില്ലാത്ത രീതിയിലാണുതാനും.

കാവ്യത്തിലെ നായകൻ മണികണ്ഠൻ തന്നെയാണെന്നും അദ്ദേഹത്തിന്റെ നിര്യാണ ശേഷം ഉണ്ണുനീലിയുടെ ഭർത്താവായിത്തീർന്ന ഒരു ചാക്യാരായിരിക്കണം കവിയെന്നും ആണ് വേറൊരു അഭിപ്രായമുള്ളത്. ഇങ്ങനെ ചാക്യാരിൽ ഏതദ് ഗ്രന്ഥ കർതൃത്വം ആരോപിക്കുന്നതിനു ഹേതുവായ സംഗതി.

"കണ്ടോമല്ലോ തളിയിലിരുവംകൂത്തു നമന്റൊരിക്കൽ
തൈവം കെട്ടാളൊരു തപതിയാർനങ്ങയാരെന്നെനോക്കി;
അന്യാസഗോൽ കിപമി കലുഷാ പ്രാകൃതംകൊണ്ടവാദീൽ
പിന്നെകണ്ടീലണയെ വിവശം വീർത്തുമങ്ങിന്റെ നിന്നെ."

എന്നുള്ള കൂടിയാട്ടപ്രസ്താവമാണ്. ഈ വിഷയത്തിൽ അങ്ങിനെ ഒരു അഭിപ്രായത്തിന് അവകാശമേ ഇല്ല.[15] നായകനായ സംവരണൻ വാസ്തവത്തിൽ തപതിയെ ഉദ്ദേശിച്ച പറയുന്ന 'ചകിതനയനാം ചുംബസ്യംസേ' എന്നു മുതലായ വാക്കുകൾ അന്യസ്ത്രീയേ ഉദ്ദേശിച്ച പറയുന്നതാണെന്ന് തെറ്റിധരിച്ചു. തപതിയുടെ ആത്മഗദവാക്യമായ "മമഹ അഹോ ദേ അവിവേ ഓ ( മന്മഥ അഹോ തെ അവിവേകഃ) എന്നു തുടങ്ങുയ പ്രാകൃതഭാഷാ ഭാഗം തപതീവേഷം ധരിച്ച നങ്ങയാർ സദസ്സിലേയ്ക്ക് നോക്കി പറയുമ്പോൾ യദൃശ്ചയാ ആ നങ്ങയാർ സദസ്സിൽ ഞാനിരിക്കുന്ന ഭാഗത്തേയ്ക്ക് നോക്കീട്ടാണ് പറഞ്ഞത് എന്ന് താൽപ്പര്യം. സന്ദേശനായകൻ, വേഷം കെട്ടിയ ചാക്കിയാരല്ല. കാഴ്ച്ചക്കാരനായി വന്നവരിൽ ഒരാളാണെന്നുള്ളത്

15 Introduction to Unnuneeli Sandesam.

'കണ്ടോമല്ലേ തളീയിരുവംകുത്തു' എന്നതിനാൽ സ്പഷ്ടവുമാണ്. അന്യസംഗകലുഷയായ തപതിയുടെ വാക്ക് സംവരണനോട്ട് മട്ടിലുള്ളതല്ല, ആത്മഗതവുമാണ് . അതുകൊണ്ട് ആ ശ്ലോകാർത്ഥം ശരിയായി ധരിക്കാഞ്ഞതുകൊണ്ടാണ് സന്ദേശനായകനും കവിയും ഒരു ചാക്കിയാരായിരിക്കണമെന്ന് തെറ്റിദ്ധാരണയ്ക്കു തന്നെ സംഗതിയായത്". മി: പിഷോരടിയുടെ ഈ അഭിപ്രായത്തോട് വിയോജിക്കുവാൻ ന്യായം കാണുന്നില്ല.

കവിയുടെ സ്വഭാവംകൊണ്ട്, അതിന്റെ കർത്താവ് ഒരു മലയാള ബ്രാഹ്മണനായിരുന്നുവെന്ന് ഊഹിക്കാം.

"കാമോന്മാദാൽ കനിവോടു മറഞ്ഞു് വശീ നിർവിശങ്കം
ഭ്രമൗ ഭ്രമീശ്വരനിൽ മരുവീടിന്റെ നാൾ വിക്രമാഖ്യേ;
ഉണ്ടാകീപോലഴകിലവൾ പാകത്തുനിന്റുത്യദാരം
തണ്ടാർ മാതിൻ കുലനിലയമാം വംശമേതൽ പൃഥിവ്യാം"

എന്നിങ്ങനെ ഉണ്ണുനീലിയുടെ വംശത്തെപ്പറ്റി പറഞ്ഞിരിക്കുന്നതുകൊണ്ടു തന്നെ അങ്ങനെ ഒരു ഊഹത്തിന് വഴി കിട്ടുന്നു.

തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരെ വഴിമേൽ കുലീന സ്ത്രീകുലത്തിൽ ഉൾപ്പെടുത്താൻ സംശയിക്കേണ്ട അനേക സ്ത്രീ ജനങ്ങളുമായി അനാശാസ്യമായി പരിചയപ്പെട്ട ഒരു മനുഷ്യനാണ് നായകൻ. "എണ്ണറ്റീടും ഗുണ സമുദയം ചേർന്നിണങ്ങും കുറുങ്ങാട്ടുണ്ണിച്ചക്കിക്കടൽ വനിതയാം മൽപ്രിയാ പ്രേമബന്ധോ" ഇത്യാദി ശ്ലോകങ്ങൾ നോക്കുക. 'നായകൻ നാടോടിയായ ഒരു കേരളബ്രാഹ്മണനാണെന്ന് വിചാരിക്കുന്നത് കുറേക്കൂടി യുക്തമായിരിക്കും' എന്നിങ്ങനെ മി: പി കെ. നാരായണപിള്ള നായകനെപ്പറ്റി പറഞ്ഞിരിക്കുന്നത് കവിയെ സംബന്ധിച്ചാക്കിയാൽ കുറേക്കൂടി യോജിക്കുമെന്ന് തോന്നുന്നു. ഒരു മലയാള ബ്രാഹ്മണനല്ലാതെ ആദിത്യവർമ്മയെ സന്ദേശഹരനാക്കി ഒരു കാവ്യം നിബന്ധിക്കുന്നതിന് ധൈര്യം ഉണ്ടാകുമായിരുന്നോ എന്നു സംശയമാണ്. ആ ബ്രാഹ്മണന് ആദിത്യവർമ്മയോട്ട് അടുത്തു സ്വതന്ത്രമായി പെരുമാറത്തക്കവണ്ണമുള്ള സ്നേഹബന്ധവും ഉണ്ടായിരുന്നിരിക്കാം കവിയ്ക്ക് കൊല്ലം രാജകുടുംബത്തോടുള്ള വേഴ്ചയും ബഹുമാനവും പ്രസ്തുത കാവ്യത്തിൽ പ്രകടമായിരിക്കുന്നുമുണ്ട്. കൊല്ലത്തേയും രവിവർമ്മ ചക്രവർത്തിയേയും പറ്റി, സന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നതെങ്ങിനെയെന്നു നോക്കുക.

"ഏഷാ ഭൂഷാമണിരിവ ഭുവോ ഹന്ത വേണാടർകോനും
നീയും പാലിച്ച പഗതഭയം വർദ്ധിതാ നാളിൽ നാളിൽ;
ഇന്ദ്രോപേന്ദ്രക്ഷപിതദനുജോപദ്രവാമദ്യ മന്യേ
നാണിക്കിന്റോളമര നഗരീം നാമമാത്രാവശേഷാം

രമ്യശ്രീമന്നയനസുഭഗം മറ്റമോരോപദാർത്ഥാ-
ന്നാട്ടാർ വർണ്ണിപ്പതു പുനരിദം കേവലം കൊല്ലമെന്റേ;

എന്റാലീരേഴുലകിലുമിതിന്നൊപ്പമില്ലെന്റു ചൊൽവാൻ.
തൊല്ലം കൊല്ലം ഭവതു നിതരാം പിന്നെയും കൊല്ലമേവ.
അർത്ഥിശ്രേണിക്കഭിമതഫലം നൽകുവാൻ പാരിജാതം
വിദ്വൽ പതമാകരദിനകരം വിശ്വലോകൈകദീപം;
മുറ്റിക്കൂടും പെരിയ പരചക്രേഷു ചക്രായമാണം
കുറ്റക്കാർമൽ പുരികുഴലിമാർ മാരനേക്കാണ്ക പിന്നെ."

രവിവർമ്മ ചക്രവർത്തിയുടെ സദസ്യരായി കവിഭൂഷണൻ, സമുദ്രബന്ധൻ മുതലായ ബിരുദങ്ങളോടുകൂടിയ പല കവികൾ ഉണ്ടായിരുന്നതിനാൽ, അവരിൽ ഒരാൾ തന്നെ ആയിരിക്കാം ഉണ്ണുനീലിസന്ദേശ കർത്താവ് ലീലാതിലക്കാരനും ഉണ്ണുനീലി സന്ദേശകർത്താവും ഒരാൾ തന്നെ ആയിരിക്കില്ലേ എന്നു ശങ്കിപ്പാനും വഴിയുണ്ട്.

## കവിയുടെ കാലം

"വ്യായാമം കൊണ്ടഴകിലുദിതാമോദമുച്ചൈശ്രവാവി-
ന്നായാസം ചെയ്തമലതുരഗം നീ കരേറും ദശായാം;
പ്രാണാപായം കരുതിന തുലിക്കൻ പടക്കോപ്പിനെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാർത്തുചെന്റ്."

എന്നു സന്ദേശത്തിൽ തുലുക്കൻ പടയെപ്പറ്റി ഒരു പ്രസ്താവം കാണുന്നതുകൊണ്ടും പ്രസ്തുത കൃതിയുടെ കാലം മാലിക്കാഫരുടെ ആക്രമണകാലമായ 1131- നു ശേഷമായിരിക്കണം.

"നാരീമൗലേ മമ മലർമകൾക്കങ്ങിരിപ്പാന്തിരുപ്പാ-
പ്പൂരെന്റില്ലം വെരളുമിളമാൻകണ്ണി വേണാട്ടിലേക്ക്;
താരാനാഥപ്രതിമ വദനേ, പേരുമാതിച്ചർമ്മൻ
പാരേറീടും പുകളി രവിവർമ്മനു രണ്ടാമവൻതാൻ"

എന്ന പദ്യത്തിൽ നിന്ന്, ആദിത്യവർമ്മ, രവിവർമ്മചക്രവർത്തിയുടെ നേരെ അനുജനായിരുന്നുവെന്നു തെളിയുന്നു. അതിനാൽ സന്ദേശകാലം മാലിക്കാഫരുടെ ആക്രമണത്തിനും ആദിത്യവർമ്മയുടെ സിംഹാസനാരോഹണത്തിനും ഇടയ്ക്കാണെന്നു തീർച്ചയാണ്.

തിരുവമ്പാടി ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ വടക്കേ ഭിത്തിയിൽ,

"സിംഹസ്ഥേ ച ബൃഹസ്പൗ സമകരോ-
ബ്ദേ ച ചോളപ്രിയേ
ഗോശാലാം ച സുദീപികാഗൃഹമഹോ
കൃഷ്ണാലയം മണ്ഡപം;

ഭക്ത്യ ചൈവ യശോർത്ഥമപ്യതിതരാം
ധർമ്മാർത്ഥമപ്യാദരാൽ
സ്യാനന്ദൂരപുരേ സുകീർത്തിസഹിത-
സ്സർവാംഗനാഥോ നൃപഃ"

എന്ന് ഒരു ശാസനം കാണുന്നുണ്ട്. അതിൽ നിന്ന് അതിന്റെ കാലം ക്രിസ്താബ്ദം 1296-ന് കൊല്ലവർഷം 449-550 ആണെന്നും, അത് ഒരു സർവാംഗനാഥന്റേതായിരുന്നുവെന്നും മനസ്സിലാക്കാം. എന്നാൽ ആ സർവാംഗനാഥൻ ആദിത്യവർമ്മയായിരിക്കണമെന്നില്ല. സർവ്വാംഗനാഥബിരുദം അനേക രാജാക്കന്മാർക്കുണ്ടായിരുന്നുവെന്നു വരാം.

എന്നാൽ തിരുവമ്പാടിക്ഷേത്രത്തിന്റെ തെക്കേ ഭിത്തിയിൽ കാണുന്ന,

"സ്വസ്തി ശ്രീഃ,
ശ്രീഗോഷ്ഠകൃഷ്ണാലയമണ്ഡപാനാം
ഗവാം ച കൃഷ്ണസ്യ ച ഭൂസുരാണാം;
നിവേശനാർത്ഥം കൃതവാൻ നവത്വ-
മാദിത്യവർമ്മാ പരവീരവീരഃ"
"അഹോ! ദൃഷ്ടാ ച ഗോശാലാഹ്യഹോ! ദൃഷ്ടഞ്ച മണ്ഡപം;
അഹോ! കൃഷ്ണാലയം ദൃഷ്ടമഹോ! വക്ഷ്യാമി കിംസഖേ!
ആദിത്യവർമ്മണാ രാജ്ഞാ കൃതമേതത്ത്രയം ജനാഃ;
പശ്യന്തു സസ്പൃഹം നിത്യം ഭജദ്ധ്വം കൃഷ്ണമാദരാൽ."

എന്ന പദ്യങ്ങളിൽനിന്ന് അദ്ദേഹം ആദിത്യവർമ്മാഭിധനായിരുന്നുവെന്ന് സ്ഫടികം പോലെ തെളിഞ്ഞുകാണാം. എന്നാൽ ഈ ആദിത്യവർമ്മ ഇളമുറയായിരുന്ന കാലത്ത് നാടുവാണിരുന്നത് രാമവർമ്മയല്ലായിരുന്നതിനാൽ, സന്ദേശഹരൻ ആ ആദിത്യവർമ്മയല്ലായിരുന്നുവെന്നു തീർച്ചയാണ്.

വടശ്ശേരി കൃഷ്ണൻകോവിലിൽ ഇങ്ങനെ ഒരു ശാസനം കാണുന്നുണ്ട്.

"ശബ്ദജ്ഞോസ്മ്യഥ ലക്ഷ്യലക്ഷണഗുരു-
സ്സാഹിത്യസംഗീതയോഃ
സ്മൃത്യർത്ഥാത്മപുരാണാശാസ്ത്രനിഗമാൻ
ജാനേ പ്രമാണാന്യപി
ഷട്ത്രിംശത്സ്വപി ഹേതിഷു ശ്രമഗുണൈ-
ശ്ശോഭേകലാനാം കല-
ന്യഭ്യാസേ യുധി ഭൂപതീംശ്ച വിജയേ
സർവാംഗ നാഥോസ്മ്യതഃ."
"സാഹിത്യേ നിപുണാഃ കേചിൽ കേചിച്ഛാസ്ത്രേച കോവിദാഃ;
കേചിദ്ഗീതേ കൃതാഭ്യാസാഃ കേചിച്ഛസ്ത്രേ കൃതശ്രമാഃ.

ആദിത്യവർമ്മൻ, ഭവതാ സാമ്യമിച്ഛന്തി തേ കഥം?
പാരംഗതേന വിദ്യാനാമേകാം വിദ്യം സമാശ്രിതാം"

ഈ ശാസനത്തിന്റെ കാലം കൊ. വ. 508 ആയിരുന്നെന്നും തൽസ്ഥാപകൻ സർവാംഗനാഥബിരുദത്തോടുകൂടിയ ഒരു ആദിത്യവർമ്മ ആയിരുന്നെന്നും ഈ പദ്യങ്ങളിൽനിന്നു മനസ്സിലാക്കാം. 505-ലെ വൈക്കം ക്ഷേത്രഗ്രന്ഥവരിയിൽ കാണുന്ന തൃപ്പാപ്പൂർ മൂപ്പ് ആദിത്യവർമ്മ രാജാവും അദ്ദേഹം തന്നെ ആയിരിക്കണം. ഈ ആദിത്യവർമ്മ സിംഹാസനാരോഹണം ചെയ്തത് കൊ. വ. 511-ൽ ആയിരുന്നു. അതുകൊണ്ട് സന്ദേശകാലം 486-നും 511-നും ഇടയ്ക്കായിരുന്നുവെന്ന് ഊഹിക്കാം.

"അഞ്ചാംപക്കം വരമിതു തുലോം വാരവും വീരമൌലേ!
നാളും നന്റേ നളിനവനിതയ്ക്കിമ്പനേ മുമ്പിലേത്;
മേടം വേണാടരിൽ മകുടമേ! രാശിയും വാഗധീശൻ
നാലാമേടത്തയമുപഗതോ ഭൃതികാമാഖ്യയോഗം."

എന്ന സന്ദേശശ്ലോകത്തിൽനിന്ന് ആ കൊല്ലം കർക്കടകവ്യാഴമായിരുന്നുവെന്നു വ്യക്തമാകുന്നു "സിംഹസ്ഥേ ചബൃഹസ്പതൗ" എന്ന ശാസനത്തിൽനിന്ന് 549-ൽ വ്യാഴം കർക്കടകത്തിലായിരുന്നുവെന്ന് അറിയാമെന്നുവരികിലും, അക്കാര്യം സ്വീകാര്യമല്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 486-നും 511-നും ഇടയ്ക്കുള്ള ഒരു കർക്കടകവ്യാഴം ആണ് നമുക്കുകിട്ടേണ്ടത്. ഇവിടെ ഒരു ആക്ഷേപം ചിലർ പറയാറുണ്ട്. 'അഞ്ചാം പക്കം' ഇത്യാദി ശ്ലോകത്തെ ഗൗരവമായി വിചാരിച്ച് കാലം നിർണ്ണയിക്കാൻ പാടില്ലെന്നാണ് ആ ആക്ഷേപം. 'പക്കവും നാളും വാരവും ഗ്രന്ഥനിർമ്മാണം ചെയ്യാറുള്ളത്?' എന്ന് ചില പണ്ഡിതന്മാർ ചോദിക്കുന്നു. എന്നാൽ ഇവിടെ ഗണിച്ചോ പഞ്ചാംഗം നോക്കിയോ അറിയേണ്ടതായി യാതൊന്നും പറഞ്ഞിട്ടില്ല. ആണ്ടുകളുടെ പ്രഭവവിഭവാദി നാമങ്ങൾപോലും പണ്ടുള്ളവർക്കെല്ലാം അറിയാമായിരുന്നു. മലയാളികൾ ഓരോ വർഷത്തേയും കർക്കടവ്യാഴം, മകരവ്യാഴം ഇങ്ങനെയുള്ള പേരുകളാലാണ് പറഞ്ഞുവന്നത്. വ്യാഴം ഉച്ചസ്ഥനായോ നിചസ്ഥനായോ ഇരിക്കുന്ന വർഷങ്ങൾ അവർ പ്രത്യേകിച്ച് ഓർക്കാതിരിക്കുകയുമില്ല. അതുപോലെ തന്നെ നാളും പക്കവും അറിയാത്തവരും ചുരുക്കമായിരുന്നു. അതിനുംപുറമേ നമ്മുടെ കവി ശുഭമുഹൂർത്തം നോക്കി കാവ്യനിർമ്മാണത്തിന് ഇരുന്നതായി വിചാരിക്കുന്നതിൽ ആക്ഷേപവുമില്ല. എന്നാൽ, ഇവിടെ നാളും പക്കവും തിഥിയും ഒന്നും നോക്കേണ്ട ആവശ്യവുമില്ല. എന്തുകൊണ്ടെന്നാൽ 485 മുതല്ക്ക് 511-വരെയുള്ള ഇരുപത്തിയാറു കൊല്ലങ്ങൾക്കിടയിൽ കർക്കടകവ്യാഴം 490 മേടം ആയിരുന്നുവെന്ന് നിസ്സംശയം പറയാം.

## ഗ്രന്ഥത്തിലെ വിഷയം

ഏറ്റുമാനൂർനിന്നു വടക്കുമാറി സിന്ധുദ്വീപം അഥവാ കടത്തുരുത്ത് എന്നൊരു സ്ഥലമുണ്ട്. അവിടെ വീരമാണിക്കത്ത് എന്നുകൂടി പേരുള്ള മുണ്ടയ്ക്കൽ എന്നൊരു ഭവന

മുണ്ടായിരുന്നു. ആ ഗൃഹത്തിൽ, ഉണ്ണുനീലി എന്നൊരു സ്ത്രീ തന്റെ ഭർത്താവുമായി ഉറങ്ങിക്കൊണ്ടിരിക്കേ ഒരു യക്ഷി വന്ന് നായകനെ എടുത്ത് ആകാശമാർഗ്ഗേണ തെക്കോട്ടു പുറപ്പെട്ടു. തിരുവനന്തപുരത്തിനു നേരേ മുകളിൽ എത്തിയപ്പോഴാണ് നായകൻ ഉണർന്ന് തന്റെ ദുർഘടസ്ഥിതി ഗ്രഹിച്ചത്. അദ്ദേഹം അപ്പോൾ നരസിംഹമന്ത്രം ജപിക്കയാൽ, യക്ഷി ഭയപരവശയായി അദ്ദേഹത്തിനെ അവിടെ വിട്ടിട്ടു പൊയ്ക്കളഞ്ഞു. വലിയ കേടൊന്നും പറ്റാതെ നായകൻ തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിനു സമീപമുള്ള ഒരു ഉദ്യാനത്തിൽ വന്നുവീണു. ദിക്കേതെന്ന് അറിയാതെ പരിഭ്രമിച്ചിരിക്കവേ, ക്ഷേത്രത്തിലെ പ്രഭാതസ്തുതി കേൾക്കയാൽ, ആ സ്ഥലം ഏതെന്ന് അദ്ദേഹം ഗ്രഹിക്കയും ക്ഷേത്രത്തിന്റെ വാതിൽ മടത്തിൽ കയറി ഇരിക്കയും ചെയ്യുന്നു. ആ അവസരത്തിൽ തൃപ്പാപ്പൂർ മൂപ്പായ ആദിത്യവർമ്മമഹാരാജാവ് അവിടെ എഴുന്നള്ളുന്നു. നായകൻ അദ്ദേഹത്തിനെ നായികയുടെ അടുക്കലേക്ക് ഒരു സന്ദേശവും കൊടുത്ത് അയയ്ക്കുന്നു. ഇതാണ് പ്രസ്തുത ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം.

## പ്രതിപാദനരീതി

കവി നല്ല ആശയസമ്പത്തിയും തദനുരൂപമായ വചോവിലാസവും ഉള്ള ആളാണെങ്കിലും ഇക്കാവ്യം സന്ദേശകവികളെ ആക്ഷേപിക്കാനായി എഴുതിയതല്ലയോ എന്നു ശങ്കിക്കാൻ വഴി കാണുന്നുണ്ട്. അസാംഗത്യത്തിൽ നിന്നു സാംഗത്യത്തെ ഉത്ഭാവനം ചെയ്ക എന്നത് ഹാസ്യത്തിന്റെ വ്യവച്ഛേദകധർമ്മങ്ങളിലൊന്നാകുന്നു. നായകൻ വക്ഷോദേശത്തിൽ സുരതവ്യാകുലയായിരുന്ന നായികയെ വഹിച്ചുകൊണ്ടു് ഉറങ്ങവേ ആണല്ലോ, യക്ഷി വന്ന് അദ്ദേഹത്തിനെ അപഹരിക്കുന്നത്. ഇവിടെ കവി ശുകസന്ദേശകാരന്റെ വിപ്രലംഭശൃംഗാരാവതരണരീതിയെ മന്ദമായി അപഹസിക്കുകയയാണു ചെയ്തിരിക്കുന്നതെന്നു തോന്നുന്നു. ഉറങ്ങിക്കിടന്നിരുന്ന നായികയെ യക്ഷി എടുത്തു മാറ്റിക്കിടത്തിയോ, അതോ നിലത്തു തള്ളിയിട്ടേച്ചു പോന്നോ എന്നുള്ളത് ദൈവത്തിനുതന്നെ അറിയാം. നരസിംഹമന്ത്രം ജപിച്ച മാത്രയിൽ, നായകൻ യക്ഷിയുടെ പിടിയിൽ നിന്ന് വിമുക്തനാവുന്നു. എന്നാൽ താഴെ വീണു നുറുങ്ങിപ്പോവാഞ്ഞതും മന്ത്രശക്തിയാലായിരിക്കുമോ? യക്ഷി പരിഭ്രമത്തിനിടയിൽ നായകനെ നിലത്തു കൊണ്ടുവെച്ചിട്ടു പോയിരിക്കയില്ല; തീർച്ച തന്നെ. ഏതാണ്ടൊരു അസ്വാസ്ഥ്യം മാത്രം നായകനു വന്നുചേർന്നതേയുള്ളൂ. അങ്ങിനെ വരുത്തിയിരിക്കുന്നത്, സന്ദേശത്തിന് അവസരം ഉണ്ടാക്കാൻ വേണ്ടി മാത്രമാകുന്നു. ആപദ്ഗർത്തത്തിൽ പതിച്ചിരിക്കുന്ന അവസരത്തിൽ ഭക്തിയില്ലാത്തവർപോലും ഈശ്വരനാമത്തെ സ്മരിക്കാതിരിക്കയില്ല. എന്നാൽ ‘ശ്രീപത്മനാഭ’ എന്നൊരു വാക്ക് ഉച്ചരിക്കുന്നതായി കാണുന്നില്ല. അങ്ങിനെ ഇരിക്കെ യദൃച്ഛയാ ആദിത്യവർമ്മമഹാരാജാവ് അവിടെ എത്തുന്നു. അദ്ദേഹത്തിനെ സന്ദേശഹരനാക്കി വിടാൻ ആലോചിക്കുന്ന ഘട്ടം വരുമ്പോൾ ആരും ചിരിച്ചുപോകും. ആർത്തത്രാണം രാജധർമ്മംതന്നെയെങ്കിലും ഇങ്ങനെ വിരഹഖിന്നന്മാർക്കു വേണ്ടി, ഗൗര

വമേറിയ പലേ ചുമതലകൾ വിട്ടിട്ട്, മറ്റു രാജ്യത്തേക്കു പോകുക എന്നുള്ളത്, ഒരു രാജാവിന്റെയും കർത്തവ്യകോടിയിൽപ്പെട്ടതല്ല. മുകിലപ്പടയുടെ കാലമാണ്. ആ അവസരത്തിൽ തനിച്ച് ആളകമ്പടിയൊന്നും കൂടാതെ, ഒരു കാമിയെ ആശ്വസിപ്പിക്കാനായി വടമധുരയ്ക്കു പോകുക എന്നതു സംഗതമേയല്ല.

'കാമാർത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു'

എന്നു കാളിദാസൻ പറഞ്ഞിരിക്കുന്ന സമാധാനം ഇവിടെ യോജിക്കുന്നില്ല. 'എവിടെ കാമുകനാം വിവേകം'? എന്ന് നമ്മുടെ കവിയും കാളിദാസനെ അനുകരിച്ചു ചോദിക്കുന്നുണ്ട്. പക്ഷേ ഈ രണ്ടു കല്പനകൾക്കും തമ്മിൽ അജഗജാന്തരമുണ്ട്. ഏതു നിലയിലുള്ള ഏതു കാമുകനായിരുന്നാലും, മഹിതപ്രഭാവനായ ഒരു രാജാവിനോട് ഇങ്ങനെ പറയുന്ന കാര്യം സംഭാവ്യമേയല്ല. "ഈ രണ്ടു കാവ്യങ്ങളിലേയും നായികമാരുടെ നിലകൾക്കുള്ള ഉൽക്കർഷതാരതമ്യം രസജ്ഞന്മാർക്കുപോലും നല്ലവണ്ണം ആലോചിച്ചേ തീർച്ചപ്പെടുത്താൻ സാധിക്കൂ" എന്നു അഭിജ്ഞോത്തമനായ പ്രസാധകൻ പറഞ്ഞിരിക്കുന്നതിനോടു വിയോജിക്കാനേ തരമുള്ളു. ഉണ്ണുനീലി സന്ദേശം ഒരു ഹാസ്യകവനമല്ലെങ്കിൽ, അതിലെ നായികയെക്കാൾ തീർച്ചയായും മേഘസന്ദേശത്തിലെ നായികയുടെ നിലയ്ക്കുള്ള പുനസ്സമാഗമത്തിൽ പ്രത്യാശ വേരോടെ അറ്റു പോകത്തക്ക നിലയിലാണല്ലോ ഇവിടെ നായകനെ വേർപെടുത്തിയിരിക്കുന്നതും. മേഘസന്ദേശ നായികയ്ക്ക് ഒരു കൊല്ലത്തെ വിരഹദുഃഖമേ അനുഭവിക്കേണ്ടതായിട്ടുള്ളു എന്നു വരുത്തിയിരിക്കുന്നതുകൊണ്ട്, അതിന്റെ കാഠിന്യത്തിന് ഒരു കുറവും വരുന്നില്ല. ഉണ്ണുനീലിസന്ദേശത്തിലെ നായകനാകട്ടെ, ഒരു സന്ദേശം അയയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നോ എന്നതന്നെ സംശയമാണ്. ഇങ്ങനെയുള്ള അസാംഗത്യങ്ങളിൽനിന്നൊക്കെ വന്നുകൂടുന്നത് കവി തന്റെ സ്വാമിയും സഖാവുമായിരുന്ന ആദിത്യവർമ്മ മഹാരാജാവിന്റെ പ്രേരണ അനുസരിച്ച് ഈവിധം ഒരു ഹാസ്യകവനം രചിച്ചതായിരിക്കണമെന്നു മാത്രമാണ്. 'ആറല്ലോ ചൊല്ലാരസരണൗ സംസ്കൃതപ്രാകൃതനാം' എന്നു തുടങ്ങി ഏഴെട്ടു ശ്ലോകങ്ങൾ കവി സന്ദേശഹരന്റെ സ്തുതിക്കായിച്ചെലവഴിച്ചിരിക്കുന്നതു തന്നെ മഹാരാജാവ് അദ്ദേഹത്തിന്റെ സ്വാമിയായിരുന്നു എന്നുള്ളതിന് ഒരു ലക്ഷ്യമാകുന്നു. സന്ദേശഹരന്റെ പരാക്രമങ്ങളും മറ്റും വർണ്ണിച്ചിട്ട് ഈ കാവ്യത്തിൽ യാതൊരു പ്രയോജനവുമില്ലല്ലോ. അദ്ദേഹത്തിന്റെ പരോപകാരതല്പരതയെ മാത്രമേ പ്രശംസിക്കേണ്ടതായിട്ടുള്ളു. അതാതു സ്ഥലവർണ്ണനകളിലും, ഗൗരവം വിട്ട്, കവി കണ്ട പെണ്ണുങ്ങളുടെ കഥകളൊക്കെ എടുത്തുപറഞ്ഞിരിക്കുന്നതും നമ്മുടെ ഈ അഭ്യൂഹത്തെ ബലപ്പെടുത്തുന്നു.

എന്തായിരുന്നാലും കവി സാമാന്യനല്ലായിരുന്നു. പ്രശംസനീയമായ കവിതാകൗശലം എല്ലാ ദിക്കിലും കാണുന്നുണ്ട്. "ഗ്രന്ഥം മുഴുവൻ വായിച്ചുതീരുമ്പോൾ പ്രസ്തുത കവിയുടെ വാഗ്വിലാസവും പദയോജനയിൽ ഉള്ള മധുരകോമളമായ പാടവവും വർണ്ണ്യാനുരൂപമായ വചനകൗശലവും വാച്യസൂച്യങ്ങളുടെ സമ്മിശ്രണവും എളുപ്പത്തിൽ വിട്ടുമാറാൻ ഭാവമുള്ളതായി തോന്നിയില്ല" എന്ന് മി: പി. കെ. നാ

രായണപ്പിള്ള പറഞ്ഞിട്ടുള്ളതു പരമാർത്ഥംതന്നെയാണ്. ‘പടുകൊലക്കാരി’യായ വസന്തത്തിനെ കവി വർണ്ണിച്ചിരിക്കുന്നതു നോക്കുക.

“തേന്മാവിന്മേൽപ്പരഭൃതകുലം ഭൃംഗമാലാകലാപം
മാരൻകൂരമ്പുള ചുഴലവും ചെമ്പകക്കാവുതോറും;
തെന്റൽക്കന്റുണ്ടിനിയ ബകുളേ കിംശുകേ കിംശുകാളീ
നാളീകത്താർനളിനിയിലവന്നെങ്ങു നോക്കാവുതെന്റ്.
കോകശ്രേണീവിരഹനിഹിതം തീനുറങ്ങെന്റപോലെ
തുകിത്തുകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടെ;
സ്തോകോന്മീലന്നളിനതെളിതേൻ കാളക്കുകടാംബു കോരി-
ത്തേകിത്തോകപ്പവനനവനെച്ചെന്റുകൊന്റാൻ തദാനീം.”

കവി ഒരു ഭക്തൻ കൂടിയായിരുന്നുവെന്ന്,

“കാലിക്കാലിൽത്തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽ കലിതചികുരം പീതകൗശേയവീതം;
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലന്തവനിയതവും കോയിൽകൊൾകെങ്ങൾചേതഃ”

കോൾമയിർക്കൊള്ളാതെ ഈ പദ്യത്തെ ആർക്കും വായിക്കാൻ സാധിക്കയില്ല.

ഉത്തരസന്ദേശം അതിമനോഹരമായിട്ടുണ്ട്. ഉണ്ണുനീലിയുടെ വിരഹദശയെ വർണ്ണിക്കുന്ന ഭാഗത്തുനിന്നും ചില ശ്ലോകങ്ങളെ ഇവിടെ ഉദ്ധരിക്കാം.

“എന്നോടുണ്ടാം പ്രഥമവിരഹവ്യാകുലം നൂനമിന്നോ
തന്വീമാലാ ശിശിരമഥിതം താമരപ്പൊയ്കപോലെ;
അന്യാകാരം വഹതി തിരുമെയ് മിക്കവാറും മൃഗാക്ഷി
മുന്നേ ലക്ഷ്മീം കിമു കുമുദിനീ യാതി ശീതാംശുഹീനാ.
കണ്ടിക്കാർമൽകുഴലിടകലർന്നങ്ങു ചിക്കിത്തുവർത്താ-
ഞ്ഞുണ്ടേപ്പാനായുടനുടനെഴും ദീർഘനിശ്വാസഖിന്നാ,
തൊണ്ടിച്ചെവ്വായ് നയനശഫരീനീലതാം നീലനേത്രം
തൊണ്ടിച്ചെവ്വാവടിവുമിയലാമശ്രുപാതാതിരേകാൽ.
വേണശ്രീമന്മധുരവചനാം വീരമൗലേ സഖീം തേ
കാണക്കൂടുമ്പൊഴുതറിയലാമെങ്കിലും പങ്കജാക്ഷീം;
ക്ഷീണക്ഷീണാം വിഗതഹരിണാമിന്ദ്രദിക് ചന്ദ്രരേഖാം
കാണുന്നേരത്തതു കരുതിനോരന്യഥം മന്നിലാർപോൽ.
മറ്റും ചൊല്ലാം കുശൽമനസിജക്ലേശിനീം കുററുപ്പാൻ
ചുറ്റും മേവും നിജസഹചരീവർഗ്ഗമെൻവാർത്തകൊണ്ട്;
മുറ്റും മാദ്ധ്വീം ചെവി നിറയുമാറങ്ങു തൂവും ദശായാ-

മിറ്റിറ്റോലും നയനസലിലം വീക്ഷതേ പ്രാണനാഥാ,
നീലക്ഷൗമം പുറ പുറയുമിട്ടുത്തമേ മെത്തമേലാ
നീലപ്പാത്തിൻ പരിചെഴുമിളത്തുയലാം ത്തലഭാജി
ചാലത്താലുറ്റടന്നടന്നരുണ്ട സ്ഥിരസ്ഥനശയ്യാ
തോലിത്താഴത്തവശപതിതാ രോദിതി പ്രാണനാഥാ.
പണ്ടേപ്പോലെതെളിവിനൊടുണർന്നൊന്റെഴുന്നിറ്റിരുന്നേ
വണ്ടാർകോലക്കുഴലഴി കുളിർത്തൊന്റു നോക്കീട്ടു മന്ദം;
കേഴാതെ നീ കുളികുറിയിടെന്റിങ്ങനേ ചൂഴനിന്റ-
ത്തോഴീവർഗ്ഗേ വദതി ശയിതാ വാഥ കേളാതപോലെ.
ദേവീം നിദ്രാമഭിമതഫലപ്രാപണേ കല്പവല്ലീ-
മാവാഹിപ്പാൻ വദനകമലേ പീഠപൂജാം നിധായ;
സേവാഖിന്നാം നിജപരിജനം പോയ്ക്കിടക്കെന്റുണർത്തി-
പ്പൂവാർകോലക്കുഴലി വേറുതേ മീലയന്തീ ദൃശൗ വാ.
ദേവീ നിദ്രാമുപഗതവതീ ചാലനാൾ വേറിരുന്നോ-
രെന്നെക്കണ്ടിട്ടുപഗതമഹാനന്ദസന്ദോഹവേഗാൽ;
അർദ്ധാശോഷ സരഭസമുണർന്നാകുലാ ശോകസന്ധൗ
പണ്ടേതിൽക്കാൾ മുഴുകി മുറയിട്ടങ്ങനേ സംസ്ഥിതാ വാ."

## 20 പുനം നമ്പൂരി

ഇദ്ദേഹം കോഴിക്കോട്ടു മാനവിക്രമ ശക്തൻതമ്പുരാന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന പതിനെട്ടരക്കവികളിൽ ഒരാളായിരുന്നുവെന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

"താരത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോമണ്ഡലീ! ചണ്ഡഭാനോ!
നേരെത്താതോരുനിയ്യാതൊടുകുറികളയായ്യെന്നുകളിക്കും-
നേരത്തിന്നപ്പുറം വിക്രമനൃവര! ധര ഹന്ത! കല്പാന്തതോയേ"

എന്ന ശ്ലോകം പുനം നമ്പൂരിയുടേതാകുന്നു. എന്നാൽ മാനവിക്രമൻ എന്ന പേരോടു കൂടിയ ശക്തൻ തമ്പുരാക്കന്മാർ കോഴിക്കോട്ട് ഒന്നിലധികമുണ്ടായിരുന്നു. മങ്ങാട്ടച്ചന്റെ ഉപദേശാനുസൃതം പോർലാതിരി, വെള്ളാട്ടിരി മുതലായ രാജാക്കന്മാരെ പട വെട്ടി കീഴടക്കിയ സാമൂതിരി, ശക്തൻ എന്ന ഉപാധിയോടു കൂടിയ ഒരു രാജാവായിരുന്നു. അദ്ദേഹം പൊലനാട്ട്, ഏറനാട്ട്, നെടുങ്ങനാട് മുതലായ ദേശങ്ങളെ അടക്കി തന്റെ രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. ഇത് കൊല്ലവർഷം രണ്ടാംശതകത്തിലായിരുന്നു.

ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കൊച്ചിയെ ആക്രമിച്ച സാമൂതിരിയും ഒരു ശക്തൻ തമ്പുരാനായിരുന്നുവെന്ന് മലബാർചരിത്രത്തിൽനിന്നു കാണാം.

അദ്ദേഹമാണ് ക്രി. പി. 1498-ൽ കൊടുങ്ങല്ലൂർ വെച്ച് കൊച്ചീരാജാവുമായി ഉടമ്പടി ചെയ്തത്. ആ ഉടമ്പടിപ്രകാരം അദ്ദേഹത്തിന്, താൻ കീഴടക്കിയ ദേശങ്ങളുടെ ആധിപത്യം ലഭിച്ചുവത്രേ. കൊടുങ്ങല്ലൂർ ക്ഷേത്രം പണി കഴിച്ചതും തൃശ്ശിവപേരൂരിനെ തലസ്ഥാന നഗരിയാക്കിയതും ഈ സാമൂതിരിയായിരുന്നു. അദ്ദേഹം 1502-നും 1504-നും മദ്ധ്യേ കൊച്ചിയുമായി രണ്ടാമതും ഒരു യുദ്ധം നടത്തി വിജയം സമ്പാദിച്ചിട്ടുണ്ട്. ഇതിനു പുറമേ പോർത്തുഗീസുകാരെ എതിർത്തുനിന്നതും കോലത്തിരി രാജ്യത്ത് രാജ്യാവകാശം സംബന്ധിച്ചുണ്ടായ വഴക്കു ശമിപ്പിച്ച് ഒരു അവകാശിയെ രാജാവാക്കി വാഴിച്ചതും ഈ ശക്തൻതമ്പുരാനായിരുന്നു.

മാനവേദചമ്പുവിന്റെ കർത്താവായ സാമൂതിരിയും ഒരു ശക്തൻതമ്പുരാനത്രേ. അദ്ദേഹം 1663-ൽ കൊച്ചീരാജ്യത്തെ ആക്രമിക്കയുണ്ടായി. പുനം ഇവരിൽ രണ്ടാമത്തെ സാമൂതിരിയുടേയും അദ്ദേഹത്തിന്റെ അനുഗാമിയുടേയും സദസ്യനായിരുന്നുവെന്നു തോന്നുന്നു.

“ജംഭപ്രദ്വേഷി മുമ്പിൽ സുരവരസദസി
ത്വദ്ഗുണൗഘങ്ങൾ വീണാ-
ശ്രുംഭൽപാണൗ മുനൗ ഗായതി സുരസദൃശാം
വിഭ്രമം ചൊല്ലവല്ലേ
കുമ്പിട്ടാളുർവശിപ്പെണ്ണുകമലമുല-
ഞ്ഞൂ മടിക്കുത്തഴിഞ്ഞൂ
രംഭയ്ക്കുഞ്ചാറുവട്ടം കബരിതിരുകിനാൾ
മേനകാ മാനവേദം”

എന്ന പദ്യത്തിൽ കാണുന്ന മാനവേദൻ മാനവേദചമ്പുവിന്റെ കർത്താവായിരിക്കണമെന്നില്ല. അത് ശക്തൻതമ്പുരാന്റേയോ അദ്ദേഹം ഏറനാട്, നെടുങ്ങനാട് മുതലായ ദേശങ്ങളെ തന്റെ കീഴിൽ ഭരിക്കുന്നതിനായി ഏറാൾപ്പാട്, എടത്രാപ്പാട്, മൂന്നാർപ്പാട്, നെടുത്രാപ്പാട് എന്ന സ്ഥാനങ്ങളോടു കൂടി നിയോഗിച്ചിരുന്ന ഭാഗിനേയന്മാരിൽ ആരുടെ എങ്കിലുമോ പേരായിരുന്നു എന്നു വരാം. മാനവിക്രമൻ എന്നത് കോഴിക്കോട്ടു രാജവംശത്തിലെ രാജാക്കന്മാർക്കുള്ള മാറാപ്പേരായിരുന്ന സ്ഥിതിക്ക് മാനവേദൻ മാനവിക്രമനും രണ്ടാളായിരുന്നുവെന്നു വരണമെന്നില്ല.

പതിനെട്ടരക്കവികളിൽ ഒരാളായ ചേന്നാസ്സു നമ്പൂരി തന്ത്രസമുച്ചയം നിർമ്മിച്ചത് കൊല്ലവർഷം 604-ൽ ആയിരുന്നുവെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് പുനത്തിന്റെ കാലവും ഏതാണ്ട് അതേ കാലത്തുതന്നെ ആയിരിക്കണമെന്നും തീർച്ചയാണ്. പുനം ആ സദസ്സിൽ അരക്കവിയായി ഗണിക്കപ്പെട്ടത് അദ്ദേഹത്തിന്റെ കവിതയ്ക്കു ഗുണം കുറഞ്ഞിരിക്കുന്നതുകൊണ്ടായിരിക്കയില്ല. അദ്ദേഹം പ്രായം കൊണ്ടു മാത്രമേ അരക്കവി ആയിരിക്കയുള്ളു. രാമാഭിഷേകകാലത്ത് പറങ്കിത്തൊപ്പി ധരിച്ചും ആളുകൾ വന്നിരുന്നതായി പറഞ്ഞിരിക്കുന്നതിനാൽ ആ കാവ്യം രചിച്ചത്, വാസ്കോഡിഗാമയുടെ ആഗമനകാലമായ 673-നു ശേഷമായിരിക്കണം.

ഈ ഒരു തെളിവുകൊണ്ടുതന്നെ, പുനം ചേന്നാസ്സനമ്പൂരിയെക്കാൾ വളരെ ചെറുപ്പമായിരുന്നുവെന്ന് ഊഹിക്കാം. ഏതായാലും പുനം നമ്പൂരി ഉള്ളൂർ മി. പരമേശ്വരയ്യരും, കോളത്തേരി മി. ശങ്കരമേനോനും വിചാരിക്കുംപോലെ ആറാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നുവെന്ന് ഊഹിപ്പാൻ ഒരു നിവൃത്തിയുമില്ല. മി. ശങ്കരമേനോൻ പറയുന്നു:-

"ഈ പ്രൗഢഗ്രന്ഥം എഴുതിയ കാലത്ത് നമ്പൂരിക്ക് 50 വയസ്സിൽ കുറവില്ലെന്നു വിചാരിക്കുന്നതിൽ വലിയതെറ്റു വരുമെന്നു തോന്നുന്നില്ല. അതുകൊണ്ട് പുനത്തിനും അക്കാലത്ത് ഏതാണ്ട് അത്രതന്നേ വയസ്സ കാണും. അങ്ങിനെയാണെങ്കിൽ പുനം നമ്പൂരി കൊല്ലവർഷം 580-നു ശേഷം പ്രബന്ധരചനയിൽ ഏർപ്പെട്ടതായി വിചാരിക്കാം."

ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന പ്രൗഢഗ്രന്ഥം തന്ത്രസമുച്ചയമാണ്. അങ്ങിനെ ഒരു ഗ്രന്ഥം രചിക്കുന്നതിന് 50 വയസ്സിനു മേലേ സാധിക്കയുള്ളു എന്നു ഖണ്ഡിച്ചു പറയത്തക്ക വൈദ്യശാസ്ത്രപരിജ്ഞാനമോ ജ്യോതിശ്ശാസ്ത്രനൈപുണിയോ ഈയുള്ളവനില്ല. എന്നാൽ മുപ്പതു വയസ്സ തികയുന്നതിനു മുമ്പ് ഇതിനെക്കാൾ സഹസ്രാധികം മടങ്ങ് പ്രൗഢങ്ങളായ ഒട്ടുവളരെ ഗ്രന്ഥങ്ങളെ ഓരോരുത്തർ രചിച്ചിട്ടുള്ളതായി നാം അറിയുന്നുണ്ട്; ശങ്കരഭാഷ്യം മുതലായവതന്നെ അതിനു ലക്ഷ്യങ്ങളാകുന്നു. മി: ശങ്കരമേനോന്റെ ഊഹം ശരിയാണെങ്കിൽ, പോർത്തുഗീസുകാരുടെ വരവുകാലത്ത്, അദ്ദേഹത്തിന് 120-ൽപരം വയസ്സ് കാണണം. അതുകൊണ്ട് പുനം കേവലം പ്രായംകൊണ്ടു മാത്രം അരക്കവിയായി ഗണിക്കപ്പെട്ടതാണെന്നും അദ്ദേഹം ജീവിച്ചിരുന്നത് 600-നും 700-നും മദ്ധ്യേ ആയിരുന്നുവെന്നും മാത്രമേ തൽക്കാലം തീർച്ചപ്പെടുത്താൻ സാധിക്കയുള്ളൂ.

പുനത്തിന്റെ പേരും ജീവിതത്തെ സംബന്ധിച്ച വിവരങ്ങളും ഇപ്പോഴും അജ്ഞാതപ്രായമായിരിക്കുന്നു. ഈയിടയ്ക്ക് ഭരതചരിതം എന്നൊരു കേരളീയ കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ കർത്താവ് ഒരു കൃഷ്ണകവിയായിരുന്നുവെന്നും നമുക്കറിയാം. ചന്ദ്രോത്സവത്തിലും ആ കൃതിയിലും പൂർവകവികളെ സ്മരിച്ചിരിക്കുന്ന രീതികൾക്ക് അത്യന്തം സാദൃശ്യം കാണുന്നു. ചന്ദ്രോത്സവകർത്താവ് പുനത്തിന്റേയും ഒരു ശങ്കരന്റെയും രാഘവന്റെയും പേരുകൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നേയുള്ളു. അതുകൊണ്ട് ഭരതചരിതം പുനത്തിന്റെ കൃതിയായിരുന്നുവെന്നും, അദ്ദേഹത്തിന്റെ പേര് കൃഷ്ണനെന്നായിരുന്നുവെന്നും, ചന്ദ്രോത്സവകർത്താവ് പുനത്തിന്റെ ഒരു ശിഷ്യനായിരുന്നുവെന്നും ഊഹിക്കരുതോ? എന്നാൽ ആരുടേയും പേരിൽ പതിയാതെ കിടക്കുന്ന നാമധേയങ്ങളെ കണ്ടമാനം ഇഷ്ടമുള്ളവർക്കു പതിച്ചുകൊടുക്കുന്നതിന് ധൈര്യമുള്ളവർക്കേ സാധിക്കൂ. അതുകൊണ്ട് ഈ വിഷയത്തിൽ ചരിത്രാന്വേഷികളുടെ ശ്രദ്ധയെ ക്ഷണിക്ക മാത്രമേ ഞാൻ ചെയ്യുന്നുള്ളു. പക്ഷേ, ഒരു കാര്യം അവരെ ഓർമ്മപ്പെടുത്തേണ്ടതായിട്ടുണ്ട്. കേരളത്തിൽ ശങ്കരകവികളെന്നപോലെ കൃഷ്ണകവികളും ഒന്നിലധികമുണ്ടായിരുന്നു പുരുഷകാരം എന്ന വ്യാകരണഗ്രന്ഥത്തിന്റേയും അഭിനവകൗസ്തുഭമാലയുടേയും ദക്ഷിണാമൂർത്തിയായിരുന്നുവെന്നാണ്

അറിയുന്നതു്. മാനമേയോദത്തിന്റെ പ്രമേയപ്രകരണം രചിച്ച നാരായണഭട്ടതിരി യുടെ ഗുരുക്കന്മാരിൽ ഒരാൾ കൃഷ്ണനായിരുന്നുവെന്നു്,

'കൃഷ്ണാൽകാവ്യാർത്ഥമീമാംസകപരിവൃഢതഃകാവ്യമാർഗ്ഗാവഗന്താ എന്ന ശ്ലോകപാദത്തിൽനിന്നും ഗ്രഹിക്കാം. ഈ നാരായണ ഭട്ടതിരി ദക്ഷിണഭോജനെ ന്ന പ്രസിദ്ധനായ ഒരു ശക്തൻതമ്പുരാന്റെ സദസ്യനുമായിരുന്നു.

"യൽകീർത്തിന്നർഹിമാതിഹന്തമഹതി ബ്രഹ്മാണ്ഡഭാണ്ഡോദരേ
യസ്യാജ്ഞാം പ്രണതൈഃ ശിരോഭിരനിശം ധത്തേ നൃപാണാം ഗണഃ;
സോയം നാടകതർക്കകാവ്യനിപുണഃ പ്രജ്ഞാതപാതഞ്ജലോ
ഭക്തശ്ചക്രിണി മാനവേദനൃപതിർജ്ജാഗർത്തിധാത്രീതലേ.
(മാനമേയോദയം)

എന്ന ശ്ലോകം നോക്കുക. കൃഷ്ണനാട്ടത്തിന്റെ കർത്താവായ സാമൂതിരിപ്പാടിന്റെ ഗുരുവും ഒരു കൃഷ്ണനായിരുന്നത്രേ. അതിനാൽ വളരേ ആലോചിച്ചേ ഈ വിഷയ ത്തിൽ എന്തെങ്കിലും പറവാൻ തരമുള്ളൂ.

## പുനത്തിന്റെ കൃതികൾ

പുനത്തിന്റെ കൃതികളെപ്പറ്റിയും അഭിപ്രായവ്യത്യാസം ധാരാളമുണ്ടു്. ഇരുന്നൂറിൽ പരം ഭാഷാചമ്പൂഗ്രന്ഥങ്ങൾ ഉള്ളതായിട്ടാണു് അറിവു്. അവയിൽ മിക്കവയും പുന ത്തിന്റേതാണെന്നാണു് പറഞ്ഞുവരുന്നതു്.

'ഗദ്യപദ്യൈരനേകൈഃ' എന്ന ചന്ദ്രോത്സവ പദ്യഖണ്ഡത്തെ ആധാരമാക്കി നോക്കിയാൽ പുനം അനേകം ചമ്പുക്കൾ രചിച്ചിട്ടുണ്ടെന്നു കാണാം. നാരായണീ യം ചമ്പുവിന്റെ അവതാരികയിൽ, ഭാരതചമ്പുവിന്റേയും നാരായണീയത്തിന്റേയും കർത്താവു് ഒരാൾ തന്നെയായിരിക്കണമെന്നും, അവ രണ്ടും പുനത്തിന്റെ കൃതിക ളായിരിക്കാൻ തരമില്ലെന്നും അഭിപ്രായപ്പെട്ട കോളത്തിരി മിസ്റ്റർ ശങ്കരമേനോൻ തന്നെ ഈയിടയ്ക്കു് ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയുടെ 15-ാം ഗ്രന്ഥാങ്കമായി പ്രസിദ്ധീകരിച്ചിട്ടുള്ള രാമായണചമ്പുവിന്റെ അവതാരികയാൽ, നേരെ വിപരീതമാ യി ഇങ്ങനെ എഴുതിയിരിക്കുന്നു:-

"പുനം നമ്പൂരി എഴുതിയിരിക്കുന്ന സകല കൃതികളുടേയും ഒരു പട്ടിക ഇവിടെ കൊടുക്കാൻ സാധിക്കുന്നതല്ല. രാവണോത്ഭവം മുതൽ ശ്രീരാമന്റെ സ്വർഗ്ഗാരോ ഹണപര്യന്തമുള്ള സകല രാമായണകഥകളേയും, ഭാരതകഥകളേയും ഇപ്രകാരം എഴുതിയിരിക്കാനിടയുണ്ടെന്നു് ഊഹിക്കാൻ ചില ലക്ഷ്യങ്ങൾ ഇല്ലാതില്ല. ഇവയ്ക്കു പുറമേ, നാരായണീയം, രാജരത്നാവലീയം, ചെല്ലൂർനാഥോദയം മുതലായ അനേ കം കഥകളേയും അദ്ദേഹം തന്നെ ചമ്പുക്കളായി എഴുതിയിട്ടുള്ളതായി വിചാരിക്കാ വുന്നതാണു്." ഇപ്രകാരമൊരു തകടംമറിച്ചിലിനു മതിയായ യുക്തിയൊന്നും അദ്ദേ ഹം എടുത്തു കാണിച്ചിട്ടുമില്ല. "ഒരു കൃതി പ്രാചീനമായിരിക്കയും ഗ്രന്ഥകർത്താ വു് അജ്ഞാതനായിരിക്കയും ചെയ്താൽ പുനത്തിനു് ആ ഗ്രന്ഥവുമായി എന്തെങ്കിലും

ഒരു സംബന്ധം കല്പിക്കയാണ് ഇപ്പോഴത്തെ പതിവ്" എന്ന് അങ്ങിനെ ചെയ്യുന്നവരെ അധിക്ഷേപിക്കാൻ പുറപ്പെട്ട മി. മേനോൻ ഇതാ ആ ആക്ഷേപഭാരതത്തേ സ്വയം പേറിയിരിക്കുന്നു. ഇതുവരെ ഉണ്ടായിട്ടുള്ളതും ഉണ്ടായിരിക്കാമെന്ന് ഊഹിക്കുന്നതും ആയ മിക്ക ചമ്പുക്കളും പുനത്തിന്റേതായിരിക്കണമെന്നു പറവാൻപോലും അദ്ദേഹം മടിക്കുന്നില്ല. കൊടിയവിരഹത്തിന്റെ കർത്താവ് പയ്യൂർ പട്ടേരിമാരിൽ ഒരാളായിരിക്കണമെന്ന് അതിന്റെ അവതാരികയിൽ പറഞ്ഞിട്ട് ഇപ്പോൾ പറയുന്നതെന്താണെന്നു നോക്കുക:–

"രാജരത്നാവലിയത്തിലെ അനേകം ഭാഷാപദ്യങ്ങൾ കൊടിയവിരഹത്തിലും, അപ്രകാരം അതിലെ ചില പദ്യങ്ങൾ നാരായണീയം, കംസവധം, രാമായണം മുതലായ ചമ്പുക്കളിലും കാണുന്നുണ്ട്. ഭാഷാപദ്യങ്ങൾ അന്യഗ്രന്ഥങ്ങളിൽനിന്ന് എടുത്തുചേർക്കുന്ന സമ്പ്രദായം ചമ്പൂകർത്താക്കന്മാർക്കില്ലാതിരുന്നതുകൊണ്ട് ഈ വക കൃതികളെല്ലാം ഒരു കവിയുടേതാണെന്നു തന്നേ തീരുമാനിക്കേണ്ടിയിരിക്കുന്നു."

മുമ്പു മുമ്പുണ്ടായ ചമ്പുക്കളിലെ പദ്യങ്ങൾ പിന്നീടുള്ളവർ പകർത്തിയതായി വരരുതോ എന്ന് ആരെങ്കിലും ചോദിച്ചേക്കുമെന്നു ശങ്കിച്ചിട്ടാണ് ഭാഷാപദ്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങിനെ ചെയ്യാറില്ലെന്നു നേരത്തേ പറഞ്ഞുവെച്ചതു്. മലയാള പദ്യങ്ങൾക്കു വല്ല ഭ്രഷ്ടും ഉണ്ടോ? അവയിലെ ആശയങ്ങളെ പകർത്താമെന്നുവരികിൽ, തങ്ങളുടെ ബഹുമതിക്കു പാത്രമായ കവികളുടെ ശ്ലോകങ്ങളെ ഉദ്ധരിക്കാൻ പാടില്ലാത്തതു് എന്തുകൊണ്ട്? മോഷണമാകാം; സത്യം മാത്രം പാടില്ല. എന്തൊരു വിശേഷപ്പെട്ട നിയമമാണ്! വിശേഷിച്ച് ഇവിടെ അതാതു കവികൾ തന്നെ ഉദ്ധരിച്ചതാണെന്നു വിചാരിക്കേണ്ട ആവശ്യമില്ലതാനും. ചാക്യാന്മാർ തമിൾനാടകക്കാർ ചെയ്യുംപോലെ അവസരോചിതമായി മറ്റു കാവ്യങ്ങളിലെ പദ്യങ്ങൾ കൂട്ടിച്ചേർത്തതാണെന്നു വരരുതോ? ഇപ്പോൾ കാണുന്ന ഗ്രന്ഥങ്ങളിൽ എന്തെല്ലാം ആരെല്ലാം കൂട്ടിച്ചേർത്തുകാണും. ശാകുന്തളം തന്നെ നിർണ്ണയസാഗരക്കാരുടെ പാഠത്തിൽനിന്ന് എത്രയോ ഭിന്നമായിരിക്കുന്നു അഭിരാമന്റെ പാഠം. ബംഗാളികളുടെ ശാകുന്തളത്തിന് ദാക്ഷിണാത്യരുടേതിന്റെ ഇരട്ടിയിലധികം വലിപ്പമുണ്ട്. കാളിദാസൻ ദേശംതോറും അധിവസിക്കുന്ന ഭിന്നഭിന്ന ജനതയുടെ രുചിഭേദമനുസരിച്ച് അനേകമാതിരി ശാകുന്തളങ്ങൾ എഴുതിവെച്ചിരിക്കയല്ലല്ലോ. അതുപോലെ തന്നെ ചാക്യാന്മാർ ചിലതൊക്കെ കൂട്ടുകയും കുറയ്ക്കുകയും ചെയ്തുകാണുമെന്നു വിചാരിക്കാവുന്നതാണ്. പരമാർത്ഥം പറയുന്നതായാൽ എല്ലാ ചമ്പുക്കൾക്കും ഒരേ കലയിൽ ഉണ്ടായ കായ്കൾക്കെന്നപോലെ പരസ്പരസാദൃശ്യം കാണുന്നുണ്ട്. അതുകൊണ്ടുമാത്രം അവയെല്ലാം ഒരേ ആളുടേതാണെന്നു പറയാവുന്നതല്ല.

രാജരത്നാവലീയം കൊച്ചിയിലെ രാമവർമ്മരാജാവിന്റെ പ്രതാപാതിശയത്തേ വർണ്ണിക്കുന്ന ഒരു കാവ്യമാണ്. കോഴിക്കോട്ടു രാജാവിന്റെ ഒരു സദസ്യൻ അദ്ദേഹത്തിന്റെ പരമശത്രുവായിരുന്ന കൊച്ചീരാജാവിനെ പുകൾത്തി ഒരു കവിത

നിർമ്മിച്ചുവെന്നു വിചാരിക്കുന്ന കാര്യം കുറേ പ്രയാസം തന്നെയാണ്. രാജരത്നാവലീയം കാശിക്ക് എഴുന്നള്ളിയ രാജവർമ്മരാജാവിന്റെ അപദാനങ്ങളെയാണ് വർണ്ണിക്കുന്നതെന്നുള്ള ഐതിഹ്യം ശരിയാണെങ്കിൽ, അദ്ദേഹം നാടുനീങ്ങിയതു് 'ശാസ്ത്രാസ്വസ്ഥഃ പൃഥിവ്യാഃ' എന്നുള്ള കലിദിവസത്തിനു തുല്യമായ 776 മേടം 21-ാനു ആയിരുന്നു. ഈ രാമവർമ്മരാരജാവിന്റെ അനുജനും അടുത്ത പിൻഗാമിയും ആയിരുന്ന വീരകേരളതമ്പുരാനത്രേ തെക്കൈലാസനാഥോദയചമ്പുവിന്നു വിഷയമായ തൃശ്ശിവപേരൂർ ക്ഷേത്രപ്രതിഷ്ഠ നടത്തിയതു്. അതിനാൽ രാജരത്നാവലീയത്തിന്റേയും തെക്കൈലാസനാഥോദയത്തിന്റേയും കർത്താവ് പുനമല്ലെന്നു തീർച്ചയാണ്.

നാരായണീയവും ഭാരതചമ്പുവും ഒരാളുടെ കൃതിയായിരിക്കണം.

"പാലാഴിത്തയ്യലാൾതൻതിരുനയനകലാ
ലോലലോലംബമാലാ
ലീലാരംഗം ഭുജംഗേശ്വരമണിശയനേ
തോയരാശൌ ശയാനം;
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരി-
ത്രാണസംഹാദരക്ഷം
ലോലാത്മാനം പദാന്തപ്രണതസകലദേ-
വാസുരം വാസുദേവം."

എന്ന മംഗളപദ്യം രണ്ടിലും കാണുന്നു. മറ്റൊരു കവിയുടെ മംഗളപദ്യത്തെ ആരും എടുത്തു് തന്റെ കൃതിയിൽ ചേർക്കുകയില്ല. ചാക്യന്മാരും ഈ വിഷയത്തിൽ കൈകടത്തിക്കാണുകയില്ലെന്നു സംശയം കൂടാതെ പറയാം. നാരായണീയം എന്ന പേരുകൊണ്ട് കവിയുടെ നാമധേയവും നാരായണനെന്നായിരുന്നുവെന്ന് ഒരു ഊഹത്തിനു വഴിയുണ്ട്. ഇരവിപുരഗ്രാമത്തിലെ ഒരു നാരായണകവി ആയിരുന്നിരിക്കാം രാമായണചമ്പുവിന്റേയും കർത്താവ് ഒരാൾ ആയിരിക്കില്ലെന്ന് മിസ്റ്റർ പരമേശ്വരയ്യരും സമ്മതിക്കുന്നുണ്ട്. അദ്ദേഹം കല്യാണസൌഗന്ധികം ചമ്പുവിന്റെ അവതാരികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:–

"കവനോദയം മാസികയിൽ . . . പത്തു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഭാരതചമ്പു ആ മഹാകവിയുടെ കൃതിയോ എന്നുള്ളതിനെപ്പറ്റി സന്ദേഹമുണ്ട്."

രാമായണചമ്പു പുനത്തിന്റെ കൃതിയാണെന്നാണ് പരക്കെയുള്ള വിശ്വാസം. ചെല്ലൂർ മാഹാത്മ്യവും ഒരുപക്ഷേ അദ്ദേഹത്തിന്റെ കൃതിതന്നെ ആയിരിക്കകാം.

### രാമായണചമ്പു

പുനം രാമായണകഥ മുഴുവനും ചമ്പുക്കളായി രചിച്ചിട്ടുണ്ട്. അവയിൽ ചിലതിനെ കൂട്ടിച്ചേർത്തു് 'രാമായണചമ്പു' എന്ന പേരിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ട് ഒരു വ്യാഴവട്ടത്തിൽ കൂടുതലായിരിക്കുന്നു. ആ പ്രസിദ്ധീകരണം അസമ്പൂർണ്ണമെങ്കിലും അതി

ന് ചില വിഷയങ്ങളിൽ ഇപ്പോൾ ശ്രീ. മൂ. ഭാ. ഗ്രന്ഥാവലിയുടെ 15-ാം അങ്കമായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ചമ്പുവിനെക്കാൾ മേന്മയുണ്ടായിരുന്നു. അതിന്റെ പ്രസാധകന്മാർ പാഠങ്ങളെ കണ്ടമാനം മാറ്റുകയോ അലങ്കോലപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസാധകന്മാർക്കു പാഠഭേദം ചെയ്വാനുള്ള അധികാരമേ ഇല്ലല്ലോ. തങ്ങൾ ഉപയോഗിക്കുന്ന ആദർശഗ്രന്ഥങ്ങളിൽ കാണുംവിധം തന്നേ പകർത്തേണ്ട ജോലിയേ അവർക്കുള്ളു. പാഠാന്തരങ്ങളുണ്ടെങ്കിൽ ഫുട്നോട്ടിട്ടു ചേർക്കുന്നതാണ് കൊള്ളാവുന്നത്. ശ്രീമൂലം ഗ്രന്ഥാവലിയിലെ രാമായണചമ്പു, പുനത്തിന്റേതെന്ന പോലെ ക്യൂറേറ്റർ ആപ്പീസുകാരുടേയും കൃതിയാണ്.

ഈ ഗ്രന്ഥത്തെ അടിമുതൽ മുടിവരെ വിമർശിക്കുന്നതിനു സ്ഥലം അനുവദിക്കുന്നില്ല. സീതാസ്വയംവരത്തെപ്പറ്റി മാത്രം അല്പം പറയാമെന്നു വിചാരിക്കുന്നു. അഹല്യാമോക്ഷം കഴിഞ്ഞ് 'ഭാനുവംശോദ്ഭവാനാം മാണിക്യോത്തംസരത്ന'മായ ശ്രീരാമൻ, കുശികതനയാൽ മാനിതനായിട്ട്, അനുജനോടുകൂടി,

'നാനാലങ്കാരരഥ്യാവിപണിമണിഗൃഹ'യും കൗതുകാലോതിലോകശ്രേണീപൂർണ്ണാന്തരാള'യും 'ചാപോത്സവാഢ്യ'യും ആയ മിഥിലാപുരിയേ പ്രാപിക്കുന്നു. ജനകൻ അവരെ യഥോചിതം സല്ക്കരിക്കുന്നു. ഇവിടെ കവി ഒരു ശ്ലോകംകൊണ്ട് ജനകന്റെ മാഹാത്മ്യത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

'കണ്ടാരഗ്രേ നരേന്ദ്രം ജനകമമലഭ-
ദ്രാസനേ ഭാസമാനം
തണ്ടാർമാതിൻകടാക്ഷാഞ്ചലകുവലയമാ-
ലാവിലോലാഖിലാംഗം;
കണ്ടോളം കാമ്യരൂപം പുകൾ പെരിയ പര-
ബ്രഹ്മസാക്ഷാൽക്രിയായാ
ഭണ്ഡാരം പാർശ്വഭാഗേ മരുവുമൊരു ശതാ-
നന്ദനാൽ നന്ദ്യമാനം.'

ജനകൻ രാജകുമാരന്മാരെ കണ്ടിട്ട്

"അതിഗതൗ വിഷയം കിമിഹാശ്വിനൗ
നയനയോരഥ വാ നളകൂബരൗ
സവപുഷാവഥ കിം മധുമാധവൗ
കഥയ മേ മുനികുഞ്ജം, കാവിമൗ?"

എന്നു ചോദിക്കുന്നു. വിശ്വാമിത്രൻ രാമചന്ദ്രന്റെ അതുവരെയുള്ള ചരിത്രത്തെ സംക്ഷേപിച്ചു പറയവേ, അഹല്യാമോക്ഷ കഥ വന്നപ്പോൾ, ശമജലധിയായ ശതാനന്ദൻ,

"... ... ... ഹന്ത ദിഷ്ട്യാ
ഭദ്രേണാനേന മാതാ മമ ഹതദുരിതാ
പ്രാപിത ഭർത്തൃപാർശ്വം" എന്നും, ജനകൻ
"അത്രയല്ലേ പുലമ്പുന്നിതു സുചിരമിമൗ
പശ്യതോ മാനസേ മേ
വത്സേ സീതോർമ്മിളേ സാമ്പ്രതം"

എന്നും പറഞ്ഞു പോയി. അനന്തരം രാജാവു് വിശ്വാമിത്രനുമായി സീതാസ്വയംവരത്തെപ്പറ്റി ആലോചിക്കുന്നു. വിവാഹത്തിന്റെ ഒരുക്കങ്ങളെയെല്ലാം കവി മനോഹരമായി വർണ്ണിച്ചിട്ടുണ്ടു്.

"എട്ടാശാച്ചക്രവാളേ ശിവ! ശിവ! പൊടി പൊ-
ങ്ങിപ്പുഴങ്ങും ദശായാം
മുട്ടെക്കേൾക്കായ്തുടങ്ങീ ജയവിരുതു വിളി-
ക്കുന്നതഗ്രേ നൃപാണാം;
ചട്ടറ്റീടുന്ന കൊറ്റക്കുടകളുമിളകീ-
ട്ടും കൊടിക്കൂറ കാറ്റേ-
റ്റൊട്ടൊട്ടാട്ടാടിക്കളിക്കുന്നതു ഗഗനതലേ
ഹന്ത! കാണായ്ച്ചമഞ്ഞു."
"കുടകൾ തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി-
ച്ചിടയിലിടയിൽ വീയിപ്പിച്ച വെൺചാമരൗഘം;
ഉടനുടനപയാതാസ്താം പുരീം രാജസിംഹാഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ."

അടിയന്തിരത്തിനായി വന്ന രാജാക്കന്മാരെ ജനകന്റെ മന്ത്രി ഓരോരോ കൈനിലകളിൽ ഇരുത്തി, 'അമ്ലാനാമോദമാലാഘ്യസൂണമൃഗമദാലേപതാംബൂല' മുഖ്യങ്ങളായ പദാർത്ഥങ്ങളാൽ ഉപചരിക്കുന്നു. 'പണശ്രദ്ധയാ' ഒട്ടു വളരെ ഭൂദേവന്മാരും ചില പുഴവഴികളും മറ്റും കടന്നു് അവിടെ വന്നുചേരുന്നുണ്ടു്.

"മല്ലും തട്ടിത്തിമിർത്തുണ്ടൊരു പരിഷ; പരേ യഷ്ടിമാലംബ്യമേന്മേൽ
മെല്ലേ മെല്ലേ നടന്നും പെരുവഴിയിലിരുന്നും കുരച്ചും പ്രാകമം;
പല്ലെല്ലാംപോയവർഗ്ഗം പലപൊഴുതുരുവിട്ടുംപരേ; കാണിനേരം
നില്ലാതേഹന്ത! മൃഷ്ടാഷ്ടിയിലധികവിരൺപൂണ്ടുമണ്ടുന്നിതന്യേ"
"എണ്ണേറും വിത്തലോഭാൽ കതിചനസരസം
ബാലനാരീകദംബം
തന്നേ പൂണ്മാൻകൊതിച്ചങ്ങൊരുപരിഷ പരേ
ഹന്ത! ഹുംകാരവേഗാൽ
എന്നെക്കൈക്കൊൾകകത്തെന്നുയരെ മുറവിളി-

ച്ചം വശം കെട്ടുമല്ലോ
കണ്ണും ദിക്കും നറുങ്ങില്ലൊരുകുറി മിഥിലാ-
ഗോപുരേ ജാതഹാസം"

കവി, ബ്രാഹ്മണനായിരുന്നിട്ടും, തന്റെ സമുദായശരീരത്തിൽ കടന്നുകൂടിയിട്ടുള്ള ദൂഷ്യങ്ങളെ എടുത്തുപറയുവാൻ മടിക്കുന്നില്ല. നമ്പ്യാരെപ്പോലെ, പുനവും ഒരു സമുദായപരിഷ്കാരകന്റെ നിലയിൽ കാണപ്പെടുന്നു.

"പയ്യെപ്പയ്യെത്തിരണ്ടു തദനു കുറുവടിത്തണ്ടുമായമ്മുരമ്പ-
ക്കയ്യന്മാരയ്യ! നീലപ്രഭൃതികളുമണഞ്ഞു; കയർത്തൊന്നിനൊന്നായ്;
കയ്യിൽ കൈകോർത്തുകെട്ടിപ്പിടലി പൊളികയും വീഴ്കയും ചാകയു കാൽ
കയ്യെന്നിത്യാദി പൊട്ടിത്തിറവിയ മുറയും ഘോഷമെന്തോന്നു ചൊൽവൂ"

ഇവിടെ നായന്മാരെയാണ് കവി മന്ദമായി ഒന്ന് ഉപഹസിച്ചിരിക്കുന്നത്.

[16]"പ്രതിഭടവിഘടിനി, വിമതോച്ചാടിനി,
വിശ്വവശങ്കരി, ശത്രുഭയംകരി,
വനിതാമോഹിനി, കനകാവാഹിനി,
മന്മഥസംഗ്രമിമനുഭവബീജം,
ജ്വാലമാലിനി, ലീലാശാലിനി,
പഞ്ചശതാക്ഷരി, വഞ്ചനസാക്ഷിണി."

ഇത്യാദി മന്ത്രങ്ങൾ ജപിച്ച് 'ചടുലം ചില വെടികളിളക്കി' 'മാലോകർക്കു വരുന്നതു താൻ കല്പിച്ചു വരുത്തുന്നതാണെന്ന്, എല്ലാവരോടും ഘോഷിച്ചുകൊണ്ടും,

"ആഢ്യത്തൊപ്പിയുമാട്ടിപ്പോരകി-
ലുക്കൻ വടിയും പാലും നെയ്യും
കൂട്ടിച്ചേർത്തുടനാനമ്പ് ഭോഷ്കക-
ളൊക്കെ നിറപ്പാൻ മാനിച്ചുള്ള ക-
ടാഹംപോലെ വസ്ഥിയുമായി
കഞ്ഞിപ്പടവ കയർപ്പിച്ചും കൊ
ണ്ടാനമ്പ ഭോഷ്ക്കുകൾ പലവുതരത്തിലെ-
ടുത്തുവെളിക്കു ജഗൽസു വിരിച്ചും
മാലോകർക്കു സഹിക്കരുതാത്തൊരു
വാനാറ്റംകൊണ്ടൊക്കെ നിറച്ചും'

16 ഈ ഗദ്യംതന്നെ നാരായണീയാദി മറ്റു പ്രബന്ധങ്ങളിലും ഈഷദ്ഭേദത്തോടുകൂടി കാണുന്നുണ്ട്. ചാക്യാർ പുനത്തിന്റെ കൃതിയിൽ നിന്ന് ഇതിനെ അവയിലേയ്ക്കു പകർത്തിയതോ അവയിൽ നിന്ന് ഇങ്ങോട്ടു പകർത്തിയതോ എന്നു ഖണ്ഡിച്ചു പറയുന്നതിനു നിവൃത്തിയില്ല.

'സൗഭാഗ്യകരമായുഷ്യകരം സൗന്ദര്യപ്രദമഖിലാകർഷണ മംഗജ്ജൃംഭണമനുഭവ സാരം കലിവിനാശനം' മുതലായ മന്ത്രങ്ങൾ എഴുതിച്ചേർത്തിരിക്കുന്ന ഗ്രന്ഥക്കെട്ടു കളെ എടുത്തു നടക്കും ശിഷ്യജനങ്ങളും പരികർമ്മികളുമായി,

"ക്ഷോണീപാലഗൃഹങ്ങളിലഭയമ-
ണഞ്ഞും കൊട്ടത്തേങ്ങാ നിഖിലം
ചുട്ടുമുടിച്ചും കട്ടുഭുജിച്ചും
ഓന്തും ചൂണ്ടെലി ചേരത്തടിയൻ
വാലുമെറുമ്പും മായൂരശിഖാ
ഞാഞ്ഞൂലിത്തരമൊക്കെത്തക്കെ വ-
റുത്തുപൊടിച്ചചുടലബ് ഭസ്മം
മേളിച്ചഴകൊട്ടമപിയുണ്ടാക്കിവി-
ശുദ്ധം ത്രിഭുവനവശ്യമിതെന്നൊരു
പേരും ഭള്ളായ്ത്തീർത്തപ്രഭുജള
ധൂളി ജനത്തിനു ദത്വാ പൊന്നും
പണവും പച്ചേ ഝടിതി പറിച്ചും."

'മോന്തായത്തൊടു മുട്ടി നടക്കുന്ന' മാന്ത്രികരെ കവി അതികഠിനം അധിക്ഷേപിച്ചി രിക്കുന്നു.

"കല്പനയുണ്ടു പിറന്നാൾതോറും
പത്മജനിന്നും മംഗലകലശം
പാർവതിയും പണ്ടെന്നെക്കൊണ്ടൊരു
മേളനഹോമം ചെയ്യിച്ചത്രേ
ഹരമൊടു തിരുവുടലർദ്ധം പറ്റീ"

എന്നിങ്ങനെ ഓരോ ഭോഷ്ക്കും പറഞ്ഞു നടക്കുന്ന അക്കൂട്ടരുടെ ഉപദ്രവം അക്കാ ലത്തും വർദ്ധിച്ചിരുന്നുവെന്നു വിചാരിക്കാം.

"കണ്ട മരുന്നു പറിച്ചുമരച്ചും
കടുകടെയുള്ളതരഞ്ഞീലെന്നി-
ട്ടിടയിലരച്ചും, വാതദ്വേഷിണി-
പിത്തവിരോധിനി, കഫവിധ്വംസിനി,
കല്യാണഘൃതം ധാന്വന്തരഘൃതം
മറ്റുമോരോരോ പേരും ചൊല്ലി-
ട്ടുശാന്താടികഷണ്ടിപെരുക്കാ-
ലെന്നിവ പോലുമൊഴിപ്പാനായി-
ട്ടാർക്കുമൊരിക്കലുമെങ്ങും പാർത്താ-
ലുതകാതവ ചില നല്ല മരുന്നുകൾ"

മുതലായവകൊണ്ട് ദുർവ്യാപാരം ചെയ്ത് 'അസുവും വസുവും' കൂടി മുടിക്കുന്ന വൈദ്യ കദംബത്തിനും കവി നല്ല സമ്മാനം കൊടുത്തിട്ടുണ്ട്.

"പരലും പലകയുമഗ്രേവെച്ചും ഗണപതിവെച്ചും കലിദിനമൊത്തു
വരുത്തിക്കൂട്ടിപ്പാർക്കുന്നപ്പോൾ വിപരീതത്തൊടു വന്നതുകണ്ടു
മനസ്സുംകെട്ടു ചിരങ്ങും നുള്ളിജ്യാക്കളുമുരുവിട്ടുടനുടനുടനൊക്കെ
നിരത്തു, ചിന്തു, പന്തി പകുപ്പു, കൂട്ടു, കളവു, വയ്പു"

എന്നൊക്കെ ജപിക്കുന്ന ജൗതിഷികന്മാരും അവിടെ വന്നു കൂടിയത്രേ.

ഈ തിക്കിനും തിരക്കിനും ഇടയിൽ,

"ചിന്തീടും കാന്തി പൊന്നിൻതളികയിൽ വലമായ്
മാലയും വച്ചു താരിൽ-
ത്തന്വംഗീഭംഗി കൈക്കൊണ്ടരുവയർ നടുവേ
മിന്നൽപോലെ വിലോലാ;
കണ്ണിന്നാനന്ദധാരാ കമലശരപര-
ബ്രഹ്മവിദ്യേവ മൂർത്താ
ധന്യാ വന്നാളരങ്ങത്തതിമൃദുഹസിതാ
മൈഥിലീ മന്ദമന്ദം."

ഏതാനും മനോഹരപദ്യങ്ങൾ കൊണ്ടും ഒരു ദണ്ഡകം കൊണ്ടും, കവി സീതാദേവി യുടെ ശരീരവർണ്ണന സാധിച്ചിരിക്കുന്നു.

"അല്ലോടിടഞ്ഞു പട തല്ലുന്ന കുന്തളസ-
മുല്ലാസികല്യ മലർമാലം
അല്ലൽപ്പെടുമ്മതികലയെവെല്ലുമൊരു
നിടിലതടഫുല്ലമൃഗമദതിലകജാലം
അലർബാണവീര്യനെറി വിളയാടുമോമൽമിഴി-
കലകൊണ്ടു കണ്ണിനനുകൂലം;
അലമമലകുഴയിണയിൽ വിലസുമണിമണിരുചിഭി-
രൊളിവിളയുമനുപമകപോലം;
ചെന്തൊണ്ടിയോടുപമ ചിന്തുന്ന വായ്മലരിൽ
മന്ദം മുളച്ച ധ്യുതി ചോരം
ചെന്തളിരിനനുമിളിതചന്ദ്രകരതുലനകല-
രുന്നമൃദുമുറുവലുമുദാരം
ചിതറുന്ന കാന്തിതനിവദനം കലാധിപത
ശതകോടി തുല്യഗുണപൂരം
ചിതമുടയ ഗളവടിവുമതിലലിയുമതിലളിത

ഘുസൃണവലിവിലസിതമപാരം
ആക്രമപൊൽക്കടകവാർകങ്കണദ്യുതികൾ
പാകും കരാബ്ജമഭിരാമം
ആകലിതമണികലശമാക മികമണിമുലയി-
ലാകലിത നവകനകദാമം
അകളേബരന്നമഴലകമേ വളർക്കുമിതു
നവരോമവല്ലരിനികാമം
അഖിലജനധൃതിഹൃതിയിൽ മികവുടയ കൊടി നടുവു-
മഹഹ! ശിവ! നയനസുഖധാമം
മാണിക്യകാഞ്ചിനെറി പേണിച്ച പട്ടവസ-
നാബദ്ധമുന്നതവിശാലം
മാനമെഴുമലർവിശിഖയാനരുചിജഘനതല
മാനമതി തുടയുമിതു മൂലം
മനസി പാദപത്മമനുവേലം
മണമുടയകബരിമുതലണികുഴലൊളിടമുഴവ-
നനുപമിതഗുണജാലം”

സ്വയംവരകാലത്ത് കഷ്ടിച്ചെട്ടു വയസ്സുണ്ടായിരുന്ന സീതാദേവിയെ യൗവനവതിയായിട്ടാണ് കവി ഇവിടെ വർണ്ണിച്ചിരിക്കുന്നത്. സീതാദേവിയെക്കണ്ട് അവിടെ കൂടിയിരുന്ന രാജാക്കന്മാരെല്ലാം മന്മഥാവിഷ്ടചേതസ്സുകളായത്രേ. അവരുടെ ഉന്മാദമധുരങ്ങളായ ചേഷ്ടകളെ കവി മൂന്നു നാലു പദ്യങ്ങളാൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

“ചിത്രം ചിത്രം തദാനീമൊരുവനണികരം-
കൊണ്ടു കേളീസരോജം
ബദ്ധാഭോഗം തിരിച്ചാൻ തെളിവൊടു മതിനേ-
രാനനാം വീക്ഷ്യ മോഹാൽ;
ഉൾത്തിങ്ങീടും പരാഗോല്ക്കരമിടതലധൂ-
ളിച്ച പുത്തന്മധൂളീം
വാക്ത്രാംഭോജേ തെറിപ്പിച്ചളികുലമഖിലം
ചാലയൻ മൂഢചേതാഃ.
ജാതോന്മാദം തദാനീമൊരു സരസവളു-
ക്കീന്നു നല്ലോരു ചവ്വാ-
താദായാദായ മേളിച്ചതിമണമിളകും
നാഗവല്ലീദലാന്തേ
മോദം പൂണ്ടാസ്വദിച്ചാനിടയിടയിൽ നറും
ചൂർണ്ണമുച്ചൈരെടുത്തും

വാർ തോഞ്ഞീടും കരണ്ഡാദ്വദനമലർ മിന്ന-
ക്കി തുലോം ഭംഗിശാലീ.
അന്നേരം മറ്റൊരുത്തൻ ചെറിയൊരു പനിനീർ-
ക്കുപ്പിമെല്ലെന്നെടുത്ത-
ത്തമ്പംഗീമൗലിതന്മേദുരജഘനഭരം
നോക്കി നോക്കി പ്രസാദീ;
തണ്ണീർ പോലെ കുടിച്ചാനൊരു തടിയനിരു-
ന്നാഗളം മധ്യമധ്യേ
തന്നഗം താപശാന്ത്യൈ തെളിവെഴുമിളനീർ-
കൊണ്ടുസിഞ്ചന്നശങ്കം."

മിഥിലാപുരത്ത് 'ഇളനീരും' ഉണ്ടായിരുന്നത്രേ. ഒരു രാജാവ് അസിലതയെ ഉപേക്ഷിച്ചിട്ടും, മോഹാവേശം നിമിത്തം

അത് നിജകരപരിഗളിതമാണെന്ന് അറിയാതെ, ഒരു ശൈലൂഷകനെപ്പോലെ ആത്മമുഷ്ടിയേ ഇളക്കിപോല്യം. മറ്റുള്ളവർ അതു കണ്ടു ചിരിച്ചിട്ടും, രാഗാന്ധചേതസ്സായ ആ തടിയൻ അറിഞ്ഞതേയില്ല. ഒരു രാജാവ്,

"ളുമച്ചിൽ പൂർക്കു ശയ്യാനടുവിലിവളൊടും
ചേർന്നു പേമാരികൊണ്ടേ
ഹേമിക്കുന്നിന്നു മേലേ നിലയിൽ നിലവഴ-
ക്കുന്ന ജീമൂതകാലേ;
ഓമൽ പൂമെയ് പുണർന്നും പലവുരു പിശകി-
ച്ചോരിവായ്ത്തേൻ നുകർന്നും
കാമക്രീഡാ വളർത്താവിതു പുലരിവരേ
ഞാനെനിക്കൊത്തവണ്ണം"

എന്നു മനപ്പായസം കുടിച്ചു തുടങ്ങി. തത്സമയം 'വചസാപ്രവീണ' യായ ധാത്രി ഭദ്രാസനസ്ഥരായ രാജാക്കന്മാരയെല്ലാം സീതാദേവിക്കു പറഞ്ഞുകൊടുത്തു. അനന്തരം ജനകാജ്ഞ അനുസരിച്ച് സൗവിദല്ലൻ ശൈവചാപം അവിടെ ആനയിക്കയും,

"പൃഥ്വീപാസ്സംശൃണദ്ധ്വം ധനുരിദമവിശം-
കം കുലചെയ്തു പൊട്ടി-
ച്ചുദ്യൽക്രീഡം വിളങ്ങും നരവരനധുനാ
ജാനകീ നൂനമേഷാ"

എന്ന് ഉച്ചൈസ്തരം വിളിച്ചു പറകയും ചെയ്തു. അതുകേട്ട് അവരിൽ ഓരൊരുത്തരും പാപഭഞ്ജനത്തിന്ന് ഒരുമ്പെട്ടു. കർണ്ണാടരാജൻ 'കാർമ്മുകസ്പർശമാത്രേണ വശംകെട്ടു കവിണ്ണ' വീണു; മദ്രാധിരാജൻ ഭയപ്പെട്ടു മാറി; മഹാരാഷ്ട്രൻ മഹാഗോഷ്ഠി

കാട്ടി; കുന്തളേശൻ 'കുതംകെട്ടു കുന്തിച്ച്'പോയി; തുലുഷ്കന്റെ മുഷ്ക ശമിച്ചു; (അന്നു തുലുഷ്കനുമുണ്ടായിരുന്നത്രേ) കേകയേന്ദ്രന്റെ കൈകാലൊടിഞ്ഞു. ഇപ്രകാരം വീര ഭൂപാലന്മാരെല്ലാം "പോർവില്ലു തൊട്ടും, വലിച്ചും, കരുത്തോടെടുത്തും, വശംകെട്ടു വീണും, തദനീം വലഞ്ഞൊട്ടു കേണും, ത്രപാഭാരംകൊണ്ടു കുമ്പിട്ടിരുന്നും, ക്ഷണേ നൈവ കൈകാലൊടിഞ്ഞും, സമാലോകൈസീതാം വിമോഹം പിണഞ്ഞും, നമുക്കിനി പെണ്ണു വേണ്ടേ വേണ്ട" എന്നു മടുത്തു പിൻവാങ്ങുന്ന കോലാഹലം അവർണ്ണ്യമത്രേ.

ഒടുവിൽ രാമൻ ചാപഭഞ്ജനത്തിന്ന് ഒരുങ്ങി. അപ്പോൾ,

"ആർത്തു നാനാജനൌഘം കനിവിനൊടിവനാ-
രെന്നു മോർത്തു വിശംകാം
തീർത്തു രാജന്യചൂഡാമണി മനസികുളിർ-
ത്തു വിദേഹാത്മജായാഃ;
വാഴ്ത്തീ വീണാപ്രവീണാ മുനി ഗഗനതലേ
വന്ദിവർഗ്ഗം പുകഴ്ത്തീ
താർത്തേൻ തുകുന്ന വാചാ ദശരഥതനയേ
കാർമ്മുകാദാനലോലേ"

രാമൻ ജ്യാകർഷത്തോടുകൂടി സീതാമനഃകർഷണവും സാധിച്ചു; ചാപഭാഗത്തോടുകൂടി ക്ഷിതിഭൃത്തുകളുടെ 'ദോസ്തംഭഡംഭവും' ഭഗ്നമായി. ആ അവസരത്തിൽ വരണാമാലയും ധരിച്ചു കൊണ്ടുള്ള ദേവിയുടെ വരവിനെ കവി ഒരു ചിത്രത്തിലെന്നപോലെ ആലേഖനം ചെയ്തിരിക്കുന്നു.

"മന്ദീഭൂതേ ജനൌഘേ പരിമളബഹളം
കയ്യിലാദായ മാലാം
മന്ദാരാഭോഗമന്ദസ്മിതമധുരമുഖീ
മംഗലസ്ത്രീസമേതാ;
മന്ദം മന്ദം നയന്തീ ഘനജഘനഭരം
പ്രാഭൃതപ്രായമഗ്രേ
മന്ദാക്ഷാലംകൃതാക്ഷീ മനസിജകലികാ
മൈഥിലീ സാ നടന്നാൾ.
മൂളീടും ഭൃംഗപാളീവിവലനമധുരാം
മാലികാം കൈത്തലേ ചേ-
ർത്താളീദത്താവലംബാനിജതനുമഹസാ
രാഗമുദ്യോതയന്തീ
വ്രീളാവേഗേന രാമാനനമിടയിടയിൽ-
ക്കട്ടുനോക്കി പ്രമോദ-

വ്യാലോലാ മെല്ലെ മെല്ലെന്നരികിലുപഗതാ
കോമളാഭ്യാം പദാഭ്യാം"

ദേവി മന്ദാക്ഷനമ്രയായി രാമചന്ദ്രന്റെ ഗളത്തിൽ മാലയിട്ട നേരം, ദിവ്യനാരീവിമുക്തവും പരിമളബഹളവും ആയ പുഷ്പവർഷം അവരിൽ പതിഞ്ഞു.

അനന്തരം ജനകമഹാരാജാവു് ദശരഥനേയും മറ്റും ആനയിക്കാനായി ദൂതന്മാരെ അയച്ചു. ദശരഥൻ വസിഷ്ഠാദികളോടുകൂടി വന്നതിൽപ്പിന്നീട് വിവാഹം മംഗളമായി നടത്തി. ആ അവസരത്തിൽത്തന്നെ ജനകൻ തന്റെ മറ്റു പുത്രിമാരെ ഭരതാദികൾക്കും വിവാഹം ചെയ്തു കൊടുത്തു.

സീതയ്ക്കു്, കണ്വൻ ശകുന്തളയ്ക്കെന്നപോലെ ചില ഉപദേശങ്ങൾ കൊടുക്കാതിരുന്നില്ല.

"യസ്യാസ്തേ ജനനീ സ്വയം ക്ഷിതിരിയം യോഗീശ്വരോയം പിതാ
വത്സേ! മൈഥിലി! ശിഷ്യതേ കഥയ കിം തസ്യാസ്സുജാതേസ്തവ
സ്നേഹാൽകേവലമുച്യതേ പുനരിദം സ്ത്രീണാം പതർദൈവതം
തദ്ഭ്രയാസ്ത്വമുപാസ്യ ശർമ്മപരാച്ഛായേവ രാമാനുഗാ.
അഭ്യുത്ഥാനമുപാഗതേ ഗൃഹപതൌ തദ് ഭാഷണേ നമ്രതാ
തൽപാദാർപ്പിതദൃഷ്ടിരാസനവിധിസ്തസ്യോപചർയ്യാസ്വയം
സുപ്തേ തത്ര ശയീത, തൽപ്രഥമതോ ജഹ്യാച്ച നിദ്രാവതീ
പ്രാച്യൈഃ പുത്രി നിവേദിതാ കുലവധൂസിദ്ധാന്തധർമ്മാഹ്യമീ.
സ്വച്ഛത്വം നഖകേശദന്തവസനാദീനാം സമസ്തക്രിയാ
ചാതുര്യം സ്മിതപൂർവമല്പമകടുവ്യക്തം ച സംഭാഷണം
ദാക്ഷിണ്യം വിനയസ്സുശീലവിഭവോ വക്രാദിവാക്യജ്ഞതാ
പ്രായോമീ കുലപാലികാസു മഹിതാ കല്യാണി നിത്യാഗുണാഃ"

നിർവ്യാജാ ദയിതേ' ത്യാദി ശ്ലോകം ചേർത്തിട്ടു് അതിൽ നിന്നു വലിയ അർത്ഥവ്യത്യാസമില്ലാത്ത 'ശുശ്രൂഷസ്വഗുരുൻ' എന്ന ശാകുന്തളപദ്യംകൂടി ഉദ്ധരിച്ചിരിക്കുന്നു. ഇതു് ചാക്യാന്മാർ ചെയ്തിട്ടുള്ളതാണെന്നു നിസ്സംശയം പറയാം.

"ഋദ്ധംത്രൈലോക്യമൊക്കെത്തരികിലുമരിയാടായ്കമറ്റാരൊടും നീ
മുഗ്ദ്ധേ ചാടീട്ട ചെന്തീകനലിലപിപതിപ്രോഷിതാ നിർവിശങ്കം"

എന്നുകൂടി ഉപദേശിച്ചിട്ടാണ് ജനകൻ സീതയെ വിടുന്നതു്. ഈ ഉപദേശങ്ങൾ കേട്ടപ്പോൾ, ദേവിയുടെ ഹൃദയം 'പുലരിയിൽ വിരിയും താമരപ്പൂവുപോലെ' തെളിഞ്ഞു.

ഈ ഒരു ചമ്പുവിൽനിന്ന് പുനത്തിന്റെ കവിതയുടെ സ്വഭാവം ഏറെക്കുറെ അറിയാവുന്നതാണ്. ഉത്തമമണിപ്രവാളത്തിന് ലീലാതിലകകാരൻ പറഞ്ഞിരിക്കുന്ന എല്ലാ ലക്ഷണങ്ങളും പുനത്തിന്റെ കവിതയ്ക്കുണ്ടു്. മാധുര്യപ്രസാദസമതാദിഗുണസമ്പന്നയും പ്രഫുല്ലമായ മനോധർമ്മകുസുമത്തിന്റെ പരിമളധോരണിയാൽ ത്രുഷി

തമായ സുകുമാരാശയങ്ങളാൽ സമ്പുഷ്ടയുമായ പുനത്തിന്റെ കവിതാദേവി 'ഭൂരിഭൂചക്രവാള'ത്തെ ഇന്നും മദിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പുനത്തിന്റെ ഫലിതത്തെപ്പറ്റി പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. അതു മലയാളബ്രാഹ്മണർക്ക് ഒട്ടുക്കുള്ള ഒരു വിശിഷ്ടഗുണമാണ്. ഫലിതം അപാരമായ ബുദ്ധിശക്തിയുടെ സന്താനമാകുന്നു. ബുദ്ധിശക്തിയിൽ അവരേ അതിശയിക്കത്തക്ക ഒരു സമുദായവും കേരളത്തിലില്ലതാനും.

ഈ പ്രകരണത്തിൽ ചമ്പുകളേപ്പറ്റി പൊതുവേ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ചമ്പൂപ്രസ്ഥാനം സംസ്കൃതത്തിൽനിന്ന് ഭാഷയിലേക്കു സംക്രമിച്ചിട്ടുള്ളതാണ്. 'ഗദ്യപദ്യാത്മകം കാവ്യം ചൂമ്പൂരിത്യഭിധീയതേ' എന്നാണ് ചമ്പുവിന്റെ ലക്ഷണം. എന്നാൽ സംസ്കൃതത്തിലേയും ഭാഷയിലേയും ഗദ്യങ്ങൾക്ക് വ്യത്യാസമുണ്ട്. ഭാഷാചമ്പുക്കളിലെ ഗദ്യത്തിനും ചില വൃത്തനിയമങ്ങൾ കാണുന്നു. താരതമ്യദർശനത്തിനായി സംസ്കൃതത്തിലേയും ഭാഷയിലേയും ഓരോ ഗദ്യഖണ്ഡത്തെ ചുവടേ ചേർക്കുന്നു:–

"തദനു ഭയവശസമുപഗതദധിമുഖവചനവിദിതമധുവന കദനപരിഗണിതജനകദുഹിതൃദശനജനിതപ്രമദഭരഭരിതസ്ഥപനതനയസ്ത്രുതനവികൃതിമതനുതദധിമുഖാഗമനനിമിത്തസമ്പത്തിം"
(ഭോജചമ്പു. സുന്ദരകാണ്ഡം)

"ഹരഹര! ശിവശിവ നാനാനഗരീതിലക-
മയോദ്ധ്യാനഗരിവിചാരേ
ബഹുവിധരത്നസമൂഹംകൊണ്ടും,
ജനപദമഹിളാചമയംകൊണ്ടും.
കൊടിക്കുറകൾകൊണ്ടും നിറമണിയാ"
(രാമായണം ചമ്പു)

ഭാഷാചമ്പുക്കൾ സംസ്കൃതഗദ്യത്തിന് വൃത്തബന്ധമില്ലെന്ന് ഓർത്തിരിക്കേണ്ടതാണ്. 'അഥ സാ ലളിതതനുകാന്തിസമ്പദാ സുരസുന്ദരീരപിജയന്തീ, മന്മഥമഹാവീരവൈജയന്തീ'–എന്നിങ്ങനെ നീണ്ടുകിടക്കുന്ന സംസ്കൃതഗദ്യങ്ങൾ എല്ലാ ഭാഷാചമ്പുക്കളിലുമുണ്ട്.

ഭാഷാചമ്പുക്കൾ കൂത്തിനും പാഠകത്തിനും ആയി രചിക്കപ്പെട്ടിട്ടുള്ള പ്രബന്ധങ്ങളാകയാൽ അവയ്ക്കു സംസ്കൃതചമ്പുകൾക്കില്ലാത്ത ഒരു വിശേഷഗുണം കാണുന്നു. അതായത് അവയിൽ ഹാസ്യരസത്തിന് കൂടുതൽ പ്രവേശം നൽകിയിരിക്കുന്നു. സമുദായത്തിൽ കടന്നുകൂടിയിട്ടുള്ള അനാശാസ്യങ്ങളായ ആചാരങ്ങളെ ആട്ടിപ്പായിച്ച് കാണികളേ സദാചാരനിതന്മാരാക്കിത്തീർക്കുക എന്നൊരു വിലയേറിയ ചുമതല ചാക്യാർകൂത്തിനുണ്ടായിരുന്നു. അതുകൊണ്ടത്രേ ചമ്പൂകാരന്മാർ കാലദേശാദികളെ ഗണിക്കാതെ മലയാളികളെ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും കൊണ്ടുചെന്നുവിട്ടിട്ട് അവരുടെ നടപടിപ്പിശകുകളെ കർക്കശമായ വിധത്തിൽ

എടുത്തു വിമർശിച്ചു കാണുന്നതു്. നമ്പ്യാർ ഈ സംഗതിയിൽ ചമ്പൂകാരന്മാരെ അനുകരിക്കയേ ചെയ്തിട്ടുള്ളൂ.

ഭാഷാചമ്പുക്കൾ ആരംഭിക്കുന്ന രീതിയിലും അല്പം വ്യത്യാസമുണ്ടു്. സംസ്കൃതചമ്പുക്കൾ വായിച്ചുരസിക്കാനേ കൊള്ളൂ. ആ ഉദ്ദേശത്തോടുകൂടിയാണ് അവ രചിക്കപ്പെട്ടിരിക്കുന്നതും. അതുകൊണ്ടു് അവയിൽ കഥ തുടർന്നു പറഞ്ഞുപോകുന്നു. ഭോജചമ്പു എടുത്തുനോക്കുക. രാമായണത്തിലെന്നപോലെ അതിലും കഥയെ ആറുകാണ്ഡങ്ങളായി വിഭജിച്ചു പ്രതിപാദിച്ചിരിക്കുന്നു. പുനത്തിന്റെ ചമ്പുവിലങ്ങിനെയല്ല. അതിൽ ഓരൊ കാണ്ഡത്തേയും അനേകം ചമ്പുകളായിട്ടാണ് കവി രചിച്ചിരിക്കുന്നതു്. ചിലപ്പോൾ ഒരേ ചമ്പുവിനെത്തന്നെ രണ്ടു ഖണ്ഡങ്ങളാക്കിയും ചമയ്ക്കാറുണ്ടു്.

ഓരോ കഥയും ഒന്നോ അധികമോ മംഗളശ്ലോകങ്ങളോടുകൂടി ആരംഭിക്കുന്നു. മംഗളാചരണം കഴിഞ്ഞാൽ വസ്തുനിർദ്ദേശമായി. എന്നാൽ വസ്തുവിനെ നിർദ്ദേശിക്കുന്ന രീതി ഒന്നു പ്രത്യേകമാണ്.

“വാരാർന്നാസ്ഥാനരംഗേ വിരവിലിവിടെവന്നിങ്ങനെ നമ്മിലെത്തു-
ന്നേരം തോഴാ വിളങ്ങും മനസി മമ സദാ കുമ്പിതേവൻ പ്രസാദം;
ക്ഷീരാബ്ധൗ രാവണോപദ്രവവിവശതയാചെന്നു നാരായണോക്തം
നേരേകേൾക്കുംവിധംപണ്ടമരപരിഷദാമുള്ളിലുണ്ടായപോലേ”

ഇങ്ങനെ ഒരു തോഴനോടു പറയുന്ന മട്ടിലത്രേ കഥയെ അവതരിപ്പിക്കുന്നതു്. ഒരേ കഥയെത്തന്നെ രണ്ടു ഖണ്ഡങ്ങളായി വിഭജിച്ചാലും ഈ ചടങ്ങുകളെല്ലാം അവശ്യം അനുഷ്ഠിക്കണം. നൈഷധചമ്പുവിന്റെ ഉത്തരഭാഗം നോക്കുക. ഭാഷാചമ്പുക്കൾക്കുള്ള വേറൊരു വിശേഷം അവയിൽ വർണ്ണനയ്ക്കു കഥാംശത്തേ അപേക്ഷിച്ചു് പ്രാധാന്യം നൽകിയിരിക്കുന്നു എന്നുള്ളതാണ്. ഫലിതരസപ്രധാനമായ വർണ്ണനകൾ നിയമേന ഭാഷയിൽതന്നെ ആയിരിക്കും. രസപ്രചുരമായ ഘട്ടങ്ങളെ ഗദ്യത്തിലാക്കുകയും പതിവില്ല. വർണ്ണനയ്ക്കു തന്മയത്വം വരുത്താനുള്ള ശ്രമത്തിൽ മിക്ക ചമ്പൂകാരന്മാരും സ്ഥലകാലാദികളെ വിസ്മരിച്ചുകളകയും ചെയ്യുന്നു. നൈഷധചമ്പുവിൽ, നൈഷധന്റെ കാലത്തു് ‘ഭാരതകഥായാമെന്നതൊഴിഞ്ഞക്കർണ്ണച്ഛേദംകേട്ടീലെ’ന്നും രാമായണചമ്പുവിൽ രാമാഭിഷേകം കാണ്മാൻ വന്നവരിൽ ചിലർ പറങ്കിത്തൊപ്പി ധരിച്ചിരുന്നുവെന്നും മറ്റും പ്രസ്താവിച്ചിട്ടുള്ളതു നോക്കുക.

പുനത്തിനു മുമ്പ് ആരെങ്കിലും ചമ്പുക്കൾ രചിച്ചിരുന്നോ എന്നു നിർണ്ണയിക്കാൻ തരമില്ല. എന്നാൽ ഈ പ്രസ്ഥാനത്തിന് ഭാഷയിൽ ഇളക്കമില്ലാത്ത ഒരു നില നൽകിയതു് പുനമായിരുന്നുവെന്നു തോന്നുന്നു. രാമായണചമ്പുവിൽ, ഇതേവരെ രാവണോത്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാസ്വയംവരം, പരശുരാമവിജയം, വിച്ഛിന്നാഭിഷേകം, രാമാഭിഷേകം, സീതാപരിത്യാഗം, അശ്വമേധം, സ്വർഗ്ഗാരോഹണം എന്നീ ചമ്പുക്കൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അത്യന്തം ശ്രവണസുഖപ്രദവും ഹൃദയരഞ്ജകവുമായ ഭാഷാസംസ്കൃതയോഗംകൊണ്ടും, ശബ്ദാർത്ഥങ്ങളുടെ സമീചീനമായ സമ്മേളനംകൊണ്ടും, സജീവങ്ങളും സങ്ക

ല്പശക്ത്യുദ്ദീപകങ്ങളുമായ വർണ്ണനകൾ കൊണ്ടും, മൃദുലങ്ങളായ മനോഭാവങ്ങളുടെ യാഥാർത്ഥ്യത്തോടു കൂടിയ ഉല്ലേഖനം കൊണ്ടും പുനത്തിന്റെ ചമ്പുക്കൾ അദ്വിതീയ ങ്ങളായി വിലസുന്നു.

## മഹിഷമംഗലം (മഴമംഗലം)

മഴമംഗലത്തെപ്പറ്റി ചില ഐതിഹ്യങ്ങൾ കേട്ടിട്ടുള്ള തല്ലാതെ വിവരമായി യാതൊ ന്നും അറിവില്ല. അദ്ദേഹം ഓത്തില്ലാത്ത ഒരു നമ്പൂതിരിയായിരുന്നെന്നും, ഒരിക്കൽ അദ്ദേഹം മറ്റു നമ്പൂതിരിമാരാൽ അധിക്ഷിപ്തനായിട്ട് വിദേശത്തുചെന്ന് വേദങ്ങളും മറ്റും ശരിയായി അഭ്യസിച്ചതിന്റെ ശേഷം തിരിച്ചുവന്നപ്പോൾ, ഒരു യോഗം നടന്നു കൊണ്ടിരിക്കയായിരുന്നെന്നും, ഋത്വിക്കുകൾ മന്ത്രങ്ങൾ പിഴച്ചു ചൊല്ലുന്നതു കേ ട്ട്, യാഗശാലയ്ക്കുള്ളിലേക്കു കടന്ന്, 'മഴമംഗലം അകത്തു കടന്നാൽ പ്രായശ്ചിത്തം ചെയ്താൽ മതി, മന്ത്രം പിഴച്ചാൽ പ്രതിവിധിയില്ല' എന്നു പറഞ്ഞിട്ട് മന്ത്രം തിരു ത്തി ചൊല്ലിക്കൊടുത്തുവെന്നും, അന്നുമുതല്ക്ക് അദ്ദേഹത്തിനും മലയാളബ്രാഹ്മണരു ടെ ഇടയ്ക്ക് ഒരു മാന്യസ്ഥാനം ലഭിച്ചുവെന്നുമാണ് മറ്റൊരു ഐതിഹ്യം. വേറൊ രു ഐതിഹ്യമുള്ളത് കുറേക്കൂടി രസാവഹമാകുന്നു. അദ്ദേഹം ചെങ്ങന്നൂർ വാഴ മാവേലി പരമേശ്വരൻപോറ്റിയുടെ അടുക്കൽ പഠിച്ചുകൊണ്ടിരിക്കേ, ആ പോറ്റിയു ടെ മകനും ജ്യോതിശ്ശാസ്ത്രവിശാരദനും ആയ ഒരു കൃഷ്ണപിള്ളയാൽ ആക്ഷിപ്തനായ ത്രേ. ഒരു ദിവസം കറുത്തവാവായിരുന്നു. കൃഷ്ണപിള്ളനമ്പൂതിരിയോട് "തിരുമേനീ, ചന്ദ്രൻ എത്ര ഉയർന്നുനിൽക്കുന്നു എന്നു നോക്കണം" എന്നു പറഞ്ഞതു കേട്ട്, ആ സാധു മുറ്റത്തിറങ്ങി പടിഞ്ഞാറോട്ടു നോക്കിയത്രേ. അദ്ദേഹത്തിന്റെ ഈ മൂർഖത കണ്ട് കൃഷ്ണപിള്ള ചിരിച്ചപ്പോഴാണ് മഴമംഗലത്തിനു കാര്യം മനസ്സിലായത്. അന്നു മുതല്ക്ക് ജ്യോതിശാസ്ത്രം പഠിക്കാൻ അദ്ദേഹം തീർച്ചപ്പെടുത്തി. പരമേശ്വരൻപോറ്റി ഒരുനല്ല ജൗതിഷകനായിരുന്നു. നമ്മുടെ നമ്പൂതിരി അചിരേണപോറ്റിയെപ്പോലും അതിശയിക്കത്തക്കവണ്ണം സമർത്ഥനായി. മഴമംഗലത്തിന്റെ ഉദ്ദേശ്യം ഗുരു നല്ല പോലെ ധരിച്ചിരുന്നു. അതുകൊണ്ട്, ഗുരുദക്ഷിണയ്ക്കായി മഴമംഗലം ഭാവിച്ചപ്പോൾ 'എനിക്ക് ഒന്നും ആവശ്യമില്ലാ; എന്റെ പ്രിയപുത്രനെ അവമാനിക്കാതിരുന്നാൽ മാ ത്രം മതി' എന്നു പോറ്റി പറഞ്ഞു. ഈ വാക്കുകൾ മഴമംഗലത്തിനെ സങ്കടപ്പെടു ത്തിയെന്നു പറയേണ്ടതില്ലല്ലോ. "ഗുരോ! അങ്ങനെയാണെങ്കിൽ ഞാൻ എന്തി നാണ് ഈ ശാസ്ത്രം ഇത്ര ബുദ്ധിമുട്ടി പഠിച്ചത്?" എന്നു ശിഷ്യൻ ചോദിച്ചപ്പോൾ, 'ലോകോപകാരത്തിനു വേണ്ടിയാണ് ശാസ്ത്രം അഭ്യസിക്കേണ്ടത്. പരപീഡനത്തി നായിട്ടല്ല' എന്നു ഗുരു അഭിപ്രായപ്പെട്ടു. അപ്പോൾ മഴമംഗലം പറഞ്ഞു:–

"ഇല്ല. ലോകോപദ്രവത്തിനായി ഞാൻ യാതൊന്നും ചെയ്കയില്ല. ലോകോപ ദ്രവം വരുത്താതെ നോക്കാൻ എനിക്ക് അനുവാദം തന്നാൽ മാത്രം മതി. കൃഷ്ണപി ള്ള നൂറുകൊല്ലത്തെ പഞ്ചാംഗം ഗണിച്ചുവെച്ചിട്ടുണ്ട്. അതിനെ തീയിലിട്ടു ചുടണം. അല്ലെങ്കിൽ അതു ലോകോപദ്രവകരമായിത്തീരും."

"അതെന്തുകൊണ്ട്?"

“മുഹൂർത്തങ്ങൾക്ക് ഇടിമുഴക്കം ഉണ്ടാകും.”

“അങ്ങിനെവരികയില്ല. ഞാൻകൂടി പരിശോധിച്ചിട്ടുണ്ടല്ലോ?”

“ഞാൻ തെളിയിച്ചുതരാം.”

ഈ സംഭാഷണത്തിന്റെ ഫലമായി നടത്തിയ പരീക്ഷണത്തിന്റെ മഴമംഗലം തന്നെ ജയിച്ചു. മുഹൂർത്തിന് അദ്ദേഹം പറഞ്ഞതുപോലെ ഇടിമുഴക്കമുണ്ടായി. അതിന്റെ ശേഷം ആ പഞ്ചാംഗത്തെ നശിപ്പിക്കയും തൽസ്ഥാനത്ത് മഴമംഗലം ഒരു പുതിയ പഞ്ചാംഗം ഗണിച്ചു വെയ്ക്കുകയും ചെയ്തുവത്രേ.

മഹിഷമംഗലത്തിന്റെ ഗുരു ചെങ്ങന്നൂർ വാഴമാവേലി പോറ്റിയായിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ട്. മാത്തൂർപോറ്റിയുടെ മുഹൂർത്തപദവിക്ക് മഹിഷമംഗലം എഴുതിയ വ്യാഖ്യാനത്തിൽ,

“വാണിമാതിനെ വന്ദിച്ചു ഗുരുംച പരമേശ്വരാ
മുഹൂർത്തപദവീമദ്യ ഭാഷയായ് വ്യാകരോമ്യഹം”

എന്ന് ഗുരുവിനെ വന്ദിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ അവസാനത്തിൽ ‘ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ മുഹൂർത്തപദവീവ്യാഖ്യാനേ ബാലശങ്കരനാമ്നി ഷട്ത്രിംശത് ശ്ലോകാത്ഥസംഗ്രഹേ തൃതീയപരിച്ഛേദഃ സമാപ്തഃ’ ⊠⊠⊠⊠⊠ കാണുന്നതിനാൽ മഴമംഗലത്തിന്റെ പേരു് ശങ്കരനായിരുന്നുവെന്ന് വിചാരിക്കാം. ഭാഷാകാലദീപത്തിന്റെ അവസാനത്തിലും അദ്ദേഹം ഗുരുവിനെ വാഴ്ത്തീട്ടുണ്ട്.

“അസ്തി ശോണാചലഗ്രാമവാസ്തവ്യോ ദ്വിജപുംഗവഃ
ദയാലുസ്സർവ്വഭൂതേഷു ദേവാരാധനതല്പരഃ
ദൈവജ്ഞസ്തൽപദാംഭോജമകരന്ദനിഷേവണാൽ
ഭ്രാന്തചിത്തേന കേനാപി രചിതന്തദ്വിജന്മനാ
ദീപകം വിലുസത്വേതച്ചിരായ ധരണീതലേ.”

ഇവിടെ ഏതദ്ഗ്രന്ഥത്തിന്റെ കർത്താവ് ശോണാചലഗ്രാമ (ചെങ്ങന്നൂർ) വാസിയായ ഒരു ബ്രാഹ്മണശ്രേഷ്ഠന്റെ അന്തേവാസിയും ബ്രാഹ്മണനും ആണെന്നേ പറഞ്ഞിട്ടുള്ളുവെങ്കിലും അദ്ദേഹം പെരുവനഗ്രാമവാസി കൂടിയായിരുന്നുവെന്ന് ‘ഊട്ടില്ലാ പെരുവനേയുള്ള ബ്രാഹ്മണർ മിക്കതും’ എന്നിങ്ങനെ പെരുവനത്തെക്കാര്യം പ്രത്യേകം ചില സ്ഥലങ്ങളിൽ എടുത്തുപറഞ്ഞിരിക്കുന്നതുകൊണ്ട് ഊഹിക്കാം. സംസ്കൃത കാലദീപവ്യാഖ്യാനത്തിന്റെ അവസാനത്തിൽ ‘എന്റെ വാഴമാവേലിക്കു നമസ്കാരം’ എന്ന്കൂടി പറഞ്ഞിട്ടുമുണ്ട്.

മഴമംഗലം ജനിച്ചത് 800-ാമാണ്ടിടയ്ക്കായിരുന്നുവെന്നും അദ്ദേഹം മാനവേദചമ്പിന്റെ കർത്താവായ കോഴിക്കോട്ടു ശക്തൻതമ്പുരാന്റെ സദസ്യനായിരുവെന്നും മി: ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ മഴമംഗലത്തിന്റെ കാലം അത്ര അർവാചീനമാണോ എന്നു സംശയമാകുന്നു. മുഹൂർത്തപദവിയുടെ വ്യാഖ്യാനത്തിൽ കാണുന്ന,

"ദേവോപി നദ്ധഃ കപടീഹരോസൗ
പ്രഭാവനസ്ത്ഥിക്യദിനാരിയുക്തഃ
കോളംബകാലാദ്ദ്യുഗണയ്യസിംഹാൽ
മദ്ധ്യാധിമാസഃ പുനരേവമേവ."

എന്ന പദ്യം അദ്ദേഹത്തിന്റേതായിരിക്കാനേ തരമുള്ളു. അങ്ങിനെ ആണെങ്കിൽ കൊ. .വ. 724-മാണ്ട് അദ്ദേഹം ജീവിച്ചിരുന്നുവെന്നു തീർച്ചതാണ്. ഭാഷാകാലദീപകത്തിൽ,

"നീലോധനേശോനതനർദ്ദിശസ്ത്ഥവം
പ്രഭാവനാസ്ത്ഥിക്യജനാനിസംയുതം
വിലിപ്ത്ഥികാദ്യോയമിനസ്യമദ്ധ്യമേ
യാദ്രിശിഗസ്ത്ഥഗതോധിമാസക."

ഈ പദ്യവും മഹിഷമംഗലത്തിന്റെ കാലനിർണ്ണയത്തിന് ഉപകരിക്കുന്നു. ഈ ലക്ഷ്യങ്ങളെ വച്ചുനോക്കിയാൽ അദ്ദേഹം ജനിച്ചത് 670-ന് അപ്പുറമായിരിക്കയില്ലെന്നാണു കാണുന്നത്. ഇക്കാലത്ത് കൊച്ചിയും സാമൂതിരിയും തമ്മിൽ തുടരെത്തുടരെ യുദ്ധം ഉണ്ടായിക്കൊണ്ടിരുന്നു. സാമൂതിരി എത്ര ശ്രമിച്ചിട്ടും പെരുവനഗ്രാമക്കാരെ കൊച്ചീരാജാവിന്റെ പാർശ്വത്തുനിന്ന് അകറ്റി തന്റെ വശത്താക്കുന്നതിനു സാധിച്ചില്ലെന്ന് കൊച്ചീരാജ്യചരിത്രത്തിൽ കാണുന്നു. 813-മുതല്ക്ക് 834-വരെ വാണ കോഴിക്കോട്ടു ശക്തൻതമ്പുരാനാണ് നെടിയിരിപ്പുസ്വരൂപത്തിന്റെ ക്ഷയോന്മുഖമായ ശക്തിയെ പുനരുജ്ജീവിപ്പിച്ചത്. പെരുവനഗ്രാമത്തിന്റെ മേൽക്കോയ്മ സാമൂതിരിക്കു ലഭിച്ചത് 892 ധനു 6-ാം തിയതിയിലെ ഉടമ്പടിയാലുമാകുന്നു. ഇങ്ങനെ സാമൂതിരിയോടു പിണങ്ങിനിന്ന പെരുവനഗ്രാമത്തിലെ ഒരു നമ്പൂരി കോഴിക്കോട്ടു രാജാവിനെ ആശ്രയിച്ചു ജീവിച്ചുവെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

## മഴമംഗലത്തിന്റെ കൃതികൾ

അദ്ദേഹം മുഹൂർത്തപദവി ഭാഷാ, ഭാഷാകാലദീപം തുടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങളും, ആശൗചം ഭാഷ മുതലായ സ്മൃതികളും, സംസ്കൃതത്തിൽ ഒരു ഭാണവും രചിച്ചിട്ടുണ്ട്. അവയെപ്പറ്റി ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമൊന്നുമില്ല. ഭാഷയിൽ അദ്ദേഹം രചിച്ചിട്ടുള്ള പ്രധാന ഗ്രന്ഥം ഭാഷാനൈഷധ ചമ്പുവാകുന്നു.

## നൈഷധചമ്പു

ഈ ചമ്പുവും, മംഗലാചരണത്തോടുകൂടി ആരംഭിക്കുന്നു!

"അമ്പത്തൊന്നക്ഷരാളീകലിതതനുലതേ വേദമാകുന്ന ശാഖി-
ക്കൊമ്പത്തമ്പോടു പൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോപാത്തസൗഭാഗ്യലക്ഷ്മീ-

സമ്പത്തേ കുമ്പിടുന്നേൻ കുഴലിണനലയാധീശ്വരീ വിശ്വനാഥേ!"

എന്ന പ്രസിദ്ധശ്ലോകം ഈ കാവ്യത്തിലുള്ളതാണ്. മഴമംഗലം ഒരു നല്ല മണിപ്രവാളവ്യാപാരിയായിരുന്നുവെന്ന് ഈ പദ്യത്തിൽനിന്നു കാണാം. അതിനടുത്ത പദ്യവും അതിശയമാകുംവണ്ണം മധുരമായിരിക്കുന്നു.

"പാലംഭോരാശിമധ്യേ ശശധരധവളേ ശേഷഭോഗേ ശയാനം
മേളംകോലും കളായദ്യുതിയൊടു പടതല്ലുന്ന കാന്തിപ്രവാഹം
നാളന്നേറിത്തുളുമ്പും നിരുപമകരുണാഭാരതിമ്യൽകടാക്ഷ-
ന്നാളീകത്താരിൽമാതിൻകുളുർമുലയുഗളീഭാഗധേയം ഭജേഥാഃ"

ഈ മാതിരി പദ്യങ്ങൾ ഏതു ഭാഷാസാഹിത്യത്തിനും അഭിമാനജനകമായിട്ടുള്ളതാകുന്നു.

അനന്തരം 'വിദ്യാസാരസ്യരാശേ' ഇത്യാദി പദ്യങ്ങളാൽ, സാധാരണ ചമ്പൂക്കാരന്മാരുടെ രീതി അനുസരിച്ച് കഥാവസ്തുവിനെ നിർദ്ദേശിച്ചിട്ട് നളന്റെ പ്രതാപാതിശയത്തെ രണ്ടു ശ്ലോകങ്ങളാലും ഒരു ദീർഘമായ ഗദ്യത്താലും ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

ഹരഹര ശിവശിവ ചിത്രം ചിത്രം നിഷധനൃപാന്വയമകുടീരത്നം
ധാത്രീചക്രം കാത്ത ദശായാം സപ്തപയോധരഭൂധരകാനന
പത്തനജാലപരിഷ്കൃതമാകിയ പൃത്ഥ്വീഭാരമവങ്കലിറക്കി-
ദ്ദിക്കരിപാളയുമദ്രിപ്രവരരുമഹികുലനാഥനുമാദിമകമഠവു-
മതുതോളിതുതോളിതുമാറിർത്ഥംഗളനാളങ്ങൾതിരിച്ചുതിരുമ്മിയു-
മെത്രകൊതിച്ചൊരുവിസ്മയസൗഖ്യം വിശ്വാസായ ചിരായഭജി"ക്കുന്നുവത്രേ

"ഉത്തരളദ്യുതിമെത്തീടുന്നണി
പൂകൾ നിറമൊന്നും പുത്തൻചന്ദ്രിക
നിത്യം തട്ടിക്കുമ്പിടുന്നൊരു
നാഭീനളീനഗൃഹോദരമദ്ധ്യേ

നീരജഭവനാം നീരസകുലമണി നിയതമകപ്പെട്ടതു" കണ്ട് ഇനി തനിക്കു ഭർത്താവുമായി യഥേഷ്ടം രമിക്കാമല്ലോ എന്നു വിചാരിച്ചു സന്തുഷ്ടയായിട്ട്, 'ചെന്താർമങ്കയുമംബുജലോചന പരിരംഭാമൃതമായ സുഖാംബുധിമദ്ധ്യേ മുങ്ങിത്തുടങ്ങി' പോലും.

നീരസകുലമണിയായ മുതുക്കൻ വിഷ്ണുവിന്റെ നാഭിസരോജത്തിൽ ഇരുന്ന് മിഴിച്ചുനോക്കിക്കൊണ്ടിരിക്കുമ്പോൾ, ലക്ഷ്മി ഭർത്താവുമായി ക്രീഡിക്കുന്നതെങ്ങനെ? അതുകൊണ്ട് ലക്ഷ്മീദേവിക്ക് നളൻ ചെയ്തതു് ഒരു വലിയ ഉപകാരമായി. ദേവി 'നിഷധനൃപാന്വയമകുടിമഹാമണിവാണീടേണം ക്ഷോണിയിലിന്നു കല്പാന്തത്തോള'മെന്നുനേർന്നുതുടങ്ങിയതിൽ അത്ഭുതപ്പെടാനുണ്ടോ?

എത്രതന്നെ വർണ്ണിച്ചിൽ കവിക്കു തൃപ്തിയാകാഞ്ഞതിനാൽ

“മിത്രാപായേ ഹിത്വാ കുമുദം ചിത്താനന്ദം വന്നീലാർക്കും
ദോഷാഗമനേ ശശധരനന്യേ തോഷം കണ്ടീലാർക്കുമൊരുനാൾ
മിന്നും കുടങ്ങളിലന്യേയൊരുനാൾ പൊന്നുംദണ്ഡും കണ്ടീലെങ്ങും”

എന്നു തുടങ്ങുന്നു. ഈ അലങ്കരത്തിരക്കിൽ കവിക്കു സ്ഥലകാലഭ്രമംകൂടി പറ്റി പ്പോകുന്നു.

“ഭാരതചരിതം തന്നിലൊഴിഞ്ഞൊരു കർണ്ണച്ഛേദം കേട്ടീലെങ്ങും
രാമകഥായാമെന്നിതൊഴിഞ്ഞൊരു ദൂഷണചരിതം കേട്ടീലാരും”

ഇത്യാദി നോക്കുക. ഇങ്ങനെ നളൻ നാടുവാണുകൊണ്ടിരിക്കേ വിദർഭരാജാവായ ഭീമൻ ‘പുത്രാഭാധാനം നിറമുടയ പദാർത്ഥാന്തരം കാണാഞ്ഞ്’ ദുഃഖിതനായിച്ചെയ്ത തപസ്സിന്റെ ഫലമായി, ദമയന്തി എന്നൊരു പുത്രിയും മൂന്നു പുത്രന്മാരും ജനിച്ചവ ത്രേ. രാജാവ്

“പുത്രീമത്യന്തരമ്യാമരമണിയുമണിഞ്ഞന്തികേ സഞ്ചാരന്തീം
പുത്രാനപ്യാത്തമോദം മടിയിലുടനുടൻ ചേർത്തുചേർത്തും പുണർന്നും
മെത്തും പുത്തൻമരന്ദം തടവിന മുഖപത്മങ്ങളേ പാർത്തുംപാർത്തും
ചിത്തേ കൊള്ളാഞ്ഞു മോദപ്രചുരിമ ധരണീപാലനേറ്റം വലഞ്ഞു-”

വത്രേ. ദമയന്തിയുടെ ശൈശവവർണ്ണനയെ എത്രതന്നെ വാഴ്ത്തിയാലും മതിയാ വുന്നതല്ല.

“മിന്നും പൊന്നോല കർണ്ണേ മണിഗണലളിതം മോതിരം കണ്ഠകാണ്ഡേ
പിന്നിൽ ചിന്നിക്കവിഞ്ഞൊന്നണിചികുരമകാണ്ഡോദയം മന്ദഹാസം
കുന്നിപ്രായം കുരുത്തൊന്നുരസി കുചയുഗം നൂനമപ്പെൺകിടാവെ-
ത്തന്നേ തോന്നീടുമത്രേ സരസമൊരുദിനം കണ്ടുവന്നിത്ത്രിലോക്യാം”

നാലാമത്തെ പാദംകൊണ്ട്, കവി ദമയന്തിയുടെ ലോകോത്തരലാവണ്യാതിശയ ത്തെ അതിവിശദമായി കാണിച്ചുതരുന്നു. ക്രമേണ അവൾ വളർന്നുവന്നു.

“ഗാത്രേ ഗാത്രേ തുടർന്നൂ മധുരിമ തിരളും മാർദ്ദവം നേത്രരംഗേ
കൂത്താട്ടത്തിന്നുലജ്ജായവനികയിൽ മറഞ്ഞാഗജന്മാ വിരോജേ
മുത്തേലും കൊങ്ക പങ്കേരുഹമുകുളസമം ഹന്ത! താരുണ്യവായ്പോ-
ടെത്തിക്കൈത്താർ പിടിച്ചൂ ഝടുതി വടിവെഴും ശൈശവമ്പേശലാംഗ്യാഃ
നർമ്മാലാപം ചുരുങ്ങീ ജനസദസിമണംചേർന്നമന്ദാക്ഷവേഗാൽ
കമ്രംകാർകുന്തലേന്തും പരിമളലളിതം ചെന്നു കാലോടിടഞ്ഞു
തമ്മിൽത്തിക്കിത്തുടങ്ങീ കുളുർമുലയുഗളം നന്നുനന്നെന്നുവേണ്ടാ
നിർമ്മായം യൗവനശ്രീസ്വയമലമകരോദംഗനാമൗലിമാലാം.

നളനും ദമയന്തിയും പരസ്പരം കേട്ടിട്ട് അനുരക്തരായിച്ചമയുന്നു. അഭിലാഷശൃംഗാരവർണ്ണന അത്യന്തം ഹൃദയംഗമായിട്ടുണ്ട്. അവർക്കു നിദ്രാഭംഗമുണ്ടായതിനെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെയെന്നു നോക്കുക.

"സങ്കല്പസംഗമസുഖാനുഭവസ്യനാഹം
ഭംഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൗ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീസകാശാൽ"

മഴമംഗലത്തിന് ശൃംഗാരത്തോടുള്ള പക്ഷപാതം ഇവിടെയെന്നതുപോലെ എവിടെയും പ്രകടമായിരിക്കുന്നു.

നളൻ മാരജ്വരപരവശനായി ഉദ്യാനത്തിൽ ഇരിക്കവേ, അരയന്നം അവിടെ വന്നുചേരുന്നു. ആ അന്നത്തെ അദ്ദേഹം ദമയന്തിയുടെ അടുക്കലേയ്ക്കു പറഞ്ഞയയ്ക്കുന്നു.

"വിദർഭക്ഷിതിപതിനഗരേ, ധന്യാകാരേ, മണിമയമുറ്റത്തഴകിലിറങ്ങിക്കനകവിഭൂഷണരഝണരഝണിതോപമ മധുരനിദാനംകൊണ്ടു വധൂനാം ചെവികളിലമൃതു ചൊരിഞ്ഞുചൊരിഞ്ഞും, മദകളതരുണീയാനമനോജ്ഞം മൃദുമൃദുപദങ്ങളിൽ വച്ചു നടന്നും, വിദ്രുമശകലം ബീജാപൂരകവിത്തെന്നോർത്തതു കൊത്തിയുടച്ചും, മധ്യേ മധ്യേ വെളുവെളെ വിലസും പത്രപുടങ്ങൾ കുടഞ്ഞു കുടഞ്ഞും വിവലിത വദനന്നോക്കിയുമിത്ഥാ വിഭ്രമരീതി വളർത്തുനടക്കുന്നത്" കണ്ട് ദമയന്തി ആ അന്നത്തെ പിടിച്ചെടുക്കാനായി ശ്രമിക്കുന്നു.

വർണ്ണനയ്ക്ക് അവസരം കിട്ടിയാൽ മഹിഷമംഗലം വെറുതേ വിടുകയില്ല.

"വാ ചർമ്മേ ശൃണു വല്ലഭേതി വചനേ വൈയാത്യമാപദ്യതേ
ഹേ രാജന്നിതിചേദിഹാപിചപൃഥഗ്ഭാവോ മഹാനാപതേൽ
മൽപ്രാണാ ഇതിയുക്തമേതദധുനാ കീരോക്തിവദ്ഭംസതേ
കഷ്ടം! കാതരചേതനാ കഥമഹോ സന്ദേഷ്ടുമദ്യാരഭേ."

ഇത്യാദി ഘട്ടങ്ങളിൽ കവിയുടെ ഔചിത്യബോധം സവിശേഷം സ്ഫുരിക്കുന്നുണ്ട്.

അങ്ങിനെ ഇരിക്കേ രാജാവ് പുത്രിയുടെ സ്വയംവരമഹം നടത്തണമെന്ന് ആലോചിച്ച് ദൈവജ്ഞവരനെ വരുത്തി മുഹൂർത്തം കുറിപ്പിക്കുന്നു. മണിത്തറകളും പന്തലുകളും മുറയ്ക്ക് ഒരുങ്ങി. 'നാളീകലോലമിഴിമാർ നല്ല മൃഗനാഭിതുഷാരതോയൈഃ നീളത്തെളിച്ച് മണിരംഗഭൂമികൾ' മെഴുകി വൃത്തിയാക്കി.

"നിന്നിദ്രകാന്തി നിരവേ പണിചെയ്തു തീർന്നു
മുന്നൂറുകോടി നിലയങ്ങൾ മഹീപതീനാം

അവ,'അന്യൂനമോദമമരാവതി പെറ്റ പുത്തൻ-
പെണ്ണുങ്ങളാവതു ചമഞ്ഞിഹ വന്നപോലെ'

വിളങ്ങി. സ്വയംവരാഘോഷം കാണാൻ ഉള്ള ഒരുക്കൾ വീട്ടുതോറും നടന്നുതുടങ്ങി.

"ഒരുവൾ നിജ വിഭൂഷാജാലമെല്ലാമണിഞ്ഞാ-
ളൊരുവൾ പണിയൊടുങ്ങാഞ്ഞെത്രയെല്ലാം പിടിഞ്ഞാൾ
തരുണനൊടൊരുതന്വീ ചെന്നുറങ്ങാൻ പറഞ്ഞാൾ
ചരിതമിതി മനോജ്ഞം വാരനാരീജനാനാം.
പുടവവടിവുപോരാഞ്ഞിട്ടു കോപിച്ചു കാചിൽ
ഝടിതി രമണവക്ത്രേ കൊണ്ടുപോകെന്നെറിഞ്ഞാൾ
തടിയനതുമെടുത്തുംകൊണ്ടു താനേ നിരൂപി-
ച്ചവിചനിലയൊടിക്കും കോപ്പുകണ്ടാൽ വിനോദം"

ഇന്ദ്രാദികൾ സന്ദേശം കൊടുത്തു് നളനെ അയയ്ക്കുന്നഭാഗവും മറ്റും കവി ചുരുക്കിയിരിക്കുന്നു. എന്നാൽ സ്വയംവരത്തിനായി വന്നുകൂടിയ ജനതയുടെ തിക്കും തിരക്കും പൊടിപൂരമായി വർണ്ണിച്ചിട്ടുണ്ടു്. ഇവിടെ പുനത്തിനെ അനുകരിച്ചു് മലയാളബ്രാഹ്മണരുടേയും മറ്റും നടപടിപ്പിശകുകളെ കഠിനമായി ആക്ഷേപിച്ചിരിക്കുന്നു.

വരണമാലയും ധരച്ചുകൊണ്ടു് വരുന്ന ദമയന്തിയെ എത്രതന്നെ വർണ്ണിച്ചിട്ടും കവിയ്ക്കു് അലംഭാവമുണ്ടാകാത്തതിനാൽ ശ്ലിഷ്ടോപമയുപയോഗിച്ചു് അവളെ കാടോടും മേടോടും അതിനോടും ഇതിനോടും ഒക്കെ സാദൃശ്യപ്പെടുത്തിയിട്ടു് ഒടുവിൽ മനസ്സില്ലാമനസ്സോടുകൂടി പിന്മാറുന്നു.

വിവാഹാനന്തരമുള്ള ഘട്ടത്തേയും കവി വെറുതെ വിടുന്നില്ല. ശൃംഗാരപ്രിയനായ കവിയുണ്ടോ സംഭോഗശൃംഗാരത്തെ പ്രതിപാദിക്കാതെ വിടുന്നു? ദമയന്തിയുടെ സ്ഥിതിയെ വർണ്ണിച്ചിരിക്കുന്നതു് ഇങ്ങനെയാണു്:–

"നിത്യം പ്രത്യൂഷകാലേ മിളിതരുചികുളിച്ചാസ്ഥയാ ദേവകൃത്യം
കൃത്വാ നത്വാ ഗുരൂണാം കഴലിണകലിതാനന്ദമിന്ദീവരാക്ഷീ
ഭുക്ത്വാ സഞ്ചർവ്യാ താംബൂലമഴകൊടു വൃദ്ധാംഗനോക്തംപുരാണം
വൃത്താന്തം കേട്ടമിത്ഥം മധുമഖി ദിവായാപയാമാസകാലം.
മന്ദം ഭാനൗ പരിഷ്കുർവതി ചരമഗിരിം ചന്ദനച്ചാറരപ്പി-
ച്ചിന്ദുസ്മേരം നറും പിച്ചകമലരുമറുപ്പിച്ചു സഖ്യാ നിഗൂഢം
ചന്തം ചേർ ചന്ദ്രശാലാമണിയറയിലണഞ്ഞന്തിയും പാർത്തിരുന്നാ-
ളന്തർമ്മോദേന ചെന്താർശരനടനകലാകൗതുകാലോലചേതാഃ"

രതിക്രീഡാവർണ്ണനമായ ദണ്ഡകത്തോടുകൂടി പൂർവഭാഗം അവസാനിക്കുന്നു.

ഉത്തരഭാഗം രസപുഷ്ടിയെ സംബന്ധിച്ചിടത്തോളം പൂർവഭാഗത്തേ അതിശയിക്കുന്നു. കരുണരസപ്രചുരമായ ഒന്നു രണ്ടു പദ്യങ്ങളെ മാത്രം ഇവിടെ ഉദ്ധരിക്കാം.

"ഘോരേ ദൈവോപരോധാംബുധിയിൽ മുഴുകി മാഴ്കീടുമെന്നോടുകൂടെ-

പ്പോരേണ്ടാ നിങ്ങളാരും വ്രജതസഖികളേ കർമ്മമേതാദൃശം മേ
സ്വൈരം കാന്തേന ചേർന്നന്നളനൊടു സുഖമേ വാണ ഞാനിങ്ങനേ കാ-
ന്താരേ പോകെന്നുവന്നു ശിരസിലിഖിതമെന്തിന്നിയെന്നും നജാനേ.
ആചാരംകൊണ്ടുമായോധനനിപുണതകൊണ്ടും പ്രതാപപ്രഭാവ
പ്രാചുര്യംകൊണ്ടുമുദ്യദ്ഗുണഗണഗരിമാ ഹന്ത! കാന്തോ നളോ മേ
ക്ലേശാനേതാദൃശാൻപൂണ്ടതി വിവശതയാ ചൂതു പോരാം പാശാചാ-
വേശാലി വണ്ണയായ്‌വന്നതിനുസഖികളെ ഹേതുഞാനോനജാനേ"

ദമയന്തി രാജ്യം പിഴുകി, വനത്തിൽ പോവാനാരംഭിച്ച നളനോടുകൂടി പുറപ്പെട്ട പ്പോൾ പറഞ്ഞ വാക്കുകളാണ് ഇവ.

"കാന്താരേ ഹന്തമാം ബന്ധുരവിപുലമഹാസിന്ധുരേന്ദ്രാദി ഘോരേ
കാന്താരേ പേർത്തുമിട്ടേച്ചിഹ സപദി ഭവാനെങ്ങുപോയീ ഗുണാബ്ധേ
താന്താനഞ്ഞൂറുവട്ടംനിജഗമനവിധൗ യാത്രയും ചൊല്ലിയേച്ചേ
താന്താമെന്നെപ്പിരിഞ്ഞിട്ടൊരുപദമിളകാ പണ്ടുനീ പുണ്യരാശേ
ഖിന്നാ മേ രാജ്യവും ഭോജ്യവുമഖിലമുപേക്ഷിച്ചുനിന്നോടുകൂട-
പ്പിന്നാലേ ഹന്ത പോന്നു തിരുവുരു തവ കാണ്മാൻ കൊതിച്ചല്ലയോ ഞാൻ
എന്നാലിട്ടേച്ചു കാട്ടിൽ പുനരഗതിയെ മാം നാഥ പൊയ്ക്കൊണ്ടതിന്നീ
മുന്നം കേളാവയോസ്സൗഹൃദസരണികളെല്ലാം മറന്നോ ഗുണാബ്ധേ?"

ഈ വിലാപം പാഷാണഹൃദയത്തെപ്പോലും ദ്രവിപ്പിക്കത്തക്കവണ്ണം കരുണരസ നിർഭരമായിരിക്കുന്നു.

മഹിഷമംഗലത്തിന്റെ കൃതികൾ എണ്ണംകൊണ്ടും വണ്ണംകൊണ്ടും പുനത്തി ന്റെ കൃതികളോടു കിടയല്ലെങ്കിലും, ഗുണത്തിൽ അവയെക്കാൾ ഒട്ടും താഴെയല്ല.

"ക്ഷണേ ക്ഷണേ യന്നവതാമുപൈതി
തദേവരൂപം രമണീയതായാഃ"

എന്ന് മാഘകവി രമണീയതയുടെ സ്വരൂപം വർണ്ണിച്ചിട്ടുള്ളതു ശരിയാണെങ്കിൽ, ഭാ ഷാനൈഷധചമ്പുവും രമണീയമായ ഒരു കാവ്യം തന്നെ. വായിക്കുന്തോറും അതി ലെ ആശയങ്ങൾക്ക് ഒരു പുതുമയും സാരസ്യവും തോന്നിക്കുന്നു.

ഈ കവി മറ്റു വല്ല കാവ്യങ്ങളും ഭാഷയിൽ രചിച്ചിട്ടുണ്ടോ എന്ന് അറിയുന്നില്ല. എന്നാൽ ചന്ദ്രോത്സവം അദ്ദേഹത്തിന്റെ കൃതി ആയിരിക്കുമോ എന്നൊരു സംശ യം ഉണ്ട്. അതിന്റെ അവസാനത്തിൽ കാണുന്ന,

"ഉലകഖിലമലിക്കും മേദിനീവെണ്ണിലാവിൻ
മധുരചരിതരൂപൈർവാക്യപുഷ്പോപഹാരൈഃ

സുരഭിതകകുബന്തൈരാദധംതുപ്രസാദം
നിഖിലഭുവനസാക്ഷി ബാലശീതാംശുമൗലി"

എന്ന പദ്യത്തിലെ 'ബാലശീതാംശുമൗലി' കവിയുടെ പേരിനെക്കൂടി സൂചിപ്പിക്കുന്നതായി ഒരു പ്രതീതി ജനിക്കുന്നു. എന്നാൽ ഒരു വൈഷമ്യം ഉള്ളത് ഇവിടെ പ്രസ്താവയോഗ്യമാകുന്നു. ചന്ദ്രോത്സവകർത്താവു് ഒരു രാഘവകവിയെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം രാഘവീയത്തിന്റെ കർത്താവാണെന്നുവരുകിൽ, ഈ ഊഹം തെറ്റിപ്പോകുന്നു. രാഘവീയപ്രണേതാവു്, നാരായണീയം എന്ന സംസ്കൃതകാവ്യത്തിന്റെ കർത്താവായ നാരായണഭട്ടതിരിയുടെ ശിഷ്യനാണെന്ന്

"ശ്രീനാരായണഭട്ടപാദഗുരുപാദാനാം പ്രസാദോദയാ-
ദേതൽകിഞ്ചനരാഘവീയമിതിയൽ കാവ്യം കൃതം കേനചിൽ"

എന്ന പദ്യത്തിൽ നിന്നു തെളിയുന്നു. പ്രസ്തുത കാവ്യത്തിന്റെ അവസാനത്തിൽ അമ്പലപ്പുഴ രാജാവിനെ വാഴ്ത്തിയും കാണുന്നു. എന്നാൽ രാഘവീയകർത്താവിനെക്കൂടാതെ വേറെയും രാഘവന്മാരുണ്ടായിരുന്നു എന്നു വരരുതോ? ഏതായിരുന്നാലും ഈ വിഷയത്തിൽ നിസ്സന്ദേഹം ഒരു അഭിപ്രായം പറയുന്നതിനു പണ്ഡിതന്മാർക്കേ അവകാശമുള്ളു.

ചന്ദ്രോത്സവത്തിന്റെ അവതാരകനായ വടക്കുംകൂർ രാജരാജവർമ്മ രാജാവിന്റെ അഭിപ്രായത്തിൽ ചേലപ്പറമ്പനാണ് അതിന്റെ കവി. കവികളുടെ പേരുകൾ മാത്രം അറികയും അവരുടെ കൃതികൾ എന്തെല്ലാമെന്നു നിശ്ചയമില്ലാതെ വരികയും ചെയ്യുമ്പോൾ പുരാതന ഗ്രന്ഥപരിശോധകന്മാർ ചില സൗജന്യങ്ങൾ ഒക്കെ ചെയ്തില്ലെങ്കിൽ കിട്ടുന്നതൊക്കെ യഥേഷ്ടം ഓരോരുത്തർക്കായി വീതിച്ചുകൊടുക്കയാണ് പതിവു്. ചേലപ്പറമ്പൻ ബാല്യം മുതൽക്കേ 'തെറി' പറഞ്ഞു ശീലിച്ച ആളുമാണല്ലോ. അതുകൊണ്ട് ഈ ദുഷ്കാവ്യത്തെ അദ്ദേഹത്തിൽ ആരോപിച്ചതിൽ ആർക്കും പരിഭവത്തിനു വകയും ഇല്ല. എന്നാൽ കോഴിക്കോട്ടു രാജാവിന്റെ സദസ്യനായിരുന്ന ചേലപ്പറമ്പൻ തനിക്കു യാതൊരു സംബന്ധവുമില്ലാത്ത ചിറ്റിലപ്പള്ളി നാട്ടിനേ തന്റെ സങ്കല്പകല്പദ്രുമത്തിന്റെ ദൂഷിച്ച ഫലമായ മേദിനീവെണ്ണിലാവിന്റെ മദനകലാവിലാസങ്ങൾക്കു രംഗഭൂവായി കല്പിച്ചതും, അതിനെ സാഭിമാനം വർണ്ണിച്ചിരിക്കുന്നതും എന്തുകൊണ്ടാണെന്നുള്ളത് ഗംഭീരാത്മാക്കളുടെ ചിന്താഗതിയെന്നപോലെ അതീവ ഗഹനമായിരിക്കുന്നു. ചിലർ എഴുത്തച്ഛനിലും, മറ്റുചിലർ നാരായണഭട്ടതിരിയിലും തൽകർതൃത്വം ആരോപിക്കുന്നുണ്ട്. അവരുടെ സാഹസത്തിന് കോടികോടി നമസ്കാരം പറഞ്ഞാലും മതിയാവുകയില്ല. സദാപി ഈശ്വരധ്യാനമുതലഹരി പിടിച്ചിരുന്ന ആ പുണ്യാത്മാക്കൾ ഇങ്ങനെ ഒരു പൂരപ്പാട്ടുപാടാൻ ഒരുങ്ങിയെന്നു പറഞ്ഞാൽ ആരാണു വിശ്വസിക്കുക!

വടക്കുംകൂർ രാജാവിന്റെ അവതാരിക വായിച്ചുനോക്കിയാൽ അതിനെക്കാൾ ഉൽകൃഷ്ടമായ ഒരു കാവ്യം ഭാഷയിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്നു തോന്നിപ്പോകും. ശൃംഗാരരസത്തിനെ ആരും അപലപിക്കുന്നില്ല; എന്നാൽ ശൃംഗാരത്തിന്റെ

സ്ഥായീഭാവം നായികാനായകന്മാർക്കു പരസ്പരമുണ്ടാകുന്ന പരിശുദ്ധമായ രതിയാകുന്നു; തെറിയല്ല. ഈ കാവ്യത്തിലെ പ്രതിപാദ്യവിഷയത്തെ ഒന്നു പരിശോധിച്ചുനോക്കുക. ചിറ്റിലപ്പള്ളിനാട്ടിൽ ഒരേടത്ത് ഒരു വാരാംഗന സന്താനമില്ലായ്കയാൽ തീവ്രമായ വ്രതാനുഷ്ഠാനങ്ങളെക്കൊണ്ടു കാലയാപനം ചെയ്യവേ, ഒരു ദിവസം അവൾ നിദ്രാധീനയായിരിക്കുമ്പോൾ കാമദേവൻ ആവിർഭവിച്ച് 'നിനക്ക് അചിരേണ ഒരു സന്താനം ലഭിക്കും' എന്നു അനുഗ്രഹിച്ചിട്ടു പോയത്രേ. ഈ അവസരത്തിൽ ചന്ദ്രനും ചന്ദ്രികയും തമ്മിൽ ഒരു കലഹമുണ്ടായി. അയാൾക്കു മേനകയുമായി അനഭിലഷണീയമായ വിധത്തിൽ രാഗമുണ്ടാവുകയും, അവർ രഹസ്സമാഗമത്തിന് ഒരു ഉചിതസങ്കേതസ്ഥാനം കുറിക്കയും ചെയ്തു. ഈ വിവരം അറിഞ്ഞ ചന്ദ്രിക, തന്റെ ഭർത്താവിന്റെ ഈ ദുരുദ്ദേശ്യത്തെ വിഫലീകരിക്കുന്നതിനു വേണ്ടി മേനകയുടെ വേഷം അവലംബിച്ച്, ആ സ്ഥലത്തു ചെന്നു രമിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഇരിക്കെ സാക്ഷാൽ മേനകയും അവിടെ വന്നുചേർന്നു. അപ്പോൾ,

"ശിശിരരുചി വിദിത്വാ മേനകാദുശ്ചരിത്രം
മനസിപുനരടങ്ങാതോരു കോപാതിരേകാൽ
പ്രളയദഹനരൂക്ഷൈരരൈ രക്ഷണേതാ
മശപദകരുണാത്മാ വല്ലഭാം പല്ലവാഭാം."

മേനക ദുശ്ചരിതയത്രേ! കവിയുടെ ധർമ്മബോധം ബഹുവിചിത്രമെന്നേ പറയേണ്ടു. കാവ്യപ്രയോജനങ്ങളെ മമ്മടൻ സംഗ്രഹിച്ചിരിക്കുന്നതിങ്ങനെയാണ്.

"കാവ്യം യശസേർത്ഥകൃതേ വ്യവഹാരവിദേശിവേതരക്ഷതയേ
സദ്യഃപരനിർവൃതയേ കാന്താസമ്മിതതയോപദേശയുജേ."

ഈ കാവ്യത്തിൽനിന്ന് ഇവിടെ പറഞ്ഞിരിക്കുന്ന യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. അഗ്നിസാക്ഷികമായി വിവാഹം കഴിച്ച ധർമ്മപത്നിയെ കണ്ണീരും കൈയുമായി വിട്ടിട്ട്, ദുശ്ചരിതകളുമായി സംസർഗ്ഗം ചെയ്യുന്നതിൽനിന്ന് 'ബ്രഹ്മാനന്ദാനുഭവനിർവിശേഷമായ ഒരു സദവസ്ഥ' യുണ്ടാകുമെങ്കിൽ മാത്രമേ ഈ കാവ്യശ്രവണസമനന്തരം പരനിർവൃതിയുമുണ്ടാവൂ.

"കുലയുവതിപതാകേ, വാരയോഷേവനമ്മേ
കുമതിവിഗതശങ്കം നീ ചതിച്ചോരുമൂലം
അവനിയിലൊരു നൂറ്റാണ്ടേതുപോയ്‌വാരയോഷാ-
നുഭവമനുഭവിച്ചീടാശു മച്ഛാപവേഗാൽ."

'കുലയുവതിപതാകേ' എന്ന സംബുദ്ധിക്കും പിന്നീടുള്ള വാക്കുകൾക്കും തമ്മിലുള്ള പൊരുത്തം സാഹിതീസർവസ്വം സ്വാധീനമായിരിക്കുന്ന രസജ്ഞന്മാർക്കേ മനസ്സിലാകയുള്ളൂ. സ്വഭർത്താവിനെ ദുസ്സംഗമേച്ഛയിൽ നിന്ന് വിനിവർത്തിപ്പിക്കാൻ

ശ്രമിച്ച സാധ്വിക്കു കിട്ടിയ ശിക്ഷ എത്ര ഭയങ്കരം! അവളെ വേശ്യയാക്കി വിടുകയാണ് ആ ദുഷ്പ്രഭു ചെയ്തതു്. സഹൃദയന്മാരുടെ ഇടയ്ക്കു് അഴിയാത്ത ഇത്തരം വിലയേറിയ ചരക്കുകൾകൊണ്ടാണ് നമ്മുടെ മണിപ്രവാളകവി വ്യാപാരം ചെയ്യുന്നതു്. മേദിനീവെണ്ണിലാവിന്റെ ശിശുഭാവത്തെ വർണ്ണിച്ചിരിക്കുന്നതു നോക്കുക.

"സൗവർണ്ണകിങ്ങിണി കിലുങ്ങെ മുദാ കമിണ്ണാ-
ളാരോമലമ്പൊടു ചിരിച്ചു ചിരിച്ചുകാണ്ഡേ
മേലിൽത്തിരണ്ടു പുരുഷായിതസൂത്രധാര
ശ്രീമൽപ്രവേശമിവ കോമളഗാത്രവല്ലി."

അഹോ! എന്തൊരു ധിക്കാരം! ശിശുവിനെപ്പോലെ പരിശുദ്ധവും ഹൃദയാകർഷകവും ആയ വസ്തു ലോകത്തിൽ മറ്റൊന്നുമില്ല. രാക്ഷസപ്രകൃതികൾക്കു പോലും ശിശുക്രീഡകൾ കാണുമ്പോൾ മനം കുളിർക്കുന്നു. നമ്മുടെ കവിയാകട്ടെ, തന്റെ സങ്കല്പസന്താനത്തെ കണ്ടപ്പോൾ അതുമായി ഒന്നു രതിക്രീഡ ചെയ്താൽ കൊള്ളാമെന്നൊരു ദുരാഗ്രഹമാണ് ജനിച്ചതു്.

ചന്ദ്രോത്സവകർത്താവു് വാഗ്വിലാസമുള്ളവൻ തന്നെ. പാമ്പിനു നല്ല മേനിമിനുക്കവും കുശാഗ്രബുദ്ധിയും ഉണ്ടെങ്കിലും അതിന്റെ ഉച്ഛ്വാസം വിഷമയമായിരിക്കുന്നതിനാൽ അതിനെ നാം നല്ല 'മേത്തരം പത്തൽ' കൊണ്ടല്ലേ സമ്മാനിക്കുന്നതു്. അതുപോലൊരു പൂജയ്ക്കേ നമ്മുടെ കവിക്കും അവകാശമുള്ളു. അയാൾ കേരളമാഹാത്മ്യകർത്താവിനെപ്പോലെ കുറെ കാളകൂടം വമിച്ചു; അതിനെ അമൃതോപമം ഭജിച്ചു് 'കാളകണ്ഠന്മാരാവാൻ' മനസ്സുള്ളവർ അങ്ങിനെ ചെയ്തുകൊള്ളട്ടേ; ആർക്കും പരിഭവിച്ചിട്ടു കാര്യമില്ല.

## 21 മറ്റു ചമ്പുക്കൾ

ചമ്പുക്കളിൽ മിക്കവയും പ്രസിദ്ധീകരിച്ചിട്ടില്ല. ഈയിടയ്ക്കു് ചമ്പൂഭ്രാന്തു വർദ്ധിച്ചതുനിമിത്തമായിരിക്കാം ഏതോ ഒരു രസികൻ ചമ്പൂക്കാരന്മാരെ അധിക്ഷേപിക്കാനായി ശ്രീമതീസ്വയംവരം എന്നൊരു ചമ്പു രചിച്ചതു്.

## 22 ഭാരതചമ്പു

ഇതും നാരായണീയം ചമ്പുവും ഏതോ ഒരു നാരായണകവിയുടേതാണെന്നു തോന്നുന്നു. സുഭഗസന്ദേശകാരൻ [17] ഒരു നാരായണകവിയായിരുന്നു. അദ്ദേഹമായിരിക്കുമോ ഈ ചമ്പുക്കളുടേയും കർത്താവു് എന്നു പണ്ഡിതന്മാർ തീർച്ചപ്പെടുത്തിക്കൊ

[17] മുക്താരത്നം മലയമരുതശ്ചന്ദനം ച പ്രസൂയ
. . . . . . . . . . . . . . .
വിദ്വൽപ്രീത്യൈ ബഹുരസ സുധാസുന്ദി സന്ദേശകാവ്യം
ബദ്ധം ഹ്യേതദ്വിരതപദത്തേന നാരായണേന.

ളളട്ടെ. കവനോദയക്കാർ പാഞ്ചാലീസ്വയംവരം, ഖാണ്ഡവദാഹം, കിരാതം, കീച കവധം, ഗോഗ്രഹണം, ഉദ്യോഗം, ദൂതവാക്യം, ജയദ്രഥവധം, ഭരതയുദ്ധം, അശ്വമേ ധം എന്ന പത്തു ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതിലകൻ മി. പരമേശ്വരയ്യർ പ്രസാധനം ചെയ്തിട്ടുള്ള കല്യാണസൗഗന്ധികം ഭാരതചമ്പുവിൽ ഉൾപ്പെട്ടതാണോ എന്നു നിശ്ചയമില്ല. അതുപോലെ തന്നെ ബാണയുദ്ധം എന്നൊരു ചമ്പുവും അച്ചടി ച്ചിട്ടുണ്ട്. രാമായണചമ്പുവിനെപ്പോലെ തന്നെ ഭാരതചമ്പുവും ഒരു പ്രൗഢകൃതിയാ ണ്. മാതൃകയ്ക്കായി ഒന്നുരണ്ടു പദ്യങ്ങൾ മാത്രം ഉദ്ധരിച്ചുകൊള്ളുന്നു.

"രംഗേപാർത്ഥൻകരേറുന്നളവനിഭുജാംചിത്തവുംപോയ്ക്കരേറി-
ശ്ശൃംകായാംവില്ലെടുക്കുന്നളവൊരുതലനോവങ്ങെടുത്തുവിശേഷാൽ
ഭംഗംലക്ഷ്യത്തിലെത്തുന്നളവിലഥതദീയാശ്രുപാതേനതേഷാം
സങ്കല്പം പത്തുനൂറല്ലതിനിടയിലഹോ ലക്ഷലക്ഷമ്മുറിഞ്ഞു
ഓമൽപാദാംബുജംതൊട്ടണികഴലൊടുമൻപോടു പൂമേനി മൂടി
ക്ഷൗമം പട്ടാംബരങ്കൊണ്ടണിമണിമുകരം കയ്യിടിച്ചുല്പലാക്ഷീ
ശ്രീമന്മഞ്ജീരമഞ്ജുക്വണിതമിയലവേകോമളാഭ്യാം പദാഭ്യാ-
മാമന്ദം നീയമാനം ചതുരസഖികളാൽ പ്രാപ കല്യാണരംഗം"
പാഞ്ചാലീസ്വയംവരം.

## 23 നാരായണീയം

തൃപ്പൂണിത്തുറ പ്രതിഷ്ഠയാണ് ഈ ചമ്പുവിന്റെ പ്രതിപാദ്യവിഷയം. ശ്രീകൃഷ്ണൻ ദ്വാര കയിൽ വാണിരുന്ന കാലത്ത്, ഒരു ബ്രഹ്മണന്റെ പത്നി പ്രസവിച്ചയുടനെ ശിശു മരി ച്ചുപോയി. ബ്രാഹ്മണൻ ഈ വിവരത്തെ ശ്രീകൃഷ്ണനെ അറിയിയിച്ചെങ്കിലും അദ്ദേ ഹം ഇളകിയതേയില്ല. ഇങ്ങനെ പല പ്രാവശ്യം സംഭവിച്ചു. ഒൻപതാമത്തെ പുത്ര നും നഷ്ടപ്പെട്ടപ്പോൾ, ആ സാധുവിന്റെ ക്ഷമ അസ്തമിച്ചു.

"ഹാ കഷ്ടം! ദുഷ്ടരാം മന്നവർ മദവിവശം വീരധർമ്മം വഭുത്വ-
പ്രാഗത്ഭ്യം കാട്ടി വാഴും ദശയിൽ വരുവതില്ലാർക്കുമേസൌഖ്യലേശം
ആകെക്കാണുന്നതിൻപാലനഫലമിതകാലേ മൃതാ ബാലകാമേ
ലോകേ ചെറ്റേകസൂനോർമ്മരണമപി പൊറാ പിന്നെയല്ലോ ബഹൂനാം.
വല്ലാതെ മാരമാൽ പൂണ്ടനുദിനമഴകാർന്നംഗനാകൊങ്കയിൽ ചേ-
ർന്നെല്ലായ്പ്പോഴും കളിക്കുംപ്രകൃതിശഠനറിഞ്ഞീടുമോ ലോകതന്ത്രം?
നിർലജ്ജം ചൌര്യവും മാതുലവൃഷവനിതാഹിംസയുംമറ്റിതെല്ലാ-
മല്ലോ പണ്ടേച്ചരിത്രം തവ ഫലമതിനിന്നീദൃശം മാദൃശാനാം"

ഈ ശകാരവർഷം ഒക്കെ കേട്ടിട്ടും ശ്രീകൃഷ്ണൻ അനങ്ങിയില്ലെങ്കിലും, അടുത്തു നി ന്നിരുന്ന അർജ്ജുനനു സഹിച്ചില്ല. അദ്ദേഹം അടുത്ത പ്രസവത്തിൽ കുട്ടിയെ രക്ഷി ച്ചുകൊള്ളാമെന്നും, അല്ലാത്തപക്ഷം അഗ്നിപ്രവേശം ചെയ്യാമെന്നും ശപഥംചെയ്യു

ന്നു. 'ശ്രീകൃഷ്ണനാൽ സാധിക്കാത്ത കാര്യം നീയാണോ സാധിക്കാൻ പോകുന്നതു്?' എന്നു വിപ്രൻ ഹാസ്യപൂർവം ചോദിച്ചപ്പോൾ അർജ്ജുനൻ സാവലോപം ഇങ്ങനെ മറുപടി പറഞ്ഞു:–

> "നീ കേളീമാമറിഞ്ഞീലവനിസുരപശോസാത്യകിർന്നാസ്മിസത്യം
> ഹീ ഹീ! നൈവോന്മദാത്മാ മുസലധരനുമല്ലന്യവൃഷ്ണിപ്രവീരാഃ
> ലോകാനാംനാഥനംഭോരുഹനയനനുമല്ലിത്രിലോകൈകവീര-
> ശ്ലാഘാവാനർജ്ജുനൻഞാൻ തവ ചെവികളിൽ വന്നീലയോമൽപ്രഭാ
> വം"?

ഈ അഹങ്കാരത്തിന്റെ ഫലമായി ബ്രാഹ്മണിയുടെ അടുത്ത പ്രസവത്തിനു് ശിശുവിന്റെ ശരീരംപോലും അദൃശ്യമായത്രേ. അതുകൊണ്ടു് ബ്രാഹ്മണൻ അർജ്ജുനനെ കഠിനമായി ആക്ഷേപിച്ചശേഷം, 'കരഞ്ഞും പിഴിഞ്ഞും കരംകൊണ്ടു മാറത്തലച്ചും തൊഴിച്ചും വശം കെട്ടു' വീണു കേണു തുടങ്ങി. അതു കണ്ടു് ദയാർദ്രചിത്തനും വീരാഗ്രർണിയുമായ അർജ്ജുനൻ, കുട്ടിയേത്തേടി സകല ദിക്കിലും പോയി. ഭൂസ്വർഗ്ഗപാതാളങ്ങളിലെങ്ങും അന്വേഷിച്ചിട്ടും ബ്രാഹ്മണശിശുവിനെ കാണായ്കയാൽ, ലജ്ജയാലും ഭഗ്നാശയാലും പരാഭൂതനായിട്ടു് അഗ്നിപ്രവേശനം ചെയ്യാനൊരുമ്പെട്ടു. ശ്രീകൃഷ്ണൻ ഈ അവസരത്തിൽ അവിടെ ആവിർഭവിച്ചു്, അർജ്ജുനനെ ആ സാഹസത്തിൽ വിരമിപ്പിച്ചിട്ടു് അദ്ദേഹത്തിനോടു കൂടി വിഷ്ണുലോകത്തിൽ ചെന്നു് അവിടെ വളർന്നിരുന്ന ബ്രാഹ്മണബാലന്മാരേയും കൊണ്ടു തിരിച്ചുപോന്നു. ആ അവസരത്തിൽ വിഷ്ണു നല്കിയ വിഗ്രഹത്തേയാണു് അർജ്ജുനൻ തൃപ്പൂണിത്തുറയിൽ പ്രതിഷ്ഠിച്ചതു്. സ്വർഗ്ഗവർണ്ണനയും മറ്റും അതിമനോഹരമായിട്ടുണ്ടു്.

## 24 ചെല്ലൂർ നാഥോദയം

അക്ലിഷ്ടരചനാകൗശലം കൊണ്ടും രസസ്ഫൂർത്തികൊണ്ടും ഈ ചമ്പു സർവാംഗസുന്ദരമായിരിക്കുന്നു. സൂരിവംശരാജാവായ ശതസോമൻ കഠിനമായ തപസ്സുചെയ്തു് ശിവനെ പ്രത്യക്ഷപ്പെടുത്തിയിട്ടു് അദ്ദേഹം നല്കിയ ശൈവബിംബത്തെ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുന്നു. ഇതാണു് ഇതിവൃത്തം.

> "കാണപ്പെട്ടു സമക്ഷാ തദനു തെളിവെഴും തേജസസ്തസ്യമദ്ധ്യേ
> ചെന്നെത്തും കാളഭോഗീശ്വരകലിതജടാനദ്ധമുഗ്ധേന്ദുരേഖം;
> ദീനത്രാണൈകദക്ഷം മനസി കിമപി കൊള്ളാഞ്ഞു തള്ളിക്കടക്കൺ-
> കോണിൽ പാടേപടന്നീടിനഘനകരുണാപാർവതീഭാഗധേയം"

ഇത്യാദി സരസപദ്യങ്ങൾ കവിയുടെ കവനകലാവൈദഗ്ദ്ധ്യത്തിനു് സാക്ഷ്യം വഹിക്കുന്നു. പാർവതീദേവി കുളിച്ചുകൊണ്ടിരിക്കവേയാണു് ശതസോമൻ ശൈവബിംബം കൊണ്ടുപോയ കഥ അറിഞ്ഞതു്. ഉടൻതന്നെ കോപാവേശത്തോടുകൂടി ഭർ

ത്തുസന്നിധിയിലേക്കു പുറപ്പെട്ട ദേവിയുടെ ചിത്രം കവി ഇങ്ങനെ ഉല്ലേഖനം ചെയ്തിരിക്കുന്നു.

"തദനു പനിമലത്തയ്യൽതാനീദൃശോദ്ഭൃതമന്നാരദോക്ത്യാ സമസ്തംധരിച്ചറ്റമില്ലാതകോപാതിഭാരേണസംരംഭനിർവത്തിന സ്നാനവേലാവധൗനാലുമൂന്നിങ്ങു ശേഷിച്ചു പാടേകിടക്കുംപുരാണപ്രസൂനാഞ്ചിതം ചാലമെത്തുന്ന നൈസർഗ്ഗികോദഗ്രസൗര ഭ്യലുഭ്യദ്വിരോഫാളിസാന്ദ്രം തുലോമാകനോക്കീടിലാഹന്തപിങ്കാലിലേറ്റംകിടന്നോരുനീളം കലർന്നന്തരാവാരിബിന്ദുക്കളിറ്റിറ്റു വീഴും മലർകുന്തൽ മെല്ലെപ്പുറം കൈത്തലേചേർത്തുകൊണ്ടപ്പയശ്രേണിയാലാർദ്രമെപ്പേരുമൊന്നിച്ചുഫാലാന്തരേ പറ്റിമിന്നുന്ന നീലാളകച്ചാർത്തുകൊണ്ടും വിലാസേന മൂന്നൊന്നു ശേഷിച്ചു കാണപ്പെടും മുഗ്ദ്ധകസ്തൂരികാചിത്രകംകൊണ്ടുമത്യന്തചേതോഹരാ, ചെറ്റു കോടിക്കുലഞ്ഞോരു ചില്ലിക്കൊടിത്തെല്ലുമയ്യോ കലങ്ങിച്ചുവക്കും കടക്കൺകലാഭംഗിയും പാടുപാടേ വിറയ്ക്കുന്ന ബിംബാധരേ ഭാവമന്യാദൃശം പൂണ്ടു പാകീടുമപ്പുഞ്ചിരിപ്പൈതലും ചേർന്ന ബാലാതപശ്രീനിഴൽകൊണ്ടുപൊന്നിൻപയോജം കണക്കേ കൊടുംകോപരാഗോദയപ്രൌഢരോമാഞ്ചവാർകഞ്ചുകം ചേർന്ന വക്ഷോജകുംഭദ്വയത്തിൽ നടുപ്പാട്ടിലൊട്ടൊട്ടു മെത്തുംപയോബിന്ദുസന്ദോഹസാന്ദ്രോജ്വലാ സംഭ്രമഭ്രാന്തി കൈക്കൊണ്ടു പണ്ടേതിലേറ്റം കുലഞ്ഞിട്ടലഞ്ഞോരു ഭ്രൂമദ്ധ്യവല്ലീമതല്ലീസമുല്ലാസിനീ, വാരിപൂരാർദ്രമാം ചാരുപൂഞ്ചേല നന്നായ് നിതംബസ്ഥലേ ചേർന്നു പറ്റീടിലും ചെറ്റതാനേ കിഴിഞ്ഞീടുമിന്നീവിബന്ധം മഹാരത്നകാഞ്ചീധൃതം മധ്യമധ്യേ വലംകൈത്തലംകൊണ്ടുതാങ്ങി ത്വരാചംക്രമാ പാടലാഭ്യം പദാഭ്യാം നിജപ്രാണനാഥാന്തികേ ചെന്നു കോപാഭിമാനാങ്കുരവ്യഗ്രഭാവം കലർന്നുഗ്രശാപപ്രദാനായ ദേവി നിന്നീടിനാൾ"

ഈ ഗദ്യത്തിൽ തുളുമ്പുന്ന രൗദ്രഭാവം എത്ര ആസ്വാദ്യമായിരിക്കുന്നു!

രാജരത്നാവലീയം, കൊടിയവിരഹം, ബാണയുദ്ധം, കംസവധം, തെങ്കാശിനാഥോദയം, കാമദഹനം, ദക്ഷയാഗം, പാരിജാതാപഹരണം എന്നീ ചമ്പുക്കളേപ്പറ്റി ഉത്തരഭാഗത്തിൽ പ്രതിപാദിക്കുന്നതാണ്. അച്ചടിച്ചിട്ടുള്ളതായും ഇല്ലാത്തതായും വേറെയും അനേകം ചമ്പുക്കൾ ഉണ്ട്. അനുകരണഭ്രമം നിമിത്തം ചമ്പൂപ്രസ്ഥാനം അചിരേണ ദൂഷിച്ചുപോയി. സംസ്കൃതത്തിന്റെ സ്വയംവരവധുവായിച്ചമഞ്ഞ കാലംമുതല്ക്ക് ഭാഷാദേവിയുടെ സാഹിത്യസമ്പത്തു വർദ്ധിച്ചുവന്നുവെങ്കിലും, സ്വാതന്ത്ര്യത്തിനു വലിയ ഇടിവുതട്ടിത്തുടങ്ങി. ഭാഷയ്ക്കും രസത്തിനും പ്രാധാന്യം നൽകണമെന്ന് ലീലാതിലകകാരൻ വിധിച്ചുവെങ്കിലും പുനത്തിന്റെ കാലശേഷമുണ്ടായ ചമ്പൂകാരന്മാരുടെ കാലത്ത്, 'മരുന്നിന്' മാത്രം ഭാഷാപദങ്ങൾ ചേർന്ന വികടമണിപ്രവാളം കണ്ടുതുടങ്ങി. ആ ദുർദശയിൽ നിന്നു ഭാഷയെ വീണ്ടും രക്ഷിച്ചത് എഴുത്തച്ഛനായിരുന്നു.

ചമ്പുക്കളെല്ലാം നമ്പൂരിമാരുടേതാണെന്നാണ് സാധാരണ പറഞ്ഞുവരുന്നത്. ഈ ഊഹം ശരിയാണെന്നു തോന്നുന്നില്ല. അക്കാലത്തെ ചാക്കിയാന്മാർ വളരെ വിദ്വാന്മാരായിരുന്നു. നാരായണഭട്ടതിരിയുടെ സുഭദ്രാഹരണാദി ചമ്പുക്കളെ

അഭിനയിച്ച് ചെമ്പകശ്ശേരിത്തമ്പുരാന്റെ സമ്മാനവും കവിയുടെ പ്രീതിയും സമ്പാദിച്ച ഇരവിച്ചാക്കിയാർ മഹാവിദ്വാനായിരുന്നെന്നാണ് അറിയുന്നത്. അതുപോലെ വേറെയും പണ്ഡിതന്മാരായ ചാക്കിയാന്മാർ ഉണ്ടായിരുന്നു. അവർ സംസ്കൃത നാടകങ്ങളെ രൂപാന്തരപ്പെടുത്തി. അഭിനയയോഗ്യങ്ങളാക്കിവെച്ചിരുന്നതും സ്മരണീയമാണ്. ഇപ്പോൾ ഭാസനാടകങ്ങളെന്നു വിചാരിച്ചുവരുന്ന മിയ്ക്ക കൃതികളും അവരുടെ കൈക്കുറ്റപ്പാടിന്റെ ഫലങ്ങൾതന്നെയാകുന്നു. അവരും മറ്റു വർഗ്ഗക്കാരും ചമ്പുക്കൾ നിർമ്മിച്ചുകാണണം. [18]

“അക്കാലംവരെ ബ്രാഹ്മണേതരന്മാർ സംസ്കൃതം പഠിക്കാൻ അനുവദിക്കപ്പെടാതിരുന്നതുകൊണ്ടും മലയാളഭാഷയിൽ ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥങ്ങൾ വളരെ ചുരുക്കമായിരുന്നതുകൊണ്ടും ശൂദ്രാദികൾ പുസ്തകപാരായണത്തിൽ വളരെ അലസന്മാരായിരുന്നു.” എന്ന് മി. പി. ശങ്കരൻനമ്പ്യാർ മലയാളസാഹിത്യചരിത്രത്തിൽ എഴുതിയിരിക്കുന്നു. അക്കാലത്ത് ബ്രാഹ്മണേതരന്മാർക്ക് സംസ്കൃതം പഠിക്കാൻ അനുവാദമില്ലായിരുന്നെങ്കിൽ, കണ്ണശ്ശന്മാർ എങ്ങനെ സംസ്കൃതം പഠിച്ചു? അച്യുതപ്പിഷാരടി നാരായണഭട്ടതിരിയുടെ ഗുരുവായതെങ്ങനെ? സംസ്കൃതം ഒരു ജാതിക്കാരുടെ പ്രത്യേക സ്വത്തായിരുന്നോ? ഇവിടെ ശൂദ്രാദികൾ എന്നു പറഞ്ഞിരിക്കുന്നത് ആരെയാണെന്നു മനസ്സിലാകുന്നില്ലെന്നു നിഷ്പ്രയാസം തെളിയിക്കാം. അവരിൽ ചിലർ നമ്പൂരിമാരുടെ ദാസ്യം വഹിച്ച്. ശൂദ്രനായന്മാരായിത്തീർന്നിരിക്കാം. മറ്റു ചിലർ സ്വാതന്ത്ര്യത്തെ ബലികഴിച്ച് പൂണൂൽ വാങ്ങി ഉഭയഭ്രഷ്ടരായും തീർന്നുകാണണം. അവരെ ശൂദ്രരെന്നു വിളിക്കുന്നതിൽ നായന്മാർക്കു പരിഭവമില്ല. നായന്മാരുടെ ഇടയ്ക്ക് എഴുത്താശാന്മാർ എല്ലാ കാലങ്ങളിലും ഉണ്ടായിരുന്നതായിട്ടാണ് അറിവ്. അമ്പലവാസികൾ വഴിക്കാണ് നായന്മാർക്കു സംസ്കൃതവിദ്യാഭ്യാസമുണ്ടായതെന്നു സ്ഥാപിക്കാനാണോ നമ്പ്യാരുടെ ശ്രമം? ‘ചാതുർവർണ്യം മയാസൃഷ്ടം’ എന്നു ഭഗവൽഗീതയിൽ അരുളിച്ചെയ്തിട്ടുണ്ട്. പക്ഷേ അമ്പലവാസികൾ ഈ നാലു വർണ്ണങ്ങളിൽ ഉൾപ്പെടുന്നുണ്ടോ? ‘ആന്തരാളികജാതി’ എന്നൊന്ന് ഏതു വിശ്വാമിത്രൻ സൃഷ്ടിച്ചു? അമ്പലവാസികുടുംബങ്ങളിൽ മാത്രമേ നമ്പൂരിമാർക്കു വിവാഹബന്ധം ഉണ്ടായിരുന്നുള്ളോ? അമ്പലവാസിസ്ത്രീകളിൽ ജനിച്ച നമ്പൂരിസന്താനങ്ങളിൽ മാത്രമേ, അവർക്ക് അനുകമ്പ ഉണ്ടായിരുന്നുള്ളു എന്നും വരുമോ? അവരുടെ കൂട്ടത്തിൽ നായന്മാരേ അപേക്ഷിച്ച് വിദ്വാന്മാർ കൂടുതൽ ഉണ്ടായിരുന്നു എന്നു വാദത്തിനുവേണ്ടി സമ്മതിച്ചാലും, അതു് മി. നമ്പ്യാരുടെ ഊഹത്തിന്

[18] ബ്രാഹ്മണേതരന്മാർ എന്നു പറയുമ്പോൾ ക്ഷത്രിയവൈശ്യാദിദ്വിജന്മാർകൂടി ഉൾപ്പെടുന്നുണ്ടെന്ന് മി. നമ്പ്യാർ വിസ്മരിച്ചിരിക്കുന്നു. ശൂദ്രർക്കും സംസ്കൃതവിദ്യാഭ്യാസം നിഷേധിച്ചിരുന്നില്ലെന്നാണ് പുരാണം പ്രതിപാദിക്കുന്നത്.

“സ്ത്രീശൂദ്രദ്വിജബന്ധൂനാം ത്രയീനശ്രുത ഗോചരാ;
കർമ്മശ്രേയസി മൂഢാനാം ശ്രേയ ഏവം ഭവേദഹേ,
ഇതി ഭാരതമാഖ്യാനം കൃപയാ മുനിനാ കൃതം.”
(ഭാ: സ്കന്ധം 1, അദ്ധ്യായം 4, ശ്ലോ. 25.)

ഉദ്ബലകമായിരിക്കുന്നില്ല. നായന്മാർക്ക് രാജ്യരക്ഷചെയ്യേണ്ട ജോലികൂടി ഉണ്ടായിരുന്നതിനാൽ, വെറും ദാസ്യം വഹിച്ചു ജീവിക്കുന്നവരെപ്പോലെ സാഹിത്യപരിശ്രമം ചെയ്വാൻ അവർക്കു സാധിച്ചില്ലെന്നേയുള്ളു. അവരിൽ ഓരോ ചേരിക്കാർക്കും എഴുത്താശാന്മാർ ഉണ്ടായിരുന്നു. അവരെല്ലാം മഹാവിദ്വാന്മാരുമായിരുന്നു. അങ്ങിനെ ഒരു എഴുത്താശാനാണ് സുപ്രസിദ്ധനായ കുഞ്ചൻനമ്പ്യാരുടെ ഗുരുവായിരുന്ന ഉണ്ണിരവിക്കുറുപ്പ്. സാക്ഷാൽ രാമാനുജൻ എഴുത്തച്ഛനും എഴുത്താശാന്മാരുടെ കുലത്തിൽ ജനിച്ച ആളായിരുന്നു. 'അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ' എന്ന് അദ്ദേഹം തന്റെ ഗുരുവായിരുന്ന ജ്യേഷ്ഠനെ വാഴ്ത്തീട്ടുമുണ്ടല്ലോ.

ചന്ദ്രോത്സവാദി കൃതികളേപ്പറ്റി പറയുന്നിടത്ത് മി. നമ്പ്യാർ പിന്നെയും പറയുന്നു.

"സമകാലീനമായ സാമുദായികസംഗതികൾ ഇതിൽ എത്രത്തോളം പ്രതിഫലിച്ചിട്ടുണ്ടെന്നു നിർണ്ണയിപ്പാൻ പ്രയാസം." അനന്തരം

"വേശ്യാംഗനാവൃത്തിരിയം വിശീർണ്ണാ
വിരാജതേ സംപ്രതി കേരളേഷു"

എന്ന പദ്യഖണ്ഡത്തെ അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്,

"ചന്ദ്രോത്സവം മുതലായവ വാസ്തവത്തിൽ സാമുദായിക ജീവിതദർപ്പണങ്ങളാണെങ്കിൽ നമ്മുടെ സാമുദായികചരിത്രത്തിൽ അനാശാസ്യമായ ഒരു ഘട്ടം കഴിഞ്ഞുപോയല്ലോ എന്നു വച്ചു സമാധാനിപ്പാനും വഴിയുണ്ട്" എന്ന് ഒരു ദീർഘനിശ്വാസം ചെയ്കയും ചെയ്യുന്നു.

അക്കാലത്ത് കേരളത്തിൽ വേശ്യാംഗനാവൃത്തി വിരാജിച്ചിരുന്നുവെന്നുള്ളത് ചില ആന്തരാളികവർഗ്ഗക്കാരുടെ ഉൽപ്പത്തിയേപ്പറ്റി കേരളമാഹാത്മ്യാദി ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ ഊഹിക്കാമല്ലോ. അല്ലാതെ ചന്ദ്രോത്സവകർത്താവും വൈശികതന്ത്ര [19] കാരനും മറ്റും പറഞ്ഞിട്ടുള്ളത് പൊതുവെ കേരളീയരുടെ അന്നത്തെ നിലയെ പ്രതിബിംബിക്കുന്നില്ല.

അനേകം ഗദ്യപ്രബന്ധങ്ങളും ഇക്കാലത്തുണ്ടായിട്ടുണ്ട്. മഴമംഗലം തുടങ്ങിയവർ, സ്മൃതികളിൽ പലതിനേയും ഗദ്യരൂപത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു.

---

[19] ഈ കൃതി വളരെ പ്രാചീനമാകുന്നു. അതിലെ ചില പദ്യങ്ങൾ ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

തന്വീകുലാഭരണമേ തരുണാൻ കയർത്തും
തനേ നിശാസു നിയമേന കിടക്കിലാകാ;
അംഭോരുഹാഷി പുനരാണണയാതപെണ്ണും
ചേറില്ലയാതമിളിയും ചിരികേടുകണ്ടാ.
തനയേ തവ സമ്പദർത്ഥമുച്ചൈ-
രിനിയോരാഢ്യനെ നീ വരിച്ചുകൊൾക
ധനഹീനരിൽനിന്റുയർച്ചവാരാ
പനിനീർവീണകളും നിറഞ്ഞുനില്ല.

ഇതും ഒരു ദുഷ്ക്കവിത തന്നെ. അതുകൊണ്ട് പ്രത്യേകം എടുത്തു പറയാഞ്ഞതാണ് ഗദ്യഗ്രന്ഥങ്ങൾ.

ആചാരസംഗ്രഹം, അനുഷ്ഠാനസമുച്ചയം ഭാഷ, ചടങ്ങും ആചാരവും കൂടിയ ഭാഷ മുതലായവ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

## 25 ശാസ്ത്രഗ്രന്ഥങ്ങൾ

ഭാഷാകാലദീപം, ഭാഷാമുഹൂർത്തപദവി ഇവ രണ്ടും മഹിഷമംഗലത്തിന്റെ കൃതികളാണ്. പ്രശ്നഭാഷ, ജ്യോതിഷഭാഷ, ലഘുമാനസഗണിതം ഭാഷ, വൈദ്യമഞ്ജരി, വൈദ്യാഷ്ടകം, ബാല ചികിത്സ, സഹസ്രയോഗം, ലക്ഷണാമൃതം, ഭിഷക്കാരോപദേശം, വിഷഹരമന്ത്രയോഗം ഭാഷ ഇത്യാദി വൈദ്യഗ്രന്ഥങ്ങളും, തച്ചുകോൽപൊരുത്തം, കടുകൾക്കരയോഗം, മാനവവാസ്തുലക്ഷണം ഇത്യാദി തച്ചുശാസ്ത്രഗ്രന്ഥങ്ങളും ഇക്കാലത്തുണ്ടായവയാണ്.

ക്രിസ്ത്യാനികളും ചില കവിതകൾ ഇക്കാലത്ത് എഴുതീട്ടുണ്ട്. അവയെപ്പറ്റി ഉത്തരഭാഗത്തിൽ പ്രതിപാദിക്കുന്നതാണ്.

ഒന്നാംഭാഗം സമാപ്തം.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. You can contact at: <support@sayahna.org>.